
www.malankaralibrary.com



# മാർ ഈവാനിയോസ്

— ആർഷജ്ഞാനത്തിന്റെ പ്രവാചകൻ —

ഡോ. ജോർജ് ഓണക്കൂർ

www.malankaralibrary.com

## ഡോ. ജോർജ് ഓണക്കൂർ

നോവലിസ്ററ്, കഥാകാരൻ, സാഹിത്യവിമർശകൻ, തിരക്കഥാകൃത്ത്, സഞ്ചാര സാഹിത്യകാരൻ, ജീവചരിത്രകാരൻ. 'ബാലകൈരളി വിജ്ഞാന കോശ'ത്തിന്റെ ശില്പി. സംസ്ഥാന ബാലസാഹിത്യ ഇൻസ്ററിററ്യൂട്ട്, സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്ററിററ്യൂട്ട്, കേരള സാക്ഷരതാ സമിതി എന്നിവയുടെ ഡയറക്ടർ. മാർ ഈവാനിയോസ് കോളജ് പ്രൊഫസർ; മലയാളം വകുപ്പ് മേധാവി. കേരള സാഹിത്യ അക്കാദമി, കേരള സർവ്വകലാശാല സെനററ്, കേന്ദ്ര ഫിലിം സെൻസർ ബോർഡ് തുടങ്ങിയവയിൽ അംഗത്വം.

ഇസ്രായേൽ, ഈജിപ്ത്, ഇററലി, ഫ്രാൻസ്, യു. എ. ഇ., ബഹ്റിൻ, ഒമാൻ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.

പ്രധാനകൃതികൾ: *ഇല്ലം, ഉൾക്കടൽ, കൽത്താമര, കാമന, അകലെ ആകാശം, ഉഴവു ചാലുകൾ, സമതലങ്ങൾക്കപ്പുറം* (നോവലുകൾ), *നാലു പൂച്ചക്കുട്ടികൾ, നാടുനീങ്ങുന്ന നേരം* (കഥകൾ) *നായകസങ്കല്പം മലയാള നോവലിൽ* (ഗവേഷണ പ്രബന്ധം), *ഒലിവു മരങ്ങളുടെ നാട്ടിൽ* (യാത്രാവിവരണം), *എം. പി. പോൾ: കലാപത്തിന്റെ തിരുശേഷിപ്പുകൾ, മഹാത്മാഗാന്ധി* (ജീവചരിത്രം) *തപോവനത്തിലെ സൂര്യൻ, മരിയ ഗൊരേത്തി* (ബാലസാഹിത്യം).

അവാർഡുകൾ: കേരള സാഹിത്യ അക്കാദമി അവാർഡ്, ജവഹർലാൽ നെഹ്റു അവാർഡ്, മാർ ഈവാനിയോസ് അവാർഡ്, ഏററവും മികച്ച ഗവേഷണപ്രബന്ധത്തിനുള്ള പുരസ്കാരം.

മേൽവിലാസം:
'സുദർശന'
നാലാഞ്ചിറ
തിരുവനന്തപുരം 695 015

# മാർ ഈവാനിയോസ്: ആർഷജ്ഞാനത്തിന്റെ പ്രവാചകൻ

(ജീവചരിത്രം)

**ഡോ. ജോർജ് ഓണക്കൂർ**

പ്രസാധനം

ബഥനി സിസ്റ്റേഴ്സ് ജനറലേറ്റ്

കോട്ടയം

1998

വില 90.00

www.malankaralibrary.com

(Malayalam)
**Mar Ivanios : Arshanjanathinte Pravachakan**
(Biography)

by

**Dr. George Onakkoor**
© Author
First Published July 1998

| | | |
|---|---|---|
| Layout | : | Adarsh Rio George |
| Cover design | : | Maju S. Simon |
| Photos | : | Boby Action Photos, Judin Bernard |
| Type Setting & Printing | : | St. Joseph's Press, Trivandrum |

Published by
Rev. Mother Philomina S. I. C., Mother General
Bethany Sisters Generalate
Vadavathoor, Kottayam-686 010

**Rs. 90.00**

1-5000

# അവതാരിക

പ്രാർത്ഥനയിലും പരിത്യാഗകർമ്മങ്ങളിലും സ്വയം സമർപ്പിച്ച് ജീവിതം ധന്യമാക്കുന്ന മഹാത്മാക്കളെ നാം ചരിത്രത്തിൽ ദർശിക്കുന്നു. എന്നാൽ ജീവിതംതന്നെ പ്രാർത്ഥനാനിർഭരമായ അർപ്പണമായി, ദൈവത്തിന് ഏററം പ്രീതിജനകമായ മഹായാഗമായി നിവേദിക്കുകയെന്നത് യുഗസംഗമങ്ങളിൽ മാത്രം സംഭവിക്കുന്ന അദ്ഭുതമാണ്. നമ്മുടെ സമൂഹത്തിൽ ഈ ദിവ്യാനുഭവം സൃഷ്ടിച്ച പുണ്യചരിതനാണ് മാർ ഈവാനിയോസ് തിരുമേനി. ആ മഹജ്ജീവിതത്തിന്റെ ഓരോഘട്ടത്തിലും ദൈവാനുഗ്രഹത്തിന്റെയും പരിപാലനത്തിന്റെയും അനുഭവങ്ങൾ പ്രത്യക്ഷമായിരിക്കുന്നു.

ദൈവമാതാവിന്റെ പിറവിത്തിരുന്നാളിൽ ഭൂജാതനായ അവിടുന്ന് സ്വന്തം മാതാവുപകർന്നുനല്കിയ ദിവ്യജനനിയോടുള്ള അചഞ്ചല ഭക്തിയിൽ വളർന്നുവന്നു. കർമ്മലമാതാവിന്റെ ഓർമ്മപ്പെരുന്നാളിന്റെ തലേന്ന് ഭൗതികജീവിതം വെടിയുംവരെ, രണ്ടാംസ്വർഗ്ഗമെന്നു താൻ വിശേഷിപ്പിച്ച ആ പരിശുദ്ധ അമ്മയുടെ ആശ്രയത്തിൽ സ്വയം അർപ്പിച്ച് കർമ്മജീവിതം ധന്യമാക്കി.

മലങ്കരസുറിയാനിസഭാചരിത്രത്തിൽ പ്രതിസന്ധികൾ നിറഞ്ഞ കാലഘട്ടത്തിൽ വൈദികവൃത്തിയിലേക്കു വിളിക്കപ്പെട്ട അവിടുന്ന് സംഘർഷങ്ങൾ ഒഴിവാക്കി സഭയിൽ സമാധാനത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുക സ്വന്തം നിയോഗമായി തിരിച്ചറിഞ്ഞു. സുറിയാനിപാരമ്പര്യത്തിലുള്ള വൈദികർക്കിടയിൽനിന്ന് ആദ്യമായി എം. എ. ബിരുദം കരസ്ഥമാക്കിയ പ്രതിഭാശാലി എന്നനിലയിൽ 'എം. എ. അച്ചൻ' എന്ന ഖ്യാതി കൈവന്നു. മലങ്കരയിൽ കാതോലിക്കാസ്ഥാനം ഏർപ്പെടുത്തി അശാന്തി ദൂരീകരിക്കുന്നതിന് കഠിനയത്നം നടത്തിയത് എം. എ. അച്ചനാണ്. പക്ഷേ സമാധാനത്തിന്റെ വിത്ത് പാറയുടെ മുകളിൽ മുളയ്ക്കുകയില്ലെന്ന് ആ കർമ്മയോഗിക്കു ബോദ്ധ്യപ്പെട്ടു.

എം. ഡി. സെമിനാരി ഹൈസ്കൂൾ പ്രിൻസിപ്പൽപദവിവിട്ട് കൽക്കത്തയിലെ സെറാമ്പൂർ കോളജിൽ പ്രൊഫസർ സ്ഥാനം സ്വീകരിക്കാൻ എം. എ. അച്ചൻ സന്നദ്ധനായത് ഈ പശ്ചാത്തലത്തിലാണ്. മലയാളികളായ യുവതീയുവാക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് അവസരമൊരുക്കാൻ ഈ സന്ദർഭം അവിടുന്നു പ്രയോജനപ്പെടുത്തി. സംസ്കാര സമ്പന്നരുടെ പുതിയതലമുറ ഐക്യത്തിന്റെയും സ്നേഹത്തിന്റെയും പാതയിലൂടെ ചരിക്കുമെന്ന് ആ ധിഷണാശാലി സ്വപ്നംകണ്ടു. ഈ ഘട്ടത്തിൽ എം.എ. അച്ചന് ഒരപൂർവ്വ

www.malankaralibrary.com



ദർശനമുണ്ടായി. പ്രാർത്ഥനയിലും പരിത്യാഗകർമ്മങ്ങളിലും ആത്മാർപ്പണം ചെയ്ത് ദൈവസമ്പാദനം സാധിക്കുന്ന സന്ന്യാസസമൂഹത്തിന്റെ സൃഷ്ടിയെക്കുറിച്ചായിരുന്നു വെളിപാട്. ക്രൈസ്തവ മിഷനറിസമൂഹങ്ങൾ ഭാരതന്തരീക്ഷത്തിൽ ശക്തമായ സാന്നിദ്ധ്യമായിത്തീരാത്തതിന്റെ കാരണങ്ങൾ ആ സത്യാന്വേഷണത്തിൽ തെളിഞ്ഞുകണ്ടു. സംസ്കാര സമ്പന്നമായ സൈന്ധവഭൂമിയുടെ പാരമ്പര്യങ്ങൾക്ക് അനുയോജ്യമായ കർമ്മയോഗത്തിനു മാത്രമേ ഫലസിദ്ധിയുണ്ടാകൂ എന്നു ബോദ്ധ്യപ്പെട്ടതുകൊണ്ട് അതിനനുരൂപമായ സന്ന്യാസസമൂഹത്തിന്റെ സംഘാടനത്തിലായി ശ്രദ്ധ.

സെറാമ്പൂരിൽ കിളുർത്ത ചെടി റാന്നി- പെരുന്നാട്ടിലെ മുണ്ടൻമലയിൽ തഴച്ചു വളർന്നു. ബഥനി മിശിഹാനുകരണ സന്ന്യാസസമൂഹം ഭാരതത്തിന്റെ ആർഷചൈതന്യമുൾക്കൊള്ളുകയും വിശ്വാസം, അനുസരണം, ഉപവി എന്നീ ക്രൈസ്തവ പുണ്യത്രയത്തിൽ ശരണം വയ്ക്കുകയും ചെയ്തു.

പുരുഷന്മാരോടൊപ്പമോ അതിലുപരിയോആയി ആത്മാക്കളെത്തേടുന്ന പുണ്യപ്രവൃത്തികളിൽ സ്വയാർപ്പണം ചെയ്യുന്നതിന് സ്ത്രീകൾക്കുള്ള കഴിവും സന്നദ്ധതയും തിരിച്ചറിഞ്ഞിരുന്ന എം. എ. അച്ചൻ അവരുടെ വിദ്യാഭ്യാസ പുരോഗതിയിൽ അതീവശ്രദ്ധ പുലർത്തി. അതോടൊപ്പം സന്ന്യാസ ജീവിതത്തിൽ താത്പര്യമുള്ളവരെ പ്രോത്സാഹിപ്പിക്കാനും തയ്യാറായി. പക്ഷേ പൗരസ്ത്യസഭാപാരമ്പര്യത്തിന് അനുയോജ്യമല്ലെന്ന കാരണത്താൽ ഓർത്തഡോക്സ്സഭാനേതൃത്വം സ്ത്രീകളുടെ സന്ന്യാസ പ്രതിഷ്ഠ നിർവ്വഹിക്കാൻ വിമുഖതപ്രകടിപ്പിച്ചു. ഒടുവിൽ ബഥനിയുടെ മെത്രാപ്പോലീത്തയെന്ന ശ്രേഷ്ഠാചാര്യ പദവി സ്വീകരിച്ചുകൊണ്ട് മാർ ഈവാനിയോസ്പിതാവുതന്നെയാണ് ആ മഹാദൗത്യം നിറവേററിയത്.

മലങ്കരസുറിയാനി സഭയെ ഗ്രസിച്ചിരുന്ന മദമാത്സര്യങ്ങൾക്ക് അറുതി വരുത്താൻ വൈദിക മേലദ്ധ്യക്ഷന്മാരുടെ കൂട്ടായ തീരുമാനമനുസരിച്ച് മാർ ഈവാനിയോസ് തിരുമേനി നടത്തിയ സഭൈക്യപരിശ്രമങ്ങൾ സുവിദിതമാണ്. സാർവ്വത്രിക സഭയോട് ഐക്യപ്പെടുവാനുള്ള അന്തിമതീരുമാനമുണ്ടായപ്പോൾ ആദ്യം ഒത്തുനിന്നവർ പിൻവാങ്ങി; എങ്കിലും ആദ്ധ്യാത്മിക ചൈതന്യത്തിൽ പ്രചോദിതനായി സത്യമാർഗ്ഗം കണ്ടെത്തിയ ആ മഹാത്മാവ് ദൈവഹിതത്തിനു കീഴ്വഴങ്ങി സർവ്വവും വെടിഞ്ഞ് സത്യസഭാമാതാവിന്റെ മടിത്തട്ടിൽ അഭയംതേടി. സാർവ്വത്രികസഭാചരിത്രത്തിൽ ഏററം ത്യാഗപൂർണ്ണവും ധീരവുമാണ് മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടന്ന പുനരൈക്യം. സഭൈക്യപ്രവർത്തനങ്ങൾ അതിവേഗം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനികകാലത്ത് എക്യുമെനിസത്തിന്റെ പ്രവാചകനായ പിതാവിന് ചരിത്രത്തിൽ അതിപ്രാധാന്യമുണ്ട്.

മലങ്കരസുറിയാനി കത്തോലിക്കാ ഹയരാർക്കിയുടെ അദ്ധ്യക്ഷനെന്ന നിലയിൽ നവീനമായ ഒരാത്മീയദർശനം മാർ ഈവാനിയോസ് തിരുമേനി സംഭാവനചെയ്തു. അന്ത്യോഖ്യൻ ആരാധനക്രമം അഭംഗുരം പരിപാലിച്ചു



കൊണ്ട് പിതാക്കന്മാരുടെ വിശ്വാസം ഉറപ്പിക്കുകയാണ് അവിടുന്നു ചെയ്തത്. സൂര്യോദയത്തിന്റെ നാട്ടിൽ ക്രൈസ്തവ ആദ്ധ്യാത്മികതയെ പുനർനിർവ്വചിച്ച ആത്മീയ ആചാര്യന്റെ വ്യക്തിപ്രഭാവം അപൂർവ്വ ചൈതന്യ മാർന്നതാണ്.

തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ അജപാലന ദൗത്യം നിർവ്വഹിക്കുന്നതിനിടയിൽ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയരംഗങ്ങളിൽ മാർ ഈവാനിയോസ് പിതാവ് പ്രസരിപ്പിച്ച ആത്മീയതേജസ്സ് വരും തലമുറകൾക്ക് വിലപ്പെട്ട പാഠപുസ്തകമാണ്. ആ കർമ്മമണ്ഡലങ്ങളെക്കുറിച്ച് പുതിയൊരവബോധം സൃഷ്ടിക്കേണ്ട സവിശേഷകാലഘട്ടത്തിൽ നാം എത്തിച്ചേർന്നിരിക്കുന്നു. മലങ്കരസുറിയാനി കത്തോലിക്കാസഭയുടെ സുവിശേഷ ദൗത്യം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള പരിശ്രമങ്ങൾ ദൈവാനുഗ്രഹത്താൽ ശക്തിപ്പെട്ടുവരികയാണ്. സഭൈക്യപ്രവർത്തനങ്ങൾക്കും പുതിയ ദിശാബോധം കൈവന്നിരിക്കുന്നു. ഈദൃശ യത്നങ്ങൾക്ക് മാർ ഈവാനിയോസ് തിരുമേനി തുറന്നിട്ട സത്യപഥമാണ് അഭിഗമ്യയോഗ്യമായിട്ടുള്ളത്. അതിനുവേണ്ട അനുഗ്രഹങ്ങൾ വർഷിക്കുന്നതിന് മാർ ഈവാനിയോസ് പിതാവിന്റെ സ്വർഗ്ഗീയമാദ്ധ്യസ്ഥം ലഭ്യമാകുന്നതിന് നാം പ്രത്യേകം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ഇതിന് സഹായകമാകുന്ന വിധത്തിൽ അഭിവന്ദ്യപിതാവിന്റെ ജീവിതത്തെയും ദർശനത്തെയുംകുറിച്ച് കൂടുതൽ ഉൾക്കാഴ്ച നല്കുന്നതാണ് ഡോ. ജോർജ് ഓണക്കൂർ രചിച്ച 'മാർ ഈവാനിയോസ് ആർഷജ്ഞാനത്തിന്റെ പ്രവാചകൻ' എന്ന മഹദ്ഗ്രന്ഥം.

മഹത്തായ ഈ ഗ്രന്ഥരചനയ്ക്ക് ഡോ. ജോർജ് ഓണക്കൂർ തയ്യാറായതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അദ്ദേഹം മലങ്കരസഭാംഗവും സഭാപാരമ്പര്യത്തിൽ വളർന്നുയർന്ന വ്യക്തിയുമാണ്. നമ്മുടെ സംസ്ഥാനത്തെ എണ്ണപ്പെട്ട കലാലയങ്ങളിൽ ഒന്നായ മാർ ഈവാനിയോസ് കോളജിലെ മലയാളം വകുപ്പിന്റെ അദ്ധ്യക്ഷനായി വിലപ്പെട്ട സേവനം അദ്ദേഹം കാഴ്ചവച്ചിട്ടുണ്ട്. പ്രശസ്ത നോവലിസ്ററ്, പ്രതിഭാധനനായ സാംസ്കാരികനായകൻ, ആധുനിക സാഹിത്യകാരന്മാരിൽ മുൻപന്തിയിൽ നില്ക്കുന്ന പണ്ഡിതൻ എന്നിങ്ങനെ വിവിധ നിലകളിൽ ആകർഷകമാണ് ജോർജ് ഓണക്കൂറിന്റെ വ്യക്തിത്വം. മാർ ഈവാനിയോസ് തിരുമേനിയോട് അഗാധമായ ഭക്തിപുലർത്തുന്ന അദ്ദേഹംതന്നെ ഭാഗ്യസ്മരണാർഹനായ ആ വന്ദ്യ പിതാവിന്റെ ധന്യജീവിതം പുത്തൻതലമുറയ്ക്ക് വിശദീകരിച്ചുകൊടുക്കാൻ സന്നദ്ധനായത് പ്രത്യേകം ശ്ലാഘനീയമാണ്. മാർ ഈവാനിയോസ് തിരുമേനിയുടെ വ്യക്തിത്വമഹിമയും ആദർശനിഷ്ഠയും ശക്തമായും വ്യക്തമായും അവതരിപ്പിക്കുന്നതിൽ ജോർജ് ഓണക്കൂർ വിജയംവരിച്ചിട്ടുണ്ടെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒരു ചരിത്രകാരന്റെ സത്യസന്ധതയും കഥാകാരന്റെ ശില്പ വൈദഗ്ദ്ധ്യവും ഗ്രന്ഥത്തിൽ ഉടനീളം പ്രകടമാണ് . അത്യന്തം ചൈതന്യ നിർഭര മായ വാങ്മയചിത്രങ്ങൾ ധാരാളമായി സന്നിവേശിപ്പിച്ചിട്ടുണ്ട്.

www.malankaralibrary.com



മാർഈവാനിയോസ് തിരുമേനിയുടെ ദൈവസമ്പാദനത്തിന്റെ രഹസ്യം വെളിപ്പെടുത്തുന്ന സന്ദർഭം ഒരുദാഹരണം:-

> അഞ്ചുതാലന്തു ലഭിച്ചവൻ അത് ബുദ്ധിയും കർമ്മശേഷിയുംകൊണ്ട് ഇരട്ടിയായി വർദ്ധിപ്പിച്ചതുപോലെ ഈവാനിയോസ് തിരുമേനി തനിക്കുലഭിച്ച ദൈവികാനുഗ്രഹം പൂർണ്ണഫലശോഭയിൽ എത്തിച്ചു.ദൈവം ഒരു മുന്തിരിവള്ളി നട്ടു. മാർ ഈവാനിയോസ് അതിനെ പരിപാലിച്ച് മനോഹരമായ മുന്തിരിത്തോട്ടം സൃഷ്ടിച്ചു.
> (അദ്ധ്യായം19. ഹയരാർക്കിയുടെ സ്ഥാപനം)

ഇങ്ങനെ ഒട്ടധികം പ്രതിമാനങ്ങളിലൂടെ മാർ ഈവാനിയോസ് തിരുമേനിയുടെ പ്രകാശോജ്ജ്വലമായ വ്യക്തിത്വവും അവിടുന്നു നിർവ്വഹിച്ച ദൈവശുശ്രൂഷയുടെ മാഹാത്മ്യവും ചിത്രീകരിക്കാൻ ഡോ. ജോർജ് ഓണക്കൂറിനു കഴിഞ്ഞിട്ടുണ്ട്. മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധരുടെ ഗണത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള സഭാനടപടികളുടെ പ്രാഥമികരേഖകൾ ഈ ഗ്രന്ഥത്തിന്റെ അനുബന്ധമായി ചേർത്തതും അഭിനന്ദനീയമായിരിക്കുന്നു. ആ വഴിക്ക് പ്രാർത്ഥനാപൂർവ്വം നമ്മുടെ സമൂഹത്തെ മുന്നോട്ടു നയിക്കുന്നതിന് അത് സഹായകമായിത്തീരുമെന്നതിൽ സംശയമില്ല.

ഗ്രന്ഥകാരനും, ഗ്രന്ഥപ്രകാശനത്തിന് മുൻകൈ എടുത്ത ബഥനി സന്ന്യാസിനീസമൂഹത്തിനും എല്ലാദൈവാനുഗ്രഹവും ആശംസിക്കുന്നു. ഈ ഗ്രന്ഥപാരായണത്തിലൂടെ മാർ ഈവാനിയോസ് പിതാവിനെയും അവിടുത്തെ അതിധന്യമായ ആത്മീയാന്വേഷണത്തെയും കൂടുതൽ അടുത്തറിയുന്നതിന് ലഭ്യമാകുന്ന അവസരം പ്രയോജനപ്പെടുത്തണമെന്ന് ദൈവജനത്തെ ഞാൻ ഉദ്ബോധിപ്പിക്കുന്നു.

ഈ മഹദ്ഗ്രന്ഥം പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്.

മോസ്ററ് റവ. സിറിൽ മാർ ബസേലിയോസ്
തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്
മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്ത

തിരുവനന്തപുരം
ജൂൺ 23, 1998

# മുഖവുര

അത്യപൂർവ്വമായ വ്യക്തിവൈശിഷ്ട്യവും പ്രാഗല്ഭ്യവും പ്രാർത്ഥനാജീവിതവുംകൊണ്ട് സർവ്വാദരണീയനായിരുന്നു മാർ ഈവാനിയോസ് തിരുമേനി.പരിശുദ്ധ ദൈവമാതാവിനോടുള്ള ഭക്തിയിൽ വളർന്നുവന്ന് സമർപ്പിത ജീവിതം നയിക്കുവാൻ അവിടുന്നു ബാല്യകാലത്തുതന്നെ നിശ്ചയിച്ചുറപ്പിച്ചു. പഠനത്തിൽ അസാധാരണമായ സാമർത്ഥ്യം പുലർത്തി മലങ്കര സുറിയാനി സഭയിൽനിന്ന് ആദ്യമായി എം. എ. ബിരുദം നേടുന്ന വൈദികനായി; എം. എ. അച്ചൻ എന്ന് അറിയപ്പെട്ടു. കൽക്കത്തയിലെ സെറാമ്പൂർ കോളജിൽ പ്രൊഫസറായിരിക്കേ കേരളക്കരയിൽനിന്ന് ഒട്ടേറെ യുവതീയുവാക്കൾക്ക് ഉപരിവിദ്യാഭ്യാസത്തിന് അവസരമുണ്ടാക്കിക്കൊടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

കൽക്കത്തയിലെ ജീവിതകാലത്ത് സന്ന്യാസത്തിന്റെ വിശുദ്ധിയിലേക്ക് അദ്ദേഹം ആകർഷിക്കപ്പെട്ടു. ആർഷഭാരതത്തിന്റെ പാരമ്പര്യങ്ങൾക്ക് അനുസരണമായി ക്രൈസ്തവ വിശ്വാസത്തിലധിഷ്ഠിതമായ ഒരു സന്ന്യാസസമൂഹം രൂപീകരിക്കണമെന്നായിരുന്നു അഭിലാഷം. അതോടൊപ്പം സമർപ്പിത ജീവിതം നയിക്കുന്നതിനു തത്പരരായ യുവതികളെ ചേർത്ത് ഒരു സന്ന്യാസിനീസമൂഹവും സമാരംഭിക്കുവാൻ ആ ക്രാന്തദർശി ദൃഢനിശ്ചയം ചെയ്തു. മലങ്കര സുറിയാനിസഭയിൽ ഇത് അപരിചിതമായ അനുഭവമായിരുന്നു. വഴക്കുകളിലും വ്യവഹാരങ്ങളിലും ഏർപ്പെട്ട് വ്യക്തിത്വം നശിച്ചിരുന്ന മാതൃസഭയിൽ സന്ന്യാസത്തിന്റെ പനിനീർച്ചെടി സൗരഭ്യം പുറപ്പെടുവിക്കുകയില്ലെന്ന് അനുഭവത്തിൽനിന്നു ബോദ്ധ്യമായി. തുടർന്ന് ശാന്തിയുടെ ശ്രീകോവിലിലേക്ക് ഏകനായി അദ്ദേഹം യാത്രചെയ്തു.

മലങ്കരയിൽ മാർ ഈവാനിയോസ് തിരുമേനി രൂപംകൊടുത്ത സന്ന്യാസസമൂഹമാണ് 'ബഥനി'. അദ്ദേഹം മെത്രാൻപദവിസ്വീകരിച്ചതുതന്നെ ബഥനി മിശിഹാനുകരണസന്ന്യാസിനീസമൂഹത്തിലെ അംഗങ്ങളുടെ സന്ന്യാസപ്രതിഷ്ഠ നടത്തുവാനാണെന്ന് ചരിത്രരേഖകൾ തെളിയിക്കുന്നു. പുനരൈക്യഘട്ടത്തിൽ ആ സന്ന്യാസിനീസമൂഹത്തിലെ അംഗങ്ങൾ ഒന്നൊഴിയാതെ സ്നേഹനിധിയായ സ്ഥാപക പിതാവിനെ പിന്തുടർന്ന് അവരുടെ സത്യ

www.malankaralibrary.com



നിഷ്ഠയും വിശ്വാസ ദാർഢ്യവും തെളിയിച്ചുവെന്നത് മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കും സമൂഹാംഗങ്ങൾക്കും ഏറെ അഭിമാനത്തിനു വക നൽകുന്നു.

ക്രിസ്തുവിലുള്ള വിശ്വാസമാണ് ക്രിസ്ത്യാനികളുടെ ആശ്രയം. അതുപോലെ മലങ്കര സുറിയാനികത്തോലിക്കരുടെ ആത്മബലം മാർ ഈവാനിയോസ് പിതാവിൻെറ ആത്മീയതയും അതുനല്കുന്ന സത്യവിശ്വാസവുമാണ്. അചഞ്ചലമായ ആ ഭക്തിയിലും പ്രാർത്ഥനയിലും പങ്കുചേർന്ന് ദൈവസമ്പാദനത്തിനായി നിരന്തരം യത്നിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. ആ വന്ദ്യതാതൻെറ ജീവിതവിശുദ്ധി തിരിച്ചറിഞ്ഞ് പുണ്യവാന്മാരുടെ നിരയിലേക്ക് അദ്ദേഹത്തെ ഉയർത്തുന്നതിന് പ്രാർത്ഥനയും പരിത്യാഗപ്രവൃത്തികളും ആവശ്യപ്പെടുന്ന ഘട്ടമാണിത്. അതിനു പ്രേരകമായിത്തീരുംവിധം ആ ജീവിതമഹത്ത്വം അടുത്തറിയുന്നതിന് പ്രയോജനപ്പെടുന്നതാണ് ഡോ. ജോർജ് ഓണക്കൂർ രചിച്ച "മാർ ഈവാനിയോസ്: ആർഷജ്ഞാനത്തിൻെറ പ്രവാചകൻ" എന്ന വിശിഷ്ടഗ്രന്ഥം.

മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതവും ദർശനവും പഠനവിധേയമാക്കിക്കൊണ്ട് ധാരാളം ലേഖനങ്ങളും ഏതാനും ഗ്രന്ഥങ്ങളും രചിക്കപ്പെട്ടിട്ടുണ്ട്. റവ. ഫാ. തോമസ് ഇഞ്ചയ്ക്കലോടിയുടെ 'ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്' വിലപ്പെട്ട ചരിത്രരേഖകൾ ഉൾക്കൊള്ളുന്നതാണ്. ഗവേഷണപ്രധാനങ്ങളായ മററു ചില കൃതികളും പാരാമർശമർഹിക്കുന്നു, കുട്ടികൾക്കുവേണ്ടി ആ മഹജ്ജീവിതം ലളിതമനോഹരമായി പ്രതിപാദിക്കുന്ന കൃതിയാണ് ഡോ.ജോർജ് ഓണക്കൂർ എഴുതി ബഥനി സന്ന്യാസിനീ സമൂഹം മുമ്പു പ്രസിദ്ധം ചെയ്ത 'തപോവനത്തിലെ സൂര്യൻ'.

ക്രാന്തദർശിയായ മഹാത്മാവിൻെറ സമഗ്രമായ ജീവചരിത്രം ഹൃദ്യമായശൈലിയിൽ ആകർഷകമായി സംവിധാനം ചെയ്തു പ്രസിദ്ധപ്പെടുത്തേണ്ടതാണെന്ന് ബഥനി സന്ന്യാസിനീസമൂഹം അതിയായി ആഗ്രഹിച്ചിരുന്നു. അത് ഞങ്ങൾ നിറവേറേണ്ട ഒരു നിയോഗമാണ്. വന്ദ്യപിതാവിൻെറ നിത്യസ്മാരകമായിരിക്കേണ്ട വിശിഷ്ടഗ്രന്ഥം രചിക്കുന്നതിന് ഏതുനിലയിലും അർഹതയും പ്രാഗല്ഭ്യവും തികഞ്ഞ പ്രശസ്തഗ്രന്ഥകാരനായ ഡോ. ജോർജ് ഓണക്കൂർ ഞങ്ങളുടെ അഭ്യർത്ഥനമാനിച്ച് അതിമനോഹരമായ ഈ ഉപഹാരം സമ്മാനിച്ചിരിക്കുന്നു. ചരിത്രപുരുഷനോട് ആഴമേറിയ ആദരവും അവിടുത്തെ കർമ്മപദ്ധതികളിൽ ദൃഢവിശ്വാസവും പുലർത്തുന്ന ഗ്രന്ഥകാരന് എല്ലാ അനുഗ്രഹവും കൈവരട്ടെ എന്ന പ്രാർത്ഥനയോടെ ഞങ്ങൾ കൃതജ്ഞത പ്രകാശിപ്പിക്കുന്നു.



മാർ ഈവാനിയോസ് തിരുമേനിയുടെ വിശുദ്ധ നാമകരണത്തിനുള്ള നടപടികൾക്ക് തുടക്കമിട്ടിരിക്കുന്ന കാലഘട്ടമാണിത്. ഈ സന്ദർഭത്തിൽ എത്രയും പ്രാധാന്യമർഹിക്കുന്നതാണ് ഇത്തരമൊരു ജീവചരിത്രഗ്രന്ഥം. ആ പുണ്യചരിതനെക്കുറിച്ച് ഉൾക്കാഴ്ച ലഭിക്കുന്നതിന് ഈ ഗ്രന്ഥം എല്ലാവരും പരമാവധി പ്രയോജനപ്പെടുത്തണമെന്നാണ് ഞങ്ങളുടെ ആഗ്രഹം; അതാണ് ഞങ്ങളുടെ അപേക്ഷ.

ഈ വിശിഷ്ടഗ്രന്ഥത്തിൻെറ പ്രകാശനം നിർവ്വഹിക്കാൻ സാദ്ധ്യമായതിൽ ബഥനി സന്ന്യാസിനീസമൂഹത്തിന് അഭിമാനവും ആഹ്ലാദവുമുണ്ട്.

മദർ ഫിലോമിന എസ്. ഐ. സി.
മദർ ജനറൽ
ബഥനി സന്ന്യാസിനീസമൂഹം

ബഥനി സിസ്റേറഴ്സ് ജനറലേററ്
കോട്ടയം 686 010
ജൂൺ 18, 1998.

www.malankaralibrary.com

# സമർപ്പണം

ജീവിതത്തിൽ ഒഴിവാക്കാനാവാത്ത ചില നിയോഗങ്ങളുണ്ട്. അവ എന്നെങ്കിലുമൊരിക്കൽ നിറവേററപ്പെടണം. അത്തരമൊരനുഭവമാണ് എനിക്ക് ഈ ഗ്രന്ഥരചന. ഓർമ്മവച്ച കാലംതൊട്ട് ഏറെ കേൾക്കാനിടവന്ന ഒരു നാമധേയം. എൻെറ ഗ്രാമത്തിൽ അദ്ദേഹം സ്ഥാപിച്ച ദേവാലയമുണ്ടായിരുന്നു. സ്വന്തം തറവാട്ടിൽപ്പെട്ട വന്ദ്യവയോധികനായ ഒരു വൈദികൻ (നടുവിലേടത്തു എൻ. വി. ഗീവർഗീസ് കത്തനാർ) ആ വലിയമനുഷ്യനെക്കുറിച്ച് എനിക്കു പറഞ്ഞുതന്നിരുന്നു. എം. ഡി. സെമിനാരിയിൽ അദ്ധ്യാപകനായിരുന്നു അദ്ദേഹവും.

എൻെറ ബാല്യകാലത്തുതന്നെ ഗ്രാമത്തിലെ ബഥനിപ്പള്ളിയോടുചേർന്ന് ഒരു പ്രൈമറിസ്കൂൾ സ്ഥാപിതമായി. അവിടെ അദ്ധ്യാപികമാരായിഎത്തിയത് രണ്ടു കന്യാസ്ത്രീകളാണ്; ബഥനിസന്ന്യാസിനീ സമൂഹാംഗങ്ങളായ സിസ്ററർ ദഖിയയും സിസ്ററർ കാർമ്മലും. ഞങ്ങളുടെ നാടിന് അപരിചിതമായ വേഷമായിരുന്നെങ്കിലും സിസ്റേറഴ്സ് എളുപ്പത്തിൽ നാട്ടുകാരുടെ സ്നേഹാദരങ്ങൾ നേടി. കുറേകഴിഞ്ഞ് ഗ്രാമത്തിൽ ബഥനി മഠം സമാരംഭിച്ചത് തിരുവല്ല ഭദ്രാസനത്തിൻെറ മെത്രാപ്പോലീത്ത യൗസേപ്പ് മാർ സേവേറിയോസ് തിരുമേനി താത്പര്യമെടുത്താണ്. മഠാധിപയായി വന്ന മദർ ത്രീസൂസ് ഇതിഹാസപുരുഷനായ മഹാത്മാവിനെ പ്രകീർത്തിക്കുന്നത് ഞാൻ കേട്ടുനിന്നു. അവിടുത്തെ ആദ്യശിഷ്യഗണത്തിൽപ്പെട്ടയാളായിരുന്നു മദർ.

കൗമാരകാലത്ത് വീട്ടിൽ വരാറുണ്ടായിരുന്ന ഒരു വിശിഷ്ടാതിഥി എൻെറ ജീവിതഗതിയെ വലിയൊരളവിൽ സ്വാധീനിച്ചു. അത് തിരുവല്ല ഭദ്രാസനാധിപൻ സഖറിയാസ് മാർ അത്താനാസ്യോസ് തിരുമേനിയാണ്. മഠവും സ്കൂളുമൊക്കെ പണികഴിപ്പിച്ചത് എൻെറ പിതാവിൻെറ നേതൃത്വത്തിലായിരുന്നതുകൊണ്ട് പ്രത്യേകപരിഗണനയും വാത്സല്യവും തിരുമേനി എനിക്കു പകർന്നു നല്കി. ആ നാവിൻ തുമ്പിൽ നിറഞ്ഞു നിന്നതും ഒരേ പുണ്യനാമം.

ഞാൻ ചങ്ങനാശ്ശേരി എസ്. ബി. കോളജിൽ പഠിക്കുമ്പോൾ മോൺസിഞ്ഞോർ ഫ്രാൻസിസ് കാളാശ്ശേരിയായിരുന്നു പ്രിൻസിപ്പൽ, അദ്ദേഹം തിരുവനന്തപുരം മാർ ഈവാനിയോസ് കോളജിൽനിന്ന് മടങ്ങിയെത്തിയതാണ്. പ്രിൻസിപ്പലച്ചൻെറ വാക്കുകളിൽ, ഇടയ്ക്കിടെ കോളജ് ഹോസ്ററലിൽ വന്നു താമസിക്കാറുള്ള തിരുവനന്തപുരം അതിഭദ്രാസനത്തിലെ വൈദിക പ്രമുഖൻ ഫാദർ പീലിപ്പോസ് മേടയിൽ നല്കിയ വാങ്മയചിത്രങ്ങളിൽ, എൻെറ

www.malankaralibrary.com



ഗുരുനാഥനായ റവ. ഡോ. സി. എ. ഏബ്രഹാമിൻെറ ഗ്രന്ഥങ്ങളിൽ ഒക്കെ ആ മഹാസ്മരണ നിറഞ്ഞുനിന്നു.

വിദ്യാഭ്യാസാനന്തരം അദ്ധ്യാപകനായി യൗവനാരംഭത്തിൽ ഞാൻ തിരുവനന്തപുരത്തു ചേക്കേറുന്നത് നാലാഞ്ചിറയിലെ ബഥനിക്കുന്നിലാണ്. ഏതൊരു മഹാത്മാവിനെക്കുറിച്ചുള്ള ഭക്ത്യാദരങ്ങൾ എൻെറ മനസ്സിനെ വിസ്മയാധീനമാക്കിയോ ആ യുഗപുരുഷൻ, ദൈവത്തിൽനിന്നുള്ള ആ പുണ്യാത്മാവ്, ധന്യതപകർന്ന ഭൂമിയിൽ അവിടുത്തെ നിത്യസ്മൃതികളുമായി നിലകൊള്ളുന്ന കലാലയത്തിൽ.

ഒരു മഹാചൈതന്യം ജീവരേണുക്കളെ ഉണർത്തുന്നതു ഞാനറിഞ്ഞു. അധൃഷ്യവും അനന്യവുമായ ആ വ്യക്തിപ്രതിഭാസത്തെക്കുറിച്ചായി എൻെറ ധ്യാനം. മുപ്പത്തിമൂന്നു വർഷത്തിലേറെ ഞാനീഭൂമിയിൽ വസിച്ചു. പലതരം അനുഭവങ്ങൾ എന്നെ തേടിവന്നു; പകലും രാവും ഏററുമുട്ടി. സംഘർഷപൂർണ്ണമായ അനുഭവങ്ങൾക്കിടയിലും ഒരു സത്യം എന്നെ കൈവെടിഞ്ഞില്ല. ആർഷജ്ഞാനത്തിൻെറ പ്രവാചകനും ക്രാന്തദർശിയായ കർമ്മയോഗിയുമായ, പ്രാർത്ഥനയിലും ധ്യാനത്തിലും ജീവിതവിശുദ്ധി സ്വന്തമാക്കിയ, മാർ ഈവാനിയോസ് തിരുമേനിയോടുള്ള ഭക്തിയും അതിൽനിന്നു ലഭ്യമായ അനുഗ്രഹവും. എൻെറ കണ്ണുകൾക്ക് അതു വെളിച്ചമായി; ഹൃദയത്തിലെ ജ്ഞാനമായി; കാലുകളുടെ കരുത്തായി. പീഡനങ്ങളിൽ പ്രത്യാശയുടെ കിരണം.

ജീവിതത്തിലെ ഏററവും വലിയ കടപ്പാട് ആ മഹാത്മാവിനോടാണ്. ചുവടുറച്ചുനിൽക്കാൻ സ്വന്തമായി ഭൂമിയുണ്ടെന്ന ബോദ്ധ്യം; അതിലുണർന്ന അഭിമാനവും ആത്മധൈര്യവും പകർന്നുതന്നത് ആ ദിവ്യസ്മരണയാണ്.

മാർ ഈവാനിയോസിനെക്കുറിച്ച് ഞാൻ ധാരാളമായി എഴുതിയിട്ടുണ്ട്. ആ ആത്മവത്ത എനിക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നു. ഒരു മതാചാര്യൻ എന്നതിനപ്പുറം ഭാരതീയ സന്ന്യാസത്തിനും, ആധുനികവിദ്യാഭ്യാസത്തിനും, സഭൈക്യത്തിനും, മാനവപുരോഗതിക്കും മഹാസംഭാവനകൾ അർപ്പിക്കുകയും പ്രാർത്ഥനാനിർഭരമായ പരിത്യാഗജീവിതം നയിക്കുകയും ചെയ്ത വിശുദ്ധൻ എന്ന നിലയിലാണ് ഈവാനിയോസ് തിരുമേനിയെ ഞാൻ വന്ദിക്കുന്നത്. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഉയർത്തിപ്പിടിച്ച സഭൈക്യത്തിൻെറ പ്രവാചകനായി ,അതിനുമെത്രയോമുൻപ് അദ്ദേഹം പ്രത്യക്ഷപ്പെട്ടുവെന്ന് അദ്ഭുതാദരങ്ങളോടെ ഞാനോർക്കുന്നു.

എന്നെ എന്നും തിരിച്ചറിഞ്ഞിട്ടുള്ള ബഥനി സന്ന്യാസിനീസമൂഹാംഗങ്ങൾ പൊതുവേയും ഇപ്പോഴത്തെ ജനറൽ മദർ ഫിലോമിന പ്രത്യേകമായും മാർ ഈവാനിയോസ് തിരുമേനിയുടെ ജീവചരിത്രം രചിക്കാൻ ഞാൻ ഉത്തരവാദപ്പെട്ടിരിക്കുന്നുവെന്ന് ഓർമ്മപ്പെടുത്താൻ തുടങ്ങിയിട്ട് ഒരു ദശാബ്ദ



ത്തിലേറെയായി. സംസ്ഥാന ബാലസാഹിത്യ ഇൻസ്ററിററ്യൂട്ടിൻെറ ഡയറക്ടറായി പ്രവർത്തിക്കാൻ ഭാഗ്യമുണ്ടായ ഘട്ടത്തിൽ ആ മഹദ്ചരിത്രം കുട്ടികൾക്കുവേണ്ടി ലളിതമായി തയ്യാറാക്കിയതാണ് 'തപോവനത്തിലെ സൂര്യൻ' എന്ന ബാലസാഹിത്യ കൃതി.

ആ ലഘുഗ്രന്ഥം വായിച്ച് അന്നത്തെ തിരുവനന്തപുരം അതിഭദ്രാസനാധിപൻ ബനഡിക്ററ് മാർ ഗ്രിഗോറിയോസ് തിരുമേനി എന്നോടുപറഞ്ഞു: "ഒരുവലിയ മനുഷ്യനായിരുന്നു മാർ ഈവാനിയോസ് പിതാവ്. ആ പിതാവിനെക്കുറിച്ച് വലിയ ഒരു പുസ്തകം എഴുതണം."

ഞാൻ മാർ ഈവാനിയോസ് കോളജിൽ പ്രൊഫസറായ ഘട്ടത്തിലാണ് ഫാദർ തോമസ് ഇഞ്ചയ്ക്കലോടി രചിച്ച 'ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്' എന്ന ഗ്രന്ഥത്തിൻെറ രണ്ടാംഭാഗം പ്രസിദ്ധപ്പെടുത്തുന്നത്. അതിൻെറ സൂക്ഷ്മപരിശോധന ഗ്രന്ഥകാരൻ എന്നെ ഭരമേല്പിച്ചിരുന്നു. അന്ന് ബഹുമാനപ്പെട്ട ഇഞ്ചയ്ക്കലോടിയച്ചൻ പറഞ്ഞ വാക്യവും ഓർമ്മയിലുണ്ട്: "എനിക്കു കിട്ടിയതും ഞാൻ സമ്പാദിച്ചതുമായ വിവരങ്ങൾ മുഴുവൻ കൂട്ടിച്ചേർത്തു വച്ചതാണ് ഈ പുസ്തകം. ഇതുപയോഗിച്ച് ഭാവിയിൽ വലിയ പിതാവിൻെറ ഒരുനല്ല ജീവചരിത്രം എഴുതണം; എഴുതാതിരിക്കരുത്."

ഈ അനുഗ്രഹങ്ങൾ സിരാപടലത്തെ ഉണർത്തിയതാവാം, ബഥനി സന്ന്യാസിനീ സമൂഹാംഗങ്ങളുടെ നിരന്തരമായ പ്രാർത്ഥന ശക്തിപകർന്നതാവാം, ഇത്തരംനിമിത്തങ്ങളിൽ ഒരുനിയോഗംപോലെ ഈ ചരിത്രരചന നിർവ്വഹിക്കാൻ എനിക്കു ഭാഗ്യമുണ്ടായിരിക്കുന്നു.

മലങ്കര ഹയരാർക്കിയുടെ അദ്ധ്യക്ഷനും, തിരുവനന്തപുരം അതിഭദ്രാസനമെത്രാപ്പോലീത്തയും, പണ്ഡിതനും, ഗ്രന്ഥകാരനുമായ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ മാർ ഈവാനിയോസ് പിതാവിൻെറ വിശുദ്ധീകരണനടപടികൾ സമാരംഭിച്ചിരിക്കുന്ന ധന്യമുഹൂർത്തത്തിലാണ് ഈ ജീവചരിത്രഗ്രന്ഥം പ്രകാശനംചെയ്യുന്നത്. അത് ഏറെ അനുഗ്രഹകരമായിരിക്കുന്നു. പ്രൗഢമായ അവതാരികകൊണ്ട് ഈ ഗ്രന്ഥത്തെ മഹത്ത്വപ്പെടുത്തിയ അഭിവന്ദ്യ ബസ്സേലിയോസ് തിരുമേനിയുടെസൗമനസ്യത്തെ വാക്കുകളിലൊതുക്കി നന്ദിപറയാൻ ഞാൻ ഒരുമ്പെടുന്നില്ല. തിരക്കുകൾക്കിടയിൽ ഇതിന് സമയം കണ്ടെത്തുകയും വളരെ ഉദാര മായവാക്കുകൾകൊണ്ട് അവിടുന്ന് എൻെറമേൽ അനുഗ്രഹം വർഷിക്കുകയും ചെയ്തു.

നാമകരണ നടപടിക്കു തുടക്കം കുറിച്ച നിവേദനപത്രവും മാർ ബസ്സേലിയോസ് തിരുമേനിയുടെ ഇടയലേഖനവും അനുബന്ധമായി ചേർത്തിട്ടുണ്ട്.

യഥാർത്ഥത്തിൽ വലിയ ഒരു പരീക്ഷണമായിരുന്നു ഈ ഗ്രന്ഥരചന. നോവലോ കഥയോ എഴുതുക ഇത്ര ആയാസകരമായി ഒരിക്കലും അനുഭവ

www.malankaralibrary.com



പ്പെട്ടിട്ടില്ല. ദിവ്യമായ ആത്മീയതയുടെ ഉലയിൽ നീറിത്തെളിയുന്നതുപോലെ ഒരു ദഹനബലി. അവസാനത്തെ അദ്ധ്യായം പൂർത്തിയാക്കുമ്പോൾ, എഴുതിത്തുടങ്ങിയ ഞാനല്ല ജീവിക്കുന്നത് എന്ന് സത്യസന്ധമായി രേഖപ്പെടുത്താം. ഈ ആത്മീയാനുഭവം നല്കി അനുഗ്രഹിച്ച മാർ ഈവാനിയോസ് തിരുമേനിയുടെ ധന്യസ്മരണയ്ക്കു മുന്നിൽ ഞാൻ ശിരസ്സു നമിക്കുന്നു.

ബഥനി സന്ന്യാസസമൂഹാംഗവും മാർ ഈവാനിയോസ് തിരുമേനിയുടെ സന്തതസഹചാരിയുമായിരുന്ന ഫാദർ പക്കോമിയോസ് ഒ. ഐ. സി., ഗ്രന്ഥകാരനായ ഫാദർ വർഗീസ് കിളിച്ചിമല തുടങ്ങി ഒട്ടേറെ ശ്രേഷ്ഠവ്യക്തികളുടെ സഹകരണം ഗ്രന്ഥരചനയിൽ ലഭ്യമായിട്ടുണ്ട്. പ്രായാധിക്യത്തിലും അവർ പ്രകടിപ്പിച്ച താത്പര്യം എത്രയും ആവേശപൂർണ്ണമായിരുന്നു.

ബഥനി സന്ന്യാസിനീ സമൂഹം ഈ ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണം സദയം ഏറ്റെടുത്തതുകൊണ്ടാണ് എൻെറ സാഹസം സഫലമാകുന്നത്. സമൂഹത്തിൻെറ ജനറൽ മദർ ഫിലോമിന, കൗൺസിലേഴ്സ്, സമൂഹാംഗങ്ങൾ എന്നിവർ ഓരോരുത്തരോടും ഞാൻ ഹൃദയപൂർവ്വം കടപ്പെട്ടിരിക്കുന്നു.

അത്യാകർഷകമായി പുസ്തകപ്രസാധനം നിർവ്വഹിച്ച തിരുവനന്തപുരത്തെ പ്രശസ്തമായ സെൻറ് ജോസഫ്സ് പ്രസ്സിൻെറ മാനേജർ ഫാദർ മാത്യു തെക്കേൽ ഒ. സി. ഡി. ക്ക് എൻെറ ഏററവും ആത്മാർത്ഥമായ കൃതജ്ഞത.

മാർ ഈവാനിയോസ്സ്മരണ ദിവ്യമായി പ്രോജ്ജ്വലിക്കുന്ന ഘട്ടത്തിൽ ഒരു പ്രാർത്ഥനപോലെ ഈ പുസ്തകം ഞാൻ സമർപ്പിക്കുന്നു.

**-ജോർജ് ഓണക്കൂർ**

'സുദർശന'
നാലാഞ്ചിറ
തിരുവനന്തപുരം 695 015
ജൂൺ 29, 1998

# ഉള്ളടക്കം


ഇതിഹാസ പുരുഷൻ 19
മഹത്ത്വമാർന്ന പൈതൃകം 23
പ്രത്യാശയുടെ സൂര്യോദയം 28
ചരിത്രസന്ധികൾ 35
അഗ്നിപരീക്ഷണം 40
തമസോ മാ ജ്യോതിർ ഗമയ 46
ദൈവനിയോഗം പോലെ 55
നവീകരണത്തിൻെറ വഴികൾ 62
ആത്മീയനിർവൃതി തേടുന്നു 69
ബഥനിയുടെ മെത്രാൻ 77
പുനരൈക്യത്തിൻെറ പ്രഭാതം 84
യാത്രപറയും മുൻപ് 95
ബഥനിമലയേ സമാധാനത്തോടെ വസിച്ചാലും 110
ദൈവത്തിൻെറ കൈയൊപ്പ് 119
പ്രതിസന്ധിയുടെ നാളുകൾ 127
വിമർശനങ്ങൾക്കു നടുവിൽ 133
നല്ല മകൻ 140
പുതിയ യുഗപ്പിറവി 147
ഹയരാർക്കിയുടെ സ്ഥാപനം 155
പോരാട്ടങ്ങളുടെ കഥ 161
വിജയകരമായ പരിസമാപ്തി 170
സരളമായ സാരള്യം 178
അമേരിക്കൻ അനുഭവങ്ങൾ 184
സൂര്യൻ പടിഞ്ഞാറു ചായുന്നു 196
ഭാഗ്യവാനായ പിതാവ് 204
ഫോട്ടോ ആൽബം 209
ഗ്രന്ഥസൂചിക 217
അനുബന്ധം 219

www.malankaralibrary.com

# 1

# ഇതിഹാസ പുരുഷൻ

പ്രാതൽ കഴിഞ്ഞ്, ഉച്ചയ്ക്ക് അല്പം മുമ്പായി ആശ്രമസ്ഥരിൽ ഒരാൾ വന്ന് 'മുന്നാഴിയരി മാത്രമേയുള്ളൂ; ഉച്ചഭക്ഷണത്തിന് എങ്ങനെയാണ്' എന്നുചോദിച്ചു. ഭക്ഷണം ഉപേക്ഷിച്ചാൽ വരാവുന്ന കുഴപ്പങ്ങൾ എന്തെല്ലാമെന്ന് അനുഭവംകൊണ്ട് അറിഞ്ഞിട്ടുള്ള ആശ്രമസ്ഥർക്ക് ആശങ്കയ്ക്ക് ഇടവരുത്തരുതല്ലോ എന്നു കരുതി; 'സാരമില്ല; ആ അരി കൊണ്ട് അനാഥക്കുഞ്ഞുങ്ങൾക്കു കഞ്ഞിയോ മറേറാ വച്ചുകൊടുത്തേക്കുക; നമുക്കുകപ്പയുണ്ടല്ലോ' എന്നുപറഞ്ഞു. 'കപ്പയുമില്ല' എന്നാണ് അയാളുടെ മറുപടി. അതും തീർന്നുകഴിഞ്ഞിരിക്കുന്നു.

'എന്നാൽ നമുക്കു പട്ടിണികിടക്കാം. ഇതും ദൈവത്തിൻെറ കരുണയാണെന്നു വിചാരിച്ചാൽ മതി.'

ആശ്രമസ്ഥർ മടങ്ങിപ്പോയി. കുറേക്കഴിഞ്ഞ് ഉച്ചനമസ്കാരത്തിനായി എല്ലാവരും ചാപ്പലിൽകൂടി. ഏകദേശം പന്ത്രണ്ടരമണിയോടുകൂടി പുറത്തുവന്നപ്പോഴുണ്ട് ഒരു വൃദ്ധൻ തലയിൽ ഒരു ചുമടുമായി കുശിനിയുടെ മുമ്പിൽ നിൽക്കുന്നു. എന്താണെന്നു ചോദിച്ചപ്പോൾ,'കുറെ വെള്ളയപ്പമാണ്' എന്നു വൃദ്ധൻ പറഞ്ഞു. ഉച്ചയ്ക്ക് കൃത്യസമയത്തുതന്നെ എല്ലാവരും ഭക്ഷണശാലയിൽ പ്രവേശിച്ചുകൊണ്ട് അതു കഴിച്ചു. സന്ധ്യയായപ്പോൾ മറെറാരാൾ പിടിയരിയുമായി അവിടെ വന്നു.

അന്ന് ആർക്കും പട്ടിണി കിടക്കേണ്ടതായി വന്നില്ല.[1]

അദ്ഭുതകരമായ ദൈവപരിപാലനത്തിൻെറ ഈ മനോഹരസന്ദർഭം ചിത്രീകരിക്കുന്നത് മാർ ഈവാനിയോസ് തിരുമേനിയാണ്; ബഥനിയുടെ മെത്രാപ്പോലീത്ത.

ജനിച്ച വീടും ജീവിതസൗകര്യങ്ങളും ഉപേക്ഷിച്ച് ദൈവപ്രീതിക്കായി സ്വയം സമർപ്പിക്കാൻ സന്നദ്ധരായ സന്ന്യാസിമാരുടെ സങ്കേതമായിരുന്നു

1. മാർ ഈവാനിയോസ്, ഗിരിദീപം (ഒന്നാംഭാഗം). പു. 92-93.

www.malankaralibrary.com



ബഥനി. കാവിയുടുത്ത് കൈയിൽ ഭിക്ഷാപാത്രവുമായി മാർ ഈവാനിയോസും ശിഷ്യഗണങ്ങളും മദ്ധ്യ തിരുവിതാംകൂറിലെ വീടുകൾ കയറിയിറങ്ങി. അവർ പൊന്നും വെള്ളിയും ആഗ്രഹിച്ചില്ല. ആഹാരത്തിനുള്ള വകകൊണ്ടു തൃപ്തരായിരുന്നു ആശ്രമസ്ഥർ.

ദൈവത്തിന്റെ കരുണ അവരോടൊപ്പമുണ്ടായിരുന്നു. അഞ്ചപ്പം കൊണ്ട് അയ്യായിരം പേർക്ക് ഭക്ഷണം നല്കിയ ദയാപരനായ യേശുതമ്പുരാൻ അവരെ സംരക്ഷിച്ചു.

> യേശു വഞ്ചിയിൽ കയറി തനിച്ച് ഒരു വിജനസ്ഥലത്തേക്കുപോയി. ഇതറിഞ്ഞ ജനക്കൂട്ടം പട്ടണങ്ങളിൽനിന്നു കാൽനടയായി അവനെ പിന്തുടർന്നു. അവൻ കരയ്ക്കിറങ്ങിയപ്പോൾ വലിയ ഒരു ജനക്കൂട്ടത്തെ കണ്ടു. അവരുടെ മേൽ അവന് അനുകമ്പതോന്നി. അവരുടെയിടയിലെ രോഗികളെ അവൻ സുഖപ്പെടുത്തി. സായാഹ്നമായപ്പോൾ ശിഷ്യന്മാർ അവനെ സമീപിച്ചു പറഞ്ഞു: ഇതൊരുവിജനസ്ഥലമാണ്. നേരവും വൈകിയിരിക്കുന്നു.ഗ്രാമങ്ങളിൽപ്പോയി തങ്ങൾക്കു ഭക്ഷണം വാങ്ങാൻ ഈ ജനക്കൂട്ടത്തെ പറഞ്ഞയയ്ക്കുക. എന്നാൽ യേശു പറഞ്ഞു: അവർ പോകേണ്ടതില്ല; നിങ്ങൾതന്നെ അവർക്കു ഭക്ഷണം കൊടുക്കുവിൻ. അവർ പറഞ്ഞു: അഞ്ചപ്പവും രണ്ടു മീനും മാത്രമേ ഞങ്ങളുടെ പക്കലുള്ളൂ. അവൻ പറഞ്ഞു: അത് എന്റെ അടുത്തു കൊണ്ടുവരിക. അവൻ ജനക്കൂട്ടത്തോടു പുൽത്തകിടിയിൽ ഇരിക്കാൻ കല്പിച്ചതിനുശേഷം ആ അഞ്ചപ്പവും രണ്ടു മീനും എടുത്തു സ്വർഗ്ഗത്തിലേക്കു നോക്കി, ആശീർവദിച്ച്, മുറിച്ച്, അപ്പം ശിഷ്യന്മാരെ ഏല്പിച്ചു. അവർ അതു ജനങ്ങൾക്കു വിളമ്പി. അവരെല്ലാവരും ഭക്ഷിച്ചു തൃപ്തരായി. ബാക്കി വന്ന കഷണങ്ങൾ പന്ത്രണ്ടുകുട്ട നിറയെ അവർ ശേഖരിച്ചു. ഭക്ഷിച്ചവർ സ്ത്രീകളും കുട്ടികളുമൊഴികെ അയ്യായിരത്തോളം പുരുഷന്മാർ ആയിരുന്നു.[2]

ഈ അലിവിൽ, ദൈവത്തിന്റെ അനന്തമായ നന്മയിൽ, ബഥനി ഒരു പുണ്യക്ഷേത്രമായി; ശാന്തിയുടെ ശ്രീകോവിലായി. ആർഷസംസ്കാരത്തിന്റെ ശൈലിയിൽ ഒരു ക്രൈസ്തവ സന്ന്യാസസമൂഹം രൂപംകൊണ്ടു. ദൈവത്തിന്റെ അനന്തമായ കരുണ മാത്രമായിരുന്നു ആശ്രമസ്ഥരുടെ ആശ്രയം.

> എന്തു ഭക്ഷിക്കും എന്നു ജീവനെപ്പററിയോ എന്തു ധരിക്കും എന്നു ശരീരത്തെപ്പററിയോ നിങ്ങൾ ആകുലരാകേണ്ട. എന്തെന്നാൽ ജീവൻ ഭക്ഷണത്തിനും ശരീരം വസ്ത്രത്തിനും ഉപരിയാണ്. പറവകളെ നോക്കുവിൻ. അവ വിതയ്ക്കുന്നില്ല. കൊയ്യുന്നില്ല. അവയ്ക്കു കലവറയോ കളപ്പുരയോ ഇല്ല. എങ്കിലും ദൈവം അവയെപോററുന്നു. പക്ഷികളെക്കാൾ എത്രയോ വിലപ്പെട്ടവരാണു നിങ്ങൾ. ആകുലരാകുന്നതുകൊണ്ട് ആയുസ്സിന്റെദൈർഘ്യം ഒരു മുഴം കൂടി നീട്ടാൻ നിങ്ങളിൽ ആർക്കു സാധിക്കും? ഏററവും നിസ്സാരമായ ഇതുപോലും ചെയ്യാൻ നിങ്ങൾക്കു കഴിവില്ലെങ്കിൽ മററുള്ളവയെപ്പററി ആകുലരാകുന്നതെന്തിന്? ലില്ലികളെ നോക്കുവിൻ. അവ നൂൽ നൂൽക്കുകയോ വസ്ത്രം നെയ്യുകയോ ചെയ്യുന്നില്ലല്ലോ. എങ്കിലും ഞാൻ നിങ്ങളോടു പറയുന്നു: ശലോമോൻ പോലും അവന്റെ സർവ്വ മഹത്ത്വത്തിലും അവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ല. ഇന്നുള്ളതും നാളെ തീയിൽ എറിയപ്പെടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇത്രമാത്രം അണിയിക്കുന്നുവെങ്കിൽ അല്പവിശ്വാസികളേ, നിങ്ങളെ എത്രയധികം അണിയിക്കുകയില്ല! എന്തു തിന്നുമെന്നോ എന്തു കുടിക്കുമെന്നോ അന്വേഷിക്കേണ്ട. ആകുലചിത്തരാവുകയും വേണ്ട. ഈ ലോകത്തിന്റെ ജനതകളാണ് ഇതെല്ലാം അന്വേഷിക്കുന്നത്. നിങ്ങൾക്ക് ഇതെല്ലാം ആവശ്യമാണന്ന് നിങ്ങളുടെ പിതാവിനറിയാം. നിങ്ങൾ അവിടുത്തെ രാജ്യംഅന്വേഷിക്കുവിൻ. ഇവയെല്ലാം അതോടൊപ്പം നിങ്ങൾക്കു ലഭിക്കും. ചെറിയ അജഗണമേ, ഭയപ്പെടേണ്ട. എന്തെന്നാൽ നിങ്ങൾക്കു രാജ്യം നൽകാൻ നിങ്ങളുടെ പിതാവ് പ്രസാദിച്ചിരിക്കുന്നു. നിങ്ങളുടെ സമ്പത്തു വിററ് ദാനംചെയ്യുവിൻ. പഴകിപ്പോകാത്ത പണസഞ്ചികൾ കരുതിവയ്ക്കുവിൻ. ഒടുങ്ങാത്ത നിക്ഷേപം സ്വർഗ്ഗത്തിൽ സംഭരിച്ചു വയ്ക്കുവിൻ. അവിടെ കള്ളന്മാർ കടന്നുവരികയോ ചിതൽ നശിപ്പിക്കുകയോ ഇല്ല. നിന്റെ നിക്ഷേപം എവിടെയോ അവിടെ നിന്റെ ഹൃദയവും.[3]

2. മത്തായിയുടെ സുവിശേഷം 14: 13-21.



ഭൗതിക സുഖങ്ങൾ പാടേ പരിത്യജിക്കുകയാണ് സന്ന്യാസത്തിന്റെ വഴി. ഭാരതീയചിന്തയിൽ ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നിങ്ങനെ ജീവിതാവസ്ഥകളെ നാലായി നിർണ്ണയിച്ചിരിക്കുന്നു. മററു മൂന്നു ഘട്ടങ്ങളും പിന്നിട്ടാണ് ഒടുവിൽ സന്ന്യാസം വരിക്കുന്നത്. ബഥനിയുടെ മാർഗ്ഗം വ്യത്യസ്തമായിരുന്നു. ബ്രഹ്മചര്യത്തിൽ നിന്നു നേരേ സന്ന്യാസത്തിലേക്ക് അതു കടന്നുപോയി. ആരബ്ധയൗവനത്തിൽത്തന്നെ പൂർണ്ണമായ അർപ്പണം. ലൗകിക ചിന്തകൾക്ക് ഇടനൽകാത്ത ജീവിതം. പരിത്യാഗത്തിലൂടെ ദൈവത്തെ അറിയുക; പൂർണ്ണമായി സ്വീകരിക്കുക. അത്തരം മനസ്സുകളിൽ കള്ളന്മാർക്കു കടന്നുവരാൻ സാദ്ധ്യമല്ല; ശാന്തി ഒരിക്കലും ഭഞ്ജിക്കപ്പെടുകയില്ല.

ഈ ദൈവാനുഭവത്തിന്റെ അനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടാണ് മാർ ഈവാനിയോസ് തിരുമേനി സന്ന്യാസത്തിന്റെ പാത തെരഞ്ഞെടുത്തത്. കാഷായവേഷം ധരിച്ച്, ഭിക്ഷുവായി, ദേശാടനംകൊണ്ട് കാലയാപനം നടത്തി, പുൽക്കുടിലിൽ ജീവിച്ചു. കഠിനമായ തപസ്സുചെയ്ത് ജീവിതത്തിന്റെ പൊരുൾ തേടി; ശാന്തി പ്രാപിച്ചു.

3. ലൂക്കോസിന്റെ സുവിശേഷം 12: 22-34.

www.malankaralibrary.com



ഇരുപതാം നൂററാണ്ടിന്റെ ആരംഭത്തിൽ ഇത്തരം ആത്മീയാനുഷ്ഠാനങ്ങൾ ഇന്ത്യയിലെ ക്രൈസ്തവസഭകൾക്ക് അപരിചിതമായിരുന്നു. പാശ്ചാത്യ മിഷനറിസമൂഹങ്ങളാകട്ടെ, പ്രതാപൈശ്വര്യങ്ങളിൽ പരസ്പരം മത്സരിച്ചുകൊണ്ടിരുന്നു. ബഥനിയുടെ സ്ഥാപനത്തിനു പ്രചോദനമായിത്തീർന്നത് ഇവയല്ല. തികച്ചും പൗരസ്ത്യമായിരുന്നു അതിന്റെ പശ്ചാത്തലം; വ്രതനിയമങ്ങളും ധ്യാനരീതികളുമെല്ലാം ഉൾക്കൊണ്ടത് ഭാരതാന്തരീക്ഷത്തിൽ നിന്നുതന്നെയാണ്. മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ ശാന്തിനികേതൻ ബഥനിയുടെ സ്ഥാപകനിൽ വലിയ സ്വാധീനത ചെലുത്തി.പ്രാർത്ഥനയിൽനിന്നു ശക്തിനേടുക; ദൈവസമ്പാദനത്തിനായി പ്രയത്നിക്കുക; ഉപവാസം, ദാരിദ്ര്യം, പതിതരോടുള്ള കാരുണ്യം, ധ്യാനം എന്നിവയിലൂടെ സ്വർഗ്ഗത്തിന്റെ സമാധാനം സ്വന്തമാക്കുക -ഇത് അപൂർവ്വവും അസാധാരണവുമായ അനുഭവമാണ്. മാർ ഈവാനിയോസ് തിരുമേനിയും ശിഷ്യഗണവും കാതോർത്തത് ഈ ദൈവവിളിക്കാണ്.

ദൈവസാക്ഷാത്കാരത്തിലൂടെ രൂപാന്തരം പ്രാപിക്കുന്നതിന് ആ യോഗിവര്യൻ അനുഭവിച്ച ക്ലേശങ്ങളും തരണംചെയ്ത പ്രതിസന്ധികളും ഒരു കാലഘട്ടത്തിന്റെ ഇതിഹാസമായി തീർന്നിരിക്കുന്നു. ആരും നടക്കാത്ത വഴികളിലൂടെയായിരുന്നു യാത്ര. എത്രപേർ ഒപ്പമുണ്ടാകുമെന്നുപോലും ചിന്തിക്കുകയുണ്ടായില്ല. സമുദായത്തിലെ സമുന്നതപദവികൾ തിരിഞ്ഞു നോക്കാതെ വലിച്ചെറിഞ്ഞു. നിരന്തരമായ കുരിശുമരണങ്ങൾക്ക് സ്വയം ഏല്പിച്ചുകൊടുത്തു. ഉയിർത്തെഴുന്നേററ ക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസമായിരുന്നു വാളും പരിചയും.

മാർ ഈവാനിയോസ് തിരുമേനിയെ ഒരു മഹാപുരോഹിതനായി മാത്രം നോക്കിക്കാണുന്നത് ഭാഗികമായ കാഴ്ചപ്പുറമാണ്. ഇൻഡ്യൻ ക്രൈസ്തവ സമൂഹത്തിൽ ഐക്യത്തിന്റെ ശില്പിയായിരുന്നു അദ്ദേഹം. സ്ത്രീകളുടെ വിദ്യാഭ്യാസത്തിലും സന്ന്യാസത്തിലും ആ മഹാത്മാവ് പ്രത്യേക ജാഗ്രത പുലർത്തി. ദളിതരുടെ ഉന്നമനത്തിന് ജീവിതം ഉഴിഞ്ഞുവച്ചു. പൗരസ്ത്യ ന്യൂമാനെന്നും കിഴക്കിന്റെ പ്രെസ്തർ ജോൺ (രാജാവായി വാണ ഐതിഹ്യപ്രസിദ്ധനായ പുരോഹിതൻ) എന്നും അദ്ദേഹം പ്രകീർത്തിക്കപ്പെട്ടിട്ടുണ്ട്.

വിസ്മയജനകമായ ആ വ്യക്തിത്വത്തിന്റെ വർണ്ണരേഖകൾ വേർതിരിച്ചെടുക്കുമ്പോൾ മുൻഗണനാക്രമം എങ്ങനെയാവും? സമാധാനത്തിന്റെ സ്വർഗ്ഗദൂതൻ, ക്രൈസ്തവസമൂഹത്തിൽ ഭാരതവത്കരണത്തിന്റെ പ്രോദ്ഘാടകൻ, ത്യാഗധനനായ സന്ന്യാസിവര്യൻ, വിദ്യാഭ്യാസ ചിന്തകൻ, ധീരനായ കർമ്മയോഗി, മനുഷ്യസ്നേഹത്തിന്റെ പ്രതീകം.

വിശേഷണങ്ങൾ ഏറെയുണ്ട്. ഒരു കാലഘട്ടത്തിന്റെ ഇതിഹാസപുരുഷനായിത്തീർന്ന ആ ആദ്ധ്യാത്മികചൈതന്യത്തെ അടുത്തറിയുക അനന്യമായ ആത്മീയാനുഭവം തന്നെയാണ്.

# 2

# മഹത്ത്വമാർന്ന പൈതൃകം

സമയം സന്ധ്യകഴിഞ്ഞിരുന്നു. മാവേലിക്കര പുതിയകാവു പള്ളിയിൽ ഒട്ടേറെയാളുകൾ ഒത്തുകൂടിയിട്ടുണ്ട്. അവിടെ ഒരു മഹാപുരോഹിതൻ എഴുന്നള്ളിയിരിക്കുന്നു. അദ്ദേഹത്തെ കാണാനും അനുഗ്രഹം പ്രാപിക്കാനും എത്തിയവരാണ് എല്ലാവരും.

മലങ്കര യാക്കോബായ സഭയുടെ ഭരണസാരഥിയായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തയാണ് വിശിഷ്ടാതിഥി.

ക്രിസ്തുവിന്റെ ശിഷ്യനായ മാർത്തോമ്മാശ്ലീഹാ എ.ഡി. 52-ൽ കൊടുങ്ങല്ലൂരിലെത്തി, സുവിശേഷം അറിയിച്ചുവെന്നാണ് പാരമ്പര്യം. രണ്ടായിരംവർഷത്തെ ചരിത്രത്തിനിടയിൽ ക്രിസ്തുമതത്തിൽ പല വിശ്വാസങ്ങൾ കടന്നുവന്നു; ദേശീയതകളും ഉപദേശീയതകളും ഇടകലർന്നു. അവ തമ്മിൽ ആശയവൈരുദ്ധ്യങ്ങളുണ്ടായി; പലപ്പോഴും ആഭ്യന്തരസംഘർഷങ്ങൾ മൂർച്ഛിച്ചു. ക്രിസ്തുമത വിശ്വാസം സ്വീകരിച്ചവർ പല സഭാവിഭാഗങ്ങളായി പിരിയാനും പരസ്പരം ശത്രുത പുലർത്താനും ഈ സാഹചര്യം ഇട നല്കി. പ്രബലവും സാർവ്വത്രികവുമായ കത്തോലിക്കാ സഭയോടൊപ്പം കേരളത്തിൽ യാക്കോബായ, മാർത്തോമ്മാ തുടങ്ങിയ സഭകളും രൂപംകൊണ്ടു. ആചാരരീതിയും ആരാധനക്രമവും ദേശീയതയും ജാതീയതയുമൊക്കെ വേർതിരിവിനു പശ്ചാത്തലമായി വർത്തിച്ച ഘടകങ്ങളാണ്. സാമ്പത്തികവളർച്ചയും അധികാരവാഞ്ഛയും ശൈഥില്യത്തിന് ആക്കം കൂട്ടി.

ഇൻഡ്യയുമായി വാണിജ്യ ബന്ധങ്ങൾ സ്ഥാപിച്ച പാശ്ചാത്യശക്തികൾ മിഷനറിമാരെ ഇവിടേക്ക് ആനയിക്കുകയും അവർ ക്രിസ്തുമത പ്രചാരണത്തിൽ വ്യാപൃതരാവുകയും ചെയ്തു. സാംസ്കാരിക വിദ്യാഭ്യാസ വിഷയങ്ങളിൽ അവരുടെ പ്രവർത്തനം സത്ഫലങ്ങൾ ഉളവാക്കി. ജാതീയമായ ഉച്ചനീചത്വങ്ങൾ ഒഴിവാക്കാനും പെൺകുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാനും മിഷനറിമാർ ചരിത്രപരമായ പങ്കുവഹിച്ചിട്ടുണ്ട്. ഇതോടൊപ്പം, വിശ്വാസകാര്യങ്ങളിലും ആരാധനാരീതികളിലും അവർ പുലർത്തിയ കാർക്കശ്യം എതിർപ്പുകൾ ക്ഷണിച്ചുവരുത്തി.

www.malankaralibrary.com



ഏകദൈവത്തിൽ വിശ്വസിക്കുകയും എല്ലാവരുമായി സാഹോദര്യം പുലർത്തുകയും ചെയ്തുകൊണ്ട് ശാന്തജീവിതം നയിച്ചവരായിരുന്നു കേരളത്തിലെ ക്രിസ്തുമതാനുയായികൾ. അവരുടെ ദേവാലയങ്ങൾ പണികഴിപ്പിച്ചത് ഹിന്ദുമതവിശ്വാസികളായ ഭരണാധികാരികളുടെ സഹായത്തോടെയാണ്. മതപരമായ ചേരിതിരിവുകൾക്കോ ശത്രുതാപൂർണ്ണമായ പെരുമാററത്തിനോ ഒന്നും പ്രസക്തി ഉണ്ടായിരുന്നില്ല.

ഇവിടത്തെ കൈസ്തവർക്ക് ആദ്ധ്യാത്മികനേതൃത്വം നൽകുന്നതിനും മതാത്മകശുശ്രൂഷകൾ നിർവ്വഹിക്കുന്നതിനും സുറിയാനിക്കാരായ മെത്രാന്മാരാണ് വന്നുകൊണ്ടിരുന്നത്. സിറിയയുമായുള്ള കച്ചവടബന്ധങ്ങൾ നിമിത്തം ഇത് സുഗമമായി തുടർന്നുപോരുകയും ചെയ്തു. പോർച്ചുഗീസുകാരുടെ വരവോടെ ഈ അവസ്ഥയ്ക്ക് മാററം സംഭവിച്ചു. സിറിയയുമായുള്ള കച്ചവടബന്ധം വിച്ഛേദിക്കേണ്ടത് പോർച്ചുഗീസുകാരുടെ വ്യാപാര താത്പര്യസംരക്ഷണത്തിന് ആവശ്യമായിരുന്നു. അത് സുസാദ്ധ്യമാക്കുന്നതിന് മതകാര്യങ്ങളിലും ഒരു പിടിമുറുക്കം ആഗ്രഹിച്ചു. സുറിയാനി മെത്രാന്മാരെ പ്രതിരോധിച്ചുകൊണ്ട് പോർച്ചുഗീസുമെത്രാന്മാരുടെ ഭരണത്തിൻകീഴിൽ കേരളത്തിലെ ക്രൈസ്തവരെ ഒതുക്കുകയായിരുന്നു പരിപാടി.

ഈ സമ്മർദ്ദതന്ത്രം വ്യാപകമായ എതിർപ്പുകൾ ക്ഷണിച്ചുവരുത്തി. സുറിയാനി മെത്രാനായ അഹത്തള്ളയെ പോർച്ചുഗീസുകാർ കടലിൽ മുക്കിക്കൊന്നു എന്ന വാർത്ത പരന്നതോടെ ജനങ്ങൾ പ്രക്ഷുബ്ധരായി. മട്ടാഞ്ചേരിയിലെ കുരിശിൽ ഒരു വടംകെട്ടി അതിൽ പിടിച്ചുതൂങ്ങിക്കൊണ്ട് നമ്മുടെ പൂർവ്വികർ ഒരു മഹാശപഥം ചെയ്തു. ''സന്തതിയുള്ള കാലത്തോളം ഈ പൗലീസ്ത്യർക്കു ഞങ്ങൾ കീഴ്‌വഴങ്ങുകയില്ല'' എന്നതായിരുന്നു ശപഥം. തുടർന്ന്, അന്ത്യോഖ്യയിൽനിന്ന് ഇവിടെ എത്തിച്ചേർന്ന മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായ പാത്രിയർക്കീസിൻെറ നേതൃത്വം കേരളത്തിലെ ഒരു വിഭാഗം ക്രൈസ്തവർ അംഗീകരിച്ചു; യാക്കോബായക്കാർ എന്ന് അവർ സ്വയം വിശേഷിപ്പിച്ചു.

എ. ഡി 1653 ലാണ് 'കൂനൻ കുരിശു ശപഥം'സംഭവിച്ചത്.

ഇങ്ങനെ സ്വതന്ത്രാസ്തിത്വമുള്ള ക്രൈസ്തവസഭയായി പരിണമിച്ച യാക്കോബായ സഭയുടെ മലങ്കര മെത്രാപ്പോലീത്തയായിരുന്നു പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് തിരുമേനി.

പുതിയകാവു പള്ളിയിൽ തനിക്കു ചുററും കൂടിനിന്നവരോട് തിരുമേനി തിരക്കുന്നു:

''ഇവിടെനിന്ന് വഴുവാടിക്ക് എന്തു ദൂരമുണ്ട്?''

''ഒരു മൈൽ വരും.'' ആരുടെയോ മറുപടി.

''നമ്മുടെ വീട്ടിനാൽ ശെമ്മാശ്ശനെ അത്യാവശ്യമായി കാണേണ്ട കാര്യമുണ്ടല്ലോ. ആരാ പോയി വിളിച്ചുകൊണ്ടു വരുന്നത്?''



ആ ചോദ്യം അന്തരീക്ഷത്തിൽ നിലകൊണ്ടു.

എങ്ങും നിശ്ശബ്ദത.

രാത്രിയായിരിക്കുന്നു. കുററാക്കുറ്റിരുട്ട്. നല്ല കാററും മഴയും. ഈ സ്ഥിതിയിൽ വഴുവാടിക്കു പോകാൻ ആർക്കും മനസ്സുവരുന്നില്ല. തിരുമേനിയുടെ കണ്ണിൽനിന്നു മറഞ്ഞു നിൽക്കാനായി ഓരോരുത്തരുടെയും ശ്രമം.

ഇതിനിടയിൽ ഒരു ബാലൻ മുന്നോട്ടുവരുന്നു. പതിന്നാലോ പതിനഞ്ചോ വയസ്സുപ്രായം. അവൻ തിരുമേനിയുടെ കൈ മുത്തി ആദരം പ്രകടിപ്പിച്ചു; ശാന്തമായും സ്ഫുടമായും വാക്കുകൾ പുറത്തു വന്നു:

''തിരുമേനീ, ഞാൻ പോകാം.''

ആ കൊച്ചു ധീരനെ പുലിക്കോട്ടിൽ തിരുമേനി തെല്ലൊരദ്ഭുതത്തോടും സന്തോഷത്തോടുംകൂടി ശ്രദ്ധിച്ചു.

''നീ ഏതാ കുഞ്ഞേ?'' തിരുമേനി തിരക്കി.

''പണിക്കരു വീട്ടിൽ തോമ്മാപ്പണിക്കരുടെ മകനാ.''

''ഓഹോ! നമ്മുടെ സ്ക്കറിയാ കത്തനാരുടെ സഹോദരപുത്രനോ? കൊള്ളാമല്ലോ. എന്താ നിൻെറ പേര്?''

''പി. ററി. ജോർജ്.''

''ഏതു ക്ലാസിൽ പഠിക്കുന്നു.''

''ഫോർത്തു ഫോം പാസ്സായി.''

''മിടുക്കൻ. ഒററയ്ക്കു പോകാൻ പേടിയില്ലേ?''

ബാലൻ നിഷേധാർത്ഥത്തിൽ തലയാട്ടി.

''എന്നാൽ ചെല്ല്. ഒരു വിളക്കും എടുത്തു കൊള്ളണം.''

കുടയും വിളക്കുമെടുത്ത് പി.ററി.ജോർജ് പുറപ്പെടുകയായി.

മദ്ധ്യതിരുവിതാംകൂറിലെ ചരിത്രമുറങ്ങുന്ന മനോഹരഗ്രാമമാണ് മാവേലിക്കര. കലയുടെയും സംസ്കാരത്തിൻെറയും മഹത്തായ പാരമ്പര്യം ആ പ്രദേശത്തിൻെറ പൈതൃകമാണ്. മാവേലിക്കരയിലെ പ്രശസ്തമായ പണിക്കർ കുടുംബത്തിലാണ് പി. ററി. ജോർജ് ജനിച്ചത്.

പണിക്കർ കുടുംബത്തിൻെറ ചരിത്രം 'ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്' എന്ന ഗ്രന്ഥത്തിൽ ഫാദർ തോമസ് ഇഞ്ചയ്ക്കലോടി വിവരിച്ചിട്ടുണ്ട്.[1] പഴയ മദിരാശി പ്രസിഡൻസിയിൽ, ബംഗാൾ ഉൾക്കടലിൻെറ തീരത്തു സ്ഥിതി ചെയ്തിരുന്ന ചോളമണ്ഡലം ഗ്രാമത്തിൽ നിന്നുള്ളവരാണത്രേ പണിക്കർ കുടുംബത്തിലെ പൂർവ്വികർ. പാരമ്പര്യാനുഷ്ഠാനങ്ങളിൽ നിഷ്ഠയുണ്ടായിരുന്ന ഇവർക്ക് ചോളമണ്ഡലത്തിൽ ആധിപത്യം പുലർത്തിയ പല്ലവ

1. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്. പു. 13-24.

www.malankaralibrary.com



രാജവംശത്തിന്റെ ബുദ്ധമതപ്രചരണത്തോടു യോജിക്കാനായില്ല. അവർ ജന്മദേശം വെടിഞ്ഞ് കൊടുങ്ങല്ലൂരിൽ എത്തി. ചേരമാൻ പെരുമാൾ എന്നു പ്രശസ്തനായ ഭാസ്കര രവിവർമ്മയായിരുന്നു അവിടത്തെ ഭരണാധികാരി. ആയുധാഭ്യാസികളായ അവർക്ക് രാജപ്രീതി നേടിയെടുക്കാൻ പ്രയാസമുണ്ടായില്ല. താമസസൗകര്യങ്ങൾ നൽകിയതു കൂടാതെ 'പണിക്കർ' എന്ന പദവിയും ഭാസ്കര രവിവർമ്മ അവർക്ക് അനുവദിച്ചുകൊടുത്തു.

ഇക്കാലത്ത്, എ. ഡി. 345-ൽ, സിറിയയിൽ നിന്നുള്ള കച്ചവടസംഘത്തിൽ ക്നായിതൊമ്മനും കൂട്ടരും കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങി. ക്രിസ്തുമത പ്രചരണവും ക്നായി തൊമ്മന്റെയും മററും ലക്ഷ്യമായിരുന്നു. അവരുടെ പ്രവർത്തനങ്ങളിൽ പ്രീതനായ ഭാസ്കര രവിവർമ്മ എല്ലാ പിന്തുണയും നൽകിസഹായിച്ചു. രാജസേവകരായി കഴിഞ്ഞിരുന്ന പണിക്കർ കുടുംബക്കാർ ക്രിസ്തുമതാവലംബികളായിത്തീർന്നത് ക്നായി തൊമ്മന്റെ കാലത്താണത്രേ.

കാലക്രമത്തിൽ നാലുകുടുംബങ്ങളായി ഇവർ വേർപിരിഞ്ഞു. വള്ളിക്കടപ്പണിക്കർ, കാരക്കുന്നത്തു പണിക്കർ. കണ്ടമംഗലത്തു പണിക്കർ, ഊരയം കാരക്കുന്നത്തു പണിക്കർ എന്നീ പേരുകളിലാണ് ഇവർ അറിയപ്പെടുന്നത്. കായബലമുള്ള യുവാക്കളെ അഭ്യാസമുറകൾ ശീലിപ്പിച്ച് രാജകീയ സേവനത്തിനു പ്രാപ്തരാക്കിവന്നത് ഇവരാണ്. ഇക്കൂട്ടത്തിൽ നിന്ന് കാരക്കുന്നത്തു പണിക്കർകുടുംബം പിന്നീടു മൂവാററുപുഴെ വന്നു താമസമാക്കി. ഈ ശാഖയിൽനിന്നു പിരിഞ്ഞ് മാവേലിക്കരയിൽ എത്തിച്ചേർന്നവർ മാടത്തിൻകൂർ രാജാവിന്റെ കളരി പണിക്കർസ്ഥാനം സ്വീകരിച്ചു. പിൽക്കാലത്ത് മാടത്തിൻകൂർ ദേശം വേണാട്ടരചന്റെ ആധിപത്യത്തിൻ കീഴിലായി.

അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ യുവരാജാവായിരുന്ന ഘട്ടത്തിൽ അദ്ദേഹത്തെ നിഗ്രഹിച്ച് ഭരണം കൈവശമാക്കാൻ രാജപുത്രന്മാരായ പപ്പുത്തമ്പിയും രാമൻതമ്പിയും നടത്തിയ ഗൂഢപ്രവൃത്തികളും എട്ടുവീട്ടിൽ പിള്ളമാരുടെ നിലപാടും ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ആത്മരക്ഷാർത്ഥം അനന്തപുരി വിട്ടു വടക്കോട്ടു പുറപ്പെട്ട മാർത്താണ്ഡവർമ്മ ഇടയ്ക്ക് മാവേലിക്കരയിലും അഭയം തേടുകയുണ്ടായി. ഈ സമയം യുവരാജാവിന്റെ സംരക്ഷണമേററ ആയുധാഭ്യാസികളിൽ ഇട്ടിപ്പണിക്കരും ഉൾപ്പെട്ടിരുന്നു. പിൽക്കാലത്ത് മാർത്താണ്ഡവർമ്മ മഹാരാജാവായി തീർന്നപ്പോൾ യുദ്ധരംഗങ്ങളിൽ അദ്ദേഹത്തെ സഹായിക്കുന്നതിന് ഇട്ടിപ്പണിക്കരും ശിഷ്യഗണവും സദാ സന്നദ്ധത പുലർത്തി. പണിക്കരുടെ കളരിയിൽ കച്ച കെട്ടിയിറങ്ങിയ യുവാക്കളെ ജാതിമതാദി സങ്കുചിത ചിന്തകളൊന്നും സ്പർശിച്ചിരുന്നില്ല.

കളരിനടത്താനും സൈനികപരിശീലനം നല്കാനും ജാതീയ പരിഗണനകൾക്കതീതമായ അംഗീകാരം സിദ്ധിച്ച ഇട്ടിപ്പണിക്കരെ



മാർത്താണ്ഡവർമ്മ മഹാരാജാവ് 'മല്ലിട്ടിപ്പണിക്കർ'(മത്+ഇട്ടി=എന്റെ ഇഷ്ടക്കാരൻ, പണിക്കർ) എന്ന സ്ഥാനപ്പേരുകൊണ്ട് കൂടുതൽ ബഹുമാനിതനാക്കി. തിരുവിതാംകൂർസർക്കാർ അനുവദിച്ചുകൊടുത്ത രാജകീയഭോഗങ്ങൾക്കു പുറമേ മാവേലിക്കര പുതിയകാവു പള്ളിയിൽ നിന്നും ചിലപ്രത്യേക അവകാശങ്ങളും പണിക്കർ കുടുംബത്തിന് അർഹതപ്പെട്ടിരുന്നു.

എ.ഡി. 1865 മുതൽ 1909 വരെ യാക്കോബായ സഭയുടെ മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് 1903-ൽ മാവേലിക്കര ഇടവകയ്ക്ക് അയച്ചുകൊടുത്ത കല്പന ഫാദർ ഇഞ്ചയ്ക്കലോടിയുടെ പുസ്തകത്തിൽ പൂർണ്ണമായി ഉദ്ധരിച്ചു ചേർത്തിട്ടുണ്ട്. അതിപ്രകാരമാണ്:

> നമ്മുടെ മാവേലിക്കരപള്ളിയിൽ വികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.
>
> പ്രിയമുള്ളവരേ, ആ ഇടവകയിൽ മല്ലിട്ടിപ്പണിക്കരു കുടുംബക്കാർക്ക് ആ പള്ളിയിൽവച്ചു നടത്തുന്ന കല്യാണങ്ങൾക്ക് പ്രത്യേകം പൂർവ്വികമായി നടപ്പുള്ളതും ഇന്നേവരെ നടന്നും നടത്തിയും വരുന്നതുമായ ടി കുടുംബക്കാർക്കുള്ള വെററിലക്കെട്ടും പണവും രാജകുടുംബത്തിലെ നീട്ടനുസരിച്ചും നമുക്കു മുമ്പുള്ള മേല്പട്ടക്കാർ അനുവദിച്ചും അംഗീകരിച്ചും നടത്തിവരുന്നതും ഇപ്പോൾ ആ കുടുംബക്കാരിൽ ചിലർ ഈ അവകാശം എനിക്ക് എനിക്ക് എന്നു പറഞ്ഞുംകൊണ്ട് സമയംപോലെ കിട്ടുന്നവർ വാങ്ങുന്നതായും മററും ടി കുടുംബത്തിൽ ഇപ്പോൾ മൂപ്പായിരിക്കുന്ന പടിഞ്ഞാറേ വീട്ടിൽ മല്ലിട്ടി തര്യതു തര്യതു പണിക്കരു നമ്മോടു സങ്കടം അറിയിക്കുകയും ടി നീട്ടു മുതലായ രേഖകൾ നമ്മെ കാണിക്കയും ചെയ്തിരിക്കുന്നതും ആകയാൽ ടി പണിക്കരു കുടുംബക്കാർക്കുള്ള അവകാശമായി പള്ളിയിൽവച്ചു കല്യാണക്കാർ കൊടുത്തുവരുന്ന വെററിലക്കെട്ടും പണവും കീഴ്നടപ്പനുസരിച്ച് ടി കുടുംബത്തിൽ അതതു കാലത്ത് മൂപ്പന്മാരായിരിക്കുന്നവർക്കുകൊടുത്തും കൊടുപ്പിച്ചും നടന്നു കൊള്ളുകയും വേണം.
>
> സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.
>
> എന്ന് 1903-ന് കൊല്ലം 1078 മിഥുനം 27-ാം തീയതി.
>
> പുതുപ്പള്ളിയിൽ നിന്നും മാർ ദീവന്നാസ്യോസ് (ഒപ്പ്)

ഇങ്ങനെ പുരാതനവും ശ്രേഷ്ഠവുമായ തറവാട്ടിൽപ്പിറന്ന പി. ററി. ജോർജാണ് ഇതേ പുലിക്കോട്ടിൽ തിരുമേനിയുടെ താത്പര്യാനുസരണം പുതിയകാവുപള്ളി ഇടവകക്കാരൻ വീട്ടിനാൽ ശെമ്മാശ്ശനെ വിളിച്ചുകൊണ്ടു വരാൻ കാററും മഴയും കുററാക്കുററിരുട്ടും വകവയ്ക്കാതെ പുറപ്പെടുന്നത്.

ആ ധീരത ഒരു പൈതൃകം; അതിമഹത്ത്വമാർന്ന പൈതൃകം.

www.malankaralibrary.com

# 3

# പ്രത്യാശയുടെ സൂര്യോദയം

**അ**ന്ന് ദൈവമാതാവിന്റെ ജനനപ്പെരുന്നാറം; 1882 സെപ്തംബർ ഇരുപത്തിയൊന്ന് (കന്നി എട്ട്). പണിക്കരുവീട്ടിൽ തോമ്മാപ്പണിക്കരുടെയും അന്നാമ്മയുടെയും 'ആദ്യത്തെ കൺമണി' ഭൂജാതനായി. അന്നാമ്മ കായംകുളത്തിനു സമീപം പള്ളിക്കൽ അരീപ്പുറത്തു മത്തായി ആശാന്റെ മകറം. പുതിയകാവ് യാക്കോബായപള്ളിയിലാണ് ശിശുവിനെ ജ്ഞാനസ്നാനം ചെയ്യിച്ചത്; ഗീവർഗീസ് എന്നു പേരുമിട്ടു. കുഞ്ഞുന്നാളിൽവീണ വിളിപ്പേരാണ് 'കൊച്ചു കീവറീച്ചൻ'.

തോമ്മാപ്പണിക്കരുടെ സഹോദരൻ സ്ക്കറിയ കത്തനാർ അവിവാഹിത ജീവിതം നയിച്ച വൈദികശ്രേഷ്ഠനായിരുന്നു. മാവേലിക്കരയിലെ വിവിധ യാക്കോബായ ദേവാലയങ്ങളിൽ വികാരിയായി അദ്ദേഹം സേവനമനുഷ്ഠിച്ചു. ഭക്തനും ഭരണനിപുണനുമായ ഈ പിതൃസഹോദരന്റെ മാതൃക കൊച്ചു കീവറീച്ചനിൽ സ്വാധീനത ചെലുത്തിയിരിക്കണം. കുട്ടിക്കാലംതൊട്ടേ ദേവാലയ ശുശ്രൂഷയിലും ദൈവിക കാര്യങ്ങളിലും വലിയ ശ്രദ്ധയും താത്പര്യവുമാണ് കീവറീച്ചൻ പുലർത്തിപ്പോന്നത്.

ദൈവത്തിന്റെ കൃപ എപ്പോഴും ശിശുവിനോടൊപ്പം ഉണ്ടായിരുന്നു. അപകടങ്ങളിൽനിന്ന് അദൃശ്യകരങ്ങറം അവനെ സംരക്ഷിച്ചു. വഴികളിൽ വെളിച്ചവും ബുദ്ധിക്കു വികാസവും നൽകി. ദൈവപരിപാലനത്തിന്റെ വ്യക്തമായ ഒരു ദൃഷ്ടാന്തം: കുട്ടിക്കു നാലുവയസ്സു തികഞ്ഞിട്ടില്ല. ഒരു ദിവസം പണിക്കരു വീട്ടിലെ കാളവണ്ടിക്കാരൻ ഒരു കൗതുകത്തിൽ കുട്ടിയെ കോൽമരത്തിലിരുത്തി വണ്ടിവിട്ടു. യാത്രയ്ക്കിടയിൽ കാളകറം എന്തോ കണ്ടു വിരണ്ടോടുകയും അതിനിടയിൽ കുട്ടി താഴെ വീഴുകയുംചെയ്തു. ദൈവകാരുണ്യമെന്നു പറയട്ടെ, ഏതോ ശക്തിയുടെ പ്രതിരോധത്തിൽ കാളകറം പെട്ടെന്നു നിന്നു. നോക്കുമ്പോറം കുട്ടി വണ്ടിച്ചക്രത്തിനു മുന്നിലാണു വീണുകിടക്കുന്നത്. ചക്രം ഒരിക്കൽകൂടി കറങ്ങിയിരുന്നെങ്കിൽ!

ഇല്ല; അങ്ങനെ സംഭവിച്ചില്ല. കുട്ടിയുടെ മേൽ ദൈവത്തിന്റെ കരുണ നിഴലിച്ചു. അവിടുന്ന് അവനെ താങ്ങി സംരക്ഷിച്ചു. അവൻ ഭാവിയിൽ വലിയ കാര്യങ്ങറം ചെയ്തുതീർക്കണമെന്നത് ദൈവഹിതമായിരുന്നു.



അഞ്ചുവയസ്സു പ്രായമായപ്പോറം പുതിയകാവു പള്ളിയോടു ചേർന്നുള്ള ദാവീദ് ആശാന്റെ കുടിപ്പള്ളിക്കൂടത്തിൽ കുട്ടിയെ എഴുത്തിന്നിരുത്തി. അക്ഷരമാലയും കണക്കും പഠിച്ചത് അവിടെനിന്നാണ്. അക്കാലത്തെ ഗ്രാമീണവിദ്യാഭ്യാസസമ്പ്രദായപ്രകാരം പ്രാഥമികപഠനം നിർവ്വഹിക്കപ്പെട്ടിരുന്നത് ഇത്തരം പാഠശാലകളിലാണ്. മിക്കവാറും കുട്ടികറം ഈ പഠനം കൊണ്ട് തൃപ്തരായിരുന്നു. എഴുതാനും വായിക്കാനും കണക്കുകൂട്ടാനും പഠിച്ചുകഴിഞ്ഞാൽ കാർഷികവൃത്തിയിൽ മുതിർന്നവരെ സഹായിച്ച് ജീവിതം ക്രമപ്പെടുത്തുകയായിരുന്നു പതിവ്.

മകനെക്കുറിച്ച് തോമ്മാപ്പണിക്കരുടെ കണക്കുകൂട്ടലും ഈ വിധമായത് സ്വാഭാവികം. ആദ്യ ജാതനെ തനിക്കൊരു തുണയായി കിട്ടാൻ ഏതു പിതാവും മോഹിക്കും. പക്ഷേ അമ്മയുടെ മനസ്സു പ്രവർത്തിച്ചതു മറെറാരു വഴിക്കാണ്. മകനെ പഠിപ്പിച്ചു വൈദികനാക്കണമെന്ന് അവർ അഭിലഷിച്ചു. പരിശുദ്ധ ദൈവമാതാവിനോട് അചഞ്ചലമായ ഭക്തിയാണ് ആ മഹതി പുലർത്തിയിരുന്നത്. കന്യകമറിയത്തിന്റെ ജനനപ്പെരുന്നാറം ദിനത്തിൽപ്പിറന്ന കുട്ടി ദിവ്യജനനിയുടെ അനുഗ്രഹഫലമാണെന്ന് അവർ ദൃഢമായി വിശ്വസിച്ചു.

ആ അമ്മയുടെ ആഗ്രഹനിവൃത്തിക്ക് തോമ്മാപ്പണിക്കരുടെ സഹോദരൻ സ്ക്കറിയ കത്തനാർ സർവ്വവിധ പിന്തുണയും നൽകി. ഉപരിപഠനത്തിന് കുട്ടിയെ അടുത്തുള്ള സി.എം.എസ്. ഇംഗ്ലീഷ് സ്കൂളിൽ ചേർത്തു. അത് മഹത്തായ ഭാവിയുടെ വഴിത്തിരിവായി. സ്കൂളിൽ പോകുമ്പോഴും അവിടെ നിന്നു മടങ്ങുമ്പോഴും പുതിയകാവ് പള്ളിയിൽകയറി പ്രാർത്ഥിക്കുക കീവറീച്ചൻ പതിവാക്കി. സാധാരണ കുട്ടികളുടെ കുസൃതിയോ കുഴപ്പങ്ങളോ ഒന്നും ആ ബാലൻ ഒരിക്കലും പ്രകടിപ്പിച്ചില്ല. ഇതുമൂലം അദ്ധ്യാപകർക്കെല്ലാം അവൻ വാത്സല്യഭാജനമായി.

ഈ ഘട്ടത്തിൽ ഒരുദിവസം പരുമല മാർ ഗ്രിഗോറിയോസ് തിരുമേനി പുതിയകാവ് പള്ളി സന്ദർശിച്ചു. അനുഗ്രഹം പ്രാപിക്കാനെത്തിയ പണിക്കർ കുടുംബാംഗങ്ങളുമായി സംസാരിക്കുന്നതിനിടയിൽ കുട്ടിയുടെ പഠനം പ്രോട്ടസ്ററൻറു വിദ്യാലയത്തിലാണെന്നു ഗ്രഹിച്ച കൊച്ചുതിരുമേനി സർക്കാർ സ്കൂളിലേക്കു വിടുതൽ സർട്ടിഫിക്കററു വാങ്ങാൻ നിർദ്ദേശിച്ചു. പ്രോട്ടസ്ററൻറു സ്കൂളുകളിൽ യാക്കോബായ വിശ്വാസത്തിനു വിരുദ്ധമായ മതകാര്യങ്ങറം പഠിപ്പിക്കാൻ ഇടയുള്ളതുകൊണ്ടാണ് ഇപ്രകാരം നിർദ്ദേശിച്ചത്. ദൈവമാതാവിനോടുള്ള ഭക്തി, വിശുദ്ധന്മാരുടെ മധ്യസ്ഥത, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന തുടങ്ങിയവ പ്രോട്ടസ്ററൻറു വിഭാഗക്കാർ അംഗീകരിച്ചിരുന്നില്ലെന്നു മാത്രമല്ല, പലപ്പോഴും അവരുടെ ഭർത്സനത്തിനു വിഷയമാവുകയും ചെയ്തിരുന്നു. ഈ വേദവിപരീതങ്ങറം ബാലമനസ്സിനെ ചഞ്ചലമാക്കാതിരിക്കുന്നതിനുള്ള മുൻകരുതലായിരുന്നു തിരുമേനി കൈക്കൊണ്ടത്.

കുട്ടിയുടെ വിദ്യാഭ്യാസം മാവേലിക്കര കോട്ടയ്ക്കകത്തെ സർക്കാർ ഇംഗ്ലീഷ് സ്കൂളിലായി. ഫോർത്തു ഫോംവരെ പഠിക്കുന്നതിന് അവിടെ സൗ

www.malankaralibrary.com



കര്യമുണ്ടായിരുന്നു. പഠനത്തിലും സംസ്കാരപൂർണ്ണമായ സ്വഭാവത്തിലും പി. ററി. ജോർജ് ഇതര വിദ്യാർത്ഥികൾക്കാകെ മാതൃകയായിരുന്നു. പ്രശസ്തമായനിലയിൽ അവിടത്തെ പഠനം പൂർത്തിയാക്കാൻ സാധിച്ചു.

ഹൈസ്കൂൾവിദ്യാഭ്യാസത്തിനുള്ള സാദ്ധ്യത ഒരു മരീചികയായി നിലകൊണ്ടു. അതിനുള്ള സൗകര്യം വിദൂരമായ കോട്ടയംപട്ടണത്തിൽ മാത്രമേയുള്ളൂ. ബസ് സൗകര്യമില്ലാത്ത കാലം. മുപ്പതുമൈൽ ദൂരം വള്ളത്തിൽ യാത്രചെയ്യണം. കോട്ടയത്തു താമസിച്ചു പഠിക്കാൻ സാഹചര്യമില്ല. പഠനം നിലച്ചതുതന്നെ എന്ന് എല്ലാവരും കരുതി.

അമ്മയുടെ മനസ്സിൽ പ്രത്യാശയുടെ കിരണങ്ങൾ അപ്പോഴും പ്രകാശം ചൊരിഞ്ഞിരുന്നു. ഒരു വഴി തുറന്നുവരും. ദൈവത്തിന്റെ അനന്തമായ കരുണ അവനെ തേടിവരും; ചിറകുകളുടെ കീഴിൽ അവനെ സംരക്ഷിക്കും.

ആ അമ്മ പ്രാർത്ഥിച്ചു. ദൈവമാതാവിനോട് കേണപേക്ഷിച്ചു. മകന് അറിവിന്റെ മാർഗ്ഗം തുറന്നുകിട്ടാൻ ഗ്രാമീണയായ ഒരു മാതാവിന്റെ അർത്ഥന.

ദൈവത്തിന്റെ വഴികൾ അദ്ഭുതകരങ്ങളാണ്. കൂരിരുട്ടിൽ മഹാപ്രകാശം തെളിയുന്നു; യാത്രാപഥം വ്യക്തമാകുന്നു. അതിലൂടെ നടക്കുമ്പോൾ കാലുകൾ ഇടറുകയില്ല; വീണുപോകാതെ അദൃശ്യകരങ്ങൾ കാത്തുകൊള്ളും.

ഈ ഘട്ടത്തിലായിരുന്നു പുലിക്കോട്ടിൽ തിരുമേനിയുടെ പുതിയ കാവ് പള്ളി സന്ദർശനം. വീട്ടിനാൽ ശെമ്മാശ്ശനെ കാണാനുള്ള അവിടുത്തെ താത്പര്യം നിറവേററാൻ, മററുള്ളവർ മടിച്ചുനിൽക്കേ ബാലനായ പി. ററി. ജോർജ് യാത്രയായത് ദൈവനിവേശിതമായ പ്രവൃത്തിയായിരുന്നു.

ശെമ്മാശ്ശനുമൊത്തു മടങ്ങിയെത്തിയ ജോർജിനെ പുലിക്കോട്ടിൽ തിരുമേനി പ്രത്യേകം അനുഗ്രഹിച്ചു. ബാലന്റെ ധീരതയും സേവനസന്നദ്ധതയും പുതിയ ചിന്തയുടെ ചാലുകൾ കീറി. പിറേറന്ന് തോമ്മാപ്പണിക്കരെയും സഹോദരൻ സ്ക്കറിയാ കത്തനാരെയും പള്ളിയിൽ വരുത്തി ജോർജിനെ ദൈവശുശ്രൂഷയ്ക്കായി സമർപ്പിക്കാൻ തിരുമേനി നിർദ്ദേശിച്ചു. തന്നോടൊപ്പം കോട്ടയത്തു കൊണ്ടുപോയി താമസിപ്പിക്കാമെന്നും തുടർന്ന് പഠിപ്പിച്ച് വൈദികനാക്കാമെന്നും തിരുമേനി അറിയിച്ചു.

അത് ആഹ്ലാദകരമായ പരിണാമമായിരുന്നു. നിലച്ചുപോയി എന്നു വിചാരിച്ച പഠനം തുടരാൻ ഒരു സുവർണ്ണാവസരം. ഒരുപക്ഷേ അതിലേറെ ജോർജിനെ അഭിമാനം കൊള്ളിച്ചത് താനാഗ്രഹിച്ചവിധം ഭാവി കരുപ്പിടിപ്പിക്കാനുള്ള അവസരം കൈവന്നതാണ്. അമ്മയുടെ പ്രാർത്ഥനകളിലൂടെ ഒരു സ്വപ്നം ആ ബാലമനസ്സിലും രൂപം പ്രാപിച്ചു കഴിഞ്ഞിരുന്നു; ദൈവസമർപ്പിതമായ ജീവിതം. മനുഷ്യസമൂഹത്തിന് സേവനം ചെയ്യാൻ തന്നെത്തന്നെ പൂർണ്ണമായി അർപ്പിക്കണമെന്ന ഹൃദയാഭിലാഷം സാഫല്യം നേടുകയാണ്.



കോട്ടയത്ത് പഴയ സെമിനാരിയിലാണ് ജോർജിന് താമസം ഏർപ്പാടാക്കിയത്. സുഗമമായ പഠനത്തിനുള്ള എല്ലാ സൗകര്യങ്ങളും പുലിക്കോട്ടിൽ തിരുമേനി ചെയ്തുകൊടുത്തു. എം. ഡി. സെമിനാരി ഹൈസ്കൂളിൽ ഫിഫ്ത്തു ഫോമിൽ ചേർന്നു പഠനം തുടങ്ങി. അത് എ.ഡി. 1897-ൽ ആയിരുന്നു. ഹൈസ്കൂളിൽ ചേർന്നപ്പോൾ ജോർജ് എന്നതിനു പകരം ഗീവർഗീസ് എന്ന മാമോദീസപ്പേരാണ് സ്കൂൾ രേഖകളിൽ ചേർത്തത്. അത് പുലിക്കോട്ടിൽ തിരുമേനിയുടെ താത്പര്യപ്രകാരമായിരുന്നു.

മഹത്തായ ഭാവിയുടെ അടിക്കല്ലുകൾ എത്ര ശ്രദ്ധാപൂർവ്വം സ്ഥാപിതമാകുന്നു!

എം. ഡി. സെമിനാരി ഹൈസ്കൂൾ ഹെഡ്മാസ്ററർ കെ.സി.മാമ്മൻ മാപ്പിളയായിരുന്നു; സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ആത്മാർത്ഥസേവനമർപ്പിച്ച് സർവ്വരുടെയും സ്നേഹാദരങ്ങൾ ആർജ്ജിച്ച ഒരു മഹാത്മാവ്. രാജ്യത്തിന്റെ വിശാലതാത്പര്യങ്ങൾക്കൊപ്പം ക്രൈസ്തവസമുദായത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ വികസനത്തിനും മാമ്മൻ മാപ്പിള പ്രാധാന്യം കല്പിച്ചിരുന്നു. പ്രതിഭാശാലികളായ ചെറുപ്പക്കാരെ കണ്ടെത്തി അവരുടെ സിദ്ധികൾ പരിപോഷിപ്പിക്കുന്നതിൽ ആ ഗുരുനാഥൻ എപ്പോഴും ജാഗരൂകനായിരുന്നു.

മാമ്മൻ മാപ്പിളയുടെ ശ്രദ്ധ പി. ററി. ഗീവർഗീസിന്റെമേൽ പതിഞ്ഞു. സമർത്ഥനായ ശിഷ്യന്റെ ഭാവി രൂപപ്പെടുത്തുന്നതിന് അദ്ദേഹം ജാഗ്രത പുലർത്തി. പിൽക്കാലത്ത് വ്യത്യസ്ത മാനങ്ങൾ തേടിയ ഹൃദയബന്ധത്തിന് തുടക്കം കുറിക്കുകയായിരുന്നു.

അതികഠിനമായ പരിശ്രമം വഴി ഗീവർഗീസ് സഹപാഠികളെ ബഹുദൂരം പിന്നിലാക്കി. ഒരോ ദിവസം പഠിക്കേണ്ട പാഠഭാഗങ്ങൾ മറെറാരവസരത്തിലേക്കു മാററിവയ്ക്കാതെ ഹൃദിസ്ഥമാക്കി. ഉറക്കം ഒഴിവാക്കാൻ ബഞ്ചിൽ കയറിനിന്ന് വായിക്കുക പതിവായിരുന്നത്രേ. മച്ചിൽ തൂക്കിയിട്ട വിളക്കിന്റെ ചൂടും പ്രകാശത്തിന്റെ തീക്ഷ്ണതയും പൂർണ്ണമായി ഉറക്കം കെടുത്തി. ഒരു പ്രതികൂലസാഹചര്യത്തിനും ആ ഏകാഗ്രത ഭഞ്ജിക്കുക സാദ്ധ്യമായിരുന്നില്ല.

മെട്രിക്കുലേഷൻ പരീക്ഷയിൽ പ്രശസ്തവിജയം നേടിയതിനെത്തുടർന്ന് പി. ററി. ഗീവർഗീസിനു 'പട്ടം' നൽകുന്നതിന് പുലിക്കോട്ടിൽ തിരുമേനി തീരുമാനിച്ചു. വിവരം പുതിയകാവ് പള്ളിക്കാരെ അറിയിച്ചു സമ്മതം വാങ്ങേണ്ടിയിരുന്നു. ഒരു ഇടവകയിൽ നിന്നു പട്ടക്കാരനെ കണ്ടെത്തുമ്പോൾ അദ്ദേഹം ഇടവകാംഗങ്ങൾക്ക് അഭിമതനായിരിക്കണമെന്ന മൂല്യസങ്കല്പമാണ് യാക്കോബായ സഭയിൽ പുലർന്നിരുന്നത്. തിരുമേനിയുടെ അന്വേഷണത്തിന് പുതിയകാവ് ഇടവകക്കാർ ഏകകണ്ഠമായി സമ്മതം അറിയിച്ചു. പണിക്കരുവീട്ടിൽ സ്കറിയാ കത്തനാർക്കും തോമ്മാപ്പണിക്കർക്കും അത്യന്തം ആഹ്ലാദകരമായിരുന്നു ഈ പരിണാമം.

www.malankaralibrary.com



ഒരുപക്ഷേ ഏററവും കൂടുതൽ ആനന്ദിച്ചത് ആ മാതൃഹൃദയമാണ്. മകനെ ദൈവമാതാവിന്റെ മടിയിൽ സമർപ്പിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്ന പരമഭക്തയും പുത്രവത്സലയുമായ ആ നല്ല അമ്മ. പരിശുദ്ധ മറിയത്തിന്റെ സ്തോത്രഗീതം അവളുടെ മനസ്സിൽ മാറെറാലിക്കൊണ്ടു:

എന്റെ ആത്മാവു കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു. എന്റെ ഹൃദയം രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു.

അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതിയെന്നു പ്രകീർത്തിക്കും.

ശക്തനായവൻ എനിക്കു വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാകുന്നു.[2]

ദൈവഹിതത്തിനു ഗീവർഗീസ് പ്രാർത്ഥനാപൂർവ്വം സ്വയം സമർപ്പിച്ചു. കൊല്ലവർഷം 1074 ധനു 26-ന് (1900 ജനുവരി 9) പുതിയകാവു പള്ളിയിൽ വച്ചായിരുന്നു 'പട്ടം കൊട' (ശെമ്മാശുപട്ടം നൽകുന്ന ചടങ്ങ്). ഇടവകാംഗങ്ങളുടെയും ബന്ധു മിത്രാദികളുടെയും നാട്ടുകാരുടെയും ആഹ്ലാദത്തിമിർപ്പിനിടയിൽ, അനേകം വൈദികരുടെ സാന്നിദ്ധ്യത്തിൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഗീവർഗീസിനെ ശെമ്മാശുപദവിയിലേക്കു നിയോഗിച്ചു.

അപൂർവ്വ ബുദ്ധിശാലിയും പഠനത്തിൽ അദ്വിതീയനുമായ ഗീവർഗീസ് ശെമ്മാശ്ശന് സി. എം. എസ്. കോളജിൽ ചേർന്ന് ഉന്നതവിദ്യാഭ്യാസം തുടരുന്നതിന് തിരുമേനി അനുവാദം നൽകി. പഴയ സെമിനാരിയിൽ വട്ടശ്ശേരിൽ മല്പാൻ (പിൽക്കാലത്ത് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്) താമസിച്ചിരുന്ന മുറിയോടു ചേർന്നായിരുന്നു ഗീവർഗീസ് ശെമ്മാശ്ശന്റെ താമസസ്ഥലം. പഠനത്തിൽ പൂർണ്ണമനസ്സോടെ മുഴുകിക്കഴിഞ്ഞ കാലം. ശെമ്മാശ്ശന്റെ ഏകാഗ്രത വെളിപ്പെടുത്തുന്ന ഒട്ടേറെ കഥകൾ പറഞ്ഞുകേട്ടിട്ടുണ്ട്. അവയിലൊന്ന് ഫാദർ ഇഞ്ചയ്ക്കലോടി രേഖപ്പെടുത്തിയിരിക്കുന്നതു രസകരമാണ്.[1]

രാത്രിയുടെ രണ്ടാം യാമം. ഗീവർഗീസ് ശെമ്മാശ്ശൻ വായനയിൽ മുഴുകി ഇരിക്കുകയാണ്. അടുത്ത മുറിയിൽ നിന്ന് വട്ടശ്ശേരിൽ മല്പാൻ വിളിക്കുന്നു: 'ശെമ്മാശ്ശാ'.

ഉത്തരമില്ല. കൂടുതൽ ഉച്ചത്തിൽ വിളിച്ചു. നിശ്ശബ്ദത. പലതവണ ആവർത്തിച്ചുനോക്കി. പ്രയോജനമില്ല.

ഒടുവിൽ മല്പാൻ പുറത്തിറങ്ങി. ശെമ്മാശ്ശന്റെ മുറിയുടെ വാതിൽക്കൽ ചെന്നുനോക്കി.

വാതിൽ തുറന്നുകിടപ്പുണ്ട്. ശെമ്മാശ്ശൻ പുസ്തകത്തിൽ നിന്ന് കണ്ണെടുക്കുന്നില്ല. മല്പാൻ വീണ്ടും വിളിച്ചു നോക്കിയിട്ടും അറിയുന്നില്ല.

1. ലൂക്കോസിന്റെ സുവിശേഷം 1: 46-49.



പിറേറന്ന് ശെമ്മാശ്ശനെ വിളിച്ച് മല്പാൻ പ്രശംസിച്ചു. ഇത്ര ഏകാഗ്രതയോടെ പഠിക്കുന്ന ഒരാളെ താൻ ഇന്നോളം കണ്ടിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞത് വലിയ ഒരഭിനന്ദനം തന്നെയായിരുന്നു.[2]

കോട്ടയം സി. എം. എസ്. കോളജിൽ നിന്ന് എഫ്. എ. പരീക്ഷ ജയിച്ച ഗീവർഗീസ് ശെമ്മാശ്ശനെ തുടർന്നു പഠിപ്പിക്കണമെന്നായായിരുന്നു സഭാധികാരികളുടെ തീരുമാനം. അതനുസരിച്ച് മദ്രാസ് ക്രിസ്ത്യൻ കോളജിൽ ബി. എ. ക്കു ചേർന്നു. ഇന്ത്യാചരിത്രവും ധനതത്ത്വശാസ്ത്രവുമായിരുന്നു ഐച്ഛിക വിഷയങ്ങൾ.

വ്യത്യസ്തമായ അന്തരീക്ഷമാണ് ഗീവർഗീസ് ശെമ്മാശ്ശനെ സ്വാഗതം ചെയ്തത്. ഗുരുനാഥനായ കെ.സി. മാമ്മൻ മാപ്പിള അടക്കം പ്രമുഖരായ ഒട്ടേറെ മലയാളികൾ പഠിച്ചിറങ്ങിയത് ക്രിസ്ത്യൻ കോളജിൽ നിന്നാണ്. അവരിൽ രാഷ്ട്രാഭിമാനവും സ്വാതന്ത്ര്യബോധവും ഉണർത്തുന്നതിൽ ആ കലാലയംചെലുത്തിയ സ്വാധീനവും പ്രധാനമാണ്. മലങ്കര സുറിയാനി സഭയിൽനിന്ന് ഒരു വൈദികൻ ആദ്യമായാണ് അവിടെ വിദ്യാർത്ഥിയായി എത്തുക.പ്രോട്ടസ്ററൻറ് വിശ്വാസത്തിൽനിന്ന് ഭിന്നമായ ആദ്ധ്യാത്മികത കാത്തു സൂക്ഷിച്ചിരുന്നു സഭാ വൈദികൻ, ക്രിസ്ത്യൻ കോളജിലെ പാരമ്പര്യനിഷേധിയായ സ്വതന്ത്രാന്തരീക്ഷത്തോട് എങ്ങനെ ഇണങ്ങിച്ചേരുമെന്നത് പ്രശ്നമായി കരുതിയവരുണ്ട്. പക്ഷേ ഗീവർഗീസ് ശെമ്മാശ്ശനു മുന്നിൽ ഒരു വെല്ലുവിളിയും ഉയർന്നില്ല. അദ്ദേഹം പഠനത്തിൽ മനസ്സിനെ കേന്ദ്രീകരിച്ചു നിറുത്തി. സള്ളിവൻ ഗാർഡനിൽ വൈദികരോടൊത്തു തുടങ്ങിയ താമസം മതിയാക്കി വൈ. എം. സി. എ. ഹോസ്ററലിൽ ചേർന്നു.

കേരളത്തിൽനിന്ന് ഒട്ടേറെ വിദ്യാർത്ഥികൾ അക്കാലത്തു ക്രിസ്ത്യൻ കോളജിൽ പഠനം നിർവ്വഹിക്കുന്നുണ്ടായിരുന്നു. എം. എ. വിദ്യാർത്ഥിയായിരുന്ന മാരേട്ട് എ. പീലിപ്പോസ്, ശെമ്മാശ്ശന്റെ പഠനത്തിനും താമസത്തിനുമൊക്കെ ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കാൻ എപ്പോഴും മുന്നിൽ നിന്നു. ബി. എ. ജയിച്ചശേഷം എം. എ.ക്കു പഠനം തുടരാൻ അനുവാദം ലഭിച്ചപ്പോൾ എ. പീലിപ്പോസും ഒരുമിച്ച് വീട് വാടകയ്ക്കെടുത്തായി താമസം. എം. എ.പഠനത്തിന്റെ ഭാഗമെന്ന നിലയിൽ പ്രബന്ധം തയ്യാറാക്കേണ്ടിയിരുന്നു. 'സുറിയാനി ക്രിസ്ത്യാനികൾ നെസ്തോറിയർ ആയിരുന്നുവോ?' എന്ന വിഷയമാണ് ശെമ്മാശ്ശൻ തെരഞ്ഞെടുത്തത്. ഇതിനുവേണ്ടി മദ്രാസിലെ വിവിധ ലൈബ്രറികൾ സന്ദർശിച്ച് ആവശ്യമായ രേഖകൾ കണ്ടെത്തി.

ശെമ്മാശ്ശന്റെ ചരിത്രബോധത്തെ ഉജ്ജ്വലിപ്പിക്കുന്നതിന് ഈ പഠനവും പ്രയത്നവും വളരെയധികം ഉപകരിച്ചു. ഒരു ചരിത്രാന്വേഷകന്റെ സത്യസന്ധത അദ്ദേഹം സ്വന്തമാക്കി. പിൽക്കാലത്ത് സഭാപാരമ്പര്യങ്ങളെ സംബന്ധിച്ച് സ്വതന്ത്രമായും സത്യാത്മകമായും പഠിക്കുന്നതിനും വ്യക്തമായ

2. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് .പു. 42.

www.malankaralibrary.com



തീരുമാനങ്ങളിൽ എത്തിച്ചേരുന്നതിനും പ്രകടമാക്കിയ ധൈര്യവും ആത്മാർത്ഥതയും ഈ പഠനത്തിന്റെ ഫലശ്രുതിയാണ്.

പതിനാറാം നൂറ്റാണ്ടിനു മുൻപ് കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ നെസ്തോറിയൻ വിശ്വാസികളായിരുന്നു എന്നു പ്രചരിപ്പിക്കുന്ന വിചിത്രവാദത്തെ ചരിത്രപരമായ തെളിവുകൾ നിരത്തി ഖണ്ഡിക്കുകയാണ് തന്റെ ഗവേഷണപ്രബന്ധത്തിലൂടെ ശെമ്മാശ്ശൻ ചെയ്തത്. മാർത്തോമ്മാ ശ്ലീഹ കേരളത്തിൽ വന്നിട്ടില്ലെന്നും കേരളത്തിലെ ക്രൈസ്തവസമൂഹം രൂപം കൊള്ളുന്നത് ആറാം ശതകത്തിൽ മാത്രമാണെന്നുമുള്ള വാദഗതികളെയും അദ്ദേഹം യുക്തിപൂർവ്വം ഖണ്ഡിക്കുന്നുണ്ട്.

എം. എ. പഠനത്തിന്റെ ഭാഗമായി തയ്യാറാക്കിയ ലഘു പ്രബന്ധം പോലും ഏറെ ചർച്ചചെയ്യപ്പെട്ടത് അതിൽ പ്രകടമായ നിരീക്ഷണവൈദഗ്ദ്ധ്യം നിമിത്തമാണ്. അതോടൊപ്പം കേരളത്തിലെ സുറിയാനി സഭ പി. ററി. ഗീവർഗീസ് ശെമ്മാശ്ശനിൽ അർപ്പിച്ച പ്രതീക്ഷകളുടെ ആഴവും പ്രകടമാകുന്നുണ്ട്.

പ്രശസ്തമായ നിലയിൽ എം. എ. ബിരുദം നേടിയ പി. ററി ഗീവർഗീസ് ശെമ്മാശ്ശൻ ചരിത്രസ്രഷ്ടാവായി. കേരളത്തിലെ ഒരു സുറിയാനി വൈദികൻ ആദ്യമായാണ് ഈ ഉന്നതബിരുദത്തിന് അർഹനാകുന്നത്. അതിന്റെ ആഹ്ലാദവും അഭിമാനവും സഭാംഗങ്ങൾ പങ്കുവച്ചു. ശെമ്മാശ്ശന് സ്വീകരണം നൽകാൻ വിവിധ ഇടവകക്കാർ മത്സരിക്കുകയായി. സാരഗർഭമായ പ്രസംഗങ്ങൾകൊണ്ട് ശെമ്മാശ്ശൻ അത്തരം വേദികൾക്കു ധന്യത പകർന്നു.

മലങ്കരസഭയിൽ പ്രത്യാശയുടെ സൂര്യോദയമായിരുന്നു അത്.

# 4

# ചരിത്രസന്ധികൾ

**എം.എ.** ബിരുദം നേടി മടങ്ങിയെത്തിയ പി. ററി. ഗീവർഗീസ് ശെമ്മാശ്ശന്റെ സേവനം എങ്ങനെ പ്രയോജനപ്പെടുത്തണമെന്ന് പുലിക്കോട്ടിൽ തിരുമേനിയും വട്ടശ്ശേരിൽ മല്പാനും ചേർന്ന് ആലോചിച്ചുറപ്പിച്ചിരുന്നു. യാക്കോബായ സമുദായം വകയായി കോട്ടയത്ത് ഉണ്ടായിരുന്നത് എം.ഡി. സെമിനാരി ഇംഗ്ലീഷ് ഹൈസ്കൂളാണ്. വട്ടശ്ശേരിൽ മല്പാൻ വിരമിച്ചതിനു ശേഷം സ്കൂളിന്റെ പ്രിൻസിപ്പലായി പ്രവർത്തിച്ചിരുന്നത് പ്രസിദ്ധ ഗ്രന്ഥകാരനും സഭയിലെ ഒരു പ്രമുഖാംഗവുമായ ഇ. എം പീലിപ്പോസ് എം.എ., ബി.എൽ. ആയിരുന്നു. കുട്ടികളിൽ നിന്നു പിരിച്ചെടുക്കുന്ന ഫീസും സർക്കാരിന്റെ തുച്ഛമായ സഹായധനവും മാത്രം ഉപയോഗപ്പെടുത്തി സ്കൂൾ നടത്തിക്കൊണ്ടു പോകുന്നതിന് അദ്ദേഹം നന്നേ ക്ലേശിക്കുന്നുണ്ടായിരുന്നു. മററു ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്താനോ സ്കൂളിന്റെ വികസനത്തിൽ ശ്രദ്ധിക്കാനോ ഒന്നും കഴിഞ്ഞിരുന്നില്ല. അദ്ധ്യാപകർക്ക് യഥാസമയം ശമ്പളം നൽകാൻപോലും പ്രയാസപ്പെട്ടു. സ്കൂൾ ഹെഡ്മാസ്റററായിരുന്ന കെ.സി. മാമ്മൻ മാപ്പിളയും സഹാദ്ധ്യാപകരും ഈ സാഹചര്യവുമായി പൊരുത്തപ്പെടാൻ സൗമനസ്യംകാണിച്ചതുകൊണ്ട് പ്രതിസന്ധികൾ ഒഴിവാക്കാൻ കഴിഞ്ഞു.

കെ.സി. മാമ്മൻ മാപ്പിള ചികിത്സാർത്ഥം അവധിയെടുത്തു തിരുവനന്തപുരത്തു പോയ ഒഴിവിൽ ഹെഡ്മാസ്റററായി പി. ററി. ഗീവർഗീസ് ശെമ്മാശ്ശന് താൽക്കാലിക നിയമനം നല്കി. ഇക്കാലത്ത് മികച്ച അദ്ധ്യാപനമാതൃകയും നേതൃത്വഗുണവും പ്രകടമാക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. മാമ്മൻ മാപ്പിള മടങ്ങിവന്നപ്പോൾ ശെമ്മാശ്ശൻ ജോലിവിട്ടു പരുമലയ്ക്കു പോയി.

പക്ഷേ താത്കാലികമായിരുന്നു ആ വിടവാങ്ങൽ. മെത്രാഭിഷേകത്തിന് അന്ത്യോഖ്യയിലേക്കു പുറപ്പെടും മുൻപ് തന്റെ പ്രിയശിഷ്യനും വാത്സല്യഭാജനവുമായ ശെമ്മാശ്ശനെ എം. ഡി. സെമിനാരി ഹൈസ്കൂൾ പ്രിൻസിപ്പലായി നിയമിക്കാൻ വട്ടശ്ശേരിൽ മല്പാൻ പുലിക്കോട്ടിൽ തിരുമേനിയുടെമേൽ പ്രേരണചെലുത്തി. പിന്മാറാൻ സന്നദ്ധനായിരുന്ന ഇ. എം പീലിപ്പോസിന് അതിൽ വലിയ ഉത്കണ്ഠയ്ക്കു കാരണമില്ലായിരുന്നു.

www.malankaralibrary.com



അങ്ങനെ ആ നിയമനം നടന്നു. 'യാക്കോബായ സുറിയാനിസഭയുടെ ഭാവി പ്രത്യാശകളുടെ തേജഃപുഞ്ജമായിട്ടാണ് ദൂരാവലോകനചതുരനായ മല്പാനച്ചൻ, തന്നോടു അതീവ ഭക്തിമാനും ഉൽകൃഷ്ട ബിരുദധാരിയുമായ' ശെമ്മാശ്ശനെ മനോദർശനം ചെയ്തത്.[1] സ്കൂൾ ഹെഡ്മാസ്ററായിരുന്ന കെ.സി. മാമ്മൻ മാപ്പിളയുടെ തലയ്ക്കുമുകളിലൂടെ നടന്ന നിയമനം സ്വാഭാവികമായും മാമ്മൻ മാപ്പിളയെ അസ്വസ്ഥനാക്കി. വട്ടശ്ശേരിൽ മല്പാനും മാമ്മൻ മാപ്പിളയുമായി നിലനിന്ന അസ്വാരസ്യത്തിൻെറ പരിണതികൂടിയാണ് തിടുക്കപ്പെട്ടുള്ള ഈ നിയമനമെന്ന് കരുതാനിടവന്നത് സ്വാഭാവികം. അഭിമാനിയായ മാമ്മൻ മാപ്പിള അധികകാലം ഹെഡ്മാസ്ററർ പദവിയിൽ തുടർന്നില്ല. തന്മൂലം ഇരുപദവികളും പി. ററി. ഗീവർഗീസ് ശെമ്മാശ്ശനിൽ കേന്ദ്രീകരിച്ചു.

എം. ഡി. സെമിനാരി ഹൈസ്കൂളിനെ ഒരു മാതൃകാവിദ്യാലയമാക്കി മാററുന്നതിന് ശെമ്മാശ്ശൻ കഠിനാദ്ധ്വാനംചെയ്തു. പ്രതിദിനം ഇരുപതുമണിക്കൂറോളം അദ്ദേഹം പണിയെടുത്തു. നാലു മണിക്കൂറിലധികം ഒരിക്കലും വിശ്രമത്തിനു മാററിവച്ചില്ല. എല്ലാ ക്ലാസിലും ഏതെങ്കിലുമൊരു വിഷയത്തിൽ പ്രിൻസിപ്പൽ അദ്ധ്യാപനം നിർവഹിച്ചിരുന്നു. വിദ്യാർത്ഥികൾ അത്യുത്സാഹത്തോടെ അദ്ദേഹത്തിൻെറ ക്ലാസുകൾക്കു വേണ്ടി കാത്തിരുന്നു. അച്ചടക്കം പരിപാലിക്കുന്നതിലും പ്രിൻസിപ്പൽ വിട്ടുവീഴ്ചകാണിച്ചില്ല. തെററുചെയ്യുന്നവരെ ദാക്ഷിണ്യമില്ലാതെ ശിക്ഷിച്ചു. അതോടൊപ്പം സമർത്ഥരും സൽസ്വഭാവികളുമായ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് അത്യുത്സാഹം കാട്ടുകയും ചെയ്തു.

കോട്ടയംപട്ടണത്തിൽ ശെമ്മാശ്ശൻെറ യാത്ര ശ്രദ്ധേയമായി. നാലു ചക്രമുള്ള കുതിരവണ്ടിയിലായിരുന്നു അദ്ദേഹത്തിൻെറ സഞ്ചാരം. ഒഴിവു ദിവസങ്ങളിൽ ഇടവകകൾ സന്ദർശിക്കാനും ആദ്ധ്യാത്മികവിഷയങ്ങളെ കുറിച്ചു പ്രഭാഷണങ്ങൾ നടത്താനും ശെമ്മാശ്ശൻ സമയം കണ്ടെത്തി. മലങ്കരസഭയിൽ പുതിയൊരുണർവ്വിൻെറ അന്തരീക്ഷമൊരുക്കുകയായിരുന്നു ലക്ഷ്യം.

വട്ടശ്ശേരിൽ മല്പാൻ മെത്രാഭിഷിക്തനായി മടങ്ങിയെത്തിയതോടെ ഗീവർഗീസ് ശെമ്മാശ്ശൻെറ പ്രവർത്തനങ്ങൾക്ക് കൂടുതൽ ദിശാബോധമുണ്ടായി. സഭാകാര്യങ്ങളിൽ അദ്ദേഹത്തിൻെറ സേവനം പ്രയോജനപ്പെടുത്തുന്നതിന് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് പ്രത്യേക താത്പര്യമാണ് പ്രകടിപ്പിച്ചത്. അവർ തമ്മിൽ എക്കാലവും പുലർത്തിയ ഗുരുശിഷ്യബന്ധത്തിൻെറ ആർജ്ജവം അത്യാകർഷകമായിരുന്നു.

1. കെ. സി. മാമ്മൻ മാപ്പിള, മനോരമ ആഴ്ചപ്പതിപ്പ്. vol. 1. No. 25 പു. 17.



പി. ററി. ഗീവർഗീസ് ശെമ്മാശ്ശനെ വൈദികനായി അഭിഷേകം ചെയ്യുന്നതിന് വട്ടശ്ശേരിൽ തിരുമേനി ഉത്സാഹം കാട്ടി. അവിവാഹിത ജീവിതം നയിച്ചുകൊണ്ട് ദൈവശുശ്രൂഷചെയ്യുന്നതിന് ശെമ്മാശ്ശൻ മാനസികമായി ഒരുങ്ങിക്കഴിഞ്ഞിരുന്നു. യാക്കോബായ സഭയിൽ വൈദികവൃത്തി തെരഞ്ഞെടുക്കുന്നവർ വിവാഹംചെയ്യുന്നത് ശെമ്മാശ്ശനായിരിക്കേയാണ്. വൈദികപട്ടം ലഭിച്ചുകഴിഞ്ഞാൽ സാധാരണഗതിയിൽ വിവാഹം അനുവദനീയമല്ല. പൂർണ്ണമായ ദൈവികസമർപ്പണം കാംക്ഷിച്ച ശെമ്മാശ്ശന് ഇക്കാര്യത്തിൽ യാതൊരു ചാഞ്ചല്യവും ഉണ്ടായില്ല.

വട്ടശ്ശേരിൽ തിരുമേനിയുടെ ഹൃദയംകുളിർപ്പിക്കുന്നതായിരുന്നു ഈ പരിണാമം. ശെമ്മാശ്ശനിൽ അദ്ദേഹം ദർശിച്ചത് സഭാസേവനത്തിനു സമർത്ഥനായ ഒരു വൈദികനെയല്ല, ഭാവിയിൽ യാക്കോബായ സഭയെ നയിക്കാൻ പ്രാപ്തിയുള്ള പിൻഗാമിയെത്തന്നെയാണ്. 1908 സെപ്തംബർ 15-ാം തീയതി പരുമല സെമിനാരിയിൽ വച്ച് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത ഗീവർഗീസ് ശെമ്മാശ്ശന് കശ്ശീശപട്ടം നൽകി. മലങ്കര സഭയിലെ മെത്രാപ്പോലീത്തമാരും വൈദികരും അതിനു സാക്ഷികളായി. സഭാംഗങ്ങൾക്കു മാത്രമല്ല വിവിധമതാവലംബികളായ ബഹുജനങ്ങൾക്കും ആഹ്ലാദം പകരുന്നതായിരുന്നു ആ ദിവ്യമുഹൂർത്തം.

അഭിഷേകാനന്തരം 'എം. എ. അച്ചൻ' എന്ന് ഫാദർ പി. ററി. ഗീവർഗീസ് അറിയപ്പെടാൻ തുടങ്ങി. സുറിയാനി വൈദികരിൽ ഇദംപ്രഥമമായി എം.എ ബിരുദം നേടിയത് അദ്ദേഹമായിരുന്നതുകൊണ്ടാണ് ഇങ്ങനെ ഒരു ഖ്യാതി ഉണ്ടായത്. എം. ഡി.സെമിനാരി ഹൈസ്കൂൾ പ്രിൻസിപ്പൽകൂടിയായ എം.എ. അച്ചന് കോട്ടയം പട്ടണം സ്നേഹാദരങ്ങൾ അർപ്പിച്ചു. അനുമോദന സമ്മേളനത്തിൽവച്ച് സഭാംഗങ്ങളുടെ വകയായി അദ്ദേഹത്തിന് സ്വർണ്ണ മെഡലും സമ്മാനിച്ചു.

സംസ്കാരിക മതാത്മക രംഗങ്ങളിൽ എം. എ. അച്ചൻ ഒരു നിർണ്ണായക ശക്തിയായി വളർന്നു. വിദ്യാഭ്യാസകാര്യങ്ങളിൽ അദ്ദേഹം അതിവിദഗ്ദ്ധനും പ്രഭാഷണ കലയിൽ അദ്വിതീയനുമായിരുന്നു. സഭാപഠനത്തിൽ അതീവ ശുഷ്കാന്തി പുലർത്തിയ ആ വൈദികൻ സുറിയാനിസഭയുടെ ചരിത്രവും പദവിയും നിഷ്ക്കർഷിച്ചു പഠിച്ചു; സത്യസന്ധമായി വിലയിരുത്തി. ബുദ്ധിവൈഭവം കൊണ്ടും കഠിനാദ്ധ്വാനംകൊണ്ടും അദ്ദേഹത്തിനു സമശീർഷരായി സുറിയാനിസഭയിൽ ആരുംതന്നെ ഉണ്ടായിരുന്നില്ല.

സഭാ ചരിത്രത്തിൽ ഒരു നിർണ്ണായകഘട്ടം അപ്രതീക്ഷിതമായി ആവിർഭവിക്കുകയായിരുന്നു. അന്ത്യോഖ്യയിലെ യാക്കോബായ പാത്രിയർക്കീസ് അബ്ദള്ള ബാവയുടെ മലങ്കര സന്ദർശനവും തുടർന്നുണ്ടായ പ്രതിസന്ധികളും ചരിത്രഗതിയെ പാടേ മാററിമറിച്ചു. ചില പശ്ചാത്തലവിവരങ്ങൾ ഇവിടെ വ്യക്തമാക്കേണ്ടതാവശ്യമാണ്. യാക്കോബായ സഭയുടെ പരമാദ്ധ്യക്ഷ സ്ഥാനം ഇക്കാലത്ത് രണ്ടു പാത്രിയർക്കീസുമാർ ഒരേസമയം

www.malankaralibrary.com



അവകാശപ്പെട്ടുകൊണ്ടിരുന്നു; മാർ അബ്ദള്ളയും മാർ അബ്ദദ് മ്ശിഹായും. ഇവരിൽ യഥാർത്ഥ പാത്രിയർക്കീസ് ആരെന്നുള്ളത് വിവാദത്തിനു കാരണമായി. ഇതുസംബന്ധിച്ച രേഖകളിൽ പരസ്പരവിരുദ്ധമായ ഒട്ടേറെ വിവരങ്ങൾ അടങ്ങിയിട്ടുണ്ട്. 1895 ജൂൺ മാസത്തിലാണ് അബ്ദദ് മ്ശിഹാ പാത്രിയർക്കീസ് പദവിയിൽ വാഴിക്കപ്പെടുന്നത്. അബ്ദള്ള പാത്രിയർക്കീസിൻെറ സ്ഥാനാരോഹണം 1906 ആഗസ്ററ് പതിനഞ്ചിനാണ് നടന്നത്. ഇതാകട്ടെ അബ്ദദ് മ്ശിഹായുടെ തിരഞ്ഞെടുപ്പിൽ അഴിമതി നടന്നതായി ആരോപിച്ച് തുർക്കി സുൽത്താൻ അതു റദ്ദു ചെയ്ത ശേഷമായിരുന്നു. സഭാഭരണം രാജവാഴ്ചയ്ക്കു വിധേയമായിമാത്രം നടന്നിരുന്ന അക്കാലത്ത് ഇത്തരം നടപടികൾ അസാധാരണമായിരുന്നില്ല. സഭയിലെ മെത്രാന്മാരുംവൈദികരും ചേർന്നു വാഴിക്കുന്ന പാത്രിയർക്കീസിൻെറ നിയമനം അംഗീകരിക്കാൻ സുൽത്താൻ വിസമ്മതിച്ചാൽ വൈദികമേലദ്ധ്യക്ഷൻെറ നില ത്രിശങ്കു സ്വർഗ്ഗത്തിലാവും. അബ്ദദ് മ്ശിഹാ പാത്രിയർക്കീസിൻെറ കാര്യത്തിൽ സംഭവിച്ചത് ഇങ്ങനെയാണ്. എങ്കിലും അദ്ദേഹം സ്വസ്ഥാനം രാജിവയ്ക്കാതെ മറെറാരു സ്ഥാനത്തേക്കു മാറി 'സിംഹാസനം' ഉറപ്പിച്ചു.

സുൽത്താൻെറ അനുഗ്രഹാശിസ്സുകളോടെ സ്ഥാനാരോഹണം ചെയ്ത അബ്ദള്ള പാത്രിയർക്കീസ് സഭാതലവനായി കഴിയുന്നഘട്ടത്തിലാണ് മലങ്കരയിൽ നിന്ന് വട്ടശ്ശേരിൽ മല്പാനും പൗലോസ് റമ്പാനും അദ്ദേഹത്തെ സമീപിക്കുന്നതും മേല്പട്ടക്കാരന്മാരായി അഭിഷിക്തരാകുന്നതും.

1910-ൽ അബ്ദള്ള പാത്രിയർക്കീസ് മലങ്കര സന്ദർശനത്തിനു പുറപ്പെട്ടു. അദ്ദേഹം കപ്പൽമാർഗ്ഗം ബോംബേയിൽ എത്തുമ്പോൾ സ്വീകരിച്ചാനയിക്കുന്നതിന് വട്ടശ്ശേരിൽ തിരുമേനി നിയോഗിച്ചത് എം. എ. അച്ചനെയാണ്. ആദ്ധ്യാത്മിക പാതയിലൂടെയായിരുന്നില്ല പാത്രിയർക്കീസിൻെറ ആഗമനം. മലങ്കരസഭയിൽ ഭൗതികഭരണം ഉറപ്പിക്കാനും സാമ്പത്തികനേട്ടങ്ങൾ കൈവരിക്കാനും ആ യാത്ര ലക്ഷ്യംവച്ചു . മലങ്കരയിൽ എത്തിയ ഉടനെ പാത്രിയർക്കീസ് തിരുവനന്തപുരത്തുപോയി മഹാരാജാവിനെ മുഖം കാണിച്ചു. മടങ്ങിവന്ന് കോട്ടയം പഴയസെമിനാരിയിൽ താമസമാക്കി; അതിനു തൊട്ടടുത്ത മുറിയിൽ വട്ടശ്ശേരിൽ തിരുമേനിയും.

ഏതാനും ദിവസങ്ങൾക്കുള്ളിൽ യാക്കോബായ സഭയിലെ വൈദികമേലദ്ധ്യക്ഷന്മാരെ ഓരോരുത്തരായി വിളിച്ചുവരുത്തി പാത്രിയർക്കീസ് ബാവ തൻെറ ഇംഗിതം അറിയിച്ചു. പാത്രിയർക്കീസിൻെറ മേൽക്കോയ്മ ആദ്ധ്യാത്മിക കാര്യങ്ങൾക്കൊപ്പം ലൗകികവിഷയങ്ങളിലും സമ്മതിച്ചു കൊടുക്കുന്ന ഉടമ്പടി ഒപ്പുവയ്ക്കണമെന്നായിരുന്നു നിർദ്ദേശം. ഇതിനു കീഴ്വഴങ്ങി ഏതാനും മെത്രാന്മാർ ഉടമ്പടിയിൽ ഒപ്പുവച്ചു. എന്നാൽ കുശാഗ്ര ബുദ്ധിയായ വട്ടശ്ശേരിൽ തിരുമേനി വിട്ടുനിന്നു. ഒരുവിധത്തിലും മലങ്കര സഭയുടെ ഭൗതികസമ്പത്ത് പാത്രിയർക്കീസിന് അടിയറ വയ്ക്കുകയില്ലെന്ന വ്യക്തമായ നിലപാട് അദ്ദേഹം കൈക്കൊണ്ടു. ഇതിനു വട്ടശ്ശേരിൽ തിരുമേനിക്കു



ധൈര്യം പകർന്നതും സഭാനിയമങ്ങൾ ബോദ്ധ്യമാക്കിക്കൊടുത്തതും എം.എ. അച്ചനായിരുന്നു.

പാത്രിയർക്കീസിൻെറ നിർബ്ബന്ധബുദ്ധിക്കു വഴങ്ങിക്കൊടുക്കുന്ന പക്ഷം മലങ്കര യാക്കോബായ സഭ ഭാവിയിൽ നേരിടേണ്ടി വരുന്ന അപകടങ്ങൾ എം.എ. അച്ചൻ മുന്നിൽകണ്ടു. ഒന്നാമത് മലങ്കര സഭയുടെ പൈതൃകത്തിനും പാരമ്പര്യത്തിനും കടകവിരുദ്ധമാണ് പാത്രിയർക്കീസ് ഉന്നയിച്ച ആവശ്യം. ഇതിനു മുൻപൊരിക്കലും മലങ്കര സഭയിലെ ഒരു മേല്പട്ടക്കാരനോടും ആരും ആവശ്യപ്പെട്ടിട്ടില്ലാത്തതാണത്. ലൗകികാധികാരം പാത്രിയർക്കീസിനു നല്കിയാൽ ഇന്നാട്ടിലെ സഭയുടെ സമ്പത്തു മുഴുവൻ അന്യാധീനപ്പെടുന്നതാണ്. ആദ്ധ്യാത്മികമഹത്ത്വം അമ്പേ അസ്തമിക്കുകയും ചെയ്യും. സഭയുടെ ലൗകികാധികാരം വിട്ടുകൊടുത്താൽ വൈദികനിയമനം, മെത്രാഭിഷേകം തുടങ്ങിയ കാര്യങ്ങളിൽ മലങ്കരസഭ പുലർത്തിപ്പോരുന്ന സ്വാതന്ത്ര്യം ഇല്ലാതെയാകുന്നതും അത് സഭയുടെ ചൈതന്യത്തെ എന്നേക്കുമായി ഹനിക്കാൻ ഇടവരുത്തുന്നതുമാണ്. ഇക്കാരണങ്ങളാൽ പാത്രിയർക്കീസിൻെറ ദുഃശാഠ്യത്തിനു വഴങ്ങാതെ വ്യക്തവും ദൃഢതരവുമായ നിലപാട് അവലംബിക്കണമെന്ന് എം.എ. അച്ചൻ വട്ടശ്ശേരിൽ തിരുമേനിയെ ഉദ്ബോധിപ്പിച്ചു.

മലങ്കര സഭയുടെ അന്തരീക്ഷത്തിൽ കാർമേഘങ്ങൾ ഉരുണ്ടുകൂടുകയായിരുന്നു. ശാന്തിയുടെ നീലിമ നഷ്ടപ്പെട്ട് ഇരുൾ വ്യാപിക്കുന്നു. മതം ഭൗതികമോഹങ്ങളിൽ വീണ് കലാപത്തിൻെറ കളരിയായി അധഃപതിക്കുന്നു. ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ച സംഘർഷങ്ങൾക്ക് വേദിയൊരുങ്ങി. സഭയുടെ അന്തസ്സും ആദ്ധ്യാത്മികതയും സംരക്ഷിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ തേടിയവർ ആ ചരിത്രസന്ധിയിൽ ആശാകേന്ദ്രം കണ്ടെത്തിയത് എം. എ. അച്ചനിലാണ്.

www.malankaralibrary.com

5

# അഗ്നിപരീക്ഷണം

സ്വാർത്ഥസംരക്ഷണത്തിന് ചില സമർത്ഥന്മാർ അധികാരികൾക്ക് അഹിതമായ സത്യങ്ങൾ പറയാതിരിക്കും. ചിലർ സത്യവിരുദ്ധമായി സംസാരിച്ച് അധികാരികളുടെ പ്രീതിയാർജ്ജിക്കും. പ്രായോഗികകണക്കുകൂട്ടലുകൾക്കൊരുങ്ങാതെ സത്യത്തിൻെറ യഥാർത്ഥ മുഖം വെളിപ്പെടുത്താനുള്ള അപൂർവ്വധീരത വളരെ കുറച്ചുപേർക്കു മാത്രം ലഭ്യമാകുന്ന വരദാനമാണ്. പ്രതിസന്ധികൾ നേരിടേണ്ടിവന്നാലും നീതിപഥത്തിൽ നിന്ന് അവർ അല്പവും വ്യതിചലിക്കുകയില്ല. ഈ സ്വഭാവമഹിമയ്ക്ക് ഉടമയായിരുന്നു എം. എ. അച്ചൻ. അബ്ദള്ള പാത്രിയർക്കീസിൻെറ സന്ദർശനത്തെ തുടർന്ന് മലങ്കര സഭയിൽ ആവിർഭവിച്ച പ്രതിസന്ധികൾ എം. എ. അച്ചനെ സംബന്ധിച്ച് ശരിക്കും ഒരഗ്നിപരീക്ഷണം തന്നെയായിരുന്നു.

എം.ഡി.സെമിനാരിഹൈസ്കൂളിൽ അദ്ധ്യാപനം നിർവഹിക്കവേ യാദൃച്ഛികമായി ഉണ്ടായ ഒരു ചോദ്യവും അതിനു ഫാദർ പി. റ്റി. ഗീവർഗീസ് നൽകിയ മറുപടിയും പാത്രിയർക്കീസ് ബാവയുടെ അപ്രീതിക്ക് ഇടയാക്കി. മേല്പട്ടക്കാരെ വാഴിക്കുന്നതിന് ആർക്കാണ് അധികാരമെന്ന് സഭാകാര്യങ്ങളിൽ തത്പരനായ ഒരു വിദ്യാർത്ഥി ആരാഞ്ഞു. യാക്കോബായ സഭയിൽ മേല്പട്ടക്കാരെ വാഴിക്കുന്നതിനും ഒഴിവാക്കുന്നതിനും തനിക്കുമാത്രമാണ് അധികാരമുള്ളതെന്ന് അബ്ദള്ള പാത്രിയർക്കീസ് അഭിപ്രായപ്പെട്ടിരുന്ന സമയത്താണ് വിദ്യാർത്ഥി സംശയനിവാരണത്തിനു ശ്രമിച്ചത്. പാത്രിയർക്കീസിൻെറ അഭിമതത്തിനു വിരുദ്ധമായ ആശയം പ്രകടിപ്പിക്കാൻ സാധാരണഗതിയിൽ ഒരു വൈദികൻ ധൈര്യപ്പെടുകയില്ല. സ്വാഭാവികമായും അത് ഉന്നതസ്ഥാനത്ത് എത്തിച്ചേരും. നിതാന്ത ശത്രുതയ്ക്ക് ഇടനൽകുകയും ചെയ്യും.

പക്ഷേ ഒരദ്ധ്യാപകനും വൈദികനുമായ താൻ സത്യം മറച്ചുവച്ച് സ്വന്തം വിദ്യാർത്ഥികളെ തെററിദ്ധരിപ്പിക്കുന്നത് ന്യായവിരുദ്ധമാണെന്നു തിരിച്ചറിയാനുള്ള വിവേകം എം. എ. അച്ചനുണ്ടായിരുന്നു. അസത്യത്തിൻെറ വഴിയിലൂടെ സഞ്ചരിച്ച് അധികാരികളുടെ പ്രീതിനേടുന്ന തന്ത്രവിദ്യയെ അദ്ദേഹം വെറുത്തു. വളരെ ശാന്തവും ദൃഢവുമായ സ്വരത്തിൽ എം.എ. അച്ചൻ കുട്ടികൾക്കു പറഞ്ഞുകൊടുത്തു:



മേല്പട്ടക്കാരെ വാഴിക്കുന്നതിനുള്ള അധികാരം മെത്രാന്മാരുടെ സുനഹദോസിനാണ്. രണ്ടോ മൂന്നോ മെത്രാന്മാർ ഒത്തുചേർന്നു കൈവയ്പ്പു നൽകി ഒരു മേല്പട്ടക്കാരനെ അഭിഷേകം ചെയ്യാം. നിഖ്യാ സൂനഹദോസ് അപ്രകാരമാണ് നിശ്ചയിച്ചിരിക്കുന്നത്. മലങ്കരയിലെ മൂന്നു മേല്പട്ടക്കാർചേർന്നാണ് അൽവാരിസ്മെത്രാനെ സ്ഥാനാരോഹണം ചെയ്യിച്ചത്.

ഈ വിശദീകരണം വൈകാതെ പാത്രിയർക്കീസിൻെറ മുന്നിലെത്തി. അദ്ദേഹം കോപംകൊണ്ടു വിറച്ചു. ധിക്കാരിയായ ഈ വൈദികനെ ശാസിച്ചു നിറുത്തുകതന്നെ വേണമെന്ന് പാത്രിയർക്കീസ് ബാവ നിശ്ചയിച്ചു. പഴയ സെമിനാരിയിൽ അടിയന്തിരമായി ഹാജരാകുന്നതിന് എം. എ. അച്ചന് നിർദ്ദേശം ലഭിച്ചു. അറിവും ആത്മാഭിമാനവും നൽകിയ കരുത്തിൽ തളരാതെ എം. എ. അച്ചൻ പാത്രിയർക്കീസിൻെറ മുന്നിലെത്തി.

"പാത്രിയർക്കീസിനു മാത്രമല്ല, കാതോലിക്കമാർക്കുംമെത്രാന്മാർക്കും മൂറോൻ കൂദാശ ചെയ്യാമെന്നും മേല്പട്ടക്കാരെ വാഴിക്കാമെന്നും നിങ്ങൾ കുട്ടികളെ പഠിപ്പിച്ചു വരുന്നതായികേൾക്കുന്നത് വാസ്തവം തന്നെയോ?"

"പരിശുദ്ധ മൂറോനെപ്പററി ഞാൻ ആ സമയം സംസാരിക്കുകയുണ്ടായില്ല. മേല്പട്ടക്കാരെ വാഴിക്കുന്ന ക്രമം കുട്ടികൾക്കു ഞാൻ അവ്വിധം വിശദീകരിച്ചു കൊടുത്തിട്ടുള്ളതാണ്."

"ഓഹോ! എന്താണ് അങ്ങനെ പഠിപ്പിക്കാൻ കാരണമായിട്ടുള്ളത്?"

"ഹൂദായ കാനോനിൽ അപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. ആ പാരമ്പര്യം പിന്തുടരുന്ന മലങ്കര സഭയുടെ മെത്രാഭിഷേകം സംബന്ധിച്ച യഥാർത്ഥ വസ്തുത ഒരു ചോദ്യത്തിനു മറുപടിയായി പറയേണ്ടി വന്നതാണ്."

ശാന്തവും ഗംഭീരവുമായ ഈ പ്രതികരണം പാത്രിയർക്കീസ് ബാവയെ വല്ലാതെ പ്രകോപിതനാക്കി. അതേസമയം യുക്തിസ്സഹമായി സംസാരിക്കുന്ന എം. എ. അച്ചൻെറ അഭിപ്രായത്തെ ഖണ്ഡിക്കാൻ കഴിയുന്നുമില്ല. ആ അഭിപ്രായം അംഗീകരിച്ചാൽ തൻെറ സ്ഥാനമഹിമയ്ക്ക് മങ്ങലേൽക്കുമെന്ന് പാത്രിയർക്കീസിനു ബോദ്ധ്യമായി. വാദപ്രതിവാദംകൊണ്ടു പരാജയപ്പെടുത്താൻ കഴിയില്ല എന്നു വന്നപ്പോൾ പരിഹസിച്ചയയ്ക്കാനായി പാത്രിയർക്കീസിൻെറ ശ്രമം.

"ഇയാളുടെ വഴി വളരെ വിശാലമായതാണല്ലോ. വല്ലാത്തൊരു വിജ്ഞാനസാഗരം തന്നെ."

കേട്ടു നിൽക്കുന്നവർ രസിച്ചുകൊള്ളുമെന്നാണ് പാത്രിയർക്കീസ് വിചാരിച്ചത്. പക്ഷേ അടുത്തുണ്ടായിരുന്ന ഔഗേൻ റമ്പാൻ ശാന്തത വിടാതെ

www.malankaralibrary.com



പറഞ്ഞു: ''അവിടുത്തെ അധികാരത്തിന് എതിരായി അച്ചൻ ഒന്നും സൂചിപ്പിച്ചതു പോലുമില്ലല്ലോ.''

ആ രംഗം ഒഴിവാക്കാൻ പാത്രിയർക്കീസിനു തിടുക്കമായി:

"ശരി, ശരി. കൂടുതൽ പറഞ്ഞു വഷളാക്കേണ്ട. നാം നിങ്ങളുടെ അവിവേകം തത്കാലം ക്ഷമിച്ചിരിക്കുന്നു. അനുഗ്രഹിക്കാം. മുട്ടു കുത്തുക'' എന്നു നിർദ്ദേശിച്ചു.

''ഞാൻ തെററായി എന്തെങ്കിലും പറയുകയോ പഠിപ്പിക്കുകയോ ഉണ്ടായിട്ടില്ല. എന്നാലും അവിടുത്തെ അനുഗ്രഹം എനിക്കാവശ്യമാണ്'' എന്നു പറഞ്ഞ് മുട്ടുകുത്തി, എം. എ. അച്ചൻ.

അങ്ങേയററം വഷളാകാൻ ഇടയുണ്ടായിരുന്ന ഒരു രംഗം ശാന്തമായി പര്യവസാനിച്ചു.[1]

പക്ഷേ ഇത്രയുംകൊണ്ട് പാത്രിയർക്കീസ് ബാവയുടെ ലൗകികാധികാരഭ്രമം ശമിച്ചില്ല. സഭയുടെ സ്വത്തുക്കൾ സ്വന്തം അധീനതയിലാക്കാൻ അദ്ദേഹം കുത്സിതമാർഗ്ഗങ്ങൾ തേടി. വട്ടശ്ശേരിൽ തിരുമേനി ഒഴികെയുള്ള മേല്പട്ടക്കാരെ ഭയപ്പെടുത്തിയും പ്രലോഭിപ്പിച്ചും തന്റെ ഇംഗിതാനുവർത്തികളാക്കാൻ ബാവയ്ക്കു കഴിഞ്ഞു. അവരെ പഴയ സെമിനാരിയിൽ അദ്ദേഹം അധിവസിപ്പിച്ചു. പത്മവ്യൂഹത്തിൽ അകപ്പെട്ട അഭിമന്യുവിനപ്പോലെയായി വട്ടശ്ശേരിൽ തിരുമേനി. എല്ലാവരും ഒരു ദുരന്തം പ്രതീക്ഷിക്കുകയായിരുന്നു. എങ്ങനെയും ഈ അപകടസന്ധിയിൽനിന്നു തിരുമേനിയെ രക്ഷിക്കണമെന്ന വാശിയോടെ ഏറക്കുറെ ഒററയ്ക്കു പടവെട്ടാൻ ധീരനായി മുന്നിട്ടിറങ്ങിയത് എം. എ. അച്ചനാണ്.

മലങ്കര യാക്കോബായ സഭയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ച കക്ഷിവഴക്കിനും കോടതികേസുകൾക്കും പാത്രിയർക്കീസിന്റെ വിവേകശൂന്യമായ മേധാവിത്തമനോഭാവം തുടക്കമിട്ടു. വട്ടശ്ശേരിൽ തിരുമേനിയെ തന്റെ വരുതിയിൽ നിറുത്താൻ കഴിയില്ലെന്നു തീർച്ചയായപ്പോൾ സഭയ്ക്കു പുറത്താക്കാനായി ശ്രമം. 1911-ന് സഭയുടെ ആത്മാവിൽ ആ ഇടിവാൾ കടന്നു. തൊട്ടടുത്ത മുറിയിൽ വസിക്കുന്ന പാത്രിയർക്കീസിന്റെ മുടക്കു കല്പന രജിസ്ട്രേഡ് കത്തായി വട്ടശ്ശേരിൽ തിരുമേനിയെ തേടിയെത്തി.

പഴയ സെമിനാരിയിൽ ഒരുമിച്ചു താമസിക്കുകയും ഒരേമേശയിൽ നിന്ന് ഭക്ഷണം കഴിക്കുകയും നമസ്കാരങ്ങളിൽ പങ്കുചേരുകയും ചെയ്തുകൊണ്ടിരുന്ന ഒരു വൈദിക മേലദ്ധ്യക്ഷനാണ് സഭയിലെ മറെറാരു മഹാപുരോഹിതനോട് ഇങ്ങനെ പ്രവർത്തിച്ചത്. ഇമ്മാതിരി തീരുമാനങ്ങളും പ്രതികാര

1. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്. പു. 99-100.



നടപടികളും ദൈവനിവേശിതമായ ക്രിസ്തീയസഭയുടെ അന്തസ്സിനും ആത്മീയതയ്ക്കും നിരക്കുന്നതെങ്ങനെ? സഭയിലെ അധികാരം ഏതർത്ഥത്തിലും ആത്മീയമാണ്. ആ ചൈതന്യം നഷ്ടമാക്കുന്ന ഭൗതികതയ്ക്ക് ക്രിസ്തുവിന്റെ സഭയിൽ യാതൊരു സ്ഥാനവും ഇല്ല. ക്ഷമയുടെയും സ്നേഹത്തിന്റെയും ബലികൾ വിസ്മരിച്ച്, മുടക്കും ഭീഷണിയും പ്രയോഗിക്കുന്ന കപടആത്മീയത മലങ്കരസഭയെ അധഃപതനത്തിന്റെ പടുകുഴിയിലേക്കു തള്ളിവീഴ്ത്തുകയായിരുന്നു.

പാത്രിയർക്കീസ് ബാവയുടെ മുടക്കു കല്പന വട്ടശ്ശേരിൽ തിരുമേനിക്കു ലഭിച്ച ദിനാന്ത്യത്തെക്കുറിച്ച് കെ.സി. മാമ്മൻ മാപ്പിള ഇങ്ങനെ രേഖപ്പെടുത്തുന്നു:

> അന്നേ ദിവസം സന്ധ്യാസമയത്താണ് ഞങ്ങൾ-മനോരമ ഭാഗത്തുള്ളവർ ഈ വിവരം അറിഞ്ഞത്. ഉടൻതന്നെ ഫാദർ പി. ററി. ഗീവർഗീസ്, എം. എ. പീലിപ്പോസ് എം.എ., ബി. എൽ, കെ. വി. ചാക്കോ ബി. എ., എൽ.ററി. എന്നിവരും ഞാനുംകൂടി വേഗം നടന്നു പഴയ സെമിനാരിയിലെത്തി. സ്വല്പ ദൂരംപോലും നടക്കുക എന്നത് എനിക്ക് അന്നും ഇന്നും വളരെ പ്രയാസമുള്ള ഒരു കാര്യമാണ്. എങ്കിലും, അതൊന്നും വകവയ്ക്കാതെ ഞങ്ങൾ അപ്പോൾ തന്നെ പഴയ സെമിനാരിയിലേക്കു നടന്നു. ചുങ്കം പാലം മുതൽ പടിഞ്ഞാറോട്ടുള്ള വഴി മുട്ടററം വെള്ളവും ചെളിയും കൊണ്ടു കഷായപ്പാകത്തിൽ കിടന്നിരുന്നു. വെള്ളം നീന്തിയും ചെളി ചവുട്ടിയും ഞങ്ങൾ ഒരുവിധത്തിൽ പഴയ സെമിനാരിയിൽ ചെന്നു നേരേ മെത്രാപ്പോലീത്തയുടെ അടുക്കലേക്കുപോയി. അവിടെ സമുദായത്തിന്റെ ഭാവി ഭാരവും കൈയിലേന്തി, ബാവായുടെ മുടക്കാകുന്ന കൊള്ളിയാൻ മിന്നലിന്റെ പെള്ളലേററ് വെന്തുരുകുന്ന ഹൃദയത്തോടെയെങ്കിലും പുറമേ അക്ഷോഭ്യനായി നില്ക്കുന്ന ആ ചെറിയ മനുഷ്യന്റെ മനക്കരുത്തും നിസ്സീമമായ ശുഭാപ്തിവിശ്വാസവും അദ്ഭുതകരമായിരുന്നു! ഞങ്ങൾ മെത്രാപ്പോലീത്തയുമായി ഭാവി പരിപാടികളെപ്പററി സുദീർഘമായ സംഭാഷണം നടത്തി.[2]

മലങ്കര സുറിയാനിസഭ നിർണ്ണായകമായ പ്രതിസന്ധി നേരിട്ടഘട്ടത്തിൽ ഓടിയെത്താനും ഭാവിപരിപാടികൾ അടിയന്തിരമായി ചർച്ചചെയ്യാനും തയ്യാറായവർ എത്ര ചുരുക്കം! അതിന്റെ മുന്നിൽ വൈദികനായി എം.എ. അച്ചൻ മാത്രം.

കെ. സി. മാമ്മൻ മാപ്പിള 'ജീവിതസ്മരണകൾ' തുടരുന്നു:

പിറെറദിവസം ഞായറാഴ്ചയായിരുന്നു. അന്നത്തെ പള്ളി സർവ്വീസി

2. കെ.സി. മാമ്മൻ മാപ്പിള ,ജീവിതസ്മരണകൾ, മലയാള മനോരമ ആഴ്ചപ്പതിപ്പ്. ഒക്ടോബർ 6, 1956. പു. 32-33.

www.malankaralibrary.com



നിടയിൽ മുടക്കു കല്പന ബാവ പള്ളിയോഗ സമക്ഷം വായിക്കണമെന്നായിരുന്നു മി. സി. ജെ. കുര്യൻ ഉൾപ്പെടെയുള്ള ബാവാകക്ഷി പ്രധാനികൾ തീരുമാനിച്ചിരുന്നത്. ഞായറാഴ്ച എന്തെങ്കിലും ബഹളമുണ്ടാകുമെന്ന് ഇരുകക്ഷികളിലുംപെട്ട ജനങ്ങൾക്ക് അറിയാമായിരുന്നതുകൊണ്ടായിരിക്കണം പള്ളി നിറഞ്ഞുകവിഞ്ഞ് വെളിയിലും ജനങ്ങൾ വന്നുകൂടി. മെത്രാൻപക്ഷത്തുള്ള ബഹുശതം ജനങ്ങൾ 'വരുന്നതു വരട്ടെ' എന്ന മട്ടിൽ വിപ്ലവാത്മകമായ അക്ഷമയോടും കലഹസന്നദ്ധതയോടും കൂടിയാണ് അവിടെയെല്ലാം നിറഞ്ഞു നിന്നത് എന്നു പ്രത്യക്ഷമായിരുന്നു. പൊട്ടുന്നതിനുമുമ്പു ഭയാനകമായി ഇരമ്പിനിന്ന ഒരു അഗ്നിപർവ്വതത്തിൻെറ പ്രതീതിയാണ് അവിടെ അപ്പോൾ വ്യാപരിച്ചിരുന്നത്. മെത്രാപ്പോലീത്ത അന്നേദിവസം പള്ളിയിൽ വന്നില്ല. പഴയ സെമിനാരിയിൽ ഇരുന്നതേയുള്ളൂ. പള്ളിയാരാധനാ ശുശ്രൂഷതുടങ്ങി. കോനാട്ടു മല്പാൻ തുടങ്ങി ബാവാപക്ഷക്കാരായ വൈദികപ്രധാനന്മാർ മദുബഹായ്ക്കകമേ നിൽക്കുകയായിരുന്നതിനാൽ വെളിയിൽ ജനങ്ങൾ എത്രമാത്രം ക്ഷോഭിച്ച് അക്ഷമരായിട്ടാണു നിൽക്കുന്നതെന്നുള്ള സംഗതി മല്പാനച്ചനും മററും ആദ്യം ശരിക്കു മനസ്സിലാക്കുവാൻ സാധിച്ചിരിക്കുകയില്ല. എന്നാൽ, വെളിയിൽ ജനക്കൂട്ടത്തിൽ ഇടകലർന്നു നിന്ന സി. ജെ. കുര്യനും മററും അപ്പോൾതന്നെ ഗുരുതരാവസ്ഥ നല്ലവണ്ണം ബോദ്ധ്യപ്പെട്ടു. സി. ജെ. കുര്യൻ ആ ആൾക്കൂട്ടത്തിൽ നിന്നുകൊണ്ടുതന്നെ, ഒരു കടലാസുകഷണത്തിൽ ഒരു കുറിപ്പെഴുതി, മദുബഹായിൽ നില്ക്കുന്ന കോനാട്ടു മല്പാനെ ഏല്പിക്കുന്നതിനായി ഒരു ശെമ്മാശ്ശൻവശം കൊടുത്തയച്ചു.കോനാട്ടു മല്പാനച്ചൻ ആ കുറിപ്പ് അവിടെനിന്നുകൊണ്ടുതന്നെ രഹസ്യമായി വായിച്ചശേഷം തുണ്ടുതുണ്ടായി കീറി അവിടെത്തന്നെ താഴെയിട്ടു. ഒരുപക്ഷേ അതെന്താണെന്നു മററാരും ശ്രദ്ധിക്കുകയില്ലെന്നു കോനാട്ടു മല്പാനച്ചൻ വിചാരിച്ചിരുന്നിരിക്കാം. എന്നാൽ തദവസരത്തിൽ മദുബഹായിലുണ്ടായിരുന്ന വൈദികവൃന്ദത്തിൽ ഒരാളിൻെറ കൂർമ്മദൃഷ്ടി അവിടെ നടക്കുന്നതെല്ലാം സൂക്ഷിച്ചുകൊണ്ടിരുന്നു. ഫാദർ പി. ററി. ഗീവർഗീസായിരുന്നു അത്. വളരെ ദൂരംപായുന്ന അദ്ദേഹത്തിൻെറ ദൃഷ്ടിപാതം, ഒടുവിൽ യാക്കോബായ സുറിയാനി സഭയുടെ അതിർത്തികളെത്തന്നെ കടന്ന് അപ്പുറം പോകുകയുണ്ടായല്ലോ. അദ്ദേഹം മദുബഹായിക്കുള്ളിൽ മററു വൈദികരോടൊപ്പം നിന്നനിൽപ്പിൽ കുനിഞ്ഞ് ആ കടലാസുകഷണങ്ങൾ കൈയിലെടുത്തു സൂക്ഷിച്ചു. പിന്നീട് അവയെല്ലാം കൂട്ടിച്ചേർത്തുവച്ചു വായിച്ചു നോക്കിയപ്പോൾ അന്നേദിവസം മുടക്കുകല്പന പള്ളിയോഗത്തിൽ വായിക്കേണ്ടതില്ലെന്നൊരു നിർദ്ദേശമായിരുന്നു മി. സി.ജെ. കുര്യൻ കുറിച്ചു കൊടുത്തയച്ചതെന്നു കാണപ്പെട്ടു. മി. സി.ജെ.കുര്യൻെറ സ്വന്തകയ്പടയിൽ എഴുതപ്പെട്ടിരുന്ന ആ കുറിപ്പ് പിന്നീടു വളരെക്കാലത്തേക്കു ഫാദർ പി.ററി. ഗീവർഗീസ് സൂക്ഷിച്ചു വച്ചിരുന്നതായി അറിയാം. ഇപ്പോൾ അത് ഉണ്ടോ എന്തോ?



ഫാദർ പി.ററി. ഗീവർഗീസിൻെറ ക്രാന്തദർശിത്വവും സഭാകാര്യങ്ങളിലുള്ള തീക്ഷ്ണതയും തെളിയിക്കുന്ന അതിപ്രധാനമായ ഒരു സന്ദർഭമാണ് കെ.സി. മാമ്മൻ മാപ്പിള വെളിപ്പെടുത്തുന്നത്. മലങ്കര സഭയുടെമേൽ ഒരശനിപാതം വന്നുപതിക്കാൻ പോവുകയാണെന്നുള്ള അറിവ് അദ്ദേഹത്തെ അസ്വസ്ഥനാക്കിയിരുന്നു. പക്ഷേ അതിൻെറ പേരിൽ ധൈര്യം വെടിഞ്ഞ് പാത്രിയർക്കീസിൻെറ ഇംഗിതത്തിനു വഴങ്ങിക്കൊടുക്കാൻ സന്നദ്ധനായിരുന്നില്ല എം.എ. അച്ചൻ. ആളും അർത്ഥവും കുറഞ്ഞാലും സത്യത്തിനും സുറിയാനി സഭയുടെ രക്ഷയ്ക്കുംവേണ്ടി ഒരു ജീവന്മരണപോരാട്ടത്തിന് അദ്ദേഹം തയ്യാറെടുക്കുകയായിരുന്നു.

വിദേശത്തുനിന്നു വന്നെത്തുന്ന പാത്രിയർക്കീസുമാർ ഇവിടെ ആദ്ധ്യാത്മികാഭിവൃദ്ധി സൃഷ്ടിക്കുന്നതിനുപകരം ലൗകികാധികാരത്തിൽ കണ്ണുംവച്ചു ചേരിതിരിവുകൾ ഉളവാക്കുന്നതിനാണ് എക്കാലവും ഉത്സാഹം പുലർത്തിപ്പോന്നത്. ക്രിസ്തുവിൻെറ രക്ഷാകരദൗത്യം തുടരുന്നതിനല്ല, സ്വന്തം മടിശ്ശീല വീർപ്പിക്കുന്നതിലായിരുന്നു വൈദേശികരായ സഭാപിതാക്കന്മാരിൽ പലരും ശുഷ്ക്കാന്തി പുലർത്തിയിരുന്നത്. ഈ പാരമ്പര്യം നാട്ടുമെത്രാന്മാർപോലും പിൽക്കാലത്തു പിന്തുടരുകയുംചെയ്തു.

എ. ഡി. 1665-ൽ എത്തിയ മാർ ഗ്രിഗോറിയോസ് പാത്രിയർക്കീസാണ് മലങ്കരയിൽ ഏകയോഗക്ഷേമമായി കഴിഞ്ഞിരുന്ന ക്രിസ്തീയ കൂട്ടായ്മയിൽ ആദ്യമായി ശൈഥില്യത്തിൻെറ വിഷബീജങ്ങൾ പാകിയത്. സമൂഹം ഭിന്നിച്ച് യാക്കോബായ സഭ രൂപംകൊണ്ടു. 1751-ൽ അന്ത്യോഖ്യയിൽ നിന്നെത്തിയ മറെറാരു മാർ ഗ്രിഗോറിയോസ് കാട്ടുമങ്ങാട്ടു റമ്പാനെ മാർ കൂറിലോസ് എന്നപേരിൽ സ്ഥാനാരോഹണം ചെയ്യിച്ചു. ഫലമോ, തൊഴിയൂർ സഭയുടെ ആവിർഭാവം. 1875-ൽ ആഗതനായ പത്രോസ് പാത്രിയർക്കീസ് മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തയെ മുടക്കി. മാർത്തോമ്മാ സഭ രൂപംകൊണ്ടതാണ് അനന്തരഫലം. 1910-ൽ എഴുന്നള്ളിയ അബ്ദള്ള പാത്രിയർക്കീസ് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ മുടക്കി മിടുക്കുകാട്ടിയപ്പോൾ മെത്രാൻ കക്ഷി ജന്മമെടുക്കുകയും പിൽക്കാലത്ത് അത് മലങ്കര ഓർത്തഡോക്സ് സഭയായി പരിണമിക്കുകയും ചെയ്തു. മററനുഭവങ്ങളിൽ നിന്നു വ്യത്യസ്തമായി സഭാന്തരീക്ഷം അത്യന്തം പ്രക്ഷുബ്ധമാകുന്നതിന് ഇത് ഇടയാക്കി. ഏററുമുട്ടലുകളും വ്യവഹാരങ്ങളും നിമിത്തം മലങ്കര സഭയിൽ സമാധാനം- നഷ്ടമായി. ആരാധനാജീവിതത്തിനു പകരം ആയുധപരിശീലനത്തിനും പ്രയോഗത്തിനുമായി പ്രാമുഖ്യം.

ഈ അഗ്നിപരീക്ഷണത്തിൽ നിന്ന് മലങ്കരസഭയെ എങ്ങനെ രക്ഷിക്കാം എന്ന ചിന്തയിൽ എം. എ. അച്ചൻെറ മനസ്സ് സദാ വ്യാകുലമായിരുന്നു.

www.malankaralibrary.com

# 6

# തമസോ മാ ജ്യോതിർ ഗമയ

ഭൗതികാധികാരത്തിലും സമ്പത്തിലും ആർത്തിപൂണ്ട അബ്ദള്ള പാത്രിയർക്കീസിന്റെ അതിമോഹങ്ങൾക്ക് സ്വാർത്ഥലോലുപരായ ചില വൈദികരും ജനപ്രതിനിധികളും 'ഹലേലുയ്യാ' പാടാൻ സന്നദ്ധരായി. മലങ്കര മെത്രാപ്പോലീത്തയുടെയും ഫാദർ പി. റ്റി. ഗീവർഗീസിന്റെയും ജീവഹാനി വരുത്താനുള്ള ഗൂഢതന്ത്രങ്ങളും അണിയറയിൽ രൂപംകൊള്ളുന്നുണ്ടായിരുന്നു. സഭയടെ പാരമ്പര്യം സംബന്ധിച്ചരേഖകളും മററും ക്രാന്തദർശി യായ ഫാദർ പി.റ്റി. ഗീവർഗീസ് പഴയസെമിനാരിയിൽനിന്ന് എം. ഡി.സെമിനാരിയിലേക്കു മാററിയത് കൈവശപ്പെടുത്താൻ എതിരാളികൾ ശ്രമമാരംഭിച്ചു സംഘർഷ പൂർണ്ണമായ ഒട്ടേറെ രംഗങ്ങൾ അരങ്ങേറി. അവയെ ക്കുറിച്ച് 'ഗിരിദീപ'ത്തിൽ ഫാദർ പി. റ്റി. ഗീവർഗീസ് പരാമർശിക്കുന്നുണ്ട്. അന്നത്തെ സഭാന്തരീക്ഷത്തിൽ നിറഞ്ഞു നിന്ന കാലുഷ്യത്തിന്റെ സ്വഭാവം ഗ്രഹിക്കുന്നതിന് അവ സഹായിക്കും.

> 1086 മിഥുനം 4-ാം തീയതി ഞായറാഴ്ചയാണ്. നേരംവെളുത്തു പ്രഭാത പ്രാർത്ഥനയും കഴിഞ്ഞ് നാം പഴയ സെമിനാരിയിലേക്കു യാത്രയ്ക്കൊരുങ്ങി. കുറെ പണം കൈയിലിരിക്കട്ടെ എന്നു കരുതി കൈപ്പെട്ടിയെടുക്കാൻ പറഞ്ഞു. വച്ചിരുന്ന സ്ഥലത്തു പെട്ടി കാണുന്നില്ല. മുറിയെല്ലാം പരിശോധിച്ചു. എന്നിട്ടും തഥൈവ! മാനേജരും ശെമ്മാശ്ശന്മാരും എല്ലാവരും വന്നു. അന്നു മിസ്ററർ കെ.വി. ചാക്കോ അടുത്തൊരു വീട്ടിൽ താമസിക്കുന്നുണ്ടായിരുന്നു. ആളെവിട്ട് അദ്ദേഹത്തെ വരുത്തി. ആരെല്ലാം വന്നിട്ടും ഫലം നാസ്തി. പെട്ടിയിൽ കുറെ രൂപയുണ്ട്. അതിനു പുറമേ ഗൗരവതരങ്ങളായ പല രേഖകളും! കാര്യം ചുററിയല്ലോ എന്നു നാം അന്ധാളിച്ചു. അപ്പോൾ എത്തുന്നു, സ്കൂളിലെ തോട്ടക്കാരൻ. അവൻ സെമിനാരിവളപ്പിൽ താമസക്കാരനാണ്.
>
> 'എടാ, മുറിയിലിരുന്ന കൈപ്പെട്ടി കാണാനില്ല. ആരോ തട്ടിയതായിരിക്കണം, അന്വേഷിക്കണം കേട്ടോ?'
>
> 'ഇന്നു പുലർച്ചനേരത്തു കുശിനിപ്പുരയുടെ പിറകിൽനിന്നുകൊണ്ട് ഒന്നു രണ്ടു ശെമ്മാശ്ശന്മാർ മന്ത്രിക്കുന്നതു കണ്ടു. അടുത്തു ചെന്നപ്പോൾ അവർ ഒരോട്ടം. ഇവിടെ താമസിക്കുന്നവരല്ല അവരെന്നുതോന്നി.'



> 'എന്നാൽ കുശിനിയുടെ പിറകിലുള്ള കുഴിയിലൊന്നു നോക്കണമല്ലോ' എന്നു പറഞ്ഞ് ചിലർ അങ്ങോട്ടു പോയി. അവിടെ കുറെ സ്ഥലത്തു മണ്ണിളകിയതായി കാണപ്പെട്ടു. മാന്തിനോക്കി. പെട്ടിയവിടെ ഇരിക്കുന്നു! യാതൊരു ഹാനിയും പെട്ടിക്കുണ്ടായിരുന്നില്ല. അന്നുമുതൽ എല്ലാദിവസവും ഉറങ്ങാൻ നേരത്ത് ആ പെട്ടിയെടുത്തു നാം മറെറാരിടത്തു നിക്ഷേപിച്ചുവന്നു. സാധാരണയായി ആ പെട്ടി വയ്ക്കാറുള്ള സ്ഥലത്തിനുസമീപം അതുപോലെ വേറൊരു പെട്ടിവയ്ക്കുകയും പതിവായി.
>
> മറെറാരു ദിവസം രാത്രിയിൽ നാം എം.ഡി. സെമിനാരിവക ബംഗ്ലാവിലെ വടക്കേ അററത്തുള്ള വലിയ മുറിയിൽ സുഖമായി ഉറങ്ങുകയായിരുന്നു. പെട്ടി മോഷണം പോയതിൽപിന്നെ ആരെങ്കിലും ഒരാളെ മുറിയിൽ കിടത്തുക പതിവായിത്തീർന്നു. അന്നു മുറിയിൽ കിടന്നിരുന്നത് ചേപ്പാട്ടു പീലിപ്പോസ് ശെമ്മാശ്ശനായിരുന്നു. സ്കൂളിലുള്ള സർവ്വരും നിദ്രയിലാണ്ടു കഴിഞ്ഞു. ഇലയനക്കം പോലും കേൾക്കപ്പെടുന്നില്ല. പരിപൂർണ്ണമായ നിശ്ശബ്ദത. അടച്ചിരുന്ന ഒരു ജനലിന്റെ കൊളുത്ത് കമ്പി കടത്തി തുറന്ന് നാലഞ്ചു ഘാതകന്മാർ അകത്തു പ്രവേശിച്ചു. എല്ലാവരും സുഖമായി കിടന്നിരുന്ന നമ്മെ ആപാദചൂഡം ഒന്നുനോക്കി. ഒരാളുടെ പക്കൽ ഒന്നാന്തരം ഒരു വെട്ടുകത്തിയുണ്ട്.വേറൊരുവന്റെ കൈയിൽ ഒരു ചാക്കുമുണ്ട്. നാം ഇതൊന്നും അറിയുന്നില്ല, കാണുന്നുമില്ല. നമ്മുടെ പ്രാണൻ അപ്പോൾ തുലാസിൽ കിടന്നാടുകയാണ്. ഒരു വെട്ടിനു കഴുത്തും ഉടലും വേറെയാക്കുവാൻ അവർക്കു കിട്ടിയ ഒന്നാന്തരം അവസരം. സമീപത്തായികിടന്നിരുന്ന ശെമ്മാശ്ശൻ ഉണരുന്നപക്ഷം, അയാൾ എന്നെന്നേയ്ക്കും ഉണരാതിരിപ്പാനായി എന്താണു കൊടുക്കേണ്ടതെന്ന് അവരെ ആരും പഠിപ്പിക്കണമെന്നില്ലല്ലോ. വെട്ടുകത്തി പിടിച്ചിരുന്ന ആൾ കുറേകൂടി കട്ടിലിനോടടുത്തു.പ്രജ്ഞവിട്ട് ഉറങ്ങിയിരുന്ന നമ്മുടെ കിടപ്പുകണ്ടിട്ട് ഒട്ടും അടക്കം വരാതെ അയാൾ,'എന്താ കാച്ചുകയല്ലേ' എന്ന ഭാവത്തിൽ ചങ്ങാതികളെ വീക്ഷിച്ചു കൈ പൊക്കി. അനുകൂലവും പ്രതികൂലവും പറയാതെ മററുള്ളവർ നില്ക്കുകയേവേണ്ടിയിരുന്നുള്ളൂ, നിശ്ചയമായും അപ്പോൾ നമ്മുടെ മരണമാണ്! നശ്വരമായ സകലത്തിനോടുമുള്ള നമ്മുടെ ബന്ധം ആ മുഹൂർത്തത്തിൽ അവസാനിക്കുമായിരുന്നു. കത്തി ഉയർത്തിപ്പിടിച്ചിരുന്നവനെ കൂട്ടുകാരൻ വിലക്കി. ഉണരുന്നപക്ഷം ആകാമെന്ന് അവർ അന്യോന്യം തീർച്ചപ്പെടുത്തി. രണ്ടുപേർ നാം ഉണരുന്നുണ്ടോ എന്നു നോക്കിക്കൊണ്ടു സമീപേ നിന്നു. മററുള്ളവർ പെട്ടികൾ, പുസ്തകങ്ങൾ മുതലായവ കൊണ്ടുപോയി കടത്തുകയുമായി.
>
> (ഇതുവരെയുള്ള ഭാഗം ശത്രുപക്ഷത്തിൽ നിന്നുതന്നെ നാം കേട്ടിട്ടുള്ളതാണ്.)

www.malankaralibrary.com



എങ്ങനെയോ ശെമ്മാശ്ശൻ ഉണർന്നു നോക്കിയപ്പോൾ രണ്ടുപേർ കട്ടിലിനോടു ചേർന്നു നിൽക്കുന്നതും വേറെ ചിലർ മുറിയിലുണ്ടായിരുന്ന സാമാനങ്ങൾ പുറത്തേയ്ക്കെടുത്തുകൊടുത്തിരുന്നതും കണ്ടു. അയാളുടെ തുറന്നകണ്ണ് അക്ഷണത്തിൽ അടഞ്ഞുപോകുകയാണ് ചെയ്തത്. നമ്മുടെ കഥ കഴിഞ്ഞിരിക്കണമെന്ന് അയാൾ തീർച്ചപ്പെടുത്തി. അർദ്ധരാത്രിനേരത്ത് ഇങ്ങനെയൊരു കാഴ്ച കണ്ടാൽ പെട്ടെന്നു മോഹാലസ്യം ഉണ്ടാകുന്നതിൽ അതിശയിപ്പാനില്ലല്ലോ. ജീവച്ഛവം പോലെ നിശ്ചലനായി അയാൾ അതേകിടപ്പിൽ കിടന്നു. ഭാഗ്യമെന്നുതന്നെ പറയട്ടെ, അയാൾ എണീറ്റുമില്ല, നിലവിളിച്ചുമില്ല. നിലവിളിക്കാൻശ്രമിച്ചിട്ട് ശബ്ദം പുറത്തേക്കുയർന്നില്ല. മരണഭീതി അയാളെ അപ്പോൾ മോഹാന്ധനാക്കിത്തീർക്കുകതന്നെ ചെയ്തു. 'അയ്യോ' എന്ന് അയാൾ ശബ്ദിക്കുകയേ വേണ്ടിയിരുന്നുള്ളൂ, അയാളും നാമും ഒപ്പം ഇഹലോകവാസം വെടിയുമായിരുന്നു.ദൈവത്തിൻെറ അപാരമായ കൃപ ഒന്നല്ലാതെ മറെറാന്നുമല്ല, നമ്മെ അപ്പോൾ വെട്ടുകത്തിയുടെ വായിൽനിന്നു രക്ഷപ്പെടുത്തിയത്. ഘാതകന്മാർ എല്ലാവരും മുറിയിൽനിന്നു കടന്നു കളഞ്ഞു എന്നു ബോദ്ധ്യമായപ്പോൾ, അതുവരെ ചീമ്പ്രകണ്ണിട്ടു നോക്കിയിരുന്ന ശെമ്മാശ്ശൻ ചാടിയെണീറ്റു നമ്മെ വിളിച്ചുണർത്തി. നടന്നുകഴിഞ്ഞ സംഭവങ്ങൾ വിക്കിവിക്കി പറയാൻ തുടങ്ങി. സ്കൂൾ ബോർഡിംഗിൻെറ ഗൃഹവിചാരകനെ ഉദ്ദേശിച്ച് 'മാനേജർ' എന്നു വിളിച്ചു നാം അടുത്തമുറിയുടെ വാതിൽ തുറക്കുവാൻ ശ്രമിക്കുകയാണ് ഉടൻചെയ്തത്. പുറത്തേക്കു കടക്കുവാനുള്ള വാതിലുകളൊന്നും തുറന്നിട്ടു കിട്ടുന്നില്ല. അയാൾ ജനൽവഴി പുറത്തേക്കു ചാടി ഒരു വലിയ പെട്ടിയുമായി ഓടിയിരുന്നവനെ കണ്ട്'പിടിയെടാ' എന്നു നിലവിളിച്ചുകൊണ്ടൊരോട്ടം. ഏതാനും വാര ഓടിയപ്പോഴേക്കും ഘാതകന്മാർ സുറിയാനിപ്പുസ്തകങ്ങളിലിരുന്ന പെട്ടി നിലത്തിട്ടുംവച്ച് അതിശീഘ്രം കടന്നുകളഞ്ഞു. അപ്പോൾ അവരുടെ കൈവശം ഒരു കൈപ്പെട്ടി ഉണ്ടായിരുന്നു. അതുംകൊണ്ട് അവർ എം. ഡി. സെമിനാരിയുടെ വടക്കുവശത്തായി കീഴെയുള്ള റോഡുവഴി നാഗമ്പടം പാലം കടന്ന് ഓടി. പിറകേ'കള്ളൻ, കള്ളൻ' എന്നു വിളിച്ചുകൊണ്ടു മാനേജരും. അറത്തുട്ടിപ്പാലത്തിന് അടുത്തായപ്പോൾ ഘാതകരിൽ ഒരാളെ മാനേജർക്കു പിടികിട്ടി. കള്ളനെ പിടിച്ചാൽ ഉടൻ ചെയ്യേണ്ടുന്ന സർവ്വസാധാരണമായ പ്രയോഗത്തെപ്പററിയൊന്നും മാനേജർക്ക് അറിയാൻ പാടില്ലായിരുന്നു. അതിനാൽ കള്ളനോടൊപ്പം മാനേജർ വിറച്ചു തുടങ്ങി. നിന്നുകൊണ്ടു വിറയ്ക്കാനല്ലാതെ മറെറാന്നിനും മാനേജർപ്രാപ്തനല്ലെന്ന് അറിഞ്ഞ കള്ളൻ അയാളെ എടുത്തുംകൊണ്ട് ഒരേറും കഴിച്ച് കുരിശുപള്ളിയുടെ സമീപത്തേക്കായി ഒരു പാച്ചിൽ. എവിടേക്കുപോയോ ഏതുവീട്ടിൽ കയറിയോ ആർക്കും നിശ്ചയമില്ല. മാനേജർ മടങ്ങിവന്നു. മുറികളുടെ പുറത്തേക്കുള്ള വാതിലുകളെല്ലാം ബന്ധിച്ചിട്ടായിരുന്നു ഘാതകന്മാർ അകത്തു കടന്നതെന്നു പിന്നീടാണ് മനസ്സിലായത്. അന്നു



ശെമ്മാശ്ശനായി എം.ഡി. സെമിനാരിയിൽ താമസിച്ചിരുന്ന വാളക്കുഴിയിൽ ഫാദർ യൗസേപ്പ് വാതിൽ തുറന്നപ്പോൾ മാത്രമേ നമുക്കുപുറത്തേക്കിറങ്ങാൻ സാധിക്കുകയുണ്ടായുള്ളൂ.

ഇത്തവണത്തെ മോഷണത്തിലും എതൃപക്ഷക്കാർക്കു കാര്യമായ ഗുണമൊന്നും ലഭിക്കുവാൻ ഇടയായില്ല. പുസ്തകപ്പെട്ടി നമുക്കു തിരിയെ കിട്ടി. അവർ കൊണ്ടുപോയ പെട്ടി കാര്യമായ പെട്ടി അല്ലായിരുന്നു താനും. അതു വിലപിടിച്ച സാമാനങ്ങളൊന്നും സൂക്ഷിച്ചിട്ടില്ലാത്ത വെറുംപെട്ടിയായിരുന്നു.

നഷ്ടമൊന്നും ഉണ്ടായില്ലെങ്കിലും അന്നത്തെ ആ സംഭവം-നമ്മുടെ ജീവനെ ലക്ഷ്യം വച്ചു ചിലർ ചെയ്ത വിക്രിയകൾ-നാം ഇന്നും അനുസ്മരിക്കാറുണ്ട്. എന്തിനായിട്ടോ കുറേനാളു കൂടി ജീവിക്കുവാൻ ദൈവത്തിൽ നിന്ന് അനുവാദം ലഭിച്ച ഒരു രാത്രിയായിരുന്നു അതെന്നു നമുക്കറിയാം.[1]

മോഷണം, കൊലപാതകം എന്നീ ഹീനമാർഗ്ഗങ്ങളിലേതും സ്വീകരിച്ച് സഭാധികാരം കൈവശപ്പെടുത്താൻ പാത്രിയർക്കീസ്പക്ഷക്കാർ വ്യഗ്രതപ്പെട്ടപ്പോൾ മുഖ്യമായി ഉന്നംവച്ചത് എം. എ. അച്ചനെതന്നെയാണ്. വട്ടശ്ശേരിൽ തിരുമേനിയുടെ വലംകൈയായ അച്ചൻെറ സാന്നിധ്യം ഇല്ലായ്മചെയ്താൽ തങ്ങളുടെ വിജയം അനായാസമാണെന്ന് അവർ കണക്കുകൂട്ടി. പലതവണ അദ്ദേഹത്തിൻെറ കിടപ്പറയിൽ അവരുടെ ഗുണ്ടകൾ അതിക്രമിച്ചു കടന്നു; യാത്രതടഞ്ഞു; അസഭ്യവാക്കുകൾ വർഷിച്ചു. പക്ഷേ ആ കർമ്മധീരനെ പിന്തിരിപ്പിക്കാൻ അവയൊന്നും പ്രയോജനപ്പെട്ടില്ല.

സഭയുടെ ശാന്തി പൂർണ്ണമായും ഭഞ്ജിക്കപ്പെട്ടു. പഴയസെമിനാരി കലാപക്കളരിയായി അധഃപതിച്ചു. പാത്രിയർക്കീസ്പക്ഷക്കാരായ വൈദികരും സഭാട്രസ്ററികളും മററും അതുകൈയടക്കാൻ ചട്ടമ്പികളെ നിയോഗിച്ചു. അവരിൽനിന്ന് വട്ടശ്ശേരിൽ തിരുമേനിയെ രക്ഷിക്കാനും സഭാവസ്തുക്കൾ കൈപ്പിടിയിൽ നിലനിറുത്താനും ഫാദർ പി.ററി. ഗീവർഗീസിൻെറയും മററുംനേതൃത്വത്തിൽ സംരക്ഷണ വിഭാഗം ശക്തിപ്പെട്ടു.

വിഭിന്നങ്ങളായ ഉദ്ദേശ്യങ്ങളോടുകൂടി നിയമിതരായ ഇപ്പറഞ്ഞ രണ്ടു കൂട്ടരും തമ്മിൽ ഒരുതരത്തിലും സൗഹാർദ്ദം പുലർത്തിയിരുന്നില്ലെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. മെത്രാപ്പോലീത്തയുടെ അംഗരക്ഷകരിൽ ഒരാൾ ആററുപുറത്തു പാപ്പിയായിരുന്നു. 'ആനപ്പാപ്പി' എന്ന പേരിൽ അറിയപ്പെടുന്ന ഇവനെ നമ്മുടെ എഴുത്തനുസരിച്ചു തിരുവല്ലയിൽ നിന്നു മിസ്ററർ കെ. എം. മാമ്മൻ മാപ്പിള അയച്ചു തന്നതായിരുന്നു. എന്തിനായി അവൻ നിയോഗിക്കപ്പെട്ടുവോ അതിൽ അവൻ

1. മാർ ഈവാനിയോസ്, ഗിരിദീപം. പു. 11-19.

www.malankaralibrary.com



ബദ്ധശ്രദ്ധനായിരുന്നുവെന്നു പറയാം. ആനപ്പാപ്പിയുടെ വരവ് ചട്ടമ്പികൾക്ക് ഒട്ടുംതന്നെ സുഖകരമായില്ല. അവരുടെ ദുരുദ്ദേശ്യങ്ങൾക്ക് പാപ്പി തടസ്സക്കാരനാണെന്നും അവനോടെതിരിട്ടാൽ കുഴപ്പമാണെന്നും അവർ മനസ്സിലാക്കി. ദീർഘകായനായിരുന്നില്ലെങ്കിലും തടിച്ചു പനങ്കുററിപോലെ ഇരുന്നിരുന്ന അവൻ ഭാവം മാറി ഒന്നു നോക്കിയാൽ ചട്ടമ്പികൾ ഉടൻ തലകുനിക്കുകയായി. സ്വവർഗ്ഗത്തിന്റെ മേധാവിയായ പാപ്പിയും ചട്ടമ്പികളും തമ്മിൽ അന്യോന്യം പൊരുത്തമില്ലാതെ തന്നെ കഴിഞ്ഞുകൂടിപ്പോന്നു. പൊട്ടാസും മനയോലയുംചേർത്തു വെയിലത്തു വച്ചാലെന്നപോലെ എപ്പോഴാണ് തീപുറപ്പെടുക എന്ന് ഏവരും ഭയപ്പെട്ടിരുന്ന ഒരു അവസരമായിരുന്നു അത്.

ഒരു ദിവസം നാം എം. ഡി. സെമിനാരിയിൽ ഇരിക്കുമ്പോൾ 'ആനപ്പാപ്പിയെ അതാ തല്ലിക്കൊന്ന് ആശുപത്രിയിൽ കൊണ്ടുവന്നിട്ടിരിക്കുന്നു' എന്ന് ഒരാൾ പറഞ്ഞതു കേട്ട് നാം ഞെട്ടിത്തെറിക്കുകതന്നെ ചെയ്തു. എപ്പോൾ മരിച്ചു, മരണകാരണം എന്ത് എന്നൊന്നും അപ്പോൾ അന്വേഷിക്കാൻ നിൽക്കാതെ നാം ക്ഷണം ആശുപത്രിയിലേക്കു നടന്നു. നമ്മോടുകൂടി മിസ്ററർ മാമ്മൻ മാപ്പിളയുടെ അനുജനായ മിസ്ററർ കെ. സി. മാത്യുവും ഉണ്ടായിരുന്നു. ഞങ്ങൾ ഇരുവരുംകൂടി ആശുപത്രിയിലേക്കുപോയി. പാപ്പി അന്നു മരിച്ചില്ലെങ്കിലും അത്യാസന്നസ്ഥിതിയിൽ കിടന്നിരുന്നു. പിറേറദിവസം 1087 മീനം 19-ാം തീയതി ഞായറാഴ്ച രാത്രി മൂന്നു മണിക്ക് അവൻ മരിച്ചുപോയി. അനന്തരം പാപ്പിയുടെ ശവം പോസ്ററുമാർട്ടം ചെയ്യാൻ തുടങ്ങി. ഡോക്ടറുടെ അനുമതിയോടുകൂടി നാമും കൂടെയുള്ള ആളും ശവം കിടത്തിയിരുന്ന മുറിയിലേക്കു പ്രവേശിച്ചു. ശവം കീറിത്തുടങ്ങി. തലയുടെ തൊലി ഉരിച്ചപ്പോൾ തലയോടു പത്തു പതിമൂന്നു കഷണങ്ങളായി പൊട്ടിപ്പൊളിഞ്ഞിരിക്കുന്നു എന്നു മനസ്സിലായി. അടികൾ മുഴുവൻ തലയ്ക്കുതന്നെ ആയിരുന്നിരിക്കണം. പോസ്ററുമാർട്ടത്തിനു ശേഷം യഥാവിധി സംസ്കാരക്രമം നടത്തി.

മലങ്കര സുറിയാനിസമുദായത്തിലെ ദ്വന്ദ്വയുദ്ധങ്ങൾ, തമ്മിൽത്തമ്മിലുണ്ടായിരുന്ന തൊഴുത്തിൽകുത്ത്, അനർഹമായ വ്യാമോഹം, സ്വാർത്ഥപരമായ അഭിവാഞ്ഛ എന്നിവയെല്ലാംകൂടി ഒടുവിൽ പഴയസെമിനാരിയുടെ മുററത്തെ രക്തത്തിൽ കുളിപ്പിച്ചുവല്ലോ എന്നു നാംവിഷാദിച്ചു. സാമുദായികമായ ദുരഭിമാനവും വാശിയുംകൊലപാതകത്തിലേക്കുതന്നെ മനുഷ്യരെ ഇറക്കിവിട്ടുകളഞ്ഞു.[2]

നിരന്തരമായ സംഘട്ടനങ്ങളും കോടതിവ്യവഹാരങ്ങളുംകൊണ്ട് പൊറുതിമുട്ടിയ സന്ദർഭങ്ങളിൽ മലങ്കര മെത്രാപ്പോലീത്തയായ വട്ടശ്ശേരിൽ

2. മാർ ഈവാനിയോസ്, ഗിരിദീപം. പു. 21-23.



മാർ ദീവന്നാസ്യോസിനെ ഏറെ വ്യാകുലപ്പെടുത്തിയത് അബ്ദള്ള പാത്രിയർക്കീസ് അടിച്ചേല്പിച്ച മുടക്കുകല്പനയാണ്. ഇതിൽനിന്നു മോചനം നേടുന്നതിന് ഒരു മാർഗ്ഗമായി കണ്ടത് അബ്ദള്ള പാത്രിയർക്കീസിനു മുൻപേ പാത്രിയർക്കീസ് പദത്തിൽ അവരോധിതനായ അബ്ദദ് മ്ശിഹായെ മലങ്കര സഭയിൽ ക്ഷണിച്ചുവരുത്തുകയാണ്. തുർക്കി സുൽത്താൻ സ്ഥാനഭ്രഷ്ടനാക്കിയതുകൊണ്ട് അപമാനിതനായി കഴിഞ്ഞിരുന്ന ഈ ബാവയെ അക്കാലംവരെ മലങ്കര സുറിയാനിസഭ മേലദ്ധ്യക്ഷനായി അംഗീകരിച്ചിരുന്നില്ല എന്നത് പരമസത്യം. വട്ടശ്ശേരിൽ മല്പാൻ മെത്രാഭിഷേകം സ്വീകരിച്ചത് അബ്ദള്ള പാത്രിയർക്കീസിൽ നിന്നായിരുന്നുവെന്നത് ഇതിനു സ്പഷ്ടമായ തെളിവാണ്. പക്ഷേ പുതിയ പ്രതിസന്ധിയിൽനിന്നുള്ള ഏകരക്ഷാമാർഗ്ഗം അബ്ദദ് മ്ശിഹായെ മലങ്കരയിൽ ക്ഷണിച്ചുവരുത്തി മുടക്കു തീർക്കുകയും കാതോലിക്കാ സിംഹാസനം സ്ഥാപിക്കുകയും മാത്രമായിരുന്നു. വ്യവഹാര വിജയത്തിനും അത് ആവശ്യമായിരുന്നു. ഈ ആശയമുദിച്ചത് സ്വാഭാവികമായും ഫാദർ. പി. ററി. ഗീവർഗീസിന്റെ സിരാപടലത്തിൽ തന്നെ. അബ്ദള്ള പാത്രിയർക്കീസിന്റെ മുടക്ക് ഉണ്ടായഉടനെ അദ്ദേഹം ആ വിവരം കാണിച്ച് അബ്ദദ് മ്ശിഹാ പാത്രിയർക്കീസിനു കമ്പിയടിച്ചു. ഉടനെ ആശ്വാസകരമായ മറുപടിയും വന്നു:

> "ദീവന്നാസ്യോസും കൂടെയുള്ളവരും അനുഗൃഹീതരാകുന്നു. അബ്ദള്ളയുടെ മുടക്ക് അസാധുവായിട്ടുള്ളതത്രേ."[3]

ഇനി അബ്ദദ് മ്ശിഹായെ മലങ്കരയിൽ വരുത്തുകയേ വേണ്ടൂ. മുടക്കു തീർക്കുക, കാതോലിക്കാ വാഴ്ചനടത്തുക. അബ്ദള്ളാ പാത്രിയർക്കീസിന്റെയും അനുയായികളുടെയും ഭീഷണി വകവയ്ക്കാതെ അതിനുള്ള ഒരുക്കങ്ങളായി. ഇക്കുറിയും പാത്രിയർക്കീസിനെ സ്വീകരിക്കാൻ ബോംബേയിൽ എത്തിയത് ഫാദർ പി. ററി .ഗീവർഗീസ്തന്നെയാണ്.

മലങ്കരമെത്രാപ്പോലീത്ത വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെയും മേല്പട്ടക്കാരുടെയും ജനങ്ങളുടെയും അഭിമതമനുസരിച്ച് പൗരസ്ത്യ കാതോലിക്കയായി കണ്ടനാട് ഭദ്രാസനാധിപൻ മാർ ഈവാനിയോസിനെ തിരഞ്ഞെടുത്തു. നിരണത്തുവച്ച് കാതോലിക്കാ വാഴ്ചയ്ക്കുള്ള ഏർപ്പാടുകളും പൂർത്തിയാക്കി. 1088 ചിങ്ങം 31-ാം തീയതി ഞായറാഴ്ചയായിരുന്നു ആ ചരിത്രമുഹൂർത്തം.

പക്ഷേ സമയമായപ്പോൾ പുതിയ പ്രതിസന്ധികൾ ആവിർഭവിച്ചു. എന്തിനുവേണ്ടി അബ്ദദ് മ്ശിഹായെ മങ്കരയിലേക്ക് ആനയിച്ചുവോ അതിൽ പ്രധാനപ്പെട്ട കാതോലിക്കാവാഴ്ച നടത്തുന്നതിനു പാത്രിയർക്കീസ് വിസമ്മതിച്ചു. വട്ടശ്ശേരിൽ തിരുമേനിയും മററുള്ളവരും എത്രതന്നെ അപേക്ഷി

3. മാർ ഈവാനിയോസ്, ഗിരിദീപം. പു. 19.

www.malankaralibrary.com



ക്കുകയും നിർബ്ബന്ധിക്കുകയും ചെയ്തിട്ടും പാത്രിയർക്കീസ് കതകടച്ച് മുറിയിലിരിപ്പായി. വിവരം ഗ്രഹിച്ച ഫാദർ പി.ററി. ഗീവർഗീസ് നേരേചെന്നു കതകിനു മുട്ടി. ഈ സന്ദർഭം 'ഗിരിദീപ'ത്തിൽ ഇങ്ങനെ ചിത്രീകരിക്കുന്നു:

കതകു തുറക്കുകയാൽ അകത്തു പ്രവേശിച്ച് നാം കതകടച്ചു.

'എന്താണീ കേറക്കുന്നത്? ഇതിൽപരം ഒരപമാനം വരുവാനില്ലല്ലോ. മേലിൽ അവിടുത്തെ കല്പനകളെ ജനങ്ങറ വിശ്വസിക്കുമോ? അവിടുത്തെ പേരിൽ അവർക്കു സ്നേഹവും ഭക്തിയും തോന്നുമോ? ഞങ്ങറക്കു കാതോലിക്കാസിംഹാസനം പ്രതിഷ്ഠിച്ചു തരികയാണു വേണ്ടതെന്ന് ഇന്നല്ലല്ലോ അപേക്ഷിക്കാൻ തുടങ്ങിയത്. തിരുമനസ്സിലെ പേർക്ക് ഞാൻ ഒന്നാമതായി അയച്ച കത്തിൽപ്പോലും ഇതിനെക്കുറിച്ച് അപേക്ഷിച്ചിരുന്നല്ലോ. അതിൽപിന്നെ എല്ലാകത്തുകളിലും ഇതു തന്നെയല്ലയോ ഞാൻ കാണിച്ചിരുന്നത്. അവിടുന്ന് അയച്ചിരുന്ന എല്ലാ കല്പനകളിലും അതിന് അനുകൂലമായിത്തന്നെ അവിടുന്നു പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ടല്ലോ. ഇവിടെ വന്നതിനുശേഷവും ഞാനും മെത്രാപ്പോലീത്താതിരുമേനികളും ഇതുതന്നെയല്ലയോ അപേക്ഷിച്ചിരുന്നത്. ഈ മുഹൂർത്തംവരെയും അവിടുന്നു യാതൊരു അപ്രിയവും പ്രദർശിപ്പിക്കാതെ ഇപ്പോഴെന്താണ് ഇങ്ങനെ കല്പിക്കാൻ തുടങ്ങുന്നതെന്നു മനസ്സിലാകുന്നില്ല.'

'നമ്മുടെ വാത്സല്യമകനേ, നാം എന്താണു ചെയ്യുക? കാതോലിക്കാസ്ഥാപനപ്രതിഷ്ഠയിൽ നമ്മെ സംബന്ധിച്ചിടത്തോളം യാതൊരു വിസമ്മതവുമില്ല. അങ്ങനെ തെറ്റിദ്ധരിക്കരുത്.'

'എന്നാൽ പള്ളിയിലേക്കിറങ്ങാം.'

'വരട്ടെ. നാം മുഴുവനും പറഞ്ഞവസാനിപ്പിച്ചില്ലല്ലോ. നമ്മുടെ സ്വരാജ്യക്കാർക്ക് നമ്മുടെ ആ പ്രവൃത്തി ഒട്ടുംതന്നെ തൃപ്തികരമായിരിക്കയില്ല. അങ്ങനെയായിരിക്കാനാണ് ഇടയുള്ളതെന്നു തോന്നുന്നില്ലേ? നിശ്ചയമായും അവർക്കു വലിയ അനിഷ്ടമായ ഒന്നായിരിക്കും അത്. അതിനെപ്പററി നാം കാര്യമായി ഗൗനിക്കേണ്ടതല്ലയോ.?'

'അവർക്ക് ഇഷ്ടമോ അനിഷ്ടമോ എന്തെങ്കിലുമാവട്ടെ. അവിടുന്നു ഞങ്ങളുടെ മുട്ടിപ്പായ അപേക്ഷയെ സാധിച്ചുതരണം.'

'നമുക്കു യാതൊരു വിരോധവുമില്ല. നാം കുറേക്കൂടിതെളിവായിപറഞ്ഞു കൊള്ളട്ടെയോ? നമ്മുടെകൂടെ വന്നിട്ടുള്ള റമ്പാന്മാരിൽ രണ്ടുപേരും ഇക്കാര്യത്തിൽ വിരോധാഭിപ്രായക്കാരാണ്. അതു നമുക്കു പ്രത്യക്ഷമായിരിക്കുന്നു, ഇപ്പോറ. അവരുടെ വഴക്കിനെ അവഗണിച്ചു പ്രവർത്തിക്കുന്നപക്ഷം പോകുന്നവഴിക്ക് അവർ നമ്മെ കപ്പലിൽനിന്ന് കടലിലേക്ക് എടുത്തെറിയും എന്ന് ഇന്നലെ രാത്രി പറഞ്ഞിരിക്കുന്നു. എന്തൊരു



വലിയ വിപത്താണ് നമുക്കു നേരിട്ടിരിക്കുന്നതെന്നു നമ്മുടെ മകൻ കണ്ടുവോ?'

'ഈ റമ്പാന്മാരെ അവിടുന്നു ഭയപ്പെടുകയോ? യാതൊരാവശ്യവുമില്ല. അവർ വിചാരിച്ചാൽ ഒന്നും നടക്കുകയില്ല.'

'ഇങ്ങനെപറഞ്ഞതുകൊണ്ട് നമുക്കെങ്ങനെ ധൈര്യമുണ്ടാകും? സ്വദേശത്ത് എത്തുന്നതുവരെ നിങ്ങറക്കു നമ്മോടൊന്നിച്ചു പോരാൻ സാധിക്കുമോ? അതാണ് നമുക്കറിയേണ്ടത്.'

'ബോംബേവരെ നിശ്ചയമായും ഞാൻ അവിടുത്തെകൂടെ ഉണ്ടാവും. കപ്പലിൽ കയററിയേ ഞാൻ മടങ്ങിപ്പോരുന്നുള്ളൂ. അവിടെവച്ചു ഞാൻ കൂടി പോന്നേ മതിയാകയുള്ളൂ എന്നു കല്പിക്കുന്നപക്ഷം അതിനും ഞാൻ ഒരുക്കംതന്നെ. സ്വരാജ്യത്ത് ഇറക്കിവിട്ടേക്കാം; പോരേ?'

'വേറൊരു സംഗതിയിലും റമ്പാന്മാരെപ്പററി നമുക്കു ഭയമുണ്ട്. പറയുമ്പോറ എല്ലാം പറയണമല്ലോ. നമ്മുടെ കൈവശം പണമായി കുറെ വല്ലതുമുണ്ടെങ്കിൽ അതു തട്ടിയെടുക്കാനായിട്ടും അവർ വല്ലതും ചെയ്തേക്കാവുന്നതല്ലയോ? വൃദ്ധനായ നമ്മെക്കൊണ്ട് എന്തുകഴിയും?'

'എല്ലാം മനസ്സിലായി. തിരുമനസ്സുകൊണ്ട് ഈ വകയിലൊന്നും ഭയപ്പെട്ടിട്ടാവശ്യമില്ല. എനിക്കായുസ്സുണ്ടെങ്കിൽ എന്നുമാത്രമേ ഞാനിപ്പോറ ഉണർത്തിക്കുന്നുള്ളൂ, ശീമയിൽ നിന്ന് ഇത്രകഷ്ടപ്പെട്ട് ഇവിടെ വന്നിട്ട് ഉദ്ദേശിച്ച കാര്യം സാധിക്കാതെ പോയാൽ തിരുമനസ്സിലേക്കും മലങ്കര സഭയ്ക്കും അതൊരു വലിയ നഷ്ടത്തിനും വ്യസനത്തിനും കാരണമായിത്തീരും. അവിടുന്ന് ഒരിക്കലും വാഗ്ദാനം ലംഘിക്കരുത്. വളരെയധികം ജനങ്ങറ വന്നുകൂടിയിരിക്കുന്നു. പള്ളിയിലേക്ക് എഴുന്നെള്ളാം'

'ഓഹോ! തയ്യാർ.'[4]

ഫാദർ പി. ററി. ഗീവർഗീസിൻെറ സമയോചിതവും ബുദ്ധിപൂർവകവുമായ ഇടപെടൽ നിമിത്തം കാതോലിക്കാസ്ഥാപനം സുഗമമായി നടന്നു. പൗരസ്ത്യസിംഹാസനം മലങ്കരയിൽ ഉറപ്പിച്ചതായുള്ള രേഖയും ലഭ്യമായി. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തയുടെ ശിരസ്സിൽപതിച്ച മുടക്കിൻെറ മുറക്കിരീടം അദ്ദേഹത്തിൻെറ വത്സലശിഷ്യൻ എടുത്തുമാററി. മലങ്കര സുറിയാനിസഭയ്ക്കുണ്ടായ കളങ്കം പാടേ കഴുകികളഞ്ഞു.

ഉറപ്പുനൽകിയതുപോലെ ഫാദർ പി. ററി. ഗീവർഗീസ് ബോംബേവരെ അബ്ദദ് മ്ശിഹാ പാത്രിയർക്കീസിനെ അനുഗമിച്ചു. പാത്രിയർക്കീസിൻെറ കൈയിൽ പലരിൽനിന്നും സമ്മാനമായി ലഭിച്ച ഗണ്യമായ തുകയുണ്ടായി

4. മാർ ഈവാനിയോസ്, ഗിരിദീപം. പു. 27-29.

www.malankaralibrary.com



രുന്നു. അത് കൂടെ വന്നവർ കവർച്ച ചെയ്യുമോ എന്നായിരുന്നു അബ്ദദ് മ്ശിഹായ്ക്കു ഭയം. അതൊഴിവാക്കാൻ ബാവയെ ഒരു കപ്പലിലും റമ്പാന്മാരെ യാത്രക്കൂലി കുറവുള്ള മററൊരു കപ്പലിലും ഫാദർ പി.ററി. ഗീവർഗീസിൻെറ അതിസാമർത്ഥ്യംനിമിത്തം കയററി അയയ്ക്കാൻകഴിഞ്ഞു. സമാധാനത്തോടെ പാത്രിയർക്കീസ് മലങ്കര വിട്ടു.

ഫാദർ പി.ററി. ഗീവർഗീസിൻെറ ഇടപെടൽ ഇല്ലായിരുന്നെങ്കിൽ? അദ്ദേഹവും മററുപലരേയുംപോലെ, സ്വന്തനില നോക്കി ഒഴിഞ്ഞു നിന്നിരുന്നെങ്കിൽ? വട്ടശ്ശേരിൽ തിരുമേനി അപമാനഭാരത്തോടെ അന്ത്യനിദ്ര പ്രാപിക്കുമായിരുന്നു; മലങ്കരസഭ പാത്രിയർക്കീസ് ഭരണത്തിൽ വ്യക്തിത്വം നഷ്ടപ്പെട്ട് അനാഥമായി ഒടുവിൽ കഥാവശേഷമാകുമായിരുന്നു.

ദ്രവ്യാഗ്രഹികളും ഭീരുക്കളുമായ വിദേശവൈദികമേലദ്ധ്യക്ഷന്മാർ മലങ്കര സഭയ്ക്കു വരുത്തിത്തീർത്ത അപമാനങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഫാദർ പി.ററി. ഗീവർഗീസിനു കഴിഞ്ഞു. സത്യസന്ധമായി സഭാചരിത്രമെഴുതുന്നവർ ആ ധീരതയും, ബുദ്ധിവൈഭവവും സഭയോടുള്ള വിശ്വാസദാർഢ്യവും ശങ്കിക്കുകയില്ല. അല്പബുദ്ധികളായ പാത്രിയർക്കീസുമാരും അവസരവാദികളായ മെത്രാൻ സംഘവും സത്യവിശ്വാസത്തിനും സഭാപുരോഗതിക്കും ജനങ്ങളുടെ ആദ്ധ്യാത്മിക ഉണർവ്വിനും വിരുദ്ധമായി പ്രവർത്തിച്ചപ്പോൾ അദ്ദേഹം മുൻപെന്നപോലെ ശക്തമായ നിലപാടു സ്വീകരിക്കാൻ നിർബന്ധിതനായി. അത് ആ വ്യക്തിമാഹാത്മ്യത്തിൻെറയും അർപ്പണബോധത്തിൻെറയും പ്രത്യേകത നിമിത്തമാണ്.

ഒരിക്കലും വിശ്രമമറിയാതെ, സുഖലോലുപതയിൽ മുഴുകാതെ, തീക്ഷ്ണമായ വിശ്വാസത്തിലും ദൈവസമ്പാദനത്തിനുള്ള വ്യഗ്രതയിലും സൂര്യതേജസ്സുപോലെ അദ്ദേഹം കത്തിജ്വലിച്ചു; മലങ്കരസഭയ്ക്ക് സത്യത്തിൻെറയും ശാശ്വതനന്മയുടെയും വഴികാട്ടിയായി.

# 7

# ദൈവനിയോഗം പോലെ

മലങ്കര മെത്രാപ്പോലീത്തയുടെ മുടക്കു തീർക്കുകയും കാതോലിക്കാസിംഹാസനം സ്ഥാപിക്കുകയും ചെയ്തുകഴിഞ്ഞിട്ടും സഭാന്തരീക്ഷം ഉഷ്ണമേഘങ്ങളിൽ കത്തിക്കാളുകതന്നെയായിരുന്നു. ശരിക്കും ഒരു വിഭജനത്തിൻെറ വേനൽവഴികൾ തെളിഞ്ഞു. കോടതികളിൽ വ്യവഹാരത്തിൻെറ വാഗ്വാദങ്ങൾ മുഴങ്ങി. യാക്കോബായ സഭയുടെ ചരിത്രപുസ്തകത്തിൽ ആവർത്തിച്ചുപരാമർശിക്കപ്പെടുന്ന ഒരു വ്യവഹാരമാണ് 'വട്ടിപ്പണക്കേസ്'. വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ള ചെലവുകൾ നിർവ്വഹിക്കാൻ സ്വരൂപിച്ച പണം സ്ഥിരനിക്ഷേപമായി സൂക്ഷിച്ചിരുന്നു. അതാണ് 'വട്ടിപ്പണം' എന്നറിയപ്പെട്ടത്. അതു സ്വന്തമാക്കുന്നതിനായിരുന്നു ഇരുവിഭാഗക്കാരും കോടതികൾ കയറി ഇറങ്ങിയത്; കോലാഹലം കൂട്ടിയത്.

അധികാരത്തർക്കങ്ങളിൽ നിന്ന് സഭ രക്ഷപ്പെടുകയില്ലെന്നും സമാധാനം പുനഃസ്ഥാപിക്കാൻ സാദ്ധ്യമാവുകയില്ലെന്നും തീർച്ചപ്പെട്ടതോടെ എം. എ. അച്ചൻെറ മനസ്സ് വിഷാദപൂർണ്ണമായി. തൻെറ ശാന്തിയജ്ഞങ്ങൾ ഫലശൂന്യമാകുന്നതുകണ്ട് പരിതപിച്ചു പിൻവാങ്ങാൻ ആ പ്രതിഭാശാലി ആലോചിച്ചു. ഗുരുനാഥനും ഔദാര്യനിധിയുമായ വട്ടശ്ശേരിൽ തിരുമേനിയെ നിരാലംബനാക്കരുത് എന്ന ചിന്തകൊണ്ടുമാത്രമാണ് ശക്തമായ നിലപാടിൽനിന്നു വ്യതിചലിക്കാതിരുന്നത്.

പരമകാരുണികനായ സർവ്വേശ്വരൻ ഇരുട്ടിൽ നക്ഷത്രപ്രകാശം കാണിച്ചുകൊടുത്തു; വരണ്ട ഭൂമിയിൽ നിന്ന് നീർച്ചാലുകളിലേക്കു നയിച്ചു. അമേരിക്കൻ സ്വദേശിയായ പ്രോട്ടസ്ററൻറ് മിഷനറി ഡോ. ജോൺ ആർ.മോട്ട് കൽക്കത്തയ്ക്കുസമീപം സെറാമ്പൂരിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വിദ്യാർത്ഥികളായ ക്രൈസ്തവ യുവജനങ്ങളുടെ ഒരു സമ്മേളനം വിളിച്ചു ചേർത്തത് ഇക്കാലത്താണ്. അവരുടെ ആത്മീയഉണർവ്വിനുതകുന്ന മാർഗ്ഗങ്ങൾ കണ്ടെത്തുക എന്നതായിരുന്നു യോഗലക്ഷ്യം. ഇന്ത്യയിൽ ക്രിസ്തുവിൻെറ സുവിശേഷം ഫലപ്രദമായി പ്രചരിപ്പിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുകയെന്നതും അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കുന്നതിനും പ്രതിനിധികളെ അയയ്ക്കുന്നതി

www.malankaralibrary.com



നും മലങ്കര മെത്രാപ്പോലീത്തയ്ക്കും ക്ഷണം ലഭിച്ചു. ഒരാഴ്ച നീണ്ടുനിന്ന സമ്മേളനത്തിന് വട്ടശ്ശേരിൽ തിരുമേനി പുറപ്പെട്ടത് എം. എ. അച്ചനും ഒരുമിച്ചാണ്.

വിവിധ വൻകരകളിൽ നിന്നെത്തിയ ഒട്ടേറെ പ്രഗല്ഭ വ്യക്തികളുമായി പരിചയപ്പെടുന്നതിനും അവരുടെ ശ്രദ്ധ ആകർഷിക്കുന്നതിനും എം. എ. അച്ചന് അവസരം ലഭിച്ചു. ഇതിൽ സർവ്വപ്രധാനമായിത്തീർന്നത് സെറാമ്പൂർ കോളജ് പ്രിൻസിപ്പൽ ഡോ.ഹൗവൽസുമായി സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞ സൗഹൃദമാണ്. അച്ചന്റെ പാണ്ഡിത്യവും വാഗ്വിലാസവും ഡോ. ഹൗവൽസിനെ അങ്ങേയറ്റം ആകർഷിച്ചു.

> ഒരു ദിവസം ഭക്ഷണസമയത്ത് ഡോ. ഹൗവൽസ് എം. എ. അച്ചനോടു ചോദിച്ചു: 'സ്വദേശം വിട്ട് സെറാമ്പൂർ കോളജിലെ പ്രൊഫസറായി വരാൻ സാധിക്കുമോ? അതിനു മനസ്സുണ്ടാകുന്നപക്ഷം കോളജിന് വലിയൊരു ലാഭമായിരിക്കും.'
>
> 'ഞാനല്ല, ഇതിനുത്തരം പറയേണ്ടത്. മെത്രാപ്പോലീത്ത തിരുമേനിയോട് ആവശ്യപ്പെട്ടാലും.'
>
> വട്ടശ്ശേരിൽ തിരുമേനിയെ ചൂണ്ടി എം. എ. അച്ചൻ മറുപടി നല്കി.
>
> ഡോ. ഹൗവൽസ് തിരുമേനിയുടെ മുമ്പിൽ തന്റെ അഭിലാഷം അവതരിപ്പിച്ചു.
>
> 'കാര്യം നല്ലതാണ്. പക്ഷേ അതു സാധിക്കുന്നതിൽ പല വിഷമതകളും കാണുന്നുണ്ട്. ആട്ടെ, ആലോചിക്കാം.' തിരുമേനി പ്രതിവചിച്ചു.[1]

സെറാമ്പൂരിൽനിന്നു മടങ്ങുംമുൻപ് പലതവണ ഡോ. ഹൗവൽസ് ഇക്കാര്യം ആവർത്തിച്ചപ്പോൾ ഗൗരവപൂർണ്ണമായ ഒരാലോചനാ വിഷയമായി. എം. എ. അച്ചനെ സംബന്ധിച്ചിടത്തോളം ഏററവും അഭികാമ്യമായ ഒരു നിയോഗമായിരുന്നു ഇത്. ഉന്നത വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെടുന്നതിന് സുവർണ്ണാവസരം. അതേസമയം താൻ തലോലിച്ചു വളർത്തുന്ന എം.ഡി. സെമിനാരി ഹൈസ്കൂളിനെ കൈവിട്ടുകളയുകയും വേണം. അച്ചന്റെ വിദ്യാഭ്യാസാവശ്യങ്ങളിലേക്ക് സ്വസമുദായം ചെലവുചെയ്ത 1844 രൂപയ്ക്കു പകരം 3300 രൂപ തിരികെ കൊടുത്ത് കടം തീർത്തിട്ടുണ്ട്; എങ്കിലും ഒരു തീരാക്കടമുണ്ട്; അത് വട്ടശ്ശേരിൽ തിരുമേനി നല്കിയ പൈതൃക വാത്സല്യമാണ്. വ്യവഹാരങ്ങളിൽപെട്ടുഴലുന്ന സമുദായത്തെ നയിക്കുന്നതിന് അദ്ദേഹത്തിന് തുണയായി നിൽക്കാൻ കരുത്തുറ്റവർ ഏറെപ്പേരില്ല.

> സെറാമ്പൂർ കോളജിലേക്കു പോവുകയോ പോകാതിരിക്കുകയോ എന്താണു വേണ്ടതെന്നുള്ളകാര്യത്തിൽ, വാസ്തവം പറയുന്നതായാൽ,

1. മാർ ഈവാനിയോസ്, ഗിരിദീപം. പു. 38-39.



> നാം അസ്വസ്ഥനായിത്തീർന്നുകഴിഞ്ഞു. പലപ്പോഴും ഈ ഒരു വിചാരം തന്നെ നമ്മുടെ ഹൃദയത്തെ അലട്ടിക്കൊണ്ടിരുന്നു. കുറെ ദിവസങ്ങളായിട്ടും രണ്ടിൽ ഏതെങ്കിലും ഒന്നു തീർച്ചപ്പെടുത്തുവാൻ കഴിയുന്നില്ലല്ലോ എന്നു നാം വിഷാദിച്ചിട്ടുണ്ട്. മനസ്സിന്റെ ഈ ഒരു അസ്വാസ്ഥ്യം ഭക്ഷണത്തിനും പ്രവൃത്തിക്കും എന്നപോലെ, ക്രമേണ ഉറക്കത്തിനും വിഘാതമായിത്തീരാൻ തുടങ്ങി. ഒരുറക്കം കഴിഞ്ഞാലുടൻ നമ്മുടെ ഹൃദയഫലകത്തിൽ ആവിർഭവിക്കുന്നത് സെറാമ്പൂർ കോളജും ഡോ. ഹൗവൽസുമായിരിക്കും. അനുക്ഷണം മെത്രാപ്പോലീത്ത തിരുമേനിയും എം.ഡി. സെമിനാരിയും മറുവശത്തായി നമുക്കു ദൃശ്യമാവുകയും ചെയ്യും. കുറേക്കാലമായി മിക്കവാറും കാലത്ത് അഞ്ചുമണിക്ക് ഉറക്കമുണരുക തഴക്കമായി തീർന്നിരുന്ന നമുക്ക് അതിനേക്കാൾ എത്രയോ നേരത്തേ എണീക്കുവാൻ യാതൊരു വിഷമവും തോന്നുകയുണ്ടായില്ല. കണ്ണും മിഴിച്ചു മലർന്നുകിടന്നുകൊണ്ട് മനോരാജ്യസഞ്ചാരം ചെയ്യുന്നതിനേക്കാൾ പരമസുഖം അടുത്തുള്ള ചാപ്പൽമുറിയിൽ പ്രവേശിക്കുകയാണെന്നു നമുക്കുതോന്നി. പ്രാർത്ഥിക്കുകയോ ധ്യാനിക്കുകയോ എന്തുവേണമെങ്കിലും അവിടെവച്ച് യഥേഷ്ടം നടത്താവുന്നതുമാണല്ലോ. ചിലപ്പോൾ നാലുമണിക്കും മററുചിലപ്പോൾ അതിനു മുൻപായിട്ടും അക്കാലംമുതൽ ഏതാനുംനാൾ ചാപ്പലിൽ വച്ചു നടത്തപ്പെട്ടുവന്ന പ്രാർത്ഥനയ്ക്കും ധ്യാനത്തിനും സെറാമ്പൂർ യാത്ര നമുക്കൊരു പ്രധാനവിഷയമായിരുന്നു. ഈ വിധത്തിൽ ഓരോ ദിവസവും കടന്നുപോയതോടുകൂടി സെറാമ്പൂർ കോളജ് നമ്മെ പൂർവ്വാധികം ആകർഷിച്ചുവരുന്നതായിട്ടാണ് നമുക്കു തോന്നുമാറായത്. പിന്നെയും കുറെ ദിവസങ്ങൾകൂടി കഴിഞ്ഞപ്പോൾ അതിനോട് ഉണ്ടായിത്തീർന്ന നമ്മുടെ ആകർഷണം വേർപെടുത്താൻ പാടില്ലാത്ത ഒരു ബന്ധമായിരിക്കുന്നു എന്നും നമുക്ക് അനുഭവമായി. എന്തെങ്കിലുമാവട്ടെ, ദൈവഹിതം അതായിരിക്കണം എന്നു നാം ഒടുവിൽ തീർച്ചപ്പെടുത്തി. പക്ഷേ തദനുസാരം ഉടനെ വല്ലതും നമുക്കു ചെയ്യാവുന്നതല്ലല്ലോ. മലങ്കരയിലുള്ള സർവ്വപ്രധാനനായ ഒരു മഹാപുരുഷവ്യക്തിക്ക് അധീനമാണു നമ്മുടെ ശരീരമെന്നിരിക്കിൽ, സ്വയമേവ ചെയ്ത നമ്മുടെ തീരുമാനം വാസ്തവത്തിൽ ഒരു തീരുമാനമായിരിക്കാൻ ഇടയുള്ളതാണോ? ഒരു കാലത്ത് താൻ ഏതിന്റെ പ്രിൻസിപ്പാളായിരുന്ന്, ഏതിനെ സ്വസമുദായത്തിന്റെ അഭിമാനസ്തംഭമായി ഉയർത്തിവച്ചുവോ ആ എം. ഡി. സെമിനാരിയോട് വന്ദ്യതിരുമേനിക്കുള്ള പുത്രീനിർവ്വിശേഷമായ പ്രേമം എത്രയെന്നും അതിന്റെ പുരോഗമനത്തിൽ അവിടുത്തേക്ക് എന്തുമാത്രം ആകാംക്ഷയുണ്ടെന്നും നാം കണ്ടറിഞ്ഞിട്ടുള്ളതാണ്. ഡോ.ഹൗവൽസിന്റെ അഭിവാഞ്ഛയ്ക്കു നാം അനുകൂലിക്കുന്നുണ്ടെന്നു വല്ലകാര്യത്തിലും കാണാൻ തുടങ്ങുന്ന പക്ഷം, അപ്പോഴെ അതിന്റെ വേര് അറുത്തുകളയണമെന്ന് കരുതിയിരിക്കാവുന്ന വലിയ തിരുമേനിയുടെ സന്നിധി

www.malankaralibrary.com



യിൽ ചെന്ന്, അവഗാഢമായിട്ടാണെങ്കിലും സ്വയമേവചെയ്ത തീരുമാനത്തെക്കുറിച്ച് എങ്ങനെയാണ് ഉണർത്തിക്കുക എന്നു നാം വിഷാദിച്ചു. ശരംപോലെ വന്നുകൊണ്ടിരുന്ന ഡോ. ഹൗവൽസിൻെറ എഴുത്തുകാം എന്തെങ്കിലും ഉടനെ ചെയ്യണമെന്നുള്ളതിലേക്ക് നമ്മെ ഒരുക്കി നിറുത്തി. അതിനാൽ ഒട്ടും തന്നെ സമയം കളയാതെ ഡോ. ഹൗവൽസിൻെറ ചില കത്തുകളുമായി നാം തിരുസന്നിധിയിൽ ചെന്നു നിന്നു. പലപല വർത്തമാനങ്ങളും വിശേഷങ്ങളും ഉണർത്തിച്ചതിൻെറ ശേഷം ഡോ. ഹൗവൽസിൻെറ കത്തുകളെപ്പററി പ്രസ്താവിച്ചുകൊണ്ട് തദ്വിഷയത്തിലുള്ള നമ്മുടെ അഭിനിവേശം ഇന്നതാണെന്ന് എത്രയും ശാന്തമായി തിരുമനസ്സുണർത്തിച്ചു. ഇടയ്ക്കിടയ്ക്കു ചിലതു കല്പിച്ചുചോദിക്കയും ചെയ്തുവന്ന വന്ദ്യതിരുമേനി ഒടുവിൽ, 'എന്നാൽ അങ്ങനെ തന്നെയാവട്ടെ; സന്തോഷപൂർവ്വം നാം അനുവദിച്ചിരിക്കുന്നു' എന്ന് കല്പനയരുളി.[2]

അഴിക്കാൻ എത്രതന്നെ ശ്രമിച്ചിട്ടും കൂടുതൽ കുരുങ്ങി അത്യന്ത സങ്കീർണ്ണമായിത്തീർന്ന സഭാവഴക്കുകാം എം. എ. അച്ചൻെറ മനസ്സുമടുപ്പിച്ചിരുന്നു. വ്യവഹാരങ്ങാം സമാധാനം തകർക്കുകയും പുരോഗതി അസാദ്ധ്യമാക്കുകയും ചെയ്തു. താൻ ആഗ്രഹിച്ചതുപോലെ എം. ഡി. സെമിനാരി ഹൈസ്കൂളിനെ വികസിപ്പിച്ചെടുക്കാനും പ്രതിബന്ധങ്ങാം നേരിടേണ്ടി വന്നു. വിദ്യാഭ്യാസകാര്യങ്ങളിൽ മുഖ്യശ്രദ്ധ അർപ്പിച്ചിരുന്ന എം. എ. അച്ചന് അനുയോജ്യമായ ഒരു കർമ്മമണ്ഡലമാണ് സെറാമ്പൂരിൽ തുറന്നു കിട്ടിയത്. അവിടെ സേവനമനുഷ്ഠിക്കാൻ കഴിഞ്ഞാൽ സമർത്ഥരായ കേരളീയ യുവാക്കാംക്ക് ഉന്നതവിദ്യാഭ്യാസത്തിനു സൗകര്യം സൃഷ്ടിക്കാൻ തനിക്കാവുമെന്ന് ആക്രാന്തദർശി കണക്കുകൂട്ടി.

യഥാർത്ഥത്തിൽ അതൊരു ചരിത്രനിയോഗംതന്നെയായിരുന്നു. ഉന്നതമായ ആംഗലവിദ്യാഭ്യാസത്തിനും ദൈവശാസ്ത്രപഠനത്തിനും പ്രോത്സാഹനം നല്കുന്ന കലാലയം. വട്ടശ്ശേരിൽ തിരുമേനിയുടെ അനുഗ്രഹത്തോടെ അവിടേക്കു പുറപ്പെടുമ്പോാം എം. ഡി. സെമിനാരിയിൽ നിന്നു മെട്രിക്കുലേഷൻ പരീക്ഷ പാസ്സായ ബുദ്ധിമാനും സൽസ്വഭാവിയുമായ കെ.എ. യാക്കോബ് ശെമ്മാശ്ശനെയും അദ്ദേഹം കൂടെ കൊണ്ടുപോയി. മലങ്കരയിലെ സമർത്ഥരായ യുവാക്കാംക്ക് ഉപരിവിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്നതിനുള്ള പരിശ്രമത്തിൻെറ തുടക്കമായിരുന്നു അത്.

ഇംഗ്ലീഷുകാരായ പ്രൊഫസർമാർക്കുമാത്രം അനുവദിച്ചിരുന്ന പദവിയും പ്രതിമാസ വേതനമായ 800 രൂപയും ഫാദർ പി. ററി. ഗീവർഗീസിനു ലഭ്യമായത് അഭൂതപൂർവ്വമായ ഒരംഗീകാരമായിരുന്നു. പ്രൊട്ടസ്ററൻറ് സ്ഥാപനമായിരുന്നെങ്കിലും മലങ്കര സുറിയാനിസഭയുടെ ക്രമമനുസരിച്ച് ആരാധന നടത്താനുള്ള സൗകര്യവും കോളജധികൃതർ ഏർപ്പെടുത്തികൊടുത്തു.

2. മാർ ഈവാനിയോസ്, ഗിരിദീപം. പു. 41-42.



താമസിയാതെ ഫാദർ പി. ററി. ഗീവർഗീസ് പ്രത്യേക താത്പര്യമെടുത്ത് ഏതാനും ശെമ്മാശ്ശന്മാരെയും മററു പ്രഗല്ഭമതികളെയും സെറാമ്പൂർ കോളജിൽ കൊണ്ടുവന്നാക്കി; ബി. എ., എം. എ. തുടങ്ങിയ ബിരുദങ്ങാം സമ്പാദിക്കുന്നതിന് അവസരം പ്രദാനം ചെയ്തു. ഇവരിൽ മട്ടയ്ക്കൽ അലക്സന്ത്രയോസ് ശെമ്മാശ്ശൻ, പാറേട്ട് മാത്യൂസ് ശെമ്മാശ്ശൻ, മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശ്ശൻ, പുത്തൻകാവിൽ ഗീവർഗീസ് ശെമ്മാശ്ശൻ തുടങ്ങിയവർ പിൽക്കാലത്ത് മേൽപട്ടക്കാര സ്ഥാനത്തേക്ക് ഉയർത്തപ്പെടുകയുണ്ടായി. ഇരുപതോളം വിദ്യാർത്ഥികളാണ് ഇക്കാലത്ത് സെറാമ്പൂർ കോളജിൽ പ്രവേശനം നേടിയത്. ഇവർക്കു താമസിക്കാൻ ഇരുനിലക്കെട്ടിടം വാടകയ്ക്കെടുത്തു.

വിദ്യാർത്ഥികളുടെ സംരക്ഷണച്ചെലവിനു പുറമേ മലങ്കരസഭയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങാം സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിനും ഫാദർ പി. ററി. ഗീവർഗീസ് ശ്രദ്ധപുലർത്തേണ്ടിയിരുന്നു. അതേക്കുറിച്ച് 'ഗിരിദീപ'ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്:

> പണിമിടപെട്ട കാര്യങ്ങളിൽ അക്കാലത്തുണ്ടായിരുന്ന നമ്മുടെ വമ്പിച്ച വരവുചെലവിനെക്കുറിച്ച് ആലോചിക്കുമ്പോാം ദൈവം അന്ന് എന്തൊരു നീരുറവിനെയായിരുന്നു നമുക്കായി നല്കിയിരുന്നതെന്നു നമുക്ക് അദ്ഭുതം തോന്നുന്നുണ്ട്. ശമ്പളം എന്ന രൂപത്തിൽ ഗണ്യമായ ഒരു സംഖ്യ നമുക്കു പ്രതിമാസം കിട്ടിപ്പോന്നിരുന്നുവല്ലോ: അതിനു പുറമേ സർവ്വകലാശാലാ പരീക്ഷിതന്മാരുടെ ഉത്തരക്കടലാസു പരിശോധിച്ച വകയിൽ കിട്ടിപ്പോന്നിരുന്ന സംഖ്യയും നിസ്സാരമായിരുന്നില്ല. ഡോ. ഹൗവൽസിൻെറ ശുപാർശപ്രകാരം മിസ്ററർ ലീച്ച് മാൻ ആദിയായ സുഹൃത്തുക്കളിൽ നിന്ന് വേറേതരത്തിലുള്ള നിവേതനങ്ങളും ശെമ്മാശ്ശന്മാരെ ഉദ്ദേശിച്ചുലഭിച്ചുകൊണ്ടിരുന്നു. ഇങ്ങനെ ശമ്പളമായിട്ടും പ്രതിഫലമായിട്ടും നിവേതനങ്ങളായിട്ടും10,000 രൂപയിൽകുറയാത്ത സംഖ്യ കിട്ടിപ്പോന്നിരുന്നുവെന്നു പറഞ്ഞാൽ മാത്രമേ, എം.ഡി. സെമിനാരിയുടെയും വൈദിക കോളജിൻെറയും ഉന്നമനത്തിനും സംസ്ഥാപനത്തിനും വേണ്ടി അക്കാലത്തു നാം ചെലവഴിച്ചുപോന്ന സംഖ്യയെപ്പററി വായനക്കാർക്ക് ഏകദേശമായ ഒരു അറിവു ലഭിക്കുവാൻ ഇടയാകയുള്ളൂ. ഒരിക്കൽ വലിയ തിരുമേനി നമ്മുടെ സെറാമ്പൂർ വാസവൃത്താന്തങ്ങളും വരവു ചെലവു കണക്കുകളും സവിസ്തരം ഗ്രഹിക്കുവാൻ ഇടയായപ്പോാം വട്ടിപ്പണത്തോളം വരുന്ന ഒരു സംഖ്യ യാണല്ലോ കൊല്ലംതോറും കിട്ടിവരുന്നതെന്നു വാത്സല്യാതിരേകംമൂലം കല്പിക്കുകയുണ്ടായി എന്നുള്ളത് ഇവിടെ വിശിഷ്യാ പ്രസ്താവ്യം തന്നെയാണ്[3]

മലങ്കരയിൽനിന്നുള്ള ശെമ്മാശ്ശന്മാരെ ആംഗലഭാഷാ പഠനത്തോടൊപ്പം സുറിയാനിഭാഷ അഭ്യസിപ്പിക്കുന്നതിലും ഫാദർ പി. ററി ഗീവർഗീസ് പ്രത്യേക ശ്രദ്ധ പുലർത്തി. യാക്കോബായ സഭയുടെ ആരാധനക്രമങ്ങാം, ചരിത്രം,

3. മാർ ഈവാനിയോസ്, ഗിരിദീപം. പു. 45-46.

www.malankaralibrary.com



വിശ്വാസം എന്നിവ സംബന്ധിച്ച പ്രാമാണിക ഗ്രന്ഥങ്ങളെല്ലാം സുറിയാനിയിൽ ആയിരുന്നതുകൊണ്ട് വൈദിക വിദ്യാർത്ഥികൾക്ക് പ്രസ്തുത ഭാഷാജ്ഞാനം അനുപേക്ഷണീയമായിരുന്നു. കൽക്കത്ത സർവ്വകലാശാല വൈസ് ചാൻസിലർ ആശുതോഷ് മുഖർജിയിൽ ചെലുത്തിയ സ്വാധീനഫലമായി സർവ്വകലാശാലാപഠനത്തിൽ സുറിയാനി ഐച്ഛികവിഷയമായി അംഗീകരിക്കപ്പെട്ടു. പിൽക്കാലത്ത് മദ്രാസ് സർവ്വകലാശാലയും ഇതേമാർഗ്ഗം പിന്തുടർന്നു. അവിടത്തെ പൗരസ്ത്യഭാഷാബോർഡിന്റെ അദ്ധ്യക്ഷപദവി അനേക വർഷം വഹിച്ചത് ഫാദർ പി. റ്റി. ഗീവർഗീസാണെന്ന വസ്തുതയും ഓർമ്മിക്കേണ്ടതാണ്.

മലങ്കരയിലെ യുവാക്കൾക്ക് ഉന്നതവിദ്യാഭ്യാസസൗകര്യം ഒരുക്കുന്ന തോടൊപ്പംതന്നെ സ്ത്രീകളുടെ ഉന്നമനവും സാധിക്കേണ്ടതാണെന്ന് ഫാദർ പി. റ്റി. ഗീവർഗീസ് തിരിച്ചറിഞ്ഞു. കുടുംബത്തിന്റെയും സമൂഹത്തിന്റെയും പുരോഗതിക്ക് വിദ്യാസമ്പന്നരായ വനിതകൾക്കു വഹിക്കാനുള്ള പങ്ക് സവിശേഷമാണ്. യൂറോപ്യൻ കന്യാസ്ത്രീകൾ കൽക്കത്തയിൽ നടത്തുന്ന ഡയസീഷ്യൻ കോളജിന്റെ പ്രിൻസിപ്പൽ സിസ്റ്ററർ മേരി വിക്ടോറിയയെ സന്ദർശിച്ച് അദ്ദേഹം അഭിമതം അറിയിച്ചു. സിസ്റ്ററിന് ആ ആശയം അഭിനന്ദനീയമായി തോന്നുകയും ഏതാനും യുവതികൾക്ക് പ്രവേശനാനുമതി നല്കുകയും ചെയ്തു. കിഴക്കേ ബംഗാളിലെ ബാരിസോളിൽ സേവനമനുഷ്ഠിച്ചിരുന്ന കന്യകാമഠത്തിൽ സന്ന്യാസ പരിശീലനത്തിനു പുറമെ ആംഗലഭാഷാ പരിജ്ഞാനം നേടുന്നതിനും അവസരമുണ്ടായിരുന്നു. കേരളത്തിൽനിന്ന് ഏതാനും യുവതികളെ അവിടെ സ്വീകരിച്ചുകൊള്ളാമെന്ന് കന്യകാമഠത്തിന്റെ അധിപ മദർ ഈഡിത്തിനെക്കൊണ്ട് സമ്മതിപ്പിക്കാനും ഫാദർ പി.റ്റി. ഗീവർഗീസിനു സാദ്ധ്യമായി.

'മലയാള മനോരമ'യുടെ സ്ഥാപക പത്രാധിപരും, ഭാഷാപണ്ഡിതനും, സാമൂഹ്യസേവനതത്പരനുമായിരുന്ന കണ്ടത്തിൽ വർഗീസുമാപ്പിളയുടെ അത്യുത്സാഹത്തിൽ തിരുവല്ലായ്ക്കു സമീപം തിരുമൂലപുരത്ത് മനോഹരമായ ഒരു കെട്ടിടസമുച്ചയം പണിതീർത്തിരുന്നു. അവിടെ ഒരു ഗേൾസ്ഹൈസ്കൂൾ സമാരംഭിക്കുകയായിരുന്നു ലക്ഷ്യം. അതു സാദ്ധ്യമാകുംമുമ്പ് വർഗീസ് മാപ്പിള ഇഹലോകവാസം വെടിഞ്ഞു. ആ സ്വപ്നസാക്ഷാത്കാരം ഫാദർ പി.റ്റി.ഗീവർഗീസ് ഏറ്റെടുത്തു. മദ്ധ്യതിരുവിതാംകൂറിൽ നിന്ന് ഉന്നതവിദ്യാഭ്യാസത്തിനും പരിശീലനത്തിനും യുവതികളെ തെരഞ്ഞെടുത്തത് ഈ ആശയം മനസ്സിൽ വച്ചുകൊണ്ടാണ്.

> ഒരിക്കൽ നാം അവധിക്കാലത്തു നാട്ടിൽ വന്നിരുന്നപ്പോൾ വലിയ തിരുമേനിയെ (വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്) കാണുകയും സ്ത്രീവിദ്യാഭ്യാസോന്മുഖമായ നമ്മുടെ ആഗ്രഹങ്ങളെ അറിയിക്കുകയും ഉൽകൃഷ്ടവിദ്യാഭ്യാസത്തിനായി പെൺകുട്ടികളെ കൊണ്ടുപോകുന്നതിന് അനുവാദമപേക്ഷിക്കുകയും ചെയ്യുകയുണ്ടായി. പരേതനായ വർഗീസ് മാപ്പിളയുടെ ആഗ്രഹം സാധിപ്പിച്ച്, സ്വസമുദായത്തിൽ സ്ത്രീവിദ്യാഭ്യാസത്തിനു കൂടുതൽ പ്രവേശനം നല്കുക എന്നുള്ളതിൽ സംതൃപ്തനായ തിരുമേനി നമ്മുടെ ആഗ്രഹങ്ങളെ അഭിനന്ദിക്കുകയും പെൺകുട്ടികളെ കൊണ്ടുപോകുന്നതിനായി അനുമതി നൽകുകയും ചെയ്തു. സ്വദേശംവിട്ട് ഉപരിപഠനത്തിനായി ആദ്യം നമ്മോടുകൂടിപോരികയുണ്ടായത്, മിസ്ററർ ഈ. ജെ. ജോൺ വക്കീലിന്റെ മകൾ അച്ചാമ്മ(മിസ്സിസ് ജോൺ മത്തായി) ആയിരുന്നു. വിനീതബുദ്ധിയും ധൈര്യ ശാലിനിയുമായ ആ ബാലികയെ അനുകരിച്ചുകൊണ്ട് ഏറെത്താമസിയാതെ വേറെയും പെൺകുട്ടികൾ കൽക്കത്തയ്ക്കു വരുവാൻ തുടങ്ങി.[4]



കക്ഷിവഴക്കുകളും വ്യവഹാരങ്ങളും നിമിത്തം വരണ്ടുണങ്ങിയ മലങ്കരയിൽ ഉദ്ബുദ്ധരായ പുതിയ തലമുറയെ സൃഷ്ടിച്ചുകൊണ്ട് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും അന്തരീക്ഷം വളർത്താനായിരുന്നു ഫാദർ പി. റ്റി. ഗീവർഗീസിന്റെ യത്നം. സെറാമ്പൂരിലെ സേവന കാലത്ത് ആ മഹാലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിന് അദ്ദേഹം നൽകിയ മുൻഗണന കേരളനവോത്ഥാന ചരിത്രത്തിലെ സുവർണ്ണാദ്ധ്യായമാണ്. എങ്കിലും സഭാചരിത്രത്തിൽ അദ്ദേഹത്തിന്റെ നാമധേയത്തിനു താഴെ ആദ്യം കുറിക്കപ്പെടുന്നത് സുറിയാനി സഭയിൽ ഭാരതീയ സന്ന്യാസത്തിന്റെ സ്രഷ്ടാവ് എന്ന വിശേഷണമായിരിക്കും.

---

4. മാർ ഈവാനിയോസ്, ഗിരിദീപം. പു. 59.

www.malankaralibrary.com

# 8

# നവീകരണത്തിൻെറ വഴികൾ

ആദ്ധ്യാത്മികചൈതന്യം നിറഞ്ഞുനിൽക്കുന്ന കർമ്മഭൂമിയാണ് ഭാരതം. ഋഷിപ്രോക്തമായ സംസ്കാരത്തിൻെറ പ്രാക്തനപാരമ്പര്യം നമുക്കവകാശപ്പെട്ടതാണ്. ജീവിതസായാഹ്നത്തിൽ സന്ന്യാസം സ്വീകരിക്കുകയെന്ന സാമാന്യരീതിക്കപ്പുറം നിത്യബ്രഹ്മചാരികളായി കഴിയാൻ ഇന്ദ്രിയനിഗ്രഹം ചെയ്ത ത്യാഗികളുടെ ചരിത്രം ഏറെ കൊണ്ടാടപ്പെട്ടിരുന്നു. രാജസ്ഥാനങ്ങൾ പോലും അവരുടെ വരുതിയിൽ ചരിച്ചിരുന്നു.

സനാതനമൂല്യങ്ങളുടെ വക്താക്കളായിരുന്ന ഈ സന്ന്യാസിവര്യന്മാരുടെ സിദ്ധാന്തങ്ങൾ ക്രിസ്തുമതത്തിൻെറ ഭാരതവത്കരണത്തിനു പ്രയോജനപ്പെടുത്തണമെന്ന ചിന്ത ഫാദർ പി. റ്റി. ഗീവർഗീസിൽ രൂഢമൂലമായത് ഒരു ദൈവനിയോഗം. പാശ്ചാത്യ ക്രൈസ്തവ സഭകളിൽ ഒട്ടേറെ സന്ന്യാസസമൂഹങ്ങൾ വിവിധ ഘട്ടങ്ങളിൽ രൂപമെടുത്തിരുന്നു. ആത്മശുദ്ധീകരണത്തിൻെറ വഴികൾ തേടുന്നതോടൊപ്പം മതപ്രചാരണം സുഗമമാക്കുന്നതിനും അവ ശ്രദ്ധ പുലർത്തി. വിവിധ മേഖലകളിൽ പരസ്പരം മത്സരിച്ചു വളർന്ന അവയുടെ പ്രവർത്തനം നിയന്ത്രിക്കാനും കർമ്മമേഖല വേർതിരിച്ചു നല്കാനും കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പാതന്നെ നിർബ്ബന്ധിതനായിട്ടുണ്ട്. ആദ്ധ്യാത്മികസ്വത്വം കണ്ടെത്തുന്നതിനേക്കാൾ ഭൗതികരൂപങ്ങളുടെ ചിഹ്നങ്ങൾ അണിയുന്നതിൽ വ്യഗ്രതപൂണ്ട കർമ്മപഥം ഫാദർ പി. റ്റി. ഗീവർഗീസിനെ ആകർഷിച്ചില്ല. ത്യാഗത്തിലൂടെ കൈവരുന്ന സിദ്ധികളെക്കുറിച്ചാണ് അദ്ദേഹം ചിന്തിച്ചത്. കക്ഷിവഴക്കും വ്യവഹാരങ്ങളും നിമിത്തം പരിക്ഷീണമായ മലങ്കരസഭയ്ക്ക് ആത്മീയതയുടെ പുനരുജ്ജീവനം, ഭാരതത്തിൽ ക്രൈസ്തവികതയ്ക്കു പുതിയൊരു അർത്ഥം കണ്ടെത്തൽ എന്നിങ്ങനെ അന്വേഷണ ത്തിൻെറ നൂതനപഥങ്ങൾ തെളിഞ്ഞു.

ഫാദർ പി. റ്റി. ഗീവർഗീസിൻെറ സെറാമ്പൂർ വാസകാലങ്ങളിൽ ബംഗാളിൻെറ അന്തരീക്ഷം ചൈതന്യനിർഭരമായിരുന്നു. ശ്രീരാമകൃഷ്ണ പരമഹംസനും സ്വാമി വിവേകാനന്ദനും കൊളുത്തിയ ആദ്ധ്യാത്മികതയുടെ പ്രോജ്ജ്വല പ്രകാശം അപൂർവ്വമായ നിറവു നൽകി. മഹാകവി രവീന്ദ്രനാഥ



ടാഗോറിൻെറ ശാന്തിനികേതനം ഏതർത്ഥത്തിലും നൂതനമായ പരീക്ഷണം തന്നെയായിരുന്നു. സന്ന്യാസത്തിന് അത് പുതിയ മാനം നല്കി. ശാന്തിനികേതനസന്ദർശനവേളകൾ മഹാകവിയുമായി ബന്ധപ്പെടുന്നതിനും അദ്ദേഹത്തിൻെറ ആശയങ്ങൾ ഉൾക്കൊള്ളുന്നതിനും അവസരമായി. ഫാദർ പി. റ്റി. ഗീവർഗീസിനെ കുറച്ചൊന്നുമല്ല ആ ആത്മബന്ധം പ്രചോദിപ്പിച്ചത്. പിൽക്കാലത്ത് താൻ സ്ഥാപിച്ച 'ബഥനി' യിലെ സന്ന്യാസിമാരുടെ വേഷസംവിധാനം വലിയൊരളവിൽ ടാഗോറിനെ അനുകരിച്ചായിരുന്നു വെന്നത്പ്രകടമാണ്. മഹാത്മാഗാന്ധിയുടെ സബർമതി ആശ്രമവും ഫാദർ പി. റ്റി. ഗീവർഗീസ് സന്ദർശിച്ചു; ദേശീയപ്രബുദ്ധതയുടെ സന്ദേശം സ്വാംശീകരിച്ചു.

മലങ്കര സുറിയാനിസഭയിൽ ധ്യാനനിഷ്ഠമായ ജീവിതം നയിച്ചുകൊണ്ട് ത്യാഗത്തിൻെറയും സേവനത്തിൻെറയും സ്നേഹത്തിൻെറയും അന്തരീക്ഷം സൃഷ്ടിക്കാൻ ഒരു സന്ന്യാസസമൂഹത്തിൻെറ സമാരംഭം; ആ സ്വപ്ന സാക്ഷാത്കാരത്തിലൂടെ ഒരു നവചൈതന്യം യഥാർത്ഥമാക്കാമെന്ന് ഫാദർ പി. റ്റി. ഗീവർഗീസ് ആശിച്ചു. അത് പാശ്ചാത്യ ക്രൈസ്തവസന്ന്യാസ സമൂഹങ്ങളുടെ പ്രതിച്ഛായ പുലർത്തരുതെന്ന് അദ്ദേഹത്തിനു നിർബ്ബന്ധമുണ്ടായിരുന്നു. തികച്ചും ഭാരതീയമായിരിക്കണം അതിൻെറശൈലി. മാതൃഭൂമിയുടെ സാംസ്കാരിക പശ്ചാത്തലത്തിൽ അത് വേരുപിടിക്കണം. ഇന്ത്യയിൽ ക്രിസ്തുമതത്തിനു പ്രസക്തിയുണ്ടാകണമെങ്കിൽ 'ഈ ഭാരതവത്കരണ' ത്തിൽ ശ്രദ്ധവയ്ക്കണമെന്ന് ആ പ്രതിഭാശാലിക്ക് ബോദ്ധ്യപ്പെട്ടിരുന്നു.

മലങ്കരസഭാധിപനായ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തയെ തൻെറ ഇംഗിതം അറിയിക്കാനും അനുമതി തേടാനും ഫാദർ പി. റ്റി. ഗീവർഗീസ് പ്രത്യേകം ശ്രദ്ധവച്ചു. വട്ടശ്ശേരിൽ തിരുമേനി എം. എ. അച്ചന് ഒരാദ്ധ്യാത്മികാചാര്യൻ മാത്രമായിരുന്നില്ല, പിതൃതുല്യനും ഗുരുശ്രേഷ്ഠനുമായിരുന്നു. ഭാരതീയ പാരമ്പര്യങ്ങളിൽ പലപ്പോഴും പ്രകടമാകുന്ന ആദരണീയമായ ഗുരുശിഷ്യബന്ധത്തിൻെറ മനോഹരമായ പ്രതീകമായിരുന്നു ആ ഹൃദയവേഴ്ച.

സെറാമ്പൂരിലെ ധ്യാനപൂർണ്ണമായ ജീവിതവും പഠനങ്ങളും കലാപത്തിൻെറ കാലുഷ്യങ്ങളിൽ നിന്നകലാനും ആത്മീയതയുടെ ഏകാന്തവഴികൾ തേടാനും കരുത്തുനല്കി. ഭാരതീയ ഗുരുസങ്കല്പം അദ്ദേഹത്തിന് പുതിയ തിരിച്ചറിവായി. അതോടെ ക്രൈസ്തവ പുണ്യങ്ങൾക്ക് ഭാരതഭൂമിയുടെ ആത്മാവിൽ ഇടംകണ്ടെത്താൻ ബദ്ധശ്രദ്ധനായി. വൈദേശിക സ്വഭാവങ്ങൾ വിട്ടൊഴിയാതെനിന്ന പൂർവ്വസന്ന്യാസാശ്രമങ്ങൾ ക്രിസ്തുവിൻെറ സന്ദേശത്തിന് ഭാരതീയമായ മാനം കണ്ടെത്തുന്നതിൽ പരാജയപ്പെട്ടപ്പോൾ ഫാദർ പി. റ്റി. ഗീവർഗീസ് വിജയപഥം തേടുകയായിരുന്നു.

ഭൗതികതയുടെ അതിമോഹങ്ങളിൽ നഷ്ടപ്പെടാത്ത യുവതീയുവാക്കന്മാരെ കണ്ടെത്താനും അവർക്ക് ആധുനികവിദ്യാഭ്യാസം ലഭ്യമാക്കാനും

www.malankaralibrary.com



ഫാദർ പി. ററി. ഗീവർഗീസിനു സാധിച്ചു. അവരിൽ പലരും പിൽക്കാലത്ത് സമൂഹത്തിൽ ഉന്നതപദവികൾ അലങ്കരിച്ചു. തെരഞ്ഞെടുക്കപ്പെട്ട ചിലരാകട്ടെ സന്ന്യാസത്തിൻെറ വഴികൾ സ്വീകരിച്ചു.

'ബഥനി' നവീകൃതമായ സംസ്കൃതിയുടെ പ്രതീകമായി. ക്രിസ്തുവിൻെറ സന്ദേശം ഭാരതീയ സംസ്കാരത്തിൻെറ ചൈതന്യത്തിൽ കൂടുതൽ സജീവത്വം നേടി. 1917-ൽ ഫാദർ പി. ററി. ഗീവർഗീസ് സെറാമ്പൂരിൽ സേവനമനുഷ്ഠിക്കുമ്പോൾ അവിടെവച്ചാണ് ബഥനി മിശിഹാനുകരണ സന്ന്യാസസമൂഹം രൂപംകൊണ്ടത്. പിൽക്കാലത്ത് കേരളത്തിൻെറ മണ്ണിൽ തളിർത്തുവളർന്ന് സമാധാനത്തിൻെറ ശീതളച്ഛായ സൃഷ്ടിക്കാൻ ബഥനിക്കു കഴിയണമെന്നായിരുന്നു സ്ഥാപകൻെറ മോഹം.

കേരളത്തിൽ എവിടെയാണ് ആശ്രമം സ്ഥാപിക്കേണ്ടത് എന്നുള്ള ചിന്തയിലായിരുന്നു കഥാപുരുഷൻ പിന്നീടു നിമഗ്നനായത്. ജനനിബിഡമായ പട്ടണങ്ങളെ അപേക്ഷിച്ചു ജനവാസമില്ലാത്തതും പ്രാപഞ്ചിക തിരമാലകളുടെ ശബ്ദംപോലും കേൾക്കപ്പെടാത്തതുമായ ഒരു സ്ഥലം തെരഞ്ഞെടുക്കണമെന്നു നിശ്ചയിച്ചു. സ്ഥലം വാങ്ങിക്കുക, കെട്ടിടങ്ങൾ പണിയിക്കുക, ആശ്രമസ്ഥരുടെ നിത്യവൃത്തി കഴിക്കുക എന്നിവയ്ക്കെല്ലാമായി അവശ്യം വേണ്ട പണം എവിടെനിന്നു ലഭിക്കുമെന്നുള്ള ചിന്തയും കഥാപുരുഷനിൽ ഉണ്ടാകാതിരുന്നില്ല. എങ്കിലും സകലവും 'ദൈവം നോക്കിക്കൊള്ളും' എന്ന സുദൃഢമായ വിശ്വാസം അദ്ദേഹത്തിൻെറ മനസ്സിനു ധൈര്യം നൽകി.

ആശ്രമ സ്ഥാപനക്കാര്യത്തെപ്പററി തൻെറ അത്യന്തസ്നേഹിതനും, ഒരു ക്രൈസ്തവനേതാവും, വമ്പിച്ച ധനാഢ്യനും, അഭിഭാഷക പ്രവീണനുമായിരുന്ന ഇലഞ്ഞിക്കൽ മി. ഇ. ജെ. ജോണിൻെറ പേർക്ക് എഴുതിയയ്ക്കുകയുണ്ടായി. സമുദായസ്നേഹിയായ അദ്ദേഹത്തിൻെറ പ്രോത്സാഹനജനകമായ മറുപടി കഥാനായകനു ലഭിച്ചു. ചെങ്ങന്നൂർ താലൂക്കിൻെറ ഏററം കിഴക്കേ അററത്തു വടശ്ശേരിക്കരയ്ക്ക് അടുത്തു പെരുനാട് എന്ന സ്ഥലത്ത് തൻെറ വകയായ കുറെ സ്ഥലമുണ്ടെന്നും അതിൽനിന്നും ആശ്രമത്തിനുവേണ്ടി നൂറ് ഏക്കർ സ്ഥലം നല്കുവാൻ താൻ സന്നദ്ധനാണെന്നും മററുമായിരുന്നു പ്രസ്തുത കത്ത്. ഇതിൽ സന്തുഷ്ടചിത്തനായിത്തീർന്ന കഥാപുരുഷൻ ഉടൻതന്നെ താൻ നാട്ടിലേക്കു വരുമെന്നും അപ്പോൾ സ്ഥലം കാണുന്നതിനായി പെരുനാട്ടിൽ പോകാമെന്നും കാണിച്ച് മറുപടിക്കത്ത് ജോൺ വക്കീലിന് അയച്ചു.

ഏതാനും മാസങ്ങൾക്കു ശേഷം അവധിക്കാലത്ത് നാട്ടിൽ വന്നപ്പോൾ മി. ഇ. ജെ. ജോൺ സംഭാവന ചെയ്യാമെന്നു വാഗ്ദാനംചെയ്തിരുന്ന

1. മാർ ഈവാനിയേസ്, ഗിരിദീപം പു. 19.



സ്ഥലത്തിൻെറ സ്ഥാനം, അവിടത്തെ സാഹചര്യങ്ങൾ എന്നിവ കണ്ടു മനസ്സിലാക്കുന്നതിനായി പുത്തൻകാവിൽ മി. കെ. ജി. ചെറിയാൻ, റാന്നിയിൽ മി.ഐ. എം. ഇടിക്കുള എന്നിവരുമൊന്നിച്ചു കഥാപുരുഷൻ പെരുനാട്ടിലേക്കു പോയി. ആ മലമ്പ്രദേശങ്ങളിലെല്ലാം കയറിനടന്നു കണ്ടു പരിപൂർണ്ണസംതൃപ്തനായിത്തീർന്നു. ആശ്രമത്തിനുപററിയ സ്ഥലം ഇതു തന്നെയാണെന്ന് എല്ലാവരും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. മി. ഇ. ജെ. ജോൺ സംഭാവന ചെയ്യാമെന്നു സമ്മതിച്ചിരുന്ന നൂറേക്കർ വസ്തുവിനു ചുററുപാടുമുള്ള ഗവൺമെൻറുവക പുറമ്പോക്കു സ്ഥലത്തിൽനിന്നും കുറെ ഏക്കർ കൂടെ പതിപ്പിച്ച് എടുക്കുന്നതു നന്നായിരിക്കും എന്നുള്ള മി. കെ. ജി. ചെറിയാൻെറ ആഗ്രഹമനുസരിച്ച് അതിനുവേണ്ടിയുള്ള പരിശ്രമം നടത്തി. മി.കെ.സി. മാമ്മൻ മാപ്പിള, മി.കെ.കെ. ലൂക്കോസ് എന്നിവരുടെ സഹായത്തോടുകൂടെ ഗവൺമെൻറിൽ അപേക്ഷ ബോധിപ്പിക്കുകയും ഏക്കറിന് അഞ്ചുരൂപ വിലവച്ച് മുന്നൂറ് ഏക്കർ സ്ഥലം പതിപ്പിക്കുകയുംചെയ്തു. ഇതിലേക്കായി തൻെറ കൈവശം തത്ക്കാലം പണമില്ലാതിരുന്നതിനാൽ സഹോദരനായ മത്തായിപണിക്കർ മുഖാന്തരം സ്വപിതാവിനോടു രണ്ടായിരം രൂപയോളം കടംവാങ്ങിക്കുകയാണു ചെയ്തത്.

പമ്പാനദിയുടെയും കക്കാട്ടാറിൻെറയും സംഗമസ്ഥാനത്തു നിന്നും അല്പം കിഴക്കുമാറി ഉയർന്നുപൊങ്ങി നിൽക്കുന്നതും, കുററിക്കാടുകളാൽ നിബിഡവും 'മുണ്ടൻ മല' എന്നപേരിനാൽ അറിയപ്പെടുന്നതുമായ ഒരു സ്ഥലവിഭാഗമത്രേ ഇത്. സൃഷ്ടികർത്താവിൻെറ മഹാതിശയത്തെ ഉൽഘോഷിക്കുന്ന പ്രകൃതിസൗന്ദര്യം കൺകുളിർക്കെ കണ്ട് ആസ്വദിക്കുവാൻ പര്യാപ്തമായിരുന്നു ഇപ്രദേശം. ഏതാണ്ട് അമ്പതു വർഷത്തിനപ്പുറത്ത് ഈ ഭാഗങ്ങൾ മനുഷ്യവാസയോഗ്യമല്ലായിരുന്നു എന്നുമാത്രമല്ല, വന്യമൃഗങ്ങളുടെ സ്വൈര വിഹാര രംഗങ്ങളുമായിരുന്നു. തേയില, റബ്ബർ, കുരുമുളക് എന്നിവ കൃഷിചെയ്യുവാൻ ഉതകിയ മണ്ണും അതിനുപററിയ കാലാവസ്ഥയുമാണ് ഇവിടെയുള്ളത്. കേരളത്തിലെ പ്രസിദ്ധിയേറിയ പെരുമൺ, ളാഹ, കുറുങ്ങാലി, ചിററാർ, കർമ്മേൽ ആദിയായ ഒട്ടനേകം തോട്ടങ്ങൾ ഇതിനു ചുററുപാടും സ്ഥിതിചെയ്യുന്നു. ശബരിമല തീർത്ഥാടകരായ അയ്യപ്പന്മാർ പ്രതിവർഷം അയ്യപ്പദർശനത്തിനായി -പൊയ്ക്കൊണ്ടിരുന്നതും ഈ മലയുടെ താഴ്‌വരയിൽ കൂടിയായിരുന്നു.

ഇതിനു സമീപം ഏതാനും ഏക്കർ സ്ഥലം തങ്ങളുടെ പേരിലും പതിപ്പിക്കണം എന്ന ഉദ്ദേശ്യത്തോടുകൂടെ കഥാപുരുഷൻെറ സഹോദരനായ മത്തായിപ്പണിക്കരും, കിളീലേത്തു മി. ചാക്കോയുംകൂടെ സെറാമ്പൂരിന് എഴുതി അയച്ചപ്പോൾ അതിനയച്ചുകൊടുത്ത മറുപടിയിലെ ഒരു ഭാഗം ഇപ്രകാരമായിരുന്നു:

www.malankaralibrary.com



'നിങ്ങൾക്ക് ആർക്കും ഒരു സെൻറു ഭൂമിപോലും അവിടെയോ അതിന്റെ പരിസരങ്ങളിലോ ഉണ്ടായിരിക്കുവാൻ പാടില്ല. അവ മുഴുവനും ആശ്രമത്തിനായി പതിപ്പിക്കണം. ഒരുവൻ ദൈവകാര്യങ്ങൾക്കായി പുറപ്പെടുമ്പോൾ അവന്റെ ഭവനകാര്യങ്ങൾ യഹോവ നോക്കിക്കൊള്ളും."[1]

1919-ൽ പ്രൊഫസർ പദവി ഉപേക്ഷിച്ച്, ആശ്രമജീവിതം കാംക്ഷിച്ചുകൊണ്ട് ഫാദർ പി. റ്റി. ഗീവർഗീസ് നാട്ടിൽ മടങ്ങിയെത്തി. പെരുനാട്ടിലെ മുണ്ടൻമലയിൽ കാടുകൾ വെട്ടിത്തെളിച്ച്, കാട്ടുമൃഗങ്ങളുടെ ബാധയിൽ നിന്നു വിമുക്തമായ ആശ്രമാന്തരീക്ഷം സൃഷ്ടിക്കുന്നതിന് കഠിനപ്രയത്നം ആവശ്യമായിരുന്നു. ആ മഹായജ്ഞത്തിൽ കളപ്പുരയ്ക്കൽ യാക്കോബ് ശെമ്മാശ്ശൻ, മട്ടയ്ക്കൽ അലക്സന്ത്രയോസ് ശെമ്മാശ്ശൻ എന്നിവർ നേരിട്ടു പങ്കാളികളായി. ബഥനി ആശ്രമസമൂഹത്തിൽ ചേരാൻ ആഗ്രഹംപ്രകടിപ്പിച്ച ശൂരനാട്ട് ഉമ്മൻ വാദ്ധ്യാരും ഫാദർ പി. റ്റി. ഗീവർഗീസിന്റെ ഇളയ സഹോദരൻ മത്തായിപ്പണിക്കരും കിളീലേത്തു ചാക്കോയും തികഞ്ഞ അർപ്പണബോധത്തോടെ പ്രവർത്തിച്ചു. മലമ്പനിയും വന്യമൃഗങ്ങളും സൃഷ്ടിച്ചിരുന്ന ഭീതിദമായ അവസ്ഥയിൽനിന്ന് മുണ്ടൻമലയെമോചിപ്പിച്ച് ആശ്രമാന്തരീക്ഷത്തിന്റെ പ്രശാന്തതയിലേക്കു നയിക്കാൻ ദൈവനിയോഗത്താലെന്നപോലെ ആളും അർത്ഥവും നൽകി അനേകംപേർ സഹായിച്ചു.സെറാമ്പൂരിൽ വച്ച് ഫാദർ പി. റ്റി. ഗീവർഗീസിനു പരിചിതനായിരുന്ന അമേരിക്കൻ മിഷനറി ജെ. എച്ച്. ഹൗളറിന്റെ താത്പര്യപ്രകാരം സർ ഡാനിയൽ ഹാമിൽട്ടൺ എന്ന സായ്പ് ഏഴായിരംരൂപ കടവായ്പ നല്കിയത് പ്രത്യേകം സ്മരണീയമാണ്.

ദൈവസ്നേഹത്തിന്റെ പൂർണ്ണതയിൽ മനുഷ്യർ ഒത്തുചേർന്നപ്പോൾ അദ്ഭുതങ്ങൾ സംഭവിക്കുകയായി. കാട്ടുപുല്ലുകൾമേഞ്ഞ കുടിലുകൾ ഉയർന്നു. മുള തല്ലിപ്പരത്തി പലകയാക്കി ഭിത്തിയും വാതിലുകളും നിർമ്മിച്ചു. ചാണകം കൊണ്ടാണ് തറ മെഴുകിയിരുന്നത്. കാടുതെളിച്ച് കപ്പയും കാച്ചിലും, ചേന, പയർ തുടങ്ങിയവയും കൃഷിചെയ്തു. മാവും പ്ലാവും തെങ്ങും കമുകും വാഴയുമൊക്കെ നട്ടുവളർത്തി.

ആശ്രമാംഗങ്ങൾക്ക് പ്രത്യേക ജീവിതനിഷ്ഠകളും ദിനചര്യയുമാണ് ക്രമീകരിച്ചിരുന്നത്. രാവിലെ അഞ്ചിനു മണിയടികേട്ടുണരുന്ന അംഗങ്ങൾ അടുത്തുള്ള ചെറിയ വെള്ളച്ചാട്ടത്തിൽ കുളിയും നനയും മററും കഴിഞ്ഞു 5.40 നു യാമ പ്രാർത്ഥനകൾക്കായി ആശ്രമം ചാപ്പലിൽ എത്തിയിരിക്കണം.വൈദികർ സ്ഥലത്തുണ്ടെങ്കിൽ വിശുദ്ധ കുർബ്ബാന നടത്തും. രാത്രി ഒമ്പതിനാരംഭിക്കുന്ന മൗനവ്രതം രാവിലെ എട്ടുമണിക്കായിരിക്കും അവസാനിക്കുക. നോമ്പു ദിവസങ്ങളിൽ ഉച്ചയ്ക്കും മററു

1. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്. പു. 145-147.



ദിവസങ്ങളിൽ രാവിലെ എട്ടരയ്ക്കുമാണ് ആദ്യത്തെ ഭക്ഷണം. ആഹാരസമയത്തും നിശ്ശബ്ദത പാലിച്ചിരിക്കണം. പിന്നീട് 9 മുതൽ 9.30 വരെ ശുചീകരണ പ്രവർത്തനങ്ങളാണ്. തുടർന്ന് ആശ്രമാദ്ധ്യക്ഷൻ ആബോ (പിതാവ്) ഫാ. ഗീവർഗീസും അസിസ്ററൻറ് സുപ്പീരിയർ ആബൂനാ (ചെറിയ പിതാവ്) ഫാ. അലക്സന്ത്രയോസും ഗുരുനാഥൻ(നോവിസ് മാസ്ററർ) ഫാ. യാക്കോബും ആശ്രമാംഗങ്ങൾക്കുവേണ്ടി വേദപഠനം, വൈദികപരിശീലനം, സഭാവിശ്വാസം, സന്ന്യാസജീവിതം മുതലായവയെപ്പററി മാറിമാറി ക്ലാസുകൾ എടുക്കും. പന്ത്രണ്ടിനാരംഭിക്കുന്ന ഉച്ചനമസ്കാരവും മധ്യസ്ഥപ്രാർത്ഥനകളുംകഴിഞ്ഞ് 12.30 ന് ഉച്ചക്കഞ്ഞി നല്കപ്പെടും.അതുകഴിഞ്ഞ് മൂന്നുമണിവരെ സ്വകാര്യ പഠനത്തിനുള്ള സമയമാണ്. മൂന്നുമണിക്കുള്ള നമസ്കാരവും കാപ്പികുടിയും കഴിഞ്ഞാൽ എല്ലാവരും കൃഷിസ്ഥലങ്ങളിലെ വേലക്കാരായി മാറും. അഞ്ചിനു വേലതീർന്നാൽ കുളികഴിഞ്ഞ് ആറുമണിക്ക് സന്ധ്യാനമസ്ക്കാരം; അതുകഴിഞ്ഞ് അത്താഴവും 8.30 വരെ പത്രംവായന, ചർച്ചകൾ, ഫലിതങ്ങൾ, സംവാദങ്ങൾ എന്നിവയുമാണ് പരിപാടി. എട്ടരമുതൽ 9 മണിവരെ ഭക്തിസംവർദ്ധകപ്രധാനമായ വായന. ഒമ്പതിനു ശയനനമസ്കാരത്തെ (സുത്താറ) തുടർന്നു മൗനാചരണം ആരംഭിക്കുന്നു. പത്തുമണിവരെ സ്വയമായി വായിക്കാനും പഠിക്കാനും സൗകര്യമുണ്ട്. പത്തുമണിക്ക് വിളക്ക് അണയ്ക്കും.

ആശ്രമത്തിൽ മൺചട്ടിയിലും മൺകോപ്പയിലുമാണ് ഭക്ഷണപാനീയങ്ങൾ കഴിച്ചുകൊണ്ടിരുന്നത്. സ്പൂണിനുപകരം പ്ലാവിലകുത്തിയതായിരുന്നു. സാധാരണ സസ്യാഹാരങ്ങൾ മാത്രം. നോമ്പില്ലാത്തപ്പോൾ പാലും മുട്ടയും ഉപയോഗിച്ചുവന്നു. പശുക്കളും കോഴികളും ധാരാളം ഉണ്ടായിരുന്നതിനാൽ പാലിനും നെയ്ക്കും മുട്ടയ്ക്കും ലോഭമുണ്ടായിരുന്നില്ല. മഴക്കാലത്ത് ഓലക്കുടയും കൃഷിസ്ഥലത്ത് തൊപ്പിപ്പാളയും ഉപയോഗിച്ചുകൊണ്ടിരുന്നു. രാത്രി പായിലാണ് കിടക്കുന്നത്. വെള്ളത്തുണിയിൽ കാവിമുക്കിയ വസ്ത്രം ധരിച്ചുവന്നു. ആശ്രമത്തിൽ സ്വകാര്യസ്വത്ത് അനുവദിച്ചിരുന്നില്ല. സർവ്വവും ആശ്രമത്തിന്റെ പൊതുവക. ആശ്രമാംഗങ്ങളുടെ ഇടയിൽ വലിയവനെന്നോ ചെറിയവനെന്നോ വൈദികനെന്നോ അവൈദികനെന്നോ ഭേദചിന്തയും ഇല്ലായിരുന്നു. വിശുദ്ധദാരിദ്ര്യം എന്നത് ആശ്രമാംഗങ്ങളുടെ ഒരു ജീവിതനിയമമാകുന്നു. ലോകത്തിനു മരിക്കുന്നവനത്രേ സന്ന്യാസി . ലൗകികമായ ബഹുമതിയും ജനസമ്മതിയും സന്ന്യാസിക്കാവശ്യമില്ല. ദൈവത്തിനായി സകലവും ത്യജിച്ചിരിക്കുന്നു എന്നതിലുള്ള സൗഭാഗ്യം അല്ലാതെമററൊന്നിലും സൗഭാഗ്യം ഉള്ളതായി സന്ന്യാസി കരുതിപ്പോകരുത്. സന്ന്യാസപ്രതിഷ്ഠമൂലം ഒരു സന്ന്യാസി ദാരിദ്ര്യത്തെ സ്വീകരിക്കുന്നു.[2]

2. ഫാദർ കുറിയാക്കോസ് ഒ. ഐ., സി. മലമടക്കിലെ കെടാവിളക്ക് . പു. 34-35.

www.malankaralibrary.com



യജ്ഞപ്പശുവിനോടാണ് ഫാദർ പി. ററി. ഗീവർഗീസ് സന്ന്യാസിയെ താരതമ്യം ചെയ്തത്. യാഗപീഠത്തിൽ സ്വയം ഹോമിക്കാൻ സന്നദ്ധനാകണം സന്ന്യാസി. മനുഷ്യരക്ഷയ്ക്ക് ഹോമബലിയായിത്തീർന്ന യേശുവിനോടൊപ്പം സന്ന്യാസിയും യാഗപീഠത്തിൽ കിടക്കുന്നു. ആയുസ്സിൻെറ അവസാനം വരെ ഈ യാഗാർപ്പണം തുടരുന്നു.

മലങ്കരസഭയിൽ അഭൂതപൂർവ്വമായ ഒരനുഭവമായിത്തീർന്നു, ബഥനി സന്ന്യാസസമൂഹത്തിൻെറ സമുദ്ഘാടനം. സ്വാർത്ഥമോഹങ്ങളും അധികാരപ്രമത്തതയും മുറുകി, കലഹങ്ങളും വ്യവഹാരങ്ങളുമായി അന്തരീക്ഷം കലുഷമായപ്പോൾ ശാന്തിയുടെ ദൂതുമായി സന്ന്യാസത്തിൻെറ നേർ വെളിച്ചം പരന്നു; ഇരുട്ടിനെ കീറിമാറ്റാൻ ശ്രമിച്ചു. പ്രാർത്ഥനയിലും ധ്യാനത്തിലും ദൈവസമ്പാദനത്തിലും ശ്രദ്ധകേന്ദ്രീകരിക്കുകയെന്ന ആഹ്വാനമാണ് 'ബഥനി' നൽകിയത്. ഫാദർ പി. ററി. ഗീവർഗീസിൻെറ നിർദ്ദേശത്തിൽ ആശ്രമസ്ഥർ ദേവാലയശുശ്രൂഷകൾക്കെത്തുകയും സഭാമക്കളുടെ ആദ്ധ്യാത്മികപുരോഗതി ലക്ഷ്യംവച്ച് ധ്യാനയോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. പെട്ടെന്ന് ഒരു മാററം സാദ്ധ്യമായില്ലെങ്കിലും നവീകരണത്തിൻെറ ചൈതന്യം പ്രസരിക്കുകയായിരുന്നു.

# 9

# ആത്മീയനിർവൃതി തേടുന്നു

സ്ത്രീ വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി ഫാദർ പി.ററി. ഗീവർഗീസ് കൈക്കൊണ്ട പുരോഗമനാത്മകമായ നടപടികൾ മലങ്കര സഭാചരിത്രത്തിൽ പ്രകാശത്തിൻെറ അദ്ധ്യായം എഴുതിച്ചേർത്തിരിക്കുന്നു. കേരളത്തിൻെറ അന്തരീക്ഷത്തിൽ പഠനം നിർവ്വഹിച്ചിരുന്ന പെൺകുട്ടികൾക്ക് സഹ്യാദ്രിക്കപ്പുറം ഒരു ലോകമുണ്ടെന്നും ഈ വൻകരയിൽ വ്യത്യസ്ത സംസ്കാരങ്ങൾ പുലരുന്നുണ്ടെന്നും വെളിപ്പെടുത്തിക്കൊടുത്തത് ആ മഹാത്മാവാണ്. തൻെറ സെറാമ്പൂർസേവനകാലം യുവാക്കളുടെ വിദ്യാഭ്യാസവികസനത്തിനും ആദ്ധ്യാത്മികജീവിതപുരോഗതിക്കും അവസരമാക്കിതീർത്തതുകൊണ്ട് അദ്ദേഹം തൃപ്തനായില്ല. ജന്മനാടിൻെറ ഉയർച്ചയ്ക്ക് സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് ഊന്നൽ നല്കേണ്ടതാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.

1913 മുതൽ 1919 വരെ ആറുവർഷക്കാലമാണ് ഫാദർ പി. ററി. ഗീവർഗീസ് സെറാമ്പൂരിൽ സേവനമനുഷ്ഠിച്ചത്. ആംഗ്ലിക്കൻ സഭയിലെ ഹൈ ചർച്ചുകാരായ യൂറോപ്യൻ സിസ്റേറഴ്സ് നടത്തുന്ന ഡയസീഷ്യൻ കോളജ് കൽക്കത്തയിലെ പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനമായിരുന്നു . ഫാദർ പി.ററി. ഗീവർഗീസിൻെറ ശ്രമഫലമായി ആദ്യം ഡയസീഷ്യൻ കോളജിൽപ്രവേശനം നേടിയത് ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ വക്കീലിൻെറ മകൾ അച്ചാമ്മയാണ്. 1915-ൽ വെണ്ണിക്കുളം കൂടത്തുമുറിയിൽ വർഗീസിൻെറ മകൾ സാറാമ്മയെ ഡയസീഷ്യൻ ഹൈസ്കൂളിലും ചേർത്തു.

കൽക്കത്തയിൽനിന്ന് മുന്നൂററമ്പതു മൈൽ അകലെ ബാരിസോളിൽ ഓക്സ്ഫോർഡ് മിഷൻ ഒഫ് എപ്പിഫനി സമൂഹത്തിൽപ്പെട്ട സിസ്റേറഴ്സ് വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നുണ്ടായിരുന്നു. ആ സമൂഹത്തിൻെറ അധിപ മദർ ഈഡിത്തിനെ കൽക്കത്തയിലെ ഒരു സമ്മേളനത്തിൽ വച്ച് ഫാദർ പി. ററി. ഗീവർഗീസ് പരിചയപ്പെട്ടു. മലങ്കരയിൽ അവർ ഒരു മഠം തുടങ്ങുന്നപക്ഷം സുറിയാനി സഭാംഗങ്ങളായ യുവതികൾക്ക് ആദ്ധ്യാത്മികമായ ഉണർവ്വുസംജാതമാകുമെന്ന് ആ ക്രാന്തദർശിക്ക് തോന്നലുണ്ടായി. അത്യപൂർവ്വമായ ഒരു ചിന്താഗതിയായിരുന്നു അത്. മലങ്കര സഭയിൽ അന്നോളം ഉദയംചെയ്യാത്ത ചിന്താഗതി. ശരിക്കും അതൊരു

www.malankaralibrary.com



പ്രവാചകദൗത്യം തന്നെയായിരുന്നു. ബഥനി സന്ന്യാസസമൂഹത്തിന്റെ രൂപീകരണത്തിന് ഭാരതീയ സന്ന്യാസത്തിന്റെ മഹാമാതൃക സ്വീകരിച്ച് അപൂർവ്വതയുടെ ആദ്യവഴി കണ്ടെത്തിയ ഫാദർ പി. റ്റി. ഗീവർഗീസ് മലങ്കര സഭയിൽ ഒരു സന്ന്യാസിനീസമൂഹത്തിന്റെ സൃഷ്ടിക്കുള്ള നിയോഗം ഏറ്റെടുത്തതിലൂടെ ദൈവത്താൽ അയയ്ക്കപ്പെട്ട ശ്ലീഹന്മാരുടെ ഗണത്തിൽ സ്ഥാനം നേടുകയായിരുന്നു.

കേരളത്തിൽ മഠം തുടങ്ങാനുള്ള ഫാദർ പി.റ്റി. ഗീവർഗീസിന്റെ അപേക്ഷ സ്വീകരിക്കാൻ മദർ ഈഡിത്തിന് കഴിഞ്ഞില്ല. ഇവിടം അവരുടെ കർമ്മമേഖലയ്ക്കപ്പുറമായിരുന്നു. എങ്കിലും ഫാദർ ഗീവർഗീസിന്റെ ആത്മാർത്ഥത അവർ തിരിച്ചറിഞ്ഞു. ഏതാനും അർത്ഥിനികൾക്ക് ബാരിസോളിൽവച്ചു പരിശീലനം നൽകാമെന്ന് മദർ ഈഡിത്ത് സമ്മതിച്ചു.

ഗംഗയുടെയും ബ്രഹ്മപുത്രയുടെയും സംഗമസ്ഥാനത്ത് സ്ഥിതിചെയ്യുന്ന ഒരു ചെറിയ പട്ടണമാണ് ബാരിസോൾ. അവിടെ തടിയും മുളയും കൊണ്ടു നിർമ്മിച്ച മഠം. ഭാരതീയ ജീവിതത്തിന്റെ പ്രതിച്ഛായ ആ മഠാന്തരീക്ഷത്തിലും നിറഞ്ഞു നിന്നിരുന്നു. മാതൃനിർവ്വിശേഷമായ വികാരവായ്പുകൾ സൂക്ഷിക്കുന്ന വാത്സല്യനിധിയായ മദർ ഈഡിത്ത്. അവരുടെ ഉറ്റ സഹചാരിയായി സിസ്റ്റർ ഹെലൻ. അവർ കേരളത്തിൽ നിന്നുള്ള പെൺകുട്ടികൾക്കുവേണ്ടി മഠത്തിന്റെ വാതിൽ തുറന്നു.

സെറാമ്പൂർ കോളജിൽ ഫാദർ പി.റ്റി. ഗീവർഗീസിന്റെ ശിഷ്യനായി ശൂരനാടു സ്വദേശി കോശി എന്നൊരു ശെമ്മാശ്ശൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പിതൃസഹോദരൻ കുറ്റിയിൽ കുര്യാക്കോസച്ചന്റെ മകൾ മറിയാമ്മയാണ് സന്ന്യാസപരിശീലനത്തിന് ആദ്യം സന്നദ്ധയായത്. ഫാദർ പി. റ്റി. ഗീവർഗീസിന്റെ സഹോദരൻ കല്ലറയ്ക്കൽ ഈപ്പച്ചന്റെ പുത്രി കുഞ്ഞമ്മ, പുത്തൻപുരയ്ക്കൽ പീലിപ്പോസിന്റെ മകൾ അന്നമ്മ എന്നിവരും 1915-ൽ ബാരിസോളിലേക്കു പുറപ്പെട്ട ആ ഗണത്തിൽ ഉൾപ്പെട്ടു. സ്നേഹനിർഭരമായ പുഞ്ചിരിയോടെ മദർ ഈഡിത്ത് അവർക്കു സ്വാഗതമരുളി.

മദ്ധ്യവേനൽ അവധിക്കു ഫാദർ പി.റ്റി. ഗീവർഗീസ് നാട്ടിലെത്തുമ്പോൾ വിവിധ ദേവാലയങ്ങളിൽ ധ്യാനപ്രസംഗങ്ങൾ നടത്തുക പതിവായിരുന്നു. 1916-ൽ അദ്ദേഹം പ്രസംഗപരിപാടിയുമായി തൃപ്പൂണിത്തുറയെത്തി. സ്നേഹിതനായ മൂക്കഞ്ചേരിൽ ഡോ.എം. പി. പീറ്ററുടെ താത്പര്യ പ്രകാരമായിരുന്നു അത്. മൂക്കഞ്ചേരിൽ പടിഞ്ഞാറേവീട്ടിലെ കുഞ്ഞിളച്ചി നാട്ടുനടപ്പനുസരിച്ച് ഒമ്പതാം വയസ്സിൽ വിവാഹിതയായെങ്കിലും അധികംവൈകാതെ സന്നിപാതജ്വരം പിടിപെട്ട് ഭർതൃവിയോഗം സംഭവിച്ചു. പിന്നീട് വിവാഹജീവിതത്തിൽ പ്രവേശിക്കാനിഷ്ടപ്പെടാതെ പ്രാർത്ഥനയിലും ധ്യാനത്തിലും മനസ്സർപ്പിച്ചു കഴിയുകയായിരുന്നു. ഫാദർ പി. റ്റി. ഗീവർഗീസ് വിഭാവന ചെയ്യുന്ന സന്ന്യാസജീവിതം നയിക്കാൻ ആ മഹതിക്ക് ഉത്സാഹമായി. കുഞ്ഞിളച്ചി



യുടെ ഇളയസഹോദരൻ കൊച്ചുപിള്ള എന്ന എം. പി. പീറ്ററും ഫാദർ ഗീവർഗീസിനെ അനുഗമിക്കാൻ തീർച്ചയാക്കി; പിൽക്കാലത്ത് കുടുംബാംഗങ്ങളുടെ എതിർപ്പുകൾ വകവയ്ക്കാതെ പീറ്റർ വൈദികവൃത്തിയിൽ പ്രവേശിച്ചു.

1917-ൽ ബാരിസോളിലേക്കു പുറപ്പെട്ട സന്ന്യാസാർത്ഥിനികളിൽ കുഞ്ഞിളച്ചി എന്ന എം. പി. ശോശാമ്മയ്ക്കൊപ്പം കായംകുളം പൊൻവാണിഭം ഇടിച്ചാണ്ടിയുടെ മകൾ ആച്ചിയമ്മ, കറ്റാനം ആന്നിയിൽ ചെറിയാൻ തരകന്റെ മകൾ പി. റ്റി. അന്നമ്മ എന്നിവർ ഉൾപ്പെട്ടിരുന്നു.

ഉന്നതവിദ്യാഭ്യാസത്തിനും സന്ന്യാസപരിശീലനത്തിനുമായി ഫാദർ പി.റ്റി. ഗീവർഗീസ് ബുദ്ധിമതികളായ പെൺകുട്ടികളെ തെരഞ്ഞെടുത്ത് കൽക്കത്തയിലും ബാരിസോളിലും പരിശീലനം നല്കിയതോടെ മലങ്കരയിലെ സ്ത്രീജനങ്ങൾക്കിടയിൽ ആദ്ധ്യാത്മികമായ ഉണർവ്വ് സംജാതമായി. അവരിൽ സന്ന്യാസജീവിതം കാംക്ഷിച്ചവർക്ക് സമർപ്പണത്തിന്റെ വഴിയൊരുക്കാൻ ഫാദർ പി. റ്റി. ഗീവർഗീസിനു തരണം ചെയ്യേണ്ടിയിരുന്ന പ്രതിബന്ധങ്ങൾ ഏറെയാണ്. മദർ ഈഡിത്തിന്റെയും സിസ്റ്റർ ഹെലന്റെയും ആഗ്രഹപ്രകാരം സന്ന്യാസിനീമഠത്തിന്റെ പ്രാരംഭം ബഥനി സന്ന്യാസസമൂഹത്തിന്റെ രൂപീകരണത്തിനു മുമ്പുതന്നെ ബാരിസോളിൽവച്ച് അദ്ദേഹം നിർവ്വഹിച്ചിരുന്നു. അത് 1918 ഫെബ്രുവരി ഒടുവിലാണ്. പക്ഷേ മലങ്കരയിൽ വേരുറപ്പിക്കുന്നതിന് വട്ടശ്ശേരിൽ തിരുമേനിയിൽനിന്നു പൂർണ്ണാനുവാദം ലഭ്യമായിരുന്നില്ല. ഏതാണ്ട് പത്തുവർഷക്കാലം അർത്ഥിനികൾ പ്രാർത്ഥനാപൂർവ്വം കാത്തിരുന്നതു മാത്രം മിച്ചം.

ഈ പരിണാമം ഫാദർ പി.റ്റി. ഗീവർഗീസിനെ ഏറെ ദുഃഖിതനാക്കി. മലങ്കരയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ അർപ്പണമനസ്കരായ സന്ന്യാസിനികളുടെ സേവനം പ്രയോജനപ്പെടുത്തണമെന്നായിരുന്നു അദ്ദേഹത്തിന്റെ കണക്കുകൂട്ടൽ. തിരുവല്ലയിലെ തിരുമൂലപുരത്ത് കണ്ടത്തിൽ വർഗീസ് മാപ്പിള പണിയിച്ച കെട്ടിടം ഒഴിഞ്ഞുകിടന്നിരുന്നു. അവിടെ ഒരു സ്കൂൾ തുടങ്ങുന്നതിന് ഫാദർ പി. റ്റി. ഗീവർഗീസ് സെറാമ്പൂരിലായിരുന്നപ്പോൾതന്നെ തീരുമാനമെടുത്തിരുന്നു. അതിനു നേതൃത്വം വഹിക്കാൻ പ്രാപ്തരായ രണ്ട് ഇംഗ്ലീഷ് വനിതകളെ മദർ ഈഡിത്തിന്റെ ശ്രമഫലമായി കണ്ടെത്തുകയും ചെയ്തിരുന്നു; ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ നിന്നു ബിരുദം നേടിയ മിസ് ഹോംസും മിസ് ബ്രൂക്സ് സ്മിത്തും. അവർ തിരുമൂലപുരത്തു താമസമാക്കി. ബാലികാമഠം സ്കൂളും പ്രവർത്തനമാരംഭിച്ചു. സ്കൂളിനോടു ചേർന്നുകിടക്കുന്ന സ്ഥലം ഫാദർ പി. റ്റി. ഗീവർഗീസിന്റെ ബുദ്ധിസാമർത്ഥ്യം മൂലം സ്വന്തമാക്കി അവിടെ മഠവും ചാപ്പലും കുട്ടികളുടെ ബോർഡിംഗും നിർമ്മിച്ചു.

1920-ൽ സ്കൂൾ പ്രവർത്തനമാരംഭിച്ചു. ഫാദർ പി.റ്റി. ഗീവർഗീസായിരുന്നു ബാലികാമഠം സ്കൂളിന്റെ ജീവനാഡി. സ്കൂൾ സംബന്ധമായ കാര്യ

www.malankaralibrary.com



ങ്ങളത്രയും അദ്ദേഹത്തിൻെറ നിർദ്ദേശത്തിലും മേൽനോട്ടത്തട്ടിലുമാണ് നിർവഹിച്ചുപോന്നത്.

> മാതാപിതാക്കളെ വിട്ട് സ്കൂളിൽ താമസിച്ചിരുന്ന കുട്ടികാംക്ക് എല്ലാവർക്കും അദ്ദേഹം ഏറ്റവും പ്രിയപ്പെട്ട ഒരു പിതാവായിരുന്നു. കുട്ടികളുടെ ഇടയിൽ അദ്ദേഹം ഒരു കൊച്ചുകുട്ടിയെപ്പോലെ സ്വതന്ത്രമായി വർത്തിച്ചു. ഫാദർ ഗീവർഗീസിൻെറ നിസ്വാർത്ഥമായ സേവനം ഇല്ലാതിരുന്നെങ്കിൽ തിരുമൂല ബാലികാമഠം ഹൈസ്കൂളായി തീരുകയില്ലായിരുന്നു എന്നുതന്നെ പറയാം.[1]

തിരുമൂലപുരത്തു താമസിച്ചിരുന്ന അർത്ഥിനികളെ സ്ഥാപകപിതാവ് ഇടയ്ക്കിടെ സന്ദർശിക്കുകയും ആദ്ധ്യാത്മികഉപദേശങ്ങാം നല്കുകയും ചെയ്തുപോന്നു. പക്ഷേ പൗരസ്ത്യസഭാനിയമമനുസരിച്ച് സന്ന്യാസ പ്രതിഷ്ഠയുടെ ശുശ്രൂഷ നടത്തുന്നതിനുള്ള അധികാരം മെത്രാനിൽ നിക്ഷിപ്തമാണ്. സന്ന്യാസിനീസമൂഹത്തിൻെറ രൂപീകരണത്തിൽ വട്ടശ്ശേരിൽ തിരുമേനി വിരുദ്ധമനസ്ക്കനായി പുറംതിരിഞ്ഞു നിൽക്കുകയാണ്. ഈ ദുഃഖാവസ്ഥയിൽനിന്നു വിടുതൽ കിട്ടുന്നതിന് അർത്ഥിനികാം ദൈവ സന്നിധിയിൽ കണ്ണുനീരോടെ പ്രാർത്ഥനകാം കാഴ്ചവച്ചു.

ഫാദർ പി. ററി. ഗീവർഗീസിനെ മെത്രാനായി വാഴിക്കുന്നതിന് വട്ടശ്ശേരിൽ തിരുമേനി പലഘട്ടങ്ങളിലും താത്പര്യം പുലർത്തിയിരുന്നു. വ്യവഹാരങ്ങളിൽ കുഴങ്ങുന്ന തനിക്ക് മുഖ്യസഹായിയായി പ്രിയശിഷ്യൻെറ സേവനം ഉറപ്പാക്കുന്നതിന് അദ്ദേഹം ആഗ്രഹിച്ചു. സഭയുടെ പരിതാപകരമായ അതേ അവസ്ഥ തന്നെ ഫാദർ ഗീവർഗീസിനെ ആ ഭാരം ഏറെറടുക്കുന്നതിൽ നിന്നു പിന്തിരിപ്പിക്കുകയും ചെയ്തു. പുൽക്കുടിലിൽ ജീവിക്കാനും കഠിനമായ ആശ്രമവിധികാം പാലിക്കാനും മൺചട്ടിയിൽനിന്നു ഭക്ഷിക്കാനും നിശ്ചയിച്ചുറപ്പിച്ച് ആത്മീയതയുടെ നിർവൃതി തേടുകയായിരുന്നു അദ്ദേഹം. എം. ഡി. സെമിനാരിഹൈസ്കൂാം പ്രിൻസിപ്പലും സെറാമ്പൂർ കോളജ് പ്രൊഫസറും പ്രഭാഷകനും പ്രതാപശാലിയുമായി വിരാജിച്ച എം. എ. അച്ചനാണ് പരിത്യാഗ ജീവിതത്തിൻെറ പാത സ്വയം തെരഞ്ഞെടുത്തത്.

പക്ഷേ അജപാലനദൗത്യത്തിൻെറ പൂർണ്ണതയായ മെത്രാൻപദവിയിൽ നിന്ന് ഒഴിഞ്ഞുനിൽക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഭദ്രാസനഭരണംകൈയേൽക്കാതെ ബഥനിയുടെ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യുന്നതിന് സ്വർഗ്ഗത്തിനുമുന്നിൽ ആ ശിരസ്സ് നമിക്കേണ്ടിവന്നു. എത്രവൈമനസ്യത്തോടെയാണ് ഫാദർ പി. ററി. ഗീവർഗീസ് അതിനു സന്നദ്ധനായത് എന്നതിന് 1925 മെയ് ഒന്നിന് നിരണം പള്ളിയിൽ വച്ചുനടന്ന മെത്രാഭിഷേകാനന്തരം ചെയ്ത പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങാം സാക്ഷ്യം നല്കുന്നു:

1. മദർ സാഗ, പുനരൈക്യത്തിൻെറ ആദ്യകാലങ്ങാം. പു. 52.



എനിക്ക് എട്ടോ പത്തോ വയസ്സു പ്രായമുള്ളകാലത്ത് സന്ന്യാസനിഷ്ഠയോടുകൂടി ജീവിതം നയിക്കണമെന്നുള്ള ആഗ്രഹം എൻെറ മനസ്സിൽ ഉദ്ഭവിച്ചതാണ്. അന്നുമുതൽ പല അവസ്ഥാഭേദങ്ങളിൽ കൂടി കടന്ന് പരിശുദ്ധാത്മാവിൻെറ കൃപയാൽ ഈ സ്ഥാനത്തെത്തുവാൻ സംഗതിയായി. എൻെറ ജീവിതാദർശമായി ഹൃദയത്തിൻെറ ആഴത്തിൽ അന്തർലീനമായി കിടന്നിട്ടുള്ള പ്രധാനകാര്യം സന്ന്യാസജീവിതത്തിൽകൂടി പുണ്യപൂർണ്ണത സമ്പാദിക്കാൻ ശ്രമിക്കണമെന്നുള്ളതായിരുന്നു. സമുദായ സംബന്ധമായി അടുത്തകാലത്തുണ്ടായ വിപ്ലവങ്ങളും കുഴപ്പങ്ങളും സംബന്ധിച്ച് ഏറക്കുറെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാലങ്ങളിൽ മേല്പറഞ്ഞ സന്ന്യാസാദർശം എൻെറ അന്തരംഗത്തിൽ സുപ്രതിഷ്ഠിതമായി എന്നെ അതിലേക്ക് ആകർഷിച്ചുകൊണ്ടിരുന്നു. ഈ ആഗ്രഹത്തെ വികസിപ്പിക്കുന്നതിനും പ്രായോഗികമാക്കി ചെയ്യുന്നതിനുംവേണ്ട അവസരം ലഭിച്ചത് കോട്ടയം എം.ഡി.സെമിനാരി വിട്ട് സെറാമ്പൂരിൽ പോയി താമസിക്കുന്നതിന് ഇടയായപ്പോാം ആയിരുന്നു. അവിടെ വച്ച് എൻെറ ശിഷ്യന്മാരും സ്നേഹിതന്മാരുമായ ചില യുവാക്കന്മാർ എന്നെപ്പോലെ സന്ന്യാസജീവിതത്തിനായി വിളിക്കപ്പെടുന്നുണ്ടെന്ന് എനിക്കു ബോദ്ധ്യംവരികയും ഞങ്ങളെല്ലാവരും ചേർന്നുള്ള ഒരാശ്രമമുണ്ടാകുന്നതു ഞങ്ങളുടെ ആത്മീയാഭിവൃദ്ധിക്കും ഞങ്ങളെക്കൊണ്ടു മററുള്ളവർക്കു പ്രയോജനം വരുന്നതിനും ഉചിതമായ മാർഗ്ഗമായിരിക്കുമെന്ന് എനിക്കു ബോദ്ധ്യപ്പെടുകയും ചെയ്തു. ഇങ്ങനെയാണ് ബഥന്യാശ്രമം സ്ഥാപിക്കാൻ ഞങ്ങാം ഉദ്യമിക്കുന്നതിനു സംഗതിയായത്.

ദൈവത്തിൻെറ സാക്ഷാത്തായ അവതാരവും, സർവ്വലോകത്തിൻെറയും ഗുരുവും രക്ഷിതാവുമായ യേശുമിശിഹായെ പൂർണ്ണമായി സ്നേഹിക്കുകയും അനുഗമിക്കുകയും ചെയ്തിട്ടുള്ള ഏതെങ്കിലും പരിശുദ്ധനെ ബഥന്യാശ്രമത്തിൻെറ രക്ഷാകർതൃത്വമുള്ള പുണ്യാത്മാവായി (Patron Saint) സ്വീകരിക്കണമെന്ന് ഏകദേശം പത്തുവത്സരം ഞങ്ങാം ആഗ്രഹിച്ചു. വിശുദ്ധ യോഹന്നാൻ ശ്ലീഹായെയാണ് ഞങ്ങാം തെരഞ്ഞെടുത്തത്. അദ്ദേഹം നമ്മുടെ കർത്താവിൻെറ പന്ത്രണ്ട് അപ്പസ്തോലന്മാരിൽവച്ച് ഏററവും ഇളയവനും കർത്താവിൻെറ അനന്യസാധാരണമായ സ്നേഹത്തിനു പാത്രീഭൂതനും നമ്മുടെ കർത്താവിനെ അവസാനത്തോളം സ്നേഹിച്ചവനുമാകുന്നു. എന്നുതന്നെയുമല്ല, അദ്ദേഹത്തിൻെറ സർവ്വോപദേശങ്ങളുടെയും കേന്ദ്രം 'സ്നേഹിപ്പിൻ' എന്നായിരുന്നുവെന്ന് അദ്ദേഹം എഴുതിവച്ചിട്ടുള്ള ലേഖനങ്ങളിൽനിന്ന് പ്രത്യക്ഷമാണ്. ബഥനിയുടെ സംരക്ഷക പുണ്യാത്മാവായ മാർ യോഹന്നാൻെറ പേരുതന്നെയാണ് ഇന്ന് എനിക്ക് എപ്പിസ്കോപ്പാസ്ഥാനം തന്നപ്പോാം ഈ വന്ദ്യതിരുമേനികാം വിളിച്ചിട്ടുള്ളത്. പൂർവ്വികസുറിയാനിസഭയിൽ മേൽപ്പട്ടസ്ഥാനത്തേക്കു വിളിക്കപ്പെടുന്ന ആളുകാം സ്ഥാനമേൽക്കുമ്പോാം ആദർശ പുരുഷന്മാരായിരുന്ന വന്ദ്യപിതാ

www.malankaralibrary.com



> ക്കന്മാരുടെ പേരുകൾ സ്വീകരിക്കുക പതിവാണ്. ഈ പതിവനുസരിച്ച് ഞാൻ സ്നേഹദൂതനായ വിശുദ്ധ അപ്പസ്തോലൻെറ പേരു സ്വീകരിച്ചിരിക്കുന്നു. എങ്കിലും ഈ പേരിനെ എൻെറ ജീവിതത്തിൽ അർത്ഥവത്താക്കിത്തീർക്കേണ്ടതു ഈ തിരുമേനികളുടെ അനുഗ്രഹത്താലും ദൈവമക്കളായ നിങ്ങളെല്ലാവരുടേയുംപ്രാർത്ഥനയുടെ സഹായത്താലും അത്രേ. ദൈവത്തിൻെറ കൃപാബാഹുല്യം എനിക്ക് എപ്പോഴും ആവശ്യമാണ്. അതിനാൽ തിരുമേനികളുടെ അനുഗ്രഹത്തെയും നിങ്ങളേവരുടെയും പ്രാർത്ഥനയെയും ഞാൻ വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു.[2]

സന്ന്യാസത്തിൻെറ മാർഗ്ഗത്തിൽ സഞ്ചരിക്കാനും സഭയിൽ ഐക്യവും സമാധാനവും സ്നേഹവും സ്ഥാപിക്കാനും ആശിച്ച ഫാദർ പി.ററി. ഗീവർഗീസ് ബഥനിയുടെ മെത്രാപ്പോലീത്ത മാർ ഈവാനിയോസ് ആയി രൂപാന്തരപ്പെടുന്നതിന് ഒടുവിൽ സമ്മതിക്കേണ്ടിവന്നു. ബഥനിമഠത്തിലെ സന്ന്യാസാർത്ഥിനികളുടെ കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥന ദൈവം കേട്ടു. അവരുടെ സന്ന്യാസപ്രതിഷ്ഠ നടത്താൻ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട മഹാപുരോഹിതനായിരുന്നു മാർ ഈവാനിയോസ്.

> സന്ന്യാസിനികളുടെ പ്രതിഷ്ഠ സ്വീകരിക്കുക എന്ന ഏകകാര്യത്തിനുവേണ്ടി മെത്രാൻ ആകാൻ, അതും ബഥനിയുടെ മാത്രം മെത്രാനാകാൻ അദ്ദേഹം സമ്മതിച്ചു. 'മക്കളെ നിങ്ങളെ പ്രതി ഞാൻ ഈ കുരിശു വഹിക്കുന്നു' എന്ന് അദ്ദേഹം അവരോടു പറഞ്ഞു.[3]

മെത്രാൻ പദവി സ്വീകരിച്ചതിനുശേഷം ആദ്യമായി അദ്ദേഹം നിറവേററിയത് ആ ചരിത്രനിയോഗമാണ്. 1925 സെപ്ററംബർ ഇരുപത്തിയൊന്നാം തീയതി പരിശുദ്ധ ദൈവമാതാവിൻെറ ഓർമ്മദിനവും സ്വന്തം ജന്മദിനവുമായ പുണ്യമുഹൂർത്തത്തിൽ ബഥനിയിലെ ആദ്യത്തെ മൂന്നു സന്ന്യാസിനിമാർ നിത്യബലിയായി ദൈവസമർപ്പണം നടത്തി. ആ സന്ന്യാസപ്രതിഷ്ഠ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത ആശീർവ്വദിച്ചു. അങ്ങനെ മലങ്കര സഭയുടെ ചരിത്രത്തിൽ ഇദംപ്രഥമമായി ഒരു സന്ന്യാസിനീസമൂഹം രൂപം കൊണ്ടു.

മൂക്കഞ്ചേരിൽ എം.പി. ശോശാമ്മയാണ് ബഥനി സന്ന്യാസിനിസമൂഹത്തിലെ പ്രഥമാംഗം. 'ശൈനൊ' എന്ന നാമധേയമാണ് സന്ന്യാസവസ്ത്രം സ്വീകരിച്ച് വ്രതവാഗ്ദാനം ചെയ്തപ്പോൾ അവർക്ക് നല്കപ്പെട്ടത്. 'സമാധാനം' എന്നാണ് ആ സുറിയാനിപദത്തിന് അർത്ഥം. അതുതന്നെയും തികച്ചും പ്രതീകാത്മകമാണ്. മലങ്കര സഭയിൽ കക്ഷിവഴക്കുകൾ സൃഷ്ടിച്ച

2. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്. പു. 169-170.
3. മദർ സൗംഗാ, പുനരൈക്യത്തിൻെറ ആദ്യകാലങ്ങൾ. പു. 96.



കോലാഹലത്തിനിടയിൽ ശാന്തികൊതിച്ച മഹാത്മാവായ മാർ ഈവാനിയോസ് സമാധാനത്തിൻെറ ഒരു വെള്ളരിപ്പിറാവിനെ സഭാന്തരീക്ഷത്തിലേക്ക് പറത്തിവിടുകയായിരുന്നു. ഈ പ്രാവും പിന്നാലെ പറക്കുന്ന പക്ഷികളും ചേർന്ന് ശാന്തിയുടെ സംഗീതമാലപിക്കും. ആ നാദസൗന്ദര്യത്തിൽ കർക്കശവും അപസ്വരഹേതുകവുമായതെല്ലാം ഉരുകി ഒരു മാധുര്യ സമ്പർക്കമായി രൂപാന്തരപ്പെടും. അവരുടെ പ്രാർത്ഥന സമുദ്രപ്പരപ്പിൻമീതെ സന്തുഷ്ടിയാർന്നു പറന്നുനടക്കും.[4]

അത് ഒരു മഹാപ്രസ്ഥാനത്തിൻെറ തുടക്കമായിരുന്നു. പൂർവ്വപാരമ്പര്യങ്ങൾ ഇല്ലാതിരുന്നിട്ടും മനുഷ്യസേവനത്തിന് സ്വയാർപ്പിതരായി അനേകം യുവതികൾ പിൽക്കാലത്ത് ആ മാർഗ്ഗം അവലംബിച്ചു. അവർക്ക് പ്രചോദനമായി തീർന്നത് സ്ഥാപകൻെറ വാക്കുകളും ജീവിതസാക്ഷ്യവുമാണ്. മെത്രാഭിഷേകത്തിനു ശേഷം മാർ ഈവാനിയോസ് തിരുമേനി ബഥനി സന്ന്യാസിനികൾക്ക് അയച്ച കത്ത് (13 മെയ് 1925) സമൂഹാംഗങ്ങൾ ഇന്നും ഒരു ചരിത്രരേഖയോ വിശ്വാസപ്രമാണമോ ആയി സൂക്ഷിക്കുന്നുണ്ട്.

> മക്കളേ,
>
> നാം മെത്രാൻ സ്ഥാനം പ്രാപിച്ചതുകൊണ്ട് നമ്മുടെ കർത്താവിൻെറ ശുദ്ധമുള്ള അപ്പസ്തോലന്മാരുടെ സമൂഹത്തിലും പദവിയിലും പ്രവേശിച്ചു എന്നും കരുണയുള്ള കർത്താവ് പെന്തിക്കോസ്തിയിൽ അപ്പസ്തോലന്മാർക്കു കൊടുത്തതായ കൃപയിൽ നാം ഓഹരിക്കാരനായിതീർന്നു എന്നും കർത്താവിനോട് ഏററവും അടുത്ത തൻെറ രഹസ്യങ്ങൾ അറിയുവാനും അതിൽ സന്തോഷിപ്പാനും തക്കഭാഗ്യത്തിലേക്ക് ദൈവം നമ്മെ വിളിച്ചിരിക്കുന്നു എന്നും നാം ആത്മാവിൽ അറിയുന്നു. നമ്മുടെ കണ്ണിലുണ്ണിയായിരിക്കുന്ന നിങ്ങൾ ഒരു പ്രത്യേക കാര്യത്തിനുവേണ്ടി പ്രാർത്ഥിക്കണേ. ദൈവം ആർക്ക് ഏറെ കൊടുത്തുവോ അവനോട് ഏറെ ചോദിക്കും. നമുക്കു തന്നിരിക്കുന്നത് പത്തു താലന്താകുന്നു. അതു വ്യാപാരം ചെയ്തു പത്തുകൂടെ ലാഭമുണ്ടാക്കിയാലേ മതിയാവുകയുള്ളൂ. ഇത് എങ്ങനെ സാധിക്കുമെന്ന് നമുക്കു യാതൊരു അറിവുമില്ല. എങ്ങോട്ടു പോകണം എന്നും എന്ത് ആഗ്രഹിക്കണം എന്നും അറിയാതെ നാം കുഴങ്ങുന്നു. എന്നാൽ ഒരുകാര്യം. കർത്താവ് നമ്മുടെ കൈക്കു പിടിച്ചിട്ടുണ്ട്. കുരുടനു കണ്ണുകാണാൻ പാടില്ല എങ്കിലും അവനെ നടത്തുന്നവൻ കണ്ണുള്ളവനാകയാൽ നിശ്ചിത സ്ഥലത്ത് നിർഭയമായും സുഖമായും കുരുടൻ എത്തുന്നു. കർത്താവേശുമിശിഹാ നമ്മെ നടത്തി. കർത്താവിൻെറ പ്രകാശത്തിൽ നമ്മെ നടത്തി. കർത്താവിൻെറ അളവററ മഹത്ത്വത്തിന് നമ്മെയും നമ്മുടെ ഏററം വാത്സല്യമക്കളായ നിങ്ങളെല്ലാവരെയും പുണ്യ

4. രവീന്ദ്രനാഥ ടാഗോർ, ഗീതാഞ്ജലി.ഗീതം രണ്ട്.

www.malankaralibrary.com



പൂർണ്ണതയിലേക്കും ദൈവത്തിന് വളരെ വളരെ മഹത്ത്വം വരുത്തുന്ന മഹത്ത്വത്തിലേക്കും എത്തിച്ചുകൊള്ളുന്നതിനും മക്കളേ, നിങ്ങൾ പ്രാർത്ഥിക്കണേ! ഇന്നത്തെ നമ്മുടെ കുർബ്ബാന ഇക്കാര്യത്തെപ്പററി ആയിരുന്നു. നമുക്കു യാതൊന്നും അറിഞ്ഞുകൂടാ. എങ്ങോട്ടു പോകണം, എങ്ങനെ ദൈവമഹത്ത്വത്തിനായി ശ്രമിക്കണം, എന്തുപ്രവർത്തിക്കണം ഇതൊന്നും നാം അറിയുന്നില്ല. നമ്മുടെ സ്വന്തം വാത്സല്യമക്കളായ നിങ്ങളോട് പറയുകയാണ്.

ഇതു കൂടാതെ വേറൊരു സംഗതികൂടെ നിങ്ങളോടു പറയുവാനുണ്ട്. കൂടെ താമസിക്കുന്ന സഹോദരിമാരിൽ യേശുവിനെ കാണുകയും സ്നേഹിക്കുകയും ചെയ്യുന്നതിന് പൂർവ്വാധികം നിങ്ങൾ ശ്രമിക്കണം. നിങ്ങളെപ്പററി ദൈവമുൻപാകെ നമുക്കു വളരെ സന്തോഷമുണ്ട്. എന്നാൽ ചിലപ്പോൾ നിങ്ങളെപ്പററി വ്യസനമുണ്ട്. നിങ്ങൾ നന്നായി ശ്രമിക്കുന്നു എന്നറിയണമെന്നേ നമുക്കാഗ്രഹമുള്ളു. നിങ്ങൾ ഓരോരുത്തരുംദൈവത്തിൻെറ മഹാപരിശുദ്ധന്മാരുടെ കൂട്ടത്തിൽ ഏററവും മഹത്ത്വവും വിശുദ്ധിയും താഴ്മയും പുണ്യവും നിറഞ്ഞവരായി ശോഭിച്ചു കാണുമ്പോഴേ, അതു കാണുമ്പോൾ മാത്രമേ നമുക്കു സന്തുഷ്ടിയുണ്ടാകുകയുള്ളൂ. മക്കളേ, കർത്താവിനെ സ്നേഹിപ്പിൻ. കർത്താവിനെപ്രതി, കാണപ്പെടുന്ന സഹോദരന്മാരെ അഭേദ്യമായി സ്നേഹിപ്പിൻ. നിങ്ങളുടെ ഇടയിൽ ഏതെങ്കിലും വഴക്കുണ്ടെന്നു ശങ്കിച്ചിട്ടല്ല നാം ഇതെഴുതുന്നത്. നിങ്ങൾ സ്നേഹസ്വരൂപിയായ ദൈവത്തിൻെറ കൃപ പൂർണ്ണമായും പ്രാപിക്കണമെന്നുള്ള അത്യാഗ്രഹം കൊണ്ടാണ്[5]

സമാധാനം വാഞ്ഛിക്കുകയും, മനുഷ്യസ്നേഹത്തിൽ ഉരുകുകയും, ദൈവസമ്പാദനത്തിന് സ്വയം സമർപ്പിക്കുകയും ചെയ്ത ആ പുണ്യാത്മാവിൻെറ ജീവിതം തന്നെയാണ് അദ്ദേഹത്തിൻെറ സന്ദേശം. അതു സ്വീകരിച്ച് അർപ്പിതജീവിതം നയിക്കാൻ സ്വയം പ്രതിഷ്ഠിതരാണ് ബഥനി സന്ന്യാസിനി സമൂഹത്തിലെ അംഗങ്ങൾ.

5. മദർ സൗംഗ. പുനരൈക്യത്തിൻെറ ആദ്യകാലങ്ങൾ. പു. 96-98.

# 10

# ബഥനിയുടെ മെത്രാൻ

**ദൈ**വത്തിൻെറ വഴികൾ അന്വേഷിക്കുകയും, ആ കരുണയിൽ ആശ്രയിക്കുകയും, വിളിക്കു കാതോർക്കുകയും ചെയ്ത പുണ്യാത്മാവാണ് മാർ ഈവാനിയോസ്. മലങ്കരസഭയുടെ ഐക്യത്തിനും സമാധാനപൂർണ്ണമായ നിലനില്പിനും പുരോഗതിക്കും അദ്ദേഹം വഹിച്ച ക്ലേശങ്ങൾ നിരവധിയാണ്. മലങ്കര മെത്രാപ്പോലീത്ത വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിൻെറ അരുമശിഷ്യൻ അതിനു പ്രതിജ്ഞാബദ്ധനായിരുന്നു. ഭൗതികതയുടെ വിഭ്രാന്തികളിൽ വീഴാതെ സഭയെ ആദ്ധ്യാത്മികമായി നവീകരിക്കുന്നതിനുള്ള ദൈവികാഹ്വാനം അദ്ദേഹം ചെവിക്കൊണ്ടു. കലഹപൂർണ്ണമായ അന്തരീക്ഷത്തിൽ സ്വയം നഷ്ടപ്പെടാതെ സർവ്വസംഗപരിത്യാഗത്തിൻെറ നന്മകൾ നിറഞ്ഞ സന്ന്യാസത്തിൻെറ മാർഗ്ഗം സ്വീകരിച്ചത് അതുകൊണ്ടാണ്. മലങ്കരസഭയിലെ യുവതീ യുവാക്കൾക്ക് സത്യപഥം കാണിച്ചു കൊടുക്കാനും വിജ്ഞാനത്തിൻെറ വെളിച്ചം പകർന്നുനൽകാനും അദ്ദേഹം ബദ്ധശ്രദ്ധനായി. ബഥനി മിശിഹാനുകരണ സന്ന്യാസസമൂഹം ഭാരതീയ സന്ന്യാസത്തിന് പുതിയ മാനം നൽകി.

പക്ഷേ ഈ ത്യാഗത്തിൻെറ പരിശോഭയിൽ ഐക്യത്തിലും സ്നേഹത്തിലും ഒന്നുചേർന്ന് ദൈവത്തെ മഹത്ത്വപ്പെടുത്താൻ സന്നദ്ധമായിരുന്നില്ല കലഹപ്രിയരായ അന്നത്തെ മലങ്കരസഭാംഗങ്ങൾ. അവർ പണത്തിൻെറയും പ്രതാപത്തിൻെറയും മായിക വലയത്തിൽ മുങ്ങിപ്പോയിരുന്നു. തൻെറ ദൈവികമായ തിരിച്ചറിവുകൾ സഭയെ സമ്പന്നമാക്കുന്നതിൽ പരാജയപ്പെട്ടപ്പോൾ, ആ ശ്രമങ്ങൾ ഉപേക്ഷിച്ച് ബഥനിയെ സ്വതന്ത്ര സ്ഥാപനമാക്കി ദൈവസമ്പാദനത്തിനുള്ള ശ്രമംതുടരാൻ സ്ഥാപകൻ ദൃഢനിശ്ചയം ചെയ്തു.

ഇതിനിടയിലും സഭാനേതൃത്വം പൗരോഹിത്യത്തിൻെറ പൂർണ്ണതയായ മെത്രാൻ പദവിയിലേക്ക് അദ്ദേഹത്തെ വിളിക്കുന്നുണ്ടായിരുന്നു. യാക്കോബായസഭയിൽനിന്നു വേറിട്ട് സ്വതന്ത്രാസ്തിത്വം സ്ഥാപിച്ച ഓർത്തഡോക്സ് വിഭാഗത്തിൻെറ മെത്രാപ്പോലീത്ത വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ അബ്ദള്ള പാത്രയർക്കീസ് മുടക്കുക നിമിത്തം പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ട യാക്കോബായ പക്ഷത്തിന് അദ്ദേഹം ബഹിഷ്കൃതനായിരുന്നു. അദ്ദേഹ

www.malankaralibrary.com



ത്തോടൊപ്പം നിന്നവരും സഭയ്ക്ക് അന്യരായി. അബദ്ദ് മ്ശിഹാ പാത്രിയർക്കീസ് ആ മുടക്കു തീർക്കുകയും മലങ്കരയിൽ സ്വയംഭരണാധികാരമുള്ള കാതോലിക്കായെ 1912 സെപ്റ്റംബർ 25 ന് വാഴിക്കുകയുംചെയ്തു. കണ്ടനാട് ഭദ്രാസനത്തിന്റെ മാർ ഈവാനിയോസാണ് പൗലോസ് മാർ ബസ്സേലിയോസ് എന്ന നാമധേയത്തിൽ പ്രഥമ കാതോലിക്കായായി അഭിഷേകം ചെയ്യപ്പെട്ടത്.

കക്ഷിവഴക്കിലും കലാപത്തിലുംപെട്ട് മലങ്കരസഭ ആടിയുലഞ്ഞ ഘട്ടത്തിലാണ് പരിത്യാഗത്തിന്റെ പാതയിലൂടെ ആത്മശുദ്ധീകരണത്തിനും ദൈവസമ്പാദനത്തിനും 'ബഥനി' പ്രയത്നിച്ചത്. ആ സദ്ഫലങ്ങൾ ഓർത്തഡോക്സ് സമൂഹത്തിനു പ്രയോജനപ്പെടുത്തണമെന്ന വട്ടശ്ശേരിൽ തിരുമേനിയുടെയും ഇതര ഭദ്രാസനാധിപന്മാരുടെയും ഉറച്ച നിഗമനമായിരുന്നു ബഥനി പിതാവിനെ മെത്രാനായി നിശ്ചയിച്ചതിനു പിന്നിൽ. ഒന്നാം കാതോലിക്കാ കാലം ചെയ്തിട്ട് പന്ത്രണ്ടു സംവത്സരം കഴിഞ്ഞിരുന്നു. ദ്വിതീയ കാതോലിക്കയെ വാഴിക്കുന്നതിലുണ്ടായ കാലവിളംബവും പരിഹരിക്കണമായിരുന്നു.

ഇതനുസരിച്ച് 1925 ഏപ്രിൽ 30 ന് വാകത്താനം മാർ പീലക്സിനോസ് മെത്രാപ്പോലീത്തയെ നിരണം പള്ളിയിൽവച്ച് ദ്വിതീയ കാതോലിക്കയായി വാഴിച്ചു; അടുത്തദിവസം, മെയ് ഒന്നിന് ബഥനി പിതാവിനെ മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാനായും.

മാർ ഈവാനിയോസിന്റെ മെത്രാഭിഷേകത്തിന് പല പ്രത്യേകതകളും ഉണ്ടായിരുന്നു. അഭിനവ കാതോലിക്കാബാവയും കണ്ടനാട് ഭദ്രാസനത്തിന്റെ മാർ ഗ്രിഗോറിയോസ് എന്നിവരും ചേർന്നാണ് മാർ ഈവാനിയോസിനെ മെത്രാനായി വാഴിച്ചത്. നിരണം പള്ളിയിൽനിന്നു മൂന്നുമൈൽ മാത്രം ദൂരെ പരുമല സെമിനാരിയിൽ താമസിച്ചിരുന്ന വട്ടശ്ശേരിൽ തിരുമേനി രണ്ടു ദിവസത്തെ ചടങ്ങുകളിലും സംബന്ധിച്ചില്ല. 'പ്രമാദമായ വട്ടിപ്പണക്കേസ്' കോടതിയിൽ നടന്നുകൊണ്ടിരുന്ന കാലമായിരുന്നു അത്. അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ മേലധികാരത്തിനു വഴങ്ങി മലങ്കരസഭയുടെ ഭരണം താൻ നിർവ്വഹിച്ചുവരികയാണെന്ന് കോടതിയിൽ വട്ടശ്ശേരിൽ തിരുമേനി മൊഴിനല്കിയിരുന്നു. സ്വതന്ത്ര കാതോലിക്കയുടെ സ്ഥാനാരോഹണത്തിലും പാത്രിയർക്കീസിന്റെ അനുവാദം തേടാതെയുള്ള മെത്രാഭിഷേകത്തിലും സംബന്ധിക്കുന്നപക്ഷം കേസിൽ തന്റെ വാദം ദുർബ്ബലമായിത്തീരുമെന്ന് നിയമജ്ഞർ ഉപദേശിച്ചു. അതുകൊണ്ട് വേദനയോടെയെങ്കിലുംപ്രസ്തുത ചടങ്ങുകളിൽ നിന്ന് അദ്ദേഹത്തിന് വിട്ടുനിൽക്കേണ്ടിവന്നു.

മെത്രാഭിഷേകാനന്തരം മാർ ഈവാനിയോസ് തിരുമേനി നടത്തിയ സുദീർഘമായ പ്രസംഗം സഭൈക്യത്തിന് ആഹ്വാനം ചെയ്യുന്നതായിരുന്നു. ഏതെങ്കിലും ഒരുപക്ഷത്ത് പ്രത്യക്ഷമായി നിലയുറപ്പിക്കാതെ ആത്മീയമായ ഉൾക്കാഴ്ചയോടുകൂടി അദ്ദേഹം ഇങ്ങനെ പറഞ്ഞു:



> പാത്രിയർക്കീസിന്റെ ലൗകികാധികാരം സമ്മതിച്ച് മലങ്കര മെത്രാപ്പോലീത്ത രജിസ്റ്റർ ഉടമ്പടി കൊടുക്കയില്ലെന്നു ബോദ്ധ്യപ്പെട്ടപ്പോൾ അദ്ദേഹത്തെ മുടക്കുന്നതിന് അബ്ദള്ള പാത്രിയർക്കീസ് ബാവ ആലോചിച്ചു. എന്നാൽ മുടക്കിനുള്ള യഥാർത്ഥകാരണം മുടക്കുകല്പനയിൽ പ്രസ്താവിക്കാതെ കേവലം ദുർബലങ്ങളായ മറ്റുകാരണങ്ങൾ നിർമ്മിച്ചുണ്ടാക്കി അദ്ദേഹത്തെ മുടക്കി. ഒരു ആത്മീയപിതാവ് ഇങ്ങനെ ചെയ്‌വാൻ ഇടയായതിനെപ്പറ്റി നാം എത്രയും വ്യസനിക്കേണ്ടിയിരിക്കുന്നു. മുടക്കുകല്പനയിൽ പറയുന്ന കാരണങ്ങൾ (കൈ വിറയ്ക്കുമെന്നുള്ളതൊഴിച്ച്) കേവലം അടിസ്ഥാനരഹിതങ്ങളാണെന്നും അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ആലോചനക്കാർക്കും ബോധമുണ്ടായിരുന്നുവെന്നാണ് എന്റെ വിശ്വാസം. സമുദായസംബന്ധമായി ഈ വിധമുണ്ടായ കുഴപ്പകാലത്ത് ഞാൻ എന്റെ മതബോധത്തിന് അനുസരണമായി മനഃപൂർവ്വമായി മലങ്കര മെത്രാപ്പോലീത്താതിരുമേനിയോടു യോജിച്ചുനിന്നുകൊണ്ട് കഴിയുന്നതുപോലെ മലങ്കരസഭയുടെ ഐശ്വര്യത്തിനുവേണ്ടി യത്നിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള പ്രയത്നം കൊണ്ട് നമ്മുടെ സഭയ്ക്കുണ്ടാകാവുന്ന ഐശ്വര്യത്തേക്കാൾ കൂടുതലായി നമ്മുടെ സഭയ്ക്കും ഈ നാട്ടിൽ എല്ലാ ക്രിസ്ത്യാനികൾക്കും ആവശ്യമുള്ളത് ജനങ്ങളിൽ യഥാർത്ഥ ദൈവഭക്തിയാണെന്ന് എനിക്കു ബോദ്ധ്യപ്പെട്ടു. അതിനാൽ അതു വർദ്ധിപ്പാൻ തക്കശ്രമങ്ങൾ ചെയ്യുന്നത് എന്റെ പ്രഥമകൃത്യമാണെന്നു ഞാൻ തീർച്ചയാക്കി. സന്ന്യാസ ജീവിതത്തിന് എനിക്കു ബാല്യം മുതലേ ഉണ്ടായിരുന്ന അഭിരുചിയും ആകാംക്ഷയും കരുണാനിധിയായ ദൈവത്തിന്റെ കൃപയാൽ പ്രബലപ്പെടുത്തുകയും ഞാൻ സാമുദായികശ്രമങ്ങളെ ഉപേക്ഷിച്ചു ബഥന്യാശ്രമം മുഖേന ഭക്തിപരമായ കാര്യങ്ങളിൽ ഏകാഗ്രതയോടെ പരിശ്രമിക്കയും ചെയ്യുവാൻ ദൈവം സംഗതിയാക്കി.

അതിദീർഘമായ പ്രസംഗം അഭിനവ മെത്രാൻ തിരുമേനി ഉപസംഹരിച്ചത് ഇപ്രകാരമാണ്:

> ക്രിസ്തീയ സഭയെ മനുഷ്യശരീരത്തോട് ഉപമിക്കുന്നപക്ഷം സന്ന്യാസാശ്രമത്തെ മനുഷ്യശരീരത്തിലുള്ള 'ചങ്കി'നോട് അനുരൂപപ്പെടുത്താം. ചങ്കുകൊണ്ട് മനുഷ്യശരീരത്തിനുള്ള ഉപയോഗം ദൈവഭക്തിയുള്ള സന്ന്യാസാശ്രമത്തെക്കൊണ്ട് ക്രിസ്തീയ സഭയ്ക്ക് ഉണ്ടാകുന്നു എന്നു വേദപാരംഗതന്മാർ അഭിപ്രായപ്പെടുന്നു. ബഥനി ഒരു സന്ന്യാസാശ്രമമാണ്. ബഥനിമെത്രാന്റെ ഇടവക എത്രയും ചെറുതായ ഒരിടവകയാണെന്നുവരികിലും ബഥനിയുടെ ആദർശം വലിയതാണ്. നമ്മുടെ ഇടയിൽ സർവ്വപ്രധാനമായ കുറവ് ദൈവഭക്തിയുടെ അഭാവമാണെന്നു ഞാൻ വിശ്വസിക്കുന്നു. മറ്റു സമുദായങ്ങളെ കുറ്റം പറഞ്ഞിട്ടു കാര്യമില്ലല്ലോ. നമ്മുടെ കുറവു നാം കണ്ടുപിടിക്കണം. നമ്മുടെ സമുദായ

www.malankaralibrary.com



ത്തിൻെറ ജീവിതോദ്ദേശ്യം സർവ്വോപരി ദൈവത്തെ സ്നേഹിക്കയും ചുററുമുള്ള സമുദായങ്ങളെയും ആളുകളെയും കർത്താവേശുമിശിഹായെപ്രതിശുശ്രൂഷിക്കയും സഹായിക്കയുംചെയ്ക എന്നുള്ളതായിത്തീരണം. കഴിഞ്ഞ കാലത്തു നമ്മുടെ സമുദായം സ്വീകരിച്ചിട്ടുള്ളതായി പറയാവുന്ന ആദർശങ്ങളെക്കാൾ പരിശുദ്ധവും ക്രിസ്തീയ ത്യാഗപൂരിതവും സ്നേഹ സമ്പൂർണ്ണവുമായ ആദർശങ്ങളെ നമ്മുടെ സമുദായവും ഈ നാട്ടിലുള്ള എല്ലാ ക്രിസ്തീയ സമുദായങ്ങളും സ്വീകരിക്കേണ്ടതാവശ്യമാണ്.

നമ്മുടെ സഭയേയും ഈ നാട്ടിലുള്ള മററു സഭകളെയും നമ്മുടെ കർത്താവേശുമിശിഹായുടെ അത്യുൽകൃഷ്ടമായ പരാമാദർശങ്ങളിലേക്ക് ആകർഷിപ്പാൻ ദൈവത്തിൻെറ അളവററ കരുണയാൽ ബഥന്യാശ്രമത്തിനു യഥാകാലം സംഗതിയാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ബഥന്യാശ്രമാംഗങ്ങളായ ഞങ്ങൾ പഠിപ്പിലും പ്രാപ്തിയിലും ദൈവഭക്തിയിലും കുറവുള്ളവരാണെങ്കിലും നമ്മുടെ കർത്താവേശുമിശിഹായെ സർവ്വോപരി സ്നേഹിക്കണമെന്നുള്ള ആഗ്രഹം ദൈവം ഞങ്ങൾക്കു ദൃഢമായി തന്നിട്ടുണ്ട്. ഈ ആഗ്രഹം നിറവേററുവാൻ ദൈവത്തിൻെറ പരിശുദ്ധ റൂഹാ ഞങ്ങളെ അനുഗ്രഹിക്കയും സഹായിക്കയും ചെയ്യാത്തപക്ഷം ബഥന്യാശ്രമംകൊണ്ടുണ്ടാകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്ന നന്മ ഉണ്ടാകയില്ലെന്നു ഞങ്ങൾക്കു നന്നായി അറിയാം. ഞങ്ങളുടെ സ്വന്തം നന്മയിലോ ഭക്തിയിലോ ഞങ്ങൾ ലവലേശംആശ്രയിക്കുന്നില്ല. സത്യസന്ധതയോടുകൂടി ദൈവത്തോടപേക്ഷിക്കുന്നവർക്ക് അവർ അർഹിക്കാത്ത കൃപകളെ കരുണാനിധിയായ ദൈവം കൊടുക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

അതിനാൽ അനർഹരായ ഞങ്ങളെ അതിപരിശുദ്ധമായ ഈ സന്ന്യാസജീവിതത്തിലേക്കു വിളിച്ചിട്ടുള്ളവനായ ദൈവം ഞങ്ങൾ അർഹിക്കാത്ത കൃപകളെ തൻെറ കൃപാബാഹുല്യത്താൽ തന്നു ഞങ്ങളെ അനുഗ്രഹിക്കുന്നതു കൂടാതെ ഞങ്ങൾ വഴിയായി ഈ സമുദായത്തെയും, ഈ നാട്ടിലുള്ള എല്ലാ ക്രിസ്തീയ സമുദായങ്ങളെയും, ഈ രാജ്യത്തുള്ള മററു സമുദായങ്ങളെയും അനുഗ്രഹിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.ദൈവത്തിൻെറ കൃപ ഒരുനാളും കുറഞ്ഞു പോകുന്നതല്ല. ബഥനിയുടെ അദ്ധ്യക്ഷനായ ആശ്രമപിതാവിനെ അതിപരിശുദ്ധമായ മേല്പട്ട സ്ഥാനത്തേക്കു വിളിപ്പാനും ബഥനിയുടെ മെത്രാനായി അഭിഷേകം ചെയ്‌വാനും ഈ വന്ദ്യതിരുമേനികൾക്ക് ഇഷ്ടമുണ്ടായതിൽ ഞങ്ങൾക്കുള്ള കൃതജ്ഞതയെയും ഈ അവസരത്തിൽ പ്രകാശിപ്പിച്ചുകൊള്ളുന്നു.[1]

1. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്. പു. 177-182.



ഈ നന്ദിപ്രഭാഷണം സൂക്ഷ്മമായി ശ്രദ്ധിച്ചാൽ വാക്കുകൾക്കിടയിൽ നിഗൂഹനം ചെയ്തിരിക്കുന്ന പരമമായ ഒരു സത്യം കണ്ടെത്താനാവും. ഭിന്നിച്ചു നിന്ന മലങ്കരസഭയിൽ ഏതെങ്കിലുമൊരു വിഭാഗത്തിൻെറ താത്പര്യസംരക്ഷണത്തിനല്ല മാർ ഈവാനിയോസ് മെത്രാൻപദവി സ്വീകരിച്ചത്. കാതോലിക്കാ സ്ഥാപനത്തിന് ഒരിക്കൽ മുന്നിട്ടുനിന്നു പ്രവർത്തിച്ചെങ്കിലും കലഹം മൂർച്ഛരിച്ച് ദൈവാശ്രയം വിട്ടകലാൻ ഓരോവിഭാഗവും മത്സരിച്ചപ്പോൾ ഏതെങ്കിലും പക്ഷംചേർന്ന് നേട്ടങ്ങളുണ്ടാക്കാനല്ല എം. എ. അച്ചൻ പരിശ്രമിച്ചത്; മറിച്ച്, മദമാത്സര്യങ്ങളിൽ നിന്നകന്ന് പരിത്യാഗത്തിലും മനുഷ്യനന്മയ്ക്കായുള്ള കഠിന സന്ന്യാസവിധികളിലും സ്വയം നഷ്ടപ്പെടുത്താനാണ്. 'ഞാനല്ല, ദൈവമാണ് എന്നിൽ ജീവിക്കുന്നത്' എന്ന തത്ത്വം സ്വജീവിതംകൊണ്ടു സാക്ഷ്യപ്പെടുത്താൻ ആ മഹാശയൻ വെമ്പൽകൊണ്ടു. താൻ സ്ഥാപിച്ച ബഥനിയെ ഏതെങ്കിലും വിഭാഗത്തിൻെറ തൊഴുത്തിൽ കെട്ടാതെ 'ഏക ഇടയനും തൊഴുത്തും' എന്ന ആദർശത്തിലേക്ക് മലങ്കരസഭാംഗങ്ങളെ മുഴുവൻ ആഹ്വാനം ചെയ്യുന്ന ഒരു സ്വതന്ത്രസ്ഥാപനമാക്കി നിലനിറുത്താനായിരുന്നു യത്നം. അതുകൊണ്ട് മഹാപുരോഹിത സ്ഥാനത്തേക്ക് ഓർത്തഡോക്സ് വിഭാഗത്തിൽനിന്നുള്ള ക്ഷണം സ്വീകരിക്കുമ്പോൾ തന്നെ സഭയുടെ ഇടവക ഭരിക്കാനല്ല, ബഥനിയുടെ മാത്രം മെത്രാനായി നിലകൊണ്ട് ആത്മാക്കളെതേടുന്ന യത്നങ്ങളിൽ മുഴുകാനാണ് മാർ ഈവാനിയോസ് ഉത്സുകനായിത്തീർന്നത്. തൻെറ മെത്രാൻപദവി ബഥനിയുടെ വ്യക്തിത്വം കൂടുതൽ പ്രകാശമാനമാക്കുമെന്ന് സ്വാഭാവികമായും അദ്ദേഹം പ്രതീക്ഷിച്ചിരിക്കാം. മറെറാരു പ്രേരണ മുൻപുസൂചിപ്പിച്ചതു തന്നെയാണ്; താൻ നൂതനമായി ആവിഷ്കരിച്ച ബഥനിസന്ന്യാസിനികളുടെ സന്ന്യാസ പ്രതിഷ്ഠ നിർവ്വഹിക്കാൻ മെത്രാനെന്ന നിലയിൽ തനിക്കു സിദ്ധിക്കുന്ന അവകാശം. മലങ്കര മെത്രാപ്പോലീത്ത അതിൽ താത്പര്യമെടുക്കാതിരുന്നസാഹചര്യത്തിൽ ഇങ്ങനെ സംഭവിക്കേണ്ടത് ദൈവഹിതമായിരുന്നു, തീർച്ച.

മാർ ഈവാനിയോസിൻെറയും ബഥനിയുടെയും ഈ സമീപനം അംഗീകരിച്ചുകൊണ്ട് സഭൈക്യത്തിനുള്ള സംഭാഷണവേദിയാക്കി ബഥനിയെ ഇരുപക്ഷത്തിനും പ്രയോജനപ്പെടുത്താമായിരുന്നു. അതിനുപകരം പാത്രിയർക്കീസ് പക്ഷക്കാരായ മാർ യൂലിയോസ് തുടങ്ങിയ മെത്രാന്മാരുടെ പ്രേരണയിൽ അന്ത്യോഖ്യൻ പാത്രിയർക്കീസ് കാതോലിക്കാബാവയെയും മാർ ഈവാനിയോസിനെയും നിന്ദ്യമായ ഭാഷയിൽ ശകാരിച്ചും ശപിച്ചും ഒരു മുടക്കു കല്പന പുറപ്പെടുവിക്കുകയാണു ചെയ്തത്. സഭയുടെ തലവൻ മാർ എത്ര തരംതാണ രീതിയിലാണ് പ്രതികരിച്ചിരുന്നതെന്നറിയാൻ ആ കല്പനയുടെ പൂർണ്ണ രൂപം ശ്രദ്ധിച്ചാൽ മതി:

സർവ്വശക്തനായി സാരാംശ സമ്പൂർണ്ണനായിരിക്കുന്ന
ആദ്യന്തമില്ലാത്ത നിത്യൻെറ തിരുനാമത്തിൽ
മൂന്നാമത്തെ ഏലിയാസ്

www.malankaralibrary.com



ആകുന്ന അന്ത്യോഖ്യയുടെ ശ്ലീഹായ്ക്കടുത്ത
സിംഹാസനത്തിൻെറ
ഇഗ്നാത്തിയോസ് പാത്രിയർക്കീസ്
(മുദ്ര) നമ്പർ 402

നമ്മുടെ വാത്സല്യവാന്മാരായ ബ. സ്ലീബാ ഒസ്താത്തേവോസ് മെത്രാപ്പോലീത്തയ്ക്കും, ബ. പൗലോസ് അത്തനാസ്യോസ് മെത്രാപ്പോലീത്തയ്ക്കും, ബ. ഗീവർഗീസ് സേവേറിയോസ് മെത്രാപ്പോലീത്തയ്ക്കും ബ. ഏലിയാസ് യൂലിയോസ് മെത്രാപ്പോലീത്തയ്ക്കും കൂടി എഴുതുന്നത്. ദൈവമായ കർത്താവിൻെറ വാഴ്വ് അവരുടെ മേലും അവരോടുചേരുന്ന എല്ലാവരുടെ മേലും വസിക്കുമാറാകട്ടെ. അതു ദൈവമാതാവായ മറിയാമിൻെറ പ്രാർത്ഥനയാൽ തന്നെ; ആമ്മീൻ.

നിങ്ങളുടെ സ്നേഹത്തിനു സമാധാനത്തെ നാം പ്രദാനം ചെയ്യുന്നു. ക്രിസ്ത്വബ്ദം 1925 മിഥുനം 21-ാം തീയതി നിങ്ങൾ അയച്ച എഴുത്തു നമുക്കു കിട്ടി. മെത്രാപ്പോലീത്ത അല്ലാതിരിക്കുന്ന വാകത്താനത്തുകാരൻ ഗീവറുഗീസ് റമ്പാനെ മുടക്കപ്പെട്ടവരും ശപിക്കപ്പെട്ടവരുമായ അവൻെറ ഇഷ്ടന്മാർ ഇപ്പോൾ കാതോലിക്ക എന്നു പേർ വിളിച്ചതായും പരേതനായ നമ്മുടെ മുൻഗാമിയായിരുന്ന അബ്ദള്ള പാത്രിയർക്കീസിനാൽ പ്രത്യേകം ശപിക്കപ്പെട്ടിരിക്കുന്ന ഗീവർഗീസ് കശ്ശീശ എം.എ.യെ അവൻെറ ഇഷ്ടന്മാർ എപ്പിസ്ക്കോപ്പ എന്നു പേർ വിളിച്ചതായും അതിൽനിന്നു നമുക്കു മനസ്സിലായി. മുടക്കപ്പെട്ട അബ്ദദ് മ്ശിഹാ ചുവപ്പു വേഷം ധരിപ്പിച്ചിട്ടുള്ള മൂന്നുപേരും വ്യർത്ഥന്മാരും മുടക്കപ്പെട്ടവരും ആകുന്നു. എന്തെന്നാൽ ഒരുവന് ഏതെങ്കിലും സ്ഥാനം കൊടുപ്പാൻ അബ്ദദ് മ്ശിഹിനു നമ്മുടെ വിശുദ്ധ സഭയിൽ റൂഹായ്ക്കടുത്ത അധികാരം അശേഷമില്ല. അവൻെറ പ്രവൃത്തികളും കല്പനകളും അസാധുവാകുന്നു. മരിച്ചുപോയ ഒരാളിൽനിന്നും യാതൊരു സ്ഥാനവും കൈക്കൊള്ളുവാൻ ഒരുവനു നിവൃത്തിയില്ലാത്തതുപോലെതന്നെ സിംഹാസനത്തിൽ നിന്നു തള്ളപ്പെട്ടതിനുശേഷം പാത്രിയർക്കാസ്ഥാനത്തിൽ നിന്നും മരിച്ചവനായി തീർന്നുപോയ അബ്ദദ് മ്ശിഹായിൽനിന്നു യാതൊരു സ്ഥാനവും പ്രാപിക്കാൻ നിവൃത്തിയില്ല. മുടക്കപ്പെട്ട ഗീവർഗീസിനെയും റൂഹായ്ക്കടുത്ത നൽവരത്തിൽനിന്നു ഒഴിഞ്ഞിരിക്കുന്ന അബ്ദദ് മ്ശിഹിനെയും അംഗീകരിക്കുന്നവർ സഭയുടെ ഉടലിൽ നിന്നു വേർപെട്ടുപോയിരിക്കുന്നു എന്നു നാം മുൻപു പ്രസ്താവിച്ചിട്ടുള്ളതുപോലെതന്നെ ഇപ്പോഴും പ്രസ്താവിക്കുന്നു. അവർ നമ്മുടെ വിശ്വാസത്തിന് എതിരാളികളാകുന്നു. ഈ വിവരത്തിനു ക്രിസ്ത്വബ്ദം 1924 ചിങ്ങം (?) 12-ാം തീയതി നാം ഒരു പൊതുകൽപന നിങ്ങൾക്ക് അയച്ചിട്ടുണ്ടല്ലോ. വ്യർത്ഥസ്ഥാനം പ്രാപിച്ചവരായ മേൽപറഞ്ഞ വാകത്താനത്തുകാരനും എം.എ. കാരനും യാതൊരു സ്ഥാനവുമില്ല. റൂഹായ്ക്കടുത്ത യാതൊരു വരവും അവർക്കില്ല എന്നു മാത്രമല്ല, അവർക്കു



നമ്മുടെ സഭയിൽ ഒരധികാരവുമില്ല. ഈ വിവരം ഇപ്പോൾ നിങ്ങൾ നല്ലവണ്ണം മനസ്സിലാക്കി എന്നു നാം വിചാരിക്കുന്നു. അനന്തരം നിങ്ങളുടെ സ്നേഹത്തോട് നാം ആജ്ഞാപിക്കുന്നതെന്തന്നാൽ ഗീവർഗീസും അവൻെറ സഖാക്കളും, അവരോടുചേർന്നിരിക്കുന്നവരും പൈശാചിക പ്രവൃത്തികളിൽ പെരുമാറുകയും അന്ത്യോഖ്യാ സിംഹാസനത്തിനെതിരായിനിന്നു പാത്രിയർക്കാ സ്ഥാനത്തെ നിന്ദിക്കുകയും, തന്നിഷ്ടപ്രകാരം നടക്കുവാനും മലയാളത്തു കാതോലിക്കാ സ്ഥാനം സ്ഥിരപ്പെടുത്തുവാനും ആഗ്രഹിക്കുകയും ചെയ്യുന്നവരാകുന്നു. മൂശയ്ക്കു വിരോധമായി എഴുന്നേററവരെയും യോനീസിനെയും യന്നബാറിസിനെയും ഓർത്തുകൊൾവിൻ. ശാപത്തിൻെറ ഈ വക പ്രവൃത്തി ചെയ്യുന്നവരും അപ്രകാരമുള്ളവരാകുന്നു. 'എന്നേക്കും നിന്നിൽ നിന്നും ഒരുവനും ഫലം ലഭിക്കാതിരിക്കട്ടെ', എന്നു നമ്മുടെ കർത്താവു ആ അത്തിവൃക്ഷത്തോടു പറഞ്ഞപ്പോൾ അത് ഉണങ്ങിപ്പോയി എന്നതും ഓർത്തുകൊൾവിൻ.ദൈവത്തിൻെറ ശക്തിയാൽ അങ്ങനെതന്നെ അവരും ഉണങ്ങിപ്പോകുന്നതാകുന്നു. അവരിൽനിന്നും ഫലം ഉണ്ടാകുകയില്ല. അവർ വിശുദ്ധ സഭയുടെ മടിയിലേക്കു തിരികെവരത്തക്കവണ്ണം ദൈവം അനുതാപത്തിൻെറ ആത്മാവ് അവർക്കു കൊടുത്തില്ല. അവരുടെ പാപങ്ങളിൽ നിങ്ങൾ അശുദ്ധപ്പെടാതിരിക്കാനായിട്ട് അവരിൽ നിന്നും അകന്നുകൊൾവിൻ. ദുഷ്ടന്മാർക്കു സമാധാനമില്ലെന്നു ദീർഘദർശി പറഞ്ഞിരിക്കുന്നതുകൊണ്ട് നിങ്ങൾ അവർക്കു സമാധാനം കൊടുക്കരുത്. ഇസ്രായേലിൻെറ ദൈവം സകല ദോഷങ്ങളിൽനിന്നും നിങ്ങളെ കാത്തു സഹായിക്കട്ടെ. വിവരം പൊതുവിൽ അറിയിക്കണം. അനുസരണയുള്ളവരുടെ മേൽ കൃപയും വാഴ്വും ഉണ്ടായിരിക്കട്ടെ! ആമ്മീൻ.

ക്രിസ്ത്വബ്ദം 1925 ചിങ്ങം 28-ാം തീയതി സിംഹാസന ദയറയിൽനിന്നും.[2]

ഈ കക്ഷിവൈരങ്ങളുടെ കുരുക്കിൽപ്പെടാതെ ബഥനിയെ പ്രാർത്ഥനയുടെയും ധ്യാനത്തിൻെറയും കേന്ദ്രമാക്കി വികസിപ്പിക്കാനും അതിലൂടെ ഇടയനടുത്ത ധർമ്മം പാലിക്കാനും മാർ ഈവാനിയോസ് പ്രതിജ്ഞാബദ്ധനായി. കാതോലിക്കാപക്ഷത്തെ മെത്രാപ്പോലീത്തമാരാണ് അദ്ദേഹത്തിൻെറ ശിരസ്സിൽ കൈവച്ച് മഹാപുരോഹിത പദവിയിലേക്ക് ഉയർത്തിയത്. എങ്കിലും അദ്ദേഹം കാതോലിക്കാ സ്ഥാനത്തോട് വിധേയത്വം പ്രഖ്യാപിക്കുകയോ മലങ്കര മെത്രാപ്പോലീത്തയുടെ മേലധികാരം അംഗീകരിക്കുകയോ ചെയ്തില്ല. ഒരുതരത്തിലുള്ള അനുസരണ പ്രതിജ്ഞയിലും (ഓമോലോഗിയ) ഒപ്പുവച്ചില്ല. ദീർഘവീക്ഷണത്തോടെ കൈക്കൊണ്ടതായിരുന്നു ഈ തീരുമാനമെന്ന് സഭയിലുണ്ടായ പിൽക്കാലസംഭവങ്ങൾ തെളിയിച്ചു.

2. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്. പു. 184-186.

www.malankaralibrary.com

# 11

# പുനരൈക്യത്തിന്റെ പ്രഭാതം

**തി**രുവല്ല ആസ്ഥാനമാക്കി ബഥനി മെത്രാനായി ചുമതലയേററ മാർ ഈവാനിയോസ് വേഷവിധാനത്തിലും കർത്തവ്യ നിർവ്വഹണത്തിലും പാത്രിയർക്കീസ്, കാതോലിക്കാവിഭാഗങ്ങളിലെ ഇതരമെത്രാന്മാരിൽനിന്നു വ്യത്യസ്തമായരീതിയാണ് അവലംബിച്ചത്. സന്ന്യാസത്തിനുചേർന്ന നിറത്തിലുള്ള കാവികുപ്പായവും ശിരോവസ്ത്രവും (മസനുപ്സ) ധരിക്കുകയും മരംകൊണ്ടു നിർമ്മിച്ച അംശവടി ഉപയോഗിക്കുകയും ചെയ്തു. ഇടവകഭരണം ഏൽക്കുകയോ മെത്രാന്മാരുടെ സൂനഹദോസുകളിൽ സംബന്ധിക്കുകയും ചെയ്തില്ല. മലങ്കര സഭയെ സന്ന്യാസത്തിന്റെ വഴിയിലൂടെ പ്രബുദ്ധമാക്കുകയെന്ന ലക്ഷ്യനിർവ്വഹണത്തിനാണ് അദ്ദേഹം ബദ്ധപ്പെട്ടിറങ്ങിയത്. ബഥനിസന്ന്യാസാശ്രമം ശക്തിപ്പെടുത്തി; ബഥനി സന്ന്യാസിനിമാരുടെ സന്ന്യാസ പ്രതിഷ്ഠ നടത്തി. തിരുവല്ലയിലെ തിരുമൂലപുരം ബാലികാമഠംസ്കൂൾ മാതൃകാവിദ്യാലയമായി വികസിപ്പിക്കുന്നതിനു ശ്രദ്ധിച്ചു. ബഥനി മിഷൻ ആവിഷ്കരിക്കുകയും അതിന്റെ ആഭിമുഖ്യത്തിൽ സർക്കാർ അനുമതിയോടെ വിവിധ പ്രദേശങ്ങളിൽ ദേവാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തു. അനാഥരായ കുട്ടികളുടെ സംരക്ഷണത്തിനും ദുർബല വിഭാഗങ്ങളിൽപ്പെട്ട സാധുജനങ്ങളുടെ ആത്മീയോന്നതിക്കും മാർ ഈവാനിയോസ് ഉണർന്നു പ്രവർത്തിച്ചു. ബഥനിമെത്രാന്റെ ധർമ്മപ്രചോദിതമായ സേവനഫലമായി മലങ്കരയിൽ ഒരു നവചൈതന്യം സംജാതമായി.

ഈ ഘട്ടത്തിൽ, 1928-ൽ, ദ്വിതീയ കാതോലിക്ക കാലംചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമിയായി നിരണം ഇടവകയുടെ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത തൃതീയ കാതോലിക്കയായി അവരോധിക്കപ്പെട്ടു. മാർ ഈവാനിയോസിനെ ബഥനിയുടെ സ്വതന്ത്രമെത്രാപ്പോലീത്തയായി ഉയർത്തുകയും ബഥനി സന്ന്യാസസഭാംഗമായ യാക്കോബ് റമ്പാനെ മാർ തെയോഫിലോസ് എന്ന നാമധേയത്തിൽ മെത്രാനായി വാഴിക്കുകയും ചെയ്തു. ഇതോടെ ബഥനിമിഷന്റെ പ്രവർത്തനം കൂടുതൽ സുസജ്ജമായി. ബഥനിപ്പള്ളികളുടെ സുവിശേഷധർമ്മവും വ്യാപകമായി.

ക്രിസ്തുമതം സ്വീകരിക്കുന്ന ഹരിജനങ്ങളെ നിലവിലുള്ള പള്ളികളിൽ പ്രവേശിപ്പിക്കുന്നതിനും സഹകരിപ്പിക്കുന്നതിനും ഒട്ടേറെ പ്രതികൂല



സാഹചര്യങ്ങളും അന്ന് നിലവിലുണ്ടായിരുന്നു. അവർക്ക് സ്നേഹത്തിന്റെ വാതിലുകൾ ബഥനിപ്പള്ളികൾ തുറന്നുകൊടുത്തു. മലമ്പ്രദേശങ്ങളിൽ പുതിയ ദേവാലയങ്ങൾ ബഥനിയുടെ നേതൃത്വത്തിൽ രൂപംകൊണ്ടു. അതോടൊപ്പം മലങ്കരയിലെ സണ്ടേസ്കൂൾ പ്രസ്ഥാനം, വനിതാസമാജം, യുവജനപ്രസ്ഥാനം, പ്രാർത്ഥനായോഗങ്ങൾ, കൺവൻഷൻ പ്രസംഗങ്ങൾ എന്നിവയിലും ബഥനി സവിശേഷമായ പങ്കുവഹിച്ചു.

ഇങ്ങനെ മലങ്കരസഭയുടെ നവീകരണത്തിന് ബഥനി പ്രാർത്ഥനാപൂർവ്വം പ്രവർത്തിച്ചിട്ടും ആഗ്രഹിച്ച മാതിരി സദ്ഫലങ്ങൾ പ്രത്യക്ഷമായില്ല എന്നത് ദുഃഖകരമായി അനുഭവപ്പെട്ടു. വ്യവഹാരങ്ങളിൽ ആത്മാവു നഷ്ടപ്പെട്ട മലങ്കര സുറിയാനി സഭയ്ക്ക് ആദ്ധ്യാത്മികപുരോഗതി അസാദ്ധ്യം തന്നെയായിരുന്നു. ഈ നിലയ്ക്ക് സഭയുടെ നിലനില്പിനും ആത്മീയ വളർച്ചയ്ക്കും ശ്ലൈഹികമായ ഏതെങ്കിലും പൗരാണികസഭയോടു ബന്ധപ്പെടുകയാണു വേണ്ടത് എന്ന ആശയം സ്വാഭാവികമായി രൂപംപ്രാപിച്ചു. പലതലങ്ങളിലും നടന്ന രഹസ്യവും പരസ്യവുമായ ചർച്ചകൾ ഈ വഴിക്കു തിരിഞ്ഞു. അബ്ദള്ള പാത്രിയർക്കീസിന്റെ മുടക്കും അബ്ദദ്മ്ശിഹാ പാത്രിയർക്കീസ് സ്ഥാപിച്ച കാതോലിക്കാസ്ഥാനത്തിന്റെ സാധുത്വവും പല ഘട്ടങ്ങളിലും പരിശോധനാവിഷയമായി. ഇതിനെല്ലാം ഏക പരിഹാരമായി തെളിഞ്ഞത് ശ്ലൈഹികസഭയോടുള്ള പുനരൈക്യമാണ്.

മലങ്കരസഭയിൽ വട്ടിപ്പണം സംബന്ധിച്ച് തർക്കങ്ങൾ ആരംഭിക്കുകയും വൈദികമേലദ്ധ്യക്ഷന്മാർ ഇരുചേരികളായിതിരിഞ്ഞു പൊരുതുകയും ചെയ്തതു മുതൽക്ക് വട്ടശ്ശേരിൽ തിരുമേനിക്ക് വലംകൈയായി പ്രവർത്തിച്ചത് അന്ന് എം.എ. അച്ചനായിരുന്ന മാർ ഈവാനിയോസ് തന്നെയാണെന്ന് സഭാചരിത്രം സംശയരഹിതമായി സാക്ഷ്യം തരുന്നു. അബ്ദള്ള പാത്രിയർക്കീസ് അടിച്ചേല്പിച്ച മുടക്കു തീർക്കാൻ അബ്ദദ് മ്ശിഹാ പാത്രിയർക്കീസിനെ മലങ്കരയിൽ ക്ഷണിച്ചുവരുത്തുകയും അറച്ചുനിന്ന അബ്ദദ് മ്ശിഹായെ ധൈര്യപ്പെടുത്തി കാതോലിക്കാസ്ഥാനം അനുവദിപ്പിക്കുകയും മലങ്കര മെത്രാപ്പോലീത്തയുടെ മുടക്കു തീർത്തെടുക്കുകയും ചെയ്തത് അദ്ദേഹത്തിന്റെ ബുദ്ധികൂർമ്മതകൊണ്ടുമാത്രമാണ്. ഇത്രയും അംഗീകരിക്കുന്നവർ മലങ്കരസഭയിൽ ശാശ്വതശാന്തി വരുത്തുന്നതിന് സാദ്ധ്യമായ മാർഗ്ഗങ്ങൾ തേടുന്നതിന് വട്ടശ്ശേരിൽ തിരുമേനിയും അദ്ദേഹത്തെ അനുകൂലിക്കുന്ന മെത്രാപ്പോലീത്തമാരും മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തിയ സത്യം നിരാകരിക്കുന്നതിന് ബദ്ധപ്പെടുന്നതെന്തിന്? അത് ചരിത്രത്തിനു പുറംതിരിഞ്ഞു നിൽക്കലാണ്.

മെത്രാഭിഷേകാനന്തരം നിരണത്തു ചേർന്ന സമ്മേളനത്തിൽ അനുമോദനങ്ങൾക്കു മറുപടിയായി മാർ ഈവാനിയോസ് ചെയ്ത പ്രസംഗം യഥാർത്ഥത്തിൽ ഭിന്നതകൾ വെടിഞ്ഞ് ക്രൈസ്തവർ മുഴുവൻ 'ഒരു സഭയും ഒരു ഇടയനും' എന്ന തത്ത്വത്തിൽ ഒന്നായിത്തീരേണ്ടതിന്റെ ആവശ്യകത ഉദ്ബോധിപ്പിക്കുന്നതായിരുന്നു:

www.malankaralibrary.com



കേരളത്തിലുള്ള സുറിയാനി ക്രിസ്ത്യാനികൾ എല്ലാവരും പഴയ കാലത്ത് ഒരു സഭയായിരുന്നപ്രകാരം വീണ്ടും യഥാർത്ഥമായ പുനരൈക്യം പ്രാപിച്ച് 'ഒരു സഭയും ഒരു ഇടയനും' എന്ന വിശുദ്ധ വേദോക്തിയെ കേരളീയസുറിയാനിക്കാരെ സംബന്ധിച്ചിടത്തോളമെങ്കിലും യഥാർത്ഥീകരിക്കാൻ കാതോലിക്കാ ബാവാതിരുമേനി ശ്രമിക്കേണ്ടതാണ്. ഈ വിഷയത്തിൽ മഹാജനങ്ങളേ, നിങ്ങൾക്ക് ഗൗരവയുക്തമായ ചുമതലയുണ്ട്. സാമൂഹ്യാചാരങ്ങൾ, രാഷ്ട്രീയ ചുമതലകൾ, പൂർവ്വചരിത്രം, സംസാരഭാഷ, വൈദികഭാഷ മുതലായ വിഷയങ്ങളെ സംബന്ധിച്ച് കേരള സുറിയാനിക്കാരെല്ലാവരും തമ്മിൽ ഐക്യമുണ്ട്. അവർ യഥാർത്ഥത്തിൽ ഒരു സമുദായമാണ്. മതസംബന്ധമായ വിഷയങ്ങളിൽ മാത്രം ഭിന്നതയും പിരിച്ചിലും സംഭവിച്ചിരിക്കുന്നു. മതസംബന്ധമായ വിഷയങ്ങളിൽ കൂടെയും എല്ലാ സുറിയാനി ക്രിസ്ത്യാനികളും തമ്മിൽ യോജിപ്പുണ്ടാകുവാൻ തക്കവണ്ണം വന്ദ്യ തിരുമേനികളും അവരോടു ചേർന്നു നിങ്ങളും മനഃപൂർവ്വമായി പരിശ്രമിക്കേണ്ടിയിരിക്കുന്നു.

കക്ഷിവഴക്കിൽ താത്പര്യമുള്ളവർ ധാരാളം ശകാരം പറഞ്ഞേക്കാമെന്ന് എനിക്കറിയാം. എന്നാൽ, അങ്ങനെയുള്ള ഘട്ടങ്ങളിൽ വിനയവും, ക്ഷമയും, ചാഞ്ചല്യരഹിതമായ ദൈവവിശ്വാസവും എന്നിലുണ്ടാകുന്നതിന് സംഗതിയാകുന്നപക്ഷം - അതിലേക്കായി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണം-അത് ദൈവത്തിൻെറ മഹത്ത്വത്തിനും നിങ്ങൾക്ക് അനല്പമായ ഉത്തമദൃഷ്ടാന്തത്തിനും കാരണമായിത്തീരുമല്ലോ എന്നു ഞാൻ കരുതുന്നു. നമ്മുടെ ഈ തലമുറയിൽ മലങ്കര സുറിയാനി സമുദായം രണ്ടായി ഭിന്നിച്ചു പോകുവാൻ നാം സമ്മതിക്കരുത്. പിരിച്ചിലിനെ തടയുവാനും പരസ്പരസ്നേഹം വർദ്ധിപ്പിക്കുവാനുംവേണ്ടി ക്രിസ്തീയമായി എന്തെല്ലാം ശ്രമങ്ങൾ ചെയ്യുന്നതിനു നമ്മെക്കൊണ്ടു കഴിയുമോ അതെല്ലാം നാം ചെയ്യണം. എത്രത്തോളം ക്ഷമിക്കയും സഹിക്കയും ചെയ്യാമോ അത്രത്തോളം സഹിപ്പാനും ക്ഷമിപ്പാനും നാം തയ്യാറാകണം. ഇപ്പോൾ ഉണ്ടായിട്ടുള്ള ഭിന്നതയെ അവസാനിപ്പിക്കുന്ന വിഷയത്തിൽ മാത്രമല്ല നാമും കാതോലിക്കാബാവാ തിരുമേനിയും ഉദ്യമിക്കാനുള്ളത്.

ഏകദേശം അമ്പതു സംവത്സരങ്ങൾക്കു മുമ്പ് ഇക്കഴിഞ്ഞപ്രാവശ്യം ചെയ്തതുപോലെ ശീമക്കാർ പ്രായോഗിച്ച ദുർന്നയംമൂലം-ഇത്തരം ദുർന്നയത്തെ അനുകൂലിപ്പാൻ ഇന്നത്തെപ്പോലെ അന്നും ഇന്നാട്ടിൽ ആളുകൾ ഉണ്ടായിരുന്നെന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു-നമ്മിൽനിന്നും പിരിയുന്നതിനു നിർഭാഗ്യമുണ്ടായ മാർത്തോമ്മാസമുദായവുമായി യോജിപ്പാൻ നാം സർവ്വാത്മനാ പരിശ്രമിക്കണം. നമ്മിൽനിന്നു വേർപെടുവാൻ അവർക്കു നിർഭാഗ്യമുണ്ടായി;



സത്യംതന്നെ. അവരെ പിരിച്ചുവിട്ടവരായ നമ്മുടെ നിർഭാഗ്യമാണ് അവരുടേതിനെക്കാൾ കൂടുതലായ നിർഭാഗ്യമെന്നും ദൈവമുമ്പാകെ അതു കുററകരമെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അവരിൽ എന്തെല്ലാം കുറവുകൾ ഉണ്ടായിരുന്നാലും അവരുടെ നേരേ നാം പ്രവർത്തിച്ച സമ്പ്രദായം സ്നേഹരഹിതവും തന്നിമിത്തം അക്രൈസ്തവവുമായിരുന്നു എന്നു മാത്രമല്ല, അവരെ സംബന്ധിച്ചു നാം പ്രസ്താവിച്ച പല അഭിപ്രായങ്ങളും ഉപദേശങ്ങളും കേവലം അടിസ്ഥാനരഹിതങ്ങളും അസത്യങ്ങളുമായിരുന്നു എന്നതും നാം ഓർക്കേണ്ടതാണ്. അപ്പസ്തോലികവും കാതോലികവുമായ അടിസ്ഥാനതത്ത്വങ്ങളിൽനിന്നും ഏറക്കുറെ വ്യതിചലിപ്പാൻ നമ്മുടെ സഹോദരങ്ങളായ അവർക്കു സംഗതിയായത് കാതോലിക്കാസഭാതത്ത്വങ്ങൾ ക്രിസ്തീയജീവിതത്തെ പുണ്യപരിപൂർണ്ണമാക്കി ചെയ്വാൻ ദൈവം ലോകത്തിനു ഭരമേല്പിച്ചിട്ടുള്ള സത്യംതന്നെയാണെന്ന് നമ്മുടെ സഭയുടെയും സഭാംഗങ്ങളുടെയും ജീവിതത്തിൽ സാക്ഷാത്കരിച്ച് ഉത്തമദൃഷ്ടാന്തം കാണിച്ചുകൊടുപ്പാൻ നമ്മെക്കൊണ്ടു സാധിക്കാതെ പോയതുകൊണ്ടാണ്.

മലങ്കര സഭയിലുണ്ടായിട്ടുള്ള ഭിന്നത അവസാനിപ്പിക്കയും കാതോലികമായ അടിസ്ഥാനത്തിന്മേൽ മാർത്തോമ്മാസഭയുമായി പുനരൈക്യം സ്ഥാപിക്കയും ചെയ്യുന്നതുകൊണ്ടുമാത്രം നാം സംതൃപ്തിപ്പെട്ടുകൂടാ. കേരളീയ സുറിയാനിക്കാരിൽ ഭൂരിപക്ഷം ജനങ്ങൾ സർവ്വലോകവ്യാപകത്വമുള്ള റോമൻ കത്തോലിക്കാസഭയിൽ ഉൾപ്പെട്ടുനിൽക്കുന്നവരാണ്. ഇവരും നമ്മുടെ അസ്ഥിയിൽനിന്ന് അസ്ഥിയും മാംസത്തിൽനിന്നു മാംസവും ആകുന്നു. പഴയകൂററുകാർ എന്നുപറഞ്ഞുവരുന്ന ഈ വലിയ ജനസമുദായവും പുത്തൻകൂററുകാരെന്നു പറഞ്ഞുവരുന്ന ശേഷം സുറിയാനിക്കാരും തമ്മിൽ ഐക്യമുണ്ടാവുക എന്നുള്ളത് ഏററവും ആവശ്യമാണ്. കേവലം രാഷ്ട്രീയവും സാമുദായികവുമായ ഉൽക്കർഷത്തെപ്പററി മാത്രം ചിന്തിക്കുന്ന സാമുദായികാഭിമാനികൾക്കുപോലും സർവ്വസുറിയാനിജനങ്ങളും ഒത്തൊരുമിച്ച് ഏകസഭയായിത്തീരണമെന്ന് ആഗ്രഹവുമുണ്ട്. കേവലം സാമുദായികമോ രാഷ്ട്രീയമോ ആയ ഉദ്ദേശ്യത്തെ ലാക്കാക്കിക്കൊണ്ടുമാത്രമല്ല ഈ സംഗതി ഇവിടെ പ്രസ്താവിക്കുന്നത്.ലോകരക്ഷകനായ യേശുമിശിഹാ താഴെക്കാണുന്ന പ്രകാരം പിതാവായ ദൈവത്തോടു പ്രാർത്ഥിച്ചിട്ടുള്ളതായി നിങ്ങൾക്കറിയാമല്ലോ. 'പിതാവേ, ഞാനും നീയും ഒന്നായിരിക്കുന്നപ്രകാരം ഇവരും നമ്മിൽ ഒന്നായിരിക്കുന്നതിനു സംഗതിയാക്കേണമെ!' ഈ പ്രാർത്ഥന ഈ രാജ്യത്തും നമ്മുടെ തലമുറയിലും ഫലിച്ചു കാണുന്നതിനു ദൈവവിശ്വാസത്തോടും താഴ്മയോടും കൂടി കാതോലിക്കാബാവ തിരുമേനിയും നാമെല്ലാവരുംകൂടി ഒത്തൊരുമിച്ചു ശ്രമിക്കുന്നതായാൽ അതില്പരം ഒരു ഭാഗ്യം കേരളീയസുറിയാനിക്കാരായ നമുക്ക് ഉണ്ടാകാനുണ്ടോ?

www.malankaralibrary.com



കഴിഞ്ഞ പത്തുനൂറു സംവത്സരങ്ങളായി ക്രിസ്തീയസഭയിൽ പ്രബലപ്പെട്ടു വന്ന ഒരു ശക്തി, വിപ്ലവങ്ങളും ഭിന്നതകളും നിമിത്തം സഭ പലപല ശാഖകളായി പിരിഞ്ഞു ക്ഷയിച്ചു പോകുവാൻ സഹായിക്കുന്ന ശക്തിയായിരുന്നു. ക്ഷയോന്മുഖമായ ഈ ശക്തിക്കു ക്രിസ്ത്യാനികൾ അധീനപ്പെട്ടുപോകുന്നത് എത്രയും അബദ്ധമാണെന്നു ലോകത്തിൽ എവിടെയും കാര്യവിവരമുള്ളവർക്ക് ഇപ്പോൾ ബോദ്ധ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നെന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ ക്രിസ്തീയ സഭാനേതാക്കന്മാരുടെ അന്തരംഗത്തിൽ പ്രതിഷ്ഠാപിതമായിരിക്കുന്ന ആഗ്രഹം ക്രിസ്തീയസഭയുടെ പുനരൈക്യം കഴിയുന്നതും എളുപ്പത്തിൽ സാധിക്കണമെന്നുള്ളതാണ്. റോമൻ കത്തോലിക്കാസഭയും യൗനായസഭയും (Greek) ആംഗ്ലേയസഭയും ശേഷമുള്ള ചെറിയ സഭകൾ മിക്കതും പുനരൈക്യത്തിനായി ആഗ്രഹിക്കയും പുനരൈക്യത്തിനു പ്രതിബന്ധമായി നിൽക്കുന്ന കാര്യങ്ങളെ സംബന്ധിച്ചുള്ള നിർബന്ധം സാരാംശസത്യത്തിനു ഭംഗംവരുത്താതെ നിവൃത്തിയുള്ളിടത്തോളം ഒഴിച്ചുവച്ച് അന്യോന്യം വിട്ടുവീഴ്ച ചെയ്ത് പുനരൈക്യ പന്ഥാവു സുഗമമാക്കിത്തീർക്കുന്നതിന് ആഗ്രഹിക്കുകയും ശ്രമിക്കയും ചെയ്യുന്നുണ്ട്. ക്രൈസ്തവലോകത്തിൽ ആകപ്പാടെ വ്യാപിച്ചുതുടങ്ങിയിരിക്കുന്ന ഈ പുനരൈക്യാത്മാവ് ഈ കേരളത്തിൽ അനന്യസാധാരണമായ ശക്തിയോടുകൂടി വ്യാപിച്ചു പ്രബലപ്പെടുന്നതിനുവേണ്ട ശ്രമങ്ങൾ ഈ കാതോലിക്കാബാവാതിരുമേനി ചെയ്യുമെന്നു വിശ്വസിക്കുന്നു. നമ്മുടെ സഭയിലും സമീപസഭകളിലും ഉള്ള സഭാദ്ധ്യക്ഷന്മാരുമായി സ്നേഹവിനയപുരസ്സരം സൗഹാർദ്ദബുദ്ധ്യാവേണ്ട ആലോചനകൾ നടത്തുന്നതിനു തിരുമേനിക്കും എല്ലാ സഭകളിലെ നേതാക്കന്മാർക്കും ഭാഗ്യമുണ്ടായാൽ അതല്ലയോ പരമ ഭാഗ്യം.[1]

വട്ടിപ്പണക്കേസിൽ പരാജയം സംഭവിക്കുകയും പാത്രിയർക്കീസ് പക്ഷത്തുനിന്ന് മുടക്കുഭീഷണികൾ തുടർന്നുവരികയുംചെയ്ത സാഹചര്യത്തിൽ ഏതെങ്കിലും പൗരാണിക സഭയുടെ പിന്തുണ വട്ടശ്ശേരിൽ തിരുമേനിയും മററും ആഗ്രഹിച്ചിരുന്നുവെന്നതിൽ തർക്കമില്ല. അബ്ദള്ള പാത്രിയർക്കീസിന്റെ മുടക്കിൽ വ്യക്തിപരമായി വട്ടശ്ശേരിൽ തിരുമേനി അസ്വസ്ഥനുമായിരുന്നു. ഈ സ്ഥിതിയിൽ പ്രശ്നപരിഹാരത്തിനുള്ള വഴിതേടുകയെന്ന ഭാരിച്ച ചുമതല മാർ ഈവാനിയോസിന് ചുമലിലേറേണ്ടിവന്നു. അദ്ദേഹമാകട്ടെ സഭയുടെ ഐക്യത്തെക്കുറിച്ചും തൽഫലമായുണ്ടാകുന്ന ശാന്തിയെക്കുറിച്ചും പ്രാർത്ഥനാപൂർണ്ണമായ പ്രതീക്ഷയിൽ കഴിയുകയായിരുന്നു.

അന്ത്യോഖ്യയിലെ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസ് അപ്രേം ദ്വിതീയൻ റഹ്മാനിയുമായി ബന്ധപ്പെട്ട് പുനരൈക്യത്തിനുള്ള കളമൊരു

1. ബഥനി മാസിക, ജൂൺ ലക്കം 1925.



ക്കാനായിരുന്നു ആദ്യത്തെ ആലോചന. ദ്വിതീയ കാതോലിക്കയുമായും, പിന്നീട് തൃതീയ കാതോലിക്കയായി സ്ഥാനമേററ അന്നത്തെ നിരണം മെത്രാപ്പോലീത്ത മാർ ഗ്രിഗോറിയോസുമായും ആലോചിച്ചാണ് ഈദൃശ പ്രവർത്തനങ്ങളിൽ മാർ ഈവാനിയോസ് വ്യാപൃതനായത്. 'അന്ത്യോഖ്യൻ പാത്രിയർക്കീസിനെ'ക്കുറിച്ച് ഒരു ലഘുവിവരണം ഫാദർ ഇഞ്ചയ്ക്കലോടിയുടെ പുസ്തകത്തിൽ നിന്ന് ഉദ്ധരിക്കുന്നത് പ്രയോജനപ്രദമായിരിക്കും:

> അന്ത്യോഖ്യ യാക്കോബായസഭയിലെ അഗ്നാത്തീസ് ഗിയാർവെ പാത്രിയർക്കീസ് പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ സ്വാനുയായികളോടുകൂടെ കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയുണ്ടായി. പുനരൈക്യപ്പെട്ടവർക്കായി ഒരു ഹൈരാർക്കിയും, അവർ ഉപയോഗിച്ചുകൊണ്ടിരുന്ന റീത്തും (ആരാധനക്രമം) പരിശുദ്ധ റോമാസിംഹാസനത്തിൽ നിന്നും (മാർപ്പാപ്പാ) അനുവദിച്ചു കൊടുക്കുകയും 'അന്ത്യോഖ്യാ പാത്രിയർക്കീസ്' എന്ന പേരിൽ പ്രസ്തുത പാത്രിയർക്കീസിനെ അവരോധിക്കുകയും ചെയ്തു. അന്ത്യോഖ്യാ പാത്രിയർക്കീസ് എന്നപേരിൽ ആറു പാത്രിയർക്കീസന്മാർ ഇപ്പോൾ ഭരണം നടത്തുന്നുണ്ട്. ഇവരിൽ നാലുപേർ (ലത്തീൻ, സുറിയാനി, മാറോനായ, മല്ക്കായ) മാർപ്പാപ്പായുടെ കീഴിലുള്ള കത്തോലിക്കാ പാത്രിയർക്കീസന്മാരാണ്. മററുരണ്ടുപേർ യാക്കോബായ വിഭാഗത്തിൽപ്പെട്ടവരുമാണ്.
>
> യാക്കോബായക്കാർ ഉപയോഗിക്കുന്ന ആരാധനക്രമം തെററുകൾ തിരുത്തി അന്ത്യോഖ്യൻ സുറിയാനി കത്തോലിക്കരും ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. വിശുദ്ധ കുർബ്ബാന, ഇതര കൂദാശകൾ, പ്രാർത്ഥനകൾ എന്നിവയ്ക്കെല്ലാം സുറിയാനിഭാഷയ്ക്കുപുറമേ ജനങ്ങൾക്കു മനസ്സിലാകത്തക്കവിധം അറബിഭാഷയും പ്രസ്തുത റീത്തിൽ ഉപയോഗിക്കുന്നുണ്ട്. വേഷത്തിലും, ആചാരനിലപാടുകളിലും അന്ത്യോഖ്യൻ സുറിയാനികത്തോലിക്കാമെത്രാന്മാരും വൈദികരും യാക്കോബായ രീതിയിൽ നിന്നു കാര്യമായ വ്യത്യാസങ്ങൾ ഒന്നും തന്നെ വരുത്തിയിട്ടില്ല. പാത്രിയർക്കീസ് തന്റെ സിംഹാസനം ബെയ്റൂട്ടിലത്രേ സ്ഥാപിച്ചിരിക്കുന്നത്.[2]

അന്ത്യോഖ്യൻ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസ് അപ്രേം ദ്വിതീയൻ റഹ്മാനിയുടെ ആദ്ധ്യാത്മിക നേതൃത്വത്തിൻകീഴിൽ റോമാ മാർപ്പാപ്പായുടെ പരമാധികാരം അംഗീകരിച്ച് സമാധാനം കൈവരിക്കാൻവേണ്ടി ഒട്ടേറെ എഴുത്തുകുത്തുകൾ നടന്നു. സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത് 'എത്ര നല്ലതും മനോഹരവുമാകുന്നു'വെന്ന ദാവീദിന്റെ സങ്കീർത്തനം പിതാക്കന്മാർ പരസ്പരം ഏറ്റുപറഞ്ഞു. വട്ടശ്ശേരിൽ തിരുമേനിയുടെ മൗനാനുവാദ

2. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ്. പു. 275-76.

www.malankaralibrary.com



ത്തോടും ദ്വിതീയ കാതോലിക്കയുടെയും മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെയും തീരുമാനപ്രകാരവുമാണ് അന്ത്യോഖ്യൻ സുറിയാനി കത്തോലിക്കസഭയുമായി സൂനഹദോസിൻെറ സെക്രട്ടറി എന്ന നിലയിൽ മാർ ഈവാനിയോസ് കത്തുകൾ എഴുതിയത്. പാത്രിയർക്കീസിൽനിന്ന് വിശുദ്ധ കുർബ്ബാനയുടെ തക്സായും മററു ഗ്രന്ഥങ്ങളുംവരുത്തി സൂനഹദോസ് പരിശോധിക്കുകയും അവ മലങ്കര സുറിയാനിസഭയുടെ വിശ്വാസത്തിനും ആരാധനാക്രമത്തിനും അനുരൂപമെന്നു കണ്ടെത്തുകയും ചെയ്തു. എത്രയും വേഗം അന്ത്യോഖ്യൻ സുറിയാനി സഭയുമായി പുനരൈക്യപ്പെടണമെന്ന റഹ്മാനി പാത്രിയർക്കീസിൻെറ അഭിമതത്തിന് അനുകൂലമായിത്തീർന്നു മലങ്കരയിലെ അന്തരീക്ഷം.

ഒരുപക്ഷേ അങ്ങനെതന്നെ സംഭവിക്കുമായിരുന്നു. ദൈവഹിതം മറെറാന്നായിപ്പോയി. വിശ്വാസത്തിനും ആരാധനാസമ്പ്രദായത്തിനും ഉടവുണ്ടാകാതെ ശ്ലൈഹികപാരമ്പര്യമുള്ള ഏതെങ്കിലും പുരാതന സഭയുമായി പുനരൈക്യപ്പെടുക എന്ന പരിമിത ലക്ഷ്യമേ കാതോലിക്കാ പക്ഷത്തിന് ആദ്യം ഉണ്ടായിരുന്നുള്ളൂ. ഇക്കാര്യം വ്യക്തമാക്കുന്നതാണ് ഫാദർ ഇഞ്ചയ്ക്കലോടിയുടെ 'ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്' എന്നഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന കുണ്ടറ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത (തൃതീയ കാതോലിക്ക) മാർ ഈവാനിയോസിന് അയച്ച കത്ത്:

> The Orthodox Syrian Chuch of Malabar
>
> മലങ്കര സ്തുതി ചൊവ്വാകപ്പെട്ട സുറിയാനിസഭ
>
> ഇൻഡ്യയിലെ ബഥനിയുടെ ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ തിരുമേനിക്ക് , അവിടുത്തെ പ്രാർത്ഥന ഞങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.
>
> അവിടെനിന്നും അയച്ച സാധനം കിട്ടി. 17-ാം തീയതി പുതിയ പള്ളിയിൽ കുർബ്ബാന ചൊല്ലി. വല്യപള്ളിയുടെ പണി നടക്കുമോ എന്നു നമുക്കു വളരെ സംശയമാണ്. രൂപ കുറെ ഏറെവേണം. ദൈവഇഷ്ടം പോലെ നടക്കട്ടെ. പഴയ സഭയോട് ഏതിനോടെങ്കിലും ഒരു യോജ്യത വേണമെന്നു കാതോലിക്കാ ബാവയുടെ കല്പനയിലും കണ്ടു. അതു കൊള്ളാമെന്നാണ് എൻെറയും അഭിപ്രായം. ഏതാണെന്നു നിങ്ങൾ എല്ലാവരുംകൂടെ തെരഞ്ഞെടുക്കുന്നതു ഞാനും സമ്മതിച്ചുകൊള്ളാം. ഇവിടെ വിശേഷം ഒന്നും ഇല്ല. പണം തരാമെന്നു പറഞ്ഞതു ശേഷം കൂടെ തന്നാൽ കൊള്ളാം.
>
> എന്ന്
>
> 1926 നു 1102 ചിങ്ങം 15-ാം തീയതി
>
> കുണ്ടറ അരമനയിൽ നിന്നും
>
> ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത (ഒപ്പ്)



'പഴയ സഭയോട്' 'യോജ്യത' ഉണ്ടാകുന്നത് അന്ത്യോഖ്യൻ സുറിയാനി കത്തോലിക്കാ സഭയുടെ അപ്രേം ദ്വിതീയൻ റഹ്മാനി പാത്രിയർക്കീസിൻെറ ആദ്ധ്യാത്മിക അധികാരത്തിനു വിധേയമായി വേണമെന്ന് ഏറക്കുറെ തീരുമാനമെടുത്തുകഴിഞ്ഞ സന്ദർഭം. ഇക്കാര്യം മാർ ഈവാനിയോസ് ബഥനിയുടെ അഭ്യുദയകാംക്ഷിയും കാതോലിക്കാ പക്ഷത്തെ പ്രമുഖനുമായിരുന്ന ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ വക്കീലിനെ ധരിപ്പിച്ചു.

അദ്ദേഹത്തിൻെറ പ്രതികരണം തികച്ചും അപ്രതീക്ഷിതമായിരുന്നു. ഒരു അന്ത്യോഖ്യൻ പാത്രിയർക്കീസിനെ ഉപേക്ഷിച്ച് മറെറാരാളെ സ്വീകരിച്ചാലും പൂർവ്വാനുഭവങ്ങൾ മറിച്ചാകണമെന്നില്ലെന്ന് ജോൺ വക്കീൽ അഭിപ്രായപ്പെട്ടു. അതിൽഭേദം മലങ്കരയുടെ ആരാധനാ സമ്പ്രദായം നിലനിറുത്തിക്കൊണ്ട് മാർപ്പാപ്പായുടെ നേരിട്ടുള്ള ബന്ധത്തിൽ ഐക്യപ്പെടുകയാണ് എന്നായിരുന്നു അദ്ദേഹത്തിൻെറ പക്ഷം. ഇതേ ചിന്താഗതിയാണ് മാർ ഈവാനിയോസുമായി ആശയവിനിമയം നടത്തിയ ഇതര പ്രമുഖന്മാരും പുലർത്തിയിരുന്നത്. മലങ്കരസഭയ്ക്ക് പുരോഗതിയുണ്ടാകണമെങ്കിൽ ഒരു കേന്ദ്രനേതൃത്വത്തിൻ കീഴിൽ സ്വതന്ത്രാസ്തിത്വത്തോടെ പ്രവർത്തിക്കുകയാണ് ആവശ്യമെന്ന് വെളിപ്പെടുകയായിരുന്നു. മലങ്കരയുടെ സ്വത്തിലും ലൗകികാധികാരത്തിലും ഭ്രമിക്കാത്ത ശ്രേഷ്ഠമായ ശ്ലൈഹികസിംഹാസനവുമായി ബന്ധപ്പെട്ട് സഭയിൽ ശാന്തിയും പുരോഗതിയും കൈവരുത്തുവാൻ ദൈവികമായ മാർഗ്ഗം തെളിഞ്ഞുകിട്ടി.

റഹ്മാനി പാത്രിയർക്കീസുമായുള്ള കത്തിടപാടുകൾ അവസാനിപ്പിച്ച് ഐക്യത്തിനുള്ള നിവേദനം റോമാ മാർപ്പാപ്പായ്ക്കു സമർപ്പിക്കാൻ നിശ്ചയിക്കുമ്പോൾ ഒരു സന്ദേഹം ബാക്കിയായിരുന്നു. ഇന്ത്യയിൽ മാർപ്പാപ്പായുടെ പ്രതിനിധിയുണ്ട്. അദ്ദേഹം വഴിയായിരിക്കണമോ കത്തിടപാടുകൾ നടത്തേണ്ടത്? സംശയനിവാരണത്തിന് മാർ ഈവാനിയോസ് ചങ്ങനാശ്ശേരി ബിഷപ്പ് കാളാശ്ശേരിയെ സന്ദർശിച്ചു. കത്തോലിക്കാമെത്രാന്മാർ നടത്തുന്ന കത്തിടപാടുകൾ ഡലഗേററുവഴിയായിരിക്കണം. എന്നാൽ യാക്കോബായ മെത്രാന്മാർ മാർപ്പാപ്പായുടെ അധികാരപരിധിയിൽപെടാത്തവരായതുകൊണ്ട് നേരിട്ട് റോമിലേക്ക് അപേക്ഷിക്കുന്നതാണ് നല്ലതെന്ന് ബിഷപ്പ് കാളാശ്ശേരി വ്യക്തമാക്കി.

അതനുസരിച്ച് റോമിലേക്ക് നിവേദനപത്രം മാർ ഈവാനിയോസ് സമർപ്പിച്ചു. റോമിൽ വൈദികപഠനം നടത്തിയിട്ടുള്ള ഫാദർ റബേര പ്രായാധിക്യംമൂലം സ്വദേശമായ മാവേലിക്കരയിൽ വിശ്രമിക്കുന്നുണ്ടായിരുന്നു. അദ്ദേഹം മുഖാന്തരമാണ് ആദ്യത്തെ കത്തയച്ചത്. മാർത്തോമ്മാശ്ലീഹാ ഇന്ത്യയിൽ സ്ഥാപിച്ച ക്രൈസ്തവസമൂഹത്തിൻെറ പിൻതുടർച്ചക്കാരായ ഒരു വിഭാഗം ജനങ്ങളും അവരുടെ പുരോഹിതന്മാരും മഹാപുരോഹിതന്മാരും ഒരുമിച്ച് കത്തോലിക്കാസഭയുമായി നേരിട്ടു പുനരൈക്യപ്പെടുവാൻ ആഗ്രഹിക്കുന്ന വിവരമായിരുന്നു പ്രധാന ഉള്ളടക്കം. മലങ്കര സുറിയാനിസഭയുടെ

www.malankaralibrary.com



ആരാധന ക്രമങ്ങളും ആചാരാനുഷ്ഠാനങ്ങളും പുലർത്തിക്കൊണ്ട് മാർപ്പാപ്പായുടെ നേതൃത്വത്തിൻകീഴിൽ സമാധാനത്തിൻെറ ചൈതന്യത്തിൽ ഒന്നായിത്തീരുന്ന ദിവ്യാനുഭവമായിരുന്നു പ്രതീക്ഷ.

ഈ മെമ്മോറാണ്ഡത്തിന് റോമിൽനിന്ന് ചില വിശദീകരണങ്ങൾ അപ്പസ്തോലിക് ഡലിഗേററു മുഖേന ആവശ്യപ്പെടുകയും യഥാവസരം അത് നൽകുകയും ചെയ്തു. മലങ്കര സഭയുടെ പാരമ്പര്യവും വിശ്വാസ ദാർഢ്യവും വ്യക്തമാക്കിയതോടൊപ്പം എത്രയുംവേഗം പുനരൈക്യം യാഥാർത്ഥ്യമാക്കുന്നതിനുള്ള തീരുമാനം റോമിൽ നിന്ന് ഉണ്ടാകുമെന്നുള്ള പ്രത്യാശ മാർ ഈവാനിയോസ് പ്രകടമാക്കി. 1926 നവംബർ മാസത്തിലാണ് റോമിലേക്ക് പ്രഥമമെമ്മോറാണ്ഡം അയച്ചത്. ദ്വിതീയ കാതോലിക്കായുടെയും കുണ്ടറ മാർ ഗ്രിഗോറിയോസിൻെറയും മാർ ഈവാനിയോസിൻെറയും യോജിച്ചുള്ള തീരുമാന പ്രകാരമായിരുന്നു അത്. 1927-ൽ മറെറാരു മെമ്മൊറാണ്ഡവും ഇതേ നിലയിൽ റോമിലേക്ക് അയയ്ക്കുകയുണ്ടായി.

പുനരൈക്യ ശ്രമങ്ങൾ ഈ നിലയിൽ പുരോഗമിക്കുമ്പോൾ ആകസ്മികമായ ചില സംഭവങ്ങൾ ഉണ്ടായി. വ്യവഹാരങ്ങളുടെ വിജയത്തിൽ ഹതാശരായി കഴിഞ്ഞ കാതോലിക്കാവിഭാഗത്തിന് പുതിയ പ്രതീക്ഷകൾ.

> സമുദായക്കേസിൻെറ അപ്പീൽവിധി മെത്രാൻ പാർട്ടിക്ക് അനുകൂലമായി വന്നതിനാൽ മലങ്കര മെത്രാപ്പോലീത്തയും കൂട്ടരും പുനരൈക്യ സംരംഭത്തിൽ നിന്നു പിന്മാറി. മാർ ഈവാനിയോസ് തിരുമേനിയും സഹായമെത്രാനായ മാർ തെയോഫിലോസ് തിരുമേനിയും കലപ്പയ്ക്കു കൈ വച്ചിട്ട് പിൻപോട്ടു തിരിഞ്ഞു നോക്കാതെ സ്ഥിരനിശ്ചയത്തോടുകൂടി മുൻപോട്ടു തന്നെ പോകാൻ നിശ്ചയിച്ചു.[3]

കാതോലിക്കാപക്ഷത്തെ വൈദികമേലദ്ധ്യക്ഷന്മാർ യോജിച്ചു തുടങ്ങിയ പുനരൈക്യശ്രമങ്ങൾ 1929 സെപ്ററംബർ ആയപ്പോഴേക്കും വിഘടിതമായി. ഇത് റോമാസിംഹാസനത്തെ അസ്വസ്ഥമാക്കിയത് സ്വാഭാവികം മാത്രമാണ്. വട്ടിപ്പണക്കേസിലെ അപ്പീൽവിധി അനുകൂലമായി വന്ന സ്ഥിതിക്ക് തത്കാലാവസ്ഥയ്ക്കു ഭേദംവരുത്താതെ അവകാശസ്ഥാപനത്തിന് ഉറച്ചുനിന്നു പോരാടിയാൽമതി എന്നു വിശ്വസിച്ച മെത്രാപ്പോലീത്തമാരും സമുദായപ്രമാണികളും മാർ ഈവാനിയോസിനെ ഒററപ്പെടുത്തി. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാനുള്ള ശ്രമങ്ങൾ മാർ ഈവാനിയോസിൻെറ സ്വാർത്ഥപ്രേരിതമായ പ്രവർത്തനമെന്നു മുദ്രകുത്തി. ആ വിധത്തിൽ നടന്ന പ്രചാരണം മലങ്കരയിൽ മാത്രം ഒതുങ്ങി നിന്നില്ല. റോമിലേക്ക് കത്തുകൾ പ്രവഹിച്ചു. മാർ ഈവാനിയോസിനെ കുററപ്പെടുത്താനും അപമാനിക്കാനും ലക്ഷ്യമിടുന്നതായിരുന്നു ആ കത്തുകൾ. അവ എത്രമാത്രം

3. ഫാദർ ഫിലിപ്പ് സി. പന്തോളിൽ, മാർ ഈവാനിയോസ് എൻെറ സ്മരണയിൽ. പു. 36.



ഉപദ്രവകരമായിത്തീർന്നുവെന്ന് ഡലഗേററ് അപ്പസ്തോലിക്ക എഡ്വേർഡ് മൂണി 1929 ഒക്ടോബർ 11-ന് ബാംഗ്ലൂരിൽ നിന്ന് മാർ ഈവാനിയോസിന് അയച്ച കത്തിൻെറ ഉള്ളടക്കം ശ്രദ്ധിച്ചാൽ അറിയാവുന്നതാണ്.[4]

> വന്ദ്യതിരുമേനീ,
>
> സെപ്ററംബർ 17-ാം തീയതി അവിടുന്ന് അയച്ച കത്തു ലഭിച്ചു എന്ന വിവരം കൃതജ്ഞതാപൂർവ്വം അറിയിച്ചുകൊള്ളുന്നു. അവിടുന്നും മാർ തെയോഫിലോസും ചെയ്ത നിശ്ചയം അറിഞ്ഞ് അതിയായി സന്തോഷിക്കയും മലങ്കരയിൽ ക്രിസ്തുവിൻെറ സഭയ്ക്കുവേണ്ടിയുള്ള ഈ നിശ്ചയത്തെ ദൈവം അനുഗ്രഹിക്കട്ടെ എന്നും വലുതായ ഫലം അതു പുറപ്പെടുവിക്കട്ടെ എന്നും ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു.
>
> പരിശുദ്ധ സിംഹാസനത്തിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നതിനുവേണ്ടി അവിടുന്ന് എഴുതി അയച്ചിട്ടുള്ള കാര്യങ്ങൾ റോമാ സിംഹാസനത്തിലേക്ക് എഴുതി അറിയിക്കുന്നതിന് അല്പം വിഷമമുണ്ടെന്നുള്ള വിവരം ആദ്യമായി എഴുതി അറിയിച്ചുകൊള്ളുന്നു. 1926 നവംബറിൽ ആരെല്ലാംകൂടെ റോമിലേക്കു മെമ്മോറാണ്ഡം സമർപ്പിച്ചുവോ ആ മെത്രാന്മാരെ റോമിൽനിന്നും ലഭിച്ചിട്ടുള്ള മറുപടി അറിയിച്ച് അതേപററി അവർക്കുള്ള മനോഭാവം അറിയാതെ റോമിലേക്കു വീണ്ടും എഴുതുവാൻ പ്രയാസമാണെന്നു സഹോദരസ്നേഹത്തോടുകൂടെ ഞാൻ തുറന്നു പ്രസ്താവിച്ചുകൊള്ളുന്നു. ഇപ്രകാരമുള്ള സാഹചര്യം സൃഷ്ടിക്കുന്നത് ഈ വിഷയത്തെപ്പററി റോമുമായി തുടർന്ന് എഴുത്തുകുത്തുകൾ നടത്തുന്നതിന് പ്രതിബന്ധമായിത്തീരുകയില്ലേ എന്നു ഞാൻ ബലമായി സന്ദേഹിക്കുന്നു.
>
> അവിടുന്ന് എന്നെ യാതൊരുവിധത്തിലും തെററിദ്ധരിക്കയില്ല എന്ന വിശ്വാസത്തോടുകൂടിയാണ് ഞാൻ ഈ കത്ത് എഴുതുന്നത്. ആഗസ്ററ് അഞ്ചാം തീയതി പരിശുദ്ധ സിംഹാസനത്തിൽ നിന്നും അയച്ചു തന്നിട്ടുള്ള പ്രസ്താവന ഇതുസംബന്ധിച്ച് ബന്ധമുള്ള എല്ലാ മെത്രാന്മാരെയും അറിയിക്കണമെന്നും അതിലടങ്ങിയിരിക്കുന്ന സുവിശദവും പൈതൃകവുമായ ക്ഷണത്തിനുള്ള അവരുടെ മറുപടി ഉടൻതന്നെ എന്നെ അറിയിക്കണമെന്നും ആവശ്യപ്പെട്ടുകൊള്ളുന്നു. ആദ്ധ്യാത്മികവും ഏററംപ്രാധാന്യമർഹിക്കുന്നതുമായ ഈ വിഷയത്തെപ്പററി ചിന്തിക്കുന്ന ഹൃദയപരമാർത്ഥമുള്ള ഏതൊരു മെത്രാനും ഈദൃശ പ്രശ്നത്തിൽ അന്തർലീനമായിരിക്കുന്ന കാര്യങ്ങളെപ്പററി ചിന്തിക്കുകയും നിശ്ചയമെടുക്കുകയും ചെയ്യുകയില്ലെന്നു വിശ്വസിക്കുവാൻ

4. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി. ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, പു. 326-327.

www.malankaralibrary.com



എനിക്കു നിർവ്വാഹമില്ല. ഏററം പ്രാധാന്യമർഹിക്കുന്ന ആ രേഖയ്ക്ക് എതിരായി ഒരു നിശ്ചയം ചെയ്യുന്നപക്ഷം അനിശ്ചിതമായ ഒരു കാലത്തേക്ക് നീളുന്നതിന് ഇടയായിത്തീരുമെന്നു മാത്രമല്ല, അവിടുത്തെയും എന്നെയുംപററി നീതീകരിക്കുവാൻ പാടില്ലാത്ത വിമർശനം മെത്രാന്മാർ പുറപ്പെടുവിക്കുകയും ചെയ്യുന്നതാണ്.

നമ്മെപ്പററിയുള്ള ദൈവത്തിന്റെ പരിശുദ്ധമായ ഉദ്ദേശ്യം നിർവ്വഹിക്കപ്പെടുന്നതിനായി പരിശുദ്ധാത്മാവ്-നമ്മുടെ കർത്താവ് തന്റെ സഭയ്ക്കായി വാഗ്ദത്തം ചെയ്തിട്ടുള്ള ഐക്യത്തിന്റെയും ശക്തിയുടെയും പ്രകാശത്തിന്റെയും ആത്മാവ്-നമ്മെയെല്ലാം സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

ബഹുമാനപൂർവ്വം, ക്രിസ്തുവിൽ അവിടുത്തെ വിശ്വസ്തൻ,

എഡ്വേർഡ് മൂണി (ഒപ്പ്)

ഈ പ്രതികൂലസാഹചര്യത്തെ അതിജീവിക്കുന്നതിന് മാർ ഈവാനിയോസ് കഠിനമായി പ്രയത്നിക്കേണ്ടിവന്നു. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ സഹായത്തിനെത്തിയത് ചങ്ങനാശ്ശേരി ബിഷപ്പ് മാർ കാളാശ്ശേരിയാണ്. കാതോലിക്കാബാവ പുനരൈക്യശ്രമങ്ങളിൽനിന്നു പിൻവാങ്ങിയതുകൊണ്ട് മലങ്കരയിൽ കാതോലിക്കാസ്ഥാനം അംഗീകരിക്കാനുള്ള റോമിന്റെ സന്നദ്ധത വിഫലമായി. അബ്ദദ് മ്ശിഹാ പാത്രിയർക്കീസിന്റെ നപടിയെക്കുറിച്ച് അവശേഷിക്കുന്ന സന്ദേഹത്തിന് പൂർണ്ണവിരാമമിടാനുള്ള സുവർണ്ണാവസരം അങ്ങനെ നഷ്ടപ്പെട്ടു. മലങ്കര സഭയ്ക്ക് സംജാതമാകുമായിരുന്ന ശാശ്വതശാന്തി അകലെയായി. എങ്കിലും മാർ ഈവാനിയോസിന്റെയും അനുയായികളുടെയും പുനരൈക്യവാഞ്ഛയുടെ ആത്മാർത്ഥത ബോദ്ധ്യപ്പെട്ട മാർപ്പാപ്പാ 1930 ആഗസ്ററ് 30 ന് മലങ്കര സുറിയാനിറീത്തിനുള്ള അംഗീകാരവും പുനരൈക്യപ്രസ്ഥാനത്തിനുള്ള അനുമതിയും അടങ്ങിയ 'അംഗീകാര പത്രം' അയച്ചുകൊടുത്തു.

# 12
# യാത്രപറയും മുൻപ്

**അത്** പുതിയൊരു സൂര്യോദയമായിരുന്നു. സത്യമാർഗ്ഗത്തിൽ കാലിടറാതെ സഞ്ചരിക്കാനുള്ള ദൃഢനിശ്ചയമാണ് ബഥനിമെത്രാപ്പോലീത്ത കൈക്കൊണ്ടത്. ഒത്തുനിന്നവർ കൈയൊഴിഞ്ഞിട്ടും അദ്ദേഹം ചഞ്ചലചിത്തനായില്ല. സ്വന്തം ഭവനമുപേക്ഷിച്ച് ദൈവത്തിന്റെ ആലയത്തിലേക്കു യാത്ര ചെയ്യുകയായിരുന്നു. ഉററവരെ വേർപിരിയേണ്ടിവന്നു. പക്ഷേ അത് ഒരൊളിച്ചോട്ടമായിരുന്നില്ല; ചരിത്രനിയോഗത്തിന്റെ നിറവേററൽ മാത്രം.

പാരമ്പര്യമനുസരിച്ച് അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ ആത്മീയാധികാരത്തിനുവിധേയമാണ് മലങ്കര സുറിയാനിസഭ. സ്വാർത്ഥതയും ദ്രവ്യാഗ്രഹവും വ്യക്തികാലുഷ്യവും നിമിത്തം സഭയിൽ ഭിന്നിപ്പുണ്ടായി. ഒരു വിഭാഗത്തിന്റെ കരുനീക്കങ്ങൾ വിജയിച്ചത് അബ്ദള്ള പാത്രിയർക്കീസിനെപ്രലോഭിപ്പിച്ച് മലങ്കര മെത്രാപ്പോലീത്ത വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ സഭാവിരുദ്ധനായി പ്രഖ്യാപിച്ചുകൊണ്ടാണ്. അന്ത്യോഖ്യയിൽ സ്ഥാനഭ്രഷ്ടനായി കഴിഞ്ഞിരുന്ന അബ്ദദ് മ്ശിഹായെ ക്ഷണിച്ചു വരുത്തി മുടക്കു തീർക്കുകയും മലങ്കരയിൽ കാതോലിക്കാസ്ഥാനം ഏർപ്പെടുത്തുകയും ചെയ്തുകൊണ്ട് മെത്രാൻവിഭാഗം അതിനെ നേരിട്ടു. അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ നിലനില്പ് തുർക്കിസുൽത്താന്റെ ഇംഗിതാനുസരണമായിരുന്നുവെന്നത് ഓർക്കാൻ സുഖമില്ലാത്ത ചരിത്രയാഥാർത്ഥ്യം.

മലങ്കരയിൽ കലഹം മുറുകുമ്പോൾ അതിൽപ്പെട്ടു സ്വയം നഷ്ടപ്പെടാതിരിക്കാൻ ബുദ്ധിമാനായ എം. എ. അച്ചൻ സെറാമ്പൂർ കോളജ് പദവി സ്വീകരിച്ചുപോയി. മലങ്കരമക്കളുടെ ആദ്ധ്യാത്മിക നവീകരണം ലക്ഷ്യമാക്കി ബഥനി സന്ന്യാസസമൂഹത്തെ ഒരു സ്വതന്ത്ര സ്ഥാപനമായി രൂപപ്പെടുത്തി. ഒടുവിൽ അതിന്റെ മെത്രാപ്പോലീത്തയായി. ദേവാലയങ്ങളിൽ കലഹം മുറുകിയപ്പോൾ അതിൽനിന്നു വിമുക്തമായിനിൽക്കുന്ന ബഥനിപ്പള്ളികൾ സ്ഥാപിച്ചു. മതപരിവർത്തനം ചെയ്തവർക്ക് ആദ്ധ്യാത്മികനേതൃത്വം നൽകുന്നതിന് ബഥനിമിഷന് രൂപംകൊടുത്തു.

മററൊരു അന്ത്യോഖ്യൻ പാത്രിയർക്കീസുമായി രമ്യതപ്പെട്ട് കാതോലിക്കാവിഭാഗത്തിന്റെ അസ്തിത്വം ഉറപ്പിക്കാനാവുമോ എന്ന അന്വേഷണ

ത്തിൽ എല്ലാവരും പങ്കാളികളായിരുന്നു. അങ്ങനെയാണ് അന്ത്യോഖ്യയിലെ കത്തോലിക്കാ പാത്രിയർക്കീസായ റഹ്മാനി അപ്രേം ദ്വിതീയനുമായി കത്തിടപാടുകൾ ആരംഭിച്ചത്. മെത്രാന്മാരുടെ സുനഹദോസ് അതിനു ചുമതലപ്പെടുത്തിയതാകട്ടെ ബഥനിയുടെ മാർ ഈവാനിയോസിനെയും. വ്യക്തമായ കാരണങ്ങളാൽ വീണ്ടും അന്ത്യോഖ്യയിൽ കുടുങ്ങുന്നതിനു പകരം മാർപ്പാപ്പായുമായി നേരിട്ടുബന്ധപ്പെട്ട് റോമാസിംഹാസനവുമായി പുനരൈക്യപ്പെടുന്നതാണ് മലങ്കരസഭയ്ക്ക് അനുഗ്രഹകരമായിത്തീരുകയെന്ന് മാർ ഈവാനിയോസ് തിരുമേനിക്ക് തിരിച്ചറിവുണ്ടായി. അദ്ദേഹം ആ വഴിയിൽ യാത്ര തുടർന്നു.

ആദ്യം ഒപ്പമുണ്ടായിരുന്ന കാതോലിക്കാബാവയും ഇതര മെത്രാപ്പോലീത്തമാരും ഇടയ്ക്കു പിൻവലിഞ്ഞു. അന്ത്യോഖ്യൻ പാരമ്പര്യത്തിൽ നിന്നു വേർപിരിയുന്നതിനുള്ള വൈമുഖ്യമായിരുന്നു അതിനു പ്രധാനകാരണം. അതോടൊപ്പം സമുദായക്കേസിൽ താത്കാലികമായുണ്ടായ വിജയം അവർക്ക് പ്രതീക്ഷകൾ നല്കുകയും ചെയ്തു. ബഥനിയെ സ്വതന്ത്രമായി നയിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന മാർ ഈവാനിയോസിനോട് ഒപ്പമെത്താൻ തക്ക ചടുലതയും ബുദ്ധിവൈഭവവും അവരിൽ ദൃശ്യമായിരുന്നുമില്ല.

ബഥനിപ്പള്ളികളും ഇതരസ്ഥാപനങ്ങളും മലങ്കരസഭയുടെ വിവിധ ഭാഗങ്ങളിൽ ബഥനി മെത്രാപ്പോലീത്തയുടെ ഭരണത്തിൻ കീഴിലാണ് കഴിഞ്ഞിരുന്നത്. അവയുടെ പ്രവർത്തനം ഭദ്രാസനാധിപന്മാരായ മെത്രാപ്പോലീത്തമാരിൽ അസ്വാസ്ഥ്യം വളർത്തിയതിലും അദ്ഭുതമില്ല. കൂടുതൽ ബഥനിപ്പള്ളികൾ സ്ഥാപിക്കുന്നതിന് ബഥനിമെത്രാപ്പോലീത്തയ്ക്ക് അവർ തടസ്സം സൃഷ്ടിച്ചു. മലങ്കര മെത്രാപ്പോലീത്തയെക്കൊണ്ട് അതിനു നിരോധനമേർപ്പെടുത്താനും അവർക്കു സാധിച്ചു.

കുണ്ടറപ്പള്ളിയിൽ ചേർന്ന സൂന്നഹദോസ് (1930 ഫെബ്രുവരി 25)'മലങ്കര സുറിയാനിസഭയുടെ അധികാര പരിധിയിൽ മേലിൽ ബഥനിപ്പള്ളികൾ സ്ഥാപിക്കാൻ പാടില്ല എന്നു കാണിച്ച് ബഥനി മെത്രാന്മാർക്ക് നിരോധന കല്പന' നല്കി.[1] ഈ വിവരം പത്രങ്ങളിൽ പരസ്യപ്പെടുത്തുകയും ചെയ്തു. മാർ ഈവാനിയോസിനെപ്പോലെ സമർപ്പണമനസ്കനും ആദ്ധ്യാത്മികവാദിയും ധിഷണാശാലിയുമായ ഒരു മെത്രാപ്പോലീത്തയ്ക്ക് സ്വാഭാവികമായും ഏററുവാങ്ങാവുന്നതിലേറെയായിരുന്നു ഈ ആഘാതവും അപമാനവും. ഭീഷണിക്കു വഴങ്ങാതെ ബഥനിയുടെ സ്വതന്ത്രനില കൂടുതൽ ഉയർത്തിക്കാട്ടാനും ബഥനിമിഷൻെറ പ്രവർത്തനം ഊർജ്ജസ്വലമാക്കാനും അദ്ദേഹം ദത്തശ്രദ്ധനായി.

തൻെറ ആദരപാത്രമായ വട്ടശ്ശേരിൽ തിരുമേനിയുമായി അഭിപ്രായ സംഘട്ടനത്തിൽഏർപ്പെടുക മാർ ഈവാനിയോസിന് അത്യന്തം ദുഃഖകരമായിരുന്നു. തെററിദ്ധാരണകൾ പറഞ്ഞുതീർക്കാനും മലങ്കര സഭയ്ക്ക് ഗുണകരമാകുംവിധം പുനരൈക്യം സംബന്ധിച്ച് ഒരേ നിലപാടെടുക്കാനും ബഥനി മെത്രാപ്പോലീത്ത അങ്ങേയററം അഭിലഷിച്ചു.റോമാസഭയിൽ നിന്നുള്ള 'സാമ്പത്തികാനുകൂല്യവും റീത്തു പ്രസ്ഥാനത്തിൻെറ നേതൃത്വ വാഗ്ദാനവും' കൊണ്ടാണ് അദ്ദേഹം അതിനു പ്രേരിതനായിത്തീർന്നതെന്ന പ്രസ്താവം[2] യാഥാർത്ഥ്യത്തിനു നിരക്കാത്തതാണ്.

1. ഫാദർ കുറിയാക്കോസ് ഒ.ഐ.സി., മലമടക്കിലെ കെടാവിളക്ക്. പു. 60.



കത്തോലിക്കാസഭയുമായി പൊരുത്തപ്പെടുക, റോമാ മാർപ്പാപ്പയുടെ പരമാധികാരം അംഗീകരിക്കുക എന്നിവയിൽ മലങ്കര സുറിയാനി സഭയ്ക്കു പ്രത്യക്ഷത്തിൽ അനുഭവപ്പെട്ട വൈമനസ്യം എത്രയും സ്വാഭാവികമാണ്. പോർച്ചുഗീസ് ഭരണകാലത്ത് തങ്ങളുടെ ആരാധനാരീതികൾ അടിച്ചേല്പിക്കാനും നിർബന്ധിതമാക്കാനും, പോർച്ചുഗീസ് മെത്രാന്മാരുടെ ഭരണത്തിൻ കീഴിൽ മലങ്കരസഭയുടെ വ്യക്തിത്വം നശിപ്പിക്കാനും നടന്ന ഹീനശ്രമങ്ങൾ അത്രവേഗം മറക്കാവുന്നതല്ല. അതിനെതിരെയാണ് ഉദയംപേരൂർ സൂനഹദോസ് ചേർന്നത്. പറങ്കികളുമായി തങ്ങൾക്കോ തങ്ങളുടെ സന്തതിപരമ്പരകൾക്കോ യാതൊരു ബന്ധവും ഉണ്ടായിരിക്കുകയില്ലെന്ന് മട്ടാഞ്ചേരിയിലെ കൂനൻ കുരിശിൽ വടംകെട്ടി അതിൽപ്പിടിച്ചു മലങ്കര സഭാമക്കൾ സത്യപ്രതിജ്ഞയുമെടുത്തു. അതിൻെറ ലംഘനമാണ് റോമാസഭയിലേക്കുള്ള പുനരാഗമനമെന്നു ധരിച്ചതിൽ പൂർണ്ണമായി കുററപ്പെടുത്താനുംവയ്യ. പക്ഷേ ശരിയായ അർത്ഥത്തിൽ ആ പ്രതിജ്ഞ പോർച്ചുഗീസുകാർ അടിച്ചേല്പിച്ച ലത്തീൻ ആരാധനാസമ്പ്രദായത്തോടുള്ള പ്രതിഷേധമായിരുന്നെന്നും അടിസ്ഥാനവിശ്വാസങ്ങളിൽ അന്തരമൊന്നും സംഭവിച്ചിട്ടില്ലെന്നും മനസ്സിലാക്കുമ്പോൾ റോമാസഭാപ്രവേശനത്തിനെതിരെ തീർത്തും നിഷേധാത്മകമായ നിലപാട് സ്വീകരിച്ചതിലെ അർത്ഥശൂന്യത വെളിപ്പെടും. മാത്രവുമല്ല, മലങ്കര സുറിയാനിസഭയുടെ ആചാരങ്ങൾക്കും ആരാധനാരീതിക്കും ഒരുതരത്തിലും മാററംവരുത്താതെയുള്ള പുനരൈക്യത്തിനാണ് റോമിൽനിന്ന് ബഥനിമെത്രാപ്പോലീത്ത അംഗീകാരംനേടിയെടുത്തത്.

ഈ സഭൈക്യ ശ്രമങ്ങളെ തുറന്ന മനസ്സോടെ സ്വീകരിക്കാനും സഭയിൽ ശാശ്വത സമാധാനം കൈവരുത്തുന്നതിന് ഏകമനസ്സോടെ പ്രവർത്തിക്കാനും മലങ്കരമെത്രാപ്പോലീത്തയും കാതോലിക്കാബാവയും സൂനഹദോസും സന്നദ്ധരായില്ല. അങ്ങനെവന്നപ്പോൾ മാർ ഈവാനിയോസും അനുയായികളും അവരുടെ വിശ്വാസമനുസരിച്ച് സത്യമാർഗ്ഗം തെരഞ്ഞെടുക്കുകയായിരുന്നു. ഈ സംഭവം മലങ്കരസഭയിൽ വലിയ പ്രകോപനങ്ങൾ സൃഷ്ടിച്ചതു സ്വാഭാവികം മാത്രമാണ്. വട്ടശ്ശേരിൽ തിരുമേനിക്ക് തൻെറ മാനസപുത്രനെ നഷ്ടപ്പെട്ടതിൽ ഉളവായ ഖേദം രോഷമായി. മലങ്കര സഭയുടെ പ്രതീക്ഷയായിരുന്ന മാർ ഈവാനിയോസ് റോമാസിംഹാസനത്തോടു പുനരൈക്യപ്പെട്ടത് സഭാമക്കൾക്കാകെ താങ്ങാനാവാത്ത ആഘാതമായി.

2. ഫാദർ കുറിയാക്കോസ് ഒ. ഐ. സി., മലമടക്കിലെ കെടാവിളക്ക്. പു. 55.

www.malankaralibrary.com

www.malankaralibrary.com



മാർ ഈവാനിയോസ് തിരുമേനിയെ പുനരൈക്യത്തിൽ നിന്നു പിന്തിരിപ്പിക്കാൻ വട്ടശ്ശേരിൽ തിരുമേനി കത്തുകൾ അയച്ചും ദൂതന്മാർ മുഖേന സന്ദേശങ്ങൾ കൈമാറിയും അനേകംവട്ടം ശ്രമിച്ചു. നേരിട്ടുകാണാനും ആശയവിനിമയം നടത്താനും ആഗ്രഹം പ്രകടിപ്പിച്ചു. മറുപടിക്കത്തുകൾ വഴി തൻെറ സുചിന്തിതമായ തീരുമാനം വ്യക്തമാക്കിയെങ്കിലും ഗുരുവിനെ സന്ദർശിക്കാതെ ഒഴിഞ്ഞുനിൽക്കുകയാണ് മാർ ഈവാനിയോസ് ചെയ്തത്. ഈ പിന്തിരിയൽ പിൽക്കാലത്ത് പല ഘട്ടങ്ങളിലും വിമർശന വിധേയമായിട്ടുള്ളത് മറക്കുന്നില്ല. ഇരുവർക്കും പരസ്പരം സ്വാധീനിക്കാൻ കഴിയാത്തവിധം നിലപാടുകൾ വിരുദ്ധവും ഉറച്ചതും ആയിരുന്നതുകൊണ്ടാവാം ഇങ്ങനെ സംഭവിച്ചതെന്നേ പറയാനാവൂ.

ബഥനിമല വിട്ടിറങ്ങി കത്തോലിക്കാസഭയോട് പുനരൈക്യത്തിൽ ഏർപ്പെടുംമുമ്പ് താൻ കെട്ടിപ്പടുത്ത മഹാപ്രസ്ഥാനത്തിൻെറ സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിന് മാർ ഈവാനിയോസ്  പ്രത്യേക ജാഗ്രത പുലർത്തി. ഇതു സംബന്ധിച്ച് മൂന്നു മാർഗ്ഗങ്ങളാണ് ആലോചനാവിഷയമായിത്തീർന്നത്.

ഒന്ന്: കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതിനു ശേഷവും ബഥനിമലയിൽത്തന്നെ താമസിച്ചുകൊണ്ട് ആശ്രമധർമ്മങ്ങൾ അനുഷ്ഠിക്കുക; ആദ്ധ്യാത്മിക പ്രവർത്തനങ്ങളും പരോപകാരപ്രദമായ ഇതര പരിപാടികളും തുടരുക.

രണ്ട്: ബഥനി ആശ്രമവും സ്വത്തുക്കളും കാതോലിക്കാ ബാവയ്ക്കോ മലങ്കരമെത്രാപ്പോലീത്തയ്ക്കോ എഴുതിക്കൊടുത്തശേഷം മറെറവിടേയ്ക്കെങ്കിലും മാറിതാമസിക്കുകയും കത്തോലിക്കാ സഭയോട് പുനരൈക്യപ്പെടുകയും ചെയ്യുക.

മൂന്ന്: ബഥനിവക സ്വത്തുക്കൾ ഒരു ട്രസ്ററിൻെറ ഭരണത്തിന് ഏല്പിച്ചുകൊടുത്തശേഷം കത്തോലിക്കാ സഭയോട് ഐക്യം പ്രഖ്യാപിക്കുക.

വളരെ ആലോചനകൾക്കുശേഷം ഒടുവിൽ മാർ ഈവാനിയോസ് തിരുമേനി തൃതീയമാർഗ്ഗം സ്വീകരിക്കാൻ നിശ്ചയിച്ചു. ദൈവനിവേശിതമായിരുന്നു പ്രസ്തുത തീരുമാനം. ബഥനിയുടെ അന്തരീക്ഷം വെടിഞ്ഞ് എങ്ങോട്ടെന്നില്ലാതെ യാത്രയാവുക ദുസ്സഹമായ ഒരാത്മപീഡനം തന്നെയായിരുന്നു. അതൊഴിവാക്കാൻ ബഥനിയിൽതന്നെ താമസം തുടരാൻ ആലോചിച്ചിരുന്നെങ്കിൽ എന്തെന്തു സംഘട്ടനങ്ങൾക്കും വ്യവഹാരങ്ങൾക്കും ആ ആശ്രമാന്തരീക്ഷം വിധേയമാകുമായിരുന്നില്ല! കാതോലിക്കാബാവയ്ക്കോ മലങ്കരമെത്രാപ്പോലീത്തയ്ക്കോ ബഥനിയുടെ സ്വത്തുക്കൾ കൈമാറുന്നതിന് ആശ്രമാദ്ധ്യക്ഷനെന്ന നിലയ്ക്ക് ബഥനിമെത്രാപ്പോലീത്തയ്ക്കുപോലും അവകാശമില്ലായിരുന്നു. ബഥനി ഒരു സ്വതന്ത്ര സ്ഥാപനമായി രൂപപ്പെടുത്തിയതായതുകൊണ്ട് അത്തരമൊരു നടപടി അതിൻെറ വ്യക്തിത്വനാശത്തിനു മാത്രമേ ഇടയാക്കുമായിരുന്നുള്ളൂ. ഏതു നിലയ്ക്കും ബഥനിയുടെ



അസ്തിത്വം നിലനിറുത്തുന്നതിനു കരണീയമായ മാർഗ്ഗം തന്നെയാണ് മാർ ഈവാനിയോസ്  കൈക്കൊണ്ടത്.

സുപ്രധാനമായ ഈ തീരുമാനത്തെത്തുടർന്ന് ബഥനിക്ക് സംഭാവനകൾ നല്കിയിട്ടുള്ള ബഹുമാന്യ വ്യക്തികളുടെ ഒരു യോഗം ചേരുന്നതിന് മെത്രാപ്പോലീത്ത ക്ഷണപത്രമയച്ചു. "സ്വത്തുക്കൾ കൈവശം വച്ചു വിനിയോഗിക്കുന്നതിനും ധർമ്മ വേലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ടി ട്രസ്ററികളേയും ഭരണസമിതിയേയും നിശ്ചയിക്കുന്നതിനാണ്" പ്രസ്തുത യോഗമെന്ന് ക്ഷണപത്രത്തിൽ വ്യക്തമാക്കിയിരുന്നു. റാന്നിയിലെ പെരുനാട്ടിൽ ബഥനിആശ്രമത്തോടു ചേർന്നുള്ള അതിഥിമന്ദിരത്തിൽ വച്ചായിരുന്നു യോഗം.  മാർ തെയോഫിലോസ് എപ്പിസ്കോപ്പയ്ക്കും ആശ്രമസ്ഥർക്കും ഒപ്പം ബഥനിക്ക് മൂലധനനിക്ഷേപം നല്കിയിട്ടുള്ളവരിൽ പലരും പ്രസ്തുത യോഗത്തിൽ സംബന്ധിച്ചു.

സഭാചരിത്രത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ് സമ്മേളനത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത ചെയ്ത അദ്ധ്യക്ഷപ്രസംഗം. ബഥനിയുടെ സ്ഥാപനം, വികാസം, ദൗത്യം എന്നിവ സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന കാഴ്ചപ്പാടുകൾ അതിൽ വ്യക്തമാക്കിയിരിക്കുന്നു.[3]

സ്നേഹഭാജനങ്ങളേ,

ബഥന്യാശ്രമം സ്ഥാപിക്കണമെന്നു നാം ആലോചിക്കയും നിശ്ചയിക്കുകയും ചെയ്തതു സെറാമ്പൂർ കോളജിൽ പ്രഫസറായിരുന്ന കാലത്തായിരുന്നു. ഇത് ദൈവനടത്തിപ്പ് അനുസരിച്ചുണ്ടായ ഒരു പ്രവൃത്തിയായിരുന്നെന്നാണ് ഇന്നും നാം വിശ്വസിക്കുന്നത്. എം. ഡി. സെമിനാരിയുടെ പ്രിൻസിപ്പൽ ഉദ്യോഗം ഉപേക്ഷിച്ചുംവെച്ച് നാം നാടുവിട്ടുപോയത് ആ ഉദ്ദേശാർത്ഥമായിരുന്നില്ല. മലങ്കര സഭയുടെ നാനാമുഖമായ അഭിവൃദ്ധി പട്ടക്കാരുടെ വിദ്യാഭ്യാസാഭിവൃദ്ധിയാണെന്ന് നാം വിചാരിച്ചു. ഇവിടെ ഇപ്പോൾ നമ്മുടെ അടുത്തിരിക്കുന്ന ബഹുമാനപ്പെട്ട സഹോദരന്മാർ തിയോഫിലോസ് എപ്പിസ്ക്കോപ്പാ അന്നു നമ്മോടുകൂടെസെറാമ്പൂർക്കുപോന്നിരുന്നു. നാം അവിടെ പ്രൊഫസർ ഉദ്യോഗം വഹിച്ചിരുന്ന അക്കാലത്തു നാട്ടിൽനിന്നു പലരേയും കൊണ്ടുപോയി പഠിപ്പിച്ചിട്ടുണ്ട്. ഇന്നത്തെപ്പോലെ അന്നും നാംതന്നെ കണക്കെഴുതുക പതിവില്ലായിരുന്നു. ശമ്പളമായും മററും കിട്ടി വന്ന പണം വൈദികവിദ്യാർത്ഥികളായി നമ്മോടൊന്നിച്ചുതാമസിച്ചുവന്നശെമ്മാശ്ശന്മാരെ ഭരമേല്പിച്ചു. ആത്മപ്രശംസയായി പറഞ്ഞുവെന്നു നിങ്ങളാരും തെററിദ്ധരിക്കയില്ലല്ലോ. ശെമ്മാശ്ശന്മാരിൽ പലരും ഉൽകൃഷ്ട ബിരുദധാരികളായി ത്തീർന്നതുകണ്ടപ്പോൾ നമുക്കു വളരെസന്തോഷം തോന്നി. അവരെ എന്തിനായി ഉപയോഗപ്പെടുത്തണമെന്നായിരുന്നു നമ്മുടെ

3. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ്. പു. 358-363.

www.malankaralibrary.com



ആലോചന. നാട്ടിൽവന്നു പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു നടത്തുക എന്ന കാര്യത്തിൽ നമുക്കപ്പോൾ വേണ്ടത്ര തൃപ്തി തോന്നിയില്ല. സുവിശേഷ പ്രചരണാർത്ഥം എല്ലാവരുംകൂടി മിഷനറിമാരായി അങ്ങിറങ്ങിയാലോ എന്നു നമുക്കു തോന്നി. പിന്നീടുണ്ടായ ആലോചനകളുടെയും പ്രാർത്ഥനകളുടെയും ഫലമായി നാം നിശ്ചയിച്ചതു ലോകത്തോടുള്ള സർവ്വവിധ ബന്ധങ്ങളേയും കൈവെടിഞ്ഞ് ദൈവത്തെ ധനവും സമ്പാദ്യവുമായി കരുതിയിറങ്ങുന്ന സന്ന്യാസ പരമായ ജീവിതമായിരിക്കും അത്യുത്തമം എന്നത്രേ.

ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും മററുള്ളവർക്കു നന്മ ചെയ്യുന്നതിനും ഇത് ഏററവും സൗകര്യപ്രദവും ശ്രേഷ്ഠവുമായ മാർഗ്ഗമാണെന്നത്രെ നമ്മുടെ ബോദ്ധ്യം. അതിനാണ് വൈദികവിദ്യാർത്ഥികളിൽ മനസ്സും വിളിയുമുള്ളവർ പുറപ്പെടണമെന്ന് ഉപദേശിക്കമാത്രം ചെയ്യാതെ നാം തന്നെ അതിലേക്കു മുന്നിറങ്ങി മാതൃക കാണിക്കണമെന്നു നിശ്ചയിച്ചത്. അതനുസരിച്ച് കേവലം ശൈശവാവസ്ഥയിലുള്ള ഒരാഗ്രഹം മനസ്സിൽ സങ്കല്പിച്ചുകൊണ്ടു സെറാമ്പൂരിൽവെച്ചുതന്നെ ഞങ്ങൾ പലയാളുകൾ കൂടിജീവിക്കാൻ തുടങ്ങി. എങ്ങോട്ടുപോയി എന്തുചെയ്യുകയാണു വേണ്ടതെന്നു ചിന്തിക്കാൻ ആരംഭിച്ചു. പഞ്ചാബ് രാജ്യത്തിൽ ഒരിടത്തു ചെന്ന് അവിടെയുള്ള പാവപ്പെട്ടവരുടെ ഇടയിൽ സുവിശേഷപ്രചാരണം നടത്തി സന്ന്യാസിമാരായി ജീവിക്കാമെന്ന് നാം ആലോചിച്ചു. ഇക്കാര്യം സന്ദർഭവശാൽ മി. ഈ. ജെ. ജോൺ വക്കീലിനെ കത്തുമൂലം ഗ്രഹിപ്പിച്ചിരുന്നു. പഞ്ചാബിലേക്കു പോവുക എന്നതിൽ അദ്ദേഹം സംതൃപ്തനായി കണ്ടില്ല. ഈ നാട്ടിലേക്കുവന്ന് ആവശ്യമെങ്കിൽ വിജനമായ എവിടെയെങ്കിലും ഒരിടത്തു താമസിക്കുന്നതാണ് ആവശ്യമെന്നും അതിലേക്ക് പെരുനാട്ടിലുള്ള അദ്ദേഹത്തിൻെറ സ്ഥലം ഉപയോഗപ്പെടുത്താവുന്നതാണെന്നും നമ്മെ അറിയിച്ചു. 'അങ്ങനെ തന്നെ' എന്നു നാം മറുപടിയും കൊടുക്കുകയുണ്ടായി. ആയിടെ നാം നാട്ടിലെത്തിയപ്പോൾ മി. ജോൺ നിർദ്ദേശിച്ച സ്ഥലം കാണുകയും അതിനു സമീപത്തായി അതിനോടു ചേർന്നു കുറെ സ്ഥലം കൂടി വാങ്ങണമെന്ന് നിശ്ചയിക്കയും ചെയ്തു. ഇതിനു പണമെവിടെ? മനസ്സുകൊണ്ടു കണ്ട പല മാർഗ്ഗങ്ങളും തടസ്സപ്പെട്ടുപോയി. പരിചിതന്മാരായ യുറോപ്യന്മാരോടു പറഞ്ഞാൽ അതിനേതും വിഷമമില്ലെന്നു നമുക്കറിയാമായിരുന്നു. പക്ഷേ, അക്കാര്യത്തിൽ കടക്കുവാൻ നമുക്കു സന്തോഷം തോന്നിയില്ല. ഒടുവിൽ എന്തുപറയേണ്ടു? നമ്മുടെ അപ്പൻെറ പക്കൽ നിന്നും പണം വാങ്ങിക്കൊണ്ട് നാം നമ്മുടെ അഭിലാഷത്തെ നിറവേററി. ഇപ്പോൾ നിങ്ങളേവരും കാണുന്നതും ബഥന്യാശ്രമവും അതിനോടുചേർന്ന കെട്ടിടങ്ങളും സ്ഥിതിചെയ്യുന്നതുമായ ഈ ബഥനിഗിരി മേല്പറഞ്ഞ പലേ മാർഗ്ഗത്തിൽ നമുക്കു ലഭിച്ചിട്ടുള്ളതാണ്. തദനന്തരം പല സുഹൃത്തുക്കളിൽനിന്നും പണമായും സ്ഥലമായും മററും പല സംഭാവനകളും നമുക്കു ലഭിച്ചിട്ടുണ്ട്.



നാം സെറാമ്പൂർക്കുപോയത് അബ്ദല്ലാ പാത്രിയർക്കീസുബാവാ തിരുമനസ്സിലെ വരവുസംബന്ധിച്ച് മലങ്കരസഭ വഴക്കിലും വ്യവഹാരത്തിലുംപെട്ടു വലഞ്ഞിരുന്ന ഒരു കാലത്തായിരുന്നുവെന്നു നിങ്ങളിൽ പലരും ഓർക്കുന്നുണ്ടല്ലോ. എവിടെയും വ്യവഹാരവും കലഹവുമേ കാണപ്പെട്ടിരുന്നുള്ളു. കഴിഞ്ഞ പല തലമുറകളായി മലങ്കര സുറിയാനിസഭ വഴക്കിലും വ്യവഹാരത്തിലുമാണ് കഴിഞ്ഞുകൂടിയിട്ടുള്ളതെന്നും, ഇപ്പോഴും ആ സ്ഥിതിയിൽ കിടക്കുന്നുവെന്നും, അതു ഭേദപ്പെടുവാൻ ഭാവികാലത്ത് എളുപ്പമല്ലെന്നും നമുക്കു തോന്നി. അതിനാൽ സാമുദായികമായ ഏതുതരം വഴക്കിലും വ്യവഹാരത്തിലും ഉൾപ്പെടാതിരിക്കത്തക്കവണ്ണവും, അവയുടെ ഫലങ്ങൾ വ്യാപിക്കാതിരിക്കത്തക്കവിധവും ആശ്രമം സ്ഥാപിക്കണമെന്നും, ആശ്രമത്തിനും തൽസംബന്ധമായ സ്ഥാപനങ്ങൾക്കും 'ബഥനി' എന്നു നാമകരണം ചെയ്യണമെന്നും, സെറമ്പൂരിൽ വെച്ചു പത്തുപതിന്നാലു സംവത്സരങ്ങൾക്കു മുമ്പുതന്നെ തീർച്ചപ്പെടുത്തി. ഇവ്വണ്ണം ബഥനി സ്വതന്ത്രമായിരുന്നില്ലെങ്കിൽ നിശ്ചയമായും നാനാപ്രകാരത്തിലുള്ള ഹേമങ്ങൾ അതിനുണ്ടായേക്കുമെന്ന് ആശ്രമസ്ഥരായി ചേരാനൊരുങ്ങിയ പലരും നമ്മെ പിൻതാങ്ങുകയും ചെയ്തു.

പെരുനാട്ടിലുള്ള മലമ്പ്രദേശം പത്തുനാനൂറേക്കർ വാങ്ങിച്ചു എന്നതുകൊണ്ടുമാത്രം ബഥനി സ്ഥാപിക്കാൻ നിർവ്വാഹമില്ലല്ലോ. അവിടെയുള്ള കാടുവെട്ടിത്തെളിച്ചു വേണ്ട കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും നിത്യച്ചെലവുകൾ നടന്നുപോകുവാൻ തക്കവണ്ണം എന്തെങ്കിലും കൃഷി ചെയ്യേണ്ടതും അത്യാവശ്യം തന്നെ. കൈവശമുണ്ടായിരുന്ന പണം കൊണ്ടു മാത്രം ഇതു സാധിക്കാമായിരുന്നില്ല.അതിനാൽ കൽക്കത്തായിലുള്ള ഒരു സഹൃദയനായ യൂറോപ്യനിൽ നിന്നും ചുരുങ്ങിയ പലിശയിന്മേൽ 7000 രൂപാ കടം വാങ്ങിച്ചു. ഇതിനെപ്പററി അക്കാലത്ത് മി. ജോൺവക്കീലിനെ നാം ഗ്രഹിപ്പിച്ചിരുന്നതാണ്. തൽസംബന്ധമായി പ്രമാണം കൊടുക്കുമ്പോൾ അദ്ദേഹം സംഭാവന ചെയ്തിട്ടുള്ള നൂറേക്കർ സ്ഥലം പണയപ്പെടുത്താമെന്ന് അദ്ദേഹം നമ്മെ അറിയിച്ചു. എങ്കിലും മറെറാരാൾ നല്കിയ സ്ഥലം പണയപ്പെടുത്താതെ പിതൃദാനംകൊണ്ടു വാങ്ങിയ സ്ഥലത്തിൽ ഏതാനും ഭാഗം പണയപ്പെടുത്തുകയാണു നാം ചെയ്തത്. ഇന്നും ആ പഴയ കടം അങ്ങനെതന്നെ കിടക്കുകയാണ്. വേറെയും ചില കടങ്ങൾ വന്നുകൂടിയിട്ടുണ്ട്.

ഈ വിധത്തിൽ ആവശ്യപ്പെട്ട കെട്ടിടങ്ങൾ ഉണ്ടാക്കിത്തീർത്തതോടുകൂടെ ആശ്രമം സ്ഥാപിക്കപ്പെട്ടു എന്നുപറയാം. കൃഷിസംബന്ധമായ ശ്രമങ്ങൾ സഫലമായില്ല. ആശ്രമസ്ഥരുടെ ഉപജീവനമാർഗ്ഗം മററുവിധത്തിൽ തേടേണ്ടതായി വന്നുകൂടി. മാത്രമല്ല, അനാഥശാല, ആസ്പത്രി, കൃഷി മുതലായവയുടെ നടത്തിപ്പിനു കൈവശമുണ്ടായിരുന്ന പണവും ചെലവായിക്കഴിഞ്ഞു. അപ്പോഴാണു നാം പണപ്പിരിവിനു പുറപ്പെട്ടത്.

www.malankaralibrary.com



പലയിടങ്ങളിലും സഞ്ചരിച്ച് ജനങ്ങളിൽനിന്നും ജാതിമതഭേദംകൂടാതെ അനേകം സുഹൃത്തുക്കളിൽനിന്നുമായി നാം പണം പിരിച്ചുണ്ടാക്കിയത് ബഥനിസംബന്ധമായ ആവശ്യത്തിനായിരുന്നുവെന്ന് അക്കാലത്തുതന്നെ നിങ്ങളെ ഗ്രഹിപ്പിച്ചിട്ടുള്ളതാണല്ലോ. ആകസ്മികമായി നമുക്കെന്തെങ്കിലും പിണയുന്നതായാൽ ബഥനിയെ ഉദ്ദേശിച്ചു വാങ്ങിയതും സൗജന്യം ചെയ്യപ്പെട്ടതുമായ സ്ഥലവും, അവിടെയുണ്ടായിരുന്ന കെട്ടിടങ്ങളും,മേലാലുള്ള സമ്പാദ്യങ്ങളും, സ്ഥാപനങ്ങളും നമ്മുടെ വീട്ടുകാരുടേതായോ മറേറാ ആയിത്തീരാതെ നമ്മുടെ ഉദ്ദേശ്യം നിർവിഘ്നം സാധിച്ചുപോരേണ്ടതിനായി നമ്മുടെ പേരിലുള്ള സ്വത്തുക്കളെല്ലാം നമ്മുടെ കാലശേഷം ആശ്രമസ്ഥരായ ഇന്നാർക്കെല്ലാം ഇരിക്കേണ്ടതാണെന്നു നാം ഒരു വിൽപ്പത്രം രജിസ്റ്ററാക്കി.

അതിന്റെ ശേഷം മാത്രമേ മററുള്ളവരിൽ നിന്നും പണംപിരിക്കാൻ നാം പുറപ്പെട്ടുള്ളൂ. ഇതുവരെയും ഭേദഗതി ചെയ്യാതെ കിടക്കുന്ന ആ മരണശാസനത്തെക്കുറിച്ച് ഇവിടെ നിങ്ങളിൽ പലരും ഒരുപക്ഷേ അറിഞ്ഞിട്ടില്ലായിരിക്കും. പല സ്ഥലങ്ങളിലും നാം പണപ്പിരിവു നടത്തിക്കൊണ്ടു സഞ്ചരിച്ചിട്ടുണ്ട്. കാര്യഗൗരവം വിചാരിച്ചും ദൈവം നമുക്കു തന്ന ശ്രേഷ്ഠമായ ആദർശത്തോടുള്ള അനുകമ്പയെ പ്രകടിപ്പിച്ചും കൊണ്ട് മാന്യസ്നേഹിതരായ നിങ്ങളും, പരിചിതരും അപരിചിതരുമായ മററനേകം സുഹൃത്തുക്കളും നമ്മെ അന്നും പ്രോത്സാഹിപ്പിച്ചതിനെ നാം ഇപ്പോഴും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. മലങ്കര സുറിയാനിക്കാർ, റോമൻ കത്തോലിക്കർ, ആംഗ്ലേയക്കാർ, മാർത്തോമ്മാക്കാർ, ഹിന്ദുക്കൾ, മഹമ്മദീയർ ആദിയായ അനേകം ആളുകളും ബഥനിയുടെ മൂലധനത്തിലേക്കും നിത്യച്ചെലവിലേക്കുമായി പല സഹായങ്ങൾ ചെയ്തിട്ടുള്ള ആത്മാർത്ഥബന്ധുക്കളത്രേ. ആ വകയിൽ എത്ര പണമാണു നമുക്കു കിട്ടിയതെന്നും, എന്തിനെല്ലാം അതിൽനിന്നും വ്യയം ചെയ്തു എന്നും, ഇപ്പോൾ ആ വകയിൽ എന്തു ബാക്കിയുണ്ടെന്നും നിങ്ങളുടെ മുമ്പിലിരിക്കുന്ന ഈ കണക്കുപുസ്തകങ്ങൾ നോക്കിയാൽ ആർക്കും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. ഒരോ വർഷത്തെയും വരവുചെലവുകൾ പ്രത്യേകം ക്രോഡീകരിക്കപ്പെട്ട തെരട്ടും റിപ്പോർട്ടും പിന്നാലെ വായിക്കുന്നതാണ്. ഇക്കഴിഞ്ഞ അഞ്ചാറുസംവത്സരത്തിനുള്ളിൽ നാം നേരിട്ടു പണപ്പിരിവു നടത്തിക്കൊണ്ട് സഞ്ചരിക്കാറില്ലെന്നു നിങ്ങൾക്കറിയാമല്ലോ. എന്നിട്ടും ബഥനിയുടെ ആവശ്യങ്ങൾ നിർവിഘ്നം സാധിച്ചുപോകത്തക്കവണ്ണം ഉടയതമ്പുരാൻ ഇപ്പോഴും അതിനെ പ്രേമപൂർവ്വം സംരക്ഷിച്ചുവരുകയാണ്.

ബഥനി കേവലം സ്വതന്ത്രമായ ഒരു സ്ഥാപനമത്രേ. അതിന്റെ ആദർശാനുസരണമായ ആത്മീയവേലകൾ നിർവിഘ്നം നടന്നുപോകുന്നതിന് ഒരു മേല്പട്ടക്കാരൻ അത്യന്താപേക്ഷിതമായിത്തീർന്നപ്പോൾ ദൈവകൃപയാൽ നാം എപ്പിസ്കോപ്പയായി വാഴിക്കപ്പെട്ടു. അന്നു വട്ടിപ്പണക്കേസ് തോററു കിടക്കുന്ന കാലമായിരുന്നു. മലങ്കര യാക്കോബായ സുറിയാനിസഭയുടെ ഭരണസംബന്ധമായ കാര്യങ്ങളിൽ ഉൾപ്പെടത്തക്കവണ്ണം ആ ട്രസ്ററിൽ അകപ്പെടാതെയും, അന്ത്യോഖ്യാമേലധികാരത്തെയോ മറേറാ സമ്മതിക്കുന്ന വിധത്തിൽ പതിവുള്ളപ്രകാരം ശൽമൂസോ ഉടമ്പടി എഴുതാതെയും, മലങ്കര യാക്കോബായ അസോസിയേഷന്റെയോ പൊതുജനങ്ങളുടെയോ തിരഞ്ഞെടുപ്പുമൂലം മലങ്കര സുറിയാനിസഭയുമായി നിയമദൃഷ്ട്യാ ബന്ധപ്പെടാതെയും നാം ബഥനിയുടെ എപ്പിസ്കോപ്പയായി വാഴിക്കപ്പെടുകയും, അനന്തരകാലത്തിൽ ബഥനിയുടെ മെത്രാപ്പോലീത്തയായി അവരോധിക്കപ്പെടുകയും, ബഥന്യാശ്രമസ്ഥനായ യാക്കോബ് റമ്പാൻ ബഥനിയുടെ എപ്പിസ്കോപ്പയായി വാഴിക്കപ്പെടുകയും ചെയ്തതു ദൈവത്തിന്റെ കാരുണ്യാതിരേകത്താലാണെന്നു മാത്രമേ നമുക്കു പറയാനുള്ളൂ.



ബഥനിയുടെ മൂലധനത്തിലേക്കു നൂറും അതിലധികവും രൂപ സംഭാവന ചെയ്തിട്ടുള്ള നിങ്ങളെ ഏവരേയും ഇവിടെ വെച്ച് ഒരുമിച്ചു കാണാനിടയായതിൽ നമുക്കും ബഹുമാനപ്പെട്ട ഈ കൊച്ചുമെത്രാച്ചനും ആശ്രമസ്ഥന്മാരെല്ലാവർക്കും അനിർവ്വചനീയമായ സന്തോഷമുണ്ട്. പലരിൽനിന്നും പണംപിരിച്ച് ബഥനിയുടെ സ്ഥാപനോദ്ദേശ്യത്തിനനുയോജ്യമല്ലാത്ത ഏതോ ചില പുതിയ പ്രസ്ഥാനങ്ങളിൽ നാം തനിച്ചോ ആശ്രമസ്ഥരെല്ലാവരുംകൂടിയോ പ്രവേശിക്കുവാൻ പോകുന്നുവെന്നും അങ്ങനെയെങ്കിൽ അത് ബഥനിക്കായി സംഭാവനചെയ്തിട്ടുള്ളവരെ ചതിക്കയായിരിക്കുമെന്നും മററും പലേടത്തും വിവിധങ്ങളായ പ്രസ്താവനകൾ പരന്നിരിക്കുന്നതായി കേൾക്കുവാൻ നമുക്കിടയായി. ഇക്കാര്യത്തിൽ എത്രയും സത്യമായും പരിശുദ്ധമായും വർത്തിക്കണമെന്നു തന്നെയാണ് നാം മുമ്പേയും ഇപ്പോഴും തീർച്ചപ്പെടുത്തിയിട്ടുള്ളത്. നിങ്ങൾ തന്നിട്ടുള്ള സംഭാവനകൾകൊണ്ട് സമ്പാദിച്ചിട്ടുള്ള സർവ്വ സ്വത്തുക്കളും നിങ്ങളുടെ ഹിതംപോലെ വിനിയോഗിക്കുവാൻ തക്കവണ്ണം ഇപ്പോൾ ഇതാ, നിങ്ങളുടെ മുമ്പാകെ വെച്ചിരിക്കുന്നു. ബഥനിസ്ഥാപനത്തിന് അനുയോജ്യമായവിധം ഈ സ്വത്തുക്കളെ വിനിയോഗിക്കുവാൻ തക്കവണ്ണം ട്രസ്ററികളെയും ഭരണസമിതിയേയും നിയമിക്കണമെന്നു നമുക്കു അഭിപ്രായമുണ്ടെങ്കിലും ആ അഭിപ്രായത്തെ നിങ്ങൾ സ്വീകരിക്കണമെന്നു നാം ലവലേശവും നിർബ്ബന്ധിക്കുന്നില്ല. നിങ്ങൾ എന്തുതന്നെ നിശ്ചയിച്ചാലും ഈ വിഷയത്തിൽ നിങ്ങളുടെ നിശ്ചയമനുസരിച്ചു പ്രവർത്തിക്കാൻ നാം പരിപൂർണ്ണസമ്മതനായിരിക്കയാണ്. സ്വത്തുക്കൾ നമ്മുടെ പേരിൽ സമ്പാദിക്കപ്പെട്ടവയാണെങ്കിലും നിങ്ങളുടെ ഹിതംപോലെ ആർക്കെങ്കിലും ഉടമ്പടിയോ മററു രജിസ്ററർ പ്രമാണമോ എഴുതിക്കൊടുക്കാൻ നാം ഒരുങ്ങിയിരിക്കുന്നു. ഏതുവിധമുള്ള പ്രമാണവും നിങ്ങൾ എഴുതിക്കൊൾവിൻ. ഒപ്പിടുവാൻ നാം തയ്യാറാണ്.

www.malankaralibrary.com



പലേടങ്ങളിലും സഞ്ചരിച്ചു പണം പിരിച്ചുവന്ന സമ്പ്രദായത്തെ നാം നിറുത്തൽ ചെയ്തതിൻെറ ശേഷം അഞ്ചാറുമാസക്കാലമായി ബഥനിയുടെ നിത്യച്ചെലവു നടന്നുപോകുന്നത് പ്രായേണ പിടിയരിപ്പിരിവിനാലും കാണിക്കശേഖരണത്താലുമാണെന്ന് ഏവർക്കും അറിവുള്ളതാണല്ലോ. ബഥനിയെ സംബന്ധിച്ചിടത്തോളം അവിടവിടെ കേൾക്കാൻ തുടങ്ങിയ പ്രസ്താവനകളുടെ ഫലമായി ഈ വക വരുമാനങ്ങളിൽ ഗണ്യമായ കുറവ് നേരിട്ടിട്ടുണ്ടെങ്കിലും അതുകൊണ്ടു ശാരീരികമായ ക്ലേശങ്ങൾ അനുഭവിക്കുമാറ് ആശ്രമസ്ഥന്മാർക്ക് ഒന്നോ രണ്ടോ നേരത്തെ ഭക്ഷണം ഉപേക്ഷിക്കണമെന്നല്ലാതെ അതിൽ കൂടുതലായ മറെറാരനർത്ഥവും നേരിടാൻ ഇടയായില്ലല്ലോ എന്നു നാം സമാധാനിക്കുന്നു. ഇവയ്ക്കൊന്നിനും മനോബോദ്ധ്യത്തെ തിരസ്ക്കരിപ്പിക്കാനോ ജീവിതാദർശത്തെ വ്യതിചിപ്പിക്കാനോ കഴിവുള്ളതല്ലല്ലോ.

ബഥനി ഏതൊരു മഹത്തായ ആദർശത്തെ ആജീവനാന്തം അവലംബിക്കാൻ ദൈവമുമ്പാകെ പ്രതിജ്ഞ ചെയ്തിരിക്കുന്നുവോ അതിനു ഭംഗവും ഹേമവും വരാതിരിക്കത്തക്കവണ്ണം ബഥനി സ്വത്തുക്കളെ സംരക്ഷിക്കുകയും ഐശ്വര്യപ്പെടുത്തുകയും ചെയ്വാനായി നിങ്ങളേവരും യഥേഷ്ടം ആലോചിച്ചു പ്രവർത്തിക്കേണ്ടതാണെന്നല്ലാതെ നമുക്ക് ഇക്കാര്യത്തിൽ വിശേഷവിധിയായിട്ടൊന്നും ഇപ്പോൾ പറയുവാനില്ല. നിങ്ങളുടെ ഉത്തമബുദ്ധിപോലെ ആലോചിച്ച് എന്തെങ്കിലും നിശ്ചയിച്ചുകൊള്ളുവിൻ.[4]

യോഗ തീരുമാനമനുസരിച്ച് ബഥനി ഒരു സ്വതന്ത്ര ട്രസ്ററായി പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തി. ട്രസ്ററികളെ നിശ്ചയിച്ചു. ഭരണസമിതി അംഗങ്ങളെയും തിരഞ്ഞെടുത്തു. തുടർന്ന് തൻെറ ജീവിത്തിൽ സംഭവിക്കാൻ പോകുന്ന വലിയ പരിണാമത്തെക്കുറിച്ച് തിരുമേനി ഹൃദയം തുറന്നു:

അവസാനമായി നമുക്കു നിങ്ങളോടു പറയാനുള്ളതു കത്തോലിക്കാ പുനരൈക്യം സംബന്ധിച്ചു നമ്മെപ്പററി ഈയിടെ എവിടെയും പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്ന ശബ്ദഭേരിയെപ്പററിയത്രേ. ലോകൈകനാഥനായ യേശുക്രിസ്തു മനുഷ്യരുടെ ജീവരക്ഷയ്ക്കായി ലോകത്തിൽ ഒരു സഭയെ സ്ഥാപിച്ചു. ക്രമാനുഗതം അത് അഭിവൃദ്ധിപ്പെട്ടും പരിപുഷ്ടി പ്രാപിച്ചും വന്നിരുന്നു. ക്രിസ്ത്വബ്ദം 451-ാ മാണ്ടിൽ സർവ്വലോക ക്രിസ്തീയ മതാദ്ധ്യക്ഷന്മാർ (ബിഷപ്പന്മാർ)ചേർന്നു നടത്തിയ ഒരുയോഗത്തിൽ (കാൽസിഡോൻ സിനഡ്) വെച്ചു ക്രിസ്തീയ സഭയിൽ ഒരു പിളർപ്പുണ്ടാകുവാൻ സംഗതിയായി. ന്യൂനപക്ഷക്കാരായ അപൂർവ്വം ചിലരുടെ അഭിപ്രായത്തിനു പ്രാബല്യമുണ്ടാകാഞ്ഞതിനാൽ ഉളവായ

4. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്. പു. 365-369.



ദുരഭിമാനപ്രസക്തിയാണ് ആ പിളർപ്പിനു കാരണമെന്നു പ്രാചീനചരിത്രഗ്രന്ഥങ്ങൾ ഒന്നൊഴിയാതെ സാക്ഷീകരിക്കുന്നുണ്ട്. ഭിന്നാഭിപ്രായക്കാരായി പിരിഞ്ഞുപോയവർ മറെറാരുസഭയായി രൂപീകരിക്കപ്പെട്ടു. കാലാന്തരത്തിൽ അത് അഭിപ്രായഭേദത്താലും സ്വാതന്ത്രേച്ഛയാലും പലതായി വിഭാഗിക്കപ്പെട്ടു. ഇങ്ങനെ ഉണ്ടായിത്തീർന്ന വിവിധസഭകളിൽ ഒന്നിൻെറ പേരാണു "യാക്കോബായസഭ" എന്നു സംക്ഷിപ്തമായി പറയാം. ഏകദേശം ഇതുപോലെതന്നെയാണു കേരളത്തിലെ ക്രിസ്തുമതത്തിൻെറയും ചരിത്രമെന്നു നാം ഗൗനിക്കേണ്ടതുണ്ട്.യേശുക്രിസ്തുവിൻെറ പ്രേഷ്ഠശിഷ്യരിൽ ഒരാളായ മാർതോമ്മാശ്ലീഹാ എന്ന പുണ്യാത്മാവിൻെറ തൃപ്പാദദർശനത്തോടുകൂടിയാണു കേരളത്തിൽ ക്രിസ്തുമതത്തിൻെറ ഉത്ഭവമെന്നു പറയേണ്ടതില്ലല്ലോ. 17-ാം നൂററാണ്ടുവരെയും, ക്രിസ്ത്യാനികളായിത്തീർന്ന കേരളീയരാസകലം ഒരു വമ്പിച്ച തറവാട്ടിലെ അംഗങ്ങളെന്നുള്ള നിലയിൽ ഏകയോഗക്ഷേമപൂർവ്വം വർത്തിച്ചുപോന്നു. അങ്ങനെയിരിക്കവെയാണു നിസ്സാരമായ ഒരു കാരണത്തിന്മേൽ-അവാസ്തവമായ ഒരു കിംവദന്തിയെ അടിസ്ഥാനമാക്കിക്കൊണ്ട്-ഏതാനും പേർ അതിൽ നിന്നുപോവുകയുണ്ടായത്. മതവിശ്വാസപരമായ യാതൊരു കാരണത്താലുമല്ല ഈയൊരു പിളർപ്പുണ്ടായതെന്ന് ഇവിടെ അനുസ്മരിക്കേണ്ടതുണ്ട്. പിരിഞ്ഞുപോയവർക്കു "പുത്തൻ കൂററുകാർ" എന്നും മററവർക്കു "പഴയ കൂററുകാർ" എന്നും പേരുകളുണ്ടായി. പഴയ കൂററുകാരുടെ മതാദ്ധ്യക്ഷൻ സർവ്വലോകക്രൈസ്തവസഭയുടെ പ്രധാനാദ്ധ്യക്ഷന്മാരുടെ ശിരോമകുടമായ മാർപ്പാപ്പയത്രേ. സ്ഥിരമായ ഒരു മതാദ്ധ്യക്ഷൻ ഇല്ലായ്കയാൽ പുത്തൻകൂററുകാർ വളരെ വിഷമിക്കാൻ തുടങ്ങി. തന്നിവാരണാർത്ഥം ചെയ്ത അപേക്ഷയുടെ ഫലമായി യാക്കോബായസഭയുടെ അദ്ധ്യക്ഷൻ (പാത്രിയർക്കീസ്) കേരളത്തിൽ വരുകയും അങ്ങനെ ഇവിടെ യാക്കോബായസഭയ്ക്കു പ്രവേശം ലഭിക്കുകയും ചെയ്തു.

കേരളത്തിലെ പുത്തൻകൂററുകാരുടെ ചരിത്രം പരിശോധിക്കുന്ന പക്ഷം അനവരതമായ അന്തച്ഛിദ്രത്തിൻെറയും മത്സരവ്യവഹാരാദികളുടെയും കേളീരംഗമായിട്ടുതന്നെയാണ് അതു പരിണമിക്കുകയുണ്ടായതെന്നു കാണാം. ആദ്യമായി അതിൽനിന്ന് ഏതാനുംപേർ പിരിഞ്ഞതു നിമിത്തം "തൊഴിയൂർസഭ" (അഞ്ഞൂർസഭ) സംജാതമാകുവാൻ സംഗതിയായി. അനന്തരകാലത്തിൽ കുറേപ്പേർ ആംഗ്ലേയസഭയുടെ അംഗങ്ങളായി ചേർന്നുപിരിഞ്ഞു. പില്ക്കാലത്തു സുദീർഘമായ ഒരു വ്യവഹാരത്തിനുശേഷം കുറെയധികം പേർ ഒന്നായി പിരിഞ്ഞുപോകുകയും അവർ "മാർത്തോമ്മാ" എന്ന പേരിൽ സ്വതന്ത്രരാകുകയുംചെയ്തു. അനന്തരം അമ്പതു സംവത്സരം തികയുന്നതിനകമായി ഉണ്ടായതത്രേ യാക്കോബായസഭയിൽ ഇപ്പോൾ കാണുന്ന വിഭാഗങ്ങളും വ്യവഹാ

www.malankaralibrary.com



രങ്ങളും. "ബാവാകക്ഷി" "മെത്രാൻകക്ഷി" എന്നപേരിൽ അതു പ്രബലമായ രണ്ടു സൈന്യപംക്തികളെന്നവണ്ണം പരസ്പരം തുടങ്ങിയ ദ്വന്ദ്വയുദ്ധം ഇന്നും സമാപ്തിയടഞ്ഞിട്ടില്ലല്ലോ.

ഇതിൽ മെത്രാൻകക്ഷിവിഭാഗത്തിൽ ആദ്യകാലത്ത് ഉൾപ്പെടുവാൻ ഇടയായ നാം അതിൻെറ അഭിവൃദ്ധിക്കും ഉദ്ദേശ്യത്തിനും ഒത്തവണ്ണം യഥാവിധി പലതും പ്രവർത്തിച്ചുവെന്നും, നമ്മുടെ ആ സമുദായസേവനം തന്നെയാണ് ഇദംപ്രഥമമായി യാക്കോബായസഭയുടെ അടിത്തട്ടു കാണുവാൻ നമുക്കിടയാക്കിയതെന്നും, അതിനാൽ മാത്രമാണ് സ്വദേശം വിട്ടു സെറാമ്പൂർക്കു പോയതും അവിടെവെച്ചു യാക്കോബായസഭയുമായി ബന്ധമില്ലാത്തവിധം ബഥനി സ്ഥാപിപ്പാൻ നമുക്കു ഇടവരുത്തിയതെന്നും നിങ്ങൾ വേണ്ടപോലെ അറിഞ്ഞിട്ടുള്ളവയാണ്.

നിശ്ചിതസ്ഥലത്ത് എത്തുന്നതിനു കല്ലും മുള്ളും സദാ ഉണ്ടായിക്കൊണ്ടിരിക്കുന്ന വഴിയിലൂടെ പോകാതെ വെട്ടിത്തെളിച്ചിട്ടുള്ള ശരിയായ ഒരു വഴിയുണ്ടെന്നറിഞ്ഞാൽ ഏതൊരു പാന്ഥനും അതിലൂടെ യാത്ര ചെയ്വാൻ ഇഷ്ടപ്പെടുമെങ്കിൽ സാർവത്രിക കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനെപ്പററി നാം ചെയ്ത ആലോചനകളും പരിശ്രമങ്ങളും ആക്ഷേപാർഹമെന്നു നിങ്ങളിലാരും വിധിക്കുമെന്നു നമുക്കു തോന്നുന്നില്ല. ക്രിസ്തുവിൻെറ ആദർശത്തെ പ്രമാണിക്കുക എന്നതാണ് ഒരു ക്രിസ്ത്യാനിയുടെ ധർമ്മമെങ്കിൽ അതിനു പ്രതിബന്ധമായി കാണപ്പെടുന്ന സകലത്തെയും അവഗണിച്ചു പ്രവർത്തിപ്പാൻ അവനു കടമയുണ്ട്. ഓരോരുത്തരുടെ അഭിരുചിക്കും, അഭിപ്രായത്തിനും എന്നു തന്നെയല്ല, ദുരഭിമാനത്തിനും ക്രിസ്തുമതം വിധേയമായിരുന്നു കൂടാത്തതത്രേ. ഇതിനെ കാര്യമായി ഗൗനിക്കുന്നവരാണു ക്രിസ്ത്യാനികളെങ്കിൽ ക്രിസ്തുമതത്തിൽ ഇത്രയധികം ശാഖകളോ വിഭാഗങ്ങളോ ഉണ്ടാകുവാൻ ഇടയുള്ളതല്ല. പൂർവാപരവിരുദ്ധങ്ങളായ ധർമ്മോപദേശങ്ങൾ ക്രിസ്തു ചെയ്തിട്ടില്ലാത്ത സ്ഥിതിക്ക് ഒന്നിൽനിന്ന് പലതായി പൊട്ടിത്തെറിച്ചിട്ടുള്ള ഓരോ വിഭാഗത്തിൻെറയും മലിനമായ അസ്തിവാരം നമുക്കു കാണാൻ കഴിയുന്നതായിരിക്കും.

ക്രൈസ്തവസഭയുടെ സാക്ഷാൽ ഉടൽ സാർവ്വത്രികസഭയാണെന്നുള്ളതു നിർവ്വിവാദമത്രേ. സാക്ഷാൽ തായ്ത്തടിയിൽ നിന്നും ഛേദിക്കപ്പെടുന്ന ഏതൊരു ശാഖയ്ക്കും ജീവച്ഛക്തി ലഭിക്കാവുന്നതല്ല. ഈ സാമാന്യതത്ത്വം ക്രൈസ്തവസഭയിലെന്നപോലെ മററെവിടെയെങ്കിലും കാണുന്നുണ്ടോ എന്നു സംശയം. അജ്ഞതകൊണ്ടോ, ദുരഭിമാനപ്രസക്തിയാലോ, അല്ലെങ്കിൽ ദുഃസ്വാതന്ത്ര്യകാംക്ഷ നിമിത്തമോമാത്രം സാർവ്വത്രികസഭയിൽ നിന്നും ഇതര ക്രിസ്ത്യാനികൾ അകന്നു നില്ക്കുന്നുവെന്നേ നാം വിചാരിക്കുന്നുള്ളൂ. ഈ വിധത്തിൽ ക്രൈസ്തവസഭയുടെ അന്തർഭാഗത്തേക്കു നാം ദൃഷ്ടിപതിപ്പിച്ചിട്ടു



ണ്ടെന്നു തുറന്നുപറയട്ടെ. അതിൻെറ ഫലമത്രേ സാർവ്വത്രിക സഭയുമായുള്ള പുനരൈക്യാലോചനയെന്നു പറയാം. നമ്മെപ്പോലെ യാക്കോബായസഭയിൽ ജനിച്ചുവളർന്നവരാണെങ്കിലും വേറെ ചിലർക്കും ഈയൊരു ഉൾബോധനം ഉണ്ടായിട്ടുള്ളതായി നിങ്ങളിൽ ചിലരെങ്കിലും അറിഞ്ഞിരിക്കാം. നിര്യാതനായ രണ്ടാമത്തെ കാതോലിക്കോസിന് ഈ വിഷയത്തിലുള്ള ആകാംക്ഷയും അക്ഷമയും എത്രമാത്രമായിരുന്നുവെന്നു നമുക്കു നല്ലപോലെ അറിവുണ്ട്. ഇപ്പോഴത്തെ കാതോലിക്കോസും ഇതൊന്നു മാത്രമെ സൈ്വരമായ ക്രിസ്തീയ ജീവിതത്തിനു നിദാനമായിട്ടുള്ളുവെന്നു ബോദ്ധ്യം വന്നിട്ടുള്ളദേഹവുമത്രേ. ഞങ്ങൾ മൂവരുടെയും ആലോചനകളുടെ ഫലമായി ഇതു സംബന്ധിച്ചു പല കത്തിടപാടുകളും നടക്കുകയുണ്ടായിട്ടുണ്ട്. ദൈവത്തിനെത്രയോ പ്രസാദകരമായിരിക്കാവുന്ന ഈ പ്രസ്ഥാനത്തെ മലങ്കരമെത്രാപ്പോലീത്തയും അനുകരിക്കുമെന്നുള്ള പ്രതീക്ഷയിൽത്തന്നെ ഞങ്ങൾ എഴുത്തുകുത്തുകൾ ആരംഭിച്ചു. മാർപ്പാപ്പാതിരുമനസ്സിലെ പരമാധികാരം സമ്മതിക്കുന്നതും സാർവ്വത്രികസഭയിൽ ഉൾപ്പെട്ടതുമായ ഒരു പ്രത്യേകവിഭാഗമായി കഴിഞ്ഞുകൂടുവാനും, ഇതഃപര്യന്തം ഉപയോഗിച്ചു വന്നിട്ടുള്ള ആരാധനാരീതികളും മതകർമ്മങ്ങളും മേലിലും നടത്തിക്കൊണ്ടുപോകുവാനുമുള്ള അനുമതിയാണു ഞങ്ങൾ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തുവന്നത്. എഴുത്തുകുത്തുകൾ നടത്തിവന്നിട്ടുള്ളത് നാം ആണെങ്കിലും അത് ഒരു പ്രതിപുരുഷനെന്നുള്ള നിലയിൽ മാത്രമായിരുന്നുവെന്നും, ഞങ്ങൾ എല്ലാവരുംചേർന്നു നടത്തിയ ആലോചനകളുടെ ഫലമാണ് നമ്മുടെ കത്തുകൾ എന്നുമുള്ളതിന് അവയ്ക്കോരോന്നിനും ലഭിച്ചതായി നമ്മുടെകൈവശമുള്ള മറുപടിക്കത്തുകൾതന്നെ ആധാരങ്ങളാണ്. കത്തോലിക്കാപുനരൈക്യം സംബന്ധിച്ച് ഇതിനുമുമ്പു മലങ്കര യാക്കോബായ സഭയിലെ ആത്മീയാദ്ധ്യക്ഷന്മാരിൽ ചിലർ ശ്രമം ചെയ്കയുണ്ടായിട്ടുണ്ടെന്നുള്ളത് ഈ ഘട്ടത്തിൽ സ്മരണീയമത്രെ. ഇവരിൽ ചിലരുടെപേരുകൾ ഉദ്ധരിക്കുന്നത് ഇവിടെ അസംഗതമായിരിക്കുകയില്ല. 1909-ൽ നിര്യാതനായ പുലിക്കോട്ടു യൌസേപ്പ് മാർ ദീവന്നാസ്യോസ്, അദ്ദേഹത്തിനു പത്തുമുപ്പതു കൊല്ലത്തിനു മുമ്പ് മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന ചേപ്പാട്ടു മാർ ദീവന്നാസ്യോസ്, 1770-ൽ വലിയ മാർ ദീവന്നാസ്യോസ് എന്ന അപരാഭിധാനത്തിൽ വാണിരുന്ന 6-ാം മാർത്തോമ്മാ, അദ്ദേഹത്തിൻെറ മുൻഗാമിയായിരുന്ന 5-ാം മാർത്തോമ്മാ ആദിയായി പലരും ഈ വിഷയത്തിൽ യഥാമതി യത്നം ചെയ്തിട്ടുള്ളതായി മലങ്കരയാക്കോബായസഭാചരിത്രം വിശദപ്പെടുത്തുന്നുണ്ടല്ലോ. ഏവംവിധമായ അവരുടെ പരിശ്രമം ആദരണീയവും സ്തുത്യർഹവുമാണെന്നു പരക്കെ സമ്മതിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ഞങ്ങളുടെ പുനരൈക്യാലോചനകളുടെ ഉദ്ദേശ്യവും അതിൻെറ പരിശുദ്ധിയും താനേ ബോദ്ധ്യപ്പെടാതിരിക്കുന്നതല്ലെന്നു ഞങ്ങൾക്കു വിശ്വാസമുണ്ട്.

www.malankaralibrary.com



യാക്കോബായസഭയ്ക്കും റോമൻകത്തോലിക്കാസഭയ്ക്കും തമ്മിൽ അന്തർലീനമായ ഒരു ബന്ധമുണ്ടെന്നുള്ള വാസ്തവം നിങ്ങൾ ഗ്രഹിച്ചിരിക്കാം. ഇരുസഭകളിലുമുള്ള വൈദികാദ്ധ്യക്ഷന്മാരുടെ സ്ഥാനസാധുത്വത്തെ ഈഷൽഭേദം കൂടാതെ അന്യോന്യം വകവെയ്ക്കുന്നുണ്ടെന്നും ഇരുകൂട്ടരും മതകർമ്മങ്ങൾക്കു പരസ്പരം മാററു കല്പിക്കുന്നുണ്ടെന്നും നിങ്ങൾക്ക് അറിവുള്ളതാണല്ലോ. അഞ്ചാംശതകത്തിൽ യാക്കോബായക്കാർ കത്തോലിക്കാസഭയിൽനിന്നും പിരിഞ്ഞുപോകയാൽ അവർ ശീശ്മക്കാരായിത്തീർന്നിരിക്കുന്നതുനിമിത്തം അവർക്കു കത്തോലിക്കാസഭയുമായി സംസർഗ്ഗം ഇല്ലാതായിരിക്കുന്നു. ഈദൃശ്യമായ ദുഃസ്ഥിതി ഭേദപ്പെട്ട് യാക്കോബായക്കാരും, ഓർത്തഡോക്സുകാരും, ഗ്രീക്കുകാരും, അർമ്മേനിയൻകാരും മററും ഒന്നായി കത്തോലിക്കാസഭയുമായി യോജിച്ച് പൊതുവായ ഒരു അദ്ധ്യക്ഷനെ സ്വീകരിക്കുകയും "ഒരുആട്ടിൻ കൂട്ടവും ഒരിടയനും" എന്നുള്ള വേദോക്തി പ്രായോഗികമായിത്തീരുകയും ചെയ്യത്തക്കണ്ണമുള്ള ഒരു സൗഭാഗ്യാവസ്ഥ ക്രൈസ്തവലോകത്തിനുണ്ടാകണമെന്നു ഞങ്ങൾ ആഗ്രഹിച്ചിട്ടുണ്ട്, ആഗ്രഹിക്കുന്നുമുണ്ട്. അതിനാൽ തന്നെയാണ് സിറിയാരാജ്യത്ത് ബയ്റൂട്ടിൽ താമസിക്കുന്ന മോറാൻ മാർ ഇഗ്നാത്തിയോസ് റഹ്മാനി പാത്രിയർക്കീസുമായി ഞങ്ങൾ കത്തിടപാടുകൾ നടത്തുകയുണ്ടായത്. ഇദ്ദേഹം കത്തോലിക്കാസഭയിലുള്ള അന്ത്യോഖ്യാ പാത്രിയർക്കീസാണെന്നു പറയേണ്ടതില്ലല്ലോ.

പുനരൈക്യം സംബന്ധിച്ചു പ്രത്യേകം ചില കാര്യങ്ങൾ യാക്കോബായക്കാരായി ഇവിടെ സന്നിഹിതരായിട്ടുള്ള സുഹൃജ്ജനങ്ങൾ ഗ്രഹിച്ചിരുന്നാൽ കൊള്ളാമെന്നു നാം ആഗ്രഹിക്കുന്നു.

യാക്കോബായക്കാരുടെ കാനോൻ പുസ്തകത്തിൽ താഴെപ്പറയുന്ന ഒരു വാചകമുണ്ട്:

'ലോകത്തിൻെറ നാലുഭാഗങ്ങളിലുമായി നാലുപാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണം. അവരെല്ലാവരുടെയും തലവനും നേതാവും (നേതാവായ തലവൻ എന്നു പാഠഭേദമുണ്ട്.) റോമിലെ പാത്രിയർക്കീസായിരിക്കണം' അലക്സാന്ത്രിയായിലെ പാത്രിയർക്കീസും കുസ്തന്തിനോപോലീസിലെ പാത്രിയർക്കീസും റോമിലെ പാത്രിയർക്കീസിനെ അഥവാ മാർപ്പാപ്പയെ തങ്ങളുടെ "നേതാവും തലവനു"മായി അംഗീകരിക്കേണ്ടതാണെന്ന് ഈ ഭാഗത്തു വ്യക്തമാക്കുന്നുണ്ട്. യാക്കോബായക്കാരുടെ പ്രാർത്ഥനാപുസ്തകം പരിശോധിക്കുന്നപക്ഷം റോമിലെ പാത്രിയർക്കീസായ മാർപ്പാപ്പാ വിശുദ്ധനായ പത്രോസിൻെറ യഥാർത്ഥ അനന്തരഗാമിയാണെന്നും, വിശുദ്ധ പത്രോസ് റോമിൽവെച്ച് മരിച്ചുവെന്നും സാക്ഷീകരിക്കുന്നു.



ഇവയ്ക്കുപുറമെ 'ഭൂമിയുടെ നാലുഭാഗങ്ങളിലുമുള്ള ദൈവത്തിൻെറ സഭയെ ഭരിക്കുന്നവരായ സർവ്വമേല്പട്ടക്കാർക്കും വേണ്ടി യാക്കോബായ സഭയിൽ വിശുദ്ധകുർബാനമദ്ധ്യേ കഴിക്കപ്പെടുന്ന പ്രാർത്ഥനയെ ശ്രദ്ധിക്കുന്നപക്ഷവും പ്രസ്തുത നാലുപാത്രിയർക്കീസന്മാർക്കും തമ്മിൽ പരസ്പരമുള്ള ഐക്യം വിശദമാകുന്നതാണ്.

ഈ പറഞ്ഞതിൽനിന്നും കാതോലിക്കോസോ, ബഥനി മെത്രാപ്പോലീത്തയായ നാമോ കത്തോലിക്കാപുനരൈക്യം സംബന്ധിച്ച് ആലോചിക്കയും പ്രവർത്തിക്കയും ചെയ്തിട്ടുള്ളതു യാക്കോബായക്കാരുടെ ദൃഷ്ടിയിൽ കുററമായിരിപ്പാൻ ഇടയുള്ളതല്ലല്ലോ.

ഈവിധം വ്യക്തമായ കാഴ്ചപ്പാടോടും വെളിപ്പെടുത്തലുകളോടും കൂടി മനഃസാക്ഷിയുടെ നിമന്ത്രണമനുസരിച്ചു നടത്തിയതായിരുന്നു മാർ ഈവാനിയോസിൻെറ കത്തോലിക്കാസഭാപ്രവേശം. ബഥനിമലയോട് യാത്ര ചൊല്ലും മുമ്പ് വട്ടശ്ശേരിൽ തിരുമേനിക്കും മലങ്കര സുറിയാനിസഭയിലെ പ്രശസ്തരായ പ്രമുഖവ്യക്തികൾക്കും അദ്ദേഹം സ്വന്തംനില വിശദമാക്കിക്കൊണ്ട് കത്തുകൾ എഴുതി.

അങ്ങനെ എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയായി. വേർപിരിയലിൻെറ നേരം സമാഗതമാവുകയായിരുന്നു.

www.malankaralibrary.com



# 13

# ബഥനിമലയേ, സമാധാനത്തോടെ വസിച്ചാലും

യാത്രപറയാൻ സമയമായി. എല്ലാവരും ഒരുമിച്ചു പുറപ്പെടണമെന്നായിരുന്നു മോഹം. അത് സാദ്ധ്യമാകുന്നില്ല. പലർക്കും ധൈര്യം കിട്ടുന്നില്ല. ബന്ധങ്ങളുടെ കെട്ടുകൾ മുറുകുകയാണ്. അഴിച്ചുമാറ്റാൻ കരുത്തുപോരാ. കാത്തിരുന്നാൽ ഒരുപക്ഷേ ആ നിസ്സഹായതയിൽ കൂടുതൽപേർ അകപ്പെടുകയേയുള്ളൂ. പ്രതിപ്രവർത്തനങ്ങളും അവിടവിടെ ശക്തിപ്പെട്ടുതുടങ്ങി. അത് മാർ ഈവാനിയോസ് തിരുമേനിയുടെ യശസ്സിനു കളങ്കമാകും. ഉററവർ അത് ഓർമ്മിപ്പിച്ചു. പത്തനംതിട്ടയിൽ നിന്ന് ഫാദർ ഗീവർഗീസ് പീടികയിൽ എഴുതി (18-1-1930):

> ഇനിയും ഒരു നിമിഷംപോലും താമസിക്കാതെ ധൈര്യത്തോടുകൂടിയും പ്രഭാത സൂര്യനെപ്പോലെ സന്തോഷത്തോടുകൂടിയും തിരുസഭാ മാതാവിൻെറ വീരസന്താനങ്ങളിൽ അല്ല, അതിൻെറ അദ്ധ്യക്ഷന്മാരിലൊരുവൻ ആയിത്തീർന്ന് ദാഹത്തോടുകൂടി കാത്തിരിക്കുന്ന ഞങ്ങളെ അനുഗ്രഹിച്ചാലും! ഇംഗ്ലണ്ടിൽ കാർഡിനൽ ന്യൂമാൻെറ മാനസാന്തരം പോലെയാണ് ഇവിടത്തെ കത്തോലിക്കർ തിരുമേനിയുടേതു ഗണിച്ചിരിക്കുന്നത്. എത്രയും പെരിയ ബഹുമാനപ്പെട്ട ഞങ്ങളുടെ കൊല്ലം മെത്രാനച്ചൻ അങ്ങനെതന്നെ വിചാരിച്ചിരിക്കുന്നു. വന്ദ്യ തിരുമേനീ! യാക്കോബായ സഭയുടെ ഭൂരിപക്ഷം തത്കാലം നമുക്ക് എതിരായി നില്ക്കുമെങ്കിലും കാലാന്തരത്തിൽ പക്ഷേ, തിരുമേനിയുടെ ജീവിതകാലത്തു തന്നെ തിരുമേനിയും ബഥനിയും അവർക്കു പുളിപ്പാക്കുന്ന പളിമാവായിത്തീരും[1]

മാർ ഈവാനിയോസിൻെറ പുനരൈക്യത്തിനു മുമ്പുതന്നെ യാക്കോബായസഭയിൽ നിന്ന് ഒററയ്ക്കും ചെറുസംഘങ്ങളായും കത്തോലിക്കാ സഭയിൽ പ്രവേശിച്ചവർ പലരുണ്ട്. അവർ കൊല്ലം ബിഷപ്പിൻെറ കീഴിൽ ലത്തീൻ ഹയരാർക്കിയുടെ ഭാഗമായി പ്രവർത്തിക്കുകയായിരുന്നു. തങ്ങൾക്കു നഷ്ടപ്പെട്ട ആരാധനാരീതി അനുവദിച്ചെടുത്തുകൊണ്ട് മാർ ഈവാനിയോസ് കടന്നുവരുമ്പോൾ ഒത്തുചേരാൻ കാത്തിരിക്കുകയായിരുന്നു അവർ.

പുനരൈക്യപരിശ്രമങ്ങളെ പ്രോത്സാഹിപ്പിച്ച് മലങ്കരയിൽ നിന്നെത്തുന്നവരെ തുറന്ന ഹൃദയത്തോടെ സ്വാഗതം ചെയ്തിരുന്ന കൊല്ലം രൂപതയുടെ ആർച്ച് ബിഷപ്പ് അലോഷ്യസ് മരിയ ബൻസിഗറും മാർ ഈവാനിയോസിനെ ഉത്തേജിപ്പിച്ചുകൊണ്ട് എഴുതിയ കത്തിൽ ഓർമ്മപ്പെടുത്തി:

> തങ്ങളുടെ നായകനുമൊന്നിച്ച് ഏതാനും ആളുകൾ ഒരു സ്ഥലത്തേക്കു യാത്ര ചെയ്യുമ്പോൾ വഴിമദ്ധ്യേ വച്ച് എങ്ങനെയോ എല്ലാവരും ഒന്നടങ്കം ഒരു വലിയ കുഴിയിൽ വീണുപോയി എന്നു സങ്കല്പിച്ചാലും. അവരുടെ നായകന് അവരെയെല്ലാം കുഴിയിൽനിന്നു കരേററണമെന്ന് അതിയായ ആഗ്രഹമുണ്ട്. പക്ഷേ, കുഴിയിൽ കിടന്നുകൊണ്ട് എങ്ങനെ അവരെ അയാൾക്കു കരകയറുന്നതിനു സാധിക്കും. നേരേമറിച്ച് അയാൾ എങ്ങനെയെങ്കിലും കരയ്ക്കു കയറിയശേഷം ഏണിയോ കയറോ കുഴിയിലേക്ക് ഇട്ടുകൊടുക്കുന്നപക്ഷം അതിൽക്കൂടെ മററുള്ളവർക്കും കരയ്ക്കു കയറി രക്ഷപ്പെടുന്നതിന് സാധിക്കും. ആകയാൽ വന്ദ്യ തിരുമേനിയോട് എനിക്കുള്ള അഭ്യർത്ഥന ആശ്രമസ്ഥരൊന്നിച്ച് ഉടൻതന്നെ ബഥനി മലയിൽനിന്നും ഇറങ്ങി കത്തോലിക്കാ സഭയെ ആശ്ലേഷിക്കണമെന്നാണ്. അതിനുശേഷം മററുള്ള അകത്തോലിക്കാ സഹോദരങ്ങളെയെല്ലാം കത്തോലിക്കാസഭയിലേക്കു കൊണ്ടുവരുന്നതിന് ദൈവകൃപയാൽ വന്ദ്യതിരുമേനിക്കു സാധിക്കുമെന്ന് ഞാൻ സുദൃഢം വിശ്വസിക്കുന്നു.[2]

ഇനിയും കാലവിളംബം വരുത്തുന്നത് മനഃസാക്ഷിക്കും ദൈവ നിശ്ചയത്തിനും വിരുദ്ധമാണെന്നു ബോദ്ധ്യപ്പെട്ട മാർ ഈവാനിയോസ് കഠിനമായ പരീക്ഷണത്തെ നേരിടാൻ സജ്ജനായി. ബഥനിസമൂഹത്തിലെ മുഴുവൻ അംഗങ്ങളും തന്നെ അനുഗമിക്കുമെന്നായിരുന്നു ആശ്രമാദ്ധ്യക്ഷൻെറ പ്രതീക്ഷ. പക്ഷേ തൻെറ വലംകൈയായി പ്രവർത്തിച്ചിരുന്ന ഫാദർ അലക്സിയോസ് വ്യത്യസ്തമായ നിലപാടാണ് അവലംബിച്ചത്. വയോവൃദ്ധനായ പിതൃസഹോദരൻ ഫാദർ അലക്സന്ത്രയോസിൻെറയും വട്ടശ്ശേരിൽ തിരുമേനിയുടെയും ഇംഗിതത്തിനു വഴങ്ങി ഫാദർ അലക്സിയോസ് ആശ്രമ പിതാവിനെ അനുഗമിക്കാൻ വിസമ്മതിച്ചു. ഇത് മാർ ഈവാനിയോസിനു മാത്രമല്ല, സമൂഹാംഗങ്ങൾക്കാകെ അതീവദുഃഖകാരണമായിത്തീർന്നു. സ്നേഹ പൂർണ്ണമായ പെരുമാററംകൊണ്ടും കഠിനാദ്ധ്വാനത്തിനുള്ള സന്നദ്ധതകൊണ്ടും ഏവർക്കും പ്രിയംകരനായിരുന്നു ഫാദർ അലക്സിയോസ്. 'കൊച്ചുപിതാവ്' എന്ന് എല്ലാവരും അദ്ദേഹത്തെ വിളിച്ചുപോന്നു.

1. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്. പു. 413-14.

2. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്. പു. 415.

www.malankaralibrary.com



ശരീരം രണ്ടെങ്കിലും ഒരാത്മാവുപോലെ പ്രവർത്തിച്ചിരുന്നവർ; ഇരുവരും വേർപിരിയുകയാണ്. ഇനിമുതൽ അവരുടെ വഴികൾ വ്യത്യസ്തമാണ്. ആ വേദനയിൽ മാർ ഈവാനിയോസ് തിരുമേനിയുടെ മനസ്സുരുകി. ശബ്ദം ഇടറി. ഫാദർ അലക്സിയോസും തീവ്രവേദനയിൽ പുളയുകയായിരുന്നു.

വേർപിരിയലിൻെറ ദുഃഖനിർഭരമായ രംഗം ഫാദർ ബർസ്ലീബ രചിച്ച 'ബഥനിയുടെ ചരിത്രം' എന്ന ഗ്രന്ഥത്തിൽ (കൈയെഴുത്തു പ്രതി) ഇങ്ങനെ രേഖപ്പെടുത്തുന്നു:

> പെരുനാട്ടിലെ മുണ്ടൻമലയിലുള്ള ബഥനിആശ്രമവും കെട്ടിടങ്ങളും ഉപേക്ഷിച്ച് തൽസ്ഥാപകനായ മാർ ഈവാനിയോസ് തിരുമേനിയും അനുയായികളായ സന്ന്യാസിമാരും അവിടത്തെ ആശ്രമസ്ഥരോടും ഫാദർ അലക്സിയോസിനോടും യാത്ര പറയുന്നതിനുള്ള ദിവസം സമാഗതമായി. 'ആശ്രമസ്ഥരുടെ നിത്യോപയോഗത്തിനുള്ള സാമാനങ്ങൾ മാത്രം എടുത്താൽ മതി. മററുള്ളതൊക്കെ ഇവിടെ കിടന്നുകൊള്ളട്ടെ' എന്നുള്ള തിരുമേനിയുടെ കല്പനയനുസരിച്ച് എല്ലാവരും അവരവരുടെ സാമാനങ്ങൾ എടുത്തു പുറത്തുവയ്ക്കുന്നതിനുള്ള ജോലിയിൽ വ്യാപൃതരായിരിക്കുന്നതിനിടയിൽ പുറത്തു ബഥനിപ്പള്ളിയിൽ താമസിച്ചിരുന്ന ഫാദർ ബർസ്ക്കീപ്പായും ഫാദർ ബർസ്ലീബായും യാദൃച്ഛികമായി അവിടെ വന്നുചേർന്നു. അവരും മററുള്ളവരോടുകൂടിച്ചേർന്ന് സാമാനങ്ങൾ എല്ലാം പുറത്തിറക്കി. അനാഥക്കുട്ടികളിൽ ഏററവും പ്രായക്കുറവുള്ള കുട്ടികളേയും കൊണ്ടുപോകുവാൻ നിശ്ചയിച്ചു. സാമാനങ്ങൾ എല്ലാം അടിവാരത്തുള്ള ആററുകടവിൽ തയ്യാറാക്കി ഇട്ടിരുന്ന ചെറുവള്ളത്തിൽ കയററാൻ വേലക്കാർ കൊണ്ടുപോയിത്തുടങ്ങി. ഇനിയും തിരുമേനിയും സന്ന്യാസിമാരും യാത്ര പറഞ്ഞിറങ്ങിയാൽ മതി. അതും തുടർന്നുനടന്നു.
>
> 1930 ആഗസ്ററ് 20-ാം തീയതി ബുധനാഴ്ചയായിരുന്നു അന്ന്.
>
> 'എല്ലാവർക്കും ചാപ്പലിലേക്കുപോകാം'; പിതാവു കല്പനയായി. സന്തപ്തചിത്തരായി ഹൃദയത്തിൽ തിങ്ങിവിങ്ങിനില്ക്കുന്ന ബാഷ്പകണങ്ങൾ അരുവിപോലെ ഓരോരുത്തരുടെയും കവിൾത്തടങ്ങളിൽകൂടി ഒഴുക്കിക്കൊണ്ടും ഏങ്ങി ഏങ്ങി കരഞ്ഞുകൊണ്ടും സാവധാനം നടന്നു പോകുന്ന ആ നല്ല ഇടയൻ സന്ന്യാസിമാരോടുകൂടി ചാപ്പലിൽ പ്രവേശിച്ചു. രാപകൽ സക്രാരിയിൽ പള്ളികൊള്ളുന്ന ആ സ്നേഹനാഥൻെറ സന്നിധിയിൽ സാഷ്ടാംഗംവീണ് ഓരോരുത്തരുടെയും സങ്കടം കണ്ണുനീരിൽ കലർത്തി ഹൃദയംനൊന്തുള്ള പ്രാർത്ഥനകൾ വഴിയായി കാഴ്ചവച്ചു. അല്പസമയം കഴിഞ്ഞപ്പോൾ തുടിക്കുന്ന ഹൃദയത്തോടും വിറയ്ക്കുന്ന ചുണ്ടുകളോടും കൂടി, 'എല്ലാവർക്കും എഴുന്നേൽക്കാം' എന്നു തിരുമേനി പറഞ്ഞു. 'നമ്മൾ ഇവിടെ ഒന്നും ഇല്ലാത്തവരായി വന്നു. ഇപ്പോൾ ഇതാ, ഒന്നും ഇല്ലാത്തവരായി ഇറങ്ങിപ്പോകാം.' തൊണ്ടഇടറി ഗൽഗദത്തോടുകൂടി പുറത്തുവന്ന ഈ വാചകം വലിയ ഒരു പൊട്ടിക്കരച്ചിലിന് ഇടയാക്കിത്തീർത്തു. ഹൃദയത്തിൽ മടകെട്ടി നിറുത്തിയിരുന്ന കണ്ണീർക്കണങ്ങൾ കണ്ണുകളുടെ ചെറിയ ദ്വാരത്തിൽകൂടി പുറത്തേക്ക് ഒഴുകാൻ തുടങ്ങി. അപ്പോഴത്തെ ആ രംഗം വിവരിക്കുവാൻ പ്രയാസം. അല്പനേരം ശാന്തമായി നിന്നു സങ്കടം ഒരുവിധം ഉള്ളിലടങ്ങിയെന്നു കണ്ടപ്പോൾ 'എല്ലാവർക്കും പുറത്തേക്കിറങ്ങാം'എന്ന് തിരുമേനി ആജ്ഞാപിച്ചു. എന്നിട്ടും ചിലർ സങ്കടം സഹിക്ക വയ്യാതെ ഏങ്ങി ഏങ്ങി കരയുന്നുണ്ട്. സക്രാരിയിൽ എഴുന്നള്ളിയിരിക്കുന്ന ആ സ്നേഹരാജനെ ഇനിയും ഒരിക്കലും ഇവിടെവച്ചു കാണുവാൻ സാധിക്കുകയില്ലെന്നും കത്തോലിക്കാപള്ളികളിലെ സക്രാരികളിൽവച്ചു കണ്ടുകൊള്ളാമെന്നുമുള്ളപ്രതിജ്ഞയോടുകൂടി ഒരിക്കൽകൂടി അഭിവാദ്യംചെയ്ത് അവസാനയാത്രയും പറഞ്ഞു കൂപ്പുകൈകളോടെ പുറത്തേക്കിറങ്ങി. അനന്തരം ഫാദർ അലക്സിയോസ് ഇരിക്കുന്ന കെട്ടിടത്തിലേക്കു ചെന്നു. ഫാദർ അലക്സിയോസും മററുമാകട്ടെ ഈ കാര്യത്തിലൊന്നിലും സഹകരിക്കാതെ മാറി നില്ക്കുകയായിരുന്നു. പന്ത്രണ്ടുകൊല്ലക്കാലം സ്നേഹസൗഹാർദ്ദങ്ങളുടെ സമ്മേളനത്തിൽ സദാപി സംബന്ധിച്ചുകൊണ്ടിരുന്ന സഹോദരങ്ങളുടെ വേർപാട് ഫാദർ അലക്സിയോസിൻെറ ഹൃദയത്തെയും വല്ലാതെ തട്ടി ഉണർത്തിക്കഴിഞ്ഞിരുന്നു.
>
> ഈവാനിയോസ് തിരുമേനിയും അനുയായികളും ചാപ്പലിൽ നിന്നിറങ്ങി വെന്തുനീറുന്ന ഹൃദയത്തോടും, അടക്കാൻ വഹിയാത്ത സങ്കടത്താൽ കണ്ണുനീർപ്രവാഹം കവിൾത്തടങ്ങളിൽകൂടെ ഒഴുക്കിക്കൊണ്ടും ഫാദർ അലക്സിയോസിനോട് അവസാനയാത്ര പറയുന്നതിനായി മുറിയിലേക്കുചെന്നു. എല്ലാവരും സമീപിച്ചപ്പോൾ കട്ടിലിൽ കിടന്നിരുന്ന ഫാദർ അലക്സിയോസ് അതിയായ വേദന അനുഭവിക്കുന്ന രംഗമാണ് ദൃശ്യമായത്. തന്നിമിത്തം എല്ലാവരും ഇതികർത്തവ്യതാമൂഢരായി എന്താണു വേണ്ടതെന്നറിയാതെ അവിടെത്തന്നെ നിന്നുപോയി. എങ്കിലും പ്രാണവേദനയിൽ നിമഗ്നനായി കിടക്കുന്ന സഹോദരനെ ശുശ്രൂഷിക്കേണ്ടതു ധർമ്മമാണല്ലോ. അവർ സ്നേഹക്കുറവും വൈരാഗ്യവും കാണിക്കുന്നെങ്കിലും നമുക്ക് അങ്ങനെ ചെയ്യുവാൻ പാടില്ലാത്തതാണല്ലോ. ചിലർ കാലു തിരുമ്മുന്നു. ചിലർ കൈ തിരുമ്മുന്നു ഇനിയും ചിലർ വീശുന്നു. ബഹളംതന്നെ. മാനസികമായ വിഷമം കൊണ്ട് അങ്ങനെ ഉണ്ടായതാണെന്ന് എല്ലാവർക്കും അറിയാം. അല്പസമയം കഴിഞ്ഞപ്പോൾ കുറെ ശാന്തമായി. തിരുമേനി വിളിച്ചു. പെട്ടെന്നു കണ്ണുതുറന്നു. എല്ലാവരെയും ആപാദചൂഡം ഒന്നു വീക്ഷിച്ചു. തിരുമേനി തലയ്ക്കുപിടിച്ചുപ്രാർത്ഥിച്ചു. പരിഭ്രമംശമിച്ച് നിശ്ചലനായി കിടക്കയിൽ കിടന്നു. തിരുമേനി തൻെറകൈയിൽ കെട്ടിയിരുന്ന

www.malankaralibrary.com



വിലപിടിപ്പുള്ള റിസ്ററുവാച്ച് അഴിച്ചെടുത്ത് ഫാദർ അലക്സിയോസിൻെറ നേരേ നീട്ടിക്കൊണ്ട് 'ഇതാ എൻെറ അവസാനത്തെ സമ്മാനം, ഞങ്ങൾപോകുന്നു.' അത്രയും പറയുവാനേ അദ്ദേഹത്തിനപ്പോൾ സാദ്ധ്യമായിരുന്നുള്ളൂ. ഒരുത്തർക്കും ഒരക്ഷരം ശബ്ദിക്കുവാൻ പോലും പാടില്ലാത്തവണ്ണം ഹൃദയം പൊട്ടുകയാണ്. എല്ലാവരും പുറത്തേക്കിറങ്ങി. മനോക്ഷോഭം നിമിത്തം താൽക്കാലികമായുണ്ടായ അവശതയും ക്ഷീണവുമാണെങ്കിലും ആ നിലയിൽ അദ്ദേഹത്തെ ഇട്ടുംവച്ച് പോകുന്നതു മനുഷ്യത്വമല്ലല്ലോ. ഫാദർ അലക്സിയോസിൻെറ അവശതമാറി പൂർണ്ണസുഖം പ്രാപിക്കുന്നതുവരെ കൂടെതാമസിക്കുന്നതിനായി ഫാദർ ജോഷ്വായെ നിർദ്ദേശിച്ചശേഷം എല്ലാവരും അവരവരുടെ കെട്ടുകളുമെടുത്ത് താങ്ങാനാവാത്ത ഹൃദയഭാരത്തോടുകൂടി മന്ദം മന്ദം നടന്ന് പുറത്തെ ഗെയിററിങ്കൽ എത്തി. 'എല്ലാവരുടെയും കെട്ടുകൾ താഴെ വയ്ക്കുവിൻ; പ്രാർത്ഥിച്ചിട്ടുപോകാം', എന്നുള്ള പിതാവിൻെറ ആജ്ഞയനുസരിച്ച് എല്ലാവരും കെട്ടുകൾ താഴെവച്ചു. പിതാവ് പ്രാർത്ഥന ആരംഭിച്ചു. എല്ലാവരും ഏററുചൊല്ലി.[3]

മുണ്ടൻമല വിട്ട് ആ തീർത്ഥാടകസംഘം താഴേക്കിറങ്ങുകയാണ്. ഇരുപതോളം കാഷായവേഷധാരികൾ. ആരും ഒന്നും മിണ്ടുന്നില്ല. മിണ്ടാൻ കഴിയുന്നില്ല. മനസ്സുകൾ സംഘർഷഭരിതങ്ങളാണ്. യാത്ര എവിടേക്കെന്നു തീർച്ചയുണ്ട്. ലക്ഷ്യം നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. എങ്കിലും അവിടെ എത്തിച്ചേരുന്നതിന് തരണംചെയ്യേണ്ട വൈതരണികൾ ഏറെയുണ്ട്. അസ്തിത്വം വീണ്ടെടുക്കാൻ കഠിനപ്രയത്നം ആവശ്യമാണ്.

ഫാദർ അലക്സിയോസിൻെറ വികാരതരളിതമായ ഹൃദയവും വിങ്ങിപ്പൊട്ടി. തന്നെ സെറാമ്പൂരിൽ കൊണ്ടുപോയി പഠിപ്പിച്ച ഗുരുവരൻ. അദ്ദേഹം പിതാവും താൻ കൊച്ചുപിതാവുമായിരുന്നു, സന്ന്യാസികൾക്ക്. ആ സ്നേഹത്തിൻെറ ഐക്യം ഒരുനിമിഷംകൊണ്ട് തകർന്നിരിക്കുന്നു. അതിൻെറ ദുഃഖം താങ്ങാനാവാതെ ആ ശുദ്ധമനസ്ക്കൻ തളർന്നു വീണു.

മലങ്കര സഭാചരിത്രകാരന്മാർ മാർ ഈവാനിയോസിനോട് തീരെ നീതി പുലർത്തിയിട്ടില്ല. അദ്ദേഹത്തെ സ്വാർത്ഥിയും, അധികാരമോഹിയും, വഞ്ചകനുമൊക്കെയായി മുദ്രകുത്തി അവരിൽ ചിലർ സ്വയം ചരിതാർത്ഥരായിട്ടുണ്ട്. സ്വന്തം വിശ്വാസത്തിൻെറ ബലത്തിൽ സത്യമെന്നു തിരിച്ചറിഞ്ഞ മാർഗ്ഗം സ്വീകരിക്കാനുള്ള ആദർശധീരതയാണ് അദ്ദേഹം പുലർത്തിയതെന്ന് അവർ മനസ്സിലാക്കേണ്ടതായിരുന്നു.

തന്നോടൊത്തു വരാൻ ആരെയും അവിടുന്നു നിർബ്ബന്ധിച്ചില്ല. ദൈവനിവേശിതരായി സന്ന്യാസികൾ അദ്ദേഹത്തെ പിന്തുടരുകയായിരുന്നു.

3. ഫാദർ ബർസ്ലീബ, ബഥനിയുടെ ചരിത്രം (കൈയെഴുത്തു പ്രതി). പു. 109-111.



മാർ ഈവാനിയോസിനെ പിന്തുടരാൻ വിസമ്മതിച്ച ഫാദർ അലക്സിയോസിനെ പുനരൈക്യപ്രസ്ഥാനത്തിൻെറ വക്താക്കളും ആക്ഷേപപാത്രമാക്കി അവതരിപ്പിച്ചിട്ടുണ്ട്. ഈ രണ്ടു മനോഭാവവും ഒരുപോലെ ത്യജിക്കപ്പെടേണ്ടതാണെന്ന കാര്യത്തിൽ തർക്കമില്ല. മാർ ഈവാനിയോസ് തനിക്കു വെളിപ്പെട്ട സത്യം തിരിച്ചറിഞ്ഞു. ആ വഴിയിൽ ഒററയ്ക്കുപോലും സഞ്ചരിക്കാൻ ധീരതകാട്ടി. ഫാദർ അലക്സിയോസിന് പൂർവ്വപഥത്തിൽനിന്നു വ്യതിചലിക്കാൻ കഴിഞ്ഞില്ല. സഭാപിതാക്കന്മാരെയും ബന്ധുജനങ്ങളെയും ഉപേക്ഷിച്ച് പുനരൈക്യത്തിൻെറ പാത തെരഞ്ഞെടുക്കാൻ ഇടയാകാതെപോയി. പക്ഷേ അദ്ദേഹത്തിൻെറ സ്നേഹപൂർണ്ണമായ പെരുമാററവും സന്മനോഭാവവും കഠിനാദ്ധ്വാനത്തിനുള്ള സന്നദ്ധതയും വിസ്മരിക്കത്തക്കതല്ല. തങ്ങൾ കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുമ്പോൾ 'ആബൂനാ' വിട്ടുനിന്നത് ബഥനിമക്കളെ അത്യന്തം ഖിന്നരാക്കിത്തീർത്തിരുന്നു. എങ്കിലും സന്ന്യാസികളിൽ ബഹുഭൂരിപക്ഷവും 'ആബോ'യെ പിന്തുടർന്നു. ബഥനി സന്ന്യാസിനീസമൂഹത്തിൽനിന്ന് ഒരൊററയാൾപോലും പുനരൈക്യപ്പെടാതെ പിൻ വാങ്ങിയുമില്ല.

തീർത്ഥാടകസംഘം റോഡിൽ എത്തിയ സമയം. കൂട്ടത്തിൽ നിന്ന് ഒരു സാധു മോശയെപ്പോലെ വാഗ്ദത്തഭൂമിയിലേക്ക് തങ്ങളെ നയിക്കുന്ന മാർ ഈവാനിയോസ് തിരുമേനിയുടെ അരികിലെത്തി ആദരപൂർവ്വം ചോദിച്ചു:

"പിതാവേ, എവിടേയ്ക്കാണ് നാം പോകുന്നത് ?"

"മകനേ, അത് ദൈവം നോക്കിക്കൊള്ളും." ആത്മവിശ്വാസത്തോടെയുള്ള മറുപടി.

അവർ സാവധാനം മുന്നോട്ടു നീങ്ങി. മദ്ധ്യതിരുവിതാംകൂറിൻെറ ഹൃദയം കുളിർപ്പിച്ചൊഴുകുന്ന പമ്പാനദിയുടെ തീരത്ത് മടത്തുംമൂഴിയിൽ എത്തിച്ചേർന്നു. ഏതാനും വള്ളങ്ങൾ അവിടെ തയ്യാറായി നിൽക്കുന്നുണ്ടായിരുന്നു. സാധനങ്ങളൊക്കെ അവയിൽ കയററിയശേഷം കുട്ടികളും ആശ്രമാംഗങ്ങളും തിരുമേനിയും വെണ്ണിക്കുളത്തുനിന്ന് എത്തിയിരുന്ന ഏതാനും സഹായികളും കയറി. പാറക്കൂട്ടങ്ങൾക്കിടയിലൂടെ ഒഴുകുന്ന കക്കാട്ടാറിൽ കൂടിയാത്ര ചെയ്ത് വടശ്ശേരിക്കരക്കടവിൽ എത്തിച്ചേർന്നു.

വടശ്ശേരിക്കരയിൽ വലിയ ഒരു കെട്ടുവള്ളം മാർ ഈവാനിയോസ് തിരുമേനിയുടെ ഉററമിത്രം പനച്ചിമൂട്ടിൽ മാണി തയ്യാറാക്കി നിറുത്തിയിരുന്നു. പിന്നീട് അതിലായി യാത്ര. കോഴഞ്ചേരിവഴി തിരുവല്ലയിൽ എത്താനായിരുന്നു ആദ്യപരിപാടി. എന്നാൽ സംഘാംഗമായ ഫാദർ ബർസ്ക്കീപ്പ ഒരു സന്ദേഹം ഉന്നയിച്ചു: തിരുവല്ലയിൽ വാടകയ്ക്കെടുത്ത കെട്ടിടത്തിൽ ഇരുപതോളം പേർക്കു താസിക്കാൻ സൗകര്യം പോരാ. മാത്രവുമല്ല, അവിടത്തുകാർക്ക് പുനരൈക്യപ്രസ്ഥാനത്തോട് ആഭിമുഖ്യവുമില്ല. ആ നിലയ്ക്ക് തിരുവല്ലായ്ക്കു പോകുന്നതിനു പകരം വെണ്ണിക്കുളത്ത് ഇറങ്ങിയാലെന്ത്? അവിടെ പള്ളിയും സ്കൂളുമുണ്ട്. ജനങ്ങളുടെ സഹകരണവും ലഭിക്കും. അതുകൊണ്ട് വെണ്ണിക്കുളത്തു താമസിക്കുന്നതല്ലേ നന്ന് ?

www.malankaralibrary.com



ഈവാനിയോസ് തിരുമേനിക്ക് ആ ആശയം സ്വീകാര്യമായിരുന്നു. വള്ളം റാന്നിക്കടവിൽ അടുപ്പിച്ചു. അവിടെ നിന്ന് ബസിൽ വെണ്ണിക്കുളത്തേക്കു യാത്രയായി. മേമല പ്രൈമറിസ്കൂളിൽ താമസവുമാക്കി.

ബഥനി ആശ്രമസ്ഥർ പിതാവിനോടൊപ്പം മുണ്ടൻമലയിൽ നിന്നിറങ്ങി വെണ്ണിക്കുളത്തു താമസമാക്കിയ സംഭവം വലിയ വാർത്തയായി. അറിഞ്ഞവർ അറിഞ്ഞവർ സ്കൂൾ അങ്കണത്തിൽ എത്തിച്ചേർന്നു. അവരുടെ ആദരപാത്രമായ വന്ദ്യപിതാവിന് ആവശ്യമായ എന്തുസഹായവുമെത്തിക്കാൻ ജാതമതഭേദമില്ലാതെ ഒട്ടേറെപ്പേർ സന്നദ്ധരായി. സൗകര്യപ്രദമായ താമസസ്ഥലമൊരുക്കുകയായിരുന്നു ഏററവും പ്രധാനം. കാഞ്ഞിരത്തുംമൂട്ടിൽ കുട്ടി എന്നയാൾ താൻ താമസിച്ചിരുന്ന കെട്ടിടം സന്ന്യാസിമാർക്കായി ഒഴിഞ്ഞു കൊടുത്ത് മാറിപ്പാർക്കാൻ ഔദാര്യംകാട്ടി. മാർ ഈവാനിയോസ് തിരുമേനി തിരുവല്ലയിൽ താമസിച്ചുകൊണ്ട് വെണ്ണിക്കുളത്തുവന്ന് സമൂഹാംഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തി.

ഏതാണ്ട് ഒരു മാസക്കാലത്തോളം ഈ അവസ്ഥ തുടരേണ്ടിവന്നു. പുനരൈക്യം സംബന്ധിച്ച നടപടികൾ പൂർത്തിയാക്കുന്നതിലുണ്ടായ കാലവിളംബം പലനിലകളിൽ പ്രയാസമേറിയതായിരുന്നു. പള്ളികളിൽ നിന്നും അഭ്യുദയകാംക്ഷികളിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന സാമ്പത്തിക സഹായം നിലച്ചതുകൊണ്ട് ദൈനംദിന ചെലവുകൾ നിറവേററുന്നതിനു പ്രയാസമേറി. സഭാനേതാക്കന്മാർ ബഥനി സന്ന്യാസസമൂഹാംഗങ്ങളിൽ നിന്നു ചിലരെയെങ്കിലും മലങ്കര സുറിയാനിസഭയിലേക്ക് പുനരാനയിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയും ചെയ്തു. പക്ഷേ ദൈവപരിലാളനയിൽ അവർ സുരക്ഷിതരായി. ആ വിഷമഘട്ടത്തിൽ ദൈവത്തിൻെറ കൃപ അവരെ തേടിയെത്തിയത് ബഥനിയുടെ അഭ്യുദയകാംക്ഷിയും, ഉദാരനിധിയും, മലങ്കര സഭയിലെതന്നെ വൈദികനുമായ കലേക്കാട്ടിൽ തോമസ് അച്ചൻെറ രൂപത്തിലാണ്.

> പിതാവേ, വട്ടശ്ശേരിൽ മെത്രാച്ചൻെറ ഭീഷണിപ്പെടുത്തൽകൊണ്ട് ഒട്ടും വിഷമിക്കേണ്ട. ആശ്രമത്തിലോ മഠത്തിലോ അരിയോ സാമാനങ്ങളോ ഇല്ലാതെ വരുമ്പോൾ ഒരു കാളവണ്ടി വീട്ടിലേക്ക് അയച്ചാൽ മതി. ആവശ്യമുള്ളതെല്ലാം ഞാൻ കൊടുത്തയയ്ക്കാം. അതുപോലെ പണത്തിനു ബുദ്ധിമുട്ടു വരുമ്പോൾ അറിയിച്ചാൽ മതി. എത്ര രൂപാ വേണമെങ്കിലും ബാങ്കിൽ നിന്നുകൊടുത്തയയ്ക്കാം. പിതാവ് യാതൊന്നുകൊണ്ടും വിഷമിക്കരുത്. [4]

ഔദാര്യനിധികളായ മററു പലരും അതിനുപിന്നാലെയെത്തി. വെണ്ണിക്കുളത്തിനടുത്ത് പുല്ലാട്ടെ ഒരു പുരാതനകുടുംബാംഗമായ വരിക്കണ്ണാമല

4. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്. പു. 428.



നാരായണൻവൈദ്യൻ ബഥനി ആശ്രമസ്ഥരോടുള്ള പ്രത്യേക താത്പര്യം നിമിത്തം തൻെറ കൈയിൽ നിന്ന് തത്കാലത്തേക്ക് പണമെടുത്ത് അവർക്ക് താമസസ്ഥാനമൊരുക്കുന്നതിന് നാലര ഏക്കർ സ്ഥലം വാങ്ങിക്കൊടുത്ത സംഭവവും പ്രസ്താവ്യമാണ്.

ഇതിനിടയിൽ കാത്തിരുന്ന സുദിനം വന്നുചേർന്നു. മലങ്കര സഭയിൽ നിന്നു പുനരൈക്യപ്പെടുന്ന മെത്രാന്മാരെ അവരുടെ പദവിയിലും ഭരണാധികാരത്തിലും നിലനിറുത്തിക്കൊണ്ട് അംഗീകരിക്കാനും മലങ്കര സുറിയാനി സഭയുടെ അന്ത്യോഖ്യൻ ആരാധനക്രമം തുടർന്നും പരിപാലിക്കുന്നതിന് അനുവാദം നൽകാനും മാർപ്പാപ്പാ സന്നദ്ധനായി. ആ വിവരം രേഖപ്പെടുത്തി കൊല്ലം ആർച്ചുബിഷപ്പ് ബൻസിഗർ തിരുമേനിയെ അറിയിക്കുകയും മാർ ഈവാനിയോസ് തിരുമേനിയേയും അനുയായികളേയും കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുന്നതിന് അദ്ദേഹത്തെ അധികാരപ്പെടുത്തുകയും ചെയ്തു. പരിശുദ്ധ ദൈവമാതാവിൻെറ പിറവിത്തിരുനാൾ ആചരിക്കുന്ന കന്നി എട്ടിന് (സെപ്തംബർ 21) കത്തോലിക്കാസഭാംഗമെന്ന നിലയിൽ വിശുദ്ധകുർബ്ബാന അർപ്പിക്കണമെന്നായിരുന്നു മാർ ഈവാനിയോസ് തിരുമേനി ആഗ്രഹിച്ചത്. അന്ന് അദ്ദേഹത്തിൻെറ ജന്മദിനവുമായിരുന്നു. അതിനു സഹായകമായിത്തീരുംവിധം സെപ്തംബർ 20-ന് കൊല്ലം മെത്രാസനമന്ദിരത്തിലെ ചാപ്പലിൽവച്ച് സത്യപ്രതിജ്ഞ നടത്തി സഭാപ്രവേശനത്തിന് മുഹൂർത്തം നിശ്ചയിച്ചു.

ഇത്രയും കാര്യങ്ങൾ അന്തിമമായി തീരുമാനിച്ചശേഷം കൊല്ലത്തു നിന്ന് മാർ ഈവാനിയോസ് തിരുമേനി ആഗസ്ററ് 23 ശനിയാഴ്ച തിരുമൂലപുരത്തെ ആശ്രമത്തിൽ മടങ്ങിയെത്തുമ്പോൾ ഒരു മഹാപുരുഷൻ അദ്ദേഹത്തെ കാത്തിരിക്കുന്നുണ്ടായിരുന്നു. പ്രിയശിഷ്യനെ ഒരുനോക്കു കാണാനും പിന്തിരിപ്പിക്കാൻ ഒരുവട്ടം കൂടി ശ്രമിക്കാനും തയ്യാറെടുത്തുവന്ന ഗുരുനാഥനായിരുന്നു അത്, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്. അവർ സ്നേഹപൂർവ്വം സംസാരിച്ചു. തെററിദ്ധാരണകൾ പറഞ്ഞുതീർക്കാൻ മാർ ഈവാനിയോസ് പ്രത്യേകം ശ്രദ്ധിച്ചു. പിറേറന്നുരാവിലെ വിശുദ്ധകുർബ്ബാന ചൊല്ലുവാൻ അദ്ദേഹം ചാപ്പലിൽ പ്രവേശിച്ചപ്പോൾ വട്ടശ്ശേരിൽ തിരുമേനി യാത്രപറയാനെത്തി. ഈവാനിയോസ് തിരുമേനി ഗുരുനാഥൻെറ മുന്നിൽ എളിമയോടെ മുട്ടുകുത്തി; ആ പാദം ചുംബിച്ചു. അവർ പരസ്പരം ആശ്ലേഷിച്ചു. ആഴമേറിയ ആ ബന്ധം അങ്ങനെ വേർപെട്ടു. അതിൻെറ വേദനയിൽ കുതിർന്ന ആത്മബലി ലോകരക്ഷകനായ ദൈവപുത്രൻെറ ദിവ്യബലിയോടു ചേർത്ത് ഈവാനിയോസ് തിരുമേനി കാഴ്ചയണച്ചു.

1930 സെപ്തംബർ 18 ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത, മാർ തെയോഫിലോസ് എപ്പിസ്കോപ്പ, ബഥനി ആശ്രമാംഗങ്ങളായ ഓമല്ലൂർ കുഴിമേപ്പുറത്തു ജോൺ അച്ചൻ, വെൺമണി ചെറിയാലുംമൂട്ടിൽ അലക്സാണ്ടർ ശെമ്മാശ്ശൻ, ബഥനി സ്ഥാപനങ്ങളുടെ മാനേജർ കിളിലേത്തു

www.malankaralibrary.com



ചാക്കോ എന്നിവർ കൊല്ലം മെത്രാസനമന്ദിരത്തിലേക്കു യാത്രയായി. പോകുന്നവഴി അവർ നങ്ങ്യാർകുളങ്ങരയെത്തി. ചേപ്പാട്ട് പീലിപ്പോസ് റമ്പാച്ചനെയും കൂടെക്കൊണ്ടുപോകാനായിരുന്നു പരിപാടി.

ചേപ്പാട്ട് റമ്പാച്ചനോടൊപ്പം പുനരൈക്യപ്പെടാൻ മറ്റൊരാൾകൂടി നേരത്തേതന്നെ സന്നദ്ധനായിരിക്കുന്നുണ്ട്; പുലിക്കോട്ട് ജോസഫ് റമ്പാച്ചൻ. അദ്ദേഹം അപ്പോൾ വെണ്ണിക്കുളത്താണ്. മാർ ഈവാനിയോസ് തിരുമേനിയും മറ്റും സഭാപ്രവേശം നടത്തി വെണ്ണിക്കുളത്തു മടങ്ങിയെത്തുമ്പോഴേക്കും താനും വന്നെത്താമെന്ന് റമ്പാച്ചൻ വാക്കുകൊടുത്തു; അവിടെവച്ച് തങ്ങളിരുവരും ഒരുമിച്ച് കത്തോലിക്കാസഭയിൽ അംഗത്വം സ്വീകരിച്ചുകൊള്ളാം.

മാർ ഈവാനിയോസ് തിരുമേനിയും മറ്റും രണ്ടുദിവസം കൊല്ലം അരമനച്ചാപ്പലിൽ ധ്യാനം നടത്തി. സെപ്തംബർ 20 ശനിയാഴ്ച രാവിലെ ഏഴരമണിക്ക് കൊല്ലം ആർച്ചുബിഷപ്പ് ബൻസിഗർതിരുമേനി മലങ്കരസഭയുടെ പുനരൈക്യശില്പിയായ മാർ ഈവാനിയോസ് തിരുമേനിയേയും മാർ തെയോഫിലോസ് തിരുമേനിയേയും കത്തോലിക്കാസഭയിലെ അംഗങ്ങളായി സ്വീകരിച്ചു.

ഉച്ചതിരിഞ്ഞ് കടലോരത്ത് വിശ്രമിക്കുമ്പോൾ മാർ ഈവാനിയോസ് തിരുമേനിയുടെ മനസ്സിൽ പുതിയൊരു തരംഗമുണർന്നു. രണ്ടുവൈദികരും ഒരു വിശ്വാസിയും ഒപ്പമുണ്ട്. അവരുടെ പുനരൈക്യംകൂടി ചരിത്രപ്രധാനമായ ഈ സുദിനത്തിൽ നടക്കണം. മേൽപ്പട്ടക്കാരുംവൈദികരും വിശ്വാസികളുമടങ്ങുന്ന പുതിയസഭയുടെ പ്രതീകാത്മകമായ സൃഷ്ടി.

സന്ധ്യയ്ക്കു മുൻപ് ജോൺ അച്ചൻ, അലക്സാണ്ടർ ശെമ്മാശ്ശൻ, കിളീലേത്തുചാക്കോ എന്നിവരും പ്രതിജ്ഞചൊല്ലി വിശ്വാസം വീണ്ടെടുത്തു.

# 14

# ദൈവത്തിന്റെ കൈയൊപ്പ്

സഭാചരിത്രത്തിലെ അവിസ്മരണീയസംഭവമായിരുന്നു മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യം. മലങ്കരയിൽ നട്ടുവളർത്തിയ സന്ന്യാസത്തിന്റെ പനിനീർച്ചെടി വളക്കൂറുള്ള മണ്ണിലേക്കു പറിച്ചുനട്ടു. കലഹത്തിന്റെ കൊടുങ്കാറ്റിൽ ഉലഞ്ഞ യാനപാത്രം ബദ്ധപ്പെട്ട് കരയ്ക്കടുപ്പിച്ചു. ആത്മീയമായ സമാധാനത്തിന്റെയും സഭൈക്യത്തിന്റെയും യുഗപ്പിറവി ആ മഹാത്മാവിന്റെ സ്വപ്നസാഫല്യമായി.

പ്രതിസന്ധികളുടെ കാലം അവസാനിച്ചിരുന്നില്ല. ജനിച്ചുവളർന്ന സമൂഹത്തോട് വേർപെട്ടത് ഹൃദയം രണ്ടായി പിളർന്നപോലെയാണ്. ശരിയുടെ ആത്മനിമന്ത്രണം ധീരമായി പ്രാവർത്തികമാക്കിയതിന്റെ ആശ്വാസം നിറഞ്ഞുനിന്നപ്പോഴും നിഴലുകളോടു യുദ്ധം ചെയ്യുന്നവർ സൃഷ്ടിച്ച കോലാഹലങ്ങൾ വർദ്ധിച്ചുവരികയായിരുന്നു. വിമർശനങ്ങൾ, ആക്ഷേപങ്ങൾ, അപായപ്പെടുത്താനുള്ള ശ്രമങ്ങൾ എല്ലാം അനുസ്യൂതം തുടർന്നു.

ദൈവികാനുഗ്രഹങ്ങളുടെ മഹാപ്രവാഹവും ഇതോടൊപ്പം സംഭവിച്ചുകൊണ്ടിരുന്നു. മാർ ഈവാനിയോസിന്റെ പുനരൈക്യത്തെ വാഴ്ത്തിക്കൊണ്ട് വിദേശമാദ്ധ്യമങ്ങൾ പോലും വാർത്തകൾ പ്രസിദ്ധപ്പെടുത്തി. 'ആധുനിക ക്രൈസ്തവ സഭാചരിത്രത്തിലെ ശ്രദ്ധേയമായ സംഭവവികാസമെന്ന്' അമേരിക്കൻ പ്രസിദ്ധീകരണമായ 'സൈൻ' മാസിക അതിനെ പ്രകീർത്തിച്ചു.[1] പതിനാറാം ശതാബ്ദത്തിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ പ്രൊഫസർ ആയിരുന്ന ഹെൻറി ന്യൂമാൻ സമാരംഭിച്ച 'ഓക്സ്ഫോർഡ് മൂവ്മെന്റി'നോട് മാർ ഈവാനിയോസ് ആവിഷ്കരിച്ച പുനരൈക്യപ്രസ്ഥാനം താരതമ്യം ചെയ്യപ്പെട്ടു. അതോടെ 'ഭാരത ന്യൂമാൻ' എന്ന അഭിധാനത്തിൽ അദ്ദേഹം പ്രശസ്തനായി.

കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതിനുശേഷം മാർ ഈവാനിയോസ് തിരുമേനി ആഗ്രഹിച്ചതുപോലെ സെപ്തംബർ 21-ന് കൊല്ലം

1. " A most notable event in Modern Ecclesiastical history is the Conversion of Mar Ivanios, Archbishop of Bethany." 'SIGN'. September 1930.

www.malankaralibrary.com



മെത്രാസനമന്ദിര ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു. കുർബാന മദ്ധ്യേ വായിച്ച തുബ്ദേനിൽ പത്രോസിന്റെ സിംഹാസനത്തിൽ ഭാഗ്യമോടെ വാഴുന്ന പതിനൊന്നാം പീയൂസ് മാർപ്പാപ്പയോടുള്ള വിധേയത്വം പ്രഖ്യാപനം ചെയ്തു. കൊല്ലം ആർച്ചുബിഷപ്പ്ബൻസിഗർ തിരുമേനിയും ആ ദിവ്യബലിയിൽ സംബന്ധിക്കുന്നുണ്ടായിരുന്നു. മലയാളത്തിലെ പൂജാർപ്പണം അദ്ദേഹത്തെ അമ്പരപ്പിച്ചു. മലങ്കര സുറിയാനിസഭാംഗമെന്ന നിലയിൽ പുനരൈക്യപ്പെട്ട ഈ മഹാപുരോഹിതൻ മലയാളഭാഷയിൽ ദിവ്യബലി അർപ്പിക്കുന്നതെന്ത് ? അത് അനുവദനീയമാണോ ? സ്വിററ്സർലാൻഡിൽ ജനിച്ചു വളർന്ന ബൻസിഗർ തിരുമേനിയുടെ മനസ്സിൽ സന്ദേഹത്തിന്റെ നിഴലുകൾ വീണു.

വിശുദ്ധ കുർബാനയ്ക്കുശേഷം മാർ ഈവാനിയോസ് തിരുമേനി പുറപ്പെട്ടത് മാവേലിക്കരയിലേക്കാണ്. അപ്പനെയും അമ്മയെയും പുനരൈക്യപ്പെടുത്തണം; അതായിരുന്നു ലക്ഷ്യം. മാവേലിക്കരയിലെ ബഥനിപ്പള്ളിയിൽ കത്തിച്ചുവെച്ച മെഴുകുതിരികളുടെ മദ്ധ്യേ വിശുദ്ധ വേദപുസ്തകം നിവർത്തിവച്ച് തിരുമേനി പ്രാർത്ഥിച്ചു. അദ്ദേഹം പറഞ്ഞുകൊടുത്ത സത്യവാചകം ഏററുചൊല്ലി മാതാപിതാക്കൾ വിശ്വാസപ്രതിജ്ഞ ചെയ്തു.

തുടർന്ന് തിരുമൂലപുരത്തേക്ക് യാത്ര. പുലിക്കോട്ടിൽ റമ്പാൻ, ചേപ്പാട്ട് റമ്പാൻ എന്നിവർ ആ വരവിനുവേണ്ടി കാത്തിരിക്കുകയായിരുന്നു. അഭിമാനപൂർവ്വം അവർ പ്രതിജ്ഞയെടുത്തു. ബഥനി സന്യാസിസമൂഹത്തിൽ ഇരുപത്തിനാല് അംഗങ്ങളാണ് ഉണ്ടായിരുന്നത്. അതിൽ പത്തൊൻപതു പേരും പിതാവിനെ പിന്തുടർന്നു. ബഥനി സന്യാസിനീസമൂഹാംഗങ്ങളുടെ പുനരൈക്യമാണ് മാർ ഈവാനിയോസ് തിരുമേനിയെ ഏറെ ആഹ്ലാദിപ്പിച്ചത്. അവരുടെ സന്യാസപ്രതിഷ്ഠ നിർവ്വഹിക്കുന്നതിന് മെത്രാൻപദവിയുടെകുരിശു വഹിക്കാൻ തയ്യാറായ ആ കർമ്മയോഗി മലങ്കര സഭയിൽ പുതിയ ചൈതന്യത്തിന്റെ ജീവവൃക്ഷം നട്ടുവളർത്തിയതാണ്. ആ ചെടിയിൽ ഏഴു സന്യാസസുമങ്ങൾ ഇതിനകം വിടർന്നുകഴിഞ്ഞിരുന്നു. മൂന്നു പേർ അർത്ഥിനികളായുമുണ്ട്. എല്ലാവരും പ്രശസ്തമായ യാക്കോബായ ഓർത്തഡോക്സ് കുടുംബങ്ങളിൽ നിന്നുള്ളവർ; സഹോദരങ്ങൾ, അടുത്ത ബന്ധുക്കൾ പലരും വൈദികർ; സമുദായ പ്രമാണികൾ. പക്ഷേ അതൊന്നും ഒരാളെപ്പോലും പിന്തിരിപ്പിച്ചില്ല. പ്രായേണ ദുർബ്ബലരെന്നു സമൂഹം മുദ്രകുത്തുന്ന സ്ത്രീകളാണ് എപ്പോഴും ധീരതയുടെ ഇതിഹാസം ചമയ്ക്കുന്നത്; തീരുമാനങ്ങളിൽ നിന്നു വ്യതിചലിക്കാത്ത സുദൃഢനിലപാടുകൾ അവലംബിക്കുന്നത്. ഇവിടെയും അതുതന്നെ സംഭവിച്ചു. ബഥനി സന്യാസിനിമാർ ഒന്നൊഴിയാതെ,ഒരൊററസമൂഹമായി പുനരൈക്യപ്രസ്ഥാനത്തിനു ശക്തി പകരാനെത്തി. അത് ഒരു വലിയനഷ്ടം വേദനയോടെ ഏററുവാങ്ങിക്കൊണ്ടായിരുന്നു. തിരുമൂലപുരം ബാലികാ മഠത്തിൽ അദ്ധ്യാപികമാരായി സേവനമനുഷ്ഠിച്ചിരുന്നവർക്ക് തങ്ങൾ വളർത്തിക്കൊണ്ടുവന്ന വിദ്യാലയത്തിൽ നിന്നു പിൻവാങ്ങുക ഹൃദയഭേദകമായ അനുഭവമായിത്തീർന്നു.



ബഥനിമഠത്തിൽ സന്യാസിനികൾക്കു പരിശീലനമേകിവന്ന സിസ്ററർ ഹെലനോടും എന്നേക്കുമായി വേർപിരിയേണ്ടി വന്നു. പക്ഷേ ആ നഷ്ടങ്ങൾ, അതിന്റെ ദുഃഖങ്ങൾ അവർ സഹിച്ചു. സഹനത്തിന്റെയും അനുപമമായ ദൈവസ്നേഹത്തിന്റെയും മാർഗ്ഗത്തിലൂടെ അവർ യഥാർത്ഥശാന്തിതീരത്തണഞ്ഞു.

പുനരൈക്യത്തിനു ശേഷമുള്ള ആദ്യത്തെ രണ്ടുവർഷം ഒരർത്ഥത്തിൽ അഗ്നിപരീക്ഷണത്തിന്റെ കാലഘട്ടമായിരുന്നു. സുറിയാനി സഭാംഗങ്ങളുടെ സംഭാവനകളെ ആശ്രയിച്ചാണ് ബഥനിമഠത്തിലെയും ആശ്രമത്തിലെയും നിത്യച്ചെലവുകൾ നിർവ്വഹിക്കപ്പെട്ടിരുന്നത്. പുനരൈക്യത്തെത്തുടർന്ന് അത് ഏറക്കുറെ പൂർണ്ണമായി നിലച്ചു. മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ കത്തോലിക്കാസഭയോടു വിശ്വാസദാർഢ്യം പ്രഖ്യാപിച്ചവരുമായി ബന്ധപ്പെടുന്നതു കർശനമായി വിലക്കിക്കൊണ്ട് കാതോലിക്കാബാവാ തിരുമേനി കല്പന പുറപ്പെടുവിച്ചു.

പക്ഷേ പ്രതിസന്ധികളെ നേരിടാനും വിജയം നേടാനുമുള്ളതായിരുന്നു മാർ ഈവാനിയോസിന്റെ മഹജ്ജന്മം. ഓരോരോ വഴികൾ അടഞ്ഞപ്പോൾ പുതിയവ തുറന്നുവന്നു. അപ്രതീക്ഷിതമായ അനുഗ്രഹത്തിന്റെ വഴികൾ.വെണ്ണിക്കുളത്തു ലഭിച്ച നാലര ഏക്കർ സ്ഥലത്ത് പുതിയ ആശ്രമം ഉയർന്നു. മൂന്നു താത്കാലിക ഭവനങ്ങളാണ് ആദ്യം നിർമ്മിച്ചത്. അർത്ഥിമന്ദിരവും നവശിഷ്യാലയവും, സന്യാസാശ്രമവും. ഓരോ മന്ദിരത്തിലും ഏഴേഴു മുറികൾ. കാട്ടുകല്ലുകൊണ്ട് കെട്ടിയുയർത്തിയ ആ മന്ദിരങ്ങൾ ആദ്ധ്യാത്മികതേജസ്സ് വിളംബരംചെയ്തു. തെങ്ങോലകൾ മെടഞ്ഞുണ്ടാക്കിയ മേൽക്കൂര; ചാണകം മെഴുകിയ തറ. ഇതേ രീതിയിൽതന്നെ സന്ദർശനശാലയും ചാപ്പലും. അടുത്തുതന്നെ മനോഹരമായ ഒരു അരുവിയുണ്ട്. പ്രകൃതിസുന്ദരമായ ആശ്രമാന്തരീക്ഷം.

സന്യാസിനിമാർ പൂർണ്ണമായി പുനരൈക്യപ്പെട്ടതുകൊണ്ട് തിരുമൂലപുരത്തെ മഠത്തിൽനിന്ന് വിട്ടുപോരേണ്ടിവന്നില്ല. എങ്കിലും നിത്യച്ചെലവിനു വഴി കാണേണ്ടിവന്നു. ബാലികാമഠത്തിലെ അദ്ധ്യാപനവും അവസാനിപ്പിച്ചിരുന്നു. കുട്ടികളെ പഠിപ്പിക്കുന്നതിൽ താത്പര്യവും പ്രാഗല്ഭ്യവുമുണ്ടായിരുന്ന സിസ്റേറഴ്സിന് അതിനുള്ള അവസരം നഷ്ടപ്പെട്ടതിലെ കുണ്ഠിതം ഒഴിവാക്കേണ്ടിയിരുന്നു ഈ ലക്ഷ്യത്തോടെയാണ് നങ്ങ്യാർകുളങ്ങരയിൽ ഒരു ശാഖാമന്ദിരം സ്ഥാപിക്കാനും ബഥനി ബാലികാമഠം സ്കൂൾ സമാരംഭിക്കാനും ശ്രദ്ധിച്ചത്. ചേപ്പാട്ട് പീലിപ്പോസ് റമ്പാച്ചൻ ഇതിനു നേതൃത്വം നല്കി. കെട്ടിടനിർമ്മാണത്തിന്റെ ചുമതലവഹിച്ചത് മാർ ഈവാനിയോസിന്റെ സഹോദരൻ മത്തായിപ്പണിക്കരാണ്. ബാലികാമഠം സ്കൂളിന്റെ മാതൃകയിൽ, അതേ പേരിൽത്തന്നെ നങ്ങ്യാർകുളങ്ങരയിൽ 1931-ൽ സ്കൂൾ പ്രവർത്തനം തുടങ്ങി.

പുനരൈക്യാനന്തരം സ്വന്തം നിലപാട് ബന്ധപ്പെട്ടവർക്കു വിശദീകരിച്ചുകൊടുക്കാനും സത്യാന്വേഷികളെ തന്റെ മാർഗ്ഗത്തിലേക്ക് ആകർഷിക്കാനും മാർ ഈവാനിയോസ് ധാരാളം എഴുത്തുകുത്തുകൾ നടത്തി. ഒട്ടേറെ

www.malankaralibrary.com



ആരോപണങ്ങൾ അദ്ദേഹം നേരിടേണ്ടതായിവന്നു. മലങ്കരമെത്രാപ്പോലീത്തയും കാതോലിക്കാബാവയും കല്പനകളിറക്കി അദ്ദേഹത്തിന് ഭ്രഷ്ടു കല്പിച്ചു. സഭാമാദ്ധ്യമങ്ങൾ പുനരൈക്യപ്രസ്ഥാനത്തെ അപകീർത്തിപ്പെടുത്തുന്ന വാർത്തകളും ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തി. മാർ ഈവാനിയോസിൻെറ പുനരൈക്യപ്രസ്ഥാനത്തിലേക്ക് യാക്കോബായക്കാർ ആകൃഷ്ടരാകുന്നതു തടയാൻ അന്ത്യോഖ്യൻ പാത്രിയർക്കീസ് ഏലിയാസ് തൃതീയൻ ബാവ മലങ്കരയിൽ എഴുന്നള്ളി. പ്രധാനപ്പെട്ട പള്ളികൾ കേന്ദ്രീകരിച്ചുകൊണ്ട് അദ്ദേഹം സഭൈക്യത്തിനെതിരെ പ്രസംഗങ്ങൾ നടത്തി. പക്ഷേ പത്തനംതിട്ടയ്ക്ക് അടുത്ത് മഞ്ഞനിക്കരയിൽ വെച്ച് ആകസ്മികമായി അദ്ദേഹം കാലംചെയ്തു.

മുണ്ടൻമലയിലെ ബഥനിആശ്രമമുപേക്ഷിച്ച് ഇറങ്ങിപ്പോന്ന മാർ ഈവാനിയോസിനെ വ്യവഹാരങ്ങളിൽ കുടുക്കാൻ അദ്ദേഹത്തിൻെറ എതിരാളികൾ ബദ്ധശ്രദ്ധരായി. സ്വതന്ത്രസ്ഥാപനമായ ബഥനിമിഷൻെറ ആഭിമുഖ്യത്തിൽ സ്ഥാപിച്ച ദേവാലയങ്ങൾ സംബന്ധിച്ച് തർക്കങ്ങൾ ഉദ്ഭവിച്ചു. സവിശേഷമായ സുവിശേഷധർമ്മമനുഷ്ഠിക്കാനാണ് ബഥനിപ്പള്ളികൾ ലക്ഷ്യമിട്ടത്. സമാധാനത്തിൻെറയും ദൈവസമ്പാദനത്തിൻെറയും അനുഭവം സ്വന്തമാക്കുന്നതിന് പുനരൈക്യത്തിൻെറമാർഗ്ഗം സ്വീകരിക്കാൻ ബന്ധപ്പെട്ടവർ സന്നദ്ധരായി. മലങ്കര സുറിയാനിസഭയുടെ സമ്പത്തും സഹായവും കൊണ്ട് പണികഴിപ്പിച്ചവയാണ് ബഥനിപ്പള്ളികൾ എന്ന ന്യായമുന്നയിച്ച് അവയെ സ്വന്തം അധികാരസീമയിലൊതുക്കാൻ കാതോലിക്കാപക്ഷം സമ്മർദ്ദതന്ത്രങ്ങൾ സ്വീകരിച്ചു; വ്യവഹാരങ്ങളിൽ മുഴുകി.

സ്കൂളുകളുടെ മാനേജ്മെൻറായിരുന്നു മററൊരു തർക്കവിഷയം. മലങ്കര സുറിയാനിസഭവക സ്കൂളുകളുടെ മാനേജരായി എം.എ. അച്ചനെ 1923-ൽ വട്ടശ്ശേരിൽ തിരുമേനി നിയമിച്ചിരുന്നു. എം.ഡി. സെമിനാരിഹൈസ്കൂളിൻെറ പ്രിൻസിപ്പൽ എന്നനിലയിലും സെറാമ്പൂർ കോളജ് പ്രൊഫസർ എന്ന നിലയിലും മലങ്കരസഭയിൽ മററാർക്കുമില്ലാത്ത വിദ്യാഭ്യാസപരമായ പരിചയവും പ്രാഗല്ഭ്യവും കണക്കിലെടുത്താണ് ഈ അധികാരകൈമാററം നടത്തിയത്. പലവിധ പരിമിതികൾക്കുള്ളിൽ വശംകെട്ടുകിടന്നിരുന്ന ആ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സ്വന്തം പ്രതിഭയും പരിശ്രമവും കൊണ്ട് പരിപോഷിപ്പിച്ചെടുക്കാൻ മാർ ഈവാനിയോസ് തിരുമേനി പ്രത്യേകം ശ്രദ്ധവച്ചു. അദ്ദേഹത്തിൻെറ പരിലാളനയിൽ വികസിച്ച ആ സ്ഥാപനങ്ങൾ സ്വന്തമാക്കുന്നതിന് പുനരൈക്യവേളയിൽ മലങ്കര സഭാധികൃതർ താത്പര്യമെടുത്തത് സ്വാഭാവികമാണ്. പക്ഷേ പിടിച്ചെടുക്കലിൻെറ മട്ടും വ്യവഹാരത്തിനുള്ള വ്യഗ്രതയുമായപ്പോൾ ചെറുത്തുനില്പും അതുപോലെതന്നെ സ്വാഭാവികമായി സംഭവിച്ചു. നിർഭാഗ്യകരമായ കോടതിവിചാരണകളിലേക്ക് ആ വിദ്യാലയങ്ങളുടെ ഭാവി വലിച്ചിഴയ്ക്കപ്പെട്ടു. വിധിന്യായങ്ങളിൽ അവയുടെ വികസനം തടയപ്പെടുകയും ചെയ്തു.



അപ്പസ്തോലിക് ഡലിഗേററിനും മാർപ്പാപ്പായ്ക്കുതന്നെയും മാർ ഈവാനിയോസ് തിരുമേനിയെയും പുനരൈക്യപ്രസ്ഥാനത്തെയും പഴിചാരിക്കൊണ്ട് നിവേദനപത്രങ്ങളും പരാതികളും മലങ്കരയിൽനിന്ന് പ്രവഹിക്കുകയുണ്ടായി. അവയൊന്നും മാർ ഈവാനിയോസ് തിരുമേനിയുടെ സഭൈക്യപരിശ്രമത്തെ പ്രതികൂലമായി ബാധിച്ചില്ല; ആ ത്യാഗോജ്ജ്വലമായ വ്യക്തിത്വത്തെ ഒരുവിധത്തിലും കളങ്കപ്പെടുത്താൻ പര്യാപ്തമായതുമില്ല. എങ്കിലും സ്വന്തം സഹോദരങ്ങളായ സഭാംഗങ്ങൾക്കിടയിൽ നിന്നുയർന്ന അധിക്ഷേപ വർഷങ്ങളും അപായഭീഷണികളും അദ്ദേഹത്തിനു ഹൃദയഭേദകമായിത്തീർന്നു.

താത്കാലിക വികാരാവേശത്തിലും പ്രതികാരവാഞ്ഛയിലും അരങ്ങുതകർത്ത സംഭവങ്ങൾ കുറെയൊക്കെ മറക്കാനും പൊറുക്കാനും കാലം ഇടനല്കിയിരിക്കുന്നു. മലങ്കര സുറിയാനിസഭ പ്രതീക്ഷയർപ്പിച്ചിരുന്ന മാർ ഈവാനിയോസ് തിരുമേനി തങ്ങളെ വിട്ടുപോയിരിക്കുന്നു വെന്ന യാഥാർത്ഥ്യത്തോടു പൊരുത്തപ്പെടാൻ മടിച്ചതു കൊണ്ടാവാം ഒരർത്ഥത്തിൽ അന്നത്തെ വികാരവിക്ഷുബ്ധമായ സംഭവപരമ്പരകൾ ഉണ്ടായത്. “സാധുക്കളായ സുറിയാനിക്കുഞ്ഞാടുകളെ പിടിച്ചു വിഴുങ്ങുന്നതിനായി ബഥനിക്കാടുകളിൽ നിന്നും ആട്ടിൻതോൽ ധരിച്ച ഒരു കടുവ ഇതാ ഇറങ്ങിവന്നിരിക്കുന്നു” എന്നിങ്ങനെ പ്രസംഗവേദികളിൽനിന്ന് മാർ ഈവാനിയോസിനെതിരെ ആക്രോശങ്ങൾ ഉതിർന്നു. അദ്ദേഹം സഞ്ചരിക്കുന്ന കാറും വഞ്ചിയുമൊക്കെ മറിച്ച് ആ ജീവൻ അപകടപ്പെടുത്താൻ വൻതുകകൾ വാഗ്ദാനം ചെയ്യപ്പെട്ടു.

> ഒരവസരത്തിൽ ആർച്ചുബിഷപ്പിൻെറ കാർ ഓടിച്ചുകൊണ്ടിരുന്ന മുഹമ്മദീയനായ ഡ്രൈവറോട് ഒരുവൻ ഇപ്രകാരം പറയുകയുണ്ടായത്രേ: ‘ആർച്ചുബിഷപ്പിനെ കൊണ്ടുപോകുമ്പോൾ ആ കാർ എങ്ങനെയെങ്കിലും മറിച്ചിടുന്നപക്ഷം നിനക്ക് അഞ്ഞൂറു രൂപ ഞങ്ങൾ പ്രതിഫലം നല്കാം.’ വിശ്വസ്തനായ ആ കാർഡ്രൈവർ ഉടൻ ഉത്തരം നല്കിയത് ഇപ്രകാരമായിരുന്നു: ‘അഞ്ഞൂറല്ല, അയ്യായിരം തന്നാൽപോലും ഞാനതിനു തയ്യാറാവുകയില്ല.’ എങ്ങനെയോ ഈ വിവരം അറിഞ്ഞ ആർച്ചുബിഷപ്പ് പുഞ്ചിരിച്ചുകൊണ്ട് പറയുകയുണ്ടായി, ‘കഷ്ടം’ എൻെറ ജീവൻ ഇത്രനിസ്സാരമാണോ? അഞ്ഞൂറുരൂപ മാത്രമേ അതിനവർ വില വച്ചുള്ളുവല്ലോ.[2]

ദിവസങ്ങൾ കഴിയുന്തോറും ഈ എതിർപ്പുകളും പരിഹാസങ്ങളും ഏറിവന്നു. മാർ ഈവാനിയോസ് സഞ്ചരിക്കുന്ന വഴികളിൽ കറുത്ത കൊടികൾ ഉയർത്തി; ‘ആർച്ചുബിഷപ്പ് ഗോ ബായ്ക്ക്’ മുദ്രാവാക്യങ്ങൾ ഉയർന്നു. മദ്ധ്യതിരുവിതാംകൂറിലെ ഒരു ഇടവകയിൽ നടന്നത് മനുഷ്യ

2. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്. രണ്ടാം ഭാഗം. പു.43-44.

www.malankaralibrary.com



നീതിക്കുതന്നെ നിരക്കാത്തതായിരുന്നു. അതുകൊണ്ട് ദൈവകോപം ആളിക്കത്തി. പരിഹസിച്ചു ചിരിച്ചവർ ഒടുവിൽ കരഞ്ഞുകൊണ്ട് കുററം ഏററുപറയേണ്ടതായും വന്നു.

സംഭവം ഇപ്രകാരമാണ് ഉണ്ടായത്: പള്ളിയിൽനിന്ന് മണിമുഴങ്ങി. അത് മരണത്തിൻെറ സൂചകമായ മണിമുഴക്കമാണ്. എന്തു സംഭവിച്ചു, മരിച്ചത് ആരാണ് എന്നറിയുവാൻ ആളുകൾ ഓടിക്കൂടി. അപ്പോൾ വിചിത്രമായ ഒരു ദൃശ്യം കണ്ണിൽപ്പെടുന്നു. നാലുപേർചേർന്ന് ഒരു ശവപ്പെട്ടി വഹിച്ചിരിക്കുന്നു. അതിനുപുറത്ത് 'ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്' എന്ന് ആലേഖനം ചെയ്തിട്ടുണ്ട്. ശവസംസ്കാര യാത്രയിൽ ആലപിക്കാറുള്ള 'കരുണ നിറഞ്ഞവനേ, പുനരുത്ഥാനത്തിൽ, നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ!' എന്ന ഗാനം വിഷാദമയമായി ആലപിച്ചുകൊണ്ട് ഏതാനും പേർ ശവപ്പെട്ടിയെ പിന്തുടരുന്നു. മണിയൊച്ച കേട്ട് എത്തിയവർക്ക് കൗതുകമായി: 'എന്താണ് പെട്ടിക്കുള്ളിൽ?' 'ഓ, അതിൽ ആരുമില്ല, അഞ്ചടി നീളത്തിൽ ഒരു വാഴപ്പിണ്ടി മുറിച്ചിട്ടിരിക്കുകയാണ്'; സംഘാടകരിലാരോ പറഞ്ഞു.

ആ പ്രദേശത്ത് അന്നേദിവസം നിശ്ചയിച്ചിരുന്ന ഒരു അനുമോദന യോഗത്തിൽ സംബന്ധിക്കാൻ മാർ ഈവാനിയോസ് തിരുമേനി വന്നെത്തുമെന്ന് പ്രകടനക്കാർ അറിഞ്ഞിരുന്നു. അദ്ദേഹംവരുന്ന വഴിയിലാണ് ഈ അപഹാസ്യനാടകം അരങ്ങേറിയത്. വിവരംഗ്രഹിച്ച തിരുമേനി മറെറാരു വഴിയിലൂടെ യോഗസ്ഥലത്തേക്കു പോയി. ഒടുവിൽ നിരാശപ്പെട്ട് ശവപ്പെട്ടി വഴിയിൽ ഉപേക്ഷിച്ച് പ്രകടനക്കാരും സ്ഥലംവിട്ടു.

അന്നു വൈകിട്ട് ഈ പരിപാടിയുടെ പ്രധാന ആസൂത്രകനും വേറൊരുവനുമായി എന്തോകാര്യത്തിൽ ശണ്ഠ ഉണ്ടായി. അതു കത്തിക്കുത്തിലും നേതാവിൻെറ മരണത്തിലും കലാശിച്ചു. ഏതൊരുവഴിയിൽകൂടി ഈവാനിയോസ് തിരുമേനിയെ ആക്ഷേപിച്ചുകൊണ്ടുള്ള പ്രകടനം നടത്തിയോ അതേവഴിയിൽ കൂടി പിറേറന്ന് അതേസമയത്ത് നേതാവിൻെറ ശവഘോഷയാത്ര നീങ്ങിയത് വിധിനിയോഗമെന്നേ പറയാനാവൂ. ഒരാഴ്ച കഴിഞ്ഞ് ഈവാനിയോസ് തിരുമേനി അതുവഴിവരികയും പരേതൻെറഭവനം സന്ദർശിച്ച് അയാളുടെ ഭാര്യയേയും കുട്ടികളേയും ആശ്വസിപ്പിക്കുകയും ചെയ്തു. അദ്ദേഹം അവർക്ക് സാമ്പത്തികസഹായവും നൽകി. ഇത് ബഥനിത്തിരുമേനിയെക്കുറിച്ച് മതിപ്പുണ്ടാക്കാനും അദ്ദേഹത്തിൻെറ വിശുദ്ധിയെക്കുറിച്ച് ബോദ്ധ്യം വളർത്താനും ഇടനൽകി.

ഇത്തരം മാനസിക പീഡനങ്ങളേക്കാൾ പ്രസ്ഥാനത്തിൻെറ പുരോഗതിക്ക് തടസ്സമായിത്തീർന്നത് സാമ്പത്തികഞെരുക്കവും സർക്കാരിൻെറ ഭാഗത്തുനിന്നുണ്ടായ പ്രാതികൂല്യവുമാണ്. പുനരൈക്യത്തിലൂടെ യാക്കോബായ - ഓർത്തഡോക്സ് വിഭാഗങ്ങളിൽ നിന്നു വേർപെട്ടവർക്ക് സ്വന്തമായ ആരാധനാലയങ്ങൾ സ്ഥാപിക്കേണ്ടിയിരുന്നു: സിമിത്തേരികൾ നിർമ്മിക്കേണ്ടിയിരുന്നു. ഇതിനെല്ലാം പണം വേണം; സർക്കാരിൻെറ അനുമതിയും ലഭ്യമാകണം. രണ്ടും ഒരുപോലെ ബാലികേറാമലയായി പരിണമിച്ചു. സർക്കാരിൽ വൻസ്വാധീനമുള്ളവർ പുനരൈക്യപ്രസ്ഥാനത്തിൻെറ പുരോഗതിക്ക് പ്രതിബന്ധമുണ്ടാക്കാൻ രഹസ്യമായും പരസ്യമായും ശ്രമങ്ങൾ നടത്തി. ദേവാലയത്തിനും സിമിത്തേരിക്കും വേണ്ടിയുള്ള അപേക്ഷകൾ തിരസ്കൃതമായി. അനുമതി തേടാതെ കെട്ടിടങ്ങൾ ആരാധനാലയമാക്കിയതിനും സ്വന്തം പുരയിടങ്ങളിൽ ശവം മറവുചെയ്തതിനും ധാരാളം കേസുകൾ രജിസ്ററർ ചെയ്യപ്പെട്ടു. പുനരൈക്യം പ്രാപിച്ച വൈദികർക്ക് പോലീസ് സ്റേഷനുകളിലും കോടതിവരാന്തകളിലുംനിന്ന് വിട്ടുനിൽക്കാൻ സമയം കിട്ടാതായി.



ഇത് സംഘർഷപൂർണ്ണമായ സ്ഥിതിവിശേഷം സംജാതമാക്കുകതന്നെ ചെയ്തു. സിമിത്തേരി പ്രശ്നത്തിൽ അരങ്ങേറിയ നാടകീയതയുടെ സ്വഭാവം വ്യക്തമാക്കാൻ ഒരു രംഗം: മരണം സംഭവിച്ചിട്ട് രണ്ടു ദിവസം കഴിഞ്ഞു. എത്ര ശ്രമിച്ചാലും ജഡം അഴുകാതെ കാത്തുസൂക്ഷിക്കാൻ വയ്യ. പുതുതായി വാങ്ങിയ ഭൂമിയിൽ സംസ്കാരത്തിനു കുഴിയെടുത്ത് ഇട്ടിരിക്കുന്നു. പക്ഷേ അവിടെ ശവം അടക്കുവാൻ അനുവദിക്കുകയില്ലെന്ന വാശിയിലാണ് അയൽവാസികളായ എതിർപക്ഷക്കാർ. അവർക്ക് പ്രമാണിമാരുടെ ഒത്താശയുണ്ട്. എന്തും വരട്ടെ എന്ന് ധൈര്യപൂർവ്വം മനസ്സിലുറപ്പിച്ച് പരേതനു വേണ്ടിയുള്ള പ്രാർത്ഥനകൾക്കുശേഷം വൈദികൻ ശവമഞ്ചത്തെ നയിച്ചു. പ്രാർത്ഥനാപൂർവ്വം വിശ്വാസികൾ നീങ്ങി. സംസ്കരിക്കാനുള്ള കുഴിയുടെ അരികിൽ മഞ്ചംവച്ചു. കുഴിവെഞ്ചരിക്കാനുള്ള പ്രാർത്ഥന വൈദികൻ ചൊല്ലി; ധൂപാർപ്പണം നടത്തി തീർന്നില്ല, പെട്ടെന്ന് ഒരുവൻ കുഴിയിലേക്ക് ഒരുചാട്ടം. അയാൾ നീണ്ടുനിവർന്ന് ഒരു കിടപ്പ്. തീരെ അപ്രതീക്ഷിതമായിരുന്നതുകൊണ്ട് എന്തുചെയ്യണമെന്നറിയാതെ ആളുകൾ അമ്പരന്നു.

പ്രാർത്ഥനാനിർഭരമായ ചടങ്ങുകൾ നിർവഹിച്ചുകൊണ്ടിരുന്ന വൈദികൻ പെട്ടെന്ന് കാപ്പാ ഊരി അടുത്തു നിന്ന ശുശ്രൂഷകനെ ഏല്പിച്ചു. അടുത്തുകിടന്ന മൺവെട്ടിയെടുത്ത് ഇളകിയ മണ്ണുവെട്ടി കുഴിയിലേക്ക് മറിച്ചു. 'ഇവനെ ജീവനോടെ കുഴിച്ചു മൂടിയിട്ടുതന്നെ കാര്യം!' ആ ധീരമായ ശബ്ദത്തിൽ അന്തരീക്ഷം കിടിലംകൊണ്ടു.

'അയ്യോ കൊല്ലരുതേ!' എന്നു തൊഴുതപേക്ഷിച്ചുകൊണ്ട് കുഴിയിൽ കിടന്നവൻ ചാടിയെഴുന്നേൽക്കുന്നു. ആരോ പിടിച്ചുകയററിയതേയുള്ളൂ, അവൻ ഓടിയത് എവിടേക്കെന്നറിയില്ല. സന്ദർഭംപോലും മറന്ന് ആളുകൾ അതുകണ്ട് ആർത്തുചിരിച്ചു. ആ രംഗം അങ്ങനെ സമാധാനപൂർവ്വം പര്യവസാനിക്കുകയും ചെയ്തു.

ഇങ്ങനെ എത്രയെത്ര രംഗങ്ങൾ ആവർത്തിക്കപ്പെട്ടു! പ്രസ്ഥാനത്തിൻെറ പ്രാദുർദശയിൽ പുനരൈക്യപ്പെട്ട വൈദികർക്കും വിശ്വാസികൾക്കും ഇത്തരം വിപരീതാനുഭവങ്ങളാണ് നേരിടേണ്ടിവന്നത്. തങ്ങൾ സേവനമനുഷ്ഠിച്ചിരുന്ന സഭയിൽ ലഭ്യമായിരുന്ന സൗകര്യങ്ങളും സ്ഥാന

www.malankaralibrary.com



മാനങ്ങളും പാടേ വിട്ടുപേക്ഷിച്ചാണ് അവർ സത്യത്തെ ശരണം പ്രാപിച്ചത്. അവർ ആശ്രയിച്ചത് അചഞ്ചലമായ ദൈവസ്നേഹത്തിൽ തങ്ങളെ നയിക്കാൻ പ്രാപ്തനായ നല്ല ഇടയനെയാണ്. ലൗകികനേട്ടങ്ങളോ പദവികളോ ഒന്നും അവർക്കു കാംക്ഷിക്കാനില്ലായിരുന്നു. ബംഗ്ലാവോ, കാറോ, എസ്റേററോ, എന്തിന് ആരാധനയർപ്പിക്കാൻ ഒരു ദേവാലയംപോലുമോ ഇല്ലാത്തകാലം. അത് നഷ്ടപ്പെടലുകളുടെ കാലമായിരുന്നു, സമർപ്പണത്തിൻെറ മാത്രം സമയമായിരുന്നു.

മാർ ഈവാനിയോസ് തിരുമേനിയുടെ പൈതൃകമായ വാത്സല്യവും, പതറാത്ത വ്യക്തിത്വവും, പ്രാർത്ഥനാജീവിതവും, സത്യബോധവും പുനരൈക്യത്തിൻെറ ദീപം പ്രകാശമാനമാക്കി; ആദ്യകാലദുരിതങ്ങളിൽനിന്ന് കരകയററി. ശൂന്യതയിൽ നിന്നായിരുന്നു തുടക്കം. സ്വർഗ്ഗരാജ്യത്തിനുവേണ്ടി സ്വയം സമർപ്പിച്ച ആ ത്യാഗിവര്യൻെറ ജീവിതം അനുയായികൾക്ക് വിലപ്പെട്ട വേദപുസ്തകമായി. അതിൽ അവർ ദൈവത്തിൻെറ കൈയൊപ്പു കണ്ടു.

# 15

# പ്രതിസന്ധിയുടെ നാളുകൾ

പ്രാതികൂല്യങ്ങൾക്കിടയിലും പ്രത്യാശയുടെയും പരസ്നേഹത്തിൻെറയും കൈവഴികൾ തെളിഞ്ഞുവന്നു. കേരളത്തിലെ സുറിയാനി കത്തോലിക്കാവിഭാഗം റോമൻ കത്തോലിക്കർ എന്നാണ് അക്കാലത്ത് അറിയപ്പെട്ടിരുന്നത്. ലത്തീൻ കത്തോലിക്കരിൽ നിന്ന് സ്വയം വേർതിരിക്കുന്നതിന് അവർ സ്വീകരിച്ച സംജ്ഞയായിരുന്നു അത്. മററു സുറിയാനിവിഭാഗങ്ങൾ കേരള കത്തോലിക്കാസഭയിൽ ഇല്ലാതിരുന്നതുകൊണ്ട് ആ അഭിധയ്ക്ക് അനൗചിത്യം അനുഭവപ്പെട്ടിരുന്നില്ല. മാർ ഈവാനിയോസ് തിരുമേനി 'റോമാസഭയിൽ ചേർന്നു' എന്ന് അക്കാലത്തുയർന്ന പരാമർശത്തിന് ഈ വിശേഷണം കാരണമായിത്തീർന്നു. സുറിയാനി കത്തോലിക്കാവിഭാഗത്തിൽപ്പെട്ട ചങ്ങനാശ്ശേരി രൂപതയിൽ നിന്നാണ് പുനരൈക്യ പ്രസ്ഥാനത്തിൻെറ പ്രാദുർഭാവദശയിൽ ഏററവുമധികം സഹായമെത്തിയത്. 1930 ഒക്ടോബർ രണ്ടിന് ചങ്ങനാശ്ശേരി കത്തീഡ്രൽ ദേവാലയത്തിൽ വച്ച് മാർ ഈവാനിയോസ് തിരുമേനിക്കും മാർ തെയോഫിലോസ് തിരുമേനിക്കും ഉജ്ജ്വലമായ വരവേല്പുനല്കി. വലിയപള്ളിയിൽ അന്ത്യോഖ്യൻ റീത്തിൽ തിരുമേനിമാർ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. തുടർന്നുനടന്ന സ്വീകരണസമ്മേളനത്തിൽ ചങ്ങനാശ്ശേരി ബിഷപ്പ് മാർ ജെയിംസ് കാളാശ്ശേരിയായിരുന്നു അദ്ധ്യക്ഷൻ. നിറഞ്ഞ ഹൃദയത്തിൽനിന്നു പുറപ്പെട്ട വാക്കുകൾ കൊണ്ടാണ് അദ്ദേഹം പുനരൈക്യശില്പിയെ സ്വാഗതം ചെയ്തത്. ആ മഹാപ്രസ്ഥാനത്തിൻെറ പുരോഗതിക്ക് എല്ലാസഹായവും അദ്ദേഹം വാഗ്ദാനം ചെയ്തു. അന്ത്യോഖ്യയിലെ കത്തോലിക്കാ പാത്രിയർക്കീസിൻെറ ഭരണനേതൃത്വം അംഗീകരിച്ചു പ്രവർത്തിക്കുന്നതിന് ആദ്യകാലത്തുണ്ടായ ആലോചനകൾ ഭേദപ്പെടുത്താനും മാർപ്പാപ്പായിൽനിന്നുനേരിട്ട് ആദ്ധ്യാത്മിക നൽവരം പ്രാപിക്കാനും മലങ്കരസഭയെ പ്രേരിപ്പിച്ചത് കാളാശ്ശേരി തിരുമേനിയായിരുന്നല്ലോ. ആ സന്മനോഭാവം പുനരൈക്യപ്രസ്ഥാനം രൂപംകൊണ്ട ശേഷവും ഏററവും ആത്മാർത്ഥമായി അദ്ദേഹം പ്രകടമാക്കി. മലങ്കര കത്തോലിക്കാസഭയിൽ സേവനമനുഷ്ഠിക്കുന്നതിന് ചങ്ങനാശ്ശേരി രൂപതയിൽപ്പെട്ട വൈദികാർത്ഥികളെ പ്രേരിപ്പിക്കുക; വിശ്വാസികളോട് ഇവിടത്തെ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുന്നതിന് നിർദ്ദേശിക്കുക; അത്യാവശ്യ

www.malankaralibrary.com



ഘട്ടങ്ങളിൽ ആളും അർത്ഥവും നല്കി സഹായിക്കുക എന്നിങ്ങനെ ആ നീർച്ചാലുകൾ ഒരുമിച്ചുചേർന്ന് ഔദാര്യത്തിന്റെ ഒരു മഹാപ്രവാഹമായി.

ചങ്ങനാശ്ശേരി ബിഷപ്പ് മാർ ജെയിംസ് കാളാശ്ശേരിയെപ്പോലെ തന്നെ പുനരൈക്യ പ്രസ്ഥാനത്തിന് പിന്തുണയും പ്രോത്സാഹനവും നല്കിയ മറ്റൊരു മഹാപുരോഹിതനാണ് എറണാകുളം അതിരൂപത മെത്രാപ്പോലീത്ത മാർ അഗസ്റ്റിൻ കണ്ടത്തിൽ. പിൽക്കാലത്ത് യാഥാർത്ഥ്യമായിത്തീർന്ന മലങ്കര ഹയരാർക്കിയുടെയും തിരുവനന്തപുരം അതിരൂപതയുടെയും സംസ്ഥാപനത്തിന് മാർ ഈവാനിയോസിൽ പ്രേരണ ചെലുത്തിയത് ആ മഹാപുരോഹിതനായിരുന്നു. തിരുവല്ല, അടൂർ എന്നീ കേന്ദ്രങ്ങളിൽ ഭദ്രാസനങ്ങൾ അനുവദിച്ചുകിട്ടുന്നതിനായിരുന്നു തുടക്കത്തിൽ മാർ ഈവാനിയോസ് തിരുമേനി പരിശ്രമിച്ചത്. എന്നാൽ കണ്ടത്തിൽ തിരുമേനി വ്യത്യസ്തമായ ദിശാബോധം നല്കി. തിരുവനന്തപുരത്ത് തന്നോടൊപ്പം ഒരു വിശ്വാസിയോ തലചായ്ക്കാൻ ഒരുതുണ്ടു ഭൂമിയോ ഇല്ല; പിന്നെങ്ങനെ ഹയരാർക്കിയുടെ തലസ്ഥാനമായി തിരുവനന്തപുരം അനുവദിച്ചു കിട്ടാൻ ശ്രമം നടത്തുമെന്ന പുനരൈക്യശില്പിയുടെ സന്ദേഹത്തിന് കണ്ടത്തിൽ തിരുമേനി ഒറ്റവാക്കിൽ സമാധാനം കണ്ടെത്തി: "പിതാവ് എവിടെയാണോ അവിടെ ആളും അർത്ഥവുമെല്ലാം ഉണ്ടാകും."

ആ മഹാത്മാവിനു പ്രവചനവരമുണ്ടായിരുന്നു. അന്ന് അടൂരിൽ ഒതുങ്ങിയെങ്കിൽ പുനരൈക്യ പ്രസ്ഥാനത്തിന് ഇപ്പോഴത്തെ അഭിവൃദ്ധിയും അന്തസ്സും ലഭ്യമാകുമായിരുന്നില്ലെന്നത് ഒരു കേവലയാഥാർത്ഥ്യം. ചങ്ങനാശ്ശേരിരൂപതയിൽ നിന്നെന്നപോലെ വൈദികാർത്ഥികളെ തിരുവനന്തപുരത്തേക്കു നിയോഗിക്കാൻ എറണാകുളം ആർച്ചുബിഷപ്പും സന്മനസ്സുകാട്ടി.

താൻ ജനിച്ചുവളർന്ന സമുദായത്തിലെ അംഗങ്ങളിൽ നിന്ന് നിരന്തരം പുറപ്പെട്ട എതിർപ്പുകൾക്കും ആക്ഷേപശരങ്ങൾക്കും ഇടയിൽ ഈ സാന്ത്വനം വിലപ്പെട്ട അനുഭവമായിരുന്നു. വൈദികരും വിശ്വാസികളും ധാരാളമായി പുനരൈക്യപ്പെട്ടുതുടങ്ങി. മലങ്കര സുറിയാനിസഭയുടെ പ്രധാന കേന്ദ്രങ്ങളിൽ പ്രവർത്തിച്ചിരുന്ന പ്രമുഖവൈദികരും ജനനേതാക്കളും അക്കൂട്ടത്തിൽ ഉൾപ്പെട്ടു. മാർ ഈവാനിയോസ് തിരുമേനിയുടെ വ്യക്തിപരമായ മഹത്ത്വത്തിൽ ആകൃഷ്ടരായിരുന്നു അവരിൽ അധികംപേരും. ആ മഹാൻ തങ്ങളെ സത്യത്തിന്റെ തുറമുഖത്തെത്തിക്കുമെന്ന് അവർക്കെല്ലാം തീർച്ചയായിരുന്നു . തങ്ങൾ അംഗങ്ങളായിരിക്കുന്ന സമൂഹം പരസ്പരം കലഹിച്ചും വ്യവഹാരങ്ങൾ നടത്തിയും തളരുകയാണ്. വിശ്വാസത്തിന്റെ ബലം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ആദ്ധ്യാത്മികതയുടെ ചൈതന്യം അപ്രത്യക്ഷമായിരിക്കുന്നു. ഐക്യവും സമാധാനവും പുരോഗതിയും അവിടെ ഒരു സ്വപ്നമായിപ്പോലും നിലനിൽക്കുന്നില്ല. സന്യാസചൈതന്യത്തിലൂടെ മലങ്കരസഭയ്ക്ക് ആദ്ധ്യാത്മികതേജസ്സു പകരാൻ ശ്രമിച്ച പിതാവിന്റെവഴി ദൈവാനുഗ്രഹത്തിന്റെ മാർഗ്ഗമാണെന്ന ഉറച്ച ബോദ്ധ്യം അനേകരെ പുനരൈക്യത്തിനു സന്നദ്ധരാക്കുകയായിരുന്നു.



യാക്കോബായ ഓർത്തഡോക്സ് മാർത്തോമ്മാ വിഭാഗങ്ങളിൽ ഭംഗിയുള്ള വലിയ ദേവാലയങ്ങളും സമ്പത്തും സ്ഥാപനങ്ങളുമൊക്കെ സുലഭമായിരുന്നു. അവയെല്ലാം ഉപേക്ഷിച്ചാണ് പുനരൈക്യപ്പെടേണ്ടിയിരുന്നത്. ഇവിടെ നല്ല ദേവാലയങ്ങളില്ല; ചെറിയ ഷെഡ്ഡുകളിലും ചില്ലറ പരിഷ്കാരങ്ങൾ വരുത്തിയ വീടുകളിലുമൊക്കെയാണ് ആരാധനകൾ നടത്തിയിരുന്നത്. തങ്ങളുടെ പൂർവ്വപിതാക്കന്മാരെ അടക്കിയ സിമിത്തേരികളിൽ പ്രാർത്ഥിക്കുവാനുള്ള അവസരങ്ങൾപോലും നഷ്ടപ്പെടുത്തുകയാണ്. കുടുംബബന്ധങ്ങളും വ്യക്തിബന്ധങ്ങളും ഏർപ്പെടുത്തുന്ന വിലക്കുകൾ ഏറെ.

ഈ പരിമിതികളെയൊക്കെ വിഗണിച്ച്, ശക്തമായ എതിർപ്പുകൾ നേരിട്ടുകൊണ്ടുതന്നെ വൈദികരും വിശ്വാസികളും പുനരൈക്യപ്രസ്ഥാനത്തിന്റെ സന്ദേശവാഹകരായി. പരീക്ഷണഘട്ടമായിരുന്നു ആദ്യത്തെ രണ്ടു വർഷം. ആഹാരത്തിനുപോലും വഴികാണാതെ കുഴങ്ങിയ നാളുകൾ. സഭയുടെ അസ്തിത്വം ഉറപ്പുവരുത്തുന്നപ്രഖ്യാപനങ്ങളൊന്നും റോമിൽനിന്ന് ഉണ്ടായിട്ടില്ല. ഇടനിലങ്ങളിൽ ഒറ്റപ്പെട്ട് ഒഴുകിയിരുന്ന നീർച്ചാൽ വേനൽച്ചൂടിൽ വരണ്ടുണങ്ങേണ്ടതായിരുന്നു. ഭാഗ്യമെന്നു പറയട്ടെ, ഇടയ്ക്കിടെ മഴ പെയ്തു. ഭൂമി നനഞ്ഞു കുതിർന്നു. നീരൊഴുക്കുകൾ ഉണ്ടായി. പുഴയിൽ വെള്ളം നിറഞ്ഞു. ചങ്ങനാശ്ശേരി, എറണാകുളം രൂപതകളിൽനിന്ന് സഹായങ്ങളുടെ പ്രവാഹമുണ്ടായി. കർമ്മലീത്താ വൈദികരുടെ സ്നേഹപൂർണ്ണമായ പരിലാളനയും പുനരൈക്യശിശുവിനെ അനാഥത്വത്തിൽനിന്നു കാത്തുരക്ഷിച്ചു.

മാർ ഈവാനിയോസ് തിരുമേനി കേരളത്തിലെ പ്രമുഖ ക്രൈസ്തവ കേന്ദ്രങ്ങളിൽ ദൈവവചനം പ്രഘോഷിക്കുന്നതിനു നിരന്തരം യാത്രചെയ്തു; സത്യത്തിന്റെ മാർഗ്ഗം പിന്തുടരുന്നതിനു തനിക്കുനൽകപ്പെട്ട കൃപാവരത്തെക്കുറിച്ച് സാക്ഷ്യപ്പെടുത്തി. ആ വചോവിലാസത്തിലും വിശ്വാസദാർഢ്യത്തിലും ആകൃഷ്ടരായി അനേകംപേർ അദ്ദേഹത്തെ പിന്തുടർന്നു. ഒന്നും ആശിക്കാനുണ്ടായിരുന്നില്ല; നഷ്ടപ്പെടലുകളായിരുന്നു ഏറെ. എന്നിട്ടും ആ കർമ്മപഥം സ്വീകരിക്കാൻ സന്നദ്ധരായവർക്കു ദൈവനിവേശിതമായ ഗുരുപ്രസാദമായിരുന്നു പ്രചോദനം.

പുനരൈക്യാനന്തരമുള്ള ആദ്യവർഷങ്ങളിൽ ഒരു പ്രസ്ഥാനം രൂപംകൊള്ളുന്നതിന്റെ പശ്ചാത്തലസൃഷ്ടിയാണ് നടന്നത്. കത്തോലിക്കാസഭയിൽ ഒരു പുതിയ ചൈതന്യത്തിന്റെ തുടിപ്പുകൾ അതുവഴി പ്രത്യക്ഷമായി. തിരുവിതാംകൂറിന്റെ സാമൂഹികാന്തരീക്ഷം ഏറെ കലുഷിതമായ കാലഘട്ടമായിരുന്നു അത്. വർണ്ണാശ്രമധർമ്മങ്ങൾ സമൂഹത്തെ നിയന്ത്രിച്ചുപോന്നു. സവർണ്ണമേധാവിത്തം സാധാരണ ജനജീവിതം ദുഷ്കരമാക്കി. പൊതുനിരത്തുകളിൽ സഞ്ചരിക്കാനും ദേവാലയങ്ങളിൽ ആരാധിക്കാനും ദുർബ്ബലവിഭാഗങ്ങളിൽപ്പെട്ട മനുഷ്യജീവികൾക്ക് അവകാശം നിഷേധിക്ക

www.malankaralibrary.com



പ്പെട്ടിരുന്നു. 'ഭ്രാന്താലയ'മെന്ന് മലയാളനാടിനു മറുപേരു പതിഞ്ഞ ദുർഭഗവ്യവസ്ഥിതിയുടെ അഴിഞ്ഞാട്ടമായിരുന്നു അത്.

തങ്ങളെ മനുഷ്യരായി അംഗീകരിക്കുന്ന ആദ്ധ്യാത്മികതയ്ക്കും സാമൂഹ്യഘടനയ്ക്കുംവേണ്ടി ഉയർന്ന അധഃസ്ഥിതരുടെ നിലവിളിക്ക് ആശ്വാസമരുളുന്ന ശക്തമായ സമീപനം മാർ ഈവാനിയോസ് തിരുമേനി കൈക്കൊണ്ടു. ദളിതരുടെ അവകാശസംരക്ഷണത്തെക്കുറിച്ചും ദളിത്സാഹിത്യത്തിന്റെ പരിപോഷണത്തെക്കുറിച്ചുമൊക്കെ ആവേശപൂർവ്വം സംസാരിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലേക്ക് ഇന്നു നാം പുരോഗമിച്ചിരിക്കുന്നു. പക്ഷേ ഇരുപതാം നൂററാണ്ടിന്റെ പ്രഥമഘട്ടത്തിൽ മാർ ഈവാനിയോസ് അനുഷ്ഠിച്ച ശക്തവും മനുഷ്യസ്നേഹപ്രേരിതവുമായ പരിശ്രമങ്ങളായിരുന്നു അതിന്റെ ആധാരശിലയെന്ന സത്യം വിസ്മരിച്ചുകൂടാ. പുറജാതികളെന്നു മുദ്രകുത്തപ്പെട്ടവരോട് അയിത്തം പുലർത്തുന്നവരായിരുന്നു ഇവിടത്തെ ദുർബ്ബലസമൂഹാംഗങ്ങൾപോലും. അവർക്കിടയിൽ പ്രവർത്തിക്കുകയും പന്തിഭോജനത്തിന് ധീരതകാട്ടുകയുംചെയ്ത സഹോദരൻ അയ്യപ്പനെപ്പോലുള്ള സാമൂഹ്യ പരിഷ്കരണ വാദികളെ പുലയനയ്യപ്പൻ എന്നു വിളിച്ചാക്ഷേപിക്കാൻ സ്വസമുദായാംഗങ്ങൾ തന്നെയും മടിച്ചിരുന്നില്ല. മിഷനറിമാരുടെ പ്രചാരണങ്ങളിലും പ്രലോഭനങ്ങളിലുംപെട്ട് ക്രിസ്തുമതാവലംബികളായിത്തീർന്നവർ ഏറെയുണ്ടായിരുന്നു. അവരെ 'പുതുക്രിസ്ത്യാനികൾ' എന്നു മുദ്രകുത്തി അഭിജാതക്രൈസ്തവസംസ്കാരം അകററി നിറുത്തുകയാണു ചെയ്തിരുന്നത്. ഈ താഴ്ത്തിക്കെട്ടൽ സുവിശേഷവൽകരണത്തിന്റെ അന്തസ്സത്ത നഷ്ടമാക്കി. അടിസ്ഥാനവർഗ്ഗത്തിൽപ്പെട്ടവരുടെ ആത്മാഭിമാനത്തെ തകർത്തുകളഞ്ഞു.

ഇതിൽനിന്നു തികച്ചും വ്യത്യസ്തമായ സമീപനമാണ് മാർ ഈവാനിയോസ് പുലർത്തിയത്. പെരുനാട്ടിലെ ബഥനി ആശ്രമം അനാഥർക്കും ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്കും അഭയകേന്ദ്രമായിരുന്നു. പുനരൈക്യത്തോടെ കർമ്മമണ്ഡലം കൂടുതൽ സ്വതന്ത്രവും ശക്തവുമായി തീർന്നപ്പോൾ ഹരിജനോദ്ധാരണപ്രവർത്തനങ്ങളിൽ തിരുമേനി പ്രത്യേകജാഗ്രത പുലർത്താൻ തുടങ്ങി. അധഃസ്ഥിതരുടെ ഉന്നമനത്തിന് അർപ്പിതമനസ്കനായിരുന്നു അദ്ദേഹം. 'മാർ ഈവാനിയോസിന്റെ അനാഥബാലൻ' എന്ന കൃതിയിൽ ഗ്രന്ഥകാരനായ ബി.ജി. ജേക്കബ് ഉപദേശി അനുസ്മരിക്കുന്നു:

> സാമാന്യം വിപുലമായ ഒരു പ്രസ്ഥാനം വളർത്തിയെടുത്തെങ്കിലേ തന്റെ ഉദ്യമം സഫലമാകു എന്നറിയാമായിരുന്ന വന്ദ്യതിരുമേനി പുനരൈക്യ പ്രസ്ഥാനത്തിന്റെ വിപുലീകരണത്തിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തു. യാക്കോബായ സഹോദരന്മാരുടെ എതിർപ്പു കാരണം അദ്ദേഹത്തിന്റെ ഉദ്യമം അത്ര എളുപ്പമായിരുന്നില്ല. ബഥനി സന്ന്യാസികളിൽ ചിലർ തന്റെ സംരംഭങ്ങൾക്ക് എതിരായിനിന്നത് അദ്ദേഹത്തെ വേദനിപ്പിച്ചു. എങ്കിലും അല്പവും നിരാശനാകാതെ എന്തു



> ത്യാഗം സഹിച്ചും പുനരൈക്യപ്രസ്ഥാനം വളർത്തിയെടുക്കും എന്നദ്ദേഹം ദൃഢനിശ്ചയംചെയ്തു. ഒരു പുതിയ പന്ഥാവുവെട്ടിത്തുറന്നു. പിന്നോക്കസമുദായങ്ങളിൽപ്പെട്ടവരെ കൂട്ടത്തോടെപ്രസ്ഥാനത്തിൽ ചേർക്കുക; അന്ന് അത് ഒരു സാഹസിക സംരംഭമായിരുന്നു. പാവപ്പെട്ടവരുടെയിടയിൽ ക്രിസ്തുവിന്റെ വെളിച്ചം പകരാൻ ദീപശിഖയുമേന്തി സധൈര്യം ഇറങ്ങിച്ചെന്ന അദ്ദേഹത്തെ പ്രകീർത്തിക്കാതിരിപ്പാൻ സാദ്ധ്യമല്ല. അടിമകളുടെ സ്വാതന്ത്ര്യത്തിനായി പടപൊരുതിയ ഏബ്രഹാം ലിങ്കനെപ്പോലെ ഈ കൊച്ചുകേരളത്തിൽ മാർ ഈവാനിയോസ് തിരുമേനി ക്രിസ്തുവിന്റെ നാമത്തിൽ പാവപ്പെട്ടവർക്കുവേണ്ടി ഒരു വിമോചനപ്രസ്ഥാനംനയിച്ച് വിജയം വരിച്ചു.
>
> ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലമാണ് പുല്ലാട്. അവിടെയാണ് വന്ദ്യപിതാവ് ഹരിജനങ്ങളുടെ ഇടയിൽ പ്രവർത്തനം ആദ്യമായി ആരംഭിച്ചത്. പുലയസമുദായത്തിൽപ്പെട്ട കുറെ ആളുകളെ മാമോദീസ കൊടുത്ത് തന്റെ പ്രസ്ഥാനത്തിന്റെ അംഗങ്ങളാക്കി. തീണ്ടലും തൊടീലും വളരെ പ്രബലമായിരുന്ന ഈ കാലഘട്ടത്തിൽ പാവപ്പെട്ട ഹരിജനങ്ങൾ വളരെ അസ്വാതന്ത്ര്യം അനുഭവിച്ചിരുന്നു. സവർണരുടെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന അവശസമുദായത്തിന് മാർ ഈവാനിയോസ് തിരുമേനിയുടെ ഈ സംരംഭം വളരെ ആശ്വാസകരമായിരുന്നു. ഓതറ എന്ന സ്ഥലത്ത് ഒരു ചാപ്പൽ ഉണ്ടാക്കി. ഏകദേശം ഇരുന്നൂററമ്പതോളം ആളുകളെ (പുലയർ) മാനസാന്തരപ്പെടുത്തി മാമോദീസ കൊടുത്ത് സഭയോടു ചേർത്തു.[1]

അടിമച്ചന്തയിൽ വിൽക്കപ്പെടുകയും പൊതുനിരത്തിൽ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കപ്പെടുകയും ദേവാലയവാതിലുകൾ മുന്നിൽ കൊട്ടിയടയ്ക്കപ്പെടുകയും ചെയ്ത മനുഷ്യവർഗ്ഗത്തിന് മാർ ഈവാനിയോസ് തിരുമേനി വിമോചകനായി. അസ്വാതന്ത്ര്യത്തിന്റെ വിലങ്ങുകൾ അദ്ദേഹം പൊട്ടിച്ചുകളഞ്ഞു. ദേവാലയത്തിന്റെ പ്രധാനകവാടം അവർക്കായി അദ്ദേഹം തുറന്നുകൊടുത്തു. പാവപ്പെട്ട മനുഷ്യസമൂഹത്തിന്റെ വ്യക്തിത്വം അംഗീകരിക്കാനും അവർക്ക് അറിവിന്റെ വെളിച്ചം പകർന്നുനൽകാനും മാർ ഈവാനിയോസ് സന്നദ്ധത പുലർത്തിയപ്പോൾ അവശജനവിഭാഗം കൂട്ടത്തോടെ അദ്ദേഹത്തെ പിന്തുടരാൻ സന്നദ്ധരായി. ഈ നവീകരണപ്രസ്ഥാനത്തിന്റെ പ്രവർത്തന വിജയമാണ് പിൽക്കാലത്ത്, 1938-ൽ, ക്ഷേത്ര പ്രവേശന വിളംബരത്തിന് കാരണമായി തീർന്നത്. അങ്ങനെ തിരുവിതാംകൂർചരിത്രത്തിലെ അതിപ്രധാനമായ സാമൂഹികപരിവർത്തനത്തിനു നേതൃത്വംനൽകാൻ അദ്ദേഹത്തിനു കഴിഞ്ഞു.

---

1. ജേക്കബ്, ബി. ജി. മാർ ഈവാനിയോസിന്റെ അനാഥബാലൻ (സ്മരണാഞ്ജലി). പു.77-78.

www.malankaralibrary.com



ക്ഷേത്രപ്രവേശനവിളംബരം തിരുവിതാംകൂർ രാജകുടുംബത്തിൻെറ ഔദാര്യത്തിനും സംസ്കാരത്തിനും സാക്ഷ്യമായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത് നിഷേധിക്കാവുന്നതല്ലതാനും. ബുദ്ധമതത്തിലേക്കോ ക്രിസ്തുമതത്തിലേക്കോ കൂട്ടമായി പരിവർത്തനം ചെയ്യാനും മനുഷ്യാവ കാശങ്ങൾ വീണ്ടെടുക്കാനും ഇവിടത്തെ അടിസ്ഥാന ജനസമൂഹം അക്കാലത്ത് ദൃഢനിശ്ചയം ചെയ്തിരുന്നുവെന്നതും അതോടൊപ്പം പരിഗണിക്കപ്പെടേണ്ട യാഥാർത്ഥ്യമാണ്.

പുനരൈക്യപ്രസ്ഥാനത്തിൻെറ പ്രാരംഭദശയിൽ മലങ്കര സുറിയാനി സഭയിൽനിന്ന് മാർ ഈവാനിയോസിനെ അനുഗമിക്കുന്നതിന് ജനങ്ങൾ വിമുഖത പുലർത്തിയപ്പോൾ അടിസ്ഥാനജനസമൂഹങ്ങളിൽപ്പെട്ടവർ അദ്ദേഹത്തെ പിൻചെന്ന് ശക്തിപകർന്നുവെന്ന സത്യം ഇപ്പോൾ വേണ്ടത്ര ഓർമ്മിക്കപ്പെടുന്നുണ്ടോ എന്നു സംശയമാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭ അതിൻെറ വ്യക്തിത്വം ഉറപ്പിച്ചുകഴിഞ്ഞപ്പോൾ ഈ പ്രാരംഭകാല പ്രവർത്തകർ ഇതിലുമെത്രയോ അധികം അനുസ്മരിക്കപ്പെടേണ്ടിയിരുന്നു. ഇക്കാര്യത്തിലുണ്ടായ ദിശാഭ്രംശംനിമിത്തം പലരും ക്രൈസ്തവ വിശ്വാസം പരിത്യജിച്ച് പൂർവ്വസമൂഹങ്ങളിലേക്കു മടങ്ങിപ്പോയിട്ടുണ്ട്. പരിവർത്തിത ക്രൈസ്തവർക്ക് ഭരണതലത്തിലുണ്ടായ നീതിനിഷേധങ്ങളും ഇതിനു കാരണമായിട്ടുണ്ടാവാം.

പരീക്ഷണങ്ങളുടെമദ്ധ്യേ ആടിയുലഞ്ഞ പുനരൈക്യനൗകയെ അപകട സന്ധികൾ തരണംചെയ്യുന്നതിനു സഹായിക്കാനെത്തിയ ത്യാഗധനരായ വൈദികരും ജനനേതാക്കളും കാലയവനികയിൽ മറഞ്ഞുകൊണ്ടിരിക്കുന്നു. എങ്കിലും വിശ്വാസതീക്ഷ്ണത നിറഞ്ഞ അവരുടെസേവനം എക്കാലവും സ്മരിക്കപ്പെടേണ്ടതാണ്. ആ ബലിപീഠത്തിലാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വ്യക്തിത്വം പ്രതിഷ്ഠിതമായിരിക്കുന്നത്. 1930-32 കാലഘട്ടം ഏതർത്ഥത്തിലും അഗ്നിപരീക്ഷകളുടെ സമയം തന്നെയായിരുന്നു. എങ്ങും ഒരാശ്രയമില്ലാതെ, പുരോഗതിയുടെ പാത വ്യക്തമാകാതെ സന്നിഗ്ദ്ധാവസ്ഥയിൽ കഴിയേണ്ടിവന്നു. പക്ഷേ ദൈവാശ്രയത്തിൽ അടിപതറാതെ, മനഃചാഞ്ചല്യമില്ലാതെ സ്വയമർപ്പിച്ചുകൊണ്ട് മാർ ഈവാനിയോസ് തിരുമേനി അനുചരവൃന്ദത്തെ നയിച്ചു. ഫറവോൻെറ അടിമത്തത്തിൽ നിന്ന് ഇസ്രായേൽ ജനതയെ വാഗ്ദത്തഭൂമിയിലേക്ക് പ്രത്യാനയിച്ച മോശെയുടെ ദൗത്യത്തെ അനുസ്മരിപ്പിക്കുന്നതായിരുന്നു ആ നിയോഗം.

# 16

# വിമർശനങ്ങൾക്കു നടുവിൽ

പുനരൈക്യപ്രസ്ഥാനത്തിൻെറ പരീക്ഷണഘട്ടത്തിൽ (1930-32) മാർ ഈവാനിയോസ് നടത്തിയ ഒട്ടേറെ പ്രസംഗങ്ങളിൽ സ്വന്തം നിലപാട് അർത്ഥശങ്കയ്ക്ക് ഇടവരാത്തവിധം വ്യക്തമാക്കാൻ ശ്രദ്ധിച്ചിരുന്നു. സ്വാർത്ഥ താത്പര്യങ്ങൾ തൊട്ടുതീണ്ടാത്ത, ആദ്ധ്യാത്മികതയിൽ മാത്രം അടിയുറച്ച ധീരവും ത്യാഗപൂർണ്ണവുമായ സുചിന്തിതതീരുമാനമായിരുന്നു അത്. കത്തോലിക്കാസഭയിൽനിന്ന് ധനമോ പദവിയോ ഒന്നും പ്രതീക്ഷയായിരുന്നില്ല. അത്തരം ആരോപണങ്ങളിൽ കുരുക്കി മാർ ഈവാനിയോസിനെയും അനുയായികളെയും അപമാനിക്കാൻ കുത്സിതശ്രമങ്ങൾ ഏറെ നടന്നിട്ടുണ്ട് എന്നതു മറക്കാനാവില്ല. ലഘുലേഖകൾ, പ്രസംഗങ്ങൾ, പത്രവാർത്തകൾ എന്നിവയൊക്കെ താത്കാലിക വിക്ഷോഭങ്ങളായി അവഗണിക്കാം. എന്നാൽ ഗ്രന്ഥരൂപേണനടന്ന കടന്നാക്രമണം പുനരൈക്യശില്പികൾ നേരിട്ട ക്രൂരമായ പ്രതികരണത്തിൻെറ ചരിത്രസാക്ഷ്യമായി നിലകൊള്ളുന്നു.

മാർ ഈവാനിയോസ് തിരുമേനിയും അനുയായികളും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുംമുൻപ് മലങ്കരയിൽ തുടർന്നുവന്ന കക്ഷിവഴക്കുകളും തന്മൂലമുണ്ടായ ശോച്യാവസ്ഥയും വിശദമാക്കിക്കൊണ്ട് 'മലങ്കര സഭയുടെ കുഴൽക്കണ്ണാടി' എന്നൊരു ഗ്രന്ഥം പ്രകാശിപ്പിച്ചിരുന്നു. മാർ ഈവാനിയോസിൻെറ പ്രായോഗിക നിർദ്ദേശങ്ങളും, ചേപ്പാട്ട് പീലിപ്പോസ് റമ്പാൻെറ ഗഹനങ്ങളായ ആശയങ്ങളും പുലിക്കോട്ടു ജോസഫ് റമ്പാൻെറ സരളവും ലളിതവുമായ ഭാഷാശൈലിയും ഒത്തിണങ്ങിയതായിരുന്നു ഈ ഗ്രന്ഥം.

മലങ്കര സഭയെ കാറും കോളും നിറഞ്ഞ ജലാശയത്തിലൂടെ, ചരിക്കുന്ന ചെറുവള്ളമായി ചിത്രീകരിച്ചുകൊണ്ട് രചിച്ച 'കുഴൽക്കണ്ണാടി'യുടെ തുടക്കം ഇപ്രകാരമാണ്:

> വേമ്പനാട്ടുകായൽ എന്നു കേട്ടാൽ വള്ളക്കാർക്കുപോലും പേടിയാണ്. ഒന്നാമത് അതിൻെറ വലുപ്പം; രണ്ടാമത് അതിലെ ഓളവും വലിവും. യാത്രക്കാരിൽ പലർക്കും അവിടെവച്ച് അകാലചരമം നേരിട്ടിട്ടുണ്ടെന്നാണ് പറഞ്ഞുകേട്ടിട്ടുള്ളത്. വേനൽക്കാലത്തു പോലും നെഞ്ചി

www.malankaralibrary.com



> ടിപ്പോടുകൂടിയല്ലാതെ ആർക്കും അതിലൂടെ യാത്ര ചെയ്യാൻ പ്രയാസമത്രേ. മിഥുനം, കർക്കിടകം മാസങ്ങളിലെ കാര്യം പിന്നെ പറയേണ്ടതുമില്ലല്ലോ. കണ്ണിൽ കുത്തിയാൽപ്പോലും കാണാൻ വയ്യാത്ത കൂരിരുട്ടത്തു തുള്ളിക്കൊരുകുടംവീതം മഴപെയ്തുകൊണ്ടിരിക്കവേ, ഒരു കൊച്ചുവള്ളത്തിലേറി അതിലൂടെ യാത്ര ചെയ്യുവാൻ ഇടയാകുന്നവർക്കുണ്ടാകുന്ന ഉള്ളിലെ കാളലും വെമ്പലും ആർക്കും ഊഹിച്ചറിയാവുന്നതായിരിക്കും.
>
> മലങ്കര സുറിയാനിസഭ ഒരു കൊച്ചുവള്ളമാണെന്നു തന്നെ വായനക്കാർ സങ്കല്പിക്കുക. എങ്കിൽ അതിപ്പോൾ കിടക്കുന്നതു വേമ്പനാട്ടുകായലിൽത്തന്നെ എന്ന് ആരും സമ്മതിക്കും. മുമ്പോട്ടും പിറകോട്ടും പോകാൻ കഴിവില്ലാതെ ആ കൊച്ചുവള്ളം വാസ്തവമായും കറങ്ങാൻ തുടങ്ങിയിരിക്കുകയാണ്. യാത്രക്കാർ കേവലം ജീവച്ഛവങ്ങളായി തീർന്നുമിരിക്കുന്നു. കരച്ചിലുമില്ല, പിഴിച്ചിലുമില്ല. രക്ഷാമാർഗ്ഗത്തെപ്പററിയുള്ള അഭിപ്രായപ്രകടനങ്ങളും കേൾക്കുവാനില്ല. ഓരോരുത്തരും അവരവരുടെ കാര്യം മാത്രം ആലോചിച്ചു ബദ്ധമൗനരായി കഴിഞ്ഞുകൂടുന്നു. 'ഇങ്ങനെയാണ് അവസാനമെങ്കിൽ അങ്ങനെയാവട്ടെ' എന്നു നിരാശരായി കണ്ണുമടച്ചിരിക്കുന്ന ചിലരെ അക്കൂട്ടത്തിൽ നിങ്ങൾക്കു കാണാം. ഇതിനാരാണ് ഉത്തരവാദി? ആരാണ് കുററക്കാരൻ? ഒരുത്തരുമല്ല. അതുമിതും പറഞ്ഞ് അനാവശ്യമായി ബഹളമുണ്ടാക്കാമെന്നു മാത്രം.[1]

കക്ഷിവഴക്കിൽ കലുഷമായ മലങ്കരസഭയേയും അതുനേരിടുന്ന പ്രതിസന്ധികളേയും യഥാതഥം വിലയിരുത്തിക്കൊണ്ടു രചിച്ച 'കുഴൽക്കണ്ണാടി'ക്ക് മറുപടി എന്ന നിലയിൽ പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്ത്' 'മലങ്കര സഭയുടെ ഭൂതക്കണ്ണാടി' എന്ന പേരിൽ പി. ജോൺ മാത്യു (കോട്ടയം) എന്നൊരാൾ ഗ്രന്ഥകാരനായി ഒരു പുസ്തകം പ്രകാശിപ്പിക്കുകയുണ്ടായി. 'കുഴൽക്കണ്ണാടി'യിൽ സ്വീകരിച്ചിരിക്കുന്ന ഭാഷയോ വിഷയവിശകലനത്തിലെ മാന്യതയോ ഒന്നും 'ഭൂതക്കണ്ണാടി'യിൽ ദർശിക്കാനാവുകയില്ല. ഏതോ ഭൂതാവേശിതനെപ്പോലെ ജല്പിക്കുകയാണ് ഗ്രന്ഥകാരൻ. ആദ്യഭാഗം ശ്രദ്ധിക്കുക:

> മലങ്കര സുറിയാനിസഭയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ആഭ്യന്തര കലഹങ്ങളുടെ പ്രധാനകാരണക്കാരിൽ ഒരാളും, അബ്ദേദുമിശിഹാ പാത്രിയർക്കീസു ബാവയെ മലയാളത്തിലേക്കു വരുത്തുന്നതിനും കാതോലിക്കാ സ്ഥാപനം ഇവിടെ ദൃഢരൂഢമാക്കുന്നതിനും അക്ഷീണം പരിശ്രമിച്ച സമുദായ ഭക്താഗ്രേസരനുമായ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത അവർകളും, അദ്ദേഹത്തിന്റെ ചരടുവലിക്കനുസരിച്ച് കൈപൊക്കുകയും താഴ്ത്തുകയും ചെയ്യത്തക്കവണ്ണം കേവലം ഒരു പാവയായി മെത്രാൻസ്ഥാനത്തേക്ക് ആരോഹണം ചെയ്യപ്പെട്ട തെയോഫിലോസ് എപ്പിസ്ക്കോപ്പ അവർകളും, 'വാളെടുത്തവനെല്ലാം വെളിച്ചപ്പാട്' എന്നു പറഞ്ഞതുപോലെ ഏതു രൂപത്തിനും ചാടുന്നതിനു സന്നദ്ധരായ ചില റമ്പാന്മാരും, ബഥനി ആശ്രമവാസികളെന്നു പറയപ്പെടുന്ന കുറേ കാവിവേഷധാരികളുംകൂടി 'മലങ്കര സഭയുടെ അധഃപതനത്തിലുള്ള ദുസ്സഹദുഃഖംമൂലം' ബഥനി ആശ്രമം വിട്ടു റോമാ സഭയിലേക്കു ചാടുന്നതിനും അരയും തലയും മുറുക്കി തിരുവല്ലായിലെവിടെയോ ഒരു വീടും വാടകയ്ക്കെടുത്ത് സുഖവാസം തുടങ്ങുന്നതിനും ആരംഭിച്ചിട്ടുള്ള വിവരം മലങ്കര സുറിയാനി സഭാംഗങ്ങളിൽ പലരും അറിഞ്ഞിരിക്കുമല്ലോ.
>
> തന്റെ മനോരാജ്യക്കോട്ടകളെല്ലാം ശിഥിലീഭവിച്ചതുമൂലം നിരാശനും ഭഗ്നോത്സാഹിയുമായി 'ഇനി എന്താണു വേണ്ടത്' എന്നാലോചിച്ചുകൊണ്ടിരുന്ന മാർ ഈവാനിയോസിനു ലഭിച്ച അനുചരൻ പുലിക്കോട്ടു റമ്പാൻ ആണെന്നു പറയുമ്പോൾ ബാക്കിയെല്ലാം ഊഹ്യമാണല്ലോ. 'കൊല്ലുന്ന രാജാവിനു തിന്നുന്ന മന്ത്രി!'
>
> കിട്ടിയ അവസരം നഷ്ടപ്പെടുത്താതെ റോമാസഭയിലേക്ക് ഒരു ചാട്ടം ചാടിയാൽ കാലതാമസം കൂടാതെ മെത്രാനായി യഥേഷ്ടം സുഖിച്ചാനന്ദിക്കാമെന്നുള്ള മോഹമാണ് അദ്ദേഹത്തെ ഇതിലേക്കു പ്രേരിപ്പിച്ചതെങ്കിൽ എന്തിന് അദ്ദേഹത്തെ ക്ലേശിപ്പിക്കുന്നു? അദ്ദേഹം ഇഷ്ടംപോലെ സുഖിച്ചുകൊള്ളട്ടെ. ഇപ്രകാരം പണിക്കരുമെത്രാന്റെയും പുലിക്കോട്ടു റമ്പാന്റെയും പ്രതാപ മഹിമകളെല്ലാം മാർ ദീവന്നാസ്യോസു തിരുമേനിയുടെ ആനുകൂല്യത്തെ ഒന്നിനെ ആശ്രയിച്ചാണിരിക്കുന്നതെന്ന പരമാർത്ഥം ഇവർ ഇരുവരും യഥാവിധി ഗ്രഹിച്ചിട്ടുള്ളതിനാലാണ് വലിയ മെത്രാച്ചന്റെ കാലം കഴിഞ്ഞാലത്തെ സ്ഥിതിയെപ്പററി ഇപ്പോഴേ അവർ ആലോചന ആരംഭിച്ചിരിക്കുന്നതെന്ന വസ്തുത സമുദായാംഗങ്ങളിൽ ചിലർക്കാർക്കും മനസ്സിലായിട്ടില്ലാത്തതിനാലാണ് അവർ ഇക്കാര്യത്തിൽ പരിഭ്രമം പ്രദർശിപ്പിക്കുന്നത്.

ഇനിയും തെയോഫിലോസ് മെത്രാന്റെയും ചേപ്പാട്ടു റമ്പാന്റെയും സ്ഥിതികൂടി ആലോചിച്ചശേഷം ഈ ഭാഗം അവസാനിപ്പിക്കാം. പണ്ടേതന്നെ 'His Master's Voice' (തന്റെ യജമാനന്റെ ശബ്ദം) എന്ന അന്വർത്ഥനാമം സമ്പാദിച്ചിട്ടുള്ള മാർ തെയോഫിലോസ്, മാർ ഈവാനിയോസിന്റെ പാവയോ, കിളിയോ ആണെന്നു പറയുന്നതിൽ യാതൊരബദ്ധവുമില്ല. ഇദ്ദേഹം വിദ്യാർത്ഥിയായിരുന്ന കാലത്ത് സഹപാഠികൾ വിളിച്ചുപോന്ന പേരാണ് മേൽചേർത്തത് . അന്നുതന്നെ പണിക്കരച്ചന്റെ പാവയായി കണക്കാക്കപ്പെട്ടിരുന്ന ഈ സാധു ഇപ്പോൾ മാർ ഈവാനിയോസിന്റെ സഹായവും ആനുകൂല്യവും കൊണ്ടു മെത്രാനായിത്തീർന്നുവെങ്കിൽ അന്നത്തെക്കാൾ എത്രയോ

1. പുലിക്കോട്ട് ജോസഫ് റമ്പാൻ, മലങ്കര സഭയുടെ കുഴൽക്കണ്ണാടി. പു. 1-2.

www.malankaralibrary.com



മടങ്ങു കൂടുതൽ ഇന്നു പരാധീനനായിതീർന്നിരിക്കണം എന്നു നമുക്ക് ഊഹിക്കാവുന്നതാണ്. അദ്ദേഹത്തിൻെറ സാധുപ്രകൃതത്തെയും ഈശ്വര ഭക്തിയെയും മാത്രം പരിഗണിച്ചാണ് മേൽപ്പട്ടസ്ഥാനത്തേക്ക് ഉയർത്തുന്നതിൽ അന്ന് ആരും ഭിന്നാഭിപ്രായം പ്രകടിപ്പിക്കാതിരുന്നത്. ഏതായാലും, സ്വശക്തിയോ തൻേറടമോ ഇല്ലാത്ത ഭീരുക്കൾക്ക് സ്ഥാനമാനങ്ങൾ നൽകിയാലത്തെ ഫലം എന്താണെന്നു സുറിയാനി സമുദായം ഇനിയെങ്കിലും പഠിക്കട്ടെ[2]

എത്ര അപഹാസ്യമായ സമീപനരീതിയാണ് ഗ്രന്ഥരചനയിൽ പുലർത്തിയിരിക്കുന്നത്! മലങ്കര സുറിയാനി സഭയ്ക്ക് മാർ ഈവാനിയോസ് വഴി കൈവന്ന നേട്ടങ്ങൾ തികച്ചും വിസ്മരിച്ചിരിക്കുന്നു! സഭയിൽ ഐക്യം സൃഷ്ടിക്കാനും വട്ടശ്ശേരിൽ തിരുമേനിയെ ശാപവിമുക്തനാക്കാനും ഉദ്ദേശിച്ച് മാർ ഈവാനിയോസ് മുൻകൈ എടുത്തു നടത്തിയ കാതോലിക്കാ സ്ഥാപനം ഉൾപ്പെടെയുള്ള മഹാസംഭവങ്ങൾ പരിഹസിച്ചുരസിക്കുന്ന ഗ്രന്ഥകാരൻ മാർ ഈവാനിയോസിനു നേർക്ക് ഓങ്ങുന്ന കോടാലികൊണ്ട് താൻ സുഖമായി വാഴുന്ന മരത്തിൻെറതന്നെ കട മുറിക്കുകയാണെന്ന് അറിയുന്നില്ല! മലങ്കര സഭാചരിത്രത്തിലെ പ്രകാശനക്ഷത്രങ്ങളായ വൈദിക ശ്രേഷ്ഠന്മാരെ എത്ര നിന്ദ്യമായ ഭാഷയിലാണ് ചിത്രീകരിക്കുന്നത്!

ഇതിനുപകരം സഭയുടെ ഐക്യത്തിനും പുരോഗതിക്കും ഉതകുന്ന മാർഗ്ഗങ്ങളെക്കുറിച്ച് ഒരു തുറന്ന ചർച്ചയ്ക്ക് 'ഭൂതക്കണ്ണാടി' ക്കാരൻ സന്നദ്ധനായിരുന്നെങ്കിൽ ചിത്രം മററൊന്നായേനെ. നിർഭാഗ്യവശാൽ അത്തരമൊരു സർഗ്ഗാത്മകനടപടിക്ക് അന്ന് മലങ്കര സുറിയാനിസഭ സന്നദ്ധമായില്ല. സത്യത്തിൻെറയും സ്നേഹത്തിൻെറയും ശാന്തിയുടെയും അന്തരീക്ഷം അകന്നുപോകുകയും ചെയ്തു.

മാർ ഈവാനിയോസ് തിരുമേനിക്കെതിരെയുണ്ടായ അപവാദപ്രചാരണങ്ങളെ സമർത്ഥമായി നേരിടാൻ എം. എം. വർക്കി രചിച്ച 'മലങ്കര സഭയുടെ എക്സറേ' എന്ന കൃതിക്കു കഴിഞ്ഞു. വിവിധ വൃത്താന്തപത്രങ്ങളിൽ പ്രത്യക്ഷപ്പെട്ട പരാമർശങ്ങൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം ആ മഹത്തായ വ്യക്തിത്വം വെളിവാക്കുന്നു:

> മലങ്കര യാക്കോബായസഭയുടെ അഭിമാനസ്തംഭം, സമുദായപ്രമാണി, പൊതുജനസമ്മതൻ, ത്യാഗധീരൻ, സമുദായത്തിൽ സമാധാനം പാലിക്കുവാൻ അതിയായി ശ്രമിച്ചിട്ടുള്ള ഒരു ധീരപുരുഷൻ, അബ്ദള്ള, അബ്ദദ് മ്ശിഹാ എന്നീ പാത്രിയർക്കീസന്മാരോടും ഒസ്താത്തിയോസ്, യൂലിയോസ് എന്നീ ശീമബാവാമാരോടുംഉള്ള അടുത്തപരിചയത്തിൻെറ ഫലമായി യാക്കോബായസഭയുടെ ഊറിക്കിടക്കുന്ന മ്ലേച്ഛതകളെ കാണുവാനും അറിവാനും ഇടവന്നിട്ടുള്ള ഒരു വന്ദ്യദേഹം, വട്ടിപ്പണക്കേസിൽ മെത്രാൻകക്ഷിയുടെ വലംകൈ, എം. എ. ശെമ്മാശ്ശൻ, പണിക്കരച്ചൻ, ഹൈസ്കൂൾ ഹെഡ്മാസ്ററർ, ആബോ പി.ററി. ഗീവർഗീസ്, സെറാമ്പൂർ പ്രൊഫസർ, സുറിയാനി ഭാഷയിൽ ഒരു തികഞ്ഞ പണ്ഡിതൻ, റാബിൻസൺ ഗ്രാമർ എന്ന സുറിയാനി വ്യാകരണത്തിൻെറ കർത്താവ്, സർവ്വകലാശാലയിലെ സുറിയാനി പരീക്ഷകൻ, ബഥനി ആശ്രമത്തിൻെറയും ബാലികാമഠത്തിൻെറയും അനാഥമന്ദിരത്തിൻെറയും സ്ഥാപകൻ, പരോപകാരതത്പരൻ, സുപ്രസിദ്ധ വാഗ്മി, ഉദാരശീലൻ, മഹാമനസ്കൻ, യാക്കോബായ സഭയുടെ ചരിത്രം, വിശ്വാസം, ഭരണഘടന ഇതുകളിൽ വേണ്ട പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള ഒരാൾ, സമുദായസേവനത്തിൻെറ ഫലമായി നിരവധി കഷ്ടങ്ങൾ സഹിച്ചിട്ടുള്ള ഒരു സത്യാഗ്രഹി എന്നിങ്ങനെ പലവിധത്തിൽ മലയാളികൾക്കുതന്നെയല്ല, ഇററലി, ഇംഗ്ലണ്ട്, അയർലണ്ട്, ജർമ്മനി, അമേരിക്ക മുതലായ രാജ്യങ്ങളിലുള്ള പല പണ്ഡിതന്മാർക്കുകൂടെയും സുപരിചിതനായ ഒരാളാണ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത അവർകൾ (നസ്രാണി ദീപിക) എന്നു യാതൊരുവക ഹൃദയചാഞ്ചല്യവും കൂടാതെ ആർക്കും പറയാവുന്നതാണ്.

അദ്ദേഹത്തെ ഒരുവിധമെങ്കിലും പരിചയമില്ലാത്തവർക്ക് ഈ വർണ്ണന ഒരുപക്ഷേ അതിശയോക്തിയുടെ പാരമ്യമായോ അദ്ദേഹം തിരുസഭാപ്രവേശം ചെയ്തതിനാലുണ്ടായ പക്ഷപാതഫലമായോ തോന്നിയേക്കാം. എന്നാൽ എൻെറ എളിയ അഭിപ്രായത്തിൽ അദ്ദേഹത്തെ സംബന്ധിച്ച് യാക്കോബായ സഹോദരങ്ങളുടെതന്നെ പ്രസ്താവനകളെ ആസ്പദമാക്കി ചെയ്തിരിക്കുന്ന ഈ വർണ്ണന ഇനിയും അപൂർണ്ണമായിരിക്കുന്നു എന്നാണ്. ഒരു യാക്കോബായക്കാരൻ എന്നനിലയിൽ ദീർഘകാലം അദ്ദേഹത്തെ അറിയുന്നതിനും, കുറേകാലം അദ്ദേഹത്തെ അനുഗമിക്കുന്നതിനും ഇടയായിട്ടുള്ള എനിക്ക് അദ്ദേഹത്തിൽ പ്രശോഭിതമായി കാണുന്ന നിരവധി ഗുണങ്ങളുടെ ഏതാണ്ടൊരു ച്ഛായ മാത്രമാണ് ആ വർണ്ണനയിൽ കാണുന്നതെന്ന് ധൈര്യമായി പറയുവാൻ കഴിയും. അദ്ദേഹം ഇന്ന് ഒരു യാക്കോബായക്കാരൻ അല്ലെന്നിരുന്നിട്ടും, ആ വർണ്ണനയിൽ പറയുംപ്രകാരമോ അതിലുപരിയായോ അദ്ദേഹത്തെ കീർത്തിച്ചുവരുന്ന പല യാക്കോബായക്കാരെയും ഈയിടെ എനിക്കു കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ സഫ്രഗനായ മാർ തിയോഫിലോസ് തിരുമേനിയാകട്ടെ, യഥാർത്ഥ ദൈവഭക്തിയുടെ ഒരു പ്രതിച്ഛായയാണെന്ന് യാക്കോബായക്കാരാൽ മാത്രമല്ല, ഇതര സമുദായങ്ങളാൽ പോലും കീർത്തിക്കപ്പെട്ടിട്ടുള്ള ഒരു സമുദായഭക്താഗ്രേസരനാണ്. ഈ കൊച്ചുതിരുമേനിയുടെ അനുഗ്രഹ പ്രാർത്ഥനകൾക്കായി അസംഖ്യം നവീകരണക്കാർപോലും അദ്ദേഹത്തെ ഇടവിടാതെ സമീപിച്ചിരിക്കുന്നു എന്നുള്ളത് അധികം പരസ്യമാകാത്ത ഒരു രഹസ്യമാണ്. ഇന്ന് ഇപ്പോൾ അദ്ദേഹത്തിൻെറ വൈരി

2. ജോൺ മാത്യു, പി. മലങ്കര സഭയുടെ ഭൂതക്കണ്ണാടി. പു. 1-2.

www.malankaralibrary.com



കളായി വേഷം കെട്ടിയിരിക്കുന്നവർക്കു പോലും അദ്ദേഹം തൻെറ മേലാവായിരുന്ന മാർ ഈവാനിയോസ് തിരുമേനിയെ അനുസരിച്ച് ജീവിച്ചിരുന്നു എന്നുള്ള ഒരപരാധം-ഇതൊരപരാധമാണെങ്കിൽ-മാത്രമേ കെട്ടിച്ചമയ്ക്കുന്നതിനു സാധിച്ചിട്ടുള്ളൂ എന്നോർക്കുമ്പോൾ ഈ കൊച്ചുതിരുമേനിയുടെ ജീവിതത്തിൻെറ ശരിയായ ച്ഛായ നമ്മിൽ ഉണ്ടാകാതിരിക്കുന്നതല്ല. മേലദ്ധ്യക്ഷന്മാരെ അനുസരിച്ചു പരിചയിച്ചിട്ടില്ലാത്ത ഒരു ജനസഞ്ചയം ഇന്ന് അദ്ദേഹത്തിൽ ഈ സ്വഭാവവിശേഷം അപരാധമായി ചുമത്തുന്നതിൽ ആരും അദ്ഭുതപ്പെടേണ്ടതില്ല.[3]

പുനരൈക്യ പ്രസ്ഥാനത്തിൻെറ അന്തരാളഘട്ടത്തിലെ പീഡനങ്ങളും പ്രശംസകളും മാറി മാറി ലഭിക്കുന്നതിനിടയിൽ പ്രധാന ക്രൈസ്തവ കേന്ദ്രങ്ങളിൽ വേരുറപ്പിക്കുന്നതിന് മാർ ഇവാനിയോസ് തിരുമേനി പ്രത്യേക ജാഗ്രത പുലർത്തിയിരുന്നു. തൻെറ ദൗത്യത്തെക്കുറിച്ച് കത്തോലിക്കാ കേന്ദ്രങ്ങളിൽ വിശ്വാസം സൃഷ്ടിക്കുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞു.

പ്രസംഗപരിപാടികളും കൺവൻഷനുകളും ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ ലേഖനങ്ങളുമെല്ലാം അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം മാർ ഈവാനിയോസിൻെറ അന്വേഷണപഥം വെളിപ്പെടുത്തുന്നതായിരുന്നു. ആസ്തിക്യബോധം തികഞ്ഞ ഒരു സത്യാന്വേഷി സ്വാഭാവികമായി എത്തിച്ചേരുന്ന ലക്ഷ്യത്തിലേക്കാണ് നിർഭയനായി അദ്ദേഹം യാത്രചെയ്തത്. വിപരീതസന്ധികൾ തരണം ചെയ്യുന്നതിൽ പുലർത്തിയ അസാധാരണമായ ധീരതയും അതിനുവേണ്ടി എന്തും പരിത്യജിക്കുന്നതിനുള്ള സന്നദ്ധതയും ആ വ്യക്തിത്വത്തിനു ഭാസുരമായ ചൈതന്യം പകർന്നു.

കെട്ടുകഥകളുടെ കോട്ടകളിൽനിന്നും കുററാരോപണങ്ങളുടെ കുരുക്കുകളിൽനിന്നും ഈവാനിയോസ് തിരുമേനിയെ മോചിപ്പിച്ചെടുത്ത് സത്യസന്ധമായ സമീപനം സ്വീകരിച്ചാൽ വ്യക്തമാകുന്ന സവിശേഷത ഇതു തന്നെയാണ്; ഈ ത്യാഗസന്നദ്ധത. സെറാമ്പൂരിൽ പ്രൊഫസറായിരിക്കേ അതുപേക്ഷിച്ച് സന്ന്യാസം വരിച്ചു. മുണ്ടൻമലയെ ശരണീകരിച്ചു. സത്യത്തിൻെറ മാർഗ്ഗം തേടിയപ്പോൾ താൻ കെട്ടിപ്പടുത്ത ആശ്രമവും പ്രിയതരമായ അന്തരീക്ഷവും ഉപേക്ഷിച്ച് ഒന്നുമില്ലാത്തവനായി ഇറങ്ങിപ്പോരാൻ അദ്ദേഹം സന്നദ്ധനായി. സ്വർഗ്ഗരാജ്യം സ്വന്തമാക്കാൻ ആഗ്രഹിക്കുന്നെങ്കിൽ തനിക്കുള്ളതെല്ലാം പരിത്യജിച്ച് കുരിശുമെടുത്ത് രക്ഷകനെ പിന്തുടരാനുള്ള ദൈവികാഹ്വാനം യാഥാർത്ഥ്യമാക്കുന്നതിൽ വ്രതനിഷ്ഠ പുലർത്തിയ മാഹാത്മാവാണ് മാർ ഈവാനിയോസ്.

ഇന്ത്യൻ ദേശീയരംഗത്ത് പ്രബുദ്ധത അനുഭവപ്പെട്ട കാലഘട്ടത്തിലാണ് മാർ ഈവാനിയോസ് തിരുമേനിയുടെ കർമ്മജീവിതവും സജീവമായത്. ഭാരതീയ നവോത്ഥാനത്തോടൊപ്പം കേരളത്തിൻെറ സാമൂഹിക വിദ്യാഭ്യാസ

3 വർക്കി എം. എം., മലങ്കര സഭയുടെ എക്സറേ. പു. 261.



രംഗങ്ങളിലും പരിവർത്തനത്തിൻെറ ആവേശം പ്രകടമായിരുന്നു. സ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ സമരമുഖങ്ങൾ രാഷ്ട്രീയമണ്ഡലത്തിൽ മാത്രം ഒതുങ്ങിനിന്നില്ല. എല്ലാരംഗങ്ങളിലും അത് നവീകരണത്തിനുള്ള ആഹ്വാനമായി. തിരുവിതാംകൂറിൻെറ വിദ്യാഭ്യാസ മതാത്മകരംഗങ്ങളിൽ ഉണ്ടായ മുന്നേററങ്ങൾ മുഖ്യമായും മാർ ഈവാനിയോസിൻെറ ദർശനങ്ങളിൽ അധിഷ്ഠിതമായിരുന്നു. അങ്ങനെ ചരിത്രപരമായ മഹാദൗത്യമാണ് ആ ക്രാന്തദർശി നിർവ്വഹിച്ചത്.

ഏതു പ്രതിസന്ധിയും നേരിടുന്നതിനുള്ള സന്നദ്ധതയും ധീരതയും പ്രകടിപ്പിച്ച മാർ ഈവാനിയോസ് തിരുമേനിയുടെ അനന്യമായ വ്യക്തിപ്രഭാവം പ്രാർത്ഥനയും ധ്യാനവുംവഴി സ്വയത്തമാക്കിയ ആത്മീയതയിൽ അധിഷ്ഠിതമായിരുന്നുവെന്ന് ബഥനി സന്ന്യാസ സമൂഹത്തിൽ ഇന്നു ജീവിച്ചിരിക്കുന്നവരിൽ പ്രായംകൂടിയ വന്ദ്യവൈദികനും പുനരൈക്യപ്രസ്ഥാനത്തിൻെറ ആദ്യകാലപ്രവർത്തകനുമായ ഫാദർ പക്കോമിയോസ് ഒ.ഐ.സി. അനുസ്മരിക്കുന്നു:

> സ്വയംമറന്ന് പ്രാർത്ഥനയിൽ ലയിക്കുന്നതായിരുന്നു ആ പ്രകൃതം. കണ്ണുകളടച്ച് ധ്യാനനിമഗ്നനായി നിന്നുകൊണ്ട് ദൈവസന്നിധിയിൽ സ്വയമർപ്പിക്കുകയും മററുള്ളവരെ ഭക്തിയിൽ ലയിപ്പിക്കുകയും ചെയ്തിരുന്നു. വിശുദ്ധകുർബ്ബാനയോടെയാണ് ദിനാരംഭങ്ങൾ. എട്ടുയാമങ്ങളിലും പ്രാർത്ഥന. സ്ഫുടമായ ഉച്ചാരണം, മുഴക്കമുള്ള ശബ്ദം.
>
> പ്രാർത്ഥനയിലും ദൈവാശ്രയത്തിലും അടിയുറച്ച ഒരു സഭയുടെ സൃഷ്ടിയായിരുന്നു മാർ ഈവാനിയോസ് തിരുമേനിയുടെ ലക്ഷ്യം. പുനരൈക്യവേളയിൽ മലങ്കര കത്തോലിക്കാസഭയെ മാർപ്പാപ്പായുടെ നേരിട്ടുള്ള ആത്മീയനിയന്ത്രണത്തിൽ ഒരു സ്വതന്ത്രസഭയായി നിലനിറുത്തുവാനാണ് അവിടുന്ന് ആഗ്രഹിച്ചത്. 'ഒരു ഇടയനും ഒരു തൊഴുത്തും' എന്ന ആശയം തൻെറ സഭയിൽ യഥാർത്ഥമാക്കണമെന്ന് വലിയ മോഹമായിരുന്നു. വിമർശനങ്ങൾക്കും തെററിദ്ധാരണകൾക്കുമൊക്കെ ഇടയിൽ മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വം കാത്തുസൂക്ഷിക്കാൻ പ്രത്യേകം ശ്രദ്ധവച്ചു. മാർ ഈവാനിയോസ് തിരുമേനിയുടെ ആദ്ധ്യാത്മികദർശനം ഇപ്പോൾ കൂടുതൽ കൂടുതൽ പ്രസക്തമായിവരികയാണ്.

(അഭിമുഖ സംഭാഷണത്തിൽനിന്ന്)

www.malankaralibrary.com

# 17

# നല്ല മകൻ

1932ഏപ്രിൽ മാസത്തോടെ പുനരൈക്യപ്രസ്ഥാനത്തിൻെറ ചരിത്രത്തിൽ ഒരു പുതുയുഗം പിറക്കുകയായി. അന്തരീക്ഷത്തിൽ അലഞ്ഞു നടന്ന കാർമേഘങ്ങൾ അപ്രത്യക്ഷമായി. മാർ ഈവാനിയോസിൻെറ മാർഗ്ഗത്തിലേക്ക് ലോകത്തിൻെറ കണ്ണുകൾ തിരിഞ്ഞു. അയർലണ്ടിൻെറ തലസ്ഥാനമായ ഡബ്ളിനിൽ ചേരുന്ന മുപ്പത്തിരണ്ടാമത് അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസിൽ സംബന്ധിക്കുന്നതിന് മാർ ഈവാനിയോസ് തിരുമേനിക്കു ക്ഷണം ലഭിച്ചു. അദ്ദേഹത്തിൻെറ വ്യക്തിമാഹാത്മ്യവും പാണ്ഡിത്യവും പ്രസംഗപാടവവും ഗ്രഹിച്ച വിവിധ യുറോപ്യൻ സർവ്വകലാശാലകളിൽ നിന്നുമുണ്ടായി ക്ഷണം. ഭാരതീയസാഹിത്യം, മലയാളസാഹിത്യം, ഭാരതീയതത്ത്വചിന്തയും മതവും, ഭാരതീയ ശില്പകലാവിദ്യയും ശില്പവും, വിശിഷ്ടാദ്വൈതം, ഭാരതീയ സുകുമാരകലകൾ, ഭാരതത്തിലെ പുരാതന രാഷ്ട്രീയ സ്ഥാപനം, ഇന്ത്യയിൽ കലകളുടെ ആധുനിക നവോത്ഥാനം, കേരളത്തിൻെറ ചരിത്രവും സാമ്പത്തികനിലയും സംസ്കാരവും എന്നിവയാണ് പ്രഭാഷണ വിഷയങ്ങളായി നിർദ്ദേശിക്കപ്പെട്ടിരുന്നത്.

ഈ സന്ദർഭം ഏററവും പ്രയോജനകരമാക്കിത്തീർക്കുന്നതിന് തിരുമേനി തീർച്ചയാക്കി. ആദ്യം റോമിലെത്തി മാർപ്പാപ്പയെ സന്ദർശിക്കാനും പുനരൈക്യപ്രസ്ഥാനത്തിൻെറ സുഗമമായ പുരോഗതിക്ക് ആവശ്യമായ ചില ആനുകൂല്യങ്ങൾ സമ്പാദിക്കാനും ലക്ഷ്യമിട്ടു. 'സ്വാഗതം, വലിയ സ്വാഗതം' (Welcome, A Big Welcome) എന്ന് ആശംസിച്ച് പതിനൊന്നാം പീയൂസ് മാർപ്പാപ്പാ അദ്ദേഹത്തെ സ്വാഗതംചെയ്തുകഴിഞ്ഞിരുന്നെങ്കിലും ഒരഭിമുഖദർശനം ഇനിയും സംഭവിച്ചിരുന്നില്ല. പരിശുദ്ധ പിതാവിനോടുള്ള നന്ദിയും ബഹുമാനവും പ്രകടിപ്പിക്കുന്നതിന് ഈ അവസരം ഉപയോഗപ്പെടുത്തുന്നതിന് മാർ ഈവാനിയോസ് ആഗ്രഹിച്ചു. പുനരൈക്യപ്രവർത്തനങ്ങൾ കേരളമെങ്ങും വ്യാപിപ്പിക്കുന്നതിന് തിരുവനന്തപുരം ആസ്ഥാനമാക്കിക്കൊണ്ട് ഒരു വൈദികസംസ്ഥാനം (ഹയരാർക്കി) അനുവദിച്ചുകിട്ടേണ്ടതും ആവശ്യമായിരുന്നു.

ഏപ്രിൽ 11-ന് ബോംബേയിൽനിന്ന് കപ്പൽമാർഗ്ഗം യാത്രതിരിക്കാനായിരുന്നു തീരുമാനം. തൻെറ അസാന്നിദ്ധ്യത്തിൽ പ്രസ്ഥാനത്തിൻെറ പുരോ



ഗതിക്കു ഭംഗം വരാതിരിക്കുന്നതിനുള്ള ഏർപ്പാടുകൾ മുൻകൂട്ടി കൈക്കൊണ്ടു. തിരുവനന്തപുരത്ത് കുന്നുകുഴിയിൽ ഡോ. മാനുവലിൻെറ കെട്ടിടം പ്രതിമാസം 15 രൂപ എന്ന നിരക്കിൽ വാടകയ്ക്കെടുത്തു. ബഥനി ആശ്രമസ്ഥരായ ഫാദർ ജോഷ്വാ, ഫാദർ ബർസ്ലീബ എന്നിവർ അവിടെ താമസമാക്കുന്നതിന് ഏർപ്പാടാക്കി. മാർ തെയോഫിലോസ് തിരുമേനിക്കു താമസിക്കുന്നതിന് തിരുവല്ലായിലും ഒരു വാടകവീട് കണ്ടെത്തി. പുലിക്കോട്ടിൽ റമ്പാച്ചനെയും ചേപ്പാട്ടു റമ്പാച്ചനെയും തിരുമൂലപുരത്തു തന്നെ തുടർന്നു താമസിക്കുന്നതിന് നിയോഗിച്ചു. വിദേശയാത്രയിൽ തന്നെ സഹായിക്കുന്നതിനും ആവശ്യമായ ഘട്ടങ്ങളിൽ ദ്വിഭാഷിയായി വർത്തിക്കുന്നതിനും ബഹുഭാഷാപണ്ഡിതനും ചങ്ങനാശ്ശേരി സെൻറ് ബർക്കുമൻസ് കോളജ് പ്രൊഫസറുമായിരുന്ന ഫാദർ സി. കെ. മററത്തെയാണ് തെരഞ്ഞെടുത്തത്.

മാർ ഈവാനിയോസിൻെറ റോമായാത്രയുടെ വിവരങ്ങൾ കുറേശ്ശെയായി പുറത്തുവന്നു. അദ്ദേഹം മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ച് ആനുകൂല്യങ്ങൾ സമ്പാദിക്കുമെന്നും അതുവഴി പുനരൈക്യപ്രസ്ഥാനത്തിന് പുതിയൊരു ചൈതന്യം സംജാതമാകുമെന്നും വ്യക്തമായി. അതിനു വിഘാതം സൃഷ്ടിക്കണമെന്ന കുടിലചിന്ത ചില കേന്ദ്രങ്ങളിൽ രൂപം കൊണ്ടു. അക്കാലത്ത് മാവേലിക്കരയ്ക്ക് അടുത്ത് വാണാച്ചിറപള്ളി സംബന്ധിച്ച് ആലപ്പുഴ ഫസ്ററ്ക്ലാസ് മജിസ്ട്രേററു കോടതിയിൽ ഒരു ക്രിമിനൽ കേസ് നടക്കുന്നുണ്ടായിരുന്നു. മാർ ഈവാനിയോസ് തിരുമേനിയായിരുന്നു ഈ കേസിൽ ഒന്നാം സാക്ഷി. രണ്ടുതവണ ഹാജരാകുവാൻ കോടതിയിൽ നിന്ന് അയച്ച സമൻസ് മടങ്ങിപ്പോയിരുന്നു. ഇതു കരുവാക്കി കോടതിയെക്കൊണ്ട് അറസ്ററുവാറണ്ടു പുറപ്പെടുവിക്കാനും തിരുമേനിയെ കസ്ററഡിയിൽ എടുത്ത് നിർദ്ദിഷ്ടയാത്രയ്ക്കു തടസ്സം സൃഷ്ടിക്കാനും അദ്ദേഹത്തിൻെറ എതിരാളികൾ ഗൂഢാലോചന നടത്തി.

കോടതിയിൽ നിന്ന് അറസ്ററു വാറണ്ടു പുറപ്പെടുവിച്ചിട്ടുണ്ടെന്ന് ഭാഗ്യവശാൽ മാർ ഈവാനിയോസ് തിരുമേനിക്കു വിവരം കിട്ടി. എത്രയും വേഗം തിരുവിതാംകൂറിൻെറ അതിർത്തി കടക്കാതിരുന്നാൽ താൻ പിടിയിലാകുമെന്നും യാത്രയ്ക്കു മുടക്കം നേരിടുമെന്നും ബോദ്ധ്യമായി. ആ അപകടസന്ധി ഒഴിവാക്കുന്നതിന് നേരത്തേ നിശ്ചയിച്ചിരുന്ന പരിപാടിക്ക് പെട്ടെന്നു മാററംവരുത്തി. വെണ്ണിക്കുളത്തു താമസിച്ചിരുന്ന ഏതാനും ആശ്രമസ്ഥർക്ക് സന്ന്യാസവസ്ത്രം നൽകുന്ന ചടങ്ങ് ഏർപ്പാടാക്കിയിരുന്നു. നിശ്ചിത തീയതിക്കു കാത്തുനിൽക്കാതെ തൊട്ടടുത്തദിവസം അർദ്ധരാത്രി തിരുമേനി വെണ്ണിക്കുളത്തെത്തി. അതേ രാത്രിയിൽ ആശ്രമം ചാപ്പലിൽവച്ച് ആ കർമ്മം നിർവ്വഹിച്ചു. തുടർന്ന് തിരുമൂലപുരത്തു മടങ്ങിയെത്തുകയും പുലരും മുൻപ് മേളാംപറമ്പിൽ ഉമ്മൻെറ കാറിൽ കോട്ടയത്തേക്കു യാത്രയാവുകയും ചെയ്തു.

തിരുമേനിയെ കസ്ററഡിയിൽ എടുക്കുന്നതിന് കോടതി നിയോഗിച്ചയാളെയുംകൂട്ടി എതിരാളികൾ തിരുമൂലപുരത്തെത്തുമ്പോൾ അദ്ദേഹം അവിടം വിട്ടുകഴിഞ്ഞു. അവരും പിന്നാലെ പുറപ്പെട്ടു. തിരുമേനി സഞ്ചരിച്ചി

www.malankaralibrary.com



രുന്ന കാറിന് ചിങ്ങവനത്തുവച്ച് യന്ത്രത്തകരാറു സംഭവിച്ചു. യാത്ര തുടരുന്നതിന് മററൊരു വാഹനം കൊണ്ടുവരുന്നതിന് ഒപ്പമുണ്ടായിരുന്ന സഹോദരൻ മത്തായി പണിക്കരെ കോട്ടയം ബിഷപ്പിൻെറ അരമനയിലേക്കു നിയോഗിച്ചു. തിരുമേനിയും സഹായിയായ മാനേജർ കിളീലേത്ത് ചാക്കോയും പ്രധാനറോഡിൽ നിന്നു മാറി ഇടവഴിയിലൂടെ അല്പദൂരം സഞ്ചരിച്ച് സമയം പോക്കി. ഈ നേരത്താണ് വാറണ്ടുശിപായിയും മററും കാറിൽ എത്തിച്ചേരുന്നത്. വഴിയിൽ കേടു പിണഞ്ഞകാർ കണ്ടുവെങ്കിലും അടുത്തെങ്ങും ആരെയും കാണായ്കയാൽ സമയം കളയാതെ അവർ കോട്ടയത്തേക്കു വച്ചുപിടിച്ചു. കോട്ടയത്ത് പല അന്വേഷണങ്ങളും നടത്തിയെങ്കിലും തിരുമേനിയെക്കുറിച്ച് വിവരമൊന്നും ലഭിച്ചില്ല. അവർ നിരാശരായി തിരുവല്ലയിൽ വന്ന് മാവേലിക്കരയ്ക്കു മടങ്ങി.

കോട്ടയം അരമനയിൽനിന്ന് കാറുമായി മത്തായി പണിക്കർ എത്തിച്ചേർന്നപ്പോഠം ആശ്വാസമായി. മാർ ഈവാനിയോസ് കോട്ടയം മെത്രാൻ ചൂളപ്പറമ്പിൽ തിരുമേനിയെ ചെന്നുകണ്ട് വിവരങ്ങഠം ഗ്രഹിപ്പിച്ചു. അദ്ദേഹത്തിൻെറ ഉപദേശാനുസരണം അദ്ദേഹത്തിൻെറ കാറിൽ എറണാകുളത്തേക്കു തിരിച്ചു. അവിടെ അതിമെത്രാസനമന്ദിരത്തിൽ എത്തിച്ചേർന്നു. അങ്ങനെ തികച്ചും സുരക്ഷിതനായി മാർ ഈവാനിയോസ് തിരുമേനി തിരുവിതാംകൂറിൻെറ അതിർത്തി കടന്നു. വൈകാതെതന്നെ തീവണ്ടിമാർഗ്ഗം ബോംബേയ്ക്കു യാത്രതിരിക്കുകയും ചെയ്തു.

ബോംബേയിൽനിന്നുള്ള കപ്പൽ നേരത്തേ നിശ്ചയിച്ചിരുന്നതിലും ഒരാഴ്ച മുൻപ്, ഏപ്രിൽ നാലാം തീയതി, തുറമുഖംവിട്ടു. ഇതിന് ഏതാനും മണിക്കൂർ മുൻപ് അത്യന്തം ദുഃഖകരമായ ഒരു വാർത്ത മാർ ഈവാനിയോസിനെ തേടിയെത്തി; സ്വമാതാവിൻെറ ചരമവൃത്താന്തമായിരുന്നു അത്. നിശ്ചയിച്ചുറപ്പിച്ച യാത്രയ്ക്കു മുടക്കം വരുത്തുന്നത് പുനരൈക്യ പ്രസ്ഥാനത്തിൻെറ അഭിവൃദ്ധിയെ ഗുരുതരമായി ബാധിക്കുമെന്നു തീർച്ചയായിരുന്നു. മാർപ്പാപ്പായെ സന്ദർശിക്കാനും ചില സുപ്രധാനമായ അംഗീകാരങ്ങഠം തേടാനും പരിപാടിയിട്ടിട്ടുണ്ട്. മാത്രമല്ല, തിരിച്ചു തിരുവിതാംകൂറിൽ എത്തുന്ന നിമിഷം പിടികൂടാൻ നിയമത്തിൻെറ ആനുകൂല്യത്തോടെ ഗൂഢശക്തികഠം ജാഗരൂകമായി നിൽക്കുന്നുണ്ട്. ഈ നിലയ്ക്ക് മാതൃവിയോഗം സൃഷ്ടിച്ച വ്യക്തിപരമായ ദുഃഖം ഉള്ളിലൊതുക്കി യാത്രതുടരാൻതന്നെ തിരുമേനി നിശ്ചയിച്ചു. മാതാവിൻെറ സംസ്കാരകർമ്മം അനുയോജ്യമാംവിധം നടത്തുന്നതിന് നിർദ്ദേശിച്ച് സ്വസഹോദരന് അദ്ദേഹം കമ്പി സന്ദേശം നൽകി.

ആ മഹാത്മാവിനു നേരിടേണ്ടിവന്ന ഗുരുതരമായ പ്രതിസന്ധികളിൽ ഏററവും വേദനാജനകമായിരുന്നു അത്. മേല്പട്ടക്കാരനായ മകന് സ്വന്തം മാതാവിൻെറ സംസ്കാരശുശ്രൂഷ നിർവ്വഹിക്കാൻ കഴിയാതെ പോകുന്നു. ആ മനസ്സ് അതീവ ദുഃഖാകുലമായി. ഒന്നും പ്രകാശിപ്പിച്ചിരിക്കില്ല;



ആഴക്കടലിൻെറ അക്ഷോഭ്യത ആ വ്യക്തിത്വത്തിൻെറ പ്രത്യേകത. എത്ര പരീക്ഷണങ്ങഠം പിന്നിട്ടാലാണ് നിത്യജീവൻെറ തുറമുഖത്ത് എത്തിച്ചേരുക!

ഏഴു ദിവസത്തെ കപ്പൽയാത്രയ്ക്കുശേഷം ഏപ്രിൽ 12-ന് മാർ ഈവാനിയോസ് റോമിൽ എത്തി. അവിടെ പാഷ്യനിസ്ററ് (Passionists)വൈദികാശ്രമത്തിലായിരുന്നു തിരുമേനിക്കും സഹായിയായ ഫാദർ സി.കെ. മററത്തിനും താമസസൗകര്യം ഏർപ്പെടുത്തിയിരുന്നത്. ജൂലൈ രണ്ടുവരെ രണ്ടരമാസക്കാലം റോമിൽ താമസിച്ചു; അഞ്ചുതവണ മാർപ്പാപ്പായെ സന്ദർശിക്കാൻ അവസരം കിട്ടി. അസാധാരണവും ദൈവനിവേശിതവുമായ ഒട്ടേറെ അനുഭവങ്ങഠം തിരുമേനിക്കുണ്ടായി. സഭാധികാരികളും രാഷ്ട്രതന്ത്രജ്ഞരുമായി അദ്ദേഹം പലവട്ടം ആശയവിനിമയം നടത്തി. സെമിനാരികളിലും ദേവാലയങ്ങളിലും പ്രസംഗിച്ചു. ഇവയുടെ വിശദാംശങ്ങഠം എറണാകുളം മെത്രാപ്പോലീത്ത മാർ അഗസ്ററിൻ കണ്ടത്തിൽ തിരുമേനിക്ക് അയച്ച കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്:

> ഗ്രിഗോറിയൻ സർവ്വകലാശാലയിൽ കഴിഞ്ഞ വ്യാഴാഴ്ച ഒരു പ്രസംഗം ചെയ്യുന്നതിനായി ഞാൻ ക്ഷണിക്കപ്പെട്ടിരുന്നു. മെത്രാപ്പോലീത്തമാർ, മെത്രാന്മാർ, വൈദികർ, അല്മായരായ പുരുഷന്മാർ, സ്ത്രീകഠം ആദിയായ ഒട്ടനേകം മഹതീമഹാന്മാർ പ്രസംഗം കേഠക്കുന്നതിനായി അവിടെ സന്നിഹിതരായിരുന്നു. എൻെറ പ്രസംഗം ആരംഭിച്ചപ്പോഠം തന്നെ ഹാഠം നിറഞ്ഞു കവിഞ്ഞിരുന്നു. വാതിൽക്കലും ജനാലകളിലും വരാന്തയിലും ശ്രോതാക്കഠം തിങ്ങി നിൽക്കുന്നുണ്ടായിരുന്നു. പ്രസംഗം അവസാനിച്ചപ്പോഠം മോൺ. ഹെൽബിങ്ങ് ഡബ്ളിനിൽ ഒരു പ്രസംഗം ചെയ്യുന്നതിനായി എന്നെ ക്ഷണിച്ചു. കർദ്ദിനാഠം ബൂൺ ആണ് അവിടെ ആദ്ധ്യക്ഷ്യം വഹിക്കുന്നതെന്ന് അദ്ദേഹം എന്നോടു പറയുകയുണ്ടായി. ടൊനേററിപ്രഭു, മിരിഞ്ഞോണിപ്രഭു, ബ്രിട്ടീഷ് ഗവൺമെൻറിൻെറ വത്തിക്കാൻ അംബാസിഡർ ആദിയായവർ ഇക്കൂട്ടത്തിൽ ഉഠപ്പെടുന്നു.
>
> ബിഡാ കോളജിലും, സ്ക്കോട്ടിഷ് കോളജിലും, ഇംഗ്ലീഷ് കോളജിലും, പ്രൊപ്പഗാന്ത സെമിനാരിയിലും ഞാൻ പ്രസംഗിച്ചു. അടുത്ത ആഴ്ചയിൽ ഐറിഷ് കോളജിലും നോർത്തമേരിക്കൻ കോളജിലും പ്രസംഗിക്കുവാനുള്ള ക്ഷണം എനിക്കു കിട്ടിയിട്ടുണ്ട്. റോമിലെ പ്രധാന ബസലിക്കാകളിൽ ഞാൻ ദിവ്യബലി അർപ്പിച്ചു. വിശുദ്ധ സിൽവസ്ററർ പള്ളിയിലും ഞാൻ പ്രസംഗിച്ചു. അടുത്തയാഴ്ചയിൽ വിശുദ്ധ സൂസന്നയുടെ പള്ളിയിലും പ്രസംഗിക്കുവാനുള്ള ക്ഷണം എനിക്കു ലഭിച്ചിട്ടുണ്ട്.[1]

മാർ ഈവാനിയോസ് തിരുമേനി ആദ്യമായി മാർപ്പാപ്പായെ സന്ദർശിച്ചത് 1932 ഏപ്രിൽ 26-ാം തീയതിയാണ്. കർദ്ദിനാളന്മാർ, രൂപതാദ്ധ്യക്ഷന്മാർ,

---

1. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് ഭാഗം രണ്ട്. പു.85.

www.malankaralibrary.com



സന്ന്യാസശ്രേഷ്ഠർ, രാഷ്ട്രത്തലവന്മാർ തുടങ്ങിയവർക്ക് അനുവദിക്കുന്ന തരത്തിലുള്ള 'രഹസ്യ സന്ദർശന' മായിരുന്നു അത്. പരിശുദ്ധ പിതാവിനെ ആദ്യമായി സമീപിച്ചപ്പോൾ "പരിശുദ്ധപിതാവേ, ധൂർത്ത പുത്രൻ സ്വപിതാവിന്റെ സമീപത്തേക്കു വരുന്നതുപോലെ ഞാനിതാ, അവിടുത്തെ സന്നിധിയിലേക്കു വന്നിരിക്കുന്നു" എന്ന് മാർ ഈവാനിയോസ് തിരുമേനി വിനയാന്വിതനായി പറഞ്ഞു. എന്നാൽ മാർപ്പാപ്പാതിരുമേനിയാകട്ടെ, അദ്ദേഹത്തെ പിടിച്ചെഴുന്നേല്പിച്ച് ഗാഢമായി ആലിംഗനം ചെയ്തു.

'താങ്കൾ എന്റെ നല്ല മകനാണ്' (You are my good son) എന്ന് സ്നേഹപൂർവ്വം പറഞ്ഞു.

ആ ഊഷ്മള സ്വീകരണത്തിൽ ഉത്തേജിതനായി പുനരൈക്യ പ്രസ്ഥാനത്തിന്റെ പുരോഗതിക്ക് മാർ ഈവാനിയോസ് മാർപ്പാപ്പായുടെ ആനുകൂല്യം തേടി. ആവശ്യമായ കാര്യങ്ങൾ അടുത്ത സന്ദർശനാവസരത്തിൽ രേഖാമൂലം സമർപ്പിക്കാൻ പരിശുദ്ധപിതാവ് നിർദ്ദേശം നൽകി. അതനുസരിച്ച് ദ്വിതീയസന്ദർശനം നടന്ന മെയ് രണ്ടാംതീയതി എഴുതി തയ്യാറാക്കിയ നിവേദനം അദ്ദേഹം മാർപ്പാപ്പായ്ക്കു നേരിട്ടു സമർപ്പിച്ചു. തിരുവനന്തപുരം കേന്ദ്രമാക്കി അതിരൂപതയും തിരുവല്ലാ ആസ്ഥാനമാക്കി രൂപതയും ഉൾക്കൊള്ളുന്ന മലങ്കരസുറിയാനിഹയരാർക്കി അനുവദിക്കുക എന്നതായിരുന്നു ആവശ്യങ്ങളിൽ അതിപ്രധാനം. അത് ശ്രദ്ധാപൂർവ്വം വായിച്ചുനോക്കിയ ശേഷം 'അനുവദിച്ചിരിക്കുന്നു' എന്ന് കല്പിച്ചുകൊണ്ട് നിവേദന പത്രം സമീപത്തുണ്ടായിരുന്ന സ്റേററ് സെക്രട്ടറി കർദ്ദിനാൾ പച്ചെല്ലിയെ (പിന്നീട് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ) ഏല്പിച്ചു.

തുടർന്ന് മാർ ഈവാനിയോസ് തിരുമേനിയെ 'പാല്യ വസ്ത്രം' ധരിപ്പിക്കുന്ന ചടങ്ങ് നടന്നു. എപ്പിസ്ക്കോപ്പൽ ഭരണത്തിന്റെ പരിപൂർണ്ണ ചുമതല ഏല്പിച്ചു കൊടുക്കുന്ന പ്രതീകാത്മകമായ ചടങ്ങാണ് ഇത്. വെണ്മയുള്ള ആട്ടിൻരോമംകൊണ്ട് രണ്ടിഞ്ചു വീതിയിൽ നിർമ്മിച്ച പാല്യ വസ്ത്രത്തിൽ ആറു കുരിശുകൾ തുന്നിച്ചേർത്തിരിക്കുന്നു. കഴുത്തിൽ ചുററിയിടാവുന്ന വിധത്തിലാണ് അത് തയ്യാറാക്കിയിരിക്കുന്നത്.

പാല്യവസ്ത്രം സ്വീകരിച്ച് മാർപ്പാപ്പായ്ക്കു നന്ദിപറഞ്ഞശേഷം കാർഡിനൽ പച്ചെല്ലിയോടൊപ്പം മാർ ഈവാനിയോസ് പുറത്തേക്കു നടന്നു. മെത്രാന്മാർ ഇപ്രകാരം ആവശ്യങ്ങൾ മാർപ്പാപ്പായെ നേരിട്ടറിയിക്കുന്നതും ഉടനെതന്നെ അവ അംഗീകരിച്ചു കിട്ടുന്നതും അപൂർവ്വ നടപടിയായിരുന്നതുകൊണ്ട് സ്റേററ് സെക്രട്ടറി അല്പം അസ്വസ്ഥനായി. നിവേദനം ഓറിയൻറൽ കോൺഗ്രിഗേഷനിൽ നൽകുകയും അവർ അതു വിശദമായി പരിശോധിച്ച് ആവശ്യമായ ശുപാർശകളോടെ മാർപ്പാപ്പായ്ക്കു സമർപ്പിക്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്. ഇങ്ങനെ ഒരു പരിശോധനയ്ക്ക് അവസരം നല്കാതെ നേരിട്ടു കാര്യങ്ങൾ നേടിയെടുക്കുന്നത് അനുചിതമാണെന്ന് സ്റേററ് സെക്രട്ടറി സൂചിപ്പിക്കാതിരുന്നില്ല.



കൂർമ്മ ബുദ്ധിയും വിവേകശാലിയുമായ മാർ ഈവാനിയോസ് അതിനു മറുപടിനൽകിയത് ഇപ്രകാരമാണ്:

> കത്തോലിക്കാസഭയുടെ ഉൽകൃഷ്ടങ്ങളായ ചിട്ടകളെയും വിശിഷ്ടങ്ങളായ നടപടിക്രമങ്ങളെയുംപററി ഞാൻ നേരത്തേ കേട്ടിട്ടുണ്ട്. ഞാൻ അതിനെ വളരെ വിലമതിക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഇപ്പോൾ മാത്രം യാക്കോബായ സഭയിൽനിന്ന് കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്കുവന്ന ഒരു മെത്രാപ്പോലീത്തയാണ്. കത്തോലിക്കാസഭയിലെ ചിട്ടകളെപ്പററിയെല്ലാം ഇനി വിശദമായി പഠിക്കേണ്ടിയിരിക്കുന്നു. അതിനാൽ, അത്യുന്നത കർദ്ദിനാൾ തിരുമേനീ, അവിടുന്ന് ഇവയെല്ലാം പ്രോപ്പർ ചാനലായ കോൺഗ്രിഗേഷനിൽകൂടിതന്നെ മുമ്പോട്ടു കൊണ്ടുപോയാട്ടെ. എനിക്കതിൽ ഒരു വിരോധവുമില്ല. ഒരു കാര്യംകൂടി ഞാൻ തെളിച്ചുപറഞ്ഞുകൊള്ളട്ടെ. ഒന്നും മാർപ്പാപ്പായെ ഞാൻ സ്വമേധയാ അറിയിച്ചതല്ല. വിവരങ്ങൾ എല്ലാംതന്നെ ചോദിച്ചു മനസ്സിലാക്കിയതിനുശേഷം പരിശുദ്ധ പിതാവ് എന്റെ ആവശ്യങ്ങൾ എന്തെല്ലാമാണെന്നു ചോദിച്ചു. അപ്പോൾ പിതാവിനോട് എല്ലാം തുറന്നു പറയാൻ ഞാൻ ബാദ്ധ്യസ്ഥനല്ലേ? വാത്സല്യനിധിയായ പരിശുദ്ധ പിതാവ് അതെല്ലാം അനുവദിച്ചുതന്ന് എന്നെ അതിയായി അനുഗ്രഹിക്കുകയും ചെയ്തിരിക്കുകയാണ്.[2]

സ്റേററ് സെക്രട്ടറിക്ക് പിന്നീടൊന്നും പറയാനുണ്ടായിരുന്നില്ല. ഒന്നാലോചിച്ചാൽ തികച്ചും ദൈവനിവേശിതമായിരുന്നു മാർ ഈവാനിയോസിന്റെ പ്രവൃത്തി. കോൺഗ്രിഗേഷൻവഴി അപേക്ഷ സമർപ്പിച്ചിരുന്നെങ്കിൽ തിരുവനന്തപുരം അതിരൂപതയും അവിടം കേന്ദ്രമാക്കിയുള്ള ഹയരാർക്കി സ്ഥാപനവും യഥാർത്ഥമാകുമായിരുന്നില്ല. തിരുവനന്തപുരം കേന്ദ്രമാക്കി അതിരൂപത അനുവദിച്ചുകിട്ടുന്നതിന് കൊല്ലം ആർച്ചുബിഷപ്പ് ബൻസിഗർ തിരുമേനിയുടെ നേതൃത്വത്തിൽ കർമ്മലീത്താസമൂഹവും ലത്തീൻ ഹയരാർക്കിയും ഊർജ്ജിതശ്രമമാരംഭിച്ച ഘട്ടമായിരുന്നു അത്. പാരമ്പര്യത്തിലും ജനസംഖ്യയിലും ആ അവകാശം ന്യായയുക്തവുമായിരുന്നു. പക്ഷേ ദൈവനിയോഗം ഇങ്ങനെയായിരുന്നു. മലങ്കര കത്തോലിക്കാ സുറിയാനിസഭയ്ക്ക് ഇന്നുണ്ടായിട്ടുള്ള വികസനത്തിനും പുരോഗതിക്കും ആധാരശിലയായി വർത്തിച്ചത് തിരുവനന്തപുരം കേന്ദ്രമാക്കിയുള്ള പ്രവർത്തനമാണെന്നുള്ളത് നിസ്സന്ദേഹമാണ്.

പുനരൈക്യ പ്രസ്ഥാനത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയും അതിനെ പരിലാളിച്ചു വളർത്തുന്നതിൽ ഔദാര്യപൂർണ്ണമായ പങ്കുവഹിക്കുകയുംചെയ്ത ലത്തീൻകത്തോലിക്കാ സമൂഹത്തിനു റോമിന്റെ നടപടി

2. ഫിലിപ്പ് സി. പന്തോളിൽ, മാർ ഈവാനിയോസ് എന്റെ സ്മരണയിൽ. പു. 71.

www.malankaralibrary.com



മനോവ്യഥയ്ക്കു കാരണമായി. അത് പുനരൈക്യപ്രസ്ഥാനത്തോടുള്ള നീരസത്തിലും കലഹത്തിലും കലാശിച്ചു. ആ മുറിവ് ഉണക്കാനും സൗഹൃദം പുനഃസ്ഥാപിക്കാനും ഏറെക്കാലം കാത്തിരിക്കേണ്ടിവന്നു.

മെയ് 6, 11, ജൂൺ 2 എന്നീ തീയതികളിൽ മാർ ഈവാനിയോസ് വീണ്ടും മാർപ്പാപ്പായെ സന്ദർശിക്കുകയും പുനരൈക്യപ്രസ്ഥാനത്തിന്റെ വികാസ ഗതി ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് വ്യക്തമായ രൂപം നൽകു കയുംചെയ്തു. ഓരോ സന്ദർശനവും പരസ്പരം മതിപ്പുളവാക്കുന്നതായി രുന്നു. അവസാനത്തെ സന്ദർശനാവസരത്തിൽ ദിവ്യകാരുണ്യകോൺഗ്ര സിൽ സംബന്ധിക്കുന്നതിനു പുറപ്പെടുന്നവിവരവും യാത്രയ്ക്കിടയിൽ ബക്കിംഗാം കൊട്ടാരത്തിൽ വച്ച് ജോർജ് പഞ്ചമൻ ചക്രവർത്തിയുമായി കൂടി ക്കാഴ്ച നടത്തുന്നതിനുള്ള ഉദ്ദേശ്യവും മാർ ഈവാനിയോസ് മാർപ്പാപ്പായെ ധരിപ്പിച്ചു. സന്തുഷ്ടനായിത്തീർന്ന പരിശുദ്ധ പിതാവ് ചക്രവർത്തിക്കുള്ള ഒരു സന്ദേശം മെത്രാപ്പോലീത്തയെ ഏല്പിച്ചു. തന്റെ ദൂതൻ എന്ന ഉന്നത മായനില മാർ ഈവാനിയോസിന് നൽകിയത് മാർപ്പാപ്പായ്ക്ക് പുനരൈക്യ ശില്പിയെക്കുറിച്ച് ഉണ്ടായ മതിപ്പിന്റെയും കഴിവിലുള്ള വിശ്വാസ ത്തിന്റെയും സൂചനയായിരുന്നു.

ദിവ്യകാരുണ്യകോൺഗ്രസിൽ സംബന്ധിച്ചശേഷം നാട്ടിലേക്കു മടങ്ങും മുൻപ് മാർപ്പാപ്പായെ ഒരിക്കൽകൂടി സന്ദർശിക്കണമെന്ന് മാർ ഈവാനി യോസ് ഉദ്ദേശിച്ചിരുന്നു. തമ്മിൽ പിരിയുന്ന ഘട്ടത്തിൽ ആ ആഗ്രഹം തിരു മേനി പരിശുദ്ധ പിതാവിനെ അറിയിക്കുകയും ചെയ്തു. 'മകനേ, താങ്കൾക്ക് എപ്പോഴും സ്വാഗതം; താങ്കളെ സ്വീകരിക്കുന്നതിന് അതീവസന്തോഷമേ നമുക്കുള്ളൂ'; എന്നായിരുന്നു മാർപ്പാപ്പായുടെ സ്നേഹനിർഭരമായ പ്രതികരണം.

പക്ഷേ യാദൃച്ഛികമായി ഉണ്ടായ ചില സംഭവങ്ങൾ നിമിത്തം ആ സന്ദർശനം നടക്കാതെപോയി.

# 18

# പുതിയ യുഗപ്പിറവി

**വി**ശുദ്ധ കുർബ്ബാനയിൽ സന്നിഹിതനായ ക്രിസ്തുനാഥനോടുള്ള ഭക്തിയും, ആരാധനാജീവിതവും ആദിമക്രൈസ്തവ സമൂഹങ്ങൾക്കെല്ലാം പരമപ്രധാനമാണ്. ഈ ഭക്തി പ്രകടിപ്പിക്കുന്നതിന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള തീർത്ഥാടകർ ഒത്തുചേരുന്നു. രണ്ടോ മൂന്നോദിവസം വിശുദ്ധകുർബ്ബാനയെ ആരാധിച്ചും ധ്യാനിച്ചും കഴിച്ചുകൂട്ടുന്നു. ഈ സമ്മേളനമാണ് ദിവ്യകാരുണ്യ കോൺഗ്രസ് എന്ന് അറിയപ്പെടുന്നത്. ഇപ്പോൾ സംഘടിപ്പിക്കുന്നവിധത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ ദിവ്യ കാരുണ്യകോൺഗ്രസ് ആരംഭിച്ചത് 1881-ലാണ്. അതിനുമുൻപ് പ്രാദേശി കമായ ആരാധനകൾക്കായിരുന്നു പ്രാമുഖ്യം.

ആദ്യത്തെ അഖിലലോക ദിവ്യകാരുണ്യകോൺഗ്രസ് 1881-ൽ ഫ്രാൻ സിലെ ലില്ലേ പട്ടണത്തിൽ വച്ചു നടന്നു. മാർത്തേ മരിയററാ വിസ്തർ എന്ന സാധുവനിതയ്ക്ക് ഇത്തരമൊരു സമ്മേളനംചേർന്ന് വിശുദ്ധ കുർബ്ബാനയോ ടുള്ള ഭക്തി വർദ്ധിപ്പിക്കേണ്ടതിനെക്കുറിച്ചു വെളിപാടുണ്ടായത്രേ. ആ ആശയത്തിൽ ആകൃഷ്ടനായ ഫിലിബ്രട്ട് വ്രായു എന്ന ഫ്രഞ്ചുകാരനായ വ്യവസായപ്രമുഖൻ പതിമൂന്നാം ലെയോ മാർപ്പാപ്പായിൽനിന്ന് സമ്മേളനം നടത്തുന്നതിനുള്ള അനുവാദം സമ്പാദിച്ചു. സേഗുറിലെ ഗാസ്ററൽ മെത്രാന്റെ സഹായത്തോടുകൂടി പ്രഥമ സമ്മേളനം വിജയകരമായി സംഘടി പ്പിക്കുകയും ചെയ്തു. തുടർന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം സമ്മേളനങ്ങൾ ചേർന്നുവരികയാണ്. 1964-ൽ ബോംബേയിൽ വച്ച് ദിവ്യ കാരുണ്യകോൺഗ്രസ് നടന്നതും ചരിത്രം സൃഷ്ടിച്ചുകൊണ്ട് പോൾ ആറാമൻ മാർപ്പാപ്പാ അതിൽ സന്നിഹിതനായതും ഇവിടെ ഓർമ്മിക്കുക.

1932-ൽ ഡബ്ളിനിൽ ചേർന്നത് 31-ാമതു കോൺഗ്രസാണ്. അതിൽ സംബന്ധിക്കാനെത്തിയ മാർ ഈവാനിയോസും സഹായി ഫാദർ സി. കെ. മററവും ഈശോസഭ സന്യാസിമാരുടെ അതിഥിയായി റാതു ഫർണർ എന്ന മന്ദിരത്തിലാണ് താമസമാക്കിയത്. കോൺഗ്രസിന്റെ അവസരത്തിൽ മലങ്കര റീത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നതിന് ഈവാനിയോസ് തിരു

www.malankaralibrary.com



മേനിക്ക് അവസരം ലഭിച്ചു. ഒരു ലത്തീൻ ദേവാലയം പൗരസ്ത്യാരാധനയ്ക്ക് ഉതകും വിധം രൂപാന്തരപ്പെടുത്തിയതും പ്രത്യേക ഗായകസംഘത്തെ തയ്യാറാക്കിയതും ജസ്യൂട്ട് വൈദികരുടെ ശ്രമഫലമായിട്ടായിരുന്നു. അഭൂതപൂർവ്വമായ ഒരനുഭവമാണ് ആ ബലിയർപ്പണം ഏവർക്കും പ്രദാനം ചെയ്തത്. പാശ്ചാത്യരീതി പരിചയിച്ച ഭക്തജനങ്ങൾ ദിവ്യബലിക്ക് കൂടുതൽ സമയമെടുത്തുവോ എന്നുമാത്രം സന്ദേഹിച്ചു. പൗരസ്ത്യറീത്തുകളോട് വലിയ താത്പര്യം പുലർത്താത്ത പാശ്ചാത്യർ മാർ ഈവാനിയോസിനെ പ്രത്യേകം അഭിനന്ദിച്ചതായി ഇംഗ്ലീഷിൽ 'Mar Ivanios' എന്ന ഗ്രന്ഥം രചിച്ച അയർലണ്ടുകാരി മിസ് ഗിബൻസ് രേഖപ്പെടുത്തിയിരിക്കുന്നു.[1]

ദിവ്യകാരുണ്യകോൺഗ്രസ് വിജയകരമായി സമാപിച്ചശേഷം പത്രപ്രതിനിധികൾക്ക് അനുവദിച്ച അഭിമുഖസംഭാഷണത്തിൽ മാർ ഈവാനിയോസ് ഇപ്രകാരം അഭിപ്രായപ്പെട്ടു:

> കത്തോലിക്കാ സഭയ്ക്കു ലോകമെങ്ങുമുള്ള ശക്തിയുടെയും കെട്ടുറപ്പിൻെറയും ഏററം മനോജ്ഞമായ ഒരു പ്രകടനമായിട്ടാണ് ഡബ്ലിനിൽ വച്ചുനടന്ന ദിവ്യകാരുണ്യ കോൺഗ്രസിനെ ഞാൻ വീക്ഷിക്കുന്നത്. തിരുസഭയുടെ സജീവവിശ്വാസത്തിൻെറ ഒരു പ്രത്യക്ഷ പ്രദർശനമായി വിശുദ്ധകുർബ്ബാനയെ ഞാൻ കരുതുന്നു. കത്തോലിക്കരുടെ മാത്രമല്ല അകത്തോലിക്കരുടെ മുമ്പാകെയും ഇവിടെവച്ചു നടത്തപ്പെട്ട ആരാധന, വിശുദ്ധകുർബ്ബാനയുടെ വാഴ്‌വ്, കോൺഗ്രസിൻെറ അവസാന ദിവസം നടത്തപ്പെട്ട ഭക്തിനിർഭരമായ പ്രദക്ഷിണം എന്നിവ എൻെറ മനസ്സിൽ നിന്നും ഒരുകാലത്തും മാഞ്ഞു പോകുന്നതല്ല. ഒക്കോണൽ പാലത്തിൽ എത്തിച്ചേരുന്ന നാലുറോഡുകളിലുമായി ഒരുലക്ഷത്തിൽപ്പരം ഭക്തജനങ്ങൾ കുരിശിൻെറ ആകൃതിയിൽ അണിനിരന്നു നിന്നു വിശുദ്ധകുർബ്ബാനയോടുള്ള പരസ്യമായ ആരാധന പ്രകടിപ്പിച്ചു. വളരെ ഉയർന്ന ഒരു പ്ലാററ് ഫോറത്തിലാണ് ദിവ്യബലി അർപ്പിക്കുന്നതിനുള്ള അൾത്താര സ്ഥാപിച്ചിരുന്നത്. അവിടെവച്ചുതന്നെ പരിശുദ്ധ പിതാവിൻെറ ആശീർവാദവും നൽകപ്പെട്ടു.[2]

ഡബ്ളിനിലെ താമസത്തിനിടയിൽ പ്രസിദ്ധ ആംഗലസാഹിത്യകാരനായ ജി.കെ. ചെസ്ററർട്ടണുമായി പരിചയപ്പെടുന്നതിനും ആശയവിനിമയം നടത്തുന്നതിനും മാർ ഈവാനിയോസിന് അവസരം ലഭിച്ചു. ഇരുവരും തമ്മിൽ പ്രകടമായ ചില സാദൃശ്യങ്ങൾ ഉണ്ടായിരുന്നതാവാം പരസ്പരാകർഷണത്തിൽ കലാശിച്ചത്. പാണ്ഡിത്യം, മന:ശാസ്ത്രവൈദഗ്ദ്ധ്യം എന്നിവയിൽ സമശീർഷത അവകാശപ്പെടാവുന്ന പ്രഗല്ഭമതികൾ; കത്തോലിക്കേതരവിശ്വാസങ്ങളിൽ ജനിച്ചുവളർന്ന ശേഷം പുനരൈക്യം പ്രാപിച്ചവർ.

1. Margaret, Gibbons. Mar Ivanios p. 74.
2. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി. ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് ഭാഗം രണ്ട്. പു.103.



മാർ ഈവാനിയോസിൻെറ കത്തോലിക്കാപ്രവേശം യാക്കോബായ സമൂഹത്തിൽ സൃഷ്ടിച്ച കോളിളക്കം ചെസ്ററർട്ടൻെറ സഭാപരിവർത്തനം ആംഗ്ലിക്കൻസഭയിലും സംജാതമാക്കിയിരുന്നു.

ദിവ്യകാരുണ്യകോൺഗ്രസ് പര്യവസാനിച്ചശേഷം, ലണ്ടനിൽ നിന്നു പുറപ്പെടുന്ന 'യൂനിവേഴ്സ്' എന്ന പത്രത്തിൽ 'ഡബ്ലിനിൽ ഞാൻ കണ്ട ജനങ്ങൾ' (People I saw in Dublin) എന്ന ശീർഷകത്തിൽ ഒരു ലേഖനപരമ്പര ജി. കെ. ചെസ്ററർട്ടൺ പ്രസിദ്ധം ചെയ്യുകയുണ്ടായി. അതിൽ മാർ ഈവാനിയോസിൻെറ ചൈതന്യവത്തായ രൂപവും ചിത്രീകരിക്കുന്നുണ്ട്. പ്രസ്തുത ഭാഗം പ്രശസ്തപണ്ഡിതനായ ഐ. സി. ചാക്കോ പരിഭാഷപ്പെടുത്തി, എം. എം. വർക്കിയുടെ ആധിപത്യത്തിലുള്ള 'ദാസൻ' പത്രത്തിൽ പ്രകാശിപ്പിച്ചിരുന്നു. അത്യന്തം കൗതുകകരമാണ് ചെസ്ററർട്ടൺ നല്കുന്ന ചിത്രം:

> .... അപൂർവ്വമായ മറെറാരു രൂപം; അപരിചിതമായ സംജ്ഞയും ഈ അർത്ഥത്തെ അർത്ഥവത്തരമായി ഉൽക്ഷേപിക്കുന്നു. ഒരു സാധാരണ ഇംഗ്ലീഷ്കാരനോട്, ഈ കാര്യത്തിൽ ഒരു സാധാരണ ഐറിഷുകാരനോടുതന്നെ ആയിക്കൊള്ളാം, ഡബ്ലിനിൽ ഒരു 'ജാക്കോബൈററു' പുരോഹിതൻ ഉണ്ടെന്നു പറഞ്ഞുവെന്നിരിക്കട്ടെ. അവൻെറ മനസ്സ് ഉടനെ പാട്രിക് സാർസ് ഫിൽഡിനെയും കത്തോലിക്ക ഐറിഷ്കാർ 'ജാക്കോബൈററു'കാർ ആയിരുന്നു കാലങ്ങളിൽ ഡെറിയിലും ലെമെറിക്കിലും നടന്ന യുദ്ധങ്ങളെയും പ്രത്യാഗമിക്കുന്നതായിരിക്കും. ഭൂതകാലത്തോടു വേണ്ടതിലധികം പ്രതിപത്തിയുള്ള ഒരാളായിരിക്കാം പക്ഷേ ഈ 'ജാക്കോബൈററു പുരോഹിതൻ' എന്ന് അവർ വിചാരിച്ചേക്കാം. എന്നാൽ ഇത് ഐറിഷ്കാരെക്കുറിച്ച് മിക്കപ്പോഴും ഉണ്ടാകാറുള്ള ഒരു പരാതിയാണ്. വടക്കേ ഐറിഷ്കാർ ബൊയ്നെ ഓർമ്മിച്ചിരിക്കുന്നതുകൊണ്ട് തെക്കേ ഐറിഷ്കാർ സ്ററ്യുവാർട്ടുമാരെക്കുറിച്ച് ഓർമ്മിച്ചു കൊണ്ടിരിക്കരുതെന്നുള്ളതിനു കാരണം കാണുന്നില്ല.
>
> ജാക്കോബൈററിൻെറ അർത്ഥം 'ജാക്കോബൈററ്' എന്നല്ല എന്ന് അവർ അപ്പോൾ പെട്ടെന്നു കണ്ടുപിടിക്കും. ഇത് അതിനെക്കാൾ നിസ്സീമമായി മുമ്പുള്ളതും, അനന്തമായി വിദൂരസ്ഥവും ലോകത്തിൻെറ മറുവശത്തു നിന്നു വന്ന വൈദേശീയവുമായ എന്തോ ഒന്ന് ആകുന്നു. അന്ധയുഗങ്ങളുടെ ആദിയിൽ വിദൂരം പരിഭ്രമിച്ച് ഏകപ്രകൃതിവാദികളുടെ വിസ്മൃതമായ രഹസ്യം ആദ്ധ്യാത്മികത്വത്തെ പക്ഷേ അനുഗമിച്ച് എവിടെയോ അന്തർദ്ധാനം ചെയ്ത ഏഷ്യയിലെ പുരാതനമായ ഒരു ഇടത്തൂടിൻെറ കത്തോലിക്കാസഭയിലേക്കുള്ള പ്രത്യാവർത്തനത്തോടാണ് ഇതിനു ബന്ധമുള്ളത്.
>
> ഉദയദേശത്തിലെ വിദൂരമായ ഈ വിജയത്തിൻെറ പ്രാതിനിധ്യത്തെ വഹിക്കുന്ന ഗംഭീരാകൃതിയായ ഈ ഭാരതീയ പുരുഷൻ തൻെറ അയൽ

www.malankaralibrary.com



ക്കാരെ റോമാഐക്യത്തിൽ കൊണ്ടുവന്ന് അവരിൽ മാററം വരുത്തിയിരുന്നു. എന്നാൽ അദ്ദേഹത്തിനു മറെറാന്നിലും മാററം വന്നിരുന്നില്ല. അദ്ദേഹത്തിൻെറ ഭാവം കണ്ടാൽ അദ്ദേഹം ആ ക്ഷണത്തിൽ ബൃഹത്പ്രതിമയായ ഒരു ഹിന്ദുക്ഷേത്രത്തിൽനിന്നോ ദുർഗ്രഹലിഖിതങ്ങളാൽ അതിലിഖിതമായ ഒരു പാരസീകവിഹാരത്തിൽ നിന്നോ ഇറങ്ങിവരികയാണെന്നു തോന്നും. അദ്ദേഹം മെത്രാന്മാരുടെ മുടിയുടെ സ്ഥാനത്തു പൊക്കംകൂടിയ ഒരു തലപ്പാവ് ധരിച്ചിരുന്നു. അദ്ദേഹത്തിൻെറ ബുദ്ധിമത്തും ജാഗ്രത്തുമായ മുഖം നരച്ചതും സമൃദ്ധവുമായ മീശയുടെ പുറകിൽ കവിശതരവും ശ്യാമതരവുമായി കാണപ്പെട്ടു. അദ്ദേഹത്തിൻെറ വസ്ത്രങ്ങൾ പാശ്ചാത്യലോകത്തിലെല്ലാം നവീനമായ ഒരു തരത്തിലും ആകൃതിയിലുമുള്ളതായിരുന്നു.

സൂക്ഷിക്കാതെയുള്ള പ്രഥമദൃഷ്ടിയിൽ അദ്ദേഹം ആരെങ്കിലുമായിരിക്കാം. ജംഘിസ്ഖാൻെറ പുരോഹിതനോ ശ്രീവാനരത്തിൻെറയോ ശ്രീനാഗത്തിൻെറയോ ആരാധനയിലെ ഉത്തമപുരോഹിതനോ ആയിരിക്കും. എന്തുകൊണ്ടെന്നാൽ, പാശ്ചാത്യരായ നാം ഒരു പൗരസ്ത്യവേഷത്തെയോ സ്ഥാനത്തെയോ മറെറാന്നിൽനിന്നു വിവേചനം ചെയ്യുന്നതിൽ അവ്യക്തചിന്തകന്മാരാകുന്നു. പക്ഷേ, അദ്ദേഹം വാനരത്തിൻെറയോ നാഗത്തിൻെറയോ, ഒരുവേള വളരെ ശതാബ്ദങ്ങളിൽ അതിനെ ആവരണം ചെയ്തിരുന്ന ഏതെങ്കിലും ആരാധനയുടെയോ ചിഹ്നമല്ലാത്ത ഏതോ ഒന്നിനെ കൈയിൽ ധരിച്ചിരുന്നു. അത് ഒരിക്കൽ റോമാക്കാരുടെ കഴുകുമരമായിരുന്നതിൻെറ ആകൃതിയും; എങ്കിലും അദ്ദേഹത്തിന് റോമായുടെ ദിവ്യമായ വൈപരീത്യത്തിൻെറ നിർദ്ദേശകവുമായ ആ വിചിത്രചിഹ്നമായിരുന്നു.

തലപ്പാവും കുരിശും ധരിച്ച ആ മനുഷ്യനെ കണ്ടതിൽ എൻെറ മാംസത്തിൽ എന്തോ നുരയ്ക്കുന്നതുപോലെ എനിക്കു തോന്നി! അദ്ദേഹം ഐന്ദ്രജാലിക ഭൂമിയായ ഇന്ത്യയിൽ നിന്നു വന്ന ഒരു ദേഹമായിരുന്നുവെന്നും ഒരു ഭാരതീയരാജാവിനെപ്പോലെ ഇരുന്നിരുന്നു എന്നും, എങ്കിലും ഒരു ക്രിസ്തീയ പുരോഹിതൻെറ അഭിഷേകം അദ്ദേഹത്തിലുണ്ടെന്നും ഉള്ള ഓർമ്മയുണ്ടായതുകൊണ്ട് ഇതിൻെറയെല്ലാം ശേഷം അദ്ദേഹം പ്രെസ്ററർ ജോൺ അല്ലേ എന്നു ഞാൻ ശങ്കിച്ചു.

ഈ ഘട്ടത്തിൽ 'പ്രെസ്ററർ ജോൺ' പെട്ടെന്ന് എൻെറ പക്കൽ വന്ന് അദ്ദേഹം എൻെറ ഏതോ ഒരു ലേഖനം ഒരു പത്രത്തിൽ വായിച്ചിട്ടുണ്ടെന്ന് ഉത്കൃഷ്ടമായ ഇംഗ്ലീഷിൽ പറഞ്ഞ് എൻെറ ദിവാസ്വപ്നത്തെ ഭേദിച്ചു. അദ്ദേഹം യാക്കോബായക്കാരെ മനസ്സുതിരിച്ചത് അത്യന്തം ആതിബൗദ്ധികവും, എങ്കിലും ആധുനികവുമായ ഒരു മാർഗ്ഗത്തിലൂടെയാണെന്നു ഞാൻ ക്ഷണേന കണ്ടുപിടിച്ചു. ഇത് ഇപ്പോൾ ലോകമൊട്ടുക്കു സോത്സാഹം നടന്നുകൊണ്ടിരിക്കുന്ന ആധുനികമായ ഒരു



വാദത്തിൻെറ ഭാഗവുമായിരുന്നു. അദ്ദേഹം വർത്തമാനപ്പത്രങ്ങളിലുള്ള എൻെറ ലേഖനങ്ങൾപോലും വായിക്കുന്ന ആളായിരുന്നിട്ടും നല്ല പഠനമുള്ളവനായിരുന്നു.

വിശിഷ്ടനായ ഒരു പുരോഹിതനോട് അദ്ദേഹത്തിൻെറ ശ്രദ്ധേയമായ മര്യാദയ്ക്കും ദയയ്ക്കും വേണ്ടി പര്യാപ്തമായ കൃതജ്ഞതാപ്രകടനം ചെയ്തില്ല എന്നുള്ള ചിന്തയാൽ എനിക്ക് അവ്യക്തമായ ഒരു പരിഭ്രമം തോന്നി. ഇപ്പോഴും തോന്നുകയുംചെയ്യുന്നു. എന്നാൽ സർവ്വമനുഷ്യകുലങ്ങളുടെയും ഇപ്രകാരമുള്ള ഒരു സമാഗമസ്ഥാനത്തിൻെറ ദൂരഗാമികളായ ദ്യോതനകളുടെ ഇടയിൽ ഒരുവൻെറ തൊഴിലോ തൊഴിലിൻെറ കൗശലങ്ങളോ കാണപ്പെടുന്നതിൽ അയോഗ്യമായ എന്തോ ഉണ്ടായിരിക്കുന്നതാണല്ലോ.

എന്നാൽ സൂര്യോദയത്തിൻെറ ദിക്കിൽനിന്നും വന്ന ഈ അപൂർവ്വ പുരോഹിതൻ ആസന്നവും പ്രധാനവുമായ പലമാതിരി വിഷയങ്ങളെക്കുറിച്ചുള്ള സംസാരത്തിന് ഉടനെ എന്നെ വശപ്പെടുത്തിയത് ആ മതാത്മകമായ ലോകത്തിൻെറ ദൃഷ്ടാന്തമാണ്. വൈസ്റോയിയുടെ വസതിയുടെ കല്പടികളിൽനിന്ന് അദ്ദേഹത്തിൻെറ കൂടെഎൻെറയും ഫോട്ടോ എടുക്കണമെന്ന് എന്നോട് ആവശ്യപ്പെടുമാറ് അദ്ദേഹം മഹാമനസ്ക്കനായിരുന്നു. ഈ തിരഞ്ഞെടുപ്പിന് യാതൊരു കാരണവും എനിക്ക് ഊഹിക്കുവാൻ പാടില്ലായിരുന്നു; ഞങ്ങൾ രണ്ടുപേരും ആ ഭൂവിതാനത്തിൽ അതിവ്യത്യസ്തങ്ങളായ പ്രകാരങ്ങളിൽ ഏററവും കൗതുകകരങ്ങളായ പദാർത്ഥങ്ങളായിരുന്നിരിക്കാമെന്നുള്ളതൊഴിച്ച്. ഞാൻ ഒരുതരം കോലംപോലെ ഇരുന്നിരിക്കാം എന്ന് അവ്യക്തമായ ഒരു വിചാരം എനിക്ക് ഉണ്ടായി; തിരുവെള്ളാനയെ പശ്ചാത്തലമാക്കി അദ്ദേഹത്തിൻെറ ഫോട്ടോ എടുത്താലെന്നപോലെ. എന്നാൽ അദ്ദേഹത്തിൻെറ ദയാമസൃണമായ സംഭാഷണത്തിൽനിന്നു നമസ്കാരംചെയ്ത് പിന്മാറുമ്പോൾ എനിക്കു പരിഭ്രമകരമായ മറെറാരു വിചാരമുണ്ടായി എന്നു ഞാൻ സമ്മതിക്കുന്നു. അർദ്ധബുദ്ധിയുടെയോ ഭ്രാന്തിൻെറയോ സാന്നിദ്ധ്യം ഭാഗ്യോദർക്കമായിട്ടോ ദുർഭൂതങ്ങളിൽ നിന്നൊരു രക്ഷയായിട്ടോ ഏഷ്യയിൽ വിചാരിക്കപ്പെടാറുണ്ടെന്നു ഞാൻ ഓർമ്മിച്ചു. ഒരു കത്തോലിക്കാമെത്രാൻ, പ്രത്യേകം ഇത്ര ആതിബൗദ്ധികനായ ഒരു മെത്രാൻ, മൂഢവിശ്വാസങ്ങൾക്ക് അധീനനാണെന്നു ഞാൻ വിശ്വസിക്കരുതെങ്കിലും ഈ സംശയം പിന്നീട് കൂടെക്കൂടെ എന്നിൽ പ്രത്യാവർത്തിച്ചു.[3]

പണ്ഡിതോചിതവും അലങ്കാരസമന്വിതവുമായ ഭാഷയിൽ മാർ ഈവാനിയോസിനെ ചിത്രീകരിക്കുന്ന ചെസ്ററർട്ടൺ ആ ആകർഷകമായ

3. ചെസ്ററർട്ടൺ ജി.കെ., 'ഡബ്ലിനിൽ ഞാൻ കണ്ട ജനങ്ങൾ' (പരിഭാഷകൻ : ഐ. സി. ചാക്കോ) 'ദാസൻ' പത്രം.

www.malankaralibrary.com



വ്യക്തിത്വം വെളിവാക്കുന്നു. പടിഞ്ഞാറൻനാടുകളിൽ പങ്കെടുത്ത പരിപാടികളിലൊക്കെയും തിരുമേനി ഏവരുടെയും ശ്രദ്ധാകേന്ദ്രമായിരുന്നു. അവർക്ക് അപരിചിതമായ വേഷം, സ്ഥാനചിഹ്നങ്ങൾ; ഒരുപക്ഷേ അതിലുപരി ആരെയും അദ്ഭുതപ്പെടുത്തുന്ന വാഗ്വൈഭവം. ഈ ഗുണവിശേഷങ്ങളിൽ മാർപ്പാപ്പാപോലും ആകൃഷ്ടനായിതീർന്നിട്ടുണ്ടാവണം. ഒരു മാസത്തിനിടയിൽ അഞ്ചുതവണ സന്ദർശനാനുമതി; കീഴ്‌വഴക്കങ്ങളും നിബന്ധനകളും പരിഗണിക്കാതെ ആനുകൂല്യങ്ങൾ; ഓർത്തുനോക്കുമ്പോൾ ആ മഹാവ്യക്തിത്വത്തിൻെറ അനശ്വരപ്രഭയാണ് മലങ്കര സഭാസമൂഹത്തെ ഇപ്പോഴും വലയംചെയ്തു നിൽക്കുന്നതെന്നു വ്യക്തമാകും.

ദിവ്യകാരുണ്യകോൺഗ്രസ് സമാപിച്ചതിനെത്തുടർന്ന് മാർ ഈവാനിയോസ് ഇംഗ്ലണ്ടിലേക്കു യാത്രയായി. രണ്ടാഴ്ചക്കാലം ലണ്ടനിൽ താമസിക്കുന്നതിനിടയിൽ ഒട്ടേറെ പ്രശസ്ത വ്യക്തികളെ സന്ദർശിക്കാനും അവരുടെ സൗഹൃദം സമ്പാദിക്കാനും സാദ്ധ്യമായി. അദ്ദേഹത്തിൻെറ ബഹുമാനാർത്ഥം ചേർന്ന മഹായോഗത്തിൽ പുനരൈക്യത്തിലേക്കുതന്നെ നയിച്ച ആദ്ധ്യാത്മികതയുടെ ആഴങ്ങൾ അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം വ്യക്തമാക്കി. ബക്കിംഹാം കൊട്ടാരത്തിൽ വച്ച് ജോർജ് പഞ്ചമൻ രാജാവിനെ സന്ദർശിക്കുകയും അദ്ദേഹം നൽകിയ ഉദ്യാനവിരുന്നിൽ പങ്കുകൊള്ളുകയും ചെയ്തു. ഈ അവസരത്തിൽ മാർപ്പാപ്പായുടെ സന്ദേശം തിരുമേനി രാജാവിനു കൈമാറി. ഇന്ത്യയിൽ താൻ നിർവഹിക്കുന്ന സുവിശേഷദൗത്യത്തിൻെറ പ്രാധാന്യം ഭാരതചക്രവർത്തികൂടിയായ രാജാവിനെ ബോദ്ധ്യപ്പെടുത്താൻ മാർ ഈവാനിയോസിനു സാധിച്ചു.

ഇംഗ്ലണ്ടിൽ നിന്ന് ബൽജിയത്തിലേക്കായിരുന്നു യാത്ര. പ്രസംഗപരിപാടികളിലൂടെ പുനരൈക്യപ്രസ്ഥാനത്തിൻെറ പുരോഗതിക്കാവശ്യമായ വിഭവസമാഹരണം നടത്തുകയായിരുന്നു ലക്ഷ്യം. ഒരു മാസക്കാലം അദ്ദേഹം ബൽജിയത്തിൽ താമസിച്ചു. ഒട്ടധികം മഹൽവ്യക്തികളെ പരിചയപ്പെട്ടു; പ്രസംഗപരിപാടികൾ സഫലമാക്കി. ഇതിനിടയിൽ പരിഭ്രമജനകമായ ഒരു കമ്പിസന്ദേശം അദ്ദേഹത്തിനു ലഭിച്ചു. പുലിക്കോട്ടിൽ ജോസഫ് റമ്പാൻെറതായിരുന്നു ആ സന്ദേശം:

> "വിശ്വസനീയമായ അറിവ്. തിരുവനന്തപുരം രൂപത കർമ്മലീത്തക്കാർക്ക് നല്കിയിരിക്കുന്നു".

ഈ വാർത്ത മാർ ഈവാനിയോസിനെ അത്യന്തം നിരാശനും ദുഃഖിതനുമാക്കിത്തീർത്തു. തിരുവനന്തപുരം കേന്ദ്രമാക്കിയുള്ള ഹയരാർക്കിയുടെ അനുവാദം ഒരു മഹാഭാഗ്യംപോലെ വീണുകിട്ടിയതാണ്. എല്ലാ പാരമ്പര്യങ്ങളും തെററിച്ചുകൊണ്ട് പരിശുദ്ധപിതാവ് നേരിട്ടു നൽകിയ അനുഗ്രഹം. തിരുവനന്തപുരം ആസ്ഥാനമാക്കിയുള്ള പുതിയ രൂപതയ്ക്ക് കർമ്മലീത്തക്കാരും ലത്തീൻ സമൂഹവും സമ്മർദ്ദം ചെലത്തുന്നതിനിടയിലാണ് ഇതു സാധിച്ചെടുത്തത്. അവരുടെ അപേക്ഷ ആ സമയം കോൺഗ്രിഗേഷൻ പരിഗണി



ക്കുകയായിരുന്നിരിക്കണം. അതിനുമേൽ പരിശുദ്ധ സിംഹാസനത്തിൻെറ അനുവാദവും സിദ്ധിച്ചിരിക്കാം. തനിക്ക് ലഭിച്ച 'വാക്ക്' വ്യർത്ഥമാവുമോ? തിരുവനന്തപുരം അതിരൂപത അനുവദിച്ചുകൊണ്ടുള്ള ബൂള ഇന്ത്യയുടെ അപ്പസ്തോലിക് ഡലഗേററിന് ജൂൺ 11-ന് അയച്ചതായി ഒരറിയിപ്പ് പൗരസ്ത്യതിരുസംഘത്തിൻെറ തലവനായ മോൺ. ചിക്കോഞ്ഞാനിയിൽനിന്ന് ഇതിനകം മാർ ഈവാനിയോസിനു ലഭിച്ചിരുന്നു. ഒരുപക്ഷേ അത് റദ്ദുചെയ്യപ്പെട്ടിരിക്കാം. നാട്ടിൽ പലരും ഈ വിവരം അറിഞ്ഞുകഴിഞ്ഞനിലയ്ക്ക് വലിയ അപമാനവും പുനരൈക്യ പ്രസ്ഥാനത്തിൻെറ ശൈശവദശയിൽ താങ്ങാനാവാത്ത ആഘാതവുമായിരിക്കും അത്.

വ്യക്തമായ വിവരം ലഭിക്കാതെ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ എടുത്തുചാടുന്ന പ്രകൃതക്കാരനല്ല പുലിക്കോട്ടിൽ റമ്പാച്ചൻ. പെട്ടെന്നുതന്നെ മോൺ. ചിക്കോഞ്ഞാനിക്ക് ഒരു സന്ദേശമയച്ചു. യാത്രാപരിപാടി വെട്ടിച്ചുരുക്കി നാട്ടിലേക്കു മടങ്ങാൻ തീർച്ചയാക്കി.

ബൽജിയത്തിൽനിന്നു യാത്രതിരിക്കുംമുമ്പുതന്നെ മോൺ. ചിക്കോഞ്ഞാനിയുടെ മറുപടി മാർ ഈവാനിയോസിന് ആശ്വാസത്തിൻെറ കുളിർമ്മ നല്കി:

"തിരുവനന്തപുരത്തു നിന്നുള്ള കമ്പി സന്ദേശം പരിഗണിക്കേണ്ടതില്ല. അപ്പസ്തോലിക് ഡലഗേററിന് ഇവിടെ നിന്നയച്ച ബൂള, തിരുമേനി തന്നെയാണ് തിരുവനന്തപുരം ആർച്ചുബിഷപ്പെന്നു വ്യക്തമാക്കുന്നതാണ്."

ആശങ്കകൾ ഒഴിഞ്ഞുമാറിയെങ്കിലും എത്രയുംവേഗം നാട്ടിൽ മടങ്ങിയെത്താൻ മാർ ഈവാനിയോസ് നിശ്ചയിച്ചു. അതുകൊണ്ട് നേരത്തേ ചിന്തിച്ചിരുന്നതുപോലെ വീണ്ടും റോമിലെത്തി മാർപ്പാപ്പായെ സന്ദർശിക്കുന്ന പരിപാടി ഒഴിവാക്കേണ്ടിവന്നു. വിമാനമാർഗ്ഗമായിരുന്നു മടക്കയാത്ര. തിരുവനന്തപുരത്ത് കുന്നുകുഴിയിൽ വാടകയ്ക്ക് എടുത്തിരുന്ന കെട്ടിടം വിലയ്ക്കു കിട്ടുമോയെന്ന് അന്വേഷിക്കണമെന്ന് തിരുമേനി യാത്രാമദ്ധ്യേ അറിയിച്ചിരുന്നു. അതു നടന്നില്ല. പകരം കനകക്കുന്നുകൊട്ടാരത്തിനടുത്തുള്ള ഡോ.രാമൻ തമ്പിയുടെ രണ്ടുനിലക്കെട്ടിടം പ്രതിമാസം എഴുപതു രൂപയ്ക്ക് ആറുമാസത്തേക്ക് വാടകയ്ക്കെടുക്കുകയാണുണ്ടായത്.

കറാച്ചിയിൽ വിമാനമിറങ്ങിയ മാർ ഈവാനിയോസും ഫാദർ സി.കെ. മററവും കപ്പലിൽ ബോംബേയിലെത്തി. ബോംബേ ആർച്ച്ബിഷപ്പ് ഡോ.ഡിലീമാ അവർക്ക് ഹൃദ്യമായ സ്വീകരണം നല്കി. തുടർന്നു മദ്രാസിലേക്കു യാത്രയായി. മദ്രാസ് ആർച്ചുബിഷപ്പിനെയും മൈലാപ്പൂർ ബിഷപ്പിനെയും സന്ദർശിച്ചു. തുടർന്ന് ബാംഗ്ലൂരിലുള്ള അപ്പസ്തോലിക് ഡലിഗേററിനെ ചെന്നുകണ്ടു. അവിടെനിന്ന് തീവണ്ടിമാർഗ്ഗം തിരുവനന്തപുരത്തേക്കു പുറപ്പെട്ടു.

www.malankaralibrary.com



വിജയകരമായ വിദേശപര്യടനത്തിനു സമാപ്തി കുറിച്ചുകൊണ്ട് 1932 ഒക്ടോബർ 30-ാം തീയതി രാത്രി പത്തുമണിയോടെയാണ് ഈവാനിയോസ് തിരുമേനി തിരുവനന്തപുരം റെയിൽവേ സ്റേറഷനിൽ എത്തിച്ചേർന്നത്. അദ്ദേഹത്തെ സ്വീകരിക്കുന്നതിന് വലിയ ഒരു ജനസമൂഹം സന്നിഹിതരായിരുന്നു. തീവണ്ടി എത്തിച്ചേരുന്നതിന് ഏതാനുംനിമിഷം മുമ്പ് വൈദ്യുതി പ്രവാഹം നിലച്ചു. അന്ധകാരം ഒഴിവാക്കുന്നതിന് താമസംവിനാ ധാരാളം മെഴുകുതിരികഠം എത്തിക്കുകയും അവ കത്തിച്ചുപിടിച്ചുകൊണ്ട് ജനങ്ങഠം റെയിൽവേ സ്റേറഷൻ പരിസരമാകെ പ്രകാശപൂർണ്ണമാക്കുകയും ചെയ്തു.

ഈ സ്വീകരണച്ചടങ്ങിൽ സംബന്ധിക്കുന്നതിന് പുലിക്കോട്ടിൽ റമ്പാച്ചൻെറ പ്രത്യേക ക്ഷണപ്രകാരം അദ്ദേഹത്തിൻെറ സുഹൃത്തായ മഹാകവി വള്ളത്തോഠം നാരായണമേനോനും എത്തിച്ചേർന്നിരുന്നു. ട്രെയിൻ വന്നുനിന്നതും വൈദ്യുതവിളക്കുകഠം വീണ്ടും പ്രകാശിച്ചതും ഒരുമിച്ചായിരുന്നു. വൈദ്യുതിപ്രഭയിൽ തിരുമേനിയെ ദർശിച്ച് എല്ലാവരും ആഹ്ലാദഭരിതരായി. ഒരു കാവ്യാലാപനത്തോടെയാണ് മഹാകവി മാർ ഈവാനിയോസിനെ ഹാരാർപ്പണം ചെയ്തത്:

"അന്ധകാരമദ്ധ്യേ ഞങ്ങഠംക്കാശ്വാസമേകുവാൻ വന്ന-
പൊൻ താരകമേ, ജയിച്ചാലും മേൽക്കുമേൽ ഭൂമൗ"

കാലം ആ ആശംസാ വചസ്സിനെ തികച്ചും അർത്ഥപൂർണ്ണമാക്കുക തന്നെ ചെയ്തു. അസമാധാനത്തിൻെറ അന്ധകാരം സഭാന്തരീക്ഷത്തിൽനിന്ന് അകന്നുപോയി. സ്നേഹത്തിൻെറ നക്ഷത്രമുദിച്ചു. ഐക്യവും പുരോഗതിയും യഥാർത്ഥമായി.

അത് പുതിയൊരു യുഗപ്പിറവിയുടെ നാന്ദിയായിരുന്നു.

# 19

# ഹയരാർക്കിയുടെ സ്ഥാപനം

**തി**രുവനന്തപുരം അതിരൂപതയ്ക്കും മലങ്കര ഹയരാർക്കിക്കും അനുവാദം ലഭിച്ചത് ലത്തീൻ കത്തോലിക്കാവിഭാഗത്തിന് അസ്വാസ്ഥ്യ കാരണമായി. ആർച്ചുബിഷപ്പ് ബൻസിഗർ തിരുമേനിക്കും വ്യക്തിപരമായ കുണ്ഠിതമുണ്ടായി. 1902 മുതൽ അദ്ദേഹം കൊല്ലം രൂപതയുടെ ഭരണസാരഥ്യം വഹിച്ചുവരികയായിരുന്നു. കന്യാകുമാരിവരെ വ്യാപിച്ചുകിടക്കുന്ന അതിവിശാലമായ കൊല്ലം രൂപത വിഭജിച്ച് തിരുവനന്തപുരം കേന്ദ്രമായി ഒരു വൈദികസംസ്ഥാനം അനുവദിച്ചുകിട്ടുന്നതിന് അക്കാലം മുതൽ അദ്ദേഹം അപേക്ഷിക്കുന്നതാണ്. ജനസാന്ദ്രതയേറിയ കടലോരഗ്രാമങ്ങളുടെ ആദ്ധ്യാത്മികപുരോഗതിക്ക് അത് അടിയന്തിരാവശ്യമാണെന്ന് അദ്ദേഹത്തിന് ഉത്തമബോദ്ധ്യവുമുണ്ടായിരുന്നു. എന്നാൽ റോം അത് അംഗീകരിച്ചില്ലെന്നു മാത്രമല്ല, ആ പ്രദേശത്തെങ്ങും ഒരു പള്ളിയോ ഒരു സെൻറു ഭൂമിയോ പുനരൈക്യപ്പെട്ട ഒരു വ്യക്തിപോലുമോ ഇല്ലാതിരുന്നിട്ടും മാർ ഈവാനിയോസ് നയിക്കുന്ന പ്രസ്ഥാനത്തിന് അതിരൂപതയും ഹയരാർക്കിയും ഔദാര്യപൂർവ്വം അനുവദിച്ചുകൊടുത്തിരിക്കുന്നു താൻ പുനരൈക്യപ്പെടുത്തിയ മാർ ഈവാനിയോസിന് ഈ ആനുകൂല്യങ്ങഠം വാരിക്കോരികൊടുക്കുന്ന റോം തൻെറ ന്യായമായ ആവശ്യങ്ങളുടെനേർക്ക് നിഷേധാത്മകഭാവംപുലർത്തിയത് ബൻസിഗർ തിരുമേനിക്ക് വേദനാജനകമായിത്തീർന്നത് സ്വാഭാവികംമാത്രം.

എല്ലാം ദൈവനിയോഗമെന്നേ പറയാനാവൂ. ശൂന്യതയിൽനിന്ന് അവിടുന്ന് ഒരു മഹാപ്രസ്ഥാനത്തെ വളർത്തിക്കൊണ്ടുവന്നു. അതിന് തെരഞ്ഞെടുക്കപ്പെട്ട അവിടുത്തെ മഹാപുരോഹിതനായിരുന്നു മാർ ഈവാനിയോസ്. ഒരു നൽവരംപോലെ തിരുവനന്തപുരം കേന്ദ്രമാക്കിയുള്ള സഭാപ്രവർത്തനത്തിന് അദ്ദേഹത്തിന് അനുമതി ലഭിച്ചു. അഞ്ചു താലന്തു ലഭിച്ചവൻ അത് ബുദ്ധിയും കർമ്മശേഷിയുംകൊണ്ട് ഇരട്ടിയായി വർദ്ധിപ്പിച്ചതുപോലെ ഈവാനിയോസ് തിരുമേനി തനിക്കു ലഭിച്ച ദൈവികാനുഗ്രഹം പൂർണ്ണഫലശോഭയിൽ എത്തിച്ചു. ദൈവം ഒരു മുന്തിരി വള്ളി നട്ടു. മാർ ഈവാനിയോസ് അതിനെ പരിപാലിച്ച് മനോഹരമായ മുന്തിരിത്തോട്ടം സൃഷ്ടിച്ചു.

www.malankaralibrary.com



തിരുവനന്തപുരം അതിരൂപതയുടെ ഉദ്ഘാടനത്തിന് അപ്പസ്തോലിക് ഡലിഗേററ് നിർദ്ദേശിച്ചത് 1933 മാർച്ച് 12 ആണ്. ഉദ്ഘാടകനായി നിയോഗിക്കപ്പെട്ടത് ബൻസിഗർ തിരുമേനി തന്നെ. അപ്പോഴേക്ക് രൂപത ഭരണം വിട്ട് തിരുവനന്തപുരത്തെ കാർമ്മൽ മൊണാസ്ററിയിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു ആ സന്ന്യാസിവര്യൻ. മാർ ഈവാനിയോസ് തിരുമേനിയേയും അനുയായികളേയും കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുവാൻ നിയോഗമുണ്ടായ അദ്ദേഹത്തെ അതിരൂപതയുടെ ഉദ്ഘാടകനായി ലഭിച്ചത് മററൊരു ചരിത്രനിയോഗമാകാം. ആ മനസ്സിൽ ഒരുപക്ഷേ ഉണ്ടായിരുന്ന കാലുഷ്യം കഴുകിക്കളയുന്നതിനും ഈ സാഹചര്യം വഴിതെളിച്ചു.

ഉദ്ഘാടനദിവസം സമാഗതമാകുമ്പോഴും ഗുരുതരമായ ഒരു പ്രശ്നം മാർ ഈവാനിയോസിനെയും അനുയായികളെയും അലട്ടുന്നുണ്ടായിരുന്നു. അതിരൂപതയുടെ ആർച്ചുബിഷപ്പായി സ്ഥാനാരോഹണം ചെയ്യുന്നത് ഒരു ദേവാലയത്തിൽ വച്ചാകണം. എന്നാൽ ആസ്ഥാനനഗരത്തിൽ ഒരു പള്ളി പോലും മലങ്കരഹയരാർക്കിയുടെ കീഴിലില്ല. ഈ വിഷമസന്ധിയിൽ പരമ കാരുണികനായ ദൈവത്തോടു പ്രാർത്ഥിക്കുകയേ സാദ്ധ്യമായിരുന്നുള്ളൂ.

കണ്ണുനീരോടെയുള്ള ആ പ്രാർത്ഥന ദൈവംകേട്ടു. പാളയത്തു പ്രവർത്തിച്ചിരുന്ന പോമ്പിഡോർ സിനിമാതീയേററർ വിൽക്കുന്നതിന് നീക്കമുണ്ടായത് ഈ സമയത്താണ്. പിന്നെ താമസിച്ചില്ല, അതു വിലയ്ക്കുവാങ്ങി. ദേവാലയമായി രൂപാന്തരപ്പെടുത്തുന്നതിന് സർക്കാർഅനുവാദം ആവശ്യമായിരുന്നു. അപേക്ഷ സമർപ്പിച്ച് മൂന്നുമാസത്തിനുള്ളിൽ തീരുമാനമുണ്ടാകണമെന്നാണ് ചട്ടം. 88-ാം ദിവസമാണ് അനുവാദം കിട്ടുന്നത്. അനേകംപേർ അത്യുത്സാഹപൂർവ്വം പണിയെടുത്ത് ഉദ്ഘാടനത്തിന്റെ തലേന്നു രാത്രിയോടെ തീയേററർ ദേവാലയമായി രൂപാന്തരപ്പെടുത്തി. ഒരു ചരിത്രസ്മാരകമായി സംരക്ഷിക്കേണ്ടതായിരുന്നു പാളയത്തെ ആ സെൻറ് മേരീസ് ദേവാലയം.

അതിരൂപതയുടെ ഉദ്ഘാടനാനന്തരം മാർ ഈവാനിയോസ് ശ്രദ്ധവച്ചത് തന്റെ പരിലാളന ആവശ്യപ്പെടുന്ന ബഥനി ആശ്രമവും സന്ന്യാസിനീമഠവും തിരുവനന്തപുരത്തേക്കുപറിച്ചു നടുന്നതിനാണ്. നഗരത്തിന്റെ പ്രാന്തപ്രദേശത്തുള്ള പ്രകൃതിഭംഗിയാർന്ന നാലാഞ്ചിറയിൽ പന്ത്രണ്ട് ഏക്കർ സ്ഥലം തിരുമേനി വിലയ്ക്കുവാങ്ങി. അവിടെ സന്ന്യാസികൾക്ക് താമസസൗകര്യമൊരുക്കി. വെണ്ണിക്കുളത്തു കഴിഞ്ഞിരുന്ന ആശ്രമസ്ഥർ നാലാഞ്ചിറയിൽ എത്തിച്ചേർന്നു. സന്ന്യാസജീവിതത്തിന്റെ നിഷ്ഠകൾ പാലിച്ചും പുത്തനായി എത്തുന്നവർക്കു പരിശീലനംനൽകിയും സ്ഥാപകന്റെ ഉന്നതാദർശങ്ങൾ പ്രായോഗികമാക്കാൻ തുടങ്ങി.

ബഥനി സന്ന്യാസിനീസമൂഹത്തിന് തിരുവനന്തപുരത്ത് ആസ്ഥാന മന്ദിരമൊരുക്കുന്നതിന് പിന്നെയും മൂന്നുവർഷം കാത്തിരിക്കേണ്ടതായി വന്നു. നാലാഞ്ചിറയിൽത്തന്നെ 1936-ൽ എട്ട് ഏക്കർ സ്ഥലം സമ്പാദിക്കുന്നതിന്



മാർ ഈവാനിയോസിനു സാദ്ധ്യമായി. അവിടെ കെട്ടിടം പണി തീർത്ത് തിരുമൂലപുരത്തുനിന്ന് സന്ന്യാസിനിമാരെ മാററി പാർപ്പിച്ചു. അങ്ങനെ നാലാഞ്ചിറ ആദ്ധ്യാത്മികതയുടെ പ്രശാന്തിയെഴുന്ന പുണ്യഭൂമിയായി രൂപാന്തരപ്പെട്ടു. എന്തുകൊണ്ടാണ് നാലാഞ്ചിറഗ്രാമം തെരഞ്ഞെടുത്തത് എന്ന ചോദ്യത്തിന് മാർ ഈവാനിയോസ് നല്കിയ മറുപടി രസകരമാണ്: "വടക്കുനിന്നു വരുന്നവരല്ലേ. രാജധാനിയിൽ പ്രവേശിക്കുംമുമ്പ് ഈ ഗ്രാമാന്തരീക്ഷത്തിൽ വിശ്രമിക്കട്ടെ." നസറേത്തിൽനിന്ന് യരുശലേമിലേക്കു യാത്രചെയ്യുന്ന തീർത്ഥാടകരുടെ വിശ്രമസങ്കേതമാണ് ബഥനിയെന്ന് ഓർക്കുക; അന്നും ഇന്നും.

തിരുവനന്തപുരം അതിരൂപതയോടൊപ്പം തിരുവല്ലാ രൂപതയും രൂപം കൊള്ളുകയും മാർ തിയോഫിലോസ് അതിന്റെ പ്രഥമ മെത്രാനായിത്തീരുകയും ചെയ്തിരുന്നു. ഇങ്ങനെ ഭരണതലത്തിലുണ്ടായ സ്വതന്ത്രാസ്തിത്വം നിമിത്തം പുനരൈക്യപ്രസ്ഥാനത്തിന്റെ തുടക്കത്തിലെന്നപോലെ തിരുവല്ലയിൽ നേരിട്ടുശ്രദ്ധവയ്ക്കാൻ മാർ ഈവാനിയോസിനു കഴിഞ്ഞില്ല. തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷന് 'തലചായ്ക്കാൻ' ഒരിടം കണ്ടെത്തുന്നതു മുതൽ തുടങ്ങേണ്ടിയിരുന്നു. അതിനെ അപേക്ഷിച്ചു ഭദ്രമായിരുന്നു തിരുവല്ലയിലെ സ്ഥിതി. പരീക്ഷണങ്ങളും പ്രതിസന്ധികളും നേരിട്ടുകൊണ്ട് അതിസാഹസികതയോടെ മുന്നേറിയപ്പോൾ മാർ ഈവാനിയോസ് ഒരർത്ഥത്തിൽ ഒരേകാന്തപഥികൻ തന്നെയായിരുന്നു. ഇതിനിടയിൽ നിർഭാഗ്യമെന്നു പറയട്ടെ, തെയോഫിലോസ് തിരുമേനി രോഗഗ്രസ്തനായി; രൂപതാഭരണത്തിന് അശക്തനായിത്തീർന്നു. വികാരിജനറാളായി സേവന മനുഷ്ഠിച്ച ഫാദർ ഗീവർഗീസ് ഒ. ഐ.സി.യുടെ ജാഗ്രതനിമിത്തം വലിയ പ്രതിസന്ധികൾ ഒഴിവാക്കാൻകഴിഞ്ഞു എന്നുമാത്രം.

1930 സെപ്തംബർ 22 ന് മാർ ഈവാനിയോസ് പുനരൈക്യപ്പെടുത്തിയ ബഥനി സന്ന്യാസിനീസമൂഹാംഗങ്ങൾ സിസ്ററർ ശൈനൊ, സിസ്ററർ ഹൂബ, സിസ്ററർ ദനഹ, സിസ്ററർ സൗഗ, സിസ്ററർ മാക്സാ, സിസ്ററർ തൈബൂസ്, സിസ്ററർ ബാസിം, സിസ്ററർ സൈബാർ, സിസ്ററർ ഹൈമനൂസ്, സിസ്ററർ ത്രീസ്യൂസ്, എന്നിവരാണ്. ഇവരും പിന്നീട് സന്ന്യാസപദവിയിൽപ്രവേശിച്ചവരും രൂപതാവിഭജനാനന്തരവും സ്ഥാപകപിതാവിന്റെ അധികാരപരിധിയിലാണ് കഴിഞ്ഞിരുന്നത്. തിരുമൂലപുരം മഠത്തിലും 1931-ൽ സമാരംഭിച്ച നങ്ങ്യാർകുളങ്ങര ബാലികാമഠം സ്കൂളിനോടു ചേർന്നുള്ള ഭവനത്തിലും സന്ന്യാസിനിമാർ താമസിച്ചുപോന്നു. സാമ്പത്തികപരാധീനതകളിൽപെട്ട് അവരുടെ സംരക്ഷണം ആശങ്കാജനകമായി. നാലാഞ്ചിറയിൽ പുതിയ മഠം സജ്ജമായപ്പോൾ തിരുവല്ലാ രൂപതാതിർത്തിയിൽപ്പെട്ട തിരുമൂലപുരംമഠം നിർത്തലാക്കി സിസ്റേറഴ്സിനെ തിരുവനന്തപുരത്തേക്കു കൊണ്ടുപോരാൻ മാർ ഈവാനിയോസ് തീർച്ചപ്പെടുത്തി.

www.malankaralibrary.com



ഈ നടപടി ചില തെററിദ്ധാരണകൾക്ക് ഇടനൽകി. തിരുവല്ലാ രൂപതയിൽ സിസ്റേറഴ്സിൻെറ സേവനം അനുപേക്ഷണീയമാണെന്ന് രൂപതാധികാരികൾക്കു ബോദ്ധ്യമായിരുന്നു. രൂപതവകയായി ഒരു മഠം തുടങ്ങുന്നതിന് അവർ നിശ്ചയിച്ചു. ഏതാനും സിസ്റേറഴ്സിനെ വിട്ടുകൊടുക്കണമെന്ന് ആവശ്യമുയർന്നു. അതനുസരിച്ച് തിരുവല്ലാരൂപതയുടെ കീഴിൽ മഠം തുടങ്ങുന്നതിന് നേതൃത്വം നൽകാൻ സിസ്ററർ ഹൂബ സന്നദ്ധയായി. അവരോടൊപ്പം സിസ്ററർ തൈബൂസും സിസ്ററർ ബ്രൂക്സായും തിരുമൂലപുരം മഠത്തിലേക്കു തിരികെവന്നു. കുറെനാൾകഴിഞ്ഞ് സിസ്ററർ ബ്രൂക്സാ തിരുവനന്തപുരത്തേക്കു തിരികെപ്പോവുകയും പകരം സിസ്ററർ ത്രീസൂസ് തിരുവല്ലയിൽ സേവനമനുഷ്ഠിക്കുന്നതിന് വന്നെത്തുകയുംചെയ്തു. തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലും രണ്ടു സ്വതന്ത്ര സമൂഹങ്ങൾ എന്ന നിലയിലാണ് ബഥനി മിശിഹാനുകരണ സന്ന്യാസിനീ സമൂഹം പിന്നീട് വളർച്ച പ്രാപിച്ചത്. 1956 ആഗസ്ററ് 21-ന് മാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണത്തിൽ ആയിത്തീരും വരെ, അഥവാ, പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെടും വരെ ഈ നില തുടർന്നു.

ബഥനി സന്ന്യാസസമൂഹത്തിൻെറയും സന്ന്യാസിനീസമൂഹത്തിൻെറയും ഭദ്രമായ നിലനില്പിനും പുരോഗതിക്കും വേണ്ടിസജ്ജീകരണങ്ങൾ യഥാവസരം കൈക്കൊണ്ടതോടൊപ്പം ഇടവകഭരണത്തിനാവശ്യമായ വൈദികരെ പരിശീലിപ്പിച്ചെടുക്കുന്നതിനു ആവശ്യമായ സെമിനാരികൾ സമാരംഭിക്കണമെന്നചിന്തയും മാർ ഈവാനിയോസ് പുലർത്തിയിരുന്നു. മലങ്കര സുറിയാനിസഭയിൽ വൈദികർക്ക് വിവാഹജീവിതം അനുവദിക്കപ്പെട്ടിരുന്നു. പുനരൈക്യഫലമായി ആരാധനക്രമത്തിലോ വിശ്വാസപാരമ്പര്യങ്ങളിലോ ഒന്നും ഒരുഭേദവും ഉണ്ടായില്ലെങ്കിലും വൈദികരുടെ അവിവാഹിതജീവിതം നിർബ്ബന്ധിതമാക്കിയിരുന്നു. ഉപരിപഠനങ്ങൾക്ക്പ്രശസ്ത മായ മേജർ സെമിനാരികൾ കേരളത്തിനകത്തും പുറത്തും ആവശ്യാനുസരണം ഉണ്ടായിരുന്നെങ്കിലും വൈദികവിദ്യാർത്ഥികളെ തുടക്കത്തിൽ സഭയുടെ വ്യക്തിത്വത്തെക്കുറിച്ചു ബോധവാന്മാരാക്കുന്നതിന് മൈനർ സെമിനാരികൾ അത്യന്താപേക്ഷിതംതന്നെയായിരുന്നു. ഈ ലക്ഷ്യം സാധിക്കുന്നതിന് 1931-ൽ തിരുവല്ലയിലെ 'ഇൻഫൻറ് ജീസസ് മൈനർ സെമിനാരി'യും 1934-ൽ പട്ടത്തെ 'സെൻറ് അലോഷ്യസ് മൈനർ സെമിനാരി'യും സ്ഥാപിതമായി. ചങ്ങനാശ്ശേരി അതിരൂപതയുടെ മിഷൻ ഡയറക്ടർ ഫാദർ ഡൊമനിക്ക് തോട്ടാശ്ശേരിയുടെ ശ്രമഫലമായി തിരുവല്ലയിൽ വാങ്ങിയ സ്ഥലവും കെട്ടിടവും ബിഷപ്പ് കാളാശ്ശേരി തിരുവല്ലാ രൂപതയ്ക്കു നൽകുകയായിരുന്നു. അവിടെയാണ് 'ഇൻഫൻറ് ജീസസ് മൈനർ സെമിനാരി ആരംഭിച്ചത്. ഫാദർ ജേക്കബ് വെള്ളരിങ്ങാട്ടായിരുന്നു റെക്ടർ. ഫാദർ മാത്യു പോത്തനാംമൂഴിയാണ് സെൻറ് അലോഷ്യസ് മൈനർ സെമിനാരിറെക്ടറായിസേവനമനുഷ്ഠിച്ചത്.

പ്രാഥമിക ഘട്ടത്തിൽ മലങ്കരസഭയിൽ നിന്ന് വളരെ കുറച്ചു യുവാക്കൾ മാത്രമാണ് വൈദിക പരിശീലനത്തിനു സന്നദ്ധരായത്. ആ കുറവു നികത്തുവാൻ ചങ്ങനാശ്ശേരി,എറണാകുളം രൂപതകൾക്കുള്ളിൽനിന്ന് സേവനതത്പരരായ അനേകം പേർ എത്തിച്ചേർന്നു. തിരുവനന്തപുരം, തിരുവല്ലാ രൂപതകളിൽ വികാരി ജനറാൾമാരായും ചാൻസിലറന്മാരായും വൈദിക സെമിനാരി റെക്ടർമാരായും മററും മികവുററ സേവനം അർപ്പിച്ചുകൊണ്ട് പുനരൈക്യപ്രസ്ഥാനത്തെ പരിപോഷിപ്പിച്ചത് പഴയ സുറിയാനി കത്തോലിക്കാ സഭയുടെ സംഭാവനയായ വൈദിക പ്രമുഖരാണ്. പുനരൈക്യ ശിശുവിനെ ബാലപീഡകളിൽനിന്നു രക്ഷിക്കുന്നതിന് അവർ അർപ്പിച്ചസേവനം നന്ദിയുടെ നനവാർന്ന ലിപികളിൽ ചരിത്രത്തിൽ രേഖപ്പെടുത്തേണ്ടതാണ്.



നാലഞ്ചുവർഷക്കാലത്തെ കഠിനമായ പരിശ്രമങ്ങൾക്കും യാതനാപൂർണ്ണമായ അനുഭവങ്ങൾക്കും ശേഷമാണ് തറയിൽ കാലുറപ്പിച്ചു നിൽക്കാനുള്ള കരുത്ത് മലങ്കര കത്തോലിക്കാ ഹയരാർക്കിക്ക് ഉണ്ടായത്. ആദ്യത്തെ നാലുർഷങ്ങൾക്കിടയിൽ യാക്കോബായസഭയിൽ നിന്നു പ്രമുഖരായ 32 വൈദികർ തിരുവനന്തപുരം അതിരൂപതയിലും 22 പേർ തിരുവല്ലാ രൂപതയിലും പുനരൈക്യം പ്രാപിച്ചു. തിരുവിതാംകൂറിൻെറ വിവിധ ഭാഗങ്ങളിൽ ധാരാളം ദേവാലയങ്ങളും മിഷൻ കേന്ദ്രങ്ങളും സ്ഥാപിതമായി. ഇവ 160 ൽ ഏറെവരും. ഇരുപതിനായിരത്തിലേറെ വിശ്വാസികൾ മാർ ഈവാനിയോസിനെ അനുഗമിച്ചു. അവരിൽ വട്ടശ്ശേരിൽ തിരുമേനിയുടെ ബന്ധുവും അതിവിശ്വസ്തനുമായിരുന്ന വി. എ. വർഗീസ്, തിരുമേനിയുടെ സെക്രട്ടറി കെ.വി. ചാക്കോ, തിരുവിതാംകൂറിലെ ഡിസ്ട്രിക്ട് ജഡ്ജി എ. പീലിപ്പോസ് മാരേട്ട് തുടങ്ങി പേരെടുത്തു പറയേണ്ടവർ എത്രയധികം!

തെക്കൻ തിരുവിതാംകൂറിലെ മിഷനറി പ്രവർത്തനങ്ങൾക്ക് മുഖ്യ നേതൃത്വം വഹിച്ചത് ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്നു സേവനത്തിനെത്തിയ ഫാദർ ജോസഫ് കുഴിഞ്ഞാലിലാണ്. അദ്ദേഹത്തിൻെറ അത്യുത്സാഹത്തിൽ മാർത്താണ്ഡംകേന്ദ്രീകരിച്ച് 'മേരി മക്കൾ' എന്നപേരിൽ ഒരു സന്ന്യാസിനീസമൂഹവും രൂപംകൊണ്ടു. മദർ മേരിയായിരുന്നു സമൂഹത്തിൻെറ സഹസ്ഥാപക. പഴയ സുറിയാനി കത്തോലിക്കാ സഭയിൽ നിന്ന് മലങ്കരയിൽ സേവനം നടത്താൻ സന്നദ്ധരായ യുവതികളെ ഉൾപ്പെടുത്തിയാണ് പ്രസ്തുത സന്ന്യാസിനീസമൂഹം സമാരംഭിച്ചത്. തെക്കൻ തിരുവിതാംകൂറിൽ സഭൈക്യത്തിൻെറ സന്ദേശവാഹകരായി പ്രത്യക്ഷപ്പെടുകയും ജനസമൂഹത്തിൻെറ വിദ്യാഭ്യാസ പുരോഗതിക്ക് അക്ഷീണം പ്രയത്നിക്കുകയും ചെയ്തുകൊണ്ട് മാർ ഈവാനിയോസ് തിരുമേനിയുടെ സുവിശേഷദൗത്യം സഫലമാക്കാൻ അവർ സഹകരിച്ചു. മലങ്കരയുടെ അതിരുകൾ കടന്നും പുനരൈക്യത്തിൻെറ പ്രകാശം പ്രസരിക്കുകയായിരുന്നു.

ദേവാലയങ്ങൾ സ്ഥാപിക്കുക, ആരാധനകൾ നടത്തുക, ജനതയുടെ ആത്മീയജീവിതം സമ്പന്നമാക്കുക എന്നീ പരിമിതതലങ്ങളിൽ ഒതുങ്ങിനിന്നു പ്രവർത്തിക്കുന്ന സങ്കുചിതസ്വഭാവമായിരുന്നില്ല മാർ ഈവാനിയോസിൻേറത്. ആദ്ധ്യാത്മികതയ്ക്കു അദ്ദേഹം പരമപ്രാധാന്യം നൽകിയിരുന്നു;

www.malankaralibrary.com



സന്ന്യാസത്തിന്റെ പൂർണ്ണതയായിരുന്നു ആ ത്യാഗധനൻ ലക്ഷ്യമാക്കിയിരുന്നത്. എന്നാൽ അതോടൊപ്പംതന്നെ സാമൂഹികതിന്മകൾക്കെതിരായുള്ള പോരാട്ടത്തിലും ആ വ്യക്തിത്വം ജ്വലിച്ചുനിന്നു. തന്റെ കർമ്മമണ്ഡലത്തിൽ കഴിയുന്നത്ര വിദ്യാലയങ്ങൾ ആരംഭിച്ചുകൊണ്ട് അജ്ഞാനത്തിന്റെയും അസ്വാതന്ത്ര്യത്തിന്റെയും അന്തരീക്ഷം ഒഴിവാക്കുകയെന്നത് മാർ ഈവാനിയോസ് ജീവിതദൗത്യമായി കരുതി. നാടെങ്ങും പള്ളികൾപോലെ പള്ളിക്കൂടങ്ങളും സ്ഥാപിച്ച് ആ പ്രതിഭാധനൻ പ്രകാശം പരത്തി. നാലാഞ്ചിറ ബഥനിക്കുന്നിൽ സ്ഥിതിചെയ്യുന്ന മാർ ഈവാനിയോസ് കോളജിലാണ് ആ മഹാപ്രയത്നം സാഫല്യം നേടുന്നത്.

പെട്ടെന്നു പറഞ്ഞുതീർക്കാവുന്ന ചരിത്രമല്ല മാർ ഈവാനിയോസ് കോളജിനുള്ളത്. അത് ഒരു ചരിത്രഭൂമിയാണ്. കല്ലും മരവുംകൊണ്ടു നിർമ്മിച്ച കെട്ടിടമെന്നോ കുറേപ്പേർക്ക് ഉപജീവനം നൽകുന്ന തൊഴിൽശാലയെന്നോ പൂർവ്വികർ സമ്പാദിച്ച പ്രശസ്തിയിൽ ആകൃഷ്ടരായെത്തുന്ന കുട്ടികളുടെ വിഹാരവേദിയെന്നോ ഒക്കെ പറഞ്ഞാൽ മാർ ഈവാനിയോസ് കോളജ് ആവുകയില്ല. അത് ഒരു സ്വപ്നസാക്ഷാത്കാരമാണ്. ഒരു മഹാത്മാവിന്റെ സ്വപ്നം ഇവിടെ സഫലമാകുന്നു. ശൂന്യതയിൽ നിന്ന് ഒരു ഹയരാർക്കിയെ രൂപപ്പെടുത്തിയെടുത്ത രാജശില്പി കൊടുംകാട്ടിനുള്ളിൽ കലാലയവും സൃഷ്ടിച്ചു.

ചിലർ സന്ദേഹിച്ചു:

"ഈ കാട്ടിൽ ആരു വന്നു പഠിക്കും ?"

ബഥനിക്കുന്ന് കാടുപിടിച്ചുകിടക്കുകയായിരുന്നു. കാട്ടുമൃഗങ്ങൾ മേഞ്ഞുനടക്കുന്ന സ്ഥലം. എന്തിനും മടിക്കാത്ത സാമൂഹ്യദ്രോഹികളുടെ അഴിഞ്ഞാട്ടം.

ആ കാടൊഴിഞ്ഞ ഭൂമിയിൽ മാർ ഈവാനിയോസിന്റെ കലാലയ സ്വപ്നം ഇതൾ വിടർത്തി. അഗ്നി പരീക്ഷണങ്ങളിലൂടെ ഉയർന്നുവന്ന മഹാസ്ഥാപനം. കോളജിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതു മുതൽ അധികാരസ്ഥാനങ്ങളിൽ നിന്നുള്ള എതിർപ്പുകൾ നേരിടേണ്ടിവന്നു. നേരിട്ട് അനുഭവമില്ലാത്തവർക്ക് അവിശ്വസനീയമായ ഒരപസർപ്പക കഥപോലെതോന്നും. ഭാവിതലമുറ അതേക്കുറിച്ച് വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്. ഈവാനിയോസ് തിരുമേനിയുടെ നിരങ്കുശമായ ഭാവനയും ധിഷണാവൈഭവവും മകുടം ചാർത്തിയ സന്ദർഭങ്ങൾ. അത് ഒരു വീരേതിഹാസത്തിന്റെ ഭാഗമാണ്; വിജയകരമായ പോരാട്ടത്തിന്റെ സാഹസികകഥയാണ്.

# 20

# പോരാട്ടങ്ങളുടെ കഥ

തിരുവിതാംകൂറിന്റെ രാഷ്ട്രീയചരിത്രത്തിൽ അത്യന്തം പ്രക്ഷുബ്ധമായ ഒരു കാലഘട്ടത്തിലാണ് മാർ ഈവാനിയോസ് തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തയും മലങ്കര ഹയരാർക്കിയുടെ അധിപനുമായി തലസ്ഥാനനഗരിയിൽ എത്തുന്നത്. വെള്ളയമ്പലത്തെ വാടകക്കെട്ടിടത്തിൽ ആറുമാസത്തോളം അദ്ദേഹം താമസിച്ചു. ആസ്ഥാനമന്ദിരം പണിയുന്നതിന് സൗകര്യപ്രദമായ ഒരു സ്ഥാനം കണ്ടെത്തുന്നതിനുള്ള അന്വേഷണവും തുടർന്നു. മാനേജർ കിളീലേത്തു ചാക്കോച്ചനാണ് വസ്തു വാങ്ങുന്നതിന്റെയും കെട്ടിടം നിർമ്മിക്കുന്നതിന്റെയുമൊക്കെ ചുമതലകൾ നിറവേററിവന്നത്. അർപ്പണബോധത്തോടെ ആ ഭാരിച്ച ഉത്തരവാദിത്വം അദ്ദേഹം നിർവ്വഹിച്ചുപോന്നു.

മാർ ഈവാനിയോസിന്റെ വ്യക്തിപ്രഭയിൽ ആകൃഷ്ടനായി, അദ്ധ്യാപകവൃത്തി ഉപേക്ഷിച്ച് പുനരൈക്യ പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിക്കാൻ സന്നദ്ധനായ ത്യാഗശാലിയാണ് മലഞ്ചെരുവിൽ മത്തായിസാർ. ഉള്ളന്നൂർ വിളയാടിശ്ശേരി സ്കൂളിൽ അദ്ധ്യാപകനായിരുന്നു അദ്ദേഹം. വീടിനടുത്ത് ഓലപ്പുരകെട്ടി ഹരിജനങ്ങളെ മത്തായിസാർ എഴുത്തും വായനയും പഠിപ്പിച്ചു. യേശുവിനെപ്പററിയുള്ള നിശ്ശബ്ദചിത്രങ്ങൾ 'മാജിക് ലാന്റേൺ' ഉപയോഗിച്ച് പ്രദർശിപ്പിക്കുകയും അനേകമാളുകളെ പുനരൈക്യപ്രസ്ഥാനത്തിലേക്ക് ആനയിക്കുകയും ചെയ്തു.

മത്തായിസാറിന്റെ കാര്യശേഷിയിലും നയചാതുരിയിലും അർപ്പണബോധത്തിലും വലിയ മതിപ്പുണ്ടായിരുന്ന ഈവാനിയോസ് തിരുമേനി വസ്തുവാങ്ങലും കെട്ടിടംപണിയുമൊക്കെ മത്തായിസാറിന്റെ ചുമതലയിലാക്കി. അദ്ദേഹത്തെ മുക്ത്യാർ ആയി നിയോഗിച്ചു. ഈ ഘട്ടത്തിലാണ് പട്ടത്തെ ശരവണക്കുന്നിൽ ഒരു വിധവയുടെ സ്ഥലം പാട്ടത്തിനു കൊടുക്കാനുണ്ട് എന്ന അറിവു ലഭിക്കുന്നത്. മെയിൻറോഡിനോടു ചേർന്നുള്ള സ്ഥലം; ഉയർന്ന സ്ഥാനം. കാടുപിടിച്ചു കിടക്കുകയാണ്. മത്തായിസാറിന്റെ തന്ത്രപരമായ ഇടപെടൽ നിമിത്തം പെട്ടെന്ന് ഭൂമികൈവശമാക്കാൻ സാധിച്ചു. കാടുകൾ വെട്ടിമാററി താത്കാലിക ഷെഡുണ്ടാക്കി. തിരുമേനിയും സഹായികളും അവിടേക്കു താമസംമാററി. അങ്ങനെ അനന്തപുരിയിൽ ഒരു ക്രൈസ്തവമേലദ്ധ്യക്ഷൻ ആദ്യമായി സ്ഥാനമുറപ്പിച്ചു.

www.malankaralibrary.com



ഇതേ കാലഘട്ടത്തിലാണ് അതിബുദ്ധിമാനും ഭരണതന്ത്രജ്ഞനുമായ സർ സി. പി. രാമസ്വാമി അയ്യരും തിരുവനന്തപുരത്തെത്തുന്നത്; തിരുവിതാംകൂറിന്റെ ചരിത്രത്തെ മാറ്റിമറിച്ച വ്യക്തി. രാഷ്ട്രീയ കൊടുങ്കാറ്റുകൾ ഉണർത്തിവിട്ട ആ അധികാരപ്രമത്തതയിൽ സി. പി. രാമസ്വാമി അയ്യരുടെ ഭരണനൈപുണ്യവും രാജ്യസേവനവും വിസ്മൃതമായിരിക്കുന്നു. ശ്രീചിത്തിര തിരുനാൾ മഹാരാജാവിന്റെ ഉപദേഷ്ടാവ് എന്ന നിലയിലായിരുന്നു സി.പി. യുടെ ആഗമനം; 1934-ൽ. അദ്ദേഹത്തെ മാർ ഈവാനിയോസ് ചെന്നുകണ്ട് പരിചയപ്പെട്ടു; വിജയാശംസകൾനേർന്നു. സാധാരണഗതിയിൽ പ്രതിസന്ദർശനം നടത്തേണ്ടതാണ്. പക്ഷേ അങ്ങനെ ഒരുപചാരം പ്രകടിപ്പിക്കാൻ സി. പി. സന്നദ്ധത പ്രദർശിപ്പിച്ചില്ല. അത് ഈവാനിയോസ് തിരുമേനിക്ക് അലോസരമുണ്ടാക്കിയത് സ്വാഭാവികം. സി. പി. യെ ചില 'മര്യാദ'കൾ പഠിപ്പിക്കേണ്ടിയിരിക്കുന്നുവെന്ന് അദ്ദേഹം ചിന്തിച്ചു.

തിരുവിതാംകൂറിൽ ദിവാനായിരുന്ന സർ ഓസ്റ്റിൻ ജോലിയിൽ നിന്നു വിരമിച്ച് ഇംഗ്ലണ്ടിലേക്കു മടങ്ങാനുള്ള തീരുമാനമുണ്ടായത് ഈ സമയത്താണ്. തന്റെ മിത്രമായ ദിവാന് സമുചിതമായ യാത്രയയപ്പു നൽകണമെന്ന് മാർ ഈവാനിയോസ് തീരുമാനിച്ചു. തലസ്ഥാനത്തെ ഉദ്യോഗസ്ഥപ്രമുഖർക്കും പൗരപ്രധാനികൾക്കും യാത്രയയപ്പുസൽക്കാരത്തിൽ പങ്കുകൊള്ളാൻ ക്ഷണപത്രമയച്ചു. 1934 ഫെബ്രുവരി 5-ാം തീയതി വൈകുന്നേരമായിരുന്നു സൽക്കാരം ഏർപ്പാടാക്കിയിരുന്നത്. ഒരാൾക്കുമാത്രം ക്ഷണപത്രം അയയ്ക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധവച്ചു. അത് സി.പി. രാമസ്വാമി അയ്യർക്ക് ആയിരുന്നു. യാത്രയയപ്പുദിവസം മൂന്നരമണിയായപ്പോൾ ഒരു സേവകൻ മുഖേന സി. പി. ക്ക് ക്ഷണക്കത്ത് കൊടുത്തയച്ചത് ആദരിക്കാനായിരുന്നില്ലെന്നു വ്യക്തം. കാലവിളംബത്തിന് വിചിത്രമായ കാരണവും കത്തിൽ രേഖപ്പെടുത്തിയിരുന്നു. ക്ഷണക്കത്തുകൾ അയച്ചത് സന്ദർശകഡയറിയിലെ മേൽവിലാസം നോക്കിയാണ്; സർ സി. പി. യുടെ മേൽവിലാസം അതിൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് ഇപ്പോൾ മനസ്സിലാക്കുന്നു.

ആരുടെയും പേരോ ഒപ്പോ ഇല്ലാതെ ഒരു മറുപടി സി. പി. യുടെ ഭാഗത്തുനിന്ന് ഉണ്ടായി. ക്ഷണക്കത്ത് സി.പി. രാമസ്വാമി അയ്യർക്കു കിട്ടിയത് 3.10 p.m. നാണ്; അതുകൊണ്ട് വൈകുന്നേരത്തെ ചടങ്ങിന് എത്താനാവുകയില്ല; ആ സമയം ആർട്സ് കോളജിൽ നടക്കുന്ന ഒരു യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കാനുണ്ട്.

രണ്ടുപേർക്കും പരസ്പരം മനസ്സിലാക്കാൻ ഇത് ഒരവസരമായി.

ദേവാലയങ്ങൾ നിർമ്മിക്കുന്നതിനും സിമിത്തേരികൾ സ്ഥാപിക്കുന്നതിനും സർക്കാർതലത്തിൽ പല നിയന്ത്രണങ്ങളും അന്ന് നിലവിലുണ്ടായിരുന്നു. സൽക്കാരസമ്മേളനത്തിൽ മാർ ഈവാനിയോസ് ചെയ്ത പ്രസംഗത്തിൽ അക്കാര്യം എടുത്തുപറയാതിരുന്നില്ല:



> നിയമപരമായ അധികാരത്തെ തകിടം മറിക്കുന്നതിനും മതത്തെ ഉന്മൂലനം ചെയ്യുന്നതിനും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സുസംഘടിതമായ പരിശ്രമങ്ങൾ വൻതോതിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു ദുർഘടകാലഘട്ടമാണിത്. ദൈവവിശ്വാസവും, രാജഭക്തിയും, നിയമപരമായ അധികാരവിധേയത്വവും ഒത്തുചേർന്നു പോകേണ്ട ഘടകങ്ങളാണ്. തന്മൂലം മതാനുഷ്ഠാനത്തിന് സകല പ്രോത്സാഹനങ്ങളും ഗവൺമെന്റ് ചെയ്തുകൊടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അങ്ങനെ നൽകുന്ന എന്തുസഹായവും രാഷ്ട്രത്തിന്റെ നിലനില്പിനെയും സാമൂഹ്യവ്യവസ്ഥിതിയുടെ സംരക്ഷണത്തെയും പരിപോഷിപ്പിക്കുന്നതിനുള്ള വിജയപ്രദമായ പ്രവൃത്തികളായിരിക്കും.
>
> അതുകൊണ്ട് ജീവിച്ചിരിക്കുന്നവർക്ക് ആരാധനാലയങ്ങൾ നിർമ്മിക്കുക, മരിച്ചവർക്കുവേണ്ടി ശ്മശാനങ്ങൾ സ്ഥാപിക്കുക ആദിയായവയ്ക്ക് ഇപ്പോൾ നിലവിലിരിക്കുന്ന നിയന്ത്രണം-പഴയകാലത്തെ അവശതകളിൽ നിന്നും അവശേഷിച്ചിട്ടുള്ളവകൂടി-തിരുവിതാംകൂറിനെപ്പോലെയുള്ള പുരോഗമനപരമായ ഭരണം നടത്തുന്ന ഒരു രാജ്യത്തുനിന്ന് നീക്കംചെയ്യുമെന്ന് എനിക്കു ബലമായ ഉറപ്പുണ്ട്.[1]

യാത്രയയപ്പു സൽക്കാരത്തിൽ സംബന്ധിക്കാൻ വൈകിയുള്ള ക്ഷണം നല്കി അപമാനിച്ചതോടൊപ്പം പ്രകോപനപരമായ ഈ പ്രസംഗം കൂടിയായപ്പോൾ സർ സി. പി. യുടെ രോഷാഗ്നി ആളിപ്പടർന്നു. രാജസ്ഥാനത്തെ ചൊല്പടിയിൽ നിർത്തിയിരുന്ന അദ്ദേഹം മാർ ഈവാനിയോസിനെതിരെ പ്രതികാരനടപടികൾക്കു തുടക്കമിട്ടു. ആർച്ചുബിഷപ്പ് താമസിക്കുന്ന ശരവണക്കുന്നിൽനിന്ന് അടിയന്തിരമായി കുടിയിറക്കി തിരുവനന്തപുരം നഗരത്തിൽനിന്ന് ആട്ടിപ്പായിക്കുകയായിരുന്നു ലക്ഷ്യം. സ്ഥലമുടമയായിരുന്ന വിധവയുമായി സർ സി.പി. ബന്ധം പുലർത്തി. ആ പ്രേരണയ്ക്കു വഴങ്ങി ഒരുമാസത്തിനകം പാട്ടം ഒഴിഞ്ഞുകൊടുക്കണമെന്നുകാണിച്ച് സ്ഥലമുടമ മാർ ഈവാനിയോസിനു നോട്ടീസു നൽകി.

തത്കാലം എതിർത്തുനിന്നാലും നിയമാനുസൃതം വഴങ്ങിക്കൊടുക്കേണ്ടിവരുമെന്ന് അറിയാമായിരുന്നതുകൊണ്ട് ആ പാഴ്വേലയ്ക്ക് തിരുമേനി ഒരുങ്ങിയില്ല. ഒരു തടസ്സവാദവും ഉന്നയിക്കാതെ സ്ഥലംവിട്ടുകൊടുക്കാൻ തന്നെ നിശ്ചയിച്ചു. കററച്ചക്കോണത്ത് പത്ത് ഏക്കർ ഭൂമിയും ഏതാനും കെട്ടിടങ്ങളും വില്പനയ്ക്കുണ്ടെന്നറിഞ്ഞ് ഒട്ടും അമാന്തിക്കാതെ കരാറുറപ്പിച്ചു. ശരവണക്കുന്നിൽനിന്ന് ഇറങ്ങി അവിടേയ്ക്ക് താമസം മാറ്റി. ശരവണക്കുന്ന് പിൽക്കാലത്ത് തിരുവനന്തപുരം അതിരൂപതയുടെ അധീനതയിൽ തിരികെവരികയും അവിടെ ഇപ്പോഴത്തെ മെത്രാസനമന്ദിരം ഉയരുകയും ചെയ്തതും ദൈവനിയോഗം.

1. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് ഭാഗം രണ്ട്. പു.153.

www.malankaralibrary.com



മാർ ഈവാനിയോസ് വഴങ്ങുന്നില്ലെന്നു കണ്ടപ്പോൾ സി. പി. ക്കു വാശി മുഴുത്തു. കററച്ചക്കോണത്ത് അദ്ദേഹം വിലയ്ക്കുവാങ്ങിയ വസ്തു പൊതുആവശ്യത്തിന് എന്ന പേരുപറഞ്ഞ് സർക്കാരിലേക്ക് പൊന്നും വിലയ്ക്ക്എടുക്കാനായിരുന്നു പദ്ധതി. റവന്യൂ ജീവനക്കാരെയും പോലീസുകാരെയും അയച്ചു ഭീഷണികൾ പ്രയോഗിച്ചുനോക്കി. തിരുമേനി അതെല്ലാം അർഹിക്കുന്ന അവജ്ഞയോടെ അവഗണിച്ചു. വഴങ്ങുന്ന മട്ടുകാണാതെ വന്നപ്പോൾ രണ്ടും കല്പിച്ച് റവന്യൂ അധികൃതർ പോലീസ് സന്നാഹത്തോടെ ഭൂമി അളന്നെടുക്കാൻ സന്നദ്ധരായി. ഇങ്ങനെ ഒരു വൈരനിര്യാതനബുദ്ധി മാർ ഈവാനിയോസ് തീരെ പ്രതീക്ഷിച്ചിരുന്നില്ല. സ്വന്തം മുറിയിൽ പ്രാർത്ഥനാനിരതനായി കഴിയുമ്പോഴാണ് ഈ സന്നാഹത്തെക്കുറിച്ച് അദ്ദേഹം അറിയുന്നത്. ഉടനെ പ്രാർത്ഥനപ്പുസ്തകം മടക്കിവച്ചു. ഒരു ചൂരൽ വടി കൈയിലെടുത്തു. ആയുധസജ്ജരായി നിന്ന പോലീസുകാരുടെ നേർക്കു ചാടി.

"എല്ലാവരും വെളിയിൽപ്പോകൂ."

ദൃഢസ്വരത്തിൽ മാർ ഈവാനിയോസ് കല്പിച്ചു. അവരുടെ ന്യായവാദങ്ങളൊന്നും അദ്ദേഹം ശ്രദ്ധിച്ചില്ല.

"കടക്കൂ പുറത്ത്."

ആ ആജ്ഞാശക്തി അജയ്യമായിരുന്നു. ഭൂമി അളന്നെടുക്കാൻ വന്നവരും അവർക്കു പരിരക്ഷയേകാൻ എത്തിയവരും തലതാഴ്ത്തി കോമ്പൗണ്ട് വിട്ടു.

പക്ഷേ സി. പി. പിന്മാറിയില്ല. സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നിയമനടപടികളുമായി അദ്ദേഹം മുന്നോട്ടു പോകുന്നതറിഞ്ഞ് മാർ ഈവാനിയോസ് പുതിയൊരു തന്ത്രം പ്രയോഗിച്ചു. സ്ഥലം വാങ്ങിയിരിക്കുന്നത് മാർപ്പാപ്പാ അയച്ചുകൊടുത്ത പണമുപയോഗിച്ചാണ്. അതു തിരുവിതാംകൂർ സർക്കാരിന് ആവശ്യമെങ്കിൽ മാർപ്പാപ്പായ്ക്ക് എഴുതി അനുവാദം വേണം. ഒരു ദൂതൻ വഴി ഈ സന്ദേശം സർ സി. പി. ക്കു കൈമാറി.

അതിൽ ഒളിഞ്ഞുകിടന്ന അപകടസൂചന സൂക്ഷ്മദൃക്കായ സി.പി. രാമസ്വാമി അയ്യർ ശരിക്കും ഗ്രഹിച്ചു. മാർപ്പാപ്പായുടെ അനുവാദം തേടുകയെന്നത് മാർ ഈവാനിയോസിന്റെ ഒരു തന്ത്രപ്രയോഗമാണെങ്കിലും അത് അവഗണിച്ചാലുണ്ടാകാവുന്ന പ്രത്യാഘാതം ഗുരുതരമായിരിക്കും. അത്തരമൊരു അപകടസന്ധി സൃഷ്ടിക്കുന്നതിന് കഴിയുന്നയാളാണ് ആർച്ചുബിഷപ്പ്. അതുകൊണ്ട് തത്കാലം പത്തിതാഴ്ത്തിയിരിക്കാൻ തന്നെ സി. പി. തീരുമാനിച്ചു.

ഇതിനുപകരം പ്രതികാരത്തിന്റെ അഗ്നിപടർന്നത് പലവഴികളിലൂടെയാണ്. തിരുവനന്തപുരം അതിരുപതയിലും തിരുവല്ലാ രൂപതയിലും പുതുതായി ധാരാളം ദേവാലയങ്ങൾ സ്ഥാപിക്കേണ്ടത് ആവശ്യമായിവന്നു. മൃതശരീരങ്ങൾ മറവുചെയ്യുന്നതിന് സിമിത്തേരികളും വേണ്ടിയിരുന്നു.പ്രധാന



കേന്ദ്രങ്ങളിലെല്ലാം വസ്തുവകകൾ സമ്പാദിച്ച് ഇതിനാവശ്യമായ സംവിധാനമുണ്ടാക്കി. പക്ഷേ പള്ളികളും സിമിത്തേരികളുമൊക്കെ നിർമ്മിക്കുന്നതിന് സർക്കാരിന്റെ അനുവാദം അനുപേക്ഷണീയമാണെന്ന നിബന്ധന സർ സി. പി. അതികർശനമാക്കി. ഈ പ്രതികൂലസാഹചര്യം പുനരൈക്യ പ്രസ്ഥാനത്തിന്റെ പുരോഗതിയെ കുറെയൊക്കെ ബാധിക്കാതിരുന്നില്ല. വിശ്വാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിൽ സി.പി. ക്രൂരമായ ആനന്ദമുൾക്കൊണ്ടു. അംഗീകാരമില്ലാതെ പരസ്യാരാധന നടത്തി; അനുവാദം വാങ്ങാതെ ശവം മറവുചെയ്തു തുടങ്ങിയ കുററങ്ങൾ ആരോപിച്ച് വൈദികരെയും സമുദായ നേതാക്കന്മാരെയും നിരന്തരം പീഡിപ്പിക്കാനും അദ്ദേഹത്തിന് മടിയുണ്ടായിരുന്നില്ല.

ഈ സാഹചര്യത്തിൽ മാർ ഈവാനിയോസ് ഒരു ഇടയലേഖനം പുറപ്പെടുവിച്ചു. അതിൽ ഇപ്രകാരം വ്യക്തമാക്കിയിരുന്നു: പരസ്യാരാധനയ്ക്കു മാത്രമാണ് സർക്കാരിന്റെ അനുവാദം ആവശ്യമുള്ളത്; മൂന്നിന്മേൽ കുർബ്ബാന, പട്ടം കൊട ശുശ്രൂഷ, മൂറോൻ കൂദാശ എന്നിവയാണ് പരസ്യാരാധന; വിശുദ്ധ കുർബ്ബാന പരസ്യാരാധനയല്ല; അതുകൊണ്ട് അതിൽ സംബന്ധിക്കുന്നതിന് തടസ്സമോ തടയാൻ സർക്കാരിന് അധികാരമോ ഇല്ല. തിരുവിതാംകൂറിലെ പലമതവിഭാഗക്കാരും സ്വന്തം പുരയിടങ്ങളിലാണ് മൃതദേഹങ്ങൾ മറവുചെയ്യുന്നത്; അതിന് സർക്കാർ അനുമതി വേണമെന്ന് നിബന്ധിച്ചിട്ടില്ല. ആ നിലയ്ക്ക് തന്റെ അധീനതയിലുള്ളവർ അന്തരിക്കുമ്പോൾ അവരെ എവിടെ സംസ്കരിക്കണമെന്ന് തീരുമാനിക്കാനും അനുവാദം നൽകാനും തനിക്ക് അധികാരമുണ്ട്.

പക്ഷേ ഈ കല്പനയുടെ സാരാംശം അംഗീകരിച്ചു കൊടുക്കാൻ നിയമപാലകർ സന്നദ്ധരായില്ല. അവർ സി.പി. യുടെ നിർദ്ദേശമനുസരിച്ച് പീഡന നടപടികൾ തുടർന്നുകൊണ്ടിരുന്നു. ഈ സന്ദർഭത്തിൽ ബ്രിട്ടീഷ് പാർലമെന്റിന്റെ പ്രഭുസഭയിൽ ഇതേക്കുറിച്ച് ചോദ്യമുയർന്നു. ഇന്ത്യയിലെ ഒരു നാട്ടുരാജ്യമായ തിരുവിതാംകൂറിൽ ക്രിസ്ത്യാനികളെ മതപരമായി പീഡിപ്പിക്കുന്നുവെന്ന വാർത്തയുടെ നിജസ്ഥിതിയെക്കുറിച്ചായിരുന്നു ചോദ്യം. ചോദ്യകർത്താവായ ഫിററ്സാലൻപ്രഭു മാർ ഈവാനിയോസിനെ നേരിട്ടറിയാവുന്ന പ്രമുഖനായ പാർലമെൻറംഗമായിരുന്നു. അദ്ദേഹമാണ് തിരുമേനിയുടെ പാശ്ചാത്യപര്യടനവേളയിൽ ലണ്ടനിൽ വച്ചുനടന്ന സ്വീകരണയോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചത്.

'ചോദ്യത്തിൽ ഉന്നയിച്ച കാര്യത്തെപ്പററി തത്കാലം ഗവൺമെൻറിനു വിവരമൊന്നുമില്ല. അടിയന്തിരമായി അന്വേഷണം നടത്തി സഭയെ വിവരമറിയിക്കാം': ഫിററ്സാലൻപ്രഭുവിന് മറുപടി ലഭിച്ചു.

ഈ ചോദ്യവും ഉത്തരവും തിരുവിതാംകൂറിൽ വലിയ പ്രകമ്പനം സൃഷ്ടിച്ചു. പ്രഭുവും മാർ ഈവാനിയോസും തമ്മിലുള്ള സൗഹൃദം നിമിത്തം ചോദ്യം ഉന്നയിക്കുന്നതിനുള്ള പ്രേരണ തിരുമേനിയിൽനിന്ന് ഉണ്ടായ

www.malankaralibrary.com



താവണം എന്നു ചിന്തിക്കുന്നതിൽ തെററുണ്ടായിരുന്നില്ല. നാട്ടുരാജ്യങ്ങളുടെ മേൽ അധീശശക്തിയായ ബ്രിട്ടനുണ്ടായിരുന്ന നിയന്ത്രണം നന്നായി ഗ്രഹിച്ചിരുന്ന സർ സി. പി.ക്ക് ഭയവും കോപവും വളർന്നു. ബ്രിട്ടീഷ് കോമൺ സഭയിൽ ആത്യുൾപ്രഭ്വിയും ഇതേ ചോദ്യംതന്നെ ഉന്നയിച്ചതും വാർത്താ മാദ്ധ്യമങ്ങൾ പ്രാധാന്യത്തോടെ പ്രസിദ്ധപ്പെടുത്തി.

തിരുവിതാംകൂറിൽ നിവർത്തന പ്രക്ഷോഭണം ആരംഭിച്ചത് ഇതേകാലത്താണ്. ക്രിസ്ത്യാനികളും മുഹമ്മദീയരും ഈഴവരും തോളോടുതോൾ ചേർന്ന് സർ. സി. പി. യുടെ കിരാതഭരണത്തിനെതിരെ സംഘടിക്കുകയായിരുന്നു. സർക്കാർനിയമനങ്ങളിൽ ഈ ജനവിഭാഗങ്ങൾക്കെതിരെയുള്ള വിവേചനം അവസാനിപ്പിക്കുക എന്നതായിരുന്നു പ്രക്ഷോഭകരുടെ ആവശ്യം.

ഇതിനിടയിൽ തിരുവനന്തപുരത്തുനിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന 'സമദർശി' പത്രത്തിൽ ഒരു വാർത്ത പ്രത്യക്ഷപ്പെട്ടു:

> തിരുവിതാംകൂർ ഗവൺമെൻറ് ക്രിസ്ത്യാനികളെ ഹിന്ദുമതത്തിലേക്കു പരിവർത്തനം ചെയ്യുന്നതിനു ഹിന്ദുമിഷനിലേക്കു ധനസഹായം ചെയ്തുകൊണ്ടിരിക്കുന്നുവെന്നും മററും ഇവിടത്തെ ഒരു ആർച്ചുബിഷപ്പ് വൈസ്രോയിക്ക് അയച്ചിരുന്ന ഒരു മെമ്മോറിയൽ ഇന്ത്യാഗവൺമെൻറ് അന്വേഷണാർത്ഥം ഇവിടത്തെ പൊളിററിക്കൽ ഏജൻറിന് അയച്ചുകൊടുത്തിരിക്കുന്നു. പൊളിററിക്കൽ ഏജൻറ് താമസിയാതെ ഇതു സംബന്ധിച്ച് ഏതാനും ബിഷപ്പന്മാരെയും ക്രിസ്ത്യൻ പ്രധാനിമാരെയും വരുത്തി അവരുടെ സ്റെറയിററുമെൻറു വാങ്ങിക്കുന്നതായിരിക്കും. ഗവൺമെൻറ് ഇതു സംബന്ധിച്ച് ഇന്ത്യാഗവൺമെൻറിനു സമർപ്പിക്കുവാൻ ഒരു മെമ്മോറാണ്ഡം തയ്യാറാക്കി വരുന്നു.[2]

ഈ വാർത്ത മാദ്ധ്യമരംഗത്ത് ചേരിതിരിവുകൾ സൃഷ്ടിച്ചു. സർവ്വീസ്, മലയാളി, മലയാളരാജ്യം തുടങ്ങിയ പത്രങ്ങൾ മാർ ഈവാനിയോസിനെ പ്രതിക്കൂട്ടിൽ നിറുത്തി. 'സർവ്വീസ്' പത്രം നല്കിയ മുന്നറിയിപ്പ് ഇപ്രകാരമായിരുന്നു:

> മഹാരാജാവു തിരുമനസ്സിലെ പ്രശസ്തിക്കു കളങ്കം വരുത്തുവാനും തിരുമേനിയെപ്പററി വെളിയിൽ അതൃപ്തിയും വെറുപ്പും ഉണ്ടാക്കുവാനും അനാവശ്യമായ ദൂഷ്യാരോപണങ്ങളിൽ വ്യാപൃതനായിരിക്കുന്ന ആർച്ചുബിഷപ്പിനെ ഒരു നല്ല പാഠം പഠിപ്പിക്കേണ്ടത് ഗവൺമെൻറിൻെറ കർത്തവ്യമാകുന്നു. രാജ്യദ്രോഹികളായ ഇത്തരം വ്യക്തികൾ പ്രജകളുടെ ഇടയിലുണ്ടെന്നു കേൾക്കുന്നതുതന്നെ കർണ്ണാരുന്തുദമായ ഒരു വാർത്തയാകുന്നു. രാജാവിനെതിരായി എഴുത്തുകുത്തു നടത്തി എന്നുള്ള ഏകകാരണത്താൽ ക്ഷത്രിയകുലജാതനും, അന്നത്തെ

2. സമദർശി, മീനം 20, 1110.



> മഹാരാജാവിൻെറ അടുത്ത ബന്ധുവുമായിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിനെ ജയിലിൽ പാർപ്പിച്ച ഈ നാട്ടിൽ രാജാവിനും രാജ്യത്തിനും അവമതി നേരിടത്തക്കവിധത്തിലുള്ള ദുഷ്പ്രചരണത്തിലേർപ്പെട്ടിരിക്കുന്ന ഒരാർച്ചുബിഷപ്പിനെ ഒരുനിമിഷം പോലും വെറുതെവച്ചുകൊണ്ടിരിക്കത്തക്കതല്ല. അതിനുവേണ്ട ശിക്ഷകൾ ഉടനേ നൽകേണ്ടതാണ്. ഒരുകാലത്തും ഗവൺമെൻറ് ഇക്കാര്യത്തിൽ അലസഭാവം കൈക്കൊള്ളരുത്. ഇപ്പോൾത്തന്നെ ഏതാണ്ട് അനിയന്ത്രിതമായ അവസ്ഥയിലെത്തിയിരിക്കുന്ന ഇത്തരം ഉപജാപകസംഘങ്ങളെ അടിച്ചമർത്തി രാജ്യത്തു സമാധാനവും ശാന്തിയും പുനഃസ്ഥാപിക്കുവാൻ ഗവൺമെൻറിനോടും ഇരമ്പിക്കയറിവരുന്ന ഹൈന്ദവമത ദ്രോഹത്തെ യോജിപ്പോടും സംഘടനയോടും കൂടി എതിർക്കുന്നതിനു വേണ്ടശക്തി സമ്പാദിക്കാൻ ഹിന്ദുമതത്തോടും പ്രത്യേകിച്ച് ബ്രാഹ്മണർതുടങ്ങിയുള്ള സർവ്വഹിന്ദുക്കളോടും ഞങ്ങൾ ശക്തിയായി ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.[3]

മാർ ഈവാനിയോസിനെ രാജ്യദ്രോഹിയായി മുദ്രകുത്തി ജയിലിലടയ്ക്കാമെന്നും വർദ്ധിച്ചുവരുന്ന ജനരോഷത്തെ പ്രതിരോധിക്കാമെന്നുമായിരുന്നു സി.പി.യുടെയും പിണിയാളുകളുടെയും കണക്കുകൂട്ടൽ. തൻെറ ഇംഗിതാനുവർത്തികളായ പത്രങ്ങളിൽ വർഗ്ഗീയവിഷം ചൊരിയുന്ന ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്താൻ പ്രേരണനല്കിക്കൊണ്ട് അപഹാസ്യ നടപടിക്ക് സി.പി. അങ്കം കുറിച്ചു. ഈ ഘട്ടത്തിൽ സ്ഥൈര്യം വിടാതെ സമചിത്തത പുലർത്തിയും മതസൗഹൃദം നിലനിറുത്തുന്നതിന് പ്രതിജ്ഞാബദ്ധമായും 'മലയാള മനോരമ' പത്രം പ്രസിദ്ധപ്പെടുത്തിയ മുഖപ്രസംഗം ഏററവും ശ്രദ്ധേയമായിരുന്നു:

> തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ മറേറതു സമുദായത്തെയും പോലെതന്നെ രാജഭക്തി തികഞ്ഞവരാണെന്നു ചരിത്രം തെളിയിക്കുന്നു. രാജകീയ സൗജന്യങ്ങൾ പ്രജാസഞ്ചയത്തിൽപ്പെട്ട മററു സമുദായങ്ങളെപോലെ തന്നെ ക്രിസ്ത്യാനികളും ധാരാളം അനുഭവിച്ചിട്ടുണ്ട്. രാജകീയസൗജന്യങ്ങൾ പ്രജകൾക്ക് ഏവർക്കും സമുദായഭേദമെന്യേ അനുഭവയോഗ്യമായ ഒരു പദവിയാണ്. രാജസ്ഥാനം ഇവിടെയും എവിടെയും സമുദായോപാധികൾക്കു മീതെ നിഷ്പക്ഷമായി വർത്തിക്കുന്ന ഒരു മഹനീയ ശക്തിയാണല്ലോ. ക്രിസ്ത്യാനികൾക്ക് തിരുവിതാംകൂർ മഹാരാജാക്കന്മാരിൽനിന്നും ലഭിച്ച സൗജന്യങ്ങൾ കൊണ്ടാണ് ഇന്നാട്ടിലെ വിദ്യാഭ്യാസപ്രചരണത്തിൽ ഇത്ര മുന്നിട്ടുനിന്നു പ്രവർത്തിക്കുന്നതിന് തങ്ങൾക്കു സാധിച്ചിട്ടുള്ളതെന്ന് അവർ അഭിമാനപൂർവ്വം അനുസ്മരിക്കുന്നു. ന്യായമായ സങ്കടമുണ്ടെങ്കിൽ അധീ

3. സർവീസ്, മീനം 30, 1110.

www.malankaralibrary.com



ശഗവൺമെൻറിൻെറ അടുക്കൽ അത് അറിയിക്കുന്നതു രാജഭക്തിക്കു ചേർന്നതല്ലെന്ന് പറയുന്നതിലുള്ള യുക്തിയാണ് ദുർഗ്രഹമായിരിക്കുന്നത്. ഇങ്ങനെ ഒരു സംഭവം തിരുവിതാംകൂറിൽ കേട്ടുകേൾവി ഇല്ലാത്തതല്ലെന്ന് തിരുവിതാംകൂർചരിത്രം അറിയാവുന്നവരോടു പറയേണ്ട ആവശ്യമില്ല. തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ സാമുദായികമായും രാഷ്ട്രീയമായും പലവിധത്തിലുള്ള അവശതകൾ അനുഭവിച്ചുവരുന്നുണ്ടെന്നുള്ളതും മറന്നിരിക്കാൻ നിവൃത്തിയില്ലാത്തവിധം ലോകപ്രസിദ്ധമായിത്തീർന്നിരിക്കുന്ന ഒരു പരമാർത്ഥമാണ്. തിരുവിതാംകൂറിലെ മൂന്നു പ്രധാന സമുദായങ്ങൾ ചേർന്ന് ഈ അടുത്തകാലത്തു നടത്തിയപ്രക്ഷോഭണംതന്നെ ഇതിനു മതിയായ തെളിവാണ്. ദേവാലയസ്ഥാപനം സംബന്ധിച്ച് ഇന്നു ക്രിസ്ത്യാനികൾ നിയമപരമായ പലവൈഷമ്യങ്ങൾ അനുഭവിച്ചുവരുന്നുണ്ടെന്നുള്ളതിന് ധാരാളം ഉദാഹരണങ്ങൾ പറയാനുണ്ട്. ആ സ്ഥിതിക്ക്, അഥവാ, ഇവിടത്തെ അസ്വ തന്ത്രതകളെപ്പററി മേൽക്കോയ്മയെ അറിയിക്കാമെന്ന് ആരെങ്കിലും വിചാരിച്ചുപോയാൽത്തന്നെ അതിൽ അസ്വാഭാവികമായി യാതൊന്നും ഉണ്ടെന്നു വിചാരിച്ചിട്ടാവശ്യമില്ല. പ്രജാസഞ്ചയത്തിൽ ഏതെങ്കിലും ഒരു വിഭാഗത്തിനു വാസ്തവത്തിൽ അസംതൃപ്തിക്കു കാരണമുണ്ടെങ്കിൽ അതിനുള്ള കാരണങ്ങളെ ഉന്മൂലനം ചെയ്യുകയാണ് ബുദ്ധിപൂർവ്വകമായ രാജ്യതന്ത്രം.[4]

ഈ വിവേകപൂർണ്ണമായ സമീപനമൊന്നും സി. പി. യുടെ ഹിതാനുവർത്തികളായ ജിഹ്വകളെ നിശ്ശ്ബ്ദമാക്കിയില്ല. മാർ ഈവാനിയോസിനെതിരായ അപവാദവ്യവസായം അവർ കുറേക്കാലംകൂടി തുടർന്നു. ഒടുവിൽ ആർച്ചുബിഷപ്പ് നിശ്ശബ്ദത ഭഞ്ജിച്ചു. തിരുവിതാംകൂർ മഹാരാജാവിനോ ദിവാനോ എതിരായി യാതൊരു മെമ്മോറിയലും ഇന്ത്യാവൈസ്രോയിക്ക് അയച്ചിട്ടില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. അതേസമയം ദേവാലയങ്ങൾ സ്ഥാപിക്കുന്നതിന് അനുവാദം അപേക്ഷിച്ചുകൊണ്ട് താൻ സമർപ്പിച്ച 26 അപേക്ഷകളും അകാരണമായി നിരസിക്കപ്പെട്ടതിലുള്ള ഖേദവും മതപരമായ വിവേചനവും അദ്ദേഹം തുറന്നു പ്രസ്താവിക്കാതിരുന്നില്ല:

തിരുവിതാംകൂർ ചീഫ് സെക്രട്ടറിയായിരുന്നു ഡോ. കുഞ്ഞൻ പിള്ളയെ ഞാൻ നേരിട്ടുകാണുകയും നിഷേധിക്കപ്പെട്ട എല്ലാ അപേക്ഷകളുടെയും ലിസ്ററ് അദ്ദേഹത്തെ കാണിക്കുകയും ചെയ്തു. അതിനുപുറമേ, തിരുവിതാംകൂർ ഭരണാധികാരിയായ ദിവാനെ ഞാൻ നേരിട്ടു സന്ദർശിച്ച് ഇവിടത്തെ കത്തോലിക്കർ ദേവാലയനിർമ്മാണം സംബന്ധിച്ച് അനുഭവിക്കുന്ന വൈഷമ്യങ്ങളെപ്പററി വിശദീകരിച്ചു സംസാരിക്കുകയുണ്ടായി. ഈദൃശ വൈഷമ്യങ്ങൾ അതിരൂപതയ്ക്കു മാത്രമല്ല,

4. മലയാള മനോരമ, ഏപ്രിൽ 9, 1935.



പിന്നെയോ തിരുവിതാംകൂറിലുള്ള എല്ലാ ക്രൈസ്തവർക്കും ബാധകമാണ്. നിഷേധിക്കപ്പെട്ട അപേക്ഷകളെപ്പററി പുനഃപരിശോധന നടത്തണമെന്നുള്ള അഭ്യർത്ഥന അടങ്ങിയ കത്തും ഞാൻ ദിവാനു നല്കുകകയുണ്ടായി. അതും കൂടാതെ എൻെറ സഫ്രഗനും തിരുവല്ലാ മെത്രാനുമായ മാർ തെയോഫിലോസിനെയും എൻെറ കീഴിലുള്ള രണ്ടു വൈദികരെയും പ്രോസിക്യൂട്ടു ചെയ്യുന്നതിനു ഗവൺമെൻറ് അയച്ചിട്ടുള്ള ഓർഡർ പിൻവലിക്കണമെന്ന് ഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ ഇതു സംബന്ധിച്ച് യാതൊരു മറുപടിയും ചീഫ് സെക്രട്ടറിയിൽ നിന്നോ, ദിവാനിൽ നിന്നോ ലഭിക്കാതിരുന്നതിനാൽ ദിവാൻെറ പേർക്ക് ഒരു റിമൈൻഡർ ഞാൻ പിന്നീട് അയയ്ക്കുകയുണ്ടായി.[5]

ബന്ധപ്പെട്ട അധികാരകേന്ദ്രങ്ങളിൽനിന്നു നീതിതേടുന്ന തൻെറമേൽ ദുരാരോപണങ്ങൾ കെട്ടിച്ചമയ്ക്കുന്നതിൻെറ അപഹാസ്യത ആർച്ചുബിഷപ്പ് വെളിപ്പെടുത്തി. തിരുവിതാംകൂർമഹാരാജാവിനോ ദിവാനോ എതിരെ യാതൊരുവിധ മെമ്മോറിയലും താൻ അയച്ചിട്ടില്ലെന്നും രാഷ്ട്രീയകാര്യങ്ങളിൽ നിന്നു തികച്ചും അകന്നു ജീവിക്കുന്ന തന്നെ ഇത്തരം അപവാദങ്ങളിൽ വലിച്ചിടുന്നതിനുള്ള മനോഭാവം അപഹാസ്യമായിരിക്കുന്നുവെന്നും തിരുവിതാംകൂറിലെ പൊളിററിക്കൽ ഏജൻറായി ചുമതലയേററ കേണൽ ഗാർസ്ററിനെയും അദ്ദേഹം എഴുതി അറിയിച്ചു.

മാർ ഈവാനിയോസിനെതിരെ ഭരണചക്രംതിരിക്കുന്നത് അത്ര സുഗമമായിരിക്കുകയില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടോ അതുമൂലം കത്തിപ്പടരുന്ന മതവിദ്വേഷം തനിക്കുതന്നെ വിപത്തായിത്തീരുമെന്നു ശങ്കിച്ചിട്ടോ സർ സി.പി. രാമസ്വാമി അയ്യർ തത്കാലം ഒരു വെടിനിറുത്തലിനു സന്നദ്ധനായി.

5. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് ഭാഗം രണ്ട്. പു.172.

www.malankaralibrary.com

## 21

# വിജയകരമായ പരിസമാപ്തി

**രാ**ജാധിപത്യത്തിൻെറ തണലിൽ സർവ്വപ്രതാപശാലിയായി വാഴുന്ന ദിവാൻ സി. പി. രാമസ്വാമി അയ്യരോട് നിരന്തരം ഏററുമുട്ടി മാർ ഈവാനിയോസ് എന്തിനു മനഃശാന്തി നഷ്ടമാക്കുന്നു എന്ന ചിന്ത ചില ഗുണകാംക്ഷികൾ പ്രകടമാക്കാതിരുന്നില്ല. ന്യൂനപക്ഷ സമൂഹത്തിൻെറ ഒരു ആദ്ധ്യാത്മിക പിതാവ് എന്നനിലയിൽ അദ്ദേഹത്തെയും അനുചരവൃന്ദത്തെയും ബദ്ധപ്പെടുത്താൻ ഭരണകൂടത്തിനു സുസാദ്ധ്യമാണ്. ഈ അപകടസന്ധി ഒഴിവാക്കാൻ കഴിയുംവിധം സൗഹാർദ്ദത്തിൻെറ മേഖല കണ്ടെത്താനാവുമോ എന്ന അന്വേഷണവും ചിലകേന്ദ്രങ്ങളിൽനിന്ന് ഉണ്ടായി. തിരുവിതാംകൂറിലെയും കൊച്ചിയിലെയും കത്തോലിക്കാമേലദ്ധ്യക്ഷന്മാർ പലരും ഇപ്രകാരം ഈവാനിയോസ് തിരുമേനിയെ ഉദ്ബോധിപ്പിക്കുകയും ചെയ്തു.

ആത്മാഭിമാനം അടിയറ വയ്ക്കുകയില്ലെന്ന ഉറച്ചനിലപാടേ മാർ ഈവാനിയോസിന് ഉണ്ടായിരുന്നുള്ളൂ. അധികാരകേന്ദ്രം സൗമനസ്യം പ്രകടിപ്പിക്കുന്നപക്ഷം അനുകൂലമായി പ്രതികരിക്കാൻ അദ്ദേഹം ഒരുക്കമായിരുന്നു. അത്തരം ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ തിരുവനന്തപുരത്തു താമസമാക്കിയിരുന്ന ചില ക്രൈസ്തവ നേതാക്കന്മാർ താത്പര്യപൂർവ്വം ശ്രമം നടത്തി. സർ സി. പി. രാമസ്വാമി അയ്യരുടെ ഷഷ്ടിപൂർത്തി പ്രമാണിച്ച് തലസ്ഥാന നഗരിയിൽ ആർച്ചുബിഷപ്പിൻെറ നേതൃത്വത്തിൽ ഒരു സ്വീകരണസമ്മേളനം നടത്തി ദിവാനെ അനുനയിപ്പിക്കാനായിരുന്നു പരിപാടി. തിരുവിതാംകൂറിൻെറ വിവിധഭാഗങ്ങളിൽ ഇത്തരം അനുമോദനയോഗങ്ങൾ അരങ്ങേറുന്നുണ്ടാ യിരുന്നു.

അഭ്യുദയകാംക്ഷികളുടെ സമ്മർദ്ദത്തിനു വഴങ്ങി മാർ ഈവാനിയോസും അങ്ങനെയൊരു നാടകത്തിനു വേദിയൊരുക്കാൻ സമ്മതിച്ചു. 1939 നവംബർ 15-ാം തീയതി മെത്രാസനമന്ദിരത്തിൻെറ അങ്കണത്തിൽവച്ച് അനുമോദന സമ്മേളനവും മംഗളപത്രസമർപ്പണവുമെല്ലാം ഗംഭീരമായി നടന്നു.യോഗത്തിൽ എറണാകുളം, ചങ്ങനാശ്ശേരി മെത്രാപ്പോലീത്തമാർ, തിരുവല്ലാരൂപത അഡ്മിനിസ്ട്രേററർ മാർ സേവേറിയോസ്, വികാരി ജനറാളന്മാർ, സന്ന്യാസസമൂഹങ്ങളുടെ അധിപന്മാർ, ഹൈക്കോടതി ജഡ്ജിമാരടക്കമുള്ള പൗര



പ്രധാനികൾ എന്നിവരൊക്കെ പങ്കുകൊണ്ടു. ആഘോഷങ്ങൾക്കു മകുടം ചാർത്തുന്നതായിരുന്നു 'സചിവോത്തമ ഷഷ്ട്യബ്ദപൂർത്തി മെമ്മോറിയൽ' ഹൈസ്കൂളിൻെറ ശിലാസ്ഥാപനം. പിറന്നാളാഘോഷത്തിൻെറപേരിൽ പട്ടത്ത് ഒരു പുതിയ ഹൈസ്കൂൾ അനുവദിപ്പിക്കുന്നതിന് മാർ ഈവാനിയോസിനു സാധിച്ചു. കേരളവർമ്മ വലിയകോയിത്തമ്പുരാനാണ് അതിൻെറ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചത്. പ്രിപ്പയാററ്ററി ക്ലാസുമുതൽ സിക്സ്തുഫാറം വരെ ഏഴു ക്ലാസുകൾ ഒരുമിച്ചാരംഭിച്ച് പ്രസ്തുത സ്കൂൾ ചരിത്രംസൃഷ്ടിച്ചു. തലസ്ഥാനനഗരിയുടെ വിദ്യാഭ്യാസമണ്ഡലത്തിൽ സുപ്രധാനസ്ഥാനം വഹിക്കുന്ന ആ വിദ്യാലയം സി.പി. രാമസ്വാമി അയ്യർ ദിവാൻപദം വെടിഞ്ഞ് തിരുവിതാംകൂർ വിടേണ്ടിവന്ന സാഹചര്യത്തിൽ 'സെൻറ് മേരീസ് ഹൈസ്കൂൾ' എന്നു പുനർനാമകരണം ചെയ്യപ്പെട്ടതു മറെറാരു ചരിത്രം.

സ്വീകരണസത്കാരത്തോടെ പ്രതികാരബുദ്ധിക്ക് മയം വരുത്താൻ കഴിഞ്ഞുവെന്നത് എടുത്തു പറയണം. അനുമോദനങ്ങൾക്കു മറുപടിയായി മാർപ്പാപ്പായേയും കത്തോലിക്കാസഭയേയും സി. പി. പ്രത്യേകം പ്രശംസിച്ചു. ആ പ്രസംഗം വത്തിക്കാൻ റേഡിയോ പ്രക്ഷേപണം ചെയ്തത് സചിവോത്തമനെ സന്തുഷ്ടനാക്കി. പക്ഷേ ഈ സന്തോഷവും സൗഹൃദവും അധികകാലം നീണ്ടുനിന്നില്ല. തിരുവിതാംകൂറിലെ പ്രൈമറി വിദ്യാഭ്യാസരംഗം പൂർണ്ണമായി സർക്കാർ അധീനതയിൽ കൊണ്ടുവരുന്നതിനുള്ള ഒരു പദ്ധതിക്ക് സർ സി.പി. രൂപംനല്കി. സ്വകാര്യ മേഖലയിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ദേശസാൽക്കരിക്കുന്നതിന് ഉന്നയിച്ച ന്യായം 'ബാലികാബാലന്മാർക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നല്കുക' എന്ന ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനുവേണ്ടിയാണിതെന്നായിരുന്നു. ശ്രീമൂലം അസംബ്ളിയിലും ശ്രീചിത്തിര സ്റേററ് കൗൺസിലിലും തദനുസൃതമായ നിയമം പാസ്സാക്കിയെടുക്കാൻ ദിവാനു സാധിച്ചു.

പക്ഷേ തങ്ങളുടെ സ്ഥാപനങ്ങൾ വിട്ടുകൊടുക്കാൻ തിരുവിതാംകൂറിലെ ക്രൈസ്തവസമൂഹം സന്നദ്ധമായില്ല. സി. പി. യുടെ നീക്കത്തെ അവർ നഖശിഖാന്തം എതിർക്കുകയും സ്കൂളുകൾക്ക് സംരക്ഷണസമിതികൾ രൂപീകരിക്കുകയും ചെയ്തു. ഇന്ത്യയിലെ കത്തോലിക്കാവൈദികമേലദ്ധ്യക്ഷന്മാർ അപ്പസ്തോലിക് ഡലിഗേററിൻെറ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് സി. പി. യുടെ വിദ്യാഭ്യാസദേശസാൽക്കരണ പരിപാടിക്കെതിരെ പ്രമേയം പാസ്സാക്കി. അത് നിവേദനരൂപത്തിൽ മഹാരാജാവിനു സമർപ്പിക്കാൻ മാർ ഈവാനിയോസിനെയാണ് സമ്മേളനം ചുമതലപ്പെടുത്തിയത്. അതനുസരിച്ച് 1944 ഒക്ടോബർ 26 ന് കത്ത് തയ്യാറാക്കി മഹാരാജാവിനു സമർപ്പിച്ചു. എന്നാൽ അതിനെ തീർത്തും അവഗണിച്ചുകൊണ്ട് 1945 ജൂൺ 15-ന് പുതിയ വിദ്യാഭ്യാസപദ്ധതി സി.പി. ഉദ്ഘാടനം ചെയ്തു. എൽ.എം.എസ്., സാൽവേഷൻ ആർമി തുടങ്ങിയ വിഭാഗങ്ങൾ സി. പി. യെ പിന്തുണയ്ക്കാനുണ്ടായിരുന്നു.

www.malankaralibrary.com



കത്തോലിക്കാബിഷപ്പന്മാർ തനിക്കെതിരെ സംഘടിച്ചിരിക്കുകയാണെന്ന് ആരോപിച്ചുകൊണ്ട് ഉദ്ഘാടനപ്രസംഗത്തിൽ സി. പി. പറഞ്ഞു:

> മഹാരാജാവു തിരുമനസ്സിലെ മുമ്പാകെ പൊതുജനമെമ്മോറിയൽ സമർപ്പിക്കുവാൻ അനുവാദം ആവശ്യപ്പെട്ടിരിക്കുന്നു. ബിഷപ്പന്മാരും മെമ്മോറിയൽ അയച്ചിരിക്കുന്നു. എന്നാൽ ഇങ്ങനെയുള്ള ഡപ്യൂട്ടേഷൻ തിരുമനസ്സുകൊണ്ട് സ്വീകരിക്കുന്നതല്ല. വ്യവസ്ഥാപിതമായ രീതിയിൽ ഗവൺമെന്റിനെ സമീപിക്കുവാൻ എന്റെ കത്തോലിക്കാസ്നേഹിതന്മാരോടു ഞാൻ അഭ്യർത്ഥിക്കുന്നു. പ്രാഥമികവിദ്യാലയങ്ങൾ സംബന്ധിച്ച് എൽ. എം. എസ്. കാർക്ക് ചില വ്യവസ്ഥകൾക്കു കീഴ്പ്പെടുവാൻ സാധിച്ചുവെങ്കിൽ എന്തുകൊണ്ട് കത്തോലിക്കർക്കും കൂടിയാലോചന നടത്തി തീരുമാനിക്കുവാൻ കഴിയുന്നില്ല എന്നാണു ഞാൻ ചോദിക്കുന്നത്. ഭീഷണികൊണ്ട് ഗവൺമെന്റിന്റെ നയം മാററാമെന്നു വിചാരിക്കരുത്. ശരിയായവിധത്തിലുള്ള സമീപനംകൊണ്ട് അവർക്ക് ഉദ്ദേശിക്കുന്നതിൽ കവിഞ്ഞുള്ള ഗുണമേ ഉണ്ടാവുകയുള്ളൂ. കത്തോലിക്കരുടെ ആവലാതികൾ എന്തെല്ലാമെന്ന് നേരായ മാർഗ്ഗത്തിൽക്കൂടെ അറിയിക്കട്ടെ. അല്ലാത്തപക്ഷം അവ ചെവിക്കൊള്ളുന്നതല്ല. ഒളിവിലും പരസ്യമായും എതിർക്കുകയെന്ന നയമാണ് കത്തോലിക്കർ ഇതേവരെ സ്വീകരിച്ചിരുന്നത്. ദിവാൻജിയെ വ്യക്തിപരമായി എതിർക്കുകയും മാററിക്കിട്ടുവാൻവേണ്ടി ശ്രമം നടത്തുകയും ചെയ്തതുകൊണ്ട്പ്രയോജനമില്ലെന്ന് അവർ ഇനിയെങ്കിലും മനസ്സിലാക്കുമെന്നു വിശ്വസിക്കുന്നു. ന്യായമായ മാർഗ്ഗത്തിൽക്കൂടി ഗവൺമെന്റിനെ സമീപിക്കാൻ ഞാൻ എന്റെ കത്തോലിക്കാ സ്നേഹിതന്മാരോട് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.
>
> ഈ പ്രകടനങ്ങളുടെയെല്ലാം ലക്ഷ്യം ദിവാനെ പറഞ്ഞയയ്ക്കണമെന്നുള്ളതാണ്. എന്നാൽ ഇതുകൊണ്ടൊന്നും ദിവാൻ ഇവിടെനിന്നും പോകുന്നതല്ല. കത്തോലിക്കരുടെ വാദം അവരുടെ കുട്ടികളുടെ വിദ്യാഭ്യാസച്ചുമതല അവരുടെ നിയന്ത്രണത്തിൽവേണമെന്നതാണ്. അത് ഒരവകാശമായി അവർ കരുതുകയുംചെയ്യുന്നു. ലോകമൊട്ടുക്ക് കത്തോലിക്കർ ഇതിനുവേണ്ടി സമരംചെയ്തുകൊണ്ടിരിക്കുന്നു.
>
> സ്വന്തം വിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ ഏതൊരു വിഭാഗത്തിനും സ്വാതന്ത്ര്യമുണ്ട്. ഇങ്ങനെയാണെങ്കിലും രാജ്യത്തെ സകല കുട്ടികളെയും വിദ്യാഭ്യാസം ചെയ്യിക്കുന്ന ചുമതല ഗവൺമെന്റ് ഏറെറടുക്കുന്നു. ഈ ചുമതല ഏറെറടുത്തുകഴിയുമ്പോൾ വിഭാഗീയമായ സ്കൂളുകളുടെ ചെലവ് ഗവൺമെന്റ് വഹിക്കണമോ എന്ന പ്രശ്നം ഉദിക്കുന്നു. ഇവിടെ പ്രക്ഷോഭകരടെ അവകാശവാദം എങ്ങനെയായിരുന്നാലും അതേപ്പററി ആലോചിക്കണമെങ്കിൽ അവർ ഒത്തുതീർപ്പിനു സന്നദ്ധത പ്രകടിപ്പിക്കണം.[1]

1. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് ഭാഗം രണ്ട്. പു. 203-204.



തനിക്കെതിരെ രൂപം കൊള്ളുന്ന ചുഴലിക്കാററിന്റെ ആരവം തിരിച്ചറിഞ്ഞുകൊണ്ട് അതിനെ പ്രതിരോധിക്കാൻ സ്വയം സജ്ജനാവുകയായിരുന്നു സർ സി. പി. ക്രൈസ്തവസമൂഹത്തിന്റെ എതിർപ്പുകൾ വസ്തുനിഷ്ഠമല്ലെന്നും അത് തനിക്കെതിരായ പടയൊരുക്കമാണെന്നും വരുത്തിവച്ച് മററു സമൂഹങ്ങളുടെ പിന്തുണതേടാനും ക്രൈസ്തവർക്കിടയിൽത്തന്നെ ഭിന്നിപ്പുണ്ടാക്കി അതിൽ നിന്നു മുതലെടുക്കാനും സചിവോത്തമൻ ശ്രദ്ധവച്ചു. അതിൽ ഒരു പരിധിവരെ വിജയംവരിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.

പക്ഷേ സി. പി. യുടെ തന്ത്രങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് അതിനെ നേരിടാൻതന്നെ ചങ്ങനാശ്ശേരി ബിഷപ്പ് മാർ ജെയിംസ് കാളാശ്ശേരി സന്നദ്ധനായി പ്രാഥമിക വിദ്യാലയങ്ങൾ ദേശസാത്കരിക്കാനുള്ള നീക്കത്തെ നഖശിഖാന്തം വിമർശിച്ചുകൊണ്ടും വിശ്വാസസംരക്ഷണത്തിന് എന്തു ത്യാഗവും സഹിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടും അദ്ദേഹം ഇടയലേഖനം പുറപ്പെടുവിച്ചു. അത് പള്ളികളിൽ വായിച്ചതോടെ ജനവികാരം ദിവാനെതിരായി. അപകടം മനസ്സിലാക്കിയ സി. പി. രാമസ്വാമി അയ്യർ ഇടയലേഖനം പിൻവലിക്കണമെന്ന് കാളാശ്ശേരി തിരുമേനിയോട് ആവശ്യപ്പെട്ടു. അത് അദ്ദേഹം പുച്ഛിച്ചു തള്ളി.

രാജകല്പന ധിക്കരിച്ച് പ്രവർത്തിക്കുന്ന ബിഷപ്പിനെ സ്വൈര വിഹാരത്തിന് അനുവദിക്കുകയില്ലെന്ന ദൃഢനിശ്ചയത്തോടെ അദ്ദേഹത്തെ വേണ്ടിവന്നാൽ തടവിലാക്കുന്നതിന് ദിവാൻ ആലോചനനടത്തി. ഏതുനിമിഷവും ചങ്ങനാശ്ശേരി മെത്രാസനമന്ദിരത്തിൽ പോലീസ് പ്രവേശിച്ചേക്കുമെന്ന നിലയായി.

വാർത്ത പരന്നതോടെ ചങ്ങനാശ്ശേരി ബിഷപ്പ്ഹൗസിന്റെ അങ്കണത്തിലും മുൻവശത്തെ നിരത്തിലും ആയിരക്കണക്കിനാളുകൾ ഒത്തു ചേർന്നു. മാർ കാളാശ്ശേരിയുടെ കൈയിൽ വിലങ്ങുവയ്ക്കാൻ പോലീസോ പട്ടാളമോ കടന്നുകയറുന്നത് തങ്ങളുടെ ശവങ്ങളിൽ ചവിട്ടിക്കൊണ്ടാവുമെന്ന് അവർ പ്രഖ്യാപനംചെയ്തു. അന്തരീക്ഷം അത്യന്തം സംഘർഷപൂർണ്ണമായി.

ആ അപകടസന്ധിയിൽ ഉണർന്നു പ്രവർത്തിച്ചത് മാർ ഈവാനിയോസാണ്. അദ്ദേഹം സർ സി. പി. യെ സന്ദർശിച്ച് വിട്ടുവീഴ്ചകളിലൂടെ രംഗം ശാന്തമാക്കാൻ മുൻകൈയെടുക്കണമെന്ന് അപേക്ഷിച്ചു. ഒരോരോ സന്ദർഭങ്ങളിൽ സ്വന്തം ഇടവകജനങ്ങളെ പ്രബോധിപ്പിക്കുന്നതിനുവേണ്ടി ആദ്ധ്യാത്മികാചാര്യന്മാർ പുറപ്പെടുവിക്കുന്ന സന്ദേശങ്ങളാണ് ഇടയലേഖനങ്ങൾ. അവർ ഏറെറടുത്തിരിക്കുന്ന സുവിശേഷദൗത്യത്തിന്റെ നിർവ്വഹണമാണ് അത്. അതിന്റെ പേരിൽ ഇന്നോളം ഒരു ഭരണകൂടവും ക്രൈസ്തവ മേലദ്ധ്യക്ഷന്മാർക്കെതിരെ വാളോങ്ങിയിട്ടില്ല. വിദ്യാഭ്യാസത്തിലും സമുദായൈക്യത്തിലും മുൻനിരയിൽ നിൽക്കുന്ന തിരുവിതാംകൂറിൽ ഒരു മെത്രാപ്പോലീത്തയെ അറസ്ററു ചെയ്യാൻ ഇടയായാൽ അതിന്റെ

www.malankaralibrary.com



പ്രത്യാഘാതം പ്രാദേശികമായി ഒതുങ്ങിനിൽക്കുകയില്ല. ലോകമെമ്പാടുമുള്ള ക്രൈസ്തവരുടെ എതിർപ്പുകൾ ക്ഷണിച്ചുവരുത്തും. ഗുരുതരമായ ആ ഭവിഷ്യത്തുകൾ വികാര സംയമനം വഴി ഒഴിവാക്കണമെന്നായിരുന്നു സി.പി. യോട് മാർ ഈവാനിയോസ് ഹൃദയപൂർവ്വം അപേക്ഷിച്ചത്.

അപേക്ഷയ്ക്കു ഫലമുണ്ടായി. മാർ കാളാശ്ശേരിക്കെതിരെയുള്ള നടപടികളിൽ നിന്ന് സി. പി. തത്കാലം പിന്തിരിഞ്ഞു. ഈവാനിയോസ് തിരുമേനിയുടെ നയതന്ത്രവൈദഗ്ദ്ധ്യംകൊണ്ടാണ് അതു സാദ്ധ്യമായത്. പിൽക്കാലത്ത് പ്രതിസന്ധികൾ അതിജീവിച്ച് മാർ ഈവാനിയോസ് കോളജ് സമാരംഭിക്കാനായതും തന്ത്രപരമായി നേടിയ ഒരു വിജയമായിരുന്നു.

മാർ ഈവാനിയോസിൻെറ ജീവിതത്തിൽ ഭാരതീയ ആദ്ധ്യാത്മിക പാരമ്പര്യങ്ങൾഅനുസരിക്കുന്ന ക്രൈസ്തവ സന്ന്യാസസമൂഹസൃഷ്ടിക്കായിരുന്നു പ്രാധാന്യം. സ്ത്രീപുരുഷഭേദംകൂടാതെ ആ തത്ത്വം പുലർത്തിക്കൊണ്ട് സന്ന്യാസസമൂഹങ്ങൾക്ക് അദ്ദേഹം രൂപംനല്കി. അതോടൊപ്പം ഉന്നതവിദ്യാഭ്യാസത്തിൻെറ സംസ്കാരം ജനങ്ങൾക്കു പകർന്നു കൊടുക്കാനും മാർ ഈവാനിയോസ് അത്യുത്സാഹിയായിരുന്നു. എം. ഡി.സെമിനാരി ഹൈസ്കൂൾ പ്രിൻസിപ്പലായി നിയമിതനായ ഘട്ടം മുതൽക്കേ വിദ്യാഭ്യാസമേഖലയെ സമ്പുഷ്ടമാക്കാനുള്ള പ്രവർത്തനങ്ങൾ അദ്ദേഹം സംഘടിപ്പിച്ചു. മലങ്കര സുറിയാനി വൈദികരിൽ നിന്ന് ആദ്യമായി എം.എ. ബിരുദം ആർജിച്ച ആൾ എന്ന നിലയിൽ അത് അദ്ദേഹത്തിൻെറ നിയോഗവുമായിരുന്നു.സെറാമ്പൂരിൽ പ്രൊഫസറായിരിക്കേ മലയാളികളായ ധാരാളം യുവതീയുവാക്കൾക്ക് മികച്ച വിദ്യാഭ്യാസം ലഭിക്കുന്നതിന് അവസരമുണ്ടാക്കി.

എം. ഡി.സെമിനാരി ഹൈസ്കൂളിനെ കലാലയപദവിയിലേക്ക് ഉയർത്തണമെന്ന മോഹം സഭയിലെ കലഹങ്ങൾക്കിടയിൽ സഫലമാക്കാൻ കഴിഞ്ഞില്ല. ആ സ്വപ്നസാക്ഷാത്കാരം സംഭവിച്ചത് തിരുവനന്തപുരം അതിഭദ്രാസനത്തിൻെറ മെത്രാപ്പോലീത്തയായിതീർന്നശേഷമാണ്. നാലാഞ്ചിറ ആശ്രമത്തിനടുത്ത് റോമാനഗരത്തെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ ഏഴു കുന്നുകളിൽ വ്യാപിച്ചുകിടന്ന 200 ഏക്കർ സ്ഥലത്ത് മാർ ഈവാനിയോസിൻെറ ദൃഷ്ടിപതിഞ്ഞു. അത് ദേവകോട്ട ചെട്ടിയാരുടെ വകയായിരുന്നു. നിറയെ കാടുപിടിച്ചു കിടക്കുന്നു. ധാരാളം മരങ്ങളുമുണ്ട്. ഏക്കറിന് അഞ്ഞൂറു രൂപ വിലവച്ച് ആ സ്ഥലം സ്വന്തമാക്കി. ഇനി തൻെറ ഭാവനയ്ക്ക് അനുരൂപമായി അവിടെ ഒരുന്നതവിദ്യാകേന്ദ്രം ഉയർന്നുവരണം.

പരീക്ഷണങ്ങളുടെ കാലം കഴിഞ്ഞിരുന്നില്ല. സ്ഥലം സമ്പാദിച്ച് കോളജിനുവേണ്ടി അപേക്ഷയും സമർപ്പിച്ച സന്ദർഭത്തിൽ രാജകുടുംബാംഗങ്ങൾ നാലാഞ്ചിറക്കുന്ന് സന്ദർശിച്ചത് സംശയങ്ങൾക്ക് ഇടനല്കി. ശൈശവത്തിൽ അന്തരിച്ച അവിട്ടം തിരുനാൾ രാജകുമാരൻെറ സ്മരണ നിലനിറുത്താൻ കുട്ടികൾക്കുവേണ്ടി ഒരാശുപത്രി സ്ഥാപിക്കുന്നതിന് രാജകുടുംബം പദ്ധതി തയ്യാറാക്കിയിരുന്നു. അതിന് അനുയോജ്യമായ സ്ഥാനം എന്നനിലയിലാണ് നാലാഞ്ചിറയിലെ ഭൂമി ആരോ ചൂണ്ടിക്കാണിച്ചുകൊടുത്തത്. ഒരു വെടിക്ക് രണ്ടുപക്ഷി! ദിവാൻ ഉള്ളിൽ ആഹ്ലാദിച്ചുകാണും. എന്തായാലും സ്ഥലം അളന്നു തിരിച്ച് സർക്കാർ അധീനതയിലാക്കാൻ ശ്രമം നടക്കുന്നതറിഞ്ഞ് ഈവാനിയോസ് തിരുമേനി ഒരുരാത്രികൊണ്ട് നാലാഞ്ചിറക്കുന്നിൽ ഷെഡ്ഡുകെട്ടി താമസമാക്കി. പട്ടം ആർച്ചുബിഷപ്പ്ഹൗസിനു മുന്നിൽ സ്ഥാപിച്ചിരുന്ന ബോർഡ് ഇളക്കിക്കൊണ്ടുവന്നു ഷെഡ്ഡിനു മുന്നിൽ തൂക്കി. ഇതിനുശേഷം സർ സി. പി. ക്ക് അദ്ദേഹം ഇങ്ങനെ ഒരു സന്ദേശം അയച്ചു:



ആർച്ചുബിഷപ്പ്സ് ഹൗസ്
തിരുവനന്തപുരം
മെയ് 21, 1945

പ്രിയ സചിവോത്തമാ,

ദേവകോട്ട ചെട്ടിയാരിൽനിന്നും ഞാൻ വാങ്ങിയ സ്ഥലത്തെപ്പററി എനിക്കുള്ള ആകാംക്ഷ ഞാൻ താങ്കളെ അറിയിച്ചിരുന്നല്ലോ. ആ സ്ഥലം ഏറെറടുക്കുവാൻ ഗവൺമെൻറിന് ഉദ്ദേശ്യമില്ലെന്നും അതു കൈവശമാക്കാനുള്ള ഇടപാടുകൾ പൂർത്തിയാക്കണമെന്നും കഴിഞ്ഞവർഷം താങ്കൾ തന്ന ഉറപ്പിന്മേൽ അതിൻെറ ഉടമസ്ഥർക്കു വിലകൊടുത്തു സ്ഥലം വാങ്ങി ഞാൻ അവിടെ താമസം തുടങ്ങിയിരിക്കുകയാണ്. പട്ടം ഇംഗ്ലീഷ്, മലയാളംഹൈസ്കൂളുകളുടെ വളർച്ചയ്ക്കു പട്ടത്തുള്ള മുഴുവൻ സ്ഥലവും ആവശ്യമുണ്ടെന്നും അതുകൊണ്ട് ഞാൻ അവിടെനിന്നും താമസം മാററുകയാണെന്നും കഴിഞ്ഞവർഷം ഞാൻ താങ്കളെ അറയിച്ചിരുന്നുവല്ലോ. നാലാഞ്ചിറ സ്ഥലം വാങ്ങിയത് ആർച്ചുബിഷപ്പ്സ് ഹൗസ് പണിയുന്നതിനും അപേക്ഷിച്ചിട്ടുള്ള ഒരു കോളജിൻെറ ആവശ്യത്തിനും വേണ്ടിയാണ്. ഈ പറഞ്ഞതിൽ രണ്ടാമത്തേതു താങ്കൾക്കും അറിവുള്ളതാണല്ലോ. നാലാഞ്ചിറയ്ക്കു ഞാൻ താമസം മാററിക്കഴിഞ്ഞിരിക്കുന്നു. കാര്യങ്ങൾ ഇത്രയുമായി കഴിഞ്ഞപ്പോൾ സർക്കാരിൻെറ അധികാരികൾ ഈ സ്ഥലം സർവ്വേ ചെയ്യുകയും പ്ലാനുകൾ നിർമ്മിക്കുകയും ചെയ്യുന്നതായി അറിയുന്നത് എനിക്ക് ആശ്ചര്യകരമായി തോന്നുന്നു. സ്ഥലം കൈവശപ്പെടുത്തിക്കൊള്ളുവാനും മററും താങ്കൾ നല്കിയ ഉറപ്പിന്മേലാണ് പരിശുദ്ധ സിംഹാസനത്തിൽ നിന്നും അംഗീകാരം വാങ്ങി, ഞാൻ സ്ഥലംവാങ്ങിക്കുകയും കൈവശപ്പെടുത്തുകയും ചെയ്തിട്ടുള്ളത്.

www.malankaralibrary.com



ഈ സ്ഥിതിയിൽ വസ്തു എൻെറ കൈയിൽനിന്നും വിടുവിക്കുകയാണെങ്കിൽ അതു സങ്കടകരമായിരിക്കും. അവിട്ടം തിരുനാൾ മഹാരാജാവിൻെറ ഓർമ്മ നിലനിറുത്തുന്നതിന് അദ്ദേഹത്തിൻെറ നാമധേയത്തിൽ ശിശുക്കൾക്കു വേണ്ടിയുള്ള ആശുപത്രിക്കായി ഈ സ്ഥലം എടുക്കുവാൻപോകുന്നുവെന്നു കേട്ടതിനാലാണ് ഇത്രയുംകാര്യങ്ങൾ താങ്കളുടെ പരിഗണനയ്ക്കായി ഞാൻ സമർപ്പിക്കുന്നത്.

താങ്കൾ തന്നിട്ടുള്ള ഉറപ്പിലും ഉത്തേജനത്തിലും പ്രേരിതനായി ഇതുവരെ ചെയ്തകാര്യങ്ങൾ എനിക്കു മനോവിഷമത്തിനു കാരണമാകത്തക്കവിധം ഫലശൂന്യമായിപ്പോകാതിരിക്കാൻവേണ്ടി താങ്കൾ കഴിവതു പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന് താങ്കളുടെ വിശ്വസ്തൻ

മാർ ഈവാനിയോസ് (ഒപ്പ്)

ഇത്രയുംകൊണ്ട് തൃപ്തിപ്പെടാതെ അവിട്ടം തിരുനാൾ ആശുപത്രിക്ക് അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കുന്ന ബാദ്ധ്യതയും മാർ ഈവാനിയോസ് സ്വയംഏറെറടുത്തു. നാലാഞ്ചിറയിൽനിന്ന് രാജകുടുംബത്തിൻെറയും അവരെ ഉത്തേജിപ്പിക്കുന്ന സചിവോത്തമൻെറയും ദൃഷ്ടി ശാശ്വതമായി പിന്തിരിപ്പിക്കുന്നതിന് അത് ആവശ്യമാണെന്ന് ആ ക്രാന്തദർശിക്ക് തോന്നിയിരിക്കണം. അങ്ങനെയാണ് നൂറ് ഏക്കർ വിസ്തൃതിയുള്ള ഇപ്പോഴത്തെ മെഡിക്കൽകോളജ് കാമ്പസ് മാർ ഈവാനിയോസ് തിരുമേനി ചൂണ്ടിക്കാണിച്ചുകൊടുത്തത്. ആശുപത്രിസ്ഥാപനത്തിന് കൂടുതൽ അനുയോജ്യമായ സ്ഥാനം ഇതുതന്നെയെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ബന്ധപ്പെട്ടവർ മാർ ഈവാനിയോസിൻെറ ഭൂമി അദ്ദേഹത്തിനുതന്നെ വിട്ടുകൊടുത്തു.

യഥാകാലം അവിടെ മാർ ഈവാനിയോസ് കോളജ് സ്ഥാപിതവുമായി.

തിരുവിതാംകൂർചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്നതാണ് സർ സി.പി.യും മാർ ഈവാനിയോസും തമ്മിലുള്ള സൗഹൃദസംഘർഷങ്ങൾ. ഇണങ്ങിയും പിണങ്ങിയും അവർ ഒരു വ്യാഴവട്ടക്കാലം തിരുവനന്തപുരത്തു കഴിച്ചുകൂട്ടി. സമർത്ഥനായ ഭരണാധികാരിയായിരുന്ന സി.പി.യുടെ നേതൃത്വത്തിൽ തിരുവിതാംകൂറിൻെറ വിദ്യാഭ്യാസവികസനരംഗങ്ങളിൽ വമ്പിച്ച പുരോഗതിയുണ്ടായി. അതിൻെറ സദ്ഫലങ്ങൾ കുറെയൊക്കെ തിരുവനന്തപുരം അതിരൂപതയ്ക്കും അനുഭവിക്കാൻ ഭാഗ്യമുണ്ടായി. പക്ഷേ ആ നന്മയുടെ പ്രകാശം കെടുത്തിക്കളയുന്നതായിരുന്നു ദിവാൻെറ അധികാരപ്രമത്തതയും വൈരനിര്യാതനബുദ്ധിയും. അതിനെതിരെയാണ് ജനരോഷമുണർന്നത്; ഉത്തരവാദഭരണത്തിനുവേണ്ടിയുള്ള സ്റേററ് കോൺഗ്രസ് പ്രക്ഷോഭം ശക്തിപ്പെട്ടത്. പ്രസ്തുതസമരത്തിൽ പങ്കുചേർന്നുകൊണ്ടല്ലെങ്കിലും സി. പി. യെ നിലയ്ക്കു നിറുത്താനും ആ സ്വേച്ഛാധിപത്യപ്രവണതയ്ക്കു കടിഞ്ഞാണിടാനും മാർ ഈവാനിയോസിനു സാധിച്ചു. ന്യൂനപക്ഷസമുദായങ്ങൾക്കെതിരെ ഭൂരിപക്ഷ വർഗ്ഗീയത ഇളക്കിവിടാനുള്ള തന്ത്രത്തെ ഈവാനിയോസ് തിരുമേനിയുടെ ബുദ്ധികൗശലം പ്രതിരോധിച്ചു.



തിരുവനന്തപുരം നഗരത്തിൽനിന്ന് ആരെ പുറത്താക്കാൻ സചിവോത്തമൻ കച്ചമുറുക്കിയോ ആ വൈദിക ശ്രേഷ്ഠൻെറ നാമകീർത്തനം ഇന്നും അനന്തപുരിയെ ധന്യമാക്കുന്നു. ദിവാനാകട്ടെ അപമാനിതനായി ഈ പുരാതനനഗരത്തിൽനിന്നു പലായനം ചെയ്യേണ്ടതായും വന്നു.

www.malankaralibrary.com

# 22

# സരസമായ സാരള്യം

ശൂന്യതയിൽ നിന്ന് ഒരു മഹാപ്രസ്ഥാനം കെട്ടിയുയർത്തുന്ന ചരിത്ര നിയോഗമാണ് മാർ ഈവാനിയോസ് ഏറെറടുത്തത്. ഏതാനും വർഷത്തെ യാതനാപൂർണ്ണമായ കഠിനപരിശ്രമംകൊണ്ട് ആളും അർത്ഥവുംകൂട്ടി തിരുവനന്തപുരം അതിരൂപതയ്ക്ക് അദ്ദേഹം അസ്തിവാരമുറപ്പിച്ചു. തലസ്ഥാനനഗരിയിൽ ഒട്ടേറെ വസ്തുവകകളും സ്ഥാപനങ്ങളും സ്വന്തമാക്കി. പാളയത്ത് ഭദ്രാസനപ്പള്ളി, കററച്ചക്കോണത്ത് മെത്രാസന മന്ദിരം, ഹൈസ്കൂൾ, നാലാഞ്ചിറ ബഥനി ഹിൽസിൽ കോളജിനാസ്ഥാനം, ബഥനി ആശ്രമം, ബഥനിമഠം-അങ്ങനെ നോക്കിനിൽക്കേ വളർന്നുപൊങ്ങുന്ന ഒരു മഹാഗോപുരമായി പുനരൈക്യപ്രസ്ഥാനം. തിരുവനന്തപുരം അതിരൂപതയുടെ മുഖ്യകേന്ദ്രങ്ങളിൽ ദേവാലയങ്ങൾ കൂദാശ ചെയ്യപ്പെട്ടു. സ്കൂളുകളും മഠങ്ങളും സ്ഥാപിച്ചു.

അനുകൂലസാഹചര്യങ്ങളുടെ പ്രയോജനത്തിലല്ല ഇവയൊന്നും സംഭവിച്ചത്. പ്രതിസന്ധികൾ ഒന്നൊന്നായി തരണംചെയ്യേണ്ടിവന്നു. രാജസ്ഥാനത്തുനിന്നുള്ള ഭീഷണികൾ, മാതൃസഭയിൽ നിന്നുയർന്ന ആക്ഷേപങ്ങൾ എല്ലാം നേരിടേണ്ടിവന്നു. ചങ്ങനാശ്ശേരി, എറണാകുളം രൂപതകളിൽനിന്നും കർമ്മലീത്തസന്ന്യാസസമൂഹത്തിൽനിന്നും സംലഭ്യമായ സഹകരണം ആശ്വാസം പകർന്നു. വ്യക്തിപ്രഭാവമാർന്ന വൈദികർ സഹായത്തിനെത്തി. ഫാദർ സി.കെ. മററം മാർ ഈവാനിയോസിൻെറസെക്രട്ടറി എന്ന നിലയിൽ നിസ്തുലസേവനമാണ് അർപ്പിച്ചത്. ഫാ. മാത്യു പോത്തനാംമൂഴി, ഫാ. ഫ്രാൻസിസ് സാലസ് സി. എം. ഐ., ഫാ. എൻ. എ. തോമസ് നങ്ങച്ചിവീട്ടിൽ, തുടങ്ങി പേരെടുത്തുപറയേണ്ട ഒട്ടേറെ വൈദികർ അതിരൂപതയുടെ വികസനത്തിന് സംഭാവന നൽകിയിട്ടുണ്ട്. ഫ്രാൻസിസ്കൻ സന്ന്യാസസമൂഹാംഗങ്ങൾ നൽകിയ സഹകരണവും വിലപ്പെട്ടതാണ്.

തിരുവനന്തപുരത്ത് സൂര്യൻ ഉദിച്ചുയരുമ്പോൾ , ഒരുമിച്ചുപിറന്ന തിരുവല്ലാ രൂപത ഇരുളിൻെറ പിടിയിൽ നിന്നു മോചിതമായിരുന്നില്ല. രൂപതയുടെ ഭരണഭാരമേററ മാർ തെയോഫിലോസ് രോഗബാധിതനായതുകൊണ്ട് രൂപതാവികസനത്തിൽ ശ്രദ്ധിക്കാൻ കഴിയാതെയായി. ഈവാനിയോസ് തിരുമേനിക്ക് അതിനുള്ള സമയവും സാവകാശവും ലഭിച്ചുമില്ല. അങ്ങനെ പുനരൈക്യപ്രസ്ഥാനത്തിൻെറ ഒരു ചിറക് തളർന്നുതന്നെ കിടന്നു.



ഈ വിധിവൈപരീത്യത്തിൽനിന്നു മോചനമുണ്ടാവാൻ ഒരു മാർഗ്ഗം സ്വയം തെളിഞ്ഞുവന്നു. മലങ്കര യാക്കോബായസുറിയാനിസഭയുടെ നിരണം ഭദ്രാസനാധിപൻ യൗസേപ്പ് മാർ സേവേറിയോസിൻെറ പുനരൈക്യത്തോടെയാണ് അതു സംഭവിച്ചത്.

മാർ സേവേറിയോസ് യൗസേപ്പ് ശെമ്മാശ്ശനായി കഴിഞ്ഞകാലത്ത് എം.ഡി.സെമിനാരി ഹൈസ്കൂളിൽ ഫാദർ പി. ററി. ഗീവർഗീസിൻെറ പ്രിയശിഷ്യനായിരുന്നു. പഠനത്തിലും സ്വഭാവവൈശിഷ്ട്യത്തിലും പ്രഥമസ്ഥാനീയനായ ശെമ്മാശ്ശനെ സെറാമ്പൂരിൽ കൊണ്ടുപോയി ബി. എ. ബിരുദം സമ്പാദിക്കാൻ സഹായിച്ചത് എം. എ. അച്ചനാണ്.

മാർ ഈവാനിയോസിൻെറ കത്തോലിക്കാപുനരൈക്യം സഭയിൽ സംഘർഷാത്മകമായ അന്തരീക്ഷം സൃഷ്ടിച്ച ഘട്ടത്തിലാണ് യൗസേപ്പ് ശെമ്മാശ്ശൻ വൈദികനായതും പിന്നീട് മെത്രാൻപദവിയിലേക്ക് ഉയർത്തപ്പെട്ടതും. പരുമല സെമിനാരിയിൽ താമസിച്ചുകൊണ്ട് നിരണം ഭദ്രാസനത്തിൻെറ അജപാലനദൗത്യം ഏററവും ഭംഗിയായി അദ്ദേഹം നിർവ്വഹിച്ചുതുടങ്ങി. അതോടൊപ്പം വട്ടശ്ശേരിൽ തിരുമേനിയുടെ ആശീർവാദത്തോടെ പുനരൈക്യപ്രസ്ഥാനത്തിനെതിരെ പ്രസംഗങ്ങൾ നടത്തുകയും കോൺഫ്രൻസുകൾ വിളിച്ചുചേർക്കുകയും ചെയ്തു. അതിനുവേണ്ടി സഭാസംബന്ധമായ ഒട്ടേറെ ഗ്രന്ഥങ്ങൾ അദ്ദേഹം വായിച്ചുകൊണ്ടിരുന്നു. ഏതൊന്നിനെ എതിർക്കുവാൻവേണ്ടി കരുക്കൾ ശേഖരിച്ചുവോ അവയൊക്കെ ഒരു മഹാസത്യത്തെ ഉദ്ഘോഷിക്കുന്നതായി മാർ സേവേറിയോസിനു ബോദ്ധ്യപ്പെട്ടു. വെളിപ്പെട്ട സത്യത്തെ നിഷേധിച്ചുകൊണ്ട് ഭീരുവിനെപ്പോലെ സ്വന്തം പദവിയുടെ മറവിൽ ഒളിക്കാൻ അദ്ദേഹത്തിനു സാദ്ധ്യമായിരുന്നില്ല. പുനരൈക്യത്തിൻെറ പാത പിന്തുടരുകയെന്ന മനഃസാക്ഷിയുടെ അനുശാസനം മാർ സേവേറിയോസ് ഉൾക്കൊണ്ടു.

തൻെറ ദൃഢനിശ്ചയം വ്യക്തമാക്കിക്കൊണ്ട് 31-10-1937-ൽ കാതോലിക്കാബാവാതിരുമേനിക്ക് സുദീർഘമായ കത്ത് അദ്ദേഹം തയ്യാറാക്കി. മെത്രാനെന്ന നിലയിൽ ഉപയോഗിച്ചിരുന്ന എല്ലാ വസ്തുവകകളും സ്ഥാന ചിഹ്നങ്ങളും പരുമല സെമിനാരിയിൽ സൂക്ഷിച്ചുവച്ചു. കത്ത് കാതോലിക്കാ ബാവയെ ഏല്പിക്കാൻ ഏർപ്പാടാക്കിയശേഷം തിരുവനന്തപുരത്തേക്കു പുറപ്പെട്ടു. 1937 നവംബർ 23-ന് ഈവാനിയോസ് തിരുമേനിയുടെ മുമ്പിൽ വിശ്വാസ പ്രതിജ്ഞ ചെയ്തു.

ഈ പുനരൈക്യം മാർ ഈവാനിയോസിന് എത്ര ആഹ്ലാദവും ആശ്വാസവുമേകിയെന്നു വാക്കുകളിലൊതുക്കിപ്പറയാവുന്നതല്ല. തൻെറ കുരിശു താങ്ങാൻ സർവ്വശക്തനായ ദൈവം ബലമുള്ളകരങ്ങൾ നല്കിയിരിക്കുന്നു. അനാഥാവസ്ഥയിലായിരുന്ന തിരുവല്ലാരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേററായി മാർ സേവേറിയോസ് നിയമിതനായി. തിരുവിതാം

www.malankaralibrary.com



കൂറിൻെറ വടക്കൻ മേഖലകളിലും പിന്നീട് കൊച്ചിയിലും പുനരൈക്യ പ്രസ്ഥാനത്തിൻെറ ജീവചൈതന്യമായി അദ്ദേഹം പ്രവർത്തിച്ചു. ചില കേന്ദ്രങ്ങളിൽ മാർ ഈവാനിയോസിനെതിരെ ഉയർന്ന കുററാരോപണങ്ങൾ കെട്ടടങ്ങുന്നതിന് ഈ സാഹചര്യം പ്രയോജനപ്പെട്ടു. സ്വന്തം കർമ്മവേദികളിൽ ഒററയ്ക്കു നിന്ന് അദ്ധ്വാനിക്കുകയും എതിർപ്പുകളുടെമദ്ധ്യേ പത്മവ്യൂഹത്തിൽ അകപ്പെട്ട അഭിമന്യുവിനെപ്പോലെ പടപൊരുതുകയും ചെയ്ത മാർ ഈവാനിയോസിന് മലങ്കര കത്തോലിക്കാ ഹയരാർക്കിയുടെ ഉത്തരമേഖലയെ വേണ്ടത്ര പരിപോഷിപ്പിക്കാൻ കഴിയാതെ പോയി എന്ന സത്യം നിഷേധിക്കാവുന്നതല്ല. പക്ഷേ ആ മഹജ്ജീവിതം തരണംചെയ്ത അഗ്നിപരീക്ഷണങ്ങളുടെ കാഠിന്യം ശരിക്കു ഗ്രഹിച്ചിട്ടുള്ളവർ അദ്ദേഹത്തെ തെററിദ്ധരിക്കുകയോ കുററപ്പെടുത്തുകയോ ഇല്ല.

ഈവാനിയോസ് തിരുമേനി എല്ലാ അർത്ഥത്തിലും ഒരു യോദ്ധാവായിരുന്നു. സത്യമെന്ന് ഉറപ്പുള്ള ലക്ഷ്യത്തിനുവേണ്ടി എന്തു ത്യാഗം സഹിച്ചും അദ്ദേഹം പോരാടി. അദ്ഭുതകരമായിരുന്നു ആ ആദ്ധ്യാത്മികപ്രഭാവം. പ്രാർത്ഥന, ധ്യാനം, പരിത്യാഗപ്രവൃത്തികൾ എന്നിവയിൽ നിന്നാർജ്ജിച്ച ആത്മശുദ്ധി ഉന്നതമായ സന്ന്യാസദർശനത്തിന് ആവിഷ്കാരംനല്കാൻ സഹായകമായി. ഭാരതീയമായ സന്ന്യാസത്തിൻെറ ചൈതന്യം ക്രൈസ്തവ സമൂഹത്തിനു പകർന്നു കിട്ടിയത് ആ ഗുരുവരനിലൂടെയാണ്. സമൂഹത്തിൻെറപുരോഗതിയിൽ ഉന്നതവിദ്യാഭ്യാസംനേടിയ യുവതീയുവാക്കൾക്ക് ശ്രദ്ധേയമായ പങ്കുവഹിക്കാനാവുമെന്ന് അദ്ദേഹം സങ്കല്പിച്ചു. അതിനു മാർഗ്ഗമൊരുക്കി. പ്രത്യേകിച്ചും സ്ത്രീകളുടെവിദ്യാഭ്യാസപുരോഗതിയിൽ മാർ ഈവാനിയോസ് നൽകിയ നേതൃത്വം അത്യപൂർവ്വമായിരുന്നു. മഹാസ്ഥാപനങ്ങൾ ആ കർമ്മവൈഭവത്തിൽ രൂപംകൊണ്ടു. ആ വ്യക്തിത്വത്തിൻെറ അഗ്നിപ്രഭയിൽ എതിരാളികൾ ഈയാംപാററപോലെ വെന്തെരിഞ്ഞു.

അധൃഷ്യമായ ആ സ്വഭാവവിശേഷവും ആകാരഗാംഭീര്യവും ആരെയും തെല്ലൊന്നു ഭയപ്പെടുത്തുന്നതായിരുന്നു. അദ്ദേഹത്തെ ദർശിക്കുന്നവർ അദ്ഭുതാദരങ്ങളോടെ ശിരസ്സു നമിച്ചു; തെല്ലൊന്ന് അന്ധാളിക്കുകപോലും ചെയ്തു. പക്ഷേ ആ മനസ്സ് ലാളിത്യവും പ്രസാദവും വാത്സല്യവും നിറഞ്ഞുതുളുമ്പുന്നതായിരുന്നുവെന്ന് അടുത്തു പെരുമാറാൻ ഭാഗ്യമുണ്ടായവരൊക്കെ വെളിപ്പെടുത്തിയിട്ടുണ്ട്;

> സിംഹരാജനെപ്പോലെ തലയെടുപ്പ്. തീക്ഷ്ണ നേത്രങ്ങൾ. ഗംഭീരമായ ശബ്ദം. മനസ്സുനിറയെ കരുണയായിരുന്നു. പിതൃസഹജമായ സ്നേഹവായ്പ് നിറഞ്ഞുതുളുമ്പിയിരുന്നു. ഏതുകാര്യവും സ്വയംതീരുമാനിക്കാനുള്ള വിവേകവും അത് മററുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കാനുള്ള ആജ്ഞാശക്തിയും ഉണ്ടായിരുന്നിട്ടും വിരുദ്ധാഭിപ്രായങ്ങൾ എപ്പോഴും ശാന്തമായി ശ്രദ്ധിച്ചിരുന്നു. അതിൻെറ പേരിൽ ഒരിക്കലും ഒരസ്വാസ്ഥ്യവും പ്രകടിപ്പിച്ചിട്ടില്ല. സഭയ്ക്കുവേണ്ടി ഓരോരുത്തർ



> ചെയ്യുന്ന സേവനം എത്ര ചെറുതാണെങ്കിലും വളരെ വിലമതിച്ചിരുന്നു. അക്കാര്യത്തിൽ വൈദികരെന്നോ വിശ്വാസികളെന്നോ, പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഒന്നും ഒരു ഭേദവും ഉണ്ടായിരുന്നില്ല. നമ്മുടെ കാലഘട്ടം ദർശിച്ച ഏററവും വലിയ മഹാത്മാക്കളിൽ ഒരാൾ; ഒരു യുഗപുരുഷൻ തന്നെയായിരുന്നു മാർ ഈവാനിയോസ് തിരുമേനി.

-ഏറെക്കാലം മാർ ഈവാനിയോസിൻെറ പിന്നിൽ ഉറച്ചുനിന്ന് പുനരൈക്യ പ്രസ്ഥാനത്തിൻെറ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കാൻ ഇടവന്ന ഫാദർ പീലിപ്പോസ് മേടയിൽ തൻെറ 'ഡയറിക്കുറിപ്പുക'ളിൽ (അപ്രകാശിതം) രേഖപ്പെടുത്തിയിരിക്കുന്നു:

തിരുമേനിയുടെ സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിച്ച ഫാദർ ഫിലിപ്പ് സി. പന്തോളിലിൻെറ അനുസ്മരണക്കുറിപ്പുകളിൽ രസകരമായ ഒട്ടേറെ വിവരങ്ങൾ അടങ്ങിയിട്ടുണ്ട്. പുറമേ പരുക്കനും കർക്കശപ്രകൃതിയുമായിരുന്ന മാർ ഈവാനിയോസിൻെറ വ്യക്തിജീവിതത്തിലെ സരസമായ സാരള്യം അദ്ദേഹം വിശദമായി പ്രതിപാദിക്കുന്നു:

> സുറിയാനി ഭാഷ പഠിപ്പിച്ചിരുന്നത് ആർച്ചുബിഷപ്പ് തിരുമേനി നേരിട്ടായിരുന്നു. സെമിനാരിവർഷം ആരംഭിച്ച് രണ്ടാഴ്ച കഴിഞ്ഞാണ് ഞാൻ പെററിസെമിനാരിയിൽ വന്നുചേരുന്നത്. അതിനാൽ എനിക്കു പ്രത്യേക ട്യൂഷൻ നല്കി ഏതാനും ദിവസം കൊണ്ട് മററുള്ളവരോടൊപ്പമാക്കി. സുറിയാനി എഴുതുക, വായിക്കുക, ഭാഷാന്തരം ചെയ്യുക, സുറിയാനി ഗ്രാമർ പഠിക്കുക ഇതൊക്കെതന്നെ അഭ്യസനരീതി. പിതാവ് എഴുതിയ ഗ്രാമർ തന്നെയാണ് പഠിക്കേണ്ടത്. അത് പിൽക്കാലത്ത് മുദ്രണംചെയ്ത് കോളജിലെ സുറിയാനിഭാഷാപാഠപുസ്തകമായി അംഗീകരിച്ച് എടുക്കുകയുണ്ടായി. ക്ലാസിന് കൃത്യസമയം ഒന്നും ഇല്ല. ചിലപ്പോൾ രാവിലെ, ചിലപ്പോൾ ഉച്ചകഴിഞ്ഞ്, ചിലപ്പോൾ രാത്രിയിൽ. പിതാവിന് സൗകര്യം ഉണ്ടാകുമ്പോഴാണ് ഞങ്ങളുടെ ക്ലാസ് എടുക്കുക. 'പിള്ളേരേ' എന്ന വിളി കേട്ടാലുടൻ ബാക്കി പരിപാടികൾ എല്ലാം നിർത്തി ബുക്കും പേനയും പുസ്തകവുമായി ചെന്നുകൊള്ളണം. അസ്സൽ ഗുരുകുലം സ്റൈറൽ. പിതാവ് പാർലറിലെ സെററിയിൽ ഇരിക്കും. ഞങ്ങൾ കയററുപായിൽ നിലത്തും. ഞാൻ പ്രീഫെക്ററ് ആയിരുന്നതിനാൽ പിതാവിൻെറ അടുത്തിരിക്കണം, ആവശ്യമായ വല്ല സഹായവും ചെയ്യുവാൻ. അതിനു ചിലപ്പോൾ ചില പ്രായശ്ചിത്തവും ചെയ്യേണ്ടിവരും. ദൂരെയിരിക്കുന്ന ബ്രദറിനോട് ചോദ്യം ചോദിച്ച് ഉത്തരം കിട്ടിയില്ലെങ്കിൽ 'അവനെന്താ ഉത്തരം പറയാത്തത്' എന്നു ചോദിച്ചുകൊണ്ട് എൻെറ പുറത്തായിരിക്കും അടിവീഴുക. അതിൻെറ ക്ഷീണം തീരാൻ ചിലപ്പോൾ മധുരപലഹാരവിതരണവും കാണും. ക്ലാസിന് സമയപരിധി ഒന്നും ഇല്ല. ഒന്നുകിൽ പിതാവ് ക്ഷീണിക്കണം. അല്ലെങ്കിൽ ഞങ്ങൾ ഉറക്കംതൂങ്ങണം. അതുമല്ലെങ്കിൽ അപ്രതീക്ഷിതമായി വല്ല വി.ഐ.പി. അതിഥി

www.malankaralibrary.com



കാം വരണം. ചിലപ്പോഠം ക്ഷീണിച്ചാലും വിടുകയില്ല. പകരം വിഷയം മാററുകമാത്രം ചെയ്യും. ചിലപ്പോഠം സഭാചരിത്രം പറയും. മററു ചല പ്പോഠം തനിക്കുണ്ടായ ചില വിശിഷ്ടാനുഭവങ്ങളെപ്പററിപറയും. ഒരി ക്കൽ പിതാവിൻെറ ആദ്യപ്ലയിൻയാത്രയിൽ ആകാശത്തിൽ വച്ച് വിശുദ്ധ കുർബ്ബാന അർപ്പിച്ച വിവരംപറഞ്ഞു. കറാച്ചിയിൽ നിന്ന് റോമിലേക്കു പറക്കുന്ന കെഎൽഎം (ഡച്ച്) വിമാനം, അറുപത്തഞ്ചുകൊല്ലത്തിനു മുൻപുള്ള വിമാനമാണെന്നോർക്കണം, കുർബ്ബാനയ്ക്ക് വീഞ്ഞ് ഒഴിച്ച പ്പോഠംതന്നെ പ്ലെയിനിൻെറ കുലുക്കംകൊണ്ട് കാസായിൽ വീഞ്ഞ് ഓളം വെട്ടാൻ തുടങ്ങി. കാസാ മറിഞ്ഞു പോയേക്കുമോ എന്നും ഭയ പ്പെട്ടു. അതുകൊണ്ട് അധികസമയവും കാസായുടെ തണ്ടിൽ പിടിച്ചു കൊണ്ടാണ് കുർബ്ബാന പൂർത്തീകരിച്ചത്.

കാനോനാ നമസ്കാരത്തിന് പിതാവ് ഞങ്ങളോടൊപ്പം ഉണ്ടാകും. പിതാ വിൻെറ കുർബാനയ്ക്ക് ഞങ്ങഠം മാറിമാറി ശുശ്രൂഷകരായി വരും. തെററ് എന്തെങ്കിലും കണ്ടാൽ തിരുത്തിത്തരും. ക്രമരഹിതമായി എന്തെങ്കിലും കണ്ടാൽ പിതാവിൻെറ ഉഗ്രമായ ഒരു നോട്ടം മതി, എല്ലാം നേരേയാക്കുവാൻ. ഒരിക്കൽ ബ്രദർ ഗീവർഗീസ് പണിക്കരും ഞാനും കൂടി അടൂർ പള്ളിയിൽവച്ച് സേവേറിയോസ് തിരുമേനിയുടെ ആഘോഷ മായ കുർബാനയിൽ ശുശ്രൂഷകരായിരുന്നു. മാർ ഈവാനിയോസ് പിതാവും മദ്ബഹായിൽ ആസനസ്ഥനാണ്. വിശ്വാസപ്രമാണം ആരംഭിച്ച് കാർമ്മികൻ കൈകഴുകാൻ വന്നപ്പോഠം അബദ്ധവശാൽ ബ്രദർ പണിക്കർ വെളിച്ചെണ്ണക്കുപ്പിയാണ് എടുത്ത് ഒഴിച്ചുകൊടുത്തത്. കാർമ്മികനു ചിരിപൊട്ടിയപ്പോഴാണ് ഞങ്ങഠംക്ക് അബദ്ധം മനസ്സിലാ യത്. കുർബാനയ്ക്കിടയിൽ നിനച്ചിരിയ്ക്കാതെ ചിരിയുണ്ടായപ്പോഠം വലിയ പിതാവിൻെറ ഉഗ്രൻ നോട്ടം. ചിരി അവിടെനിന്നു. പിന്നെ വളരെ ബദ്ധപ്പെട്ടാണ് ബേസിനും വെള്ളവും സോപ്പും കൊണ്ടുവന്ന് എല്ലാം നേരേയാക്കിയത്.

ചില സായാഹ്നങ്ങളിൽ പിതാവിനു നേരം കിട്ടുമ്പോഠം അരമനമുററത്ത് ബാഡ്മിൻറൻ കളിക്കാൻ ഞങ്ങളോടൊപ്പം കൂടുമായിരുന്നു. ഭക്ഷണ കാര്യങ്ങളിൽ തീരെ ശ്രദ്ധയില്ലായിരുന്നു. മറെറന്തെങ്കിലും ആലോചി ച്ചുകൊണ്ടോ സംസാരിച്ചുകൊണ്ടോ ആയിരിക്കും ഭക്ഷണം കഴിക്കുക. ഉറക്കം നാലുമണിക്കൂർ മാത്രം. ശെമ്മാശ്ശനായിരിക്കുമ്പോഠംതന്നെ അങ്ങനെ ശീലിച്ചതാണ്. ഇരുപതുമണിക്കൂറും ജോലി. എഴുത്തുകുത്തു കഠം എല്ലാം വളരെ കൃത്യനിഷ്ഠയോടുകൂടി ചെയ്തിരുന്നു. ഒന്നും കുടിശ്ശിക ഇടുമായിരുന്നില്ല.

പിതാവിൻെറ പ്രധാന വ്യായാമം വൈകിട്ട് അരമന വളപ്പിൽക്കൂടിയുള്ള നടപ്പായിരുന്നു. കൂട്ടിനു പലപ്പോഴും പിതാവിനെ സന്ദർശിക്കാൻ വന്ന ആരെങ്കിലും കാണും. തനിക്ക് ഏററവും അടുപ്പമുള്ളവരാണെങ്കിൽ



അവരുടെ തോളിൽ കൈയിട്ടുകൊണ്ടായിരിക്കും നടപ്പ്. അതിനിടയിൽ പല സംസാരങ്ങളും നടക്കും. പ്രശ്നങ്ങഠംക്ക് പരിഹാരം കണ്ടുപിടിച്ചി രിക്കുകയും ചെയ്യും. നടക്കാനിറങ്ങുമ്പോഠം തൻെറ പ്രിയങ്കരനായ വളർത്തുപട്ടി 'നീറോ' (കറുപ്പു നിറമുള്ള ലാബ്രഡോർ ഇനം) പൈലററ് ആയി മുമ്പിൽ കാണും. അതിനു നല്ല ശിക്ഷണം കൊടുത്തു വളർത്തി യതിനാൽ അതിനെകൊണ്ട് പല കാര്യങ്ങളും ചെയ്യിക്കുമായിരുന്നു. 'Go; Get the Walking Stick' എന്ന് ഓർഡർ കൊടുത്താൽ ആ നിമിഷം തിരിഞ്ഞോടി പിതാവിൻെറ മുറിയിൽ നിന്നും വടി കടിച്ചു പിടിച്ചു കൊണ്ട് കൈയിൽ കൊടുക്കും. അതിനെ പലവിദ്യകളും പഠിപ്പിക്കാ നായി ഒരു പുസ്തകം അമേരിക്കയിൽനിന്നും വരുത്തി. ചെറിയ സർ ക്കസും വേലകളും അതിനെ പഠിപ്പിച്ചു. അതിന് ഒരു കോട്ടു തയ്പിച്ച് അതിൻെറ പോക്കററിൽ എഴുത്തുകഠം ഇട്ട് അടുത്ത അഞ്ചൽ ആഫീ സിൽ കൊണ്ടുപോയി ഏല്പിക്കാനും തിരിച്ച് അരമനയ്ക്കു വരുന്ന കത്തുകഠം കൊണ്ടുവരാനും പഠിപ്പിച്ചു.ഞങ്ങഠംക്ക് പിതാവു സുറിയാനി ക്ലാസെടുക്കുമ്പോഠം നീറോ മാന്യനായി ഒരു ടീപ്പോയിന്മേൽ ഞങ്ങളുടെ അടുത്ത് ആസനസ്ഥനായിരിക്കും. ഒരിക്കൽ ഇങ്ങനെ ക്ലാസു നടക്കുമ്പോഠം തിരുവല്ലായിൽ നിന്നും സേവേറിയോസ് തിരുമേനി അരമനയിലേക്കുവന്നു. പട്ടിയുടെ ഇരിപ്പുകണ്ടിട്ട് സേവേറിയോസ് തിരു മേനി ഈവാനിയോസ് പിതാവിനോടു ചോദിക്കുകയാണ്: 'എന്താ ഇവനും പട്ടംകൊടുക്കാനാണോ ഉദ്ദേശ്യം?' എല്ലാവർക്കും നല്ല ഒരു ചിരിക്കു വകകിട്ടി.[1]

ജീവിതമെന്ന മഹാനാടകത്തിൽ വിധിനിയോഗംപോലെ അതിപ്രധാ നവും അത്യപൂർവ്വവുമായവേഷമാണ് മാർ ഈവാനിയോസിന് അണിയേണ്ടി വന്നത്. ഒരു പിഴവുപോലും വരുത്താതെ സത്യസന്ധതയോടും ആത്മാർത്ഥത യോടുംകൂടി ഓരോ ചലനവും അദ്ദേഹം നിയന്ത്രണത്തിൽ നിറുത്തി. ഭൂത കാലപാരമ്പര്യങ്ങളിൽ മുഴുകിക്കിടക്കാതെ, വർത്തമാനകാലത്തിൻെറ ആകർഷണങ്ങളിൽ നഷ്ടപ്പെടാതെ, ഭാവിയെക്കുറിച്ച് വ്യക്തമായ കാഴ്ച പ്പാടുപുലർത്തി, അതിനനുരൂപമായി കർമ്മമണ്ഡലത്തെ സംവിധാനം ചെയ്ത യോഗീശ്വരനായിരുന്നു മാർ ഈവാനിയോസ്.

1. ഫാദർ ഫിലിപ്പ് സി. പന്തോളിൽ, മാർ ഈവാനിയോസ് എൻെറ സ്മരണയിൽ. പു. 47-50.

www.malankaralibrary.com

# 23

# അമേരിക്കൻ അനുഭവങ്ങൾ

ന്യായവാദങ്ങളിൽ സാക്ഷാൽ സി. പി. രാമസ്വാമി അയ്യരെ പരാജിതനാക്കി നാലാഞ്ചിറക്കുന്നിന്റെ അവകാശം സംരക്ഷിച്ചു. അവിടെ കോളജ് ആരംഭിക്കുന്നതിന് യൂണിവേഴ്സിററിയിൽ അപേക്ഷയും സമർപ്പിച്ചു. പുതിയ കോളജിനെ സംബന്ധിച്ച് മാർ ഈവാനിയോസിന്റെ സങ്കല്പം എന്തായിരുന്നുവെന്ന് സർവ്വകലാശാലാ പ്രോ വൈസ് ചാൻസിലർക്കു സമർപ്പിച്ച അപേക്ഷയിൽ വ്യക്തമാണ്.

സർ,

ഇക്കഴിഞ്ഞ മുപ്പത്തിയേഴു വർഷമായി തിരുവിതാംകൂറിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഞാൻ കാര്യമായ പങ്കു വഹിച്ചുവരികയാണ്. എന്റെ മേൽനോട്ടത്തിൽ എഴുപതു പ്രൈമറി സ്കൂളുകളിലായി ആൺകുട്ടികളുംപെൺകുട്ടികളും ഉൾപ്പെടെ മൂവായിരത്തി അറുനൂറുപേർ ഇപ്പോൾ അദ്ധ്യയനം നടത്തുന്നുണ്ട്. അഞ്ച് ഇംഗ്ലീഷ് ഹൈസ്കൂളുകളും ആറ് ഇംഗ്ലീഷ് മിഡിൽ സ്കൂളുകളും രണ്ട് മലയാളം ഹൈസ്കൂളുകളും അഞ്ച് മലയാളം മിഡിൽ സ്കൂളുകളും എന്റെ മാനേജ്മെൻറിൽ ഇപ്പോഴുണ്ട്. തിരുവിതാംകൂറിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലുള്ള എന്റെ ഭാഗഭാഗിത്വം ഉന്നത വിദ്യാഭ്യാസരംഗത്തേക്കു വ്യാപിപ്പിക്കുന്നതിന് സമയം ആസന്നമായിരിക്കുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. ഇതിനുവേണ്ടി പട്ടത്തുള്ള ഇംഗ്ലീഷ്ഹൈസ്കൂൾ ഒരു ഒന്നാം ഗ്രേഡ് കോളജായി ഉയർത്തുവാൻ ഞാനാഗ്രഹിക്കുന്നു. ഇപ്പോൾ നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നു വ്യത്യസ്തമായ നിലയിലാണ് ഈ കോളജ് നടത്തുവാൻ ഉദ്ദേശിക്കുന്നത്.ഹൈസ്കൂൾ പാസ്സാകുന്ന വിദ്യാർത്ഥികളിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ട കുറേപേർ മാത്രമേ യൂണിവേഴ്സിററി വിദ്യാഭ്യാസം നടത്താൻപാടുള്ളു എന്ന അഭിപ്രായം ഞാൻ പൂർണ്ണമായി സ്വീകരിക്കുന്നു. പക്ഷേ, ബാക്കിയുള്ളവർ അപൂർണ്ണമായ അറിവോടെ പൊഴിയാതിരിക്കുന്നതിന് ജീവിതത്തുറകളിലേക്ക് ഒരുക്കുന്ന വിദ്യാഭ്യാസത്തിന് അവർക്കു സൗകര്യംഏർപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം.



എന്റെ മാനേജ്മെൻറിലുള്ള ഹൈസ്കൂളുകൾ ഉൾപ്പടെ ഈ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽനിന്നും വിജയികളാകുന്ന വിദ്യാർത്ഥികൾ വിദൂര ദേശങ്ങളിൽപ്പോയി ആദായകരമായ ജോലികൾ അന്വേഷിക്കുന്നതിനു മടിക്കാത്ത സമൂഹങ്ങളിൽപ്പെട്ടവരാണ്. ജീവിതവിജയം കൈവരിക്കാൻ സഹായിക്കുന്ന ഉന്നത വിദ്യാഭ്യാസത്തിൽ അവർക്ക് തീർച്ചയായും താത്പര്യമുണ്ടായിരിക്കും. അതുകൊണ്ട് വിവിധ കോളജുകളിൽ ഇന്നുള്ള കോഴ്സുകൾ ആവർത്തിക്കാതെ ഇത്തരത്തിലുള്ള വിദ്യാർത്ഥികളുടെ നന്മയ്ക്കായി അവരുടെ കഴിവുകളുടെ വികസനത്തിനുതകുന്ന വിഷയങ്ങൾ തെരഞ്ഞെടുക്കുവാൻ എനിക്കു സാധിക്കുന്നതാണ്. തിരുവിതാംകൂറിൽ ഇപ്പോൾ നിലവിലുള്ള കോളജുകളിലൊന്നിലും വിദ്യാർത്ഥികൾക്ക് കൊമേഴ്സ് ഡിഗ്രിക്കു വേണ്ടതായ പരിശീലനം നല്കുന്നില്ല. അപ്രകാരമുള്ള പുതിയ കോഴ്സ് ആരംഭിക്കുകവഴി ഒരു പുതിയ പഥം വെട്ടിത്തുറക്കുകയായിരിക്കും ഞാൻ ചെയ്യുക. കൊമേഴ്സ് ഡിഗ്രിക്കുള്ള അടിസ്ഥാനം ചരിത്രം, സാമ്പത്തിക ശാസ്ത്രം, ഭൂമിശാസ്ത്രം എന്നിവയുടെ പഠനമാണ്. ഇന്ത്യയിലും മററ് എവിടെയുമുള്ള സർവ്വകലാശാലകളിലെ കോമേഴ്സ് കോഴ്സ് പരിശോധിച്ചാൽ ഇതു വ്യക്തമാകും. ഭൂമിശാസ്ത്രപരമായപഠനം വാണിജ്യപരമായ വിഷയങ്ങളിലേക്കു സ്വാഭാവികമായി നയിക്കുന്നു. സാമ്പത്തികശാസ്ത്രപഠനമാകട്ടെ, ജീവിതത്തിലെ പലേ പ്രായോഗിക രംഗത്തേക്കും നയിക്കുന്നു. ചരിത്രപഠനം സാമൂഹ്യശാസ്ത്രത്തിലേക്കുള്ള ചവിട്ടുപടിയായിരിക്കും. യുവജനങ്ങളുടെ പ്രായോഗികവും ബുദ്ധിപരവുമായ മണ്ഡലങ്ങളിലേക്കു നുഴഞ്ഞുകയറിക്കൊണ്ടിരിക്കുന്ന സാമൂഹികവിരുദ്ധചിന്താഗതികൾ വരുത്തിവയ്ക്കുന്ന വിനാശങ്ങൾക്കു പരിഹാരമായി ഞാൻ ഉദ്ദേശിക്കുന്നത് മനുഷ്യ സമുദായത്തിന്റെ ചരിത്രത്തെയും സംഘടനയെയും ലക്ഷ്യങ്ങളേയും പററി ചർച്ച ചെയ്യുന്ന സാമൂഹികശാസ്ത്രത്തെയാണ്.

സ്ക്കൊളാസ്ററിക് തത്ത്വശാസ്ത്രവും പാശ്ചാത്യ പൗരസ്ത്യ തത്ത്വശാസ്ത്രങ്ങളും, മനഃശാസ്ത്രവും ചേർന്ന് സുറിയാനിക്കും ഹീബ്രുവിനും ഓരോ കോഴ്സു തുടങ്ങുന്നതായാൽ എന്റെ അതിരൂപതയിൽപ്പെട്ടവർക്ക് ഈ കോളജ് വേണ്ടവിധം പ്രയോജനപ്പെടുന്നതാണ്. സ്ക്കൊളാസ്ററിക് തത്ത്വശാസ്ത്രത്തിനു തന്നെയുള്ള അദ്ധ്യക്ഷപീഠം ഇന്ത്യയിൽ ഒരു സർവ്വകലാശാലയിലും ഇപ്പോഴില്ല. രാഷ്ട്രീയരംഗത്തും സാന്മാർഗ്ഗിക നിലവാരത്തിലും അതിനുള്ള പ്രാധാന്യം സുവിദിതമാണല്ലോ. അതിന്റെ പഠനം പ്രോത്സാഹിപ്പിക്കപ്പെടുന്നപക്ഷം ഇന്ത്യയിലെ ഇതരയൂണിവേഴ്സിററികൾക്കില്ലാത്തതായ ഒരു സ്ഥാനം തിരുവിതാംകൂർ യൂണിവേഴ്സിററിക്കു ലഭിക്കുന്നതാണ്. ഞാൻ ആരംഭിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന പുതിയ കോളജിൽ ചരിത്രത്തിനും, സാമ്പത്തിക ശാസ്ത്രത്തിനും, കോമേഴ്സിനും, സഹകരണത്തിനും, സുറിയാനിക്കും,

www.malankaralibrary.com



ഹീബ്രുവിനും, സ്ക്കൊളാസ്ററിക്തത്ത്വശാസ്ത്രത്തിനും, ഇന്ത്യൻ ഫിലോസഫിക്കും, മനഃശാസ്ത്രത്തിനും, സാമൂഹ്യശാസ്ത്രത്തിനുമുള്ള കോഴ്സുകൾ തുടങ്ങുന്നതാണ്. ഇവയുടെ അദ്ധ്യയനത്തിൽ ഗ്രേഡിനെയും സജ്ജീകരണത്തെയും സംബന്ധിക്കുന്ന കാര്യങ്ങളിൽ തിരുവിതാംകൂർ യൂണിവേഴ്സിററി വിദ്യാഭ്യാസത്തോട് ഇപ്പോഴും ഭാവിയിലും ബന്ധപ്പെട്ട എല്ലാ നിയമങ്ങളും കൃത്യമായി അനുസരിക്കുന്നതാണ്. മനുഷ്യജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിപ്പിക്കുവാനുള്ള കോളജ് തുടങ്ങുന്നതുകൊണ്ട് വസ്തുതകളുടെ ഭാഗികമായ പരിമിതി മൂലം ഉളവാകുന്ന ദോഷവശങ്ങൾ ദൂരീകരിക്കാൻ സാധിക്കും.

മനോഹരദൃശ്യങ്ങളാൽ ചുററപ്പെട്ട വിസ്തൃതമായ ഒരു ഭൂവിഭാഗം എനിക്കു തിരുവനന്തപുരത്തുണ്ട്. ജനനിബിഡമായ പട്ടണത്തിൽ സ്ഥലം ലഭിക്കുവാനുള്ള പ്രതിബന്ധങ്ങൾ കൂടാതെതന്നെ കോളജിനു വേണ്ടി ഞാൻ കണ്ടെത്തിയിരിക്കുന്ന ഈ പ്രദേശത്തിന് പട്ടണമദ്ധ്യത്തിലായിരുന്നാലുള്ള സകല ഗുണങ്ങളും ഉണ്ടായിരിക്കും. വിദ്യാർത്ഥികൾക്ക് ആവശ്യമായ താമസസൗകര്യങ്ങളും തിരുവിതാംകൂർ യൂണിവേഴ്സിററിയുടെ പാഠ്യേതരപ്രവർത്തനങ്ങളിലും തൃപ്തികരമായി പങ്കെടുക്കുന്നതിനുള്ള സാഹചര്യവും ഈ കോളജിനും ഉണ്ടായിരിക്കുന്നതാണ്. കോളജിന്റെ പണിക്കുവേണ്ടി ഒരു ലക്ഷം രൂപ ബാങ്കിൽ നിക്ഷേപിക്കുവാൻ ഞാൻ സന്നദ്ധനാണെന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.

ആയതിനാൽ പട്ടത്തെ ഇംഗ്ലീഷ് ഹൈസ്കൂൾ തിരുവിതാംകൂർ യൂണിവേഴ്സിററിയുടെ കീഴിൽ ഒന്നാംഗ്രേഡ് കോളജായി ഉയർത്തുവാൻ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

താങ്കളുടെ വിശ്വസ്തൻ,<br>
മാർ ഈവാനിയോസ് (ഒപ്പ്)<br>
തിരുവനന്തപുരം ആർച്ചുബിഷപ്പ്

പട്ടം, തിരുവനന്തപുരം<br>
22-2-1945

ഉന്നതവിദ്യാഭ്യാസത്തിന്റെ സ്വഭാവമെന്തായിരിക്കണമെന്നതു സംബന്ധിച്ച് ഏററവും ആധുനികമായ കാഴ്ചപ്പാടാണ് ഈ നൂററാണ്ടിന്റെ പൂർവ്വാർദ്ധത്തിൽപ്പോലും മാർ ഈവാനിയോസ് പുലർത്തിയിരുന്നതെന്ന് ഈ രേഖ തെളിയിക്കുന്നു. വിദ്യാഭ്യാസത്തിനിടയിൽ പൊഴിഞ്ഞുപോകുന്ന പ്രതിഭകളെക്കുറിച്ച് അദ്ദേഹം വ്യാകുലചിത്തനായിരുന്നു. അവർക്ക് തൊഴിൽ പരിശീലനം നല്കി ജീവസന്ധാരണത്തിനാവശ്യമായ പ്രാപ്തി നല്കുന്നതിന് ഒട്ടേറെ കർമ്മപരിപാടികളും അദ്ദേഹം വിഭാവനം ചെയ്തു. ആദ്ധ്യാത്മികതയുടെ പരമോന്നതഭാവമായ സന്ന്യാസത്തെക്കുറിച്ച് ഉണ്ടായിരുന്ന



അപൂർവ്വദർശനത്തിനു സമാനമായ ഒന്നാണ് സാമൂഹികക്ഷേമത്തിൽ അവലംബിച്ച വീക്ഷണഗതിയും. ഈ വൈരുദ്ധ്യങ്ങളുടെ സമന്വയം തികച്ചും വിസ്മയജനകമായിരിക്കുന്നു.

കോളജ് തുടങ്ങുന്നതിനെക്കുറിച്ചുള്ള ചിന്ത മനസ്സിൽ രൂഢമൂലമായ ഘട്ടത്തിൽ അദ്ധ്യാപനരംഗത്തു സേവനമർപ്പിക്കാൻ പ്രാപ്തരായ വൈദികരെ ഉന്നതപഠനത്തിനു നിയോഗിക്കാൻ ഈവാനിയോസ് തിരുമേനി നിശ്ചയിച്ചു. ബഥനി ആശ്രമാംഗമായ ഫാദർ ബനഡിക്ട് ഒ. ഐ. സി. യെ തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളജിൽ ധനതത്ത്വശാസ്ത്രത്തിൽ ഓണേഴ്സ് ബിരുദം നേടുന്നതിന് നിയോഗിച്ചത് അങ്ങനെയാണ്.

കോളജിന് അംഗീകാരംലഭിക്കുമെന്ന് ഉറപ്പായപ്പോൾ വിഭവസമാഹരണത്തെക്കുറിച്ചായി വേവലാതി. തിരുവനന്തപുരം അതിരൂപതയുടെ വടക്കൻ മേഖലയിൽനിന്ന് എത്തിച്ചേരുന്ന വിദ്യാർത്ഥികൾക്ക് ഉചിതമായ താമസസൗകര്യം ഏർപ്പെടുത്തേണ്ടതാവശ്യമാണ്. ഹോസ്ററൽ, കോളജ് കെട്ടിടങ്ങൾ നിർമ്മിക്കാനും ലൈബ്രറിസംവിധാനം കുററമററതാക്കാനുമൊക്കെ ഭീമമായ തുകവേണം. ഒരു വലിയ ചോദ്യചിഹ്നം മുന്നിൽ ഉയർന്നുനിന്നു.

ദൈവാനുഗ്രഹത്തിന്റെ അദ്ഭുതവാതിൽ തുറക്കുകയായി. ഒട്ടാവയിൽ ചേരുന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ സംബന്ധിക്കാനുള്ള ക്ഷണമായിട്ടാണ് അതു വെളിപ്പെട്ടത്. കാനഡായുടെ ആ തലസ്ഥാനനഗരിയിൽ ചേരുന്ന സമ്മേളനത്തിൽ പങ്കെടുക്കുന്നതോടൊപ്പം അമേരിക്കൻ ഐക്യനാടുകളിൽ ഒരു പ്രസംഗപര്യടനവും ആവാം. അതിന്റെ അനുകൂല സാദ്ധ്യതകൾ മനസ്സിൽ തെളിഞ്ഞു.

കാർമേഘങ്ങൾ ഒഴിഞ്ഞ് ആകാശം പ്രശാന്തസുന്ദരമാകുന്നു. 1947 മെയ് 26-ന് മാർ ഈവാനിയോസ് ഒരിക്കൽകൂടി വിദേശത്തേക്കു യാത്രയായി. ബോംബെയിൽ നാലു ദിവസത്തെ താമസം. ജൂൺ 5- ന് ട്രാൻസ്വേൾഡ് എയർലൈൻസ് വിമാനത്തിൽ അമേരിക്കയിലേക്കു പുറപ്പെട്ടു. അമ്പതുമണിക്കൂറോളം ദീർഘിച്ച യാത്രയ്ക്കു ശേഷമാണ് 8240 മൈൽ താണ്ടി ന്യൂയോർക്ക് നഗരത്തിൽ എത്തിച്ചേർന്നത്. അവിടെ അദ്ദേഹം കാർഡിനൽ സ്പെൽമാന്റെ അതിഥിയായിരുന്നു. ഏതാനും ദിവസങ്ങൾക്കുശേഷം 800 മൈൽ അകലെയുള്ള ഒട്ടാവയിൽ തീവണ്ടിമാർഗ്ഗം എത്തിച്ചേർന്നു.

1947 ജൂൺ 9- ന് ആരംഭിച്ച ദിവ്യകാരുണ്യകോൺഗ്രസ് മൂന്നു ദിവസം നീണ്ടുനിന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ക്രിസ്തുമതാനുയായികൾ അവിടെ ഒത്തു ചേർന്നു. എഴുപത്തിരണ്ടു മണിക്കൂർ മുടക്കമില്ലാതെ ദിവ്യബലി അർപ്പിക്കപ്പെട്ടു. ആ അനുഭവത്തിൽനിന്ന് ആത്മീയ ചൈതന്യമുൾക്കൊണ്ട ആർച്ചുബിഷപ്പ് കാനഡയിലും അമേരിക്കൻ ഐക്യനാടുകളിലും അതിന്റെ ദിവ്യമായ സാന്ദ്രത വെളിപ്പെടുത്തുന്ന ഒട്ടേറെ പ്രസംഗങ്ങൾ ചെയ്തു. ന്യൂയോർക്കു നഗരത്തിൽ സ്ഥിതിചെയ്യുന്ന

www.malankaralibrary.com



ഐക്യരാഷ്ട്ര സംഘടനയുടെ കേന്ദ്രകാര്യാലയവും ജനറൽ അസംബ്ലിയും അദ്ദേഹം സന്ദർശിച്ചു. ഈ സന്ദർശനത്തിൻെറ വിശദാംശങ്ങൾ തിരുമേനിയോടൊപ്പമുണ്ടായിരുന്ന ഫാദർ എൻ. എ. തോമസ് നങ്ങച്ചിവീട്ടിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു:

> യു.എൻ.ഓ.യിലെ ഇന്ത്യൻ ഡെലിഗേഷൻെറ ക്ഷണം അനുസരിച്ച് തിരുമേനിയെ കൊണ്ടുപോകുവാൻ വന്നിരുന്ന പ്രതിനിധിയോടൊരുമിച്ച് ഞാനും യു.എൻ.ഓ.യിലേക്കു പോയിരുന്നു. തിരുമേനി അസംബ്ലി ഹാളിലേക്കു പ്രവേശിച്ചപ്പോൾ ചെക്കോസ്ലോവാക്യപ്രശ്നം സംബന്ധിച്ച് റഷ്യൻ പ്രതിനിധി മി.ഗ്രാറിക്കോ അമേരിക്ക, ബ്രിട്ടൻ തുടങ്ങിയ പാശ്ചാത്യരാജ്യങ്ങളെ അതിനിശിതവും ആക്ഷേപകരവുമായ ഭാഷയിൽ വിമർശിക്കുകയായിരുന്നു. അഞ്ചു മിനിട്ടുനേരത്തേക്ക് എല്ലാവരുടെയും ദൃഷ്ടികൾ വന്ദ്യതിരുമേനിയിലായി. അസംബ്ലി അവസാനിച്ചു പുറത്തേക്കു വന്നപ്പോൾ പത്രപ്രതിനിധികളെല്ലാം തിരുമേനിയുടെ ഫോട്ടോ എടുക്കുകയുണ്ടായി. തിരുമേനിയുടെ യു. എൻ. ഓ. സന്ദർശനം, അമേരിക്കൻയാത്ര മുതലായവയെപ്പററി അവർ പ്രസ്താവന ആവശ്യപ്പെട്ടു.

പ്രസ്താവ്യമായ മറെറാരു സംഗതി യു.എൻ.ഓ.യിൽവച്ച് കോമൺവെൽത്ത്ബന്ധങ്ങളുടെ മന്ത്രി മി. നോയൽ ബേക്കർ, തിരുമേനി അമേരിക്കയിൽവന്നവിവരം പത്രങ്ങളിൽനിന്ന് അറിഞ്ഞതുമുതൽ കാണാൻ കാത്തിരിക്കുകയായിരുന്നുവെന്ന് ഒരു സന്ദേശം കൊടുത്തയച്ചതാണ്. അതനുസരിച്ച് മി. നോയൽ ബേക്കറുമായുള്ള കൂടിക്കാഴ്ച നടന്നു. തദവസരത്തിൽ പല ഫോട്ടോകൾ എടുക്കുകയും അവ അടുത്ത ദിവസത്തെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. മി.ബേക്കർ തിരുമേനിയെ ഇംഗ്ലണ്ടിലേക്കു ക്ഷണിച്ചു. അവിടെയെത്തുമ്പോൾ മന്ത്രിയുടെ അതിഥിയായിരിക്കണമെന്ന് അഭ്യർത്ഥിച്ചു.

ഒന്നേമുക്കാൽ കോടി വരിക്കാരുള്ള 'ഡെയ്‌ലി ന്യൂസ്' പത്രത്തിൽ തിരുമേനിയുടെ ഫോട്ടോ ചേർത്തിട്ടുണ്ട്. ഒരു പ്രസ്താവനയുടെ തലക്കെട്ടായി കൊടുത്തിരിക്കുന്നത് 'The Most Photographed Person of the Year' (ഈ വർഷം ഏററവും കൂടുതൽ ഫോട്ടോയ്ക്കു വിധേയനായ വ്യക്തി) എന്നാണ്. ലൈഫ്, ടൈം മുതലായ പ്രധാനപ്പെട്ട പ്രസിദ്ധീകരണങ്ങളെല്ലാം തിരുമേനിയെപ്പററിയുള്ള വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അനേകമാളുകൾ 'തിരുമേനിയെപ്പറ്റി പത്രങ്ങളിൽ നിന്നറിഞ്ഞിട്ടുണ്ട്; ഫോട്ടോ പത്രങ്ങളിൽ കണ്ടിട്ടുണ്ട്' എന്ന മുഖവുരയോടുകൂടി നേരിട്ടു പരിചയപ്പെടുന്നത് വളരെ സാധാരണയാണ്. 'A Very Great Man from India. The Greatest Missionary of the 20th Century' (ഇന്ത്യയിൽ നിന്നുള്ള ഒരു വലിയ മനുഷ്യൻ; ഇരുപതാം നൂററാണ്ടിലെ ഏററവും വലിയ മിഷനറി) എന്നീ അഭിസംബോധനകൾ വളരെ



സാധാരണമായി കേൾക്കുന്നവയാണ്. ചിലർ പറയുന്നത് ഇപ്രകാരമാണ്: 1930-ൽ കത്തോലിക്കാലോകത്തെ മുഴുവൻ ആഹ്ലാദിപ്പിച്ച പുനരൈക്യ പ്രസ്ഥാനത്തെപ്പററി വായിച്ചപ്പോൾ ആ സംരംഭത്തിൻെറ ജീവനും നേതാവുമായ മഹാപുരുഷനെ കാണുവാനുള്ള ഭാഗ്യം ഉണ്ടാകുമെന്ന് ഞങ്ങൾ വിചാരിച്ചിരുന്നില്ല.[1]

അമേരിക്കൻപ്രസിഡൻറ് ട്രൂമാനെ സന്ദർശിച്ചു സംഭാഷണം നടത്തുന്നതിന് മാർ ഈവാനിയോസിന് അവസരം ലഭിച്ചു. ആദ്യന്തം രസകരവും വിജ്ഞാനപ്രദവുമായിരുന്നു അവർ തമ്മിലുണ്ടായ സംഭാഷണം. പ്രത്യേകം പരാമർശിച്ച കാര്യങ്ങളിൽ ഒന്നിനെക്കുറിച്ച് 'ബഥനി ലെററി'ൽ നിന്ന് ഫാദർ ഇഞ്ചയ്ക്കലോടി ഇങ്ങനെ ഉദ്ധരിക്കുന്നു:

> ഏതാനും വർഷങ്ങൾക്കു മുമ്പ് പുരാതനനാണയങ്ങളെക്കുറിച്ച് പണ്ഡിതോചിതമായ ഒരു പഠനം തിരുമേനി നടത്തിയിരുന്നു. അന്നത്തെ ഗവേഷണങ്ങളുടെ ഫലം മി. ട്രൂമാൻ, ആസഫ് അലി തുടങ്ങി അവിടെ കൂടിയിരുന്ന എല്ലാവരുടെയും മുമ്പിൽ തിരുമേനി അവതരിപ്പിക്കുകയുണ്ടായി. അതിൽ ഒരുകാര്യം മാത്രം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. പുരാതനകാലം മുതൽ തന്നെ കേരളത്തിലെ തുറമുഖങ്ങളും മെഡിററേനിയൻ രാജ്യങ്ങളുമായി വിപുലമായ തോതിലുള്ള നാവികഗതാഗതം നടപ്പിലായിരുന്നുവെന്ന് തെളിവുസഹിതം തിരുമേനി വ്യക്തമാക്കി. ഒന്നാമതായി ഈ തുറമുഖങ്ങളിൽ വന്നുചേർന്നവർ ഫെനിഷ്യരായിരുന്നു. അവരെത്തുടർന്ന് സോളമൻെറ ഭരണകാലത്ത് യഹൂദരും വന്നുചേർന്നു. അന്നത്തെ ഒരു വിവരണത്തിൽ ഇങ്ങനെ കാണുന്നു: 'അദ്ദേഹത്തിന് താർണീസിലും ഹീരത്തിലും ഓരോ നാവികകേന്ദ്രമുണ്ടായിരുന്നു. അവിടെ സ്വർണ്ണം, വെള്ളി, ദന്തം, കുരങ്ങുകൾ, മയിലുകൾ ഇവയെ കൊണ്ടുവന്നിരുന്നു.' ഈ അപൂർവ്വവസ്തുക്കൾ കേരളത്തിൽ നിന്നായിരുന്നുവെന്ന് തിരുമേനി സമർത്ഥിച്ചു. അതിനും പുറമേ സോളമൻെറ ദേവാലയത്തിൽ ഉപയോഗിച്ചിരുന്ന സ്വർണ്ണം മാവേലിക്കരയുടെ സമീപത്തു നിന്നും ലഭിച്ചതായിരുന്നുവെന്നും തിരുമേനി പറഞ്ഞു.വേദപുസ്തകത്തിൽ കാണുന്ന 'ഓഫീർ' എന്ന സ്ഥലനാമം കേരളത്തിൻെറ കടൽത്തീരത്തുള്ള 'പൂവാർ' പ്രദേശമാണെന്നും തിരുമേനി സമർത്ഥിക്കുകയുണ്ടായി. സോളമൻെറ നാവികർ ഈ സ്ഥലം ബി. സി. ആയിരത്തോട് അടുത്താണു സന്ദർശിച്ചത്.
>
> യരൂശലേം ദേവാലയത്തിൻെറ വിശുദ്ധസ്ഥലത്തെ അലങ്കരിച്ചിരുന്ന മുത്തുകൾ, ദന്തം, പട്ട് മുതലായവയെപ്പററിയുള്ള കഥകൾകൊണ്ട് വന്ദ്യതിരുമേനി തൻെറ ആതിഥേയരെ രസിപ്പിച്ചുകൊണ്ടിരുന്നു. അവസാനം മനസ്സില്ലാമനസ്സോടെയാണ് അവർ പിരിഞ്ഞത്.[2]

---

1. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് ഭാഗം രണ്ട്. പു. 216-17.
2. അതിൽത്തന്നെ പു. 218-219.

www.malankaralibrary.com



യാത്രപറയുംമുമ്പ് പ്രസിഡന്റ് ട്രൂമാന് വിശിഷ്ടമായ ഒരു ഉപഹാരം തിരുമേനി സമർപ്പിച്ചു. നാല്പത്തിയെട്ടു ചെറിയ വെള്ളിനാണയങ്ങൾ അടങ്ങുന്ന ആൽബം; അമേരിക്കൻ ഐക്യനാടുകളിലെ 48 സംസ്ഥാനങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ട്. നാണയശേഖരത്തിൽ കമ്പക്കാരനായ ട്രൂമാന് ഇതില്പരം ഒരാഹ്ലാദമുണ്ടാകാനില്ല. അതറിഞ്ഞു തന്നെയാണ് മാർ ഈവാനിയോസ് ഇങ്ങനെയൊരു സമ്മാനം കരുതിക്കൊണ്ടുവന്നതും. ഔപചാരികത വെടിഞ്ഞ് രണ്ടുസുഹൃത്തുക്കൾ സൗഹൃദസംഭാഷണത്തിലേർപ്പെടുന്നതു പോലെയായിരുന്നു ആ കൂടിക്കാഴ്ച.

ന്യൂയോർക്കിൽവച്ച് അതിശൈത്യംനിമിത്തം മാർ ഈവാനിയോസ് രോഗബാധിതനായി. പ്രോവിഡൻസ് ആശുപത്രിയിൽ അദ്ദേഹത്തെ പ്രവേശിപ്പിച്ചു. രണ്ടാഴ്ചക്കാലത്തെ നിർബ്ബന്ധവിശ്രമമാണ് ഡോക്ടർമാർ വിധിച്ചത്. ക്ഷീണിതനായിരുന്നെങ്കിലും നിഷ്ക്രിയനായി കഴിച്ചുകൂട്ടുവാൻ ആ കർമ്മയോഗി ഒരുക്കമായിരുന്നില്ല. ആശുപത്രി കിടക്കയിൽ വച്ച് അദ്ദേഹം ഹീബ്രു പഠനത്തിന് ഒരുമ്പെട്ടു; അറുപത്തിയാറാം വയസ്സിൽ!

അമേരിക്കൻയാത്രാവേളയിൽ ഇന്ത്യയിൽ രണ്ടു മഹാസംഭവങ്ങൾ ഉണ്ടായി; സ്വാതന്ത്ര്യത്തിന്റെ പാതിരാനക്ഷത്രം ഉദയംചെയ്യുമ്പോൾ മാർ ഈവാനിയോസ് ന്യൂയോർക്കിലായിരുന്നു. ദേശാഭിമാനപ്രചോദിതനായി അദ്ദേഹം സ്വതന്ത്രഭാരതത്തിന്റെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രുവിന് സന്ദേശമയച്ചു. ഐക്യരാഷ്ട്രസഭാസന്ദർശനവേളയിൽ സ്വതന്ത്രഇന്ത്യയുടെ പ്രതിനിധിസംഘനേതാവായി എത്തിയിട്ടുള്ള വിജയലക്ഷ്മി പണ്ഡിററിനെ നേരിട്ടുകണ്ട് ആശംസകൾ അർപ്പിക്കാനും മാർ ഈവാനിയോസ് മറന്നില്ല.

ആശുപത്രിവിട്ട ദിവസമാണ് ആത്മാവിലൂടെ വെടിയുണ്ട തുരന്നു പോകുംവിധം ആ വാർത്തയും വന്നെത്തിയത്: ഗാന്ധിജി വെടിയേററു മരിച്ചു.

“എന്റെ ദൈവമേ!”

ഇരുകൈകളും ശിരസ്സിൽ ചേർത്ത് അധോമുഖനായി അദ്ദേഹം ഇരുന്നു. സബർമതി ആശ്രമാന്തരീക്ഷത്തിലേക്ക് ചിന്തകൾ പറന്നു. സെറാമ്പൂരിൽ കഴിയുമ്പോൾ ആശ്രമസ്ഥാപനത്തിനുള്ള മോഹം ഉള്ളിലുണർന്നു. ഗുരുദേവ് ടാഗോറിന്റെ ശാന്തിനികേതനവും മഹാത്മാഗാന്ധിയുടെ സബർമതിയുമാണ് മാതൃകാസ്ഥാനങ്ങളായി തേടിപ്പോയത്. എത്ര ഹൃദയപൂർവ്വമായിരുന്നു ആ മഹാപുരുഷന്മാർ തന്നെ സ്വീകരിച്ചതെന്ന് ഓർമ്മിച്ചു. ഇന്ത്യയ്ക്ക് ദേശീയഗാനം സമ്മാനിച്ച ടാഗോർ സ്വാതന്ത്ര്യപ്രാപ്തിക്കുമുൻപേ യശശ്ശരീരനായി. സ്വതന്ത്രഇന്ത്യയുടെ ഒന്നാംപിറന്നാളിനു മുമ്പ് രാഷ്ട്രപിതാവായ ഗാന്ധിജിയും.

മാർ ഈവാനിയോസ് ഒരു പ്രതിമകണക്കേ ഹോട്ടൽ മുറിയിൽ ഏകനായിരുന്നു; നിശ്ശബ്ദം കരഞ്ഞു.



അമേരിക്കയിലെ ഫോർഡാം യൂണിവേഴ്സിററിഅധികൃതർ ആർച്ചുബിഷപ്പിനെ കാണാൻ വന്നു. മഹാത്മാഗാന്ധിയുടെ വേർപാടിൽ അനുശോചിക്കാൻ സർവ്വകലാശാലയിൽ യോഗം ചേരുന്നു; അദ്ദേഹം അനുസ്മരണപ്രഭാഷണം നടത്തണം.

മാർ ഈവാനിയോസ് പറഞ്ഞു:

ഇന്ത്യയിലെ അതിമഹത്തായ പാരമ്പര്യത്തിലും സംസ്കാരത്തിലും മികച്ചുനിന്നിരുന്ന മാതാപിതാക്കന്മാരിൽ നിന്നുമാണ് മഹാത്മാഗാന്ധി ഭൂജാതനാവുകയും വളർത്തപ്പെടുകയുംചെയ്തത്. മരണപര്യന്തം ഒരു ഹിന്ദുമതഭക്തനായി ജീവിതംനയിച്ച് അദ്ദേഹം ദിവംഗതനായി. പ്രകാശത്തെ പിന്തുടരുന്നതിനുള്ള നിഷ്ക്കളങ്കമായ ആഗ്രഹവും പരിശ്രമങ്ങളും, അദ്ദേഹം ഒരിക്കൽ പ്രസ്താവിച്ചതുപോലെ, നിയന്ത്രിത ജീവിതത്തിലെ എല്ലാസാഹചര്യങ്ങളും അദ്ദേഹത്തെ ഒരു മഹാത്മാവാക്കിത്തീർത്തു. ഒരു വിദ്യാർത്ഥി എന്ന നിലയിൽ ഇംഗ്ലണ്ടിലും ഒരു അഭിഭാഷകൻ എന്നനിലയിൽ തെക്കേആഫ്രിക്കയിലും നിരവധി അനുഭവങ്ങൾ അദ്ദേഹത്തിനുണ്ടായിട്ടുണ്ട്. ഭാരതം മുഴുവൻ അദ്ദേഹം നടത്തിയ അക്രമരഹിതവും ആത്മവീര്യംനിറഞ്ഞതുമായപ്രവർത്തനങ്ങൾ സമരത്തിന് അടിത്തറപാകുകയും ഊർജ്ജസ്വലത നൽകുകയും ചെയ്തു. തെക്കേ ആഫ്രിക്കയിൽ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ പരസ്പരം എതിർത്തുകൊണ്ടിരുന്ന കക്ഷികളെ സംയോജിപ്പിക്കുവാൻ അദ്ദേഹം അശ്രാന്തം പരിശ്രമിച്ചു. അസത്യവും അനീതിപരവുമായ കാര്യങ്ങൾക്കുവേണ്ടി വാദിക്കുന്നതിന് അദ്ദേഹം ഒരിക്കലും സന്നദ്ധത പ്രകടിപ്പിച്ചിരുന്നില്ല. വർണ്ണവിവേചനത്തെയും സമൂഹത്തിൽ നടമാടിയിരുന്ന അനീതിയെയും ചെറുക്കുവാൻ അക്രമരാഹിത്യമാകുന്ന ആയുധമാണ് അദ്ദേഹം ഉപയോഗിച്ചത്. ഭാരതസ്വാതന്ത്ര്യസമരത്തിനു നേതൃത്വം നല്കുവാൻ ഇവയെല്ലാം അദ്ദേഹത്തിനു സഹായകരമായിത്തീർന്നു. സത്യത്തിന്റെയും നീതിയുടെയും പരിണത ഫലമായ സ്നേഹത്തിൽ നിന്നും ഉടലെടുത്ത ശക്തിയിൽ, അതെ,ക്രിസ്തു മതത്തിന്റെ തത്ത്വങ്ങളിൽത്തന്നെ, അടിയുറച്ചു നിന്നുകൊണ്ട് ഭാരതജനതയിൽ ആദ്ധ്യാത്മികചലനം സൃഷ്ടിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

യേശുക്രിസ്തു ഗിരിപ്രഭാഷണത്തിൽ ഇപ്രകാരം അരുൾചെയ്തതായി വായിക്കുന്നുണ്ട്: ‘കണ്ണിനു പകരം കണ്ണും പല്ലിനു പകരം പല്ലും എന്നു കല്പിച്ചിരിക്കുന്നതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു. ശത്രുക്കളോടു പ്രതികാരം ചെയ്യരുത്. വലത്തെ ചെകിട്ടത്ത് ഒരുവൻ നിങ്ങളെ അടിക്കുന്നുവെങ്കിൽ മറേറ ചെകിടുകൂടി അവനു കാണിച്ചുകൊടുക്കണം.’

www.malankaralibrary.com



വിശുദ്ധ വേദപുസ്തകം പതിവായി വായിക്കുന്നതിൽ ഗാന്ധിജി അതീവൗത്സുക്യം പ്രകടിപ്പിച്ചിരുന്നു. തന്നിമിത്തം ക്രിസ്തുവിൻെറ പ്രബോധനങ്ങൾക്ക് വളരെയധികം സ്വാധീനശക്തി അദ്ദേഹത്തിൽ ചെലുത്തുവാൻ സാധിച്ചു. തിന്മയെ ക്ഷമാപൂർവ്വം സഹിക്കുന്നതിനും, ശത്രുക്കളെ ബലപ്രയോഗത്താലല്ല, പിന്നെയോ, സ്നേഹത്തിൽ നിന്നുടലെടുത്ത അക്രമരഹിതമായ പ്രവൃത്തികളാൽ എതിരിടുന്നതിനും അസാധാരണ ധൈര്യം അവശ്യംവേണ്ടതാണ്. ക്രിസ്തുനാഥൻെറ പരിപാവനമായ ഈദൃശ കല്പന മഹാത്മാഗാന്ധി സമ്യക്കായി ഗ്രഹിക്കുകയും സ്വജീവിതത്തിൽ മാത്രമല്ല, ഭാരതത്തിലെ സാമൂഹികവും രാഷ്ട്രീയവുമായ എല്ലാ കാര്യങ്ങളിലും അതു പ്രാവർത്തികമാക്കിത്തീർക്കുവാൻ അക്ഷീണം പരിശ്രമിക്കുകയും ചെയ്തു.

ക്രിസ്തുവിൻെറ അതിശ്രേഷ്ഠമായ ഈ പ്രബോധനത്തിൽ അടങ്ങിയിരിക്കുന്ന സത്യം ഗാന്ധിജി ശരിക്കും ഗ്രഹിച്ചു. ക്രിസ്തുമതത്തിൻെറ ഈ ഉന്നതമായ ആദർശത്തെ അനുഗമിക്കുവാൻ തനിക്കുള്ള സകലത്തെയും, അല്ല, തന്നെത്തന്നെയും സമർപ്പിക്കാനുള്ള പരിപൂർണ്ണ സന്നദ്ധതയാണ് അദ്ദേഹം പ്രകടിപ്പിച്ചത്. താൻ ഗ്രഹിച്ചിരുന്നതുപോലെ ക്രിസ്തീയപഠനങ്ങളെയുംപ്രമാണങ്ങളെയും അദ്ദേഹം അനുഗമിച്ചു. നിഷ്ക്കളങ്കനായ ഒരു ദൈവവിശ്വാസിയും സ്വമതത്തിൽ സുദൃഢം വിശ്വസിച്ചിരുന്ന ഒരുത്തമ മതഭക്തനുമായിരുന്നു അദ്ദേഹം. എല്ലാ മതങ്ങളിലെയും പ്രബോധനങ്ങളുടെ അടിസ്ഥാനം ഒന്നാണെന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം. തന്മൂലം വിവിധമതാവലംബികളായ അനേകായിരം ജനങ്ങൾ സംബന്ധിച്ചിരുന്ന പ്രാർത്ഥനായോഗങ്ങളിൽ അദ്ദേഹം പങ്കെടുക്കുകയും ഹിന്ദുക്കൾ, മുസ്ലീമിങ്ങൾ തുടങ്ങിയ വിവിധ മതസ്ഥരുടെ സമാന്തരങ്ങളായ പഠനങ്ങൾ ഉദ്ധരിച്ച് അവയെ തൻെറ ശ്രോതാക്കൾക്ക് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തിരുന്നു. ഈ പഠനങ്ങൾ എല്ലാവരെക്കൊണ്ടും സ്വീകരിപ്പിക്കുന്നതിനും അങ്ങനെ ഭാരതജനതയിൽ പരിപൂർണ്ണമായ ഐക്യം കൈവരുത്തുന്നതിനും വേണ്ടിയായിരുന്നു മരണപര്യന്തം അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഉന്നതമായ ജീവിതാദർശങ്ങളെ പിൻചെല്ലുന്ന കാര്യത്തിൽ യേശുക്രിസ്തുവിൻെറ ജീവിതത്തോടും പ്രബോധനങ്ങളോടും അതിയായ ബഹുമാനം അദ്ദേഹത്തിനുണ്ടായിരുന്നു. തൻെറ ജീവിതത്തിൻെറ അവസാനകാലത്തുപോലും ക്രിസ്തുമതത്തിൻെറ സ്വയംപരിത്യാഗവും ഭക്താനുഷ്ഠാനങ്ങളും എല്ലാവരും അവശ്യം അറിഞ്ഞിരിക്കേണ്ടവയാണെന്ന് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി...[3]

3. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് ഭാഗം രണ്ട്. പു.240-242.



ഗാന്ധിജിയെക്കുറിച്ചും ഇന്ത്യയുടെ സാംസ്കാരികപൈതൃകത്തെക്കുറിച്ചും അത്യാദരപൂർവ്വമാണ് മാർ ഈവാനിയോസ് സംസാരിച്ചത്. അതേ ദർശനം സ്വജീവിതത്തിൽ സ്വാംശീകരിച്ച മറെറാരു മഹാത്മാവായിരുന്നു അദ്ദേഹം.

അമേരിക്കൻ പര്യടനകാലത്ത് സാൻഫ്രാൻസിസ്ക്കോ സർവ്വകലാശാല മാർ ഈവാനിയോസിന് എൽഎൽ.ഡി. ബിരുദം നൽകി ആദരിച്ചത് പ്രത്യേക പരാമർശമർഹിക്കുന്ന സംഭവമാണ്. ബിരുദദാന പ്രസംഗത്തിൽ സർവ്വകലാശാലയുടെ ചാൻസിലർ മാർ ഈവാനിയോസിനെ സ്വാഗതം ചെയ്തത് തെരഞ്ഞെടുത്ത സവിശേഷവിശേഷണങ്ങൾ കൊണ്ടാണ്:

> ഇന്ത്യാ മഹാരാജ്യത്തിൻെറ വിശ്രുതനായ പുത്രനും, നമ്മുടെ കർത്താവിൻെറ അപ്പസ്തോലനായ വിശുദ്ധ തോമ്മാശ്ലീഹയുടെ സന്താനങ്ങളായ പുരാതന ക്രൈസ്തവരുടെ പിന്മുറക്കാരനും, തൻെറ മാതൃഭൂമിയുടെ പ്രശസ്തമായ ദാർശനിക വിജ്ഞാനാർത്ഥിയും, ജ്ഞാനസമ്പാദനത്തിൽ അത്യുത്സുകനും, പൗരസ്ത്യസംസ്കാരത്തിൻെറപ്രകാശനാളവും, വിശ്വദീപത്തിൻെറ മാതൃകാനുഗാമിയും,പൗരാണിക ഹൈന്ദവ ക്ഷേത്രങ്ങളാൽ അലംകൃതവും പീതവർണ്ണമണിഞ്ഞതുമായ ഗംഗയുടെ ശാദ്വലപ്രദേശത്തു നിന്ന് കപിലവർണ്ണാങ്കിതമായ ടൈബർ നദീതീരത്ത് കമനീയമായി പരിലസിക്കുന്ന പത്രോസിൻെറ കുംഭഗോപുരത്തിലേക്കു വന്ന തീർത്ഥാടകനും, മദ്രാസ് സർവ്വകലാശാലയിൽ നിന്നും പ്രശസ്തമായി എം.എ.ബിരുദം സമ്പാദിച്ചശേഷം കൽക്കത്ത സർവ്വകലാശാലയിൽ ധനതത്ത്വശാസ്ത്രവും അഖിലലോക ഗുരുവായ ക്രിസ്തുനാഥൻെറ സംസാരഭാഷയായ സുറിയാനിയും പഠിപ്പിച്ച സമർത്ഥനായ കോളജ് പ്രൊഫസറും, ലോകരക്ഷകനായ ക്രിസ്തുവിനെ അനുകരിക്കുന്നതിനായി സ്വയം സമർപ്പിച്ചിരിക്കുന്ന ഒരു സന്ന്യാസസമൂഹത്തിൻെറ വിധാതാവും, ശ്രേഷ്ഠാധിപനും, ഉദ്ഭവത്തിൽ പ്രാചീനവും, അനശ്വരസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ അംഗീകാരം സിദ്ധിച്ചതും ഏററം അർവ്വാചീനവുമായ മലങ്കര റീത്തിൻെറ പരമാദ്ധ്യക്ഷനും, പാശ്ചാത്യ പൗരസ്ത്യ ദേശങ്ങളെ സ്നേഹ ശൃംഖലയാൽ പരസ്പരം യോജിപ്പിച്ച അപ്പസ്തോലനും, സൂര്യതാപത്താൽ അഭൂതമായ രാജ്യത്തിലെ കവിശ്രേഷ്ഠനായ രവീന്ദ്രനാഥ ടാഗോറിൻെറ ഉത്തമ സുഹൃത്തും, പാശ്ചാത്യരും പൗരസ്ത്യരുമായ പണ്ഡിതാഗ്രേസരന്മാരുമായി ഉണ്ടായ ആദ്ധ്യാത്മികവും ഭൗതികവുമായ സമ്പർക്കത്താലും പരിശീലനത്താലും സംസിദ്ധമായ സ്വഭാവവൈ ശിഷ്ട്യവും അനർഘമായ വിജ്ഞാനപാടവവും നിമിത്തംക്രൈസ്തവ സഭയുടെ അതിപുരാതനവും സമുന്നതവുമായ നിലകളിൽ ദൈവത്തെയും മനുഷ്യകുലത്തെയും സേവിക്കുന്നതിന് ആളിക്കത്തുന്ന തീക്ഷ്ണതയേറിയ അഭിവാഞ്ഛയും അചഞ്ചലമായ മനസ്ഥൈര്യവും ഉള്ള അഭിവന്ദ്യനും, ആർഷഭാരതത്തിൻെറ ചരിത്രരേഖകളിലും, ഈശോ

www.malankaralibrary.com



സമൂഹാന്തരീക്ഷത്തിലും പ്രശോഭിക്കുന്ന റോബർട്ട് ഡി നോ ബലിയുടെയും, ഫ്രാൻസിസ് സേവിയറിൻെറയും മഹത്ത്വങ്ങൾക്ക് ജന്മാവകാശിയും, മാതൃരാജ്യഭക്തനും, നലം തികഞ്ഞ പണ്ഡിതവര്യനും, സുപ്രസിദ്ധ പൗരസ്ത്യദാർശനികനും, ക്രൈസ്തവതത്ത്വ ശാസ്ത്രജ്ഞനും, പ്രധാനാദ്ധ്യക്ഷനും, മഹാപുരോഹിതനും, തിരുവനന്തപുരം മെത്രാപ്പോലീത്തയുമായ അങ്ങയെ, ഞങ്ങൾ സഹർഷം അഭിവാദ്യം ചെയ്യുന്നു.

അന്താരാഷ്ട്രവേദിയിൽ മാർ ഈവാനിയോസ് എത്ര ബഹുമാനിതനായിരുന്നുവെന്നു വ്യക്തമാക്കുന്നതാണ് ഈ പ്രശംസാപത്രം. പാണ്ഡിത്യത്തിലും വാക്ചാതുരിയിലും, തന്ത്രജ്ഞതയിലും, ഭാവഗാംഭീര്യത്തിലും അദ്ദേഹം എല്ലാവർക്കും ആദരണീയനായി ഭവിച്ചു. യാദൃച്ഛികമായി പരിചയപ്പെട്ടവർ പോലും ആ മഹത്ത്വം അതിവേഗം തിരിച്ചറിഞ്ഞു. അമേരിക്കയിൽ നിന്നു നാട്ടിലേക്കു മടങ്ങിപ്പോരാനുദ്ദേശിച്ച മാർ ഈവാനിയോസ് ആസ്ത്രേലിയയിലെ മെൽബോൺ അതിരൂപതയുടെ ശതവാർഷികാഘോഷത്തിൽ പങ്കുകൊള്ളാൻ നിർബ്ബന്ധിതനായത് അങ്ങനെയാണ്. അദ്ദേഹത്തെ വിശിഷ്ടാതിഥിയായി ലഭിക്കണമെന്ന ആഗ്രഹം മെൽബോൺ ആർച്ചുബിഷപ്പ് മാനിക്സ് പ്രകടിപ്പിച്ചു. ആ സൗഹൃദത്തിനുവഴങ്ങി കാർഡിനൽ സ്പെൽമാൻ, വിശ്രുതഗ്രന്ഥകാരനായ ഫുൾട്ടൺ ജെ.ഷീൻ തുടങ്ങിയവരോടൊപ്പം മാർ ഈവാനിയോസ് വിമാനമാർഗ്ഗം മെൽബോണിലേക്കു പുറപ്പെട്ടു.

ഒന്നരമാസക്കാലം ആസ്ത്രേലിയയിൽ പ്രസംഗപരിപാടികളുമായി കഴിച്ചുകൂട്ടി. യാദൃച്ഛികമായി കൈവന്നത് ഒരു സുവർണ്ണാവസരമായിരുന്നു. നിർദ്ദിഷ്ട കലാലയത്തിനാവശ്യമായ വിഭവസമാഹരണം പൂർണ്ണമായി. 1948 ജൂൺ എട്ടിന് വിദേശപര്യടനം പൂർത്തിയാക്കി മടങ്ങുമ്പോൾ കോളജ് കെട്ടിടത്തിനാവശ്യമായ ഹെർഡ്വേഴ്സുപോലും അമേരിക്കയിൽനിന്നു കപ്പൽ കയററിയിരുന്നു. ഏതുനിക്ഷേപപാത്രവും തുറപ്പിക്കാനും സ്നേഹവും ഔദാര്യവും പ്രവഹിപ്പിക്കാനും മാർ ഈവാനിയോസിനുണ്ടായിരുന്ന അപൂർവ്വവും അനന്യസാധാരണവുമായ സിദ്ധിവിശേഷം കൊണ്ടാണ് മലങ്കര ഹയരാർക്കിയും തിരുവനന്തപുരം അതിരൂപതയും വേരുപിടിച്ചത്.

ആരോഗ്യം പൂർണ്ണമായി വീണ്ടുകിട്ടാതിരുന്നതുകൊണ്ട് കപ്പൽ മാർഗ്ഗമായിരുന്നു മടക്കയാത്ര. സിലോണിൽ എത്തിയശേഷം കാൻഡി പേപ്പൽ സെമിനാരി സന്ദർശിച്ചു. തുടർന്ന് മദ്രാസ് വഴി തിരുവനന്തപുരത്ത് വിമാനത്തിൽ വന്നുചേർന്നു. കോളജിൻെറ ഉദ്ഘാടനം ഒട്ടും വൈകിയില്ല. ഹോസ്ററലുകളും അത്യാവശ്യംവേണ്ട കെട്ടിടങ്ങളും ഫാദർ സെറാഫിയോൻ ഒ. ഐ. സി. യുടെ നേതൃത്വത്തിൽ പണിതീർത്തിരുന്നു. തിരുമേനി എല്ലാം നോക്കിക്കണ്ടു. ആ ഹൃദയം കുളിർത്തു. ഫാദർ ബനഡിക്ററിനെ ആക്ടിംഗ് പ്രിൻസിപ്പലായി നിയമിച്ചു. പ്രശസ്തസാഹിത്യകാരനും പുരോഗമനാശയഗതിക്കാരനുമായ പ്രൊഫ. എം. പി. പോൾ ഉൾപ്പടെ പ്രാഗല്ഭ്യത്തിനും



പരിചയസമ്പന്നതയ്ക്കും മാത്രം പ്രാധാന്യം നല്കി അദ്ധ്യാപകരെ നിയമിച്ചു. 1948 ജൂലൈ 27-ന് മാർ ഈവാനിയോസ് കോളജ് ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു.

തുടക്കത്തിൽ ജൂണിയർ ഇൻറർമീഡിയററ്, ജൂണിയർ ബി.എ. എന്നീ ക്ലാസുകളാണ് ആരംഭിച്ചത്. രണ്ടുവർഷംകഴിഞ്ഞപ്പോൾ കുട്ടികൾ പൊതു പരീക്ഷയ്ക്ക് ഇരിക്കാൻ സമയമായി. സർവ്വകലാശാല നിബന്ധനയനുസരിച്ച് അദ്ധ്യാപനപരിചയമുള്ള പ്രിൻസിപ്പലിനെ നിയമിക്കേണ്ടിവന്നു. ഫാ. എൻ. എ. തോമസ് നങ്ങച്ചിവീട്ടിൽ പ്രിൻസിപ്പലിൻെറ ചുമതലയേററു. ഫാ. ബനഡിക്ട് വൈസ് പ്രിൻസിപ്പലായി.

ലക്ഷ്യങ്ങൾ ഒന്നൊന്നായി നിറവേററപ്പെടുകയായിരുന്നു. സർവ്വേശ്വരൻെറ കരുണ വേനലിൽ തണൽവിരിക്കുന്നു. ഊഷരഭൂമികളെ ഫലഭൂയിഷ്ഠമാക്കുന്നു. വരണ്ടതോടുകളെ ജലസമൃദ്ധമാക്കുന്നു. വെളിച്ചത്തിൻെറ താഴ്വാരത്തിലൂടെ യാത്ര. കാലുകൾ ഒരിക്കലും ഇടറിയില്ല. മനം കലങ്ങിയില്ല.

ജീവിതദൗത്യം പൂർണ്ണതയോട് അടുക്കുകയായിരുന്നു.

4. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് ഭാഗം രണ്ട്. പു.222-223.

www.malankaralibrary.com

# 24

# സൂര്യൻ പടിഞ്ഞാറു ചായുന്നു

**അ**മേരിക്കയിൽനിന്നു മടങ്ങിയെത്തിയ ഘട്ടത്തിൽ മാർ ഈവാനിയോസ് തിരുമേനി തികച്ചും പരിക്ഷീണനായിരുന്നു. ന്യൂയോർക്കിലെ പ്രോവിഡൻസ് ആശുപത്രിയിൽ നടത്തിയ പരിശോധനയിൽ പ്രത്യേക രോഗലക്ഷണങ്ങളൊന്നും കണ്ടെത്തിയിരുന്നില്ല. പെതുവേ അനുഭവപ്പെട്ട ആലസ്യം വിശ്രമരഹിതമായ ജീവിതരീതികൊണ്ടാണെന്നു സമാധാനിക്കുകയായിരുന്നു. കൃത്യസമയത്തുതന്നെ ആഹാരം കഴിക്കുക, ലഘുവ്യായാമങ്ങളിൽ ഏർപ്പെടുക, എട്ടുമണിക്കൂർ നിർബ്ബന്ധമായും ഉറങ്ങുക എന്നിങ്ങനെ ഡോക്ടർമാർ ചില നിർദ്ദേശങ്ങൾ വച്ചു.

നാട്ടിൽ തിരിച്ചെത്തിയപ്പോൾ വിശ്രമത്തിനുപകരം കാത്തിരുന്നതു വെല്ലുവിളികളാണ്. കോളജിൻെറ ഉദ്ഘാടനം സംബന്ധിച്ച തിരക്കുകളായിരുന്നു ആദ്യം. ചെറിയ കാര്യങ്ങളിൽപ്പോലും നേരിട്ടു ശ്രദ്ധപതിപ്പിച്ചു. നല്ല തുടക്കമായപ്പോൾ ഉള്ളു തണുത്തു. പക്ഷേ അപ്പോഴേക്ക് അശാന്തിയുടെ മറെറാരു ചുഴലിക്കാററ് രൂപംകൊള്ളുന്നുണ്ടായിരുന്നു. തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ചു രൂപീകരിച്ച തിരു-കൊച്ചി സംസ്ഥാനത്ത് പുതിയ ഒരു വിദ്യാഭ്യാസപരിഷ്കരണപദ്ധതി നടപ്പിലാക്കാൻ ജനാധിപത്യ ഗവൺമെൻറ് ശ്രമമാരംഭിച്ചു. വിദ്യാഭ്യാസ വിചക്ഷണനും മന്ത്രിയുമായ പനമ്പള്ളി ഗോവിന്ദമേനോൻ, സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരെ നിയമനത്തിലും വേതനത്തിലും സഹായിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് പദ്ധതിക്കു രൂപം നല്കിയത്. 'സെക്കണ്ടറി സ്കൂൾ പരിഷ്കരണ പദ്ധതി' യനുസരിച്ച് പബ്ളിക് സർവീസ് കമ്മീഷൻ തയ്യാറാക്കുന്ന ലിസ്ററിൽനിന്ന് അദ്ധ്യാപകനിയമനം നടത്താൻ സ്വകാര്യസ്കൂൾ മാനേജരന്മാരെ ബാധ്യസ്ഥരാക്കി. ഫീസ്പിരിവിൻെറ എൺപതു ശതമാനം മാനേജ്മെൻറ് ഗവൺമെൻറിനു നൽകേണ്ട ഓഹരിയെന്നനിലയിൽ കെട്ടിവയ്ക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യപ്പെട്ടു.

ഈ രണ്ടു നിബന്ധനകൾക്കുമെതിരെ സ്വകാര്യ മാനേജ്മെൻറ് പ്രക്ഷോഭം കൂട്ടി. ക്രൈസ്തവരായിരുന്നു പതിവുപോലെ മുൻപന്തിയിൽ. തിരുവനന്തപുരം ആർച്ചുബിഷപ്പ് എന്ന നിലയിൽ അതിൻെറ നേതൃത്വം മാർ



ഈവാനിയോസിൽ വന്നു ചേർന്നു. വിദ്യാഭ്യാസവിദഗ്ദ്ധനായ അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ ഏറെ വിലമതിക്കപ്പെടുകയും ചെയ്തിരുന്നു. പത്രപ്രസ്താവനവഴി ഗവൺമെൻറിൻെറ ഉദ്ദേശ്യശുദ്ധിയെ അദ്ദേഹം ചോദ്യം ചെയ്തു:

> അദ്ധ്യാപകന്മാരെ സഹായിക്കുകയും അവർക്കു ന്യായമായി ലഭിക്കേണ്ട ശമ്പളം കൊടുക്കുകയും ചെയ്യണമെന്നുമാത്രമേ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്ക് ഉദ്ദേശ്യമുള്ളുവെങ്കിൽ ഈ പദ്ധതിയുടെ ഗൗരവതരമായ ന്യൂനതകൾ പരിഹരിച്ച് അദ്ധ്യാപക ശമ്പളം നിർദ്ദിഷ്ടക്രമത്തിൽ കൊടുക്കുന്നതിനു മാനേജർമാരെ സഹായിക്കുകയാണ് ഗവൺമെൻറു ചെയ്യേണ്ടിയിരുന്നത്. അദ്ധ്യാപകശമ്പളത്തിനു കുറവുവരാതെയും മാനേജർമാരുടെ ന്യായമായ അവകാശങ്ങളെ സമാദരിച്ചും, ജനായത്ത സിദ്ധാന്തത്തെ ബലികഴിക്കാതെതന്നെ ഈ പദ്ധതി തയ്യാറാക്കാവുന്നതാണ്.
>
> അദ്ധ്യാപകരെയും ഹെഡ്മാസ്ററർമാരെയും നിയമിക്കുന്നതിനുള്ള അവകാശം നിർബാധമായി മാനേജ്മെൻറിനുണ്ടായിരിക്കേണ്ടതാണ്. സ്കൂളിൻെറ വ്യക്തിത്വവും ആദർശവും പാലിക്കുന്നതിന് ഈ സ്വാതന്ത്ര്യം അനുപേക്ഷണീയമാണ്. തിരുവനന്തപുരം അതിരൂപതയിൽ സെക്കണ്ടറി സ്കൂളുകൾ സ്ഥാപിച്ചു നടത്തുന്നതിലേക്ക് കഴിഞ്ഞ ചുരുങ്ങിയ കാലത്തിനുള്ളിൽ ഒരു വലിയ തുക നാം ചെലവാക്കിയിട്ടുണ്ട്. യാതൊരു ലാഭേച്ഛയും കൂടാതെയാണ് ഇതു ചെയ്തത്. ഇതിനായി ഗവൺമെൻറിൽ നിന്നും ഗ്രാൻറാകട്ടെ പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ ആകട്ടെ നാം വാങ്ങിയിട്ടില്ല. ഈ പണം മുഴുവനും കത്തോലിക്കരായ വിദേശീയധർമ്മബുദ്ധികളിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. ഈ സ്കൂളുകൾ എല്ലാം കത്തോലിക്കാസഭയുടെ വകയുമാണ്. യഥാർത്ഥമായ വിദ്യാഭ്യാസാദർശങ്ങൾക്കോ സ്കൂളുകളുടെമേൽ കത്തോലിക്കാ സഭയ്ക്കുള്ളതായ ഉടമസ്ഥാവകാശത്തിനോ ഹാനി വരത്തക്ക വിധത്തിൽ ഈ പുതിയപദ്ധതി അതേപടി സ്വീകരിച്ചു സ്കൂൾ നടത്തണമെന്നു നാം ആഗ്രഹിക്കുന്നില്ല.[1]

ഈ പ്രസ്താവനയെ പിന്തുണച്ചും അതിലെ പ്രയോഗങ്ങളെയും സമീപനത്തെയും ഭർത്സിച്ചും മാദ്ധ്യമങ്ങൾ മത്സരിച്ചു. തൻെറ നിലപാട് കൂടുതൽ ശക്തമായി വെളിപ്പെടുത്തിക്കൊണ്ട് ഒരു ഇടയലേഖനം കൂടി ആർച്ചുബിഷപ്പ് പുറപ്പെടുവിക്കുകയുണ്ടായി. പനമ്പള്ളിപദ്ധതി നടപ്പിൽ വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അതിരൂപതയിലെ ഏതാനും സ്കൂളുകളിലെ അദ്ധ്യാപകർ സർക്കാർപക്ഷംചേർന്നു. പക്ഷേ ഈവാനിയോസ് തിരുമേനി തൻെറ നിലപാടിൽ ഉറച്ചുനിന്നു. മൂന്നു സ്കൂളുകൾ നിറുത്തൽ ചെയ്യാനും അദ്ദേഹം

1. ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് ഭാഗം രണ്ട്. പു.258-259.

www.malankaralibrary.com



മടിച്ചില്ല. മാവേലിക്കരയ്ക്കു സമീപമുള്ള ഈരേഴ ഇംഗ്ലീഷ് മിഡിൽ സ്കൂൾ, നേമം മിഡിൽ സ്കൂൾ, നെല്ലിമൂട് ഇംഗ്ലീഷ് ഹൈസ്കൂൾ എന്നിവയാണ് ഇങ്ങനെ നിറുത്തലാക്കിയ വിദ്യാലയങ്ങൾ.

ഒടുവിൽ പദ്ധതിയിലെ ചില വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിന് ബുദ്ധിമാനായ പനമ്പള്ളി സമ്മതിച്ചെങ്കിലും അതിനുവേണ്ടി നടത്തിയ പോരാട്ടവും ഏൽക്കേണ്ടിവന്ന വിമർശനങ്ങളും മാർ ഈവാനിയോസിന്റെ ആരോഗ്യനിലയെ വളരെയധികം ബാധിച്ചു. രോഗലക്ഷണങ്ങളൊന്നും ദൃശ്യമല്ലാതിരുന്നതുകൊണ്ട് ആരും അത് അത്ര കാര്യമാക്കിയില്ല. എങ്കിലും ക്ഷീണം വർദ്ധിച്ചു വന്നു. ഒരു മാസക്കാലം ദേവികുളത്തുപോയി വിശ്രമിച്ചു. മടങ്ങിയെത്തിയപ്പോൾ ഉദരത്തിനു മുകളിൽ തടിപ്പുകണ്ടു. ദിവസം കഴിയുംതോറും അതുവർദ്ധിച്ചുകൊണ്ടിരുന്നു. മെഡിക്കൽ കോളജ് സൂപ്രണ്ടായിരുന്ന ഡോ. കേശവൻനായരുടെ പരിശോധനയിൽ രോഗമെന്തെന്നു നിർണ്ണയിക്കാൻ സാധിച്ചില്ല.

വിദഗ്ദ്ധ പരിശോധനയ്ക്കും ചികിത്സയ്ക്കുമായി മദ്രാസിനു കൊണ്ടുപോകാൻ നിശ്ചയിച്ചു. അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ ഫാദർ ഫ്രാൻസിസ് സാലസ് സി.എം.ഐ.യും ഫാദർ സെറാഫിയോനും തിരുമേനിയുടെ സഹോദരപുത്രനായ ബേബിയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ഡോ.മസിലാമണി അടിയന്തിരമായ ശസ്ത്രക്രിയ വിധിച്ചു. ഡോക്ടർ പണ്ടാലയുടെ സ്വകാര്യആശുപത്രിയിൽവച്ചായിരുന്നു ഉദരശസ്ത്രക്രിയ. 1952 ജുലായ് 7 ന് അതു നടത്താൻ നിശ്ചയിച്ചതറിഞ്ഞ് തിരുവല്ലയിൽ നിന്ന് മാർ സേവേറിയോസ് എത്തിച്ചേർന്നു.

കരളിന്റെ മുകൾ ഭാഗം ചെറിയ കുരുക്കൾ കൊണ്ടുനിറഞ്ഞിരിക്കുകയാണെന്നും അവ ശസ്ത്രക്രിയകൊണ്ട് നീക്കംചെയ്യാൻ സാദ്ധ്യമല്ലെന്നും വ്യക്തമായി. മദ്രാസിലെ ചൂട് അതികഠിനമായിരുന്നു. അതുകൊണ്ട് വിശ്രമത്തിനായി ആർച്ചുബിഷപ്പിനെ ബാംഗ്ലൂർ സെന്റ് മാർത്താസ് ഹോസ്പിററലിലേക്കു മാററി. പക്ഷേ അധിക കാലം അവിടെ കഴിയുന്നതുകൊണ്ട് ആരോഗ്യനിലയിൽ അഭിവൃദ്ധിയുണ്ടാകുമെന്നു പ്രതീക്ഷയില്ലായിരുന്നു. കഴിവതും വേഗം തിരുവനന്തപുരത്തു മടങ്ങിയെത്തുകയാണ് വേണ്ടതെന്ന് ആലോചിച്ച് ഉറപ്പിച്ചു.

1952 ആഗസ്ററ് പത്തിന് ഫാദർ ഫ്രാൻസിസ് സാലസ്, ഫാദർ സെറാഫിയോൻ എന്നിവരുടെ സഹായത്തോടെ വിമാനമാർഗ്ഗം തിരുമേനിയെ തിരുവനന്തപുരത്തേക്കു കൊണ്ടുപോന്നു. മാർ സേവേറിയോസ് ബാംഗ്ലൂരിൽ ഉണ്ടായിരുന്നെങ്കിലും വിമാനത്തിൽ ഒപ്പം സഞ്ചരിക്കാൻ അനുവദിച്ചില്ല. രോഗാവസ്ഥയിലും ആ ബുദ്ധിവൈഭവം അക്ഷീണമായിരുന്നു. മാർ ഈവാനിയോസ് പറയുകയാണ്: "കൊച്ചുതിരുമേനി പുറകേ കാറിൽ വന്നാൽമതി. നമ്മൾ രണ്ടുപേരല്ലേ മലങ്കരയ്ക്ക് ഇടയന്മാരായുള്ളൂ. വിമാനത്തിന് എന്തെങ്കിലും സംഭവിച്ചാലത്തെ സ്ഥിതി എന്താകും? ശത്രുക്കൾ ചിരിക്കുകയില്ലേ; സഭയുടെ സ്ഥിതിയും അപകടത്തിലാവുകയില്ലേ ?



വിമാനത്താവളത്തിൽ ആംബുലൻസ് ഏർപ്പാടാക്കിയിരുന്നു. നേരത്തേ ആലോചിച്ചുതീരുമാനിച്ചതനുസരിച്ച് നാലാഞ്ചിറ ആശ്രമത്തിലേക്കാണ് തിരുമേനിയെ കൊണ്ടുപോയത്. സെപ്ററംബർ 14 വരെ അവിടെ വിശ്രമത്തിലും ചികിത്സയിലും കഴിഞ്ഞു. ആ അവസരത്തിൽ ഒട്ടേറെപ്രശസ്തവ്യക്തികൾ സന്ദർശകരായെത്തി. രോഗവിവരങ്ങൾ തിരക്കുകയും സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. കാതോലിക്കാബാവാതിരുമേനി, ഓർത്തഡോക്സ്-യാക്കോബായ-മാർത്തോമ്മാ സഭകളിലെ മെത്രാപ്പോലീത്തമാർ, കത്തോലിക്കാ ബിഷപ്പുമാർ എന്നിവരെല്ലാം പലതവണ വന്ന് വിവരങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്നു. കാതോലിക്കാബാവയും മാർ ഈവാനിയോസും തമ്മിലുള്ള കൂടിക്കാഴ്ച ഹൃദയസ്പൃക്കായിരുന്നു. മനസ്സിൽ ഓർമ്മകൾ ഇരമ്പുകയായിരുന്നിരിക്കണം.

സൂര്യൻ അതിവേഗം പടിഞ്ഞാറു ചായുകയാണെന്നു ബോദ്ധ്യം വന്നതുകൊണ്ട് മേല്പട്ടക്കാർക്ക് നല്കപ്പെടുന്ന സ്ഥൈര്യലേപന കൂദാശ (കന്തീലശുശ്രൂഷ) താമസിയാതെ നടത്തേണ്ടതാണെന്നു തീരുമാനിച്ചു. എറണാകുളം ആർച്ചുബിഷപ്പ് മാർ അഗസ്ററിൻ കണ്ടത്തിൽ തിരുമേനിയുടെ സാന്നിദ്ധ്യത്തിലും മാർ സേവേറിയോസ് തിരുമേനിയുടെ നേതൃത്വത്തിലും ആ ആത്മീയ കൂദാശ ഏററവും ഭക്തിനിർഭരമായി നിർവ്വഹിക്കപ്പെട്ടു. സുബോധത്തോടെ പ്രാർത്ഥനകൾ ഏററുചൊല്ലി തിരുമേനി കൂദാശ സ്വീകരിച്ചു.

രണ്ടാഴ്ചക്കാലംകൂടി നാലാഞ്ചിറ ആശ്രമത്തിൽ താമസംതുടർന്നു. ആശ്രമാംഗമായ കോശി അച്ചനായിരുന്നു പ്രധാനശുശ്രൂഷകൻ. നാലാഞ്ചിറയിൽ നിന്ന് സിസ്റ്റേഴ്സ് പിതാവിന് ഭക്ഷണം കൊണ്ടുവന്നു കൊടുക്കുമായിരുന്നു. തുടർന്ന് തിരുമേനിയുടെ ഇംഗിതാനുസരണം അരമനയിലേക്കു മാററി. സി. ടി. കുരുവിളയച്ചൻ ശ്രദ്ധാപൂർവ്വം അദ്ദേഹത്തെ പരിചരിച്ചു.

1952 ഡിസംബറിൽ മാർത്തോമ്മാശ്ലീഹായുടെ കേരളാഗമനത്തിന്റെ പത്തൊമ്പതാം നൂററാണ്ടും ഇന്ത്യയുടെ രണ്ടാമത്തെ അപ്പസ്തോലനായി പരിഗണിക്കുന്ന വിശുദ്ധ ഫ്രാൻസിസ് സേവിയർ ചരമമടഞ്ഞതിന്റെ നാലാം നൂററാണ്ടും ഒരുമിച്ച് എറണാകുളത്തുവച്ച് ഭക്തിനിർഭരമായി ആചരിക്കാൻ ഉന്നതതലങ്ങളിൽ തീരുമാനമുണ്ടായി. പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫെക്ടായ കാർഡിനൽ തിസറാങ്ങ് പരിപാടികളിൽ പങ്കുകൊള്ളുമെന്നും പ്രഖ്യാപിക്കപ്പെട്ടു. പക്ഷേ അതിനിടയിൽ ലത്തീൻ-സിറിയൻ ചേരിതിരിവുകൾ നിമിത്തം ആ ആചരണം നടന്നില്ല. ഒത്തുതീർപ്പുണ്ടായപ്പോഴേക്ക് സമയം വൈകിയിരുന്നു. ഒടുവിൽ ആസ്ത്രേലിയയിലെ കർദ്ദിനാൾ ഗിൽറോയിയാണ് മാർപ്പാപ്പായുടെ പ്രതിനിധിയായി വന്നുചേർന്നത്. അദ്ദേഹം മാർ ഈവാനിയോസിന്റെ ആത്മമിത്രമായിരുന്നതുകൊണ്ട് എറണാകുളത്തേക്കു തിരിക്കും മുൻപ് തിരുവനന്തപുരത്ത് എത്തി; ഈവാനിയോസ് തിരുമേനിയെ സന്ദർശിക്കുകയും പട്ടത്ത് പുതുതായി പണിതുകൊണ്ടിരുന്ന കത്തീഡ്രലിന്റെ തറയിൽ കെട്ടിയുയർത്തിയ പന്തലിൽചേർന്ന സ്വീകരണ സമ്മേളനത്തിൽ

www.malankaralibrary.com



സംബന്ധിക്കുകയും ചെയ്തു. ഇന്ത്യയിലേക്കു പുതുതായി നിയോഗിക്കപ്പെട്ട ഇൻറർ നുൺഷ്യോ മോൺ. മാർട്ടിൻ ലൂക്കാസ് ആർച്ചുബിഷപ്പിന്റെ രോഗ വിവരമറിഞ്ഞ് തലസ്ഥാനനഗരിയിലെത്തി. ഒരാഴ്ചയോളം ഇവിടെ കഴിച്ചു കൂട്ടി. മടങ്ങിപ്പോകുംമുൻപ് മാർപ്പാപ്പായ്ക്കടുത്ത ആശീർവ്വാദം അദ്ദേഹം നല്കി. 'What a Great Previlage' (എന്തൊരു മഹാഭാഗ്യം!) എന്ന് ഈവാനിയോസ് തിരുമേനി ആത്മഗതംചെയ്തു. 'Your Grace deserve it' (തിരുമനസ്സു കൊണ്ട് ഇത് അർഹിക്കുന്നു) എന്നായിരുന്നു ഇൻറർ നുൺഷ്യോയുടെപ്രതികരണം.

മാർ ഈവാനിയോസ് വൈദികനായിരുന്ന ഘട്ടത്തിൽ സെറാമ്പൂരിൽ കൊണ്ടുപോയി പഠിപ്പിച്ച് സഭാസേവനത്തിന് ഒരുക്കിക്കൊണ്ടുവന്ന ഉത്തമ ശിഷ്യനാണ് ഫാദർ മാത്യൂസ് പാറേട്ട്. ആ ഗുരുശിഷ്യബന്ധം എം. ഡി. സെമിനാരി ഹൈസ്കൂളിൽ ആരംഭിച്ചതാണ്. പുനരൈക്യത്തിന്റെ ഫലമായി പ്രത്യക്ഷത്തിൽ അകൽച്ചയുണ്ടായെങ്കിലും ഹൃദയങ്ങൾ ഒരിക്കലും വേർപെട്ടിരുന്നില്ല. ഓർത്തഡോക്സ് സഭയിൽ മേൽപ്പട്ടക്കാരനായി സിനഡ് മാത്യൂസ് അച്ചനെ തിരഞ്ഞെടുത്തപ്പോൾ ആ പദവി സ്വീകരിക്കാൻ സ്വന്തം ഗുരുനാഥനെപ്പോലെ അദ്ദേഹവും മടിച്ചു. വിവരം ഗ്രഹിച്ച മാർ ഈവാനിയോസാണ് അച്ചനെ ധൈര്യപ്പെടുത്തിയതും ശക്തിയായി പ്രേരിപ്പിച്ചതും. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തയായി അഭിഷിക്തനായപ്പോൾ ആ അരുമശിഷ്യൻ ഗുരുനാഥന്റെ നാമം തന്നെ സ്വീകരിച്ചു; മാർ ഈവാനിയോസ്. വലിയ തിരുമേനിയുടെ രോഗവിവരമറിഞ്ഞ് ആ കൊച്ചു തിരുമേനി എത്തിച്ചേർന്നത് അത്യന്തം ദുഃഖിതനായിട്ടാണ്. ഏതാനും ദിവസം പട്ടത്തെ മെത്രാസനമന്ദിരത്തിൽ അദ്ദേഹം താമസിച്ചു; ആത്മീയ ശുശ്രൂഷകൾ നല്കി. പിരിയാൻ നേരം ഗുരുവിന്റെ രോഗശാന്തിക്കുവേണ്ടി ചൊല്ലിത്തുടങ്ങിയ പ്രാർത്ഥന തൊണ്ടയിൽ തടഞ്ഞു. കണ്ണുകൾ നിറഞ്ഞൊഴുകി. ഒടുവിൽ സ്നേഹ ചുംബനത്തിൽ ലയിച്ചു.

അത്യന്തം വികാരനിർഭരമായ മറെറാരു കൂടിക്കാഴ്ചയെക്കുറിച്ചുകൂടി പരാമർശിക്കാം. അത് ഗുരുനാഥൻ പ്രിയശിഷ്യനെ സന്ദർശിക്കാൻ എത്തിയതാണ്. വത്സലപുത്രൻ ആത്മീയപിതാവിനെ വന്നുകാണുകയായിരുന്നു എന്നും പറയാം. വിവിധ രണാങ്കണങ്ങളിൽ ഒരുമിച്ചുനിന്നു പോരാടിയ ഉത്തമ സുഹൃത്തുക്കൾ. ഒടുവിൽ അവരുടെ മാർഗ്ഗം ഭിന്നമായെങ്കിലും പരസ്പര ബഹുമാനവും സ്നേഹവും മനസ്സിൽ നിറഞ്ഞുനിന്നിരുന്നു. മുൻകൂട്ടി അറിയിച്ചശേഷം ഒരു സന്ധ്യാനേരത്താണ് കെ. സി. മാമ്മൻ മാപ്പിള എത്തിച്ചേർന്നത്. കോട്ടയത്തുനിന്ന് ഏതാനും പ്രശസ്തവ്യക്തികളും ഒപ്പമുണ്ടായിരുന്നു. അവർ ആദ്യം ഒരുമിച്ചു തിരുമേനിയെകണ്ടു. അതിനുശേഷം ഭക്ഷണത്തിനിരിക്കുമ്പോൾ മാർ ഈവാനിയോസിന്റെ ഒരു സന്ദേശം ഫാദർ ഫിലിപ്പ് സി. പന്തോളിൽ മാമ്മൻ മാപ്പിളക്കു കൈമാറി; ഒററയ്ക്കു കാണാനുള്ള ആഗ്രഹം.



ഭക്ഷണം കഴിഞ്ഞ് മാമ്മൻ മാപ്പിള വീണ്ടും തിരുമേനിയുടെ അരികിലെത്തി. തിരുമേനി കിടക്കുകയായിരുന്നു. മാമ്മൻ മാപ്പിള അഭിമുഖമായി കട്ടിലിന് അരികിൽ മുട്ടുകുത്തി. ക്ഷീണിച്ച കൈകൾ ആ കഴുത്തിൽ ചുററി മുഖം തന്നോടടുപ്പിച്ചു. കണ്ണീർ പൊഴിച്ചുകൊണ്ട് പലതവണ ചുംബിച്ചു. "എന്നിൽനിന്ന് എന്തെങ്കിലും ഇഷ്ടക്കേടായി ഉണ്ടായിട്ടുണ്ടെങ്കിൽ ക്ഷമിച്ചു മാപ്പുതരണം."

മാമ്മൻ മാപ്പിള അതു തടഞ്ഞുകൊണ്ടു പറഞ്ഞു:

"എന്റെ തിരുമേനീ, അങ്ങനെയൊന്നും ഉണ്ടായിട്ടില്ല. എന്നിൽ നിന്നാവും വല്ലതും സംഭവിച്ചിട്ടുള്ളത്. അവിടുന്നു ക്ഷമിക്കണം."

അങ്ങനെ ആ കൂടിക്കാഴ്ചയും കഴിഞ്ഞു. സൂര്യൻ ചക്രവാളത്തോട് അടുക്കുകയാണ്. അസ്തമയത്തിന് സമയമായി. ഇടയ്ക്ക് ശംഖുമുഖം കടൽ തീരത്തുപോകണമെന്ന് ആഗ്രഹം പ്രകടിപ്പിക്കും. കാറിൽ അവിടേക്കു യാത്രയാകും. അപ്പോൾ തിരക്കൊഴിഞ്ഞ് കടലോരം ശാന്തമായിരിക്കും. കാൻവാസ്ചെയറിൽ കുറേനേരം അലകൾ അടങ്ങിയ കടലിനെ നോക്കിയിരിക്കും.

മനസ്സിലെ കടലും ശാന്തമാവുകയാണ്. സുഖം തോന്നുമ്പോഴൊക്കെ മാർ ഈവാനിയോസ് കോളജിന്റെ അങ്കണത്തിൽ ഇതുപോലെ ചെന്നിരിക്കാൻ തിരുമേനി ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. തന്റെ ഒരു മഹാസ്വപ്നത്തിന്റെ സാഫല്യമാണത്. ഇനിയും രണ്ടുമോഹങ്ങൾകൂടി നിറവേററപ്പെടാനുണ്ട്. പട്ടത്തെ കത്തീഡ്രൽ ദേവാലയത്തിന്റെ പണി നടക്കുകയാണ്. അതു പൂർത്തിയാകാൻ കാലതാമസമുണ്ടാകും. അതിനേക്കാൾ മുൻഗണന നല്കിയത് പുനരൈക്യപ്പെട്ടവർക്ക് ദേവാലയങ്ങൾ നിർമ്മിക്കാനും മിഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കാനുമാണ്. ആ ലക്ഷ്യം സഫലമാക്കാൻ കഴിഞ്ഞു. മാററിവച്ചത് ഭദ്രാസനദേവാലയത്തിന്റെ നിർമ്മാണമാണ്. അതിൽ പശ്ചാത്താപമില്ല. പക്ഷേ-

"നിലാവ് ഉദിക്കുന്നതുവരെ പന്നി കാത്തുനിൽക്കുകയില്ല. ഉടനെതന്നെ കബറിടപ്പണി പൂർത്തിയാക്കണം." തിരുമേനി നിർദ്ദേശിച്ചു. അതനുസരിച്ച് കല്ലറയുടെ പണി ദ്രുതഗതിയിലാക്കി. കത്തീഡ്രലിന്റെ കിഴക്കേ അററത്തുള്ള സാക്രിസ്ററിയുടെ കീഴിലായിരുന്നു അതു പണിതുകൊണ്ടിരുന്നത്. ഇതറിഞ്ഞ തിരുമേനി നിർദ്ദേശിച്ചു:

"അവിടെയല്ല അതു പണിയേണ്ടത്. ഉടൻപൊളിച്ചു മാററി മദ്ബഹായുടെ താഴെ പ്രധാന അൾത്താരയ്ക്കു കീഴിൽ വേണം പണിയുവാൻ."

വോൾട്ടിന്റെ (കല്ലറ മുറി)പണി തീർന്നയുടനെ തിരുമേനിയെ താങ്ങിയെടുത്ത് അതു കാണിക്കാൻ കൊണ്ടുപോയി. അതിനുമുന്നിൽ കണ്ണുകളടച്ചു നിന്നുകൊണ്ട് അവിടുന്ന് ഇങ്ങനെ പ്രാർത്ഥിച്ചു:

www.malankaralibrary.com



"ഓ, എൻെറ നിത്യവിശ്രമത്തിനുള്ള ചെറുഭവനമേ, നിന്നിലേക്ക് ഞാൻ ചേർക്കപ്പെടും. സമാധാനത്തോടെ ഞാൻ നിദ്രകൊള്ളും. നിത്യാനന്ദത്തോടു കൂടി ഉണരുകയും ചെയ്യട്ടെ."

പിൻഗാമിയെ വാഴിക്കണമെന്നും തിരുമേനിക്ക് ആഗ്രഹമുണ്ടായിരുന്നു. അതേക്കുറിച്ച് പല ആലോചനകൾ അവിടവിടെയായി നടക്കുന്നുണ്ടായിരുന്നു. അഡ്മിനിസ്ട്രേററായി പ്രവർത്തിക്കുന്ന പ്രഗല്ഭമതിയായ ഫാദർ ഫ്രാൻസിസ് സാലസിൻെറ പേര് പല കേന്ദ്രങ്ങളിൽ നിന്നും ഉയർന്നുവന്നു. പക്ഷേ മലബാർ റീത്തിൽപ്പെട്ട ആ കർമ്മലീത്തവൈദികൻ ഹയരാർക്കിയുടെ തലവനായിത്തീരുന്നപക്ഷം മലങ്കര സുറിയാനിസഭയുടെ പാരമ്പര്യങ്ങൾ നിലനിറുത്താനാവുമോ എന്ന സന്ദേഹവും ഉയരാതിരുന്നില്ല.

നിർണ്ണായക നിമിഷത്തിൽ റോമിൽനിന്ന് അപ്പസ്തോലിക് ഡലിഗേററ് വഴി മെത്രാഭിഷേകത്തിനുള്ള അനുവാദ പത്രിക (പേപ്പൽ ബുള) എത്തി; മാർ ഈവാനിയോസ് കോളജ് വൈസ് പ്രിൻസിപ്പലും ബഥനി സന്ന്യാസസമൂഹാംഗവുമായ ഫാദർ ബനഡിക്ററിനെയാണ് പരിശുദ്ധസിംഹാസനം സഹായമെത്രാനായി നിർദ്ദേശിച്ചത്.

മെത്രാഭിഷേകകർമ്മം നിർവ്വഹിക്കുന്നതിന് അനുവദിക്കുന്നതായിരുന്നില്ല മാർ ഈവാനിയോസ് തിരുമേനിയുടെ ആരോഗ്യനില. മാർ സേവേറിയോസിൻെറ കാർമ്മികത്വത്തിൽ ആ ചടങ്ങ് നിർവ്വഹിക്കാമെന്നായിരുന്നു കണക്കുകൂട്ടൽ. 1953 ജനുവരി 29 അഭിഷേകദിനമായി നിശ്ചയിച്ചു. പുതുതായി രൂപംകൊള്ളുന്ന ഭദ്രാസനദേവാലയത്തിൻെറ തറയിൽ ഇരുനില പന്തൽ ഉയർന്നു. രണ്ടരമണിക്കൂർ ദീർഘിക്കുന്ന അഭിഷേകച്ചടങ്ങുകൾ. അദ്ഭുതകരമായ മനഃശക്തിയാകാം; അല്ലെങ്കിൽ ദൈവികമായ മഹാനുഗ്രഹമാകാം; വിശുദ്ധനായ ഒരു മഹാപുരോഹിതനു മാത്രം ലഭ്യമാകുന്ന അനന്യസിദ്ധിപോലെ മെത്രാഭിഷേകദിനത്തിൽ മാർ ഈവാനിയോസ് രോഗക്കിടക്കയിൽ നിന്ന് എഴുന്നേററു. ആ ദിവ്യകൂദാശ പൂർണ്ണമാക്കി. ഫാദർ ബനഡിക്ററിനെ ബനഡിക്ററ് മാർ ഗ്രിഗോറിയോസ് എന്ന പേരിൽ സഹായമെത്രാനായി അഭിഷേകം ചെയ്തു.

'പിതാവേ, നിത്യവും ചൊല്ലുവാൻ ഒരു പുതിയ പ്രാർത്ഥന ഞങ്ങളെ പഠിപ്പിക്കേണമേ.'

രോഗക്കിടക്കയിൽ കഴിയുന്ന ഈവാനിയോസ് തിരുമേനിയോട് ബഥനി സന്ന്യാസിനീസമൂഹത്തിലെ മദർ ബാസിം അപേക്ഷിച്ചു.

കണ്ണുകളടച്ച്, ധ്യാനപൂർണ്ണമായ മനസ്സോടെ അവിടുന്ന് പറഞ്ഞുകൊടുത്തു:

പരിശുദ്ധ മറിയമേ, ദൈവത്തിൻെറ കന്യകയായ മാതാവേ, നിൻെറ പുത്രൻെറ അടുക്കൽ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്ന കാര്യത്തിൽ



നീ ഒരിക്കലും വിശ്രമമെടുക്കരുതേ. ആയത് അവൻ ഞങ്ങളെല്ലാവരോടും കരുണ ചെയ്യുവാനായിത്തന്നെ. ആമ്മേൻ.

എല്ലാമോഹങ്ങളും നിറവേറി. തൻെറ ആട്ടിൻകൂട്ടം ഇനി ചിതറപ്പെടുകയില്ല. ആലയിൽ അവ ഭദ്രമായി സംരക്ഷിക്കപ്പെടും. പച്ചയായ മേച്ചിൽപ്പുറങ്ങളിൽ അവയെ നയിച്ചുകൊള്ളും. താൻ തൻെറ ഓട്ടം ഓടിത്തീർത്തു. നിത്യതയുടെ കിരീടമണിയാൻ സമയമായി. കണ്ണുകളടച്ച് ആ നല്ല ഇടയൻെറ പ്രാർത്ഥന:

"പിതാവായ ദൈവമേ! നീയെനിക്കു നൽകിയ ആടുകളിൽ ഒന്നിനെപ്പോലും ഞാൻ നഷ്ടപ്പെടുത്തിയില്ല. ആത്മാക്കളുടെ രക്ഷയിൽ അശ്രദ്ധനായിരുന്നില്ല. എങ്കിലും തെററുകൾ സംഭവിച്ചിട്ടുണ്ട്. എൻെറ പ്രവൃത്തികൾ നീതിയുള്ളവയായിരുന്നു. പക്ഷേ മററുള്ളവർക്കു വേദനാജനകമായി തീർന്നിട്ടുണ്ടാവാം. ഞാനതേക്കുറിച്ചു ദുഃഖിക്കുന്നു. വചനത്താലും പ്രവൃത്തിയാലും ഞാൻ ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ അവർ എന്നോടു ക്ഷമിക്കട്ടെ. എപ്പോഴും നന്മ മാത്രമേ ഞാൻ ആശിച്ചിട്ടുള്ളു. പരമകാരുണികനായ ദൈവം എന്നെ കൈവെടിയുകയില്ല."

നിറകണ്ണുകളോടെ ചുററും കൂടിനിന്നവരെ ആ സ്നേഹപിതാവ് ആശ്വസിപ്പിച്ചു:

"മക്കളേ. എൻെറ യാത്രാസമയം വന്നിരിക്കുന്നു. ഞാൻ പോകുമ്പോൾ നിങ്ങൾ വിലപിക്കരുത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്. സ്വർഗ്ഗത്തിലിരുന്ന് ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടേയിരിക്കും."

www.malankaralibrary.com

# 25

# ഭാഗ്യവാനായ പിതാവ്

**അ**വസാനത്തെ യാത്രപറയലിനു സമയമായി.

"നല്ലവനും വിശ്വസ്തനുമായ ദാസാ, നിന്നെ ഭരമേല്പിച്ച ചെറിയ കാര്യങ്ങളിൽ നീ സത്യസന്ധനായിരുന്നു. നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. കർത്താവിന്റെ സന്തോഷത്തിലേക്ക് നീ കടന്നുവരിക."

ദൈവവചനം നിറവേററപ്പെടുന്ന നിമിഷം.

ജൂലൈമാസം മഴയിൽ കുതിർന്നുകിടന്നു. ആകാശത്തിൽ കറുത്ത മേഘങ്ങൾ ഒഴുകിനടന്നു. ഇടയ്ക്കിടെ അവ ഘനീഭവിച്ചു. പ്രകാശത്തെ മറച്ചുനിറുത്തി.

ജൂലൈ പതിനാറിന് കർമ്മലമാതാവിന്റെ തിരുനാൾ. അതിന്റെ തലേന്ന് മാർ ഈവാനിയോസിന്റെ രോഗനില തികച്ചും ആശങ്കാകുലമായി. അന്ത്യം സമീപിച്ചു കഴിഞ്ഞുവെന്ന് വ്യക്തമായിരുന്നു. പതിനഞ്ചാം തീയതി ബുധനാഴ്ച പാതിരാവോട് അടുക്കാൻ ഒരു മണിക്കൂർ മാത്രം ബാക്കി നില്ക്കേ ആ ശിരസ്സ് ഒരുവശത്തേക്കു ചെരിഞ്ഞു. ചലനം നിലച്ചു. 'ഈശോ മറിയം യൗസേപ്പ്, ഈ ആത്മാവിനു കൂട്ടായിരിക്കണമേ!' എന്ന കണ്ണുനീരിൽ കുതിർന്നപ്രാർത്ഥന ഉയർന്നുകൊണ്ടിരുന്നു. അതിനിടയിൽ തേങ്ങലുകൾ അന്തരീക്ഷം തരളിതമാക്കി.

ദേവാലയമണികൾ മുഴങ്ങി. ദുഃഖകരമായ ആ വാർത്ത നാടെങ്ങും വിളിച്ചറിയിച്ചു:

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത കാലംചെയ്തിരിക്കുന്നു.

ദൈവമാതാവിന്റെ ജനനപ്പെരുന്നാളിലാണ് ആ പ്രഭാതതാരകം ഉദിച്ചത്; കർമ്മലമാതാവിന്റെ തിരുനാൾ ദിനത്തിൽ ആ നക്ഷത്രം സ്വർഗ്ഗത്തിലേക്കു തിരിച്ചുപോകുന്നു. ദിവ്യരക്ഷകൻ ഇറങ്ങിവസിച്ച കന്യകമറിയത്തെ രണ്ടാംസ്വർഗ്ഗം എന്നു വിളിച്ചാദരിച്ച ആ പുണ്യാത്മാവ് പരിശുദ്ധ അമ്മയുടെ പരിലാളനയിൽ വിശുദ്ധപദവി തേടുകയാണ്.

മരണാനന്തരശുശ്രൂഷകളുടെ നിർവ്വഹണംസംബന്ധിച്ച് കീഴ്വഴക്കങ്ങളില്ല. മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ ഇടയനാണ് കഥാവശേഷനായിരിക്കുന്നത്. ആ അന്ത്യയാത്രയുടെ സംവിധാനം സംബന്ധിച്ച് കൂടിയാലോചനകൾ നടന്നു. പരിപാടികൾ അന്തിമമായി തയ്യാറാക്കി.



അനുസ്മരണപ്രാർത്ഥനകൾക്കുശേഷം സ്ഥാനവസ്ത്രങ്ങൾ അണിയിച്ച് പൗരസ്ത്യസഭകളുടെ പാരമ്പര്യപ്രകാരം മൃതദേഹം കസേരയിൽ ഇരുത്തി; രാത്രിതന്നെ പട്ടത്തെ മെത്രാസനമന്ദിരത്തിൽനിന്ന് പാളയം സെൻറ് മേരീസ് കത്തീഡ്രലിലേക്ക് സംവഹിച്ചു. അവിടെ മദ്ബഹായിൽ ജനങ്ങൾക്ക് അഭിമുഖമായി മൃതദേഹം പ്രതിഷ്ഠിച്ചു.

കേരളത്തിനകത്തും പുറത്തുമുള്ള മെത്രാന്മാരെയും മററു സഭാപിതാക്കന്മാരെയും ചരമവാർത്ത അടിയന്തിരമായി അറിയിച്ചു. സംസ്കാര ശുശ്രൂഷ ജൂലൈ 17-ന് രാവിലെ എട്ടുമണിക്കുള്ള വിശുദ്ധകുർബാനയോടെ ആരംഭിക്കാനായിരുന്നു തീരുമാനം, തുടർന്ന് ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത മാത്യു കാവുകാട്ട് തിരുമേനിയുടെ അനുസ്മരണപ്രസംഗം. പാളയംമുതൽ പട്ടംവരെ നഗരി കാണിക്കൽ, പുതിയ കത്തീഡ്രൽ ദേവാലയത്തിന്റെ തറയിൽ പന്തൽ നിർമ്മിച്ച് അവിടെവച്ച് അവശേഷിക്കുന്ന കബറടക്കശുശ്രൂഷ.

പത്രങ്ങളിൽ ചരമവാർത്തയും കബറടക്കശുശ്രൂഷയുടെ വിശദാംശങ്ങളും പ്രാധാന്യത്തോടെ പ്രസിദ്ധപ്പെടുത്തി. വിവരമറിഞ്ഞ് തിരു-കൊച്ചിയുടെ വിവിധഭാഗങ്ങളിൽ നിന്ന് ബഹുജനങ്ങൾ തിരുവനന്തപുരത്തേക്കു പ്രവഹിച്ചുതുടങ്ങി. വൈദികരെക്കൊണ്ടും കന്യാസ്ത്രീകളെക്കൊണ്ടും കത്തീഡ്രലും പരിസരവും നിറഞ്ഞു. മെത്രാന്മാരും പൊതുജനനേതാക്കന്മാരും ആദരംപ്രകടിപ്പിക്കാനെത്തി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് അനുശോചനസന്ദേശങ്ങൾ ഒഴുകിക്കൊണ്ടിരുന്നു. മാർപ്പാപ്പാ, ഇൻറർ നുൺഷ്യോ, ബോംബെ കാർഡിനൽ വലേറിയൻ ഗ്രേഷ്യസ് തുടങ്ങി പേരെടുത്തുപറയേണ്ട മഹാപുരുഷന്മാർ ആ ധന്യാത്മാവിന്റെ ആദ്ധ്യാത്മികതേജസ്സിനെ പ്രകീർത്തിച്ചു; ഭൗതികവേർപാടിൽ അഗാധദുഃഖം പ്രകടിപ്പിച്ചു.

കബറടക്കശുശ്രൂഷകൾ സമാരംഭിച്ച ജൂലൈ 17 രാവിലെ തിരുവനന്തപുരംനഗരം ഒരു മനുഷ്യമഹാസമുദ്രമായി രൂപംകൊണ്ടു. കടലിന്റെ ഇരമ്പൽപോലെ ജനകണ്ഠങ്ങളിൽനിന്ന് രോദനമുയർന്നു. ആറുമണി നേരത്ത് പാലാ ബിഷപ്പ് മാർ സെബാസ്ററ്യൻ വയലിൽ പൊന്തിഫിക്കൽ കുർബ്ബാന അർപ്പിച്ചതോടെ ചടങ്ങുകൾ ആരംഭിച്ചു. തുടർന്ന് മാർ സേവേറിയോസ് മെത്രാപ്പോലീത്തയുടെ പ്രധാന കാർമ്മികത്വത്തിലും മാർ ഗ്രിഗോറിയോസ്, മോൺ. ചേപ്പാട്ട്പീലിപ്പോസ് റമ്പാൻ എന്നിവരുടെ സഹകാർമ്മികത്വത്തിലും മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത മാർ മാത്യു കാവുകാട്ട് ചരമപ്രസംഗം നടത്തി:

> മഹാന്മാർ മരിച്ചാലും അവരുടെ പ്രവർത്തനങ്ങളിൽ അവർ ജീവിക്കും. ഇദ്ദേഹത്തിന്റെ സേവനത്തിന്റെ സ്മാരകങ്ങൾ ആ ഓർമ്മയെ നിലനിറുത്തുന്നു. ദേവാലയങ്ങളിൽനിന്ന് അനവരതം പ്രാർത്ഥനാ സ്തുതികൾ ഉയരുമ്പോൾ, സ്കൂളുകളിൽനിന്ന് സംസ്കാരസമ്പന്നരായി വിദ്യാർത്ഥികൾ പുറത്തുവരുമ്പോൾ തിരുമേനി വിസ്മരിക്കപ്പെടുന്ന

www.malankaralibrary.com



തെങ്ങനെ? ഇദ്ദേഹം സ്ഥാപിച്ച കന്യകാലയങ്ങളിലും ആശ്രമങ്ങളിലും പരിത്യാഗജീവിതം നയിക്കുന്നവർ തങ്ങളുടെ ആദ്ധ്യാത്മിക പിതാവിനെ മറക്കുമോ? ഒരിക്കലുമില്ല. അവരുടെ ജീവിതവും പ്രവർത്തനങ്ങളും ഈ പുണ്യപുരുഷൻെറ പ്രശസ്തിയേയും പ്രാഗല്ഭ്യത്തേയും വിളിച്ചറിയിക്കുകതന്നെ ചെയ്യും.

അങ്ങനെ ഈ വന്ദ്യപിതാവ് തൻെറ ജോലി പൂർത്തിയാക്കി സമാധാനത്തിൽ മരിച്ചു. നമ്മുടെ സ്നേഹത്തിനും ബഹുമാനത്തിനും പാത്രമായിരുന്ന ഇദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടവരുടെ സ്വർഗ്ഗീയാനുഗ്രഹത്തിലേക്കു പ്രവേശിച്ചു. അവിടുത്തെ ആത്മശാന്തിക്കായി നമുക്കു തുടർന്നും പ്രാർത്ഥിക്കാം.

തനിക്കു മുൻപേ കടന്നുപോയ വിശുദ്ധാത്മാവിന് പുണ്യശ്ലോകനായ കാവുകാട്ടു തിരുമേനി ശാന്തി നേരുന്നു.

പത്തുമണിയോടെ നഗരികാണിക്കൽ ശുശ്രൂഷ ആരംഭിച്ചു. സ്വന്തം നാടിനോടും, കർമ്മരംഗമായിരുന്ന നഗരത്തോടും, പൂജാർപ്പണം ചെയ്തിരുന്ന ദേവാലയത്തോടും, പരിപാലിച്ചുപോന്ന ജനസഞ്ചയത്തോടും യാത്ര പറയുന്ന ഹൃദയഭേദകമായ രംഗം.

മുഖ്യകാർമ്മികൻ ചൊല്ലുന്നു:

"നഗരമേ, നഗരവാസികളേ, നിങ്ങൾ സമാധാനത്തോടെ വസിക്കുവിൻ."

ദുഃഖസാന്ദ്രമായ ശബ്ദത്തിൽ ജനങ്ങളുടെ പ്രതിവചനം:

"ഭാഗ്യവാനായ പിതാവേ, സമാധാനത്തോടെ പോവുക."

ശരിക്കും അർത്ഥപൂർണ്ണമാണ് ആ യാത്രാമൊഴി. സ്വജീവിതം ദൈവസന്നിധിയിൽ ഏററം പ്രീതികരമായ ബലിയായി അർപ്പിച്ച മഹാത്മാവ്. സത്യം വെളിപ്പെട്ടപ്പോൾ അവിടുന്നു പുറംതിരിഞ്ഞുനിന്നില്ല. ധീരമായി ആ വഴിയിൽ നടന്നു. എതിർപ്പുകളും പരിഹാസങ്ങളും അവഗണിച്ചു. സർവ്വശക്തൻ കൈവെടിയില്ലെന്ന ഉറച്ചബോധ്യം. സ്വയംപരിത്യജിച്ച് കുരിശുമെടുത്ത് രക്ഷകനെ പിൻചെല്ലാനുള്ള ആത്മധൈര്യം.

ദൈവസമ്പാദനത്തിൻെറയും മനുഷ്യസ്നേഹത്തിൻെറയും ദിവ്യതേജസ്സ് കാലത്തിൻെറചൈതന്യമായി പരിണമിച്ചിരിക്കുന്നു. ഭാവി തലമുറകൾ കൊണ്ടാടാനിരിക്കുന്ന ആത്മീയതയുടെ പ്രഭവകേന്ദ്രമായ ത്യാഗധനൻ. തായ്മരത്തിൽനിന്നു വേറിടുന്ന ശാഖകൾക്ക് ജീവരസം നഷ്ടമാകുന്നുവെന്ന് അവിടുന്നു തിരിച്ചറിഞ്ഞു. ഒരേ ശാഖിയും അതിൻെറ ചില്ലകളുമായി രൂപാന്തരപ്പെടുന്ന സഭൈക്യവും മനുഷ്യമൈത്രിയും ആ മഹാപുരുഷൻ സ്വപ്നം കണ്ടു. അവിടുന്നു തുടക്കമിട്ട സഭകളുടെ പുനരൈക്യത്തിൽ നിന്നാണ് പിൽക്കാലത്ത് എക്യുമെനിസത്തിൻെറ തളിരും പൂവും വിടർന്നത്.

'ഭാഗ്യവാനായ പിതാവേ, സമാധാനത്തോടെ പോവുക.'



പാളയം പള്ളിമുതൽ പട്ടത്തെ അന്തിമവിശ്രമസ്ഥാനം വരെ പാതയുടെ ഇരുവശത്തും ജനസഹസ്രങ്ങൾ അണിനിരന്നു. തിരുവനന്തപുരം നഗരത്തിന് അഭൂതപൂർവ്വമായ ദർശനം. മൃതദേഹം വഹിച്ചുകൊണ്ടുള്ള രഥം മന്ദം ഉരുളുകയാണ്. അതിൽ വരാപ്പുഴ ആർച്ചുബിഷപ്പ് മാർ ജോസഫ് അട്ടിപ്പേററി, തിരുവല്ലാ മെത്രാപ്പോലീത്ത മാർ സേവേറിയോസ്, തിരുവനന്തപുരംസഹായമെത്രാൻ മാർ ഗ്രിഗോറിയോസ് എന്നീ പിതാക്കന്മാർ, മററു വൈദിക പ്രമുഖർ. ഈവാനിയോസ് തിരുമേനിയുടെ കാർ അമർന്ന നിലവിളിയോടെ രഥത്തെ പിന്തുടരുന്നു. അതിൻെറ നാഥൻ ഇപ്പോൾ ഉള്ളിലില്ല. നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിരിക്കുകയാണ്.

സംസ്ഥാന പോലീസ്ബാൻഡ് ശോകഗാനമാലപിച്ചു.

ഭക്തിനിർഭരമായ വിലാപയാത്ര പന്ത്രണ്ടുമണിക്ക് പട്ടത്ത് എത്തിച്ചേർന്നു. ദുഃഖാർത്തരായി ഇരമ്പിക്കയറിയ ജനസഞ്ചയത്തെ അകററി നിറുത്താൻ പാടുപെട്ടു. മൃതദേഹം സാവധാനം രഥത്തിൽ നിന്നിറക്കി. കസേരയോടുകൂടിത്തന്നെ കബറിൽ വച്ചു. സംസ്കാരശുശ്രൂഷയുടെ അവസാനഘട്ടത്തിലേക്കു പ്രവേശിക്കുകയാണ്. വെള്ളികൊണ്ടുള്ള അംശവടിയും സ്വർണ്ണം പതിച്ച സ്ലീബായും എടുത്തുമാററി. പകരം മരംകൊണ്ടു നിർമ്മിച്ചവ കൈകളിൽ പിടിപ്പിച്ചു. മുഖം ശോശപ്പകൊണ്ടു മൂടി. ശരീരത്തിൽ സൈത്ത് ഒഴിച്ചു. കുന്തിരിക്കം നിറച്ച് കബറിടം അടച്ചു.

എഴുപത്തിരണ്ടു വർഷങ്ങൾക്കു മുമ്പ് ഉദിച്ചുയർന്ന ആ അപൂർവ്വതാരകം ബാഹ്യനേത്രങ്ങൾക്ക് അപ്രത്യക്ഷമാവുന്നു. പക്ഷേ അതുപ്രസരിപ്പിച്ച വിശുദ്ധിയുടെ പ്രകാശം നഷ്ടപ്പെടുന്നില്ല. മനുഷ്യമനസ്സുകളിൽ സുഗന്ധം നിറയുന്നു. ആടുകൾ ഇടയൻെറ ശബ്ദത്തിനായി കാതോർക്കുന്നു. മൃതിയിൽ നിന്നുണരുന്ന ചൈതന്യം നിത്യതയിലേക്കു സഞ്ചരിക്കുകയാണ്.

യുഗസംഗമങ്ങളിൽ സംഭവിക്കുന്ന അദ്ഭുത പ്രതിഭാസമായി മാർ ഈവാനിയോസ്. ക്രിസ്തുവിൻെറ രക്ഷാകരദൗത്യം പൂർണ്ണമാക്കാൻ ഭൂമിയിൽ അവൻെറ മുന്തിരിത്തോട്ടത്തിൽ ദാസനെപ്പോലെ പണിചെയ്തു. ആ ത്യാഗം വലിയതായിരുന്നു; ആ സ്നേഹം ദൈവികമായിരുന്നു.

പ്രാർത്ഥനയും പരിത്യാഗപ്രവൃത്തികളുംവഴി ജീവിതം ധന്യമാക്കിയ മാർ ഈവാനിയോസ് കടന്നുവന്നത് ദൈവസന്നിധിയിൽ നിന്നാണ്. അശാന്തിനിറഞ്ഞ ഭൂലോകജീവിതത്തിൽ സമാധാനത്തിൻെറയും സ്നേഹത്തിൻെറയും ഐക്യത്തിൻെറയും അപ്പസ്തോലനായി അദ്ദേഹം ജീവിച്ചു. കാലത്തിന് ഒരു പുതിയ സന്ദേശംനല്കി, വീണ്ടും ദൈവത്തിലേക്ക് തിരിച്ചുപോയി.


വിശുദ്ധിയുടെ വിശുദ്ധസ്ഥാനത്ത് ആ നാമം എഴുതപ്പെട്ടിരിക്കുന്നു.

www.malankaralibrary.com


മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പ



മാർ ഈവാനിയോസ്
മെത്രാപ്പോലീത്ത

**മാർ ഈവാനിയോസിന്റെ മാതാപിതാക്കൾ**


പിതാവ്
**തോമ്മാപ്പണിക്കർ**


മാതാവ്
**അന്നാമ്മ**

www.malankaralibrary.com




പുലിക്കോട്ട് മാർ ദീവന്നാസ്യോസ്



വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്





പി.റ്റി. ഗീവറുഗീസ് ശെമ്മാശൻ




ഫാദർ പീ. റ്റി. ഗീവറുഗീസ് എം. എ

മെത്രാഭിഷേകാനന്തരം
**മാർ ഈവാനിയോസ്**





വന്ദ്യ ദിവ്യശ്രീ
**പുലിക്കോട്ടു ജോസഫ് റമ്പാൻ**



വന്ദ്യ ദിവ്യശ്രീ
**ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ**

www.malankaralibrary.com



പുനരൈക്യപ്രസ്ഥാനത്തിന് അംഗീകാരം നൽകിയ
ഭാഗ്യസ്മരണാർഹനായ XI-ാം പീയൂസ് മാർപ്പാപ്പാ



ആർച്ച് ബിഷപ്പ് ബെൻസിഗർ
പ്രേഷിത പ്രവീരൻ ഇൻഡ്യയിൽ 1890-1931



കൊല്ലത്തുവെച്ച് പുനരൈക്യപ്പെട്ട
അഞ്ചുപേർ



ബഥനി സന്യാസിനീ സമൂഹത്തിലെ ആദ്യാംഗങ്ങൾ സ്ഥാപക പിതാവിനോടൊത്ത്



നിൽക്കുന്നവർ: പന്തോളിൽ പി.സി. ചാക്കോ, മേളാപറമ്പിൽ ഉമ്മച്ചൻ, നാലാമത് ബ. ഇഞ്ചയ്ക്കലോടി അച്ചൻ,
ബ. കുമ്പഴ അച്ചൻ, ബ. മൈലപ്രാ അച്ചൻ, ബ. കൊട്ടാരക്കര അച്ചൻ,
ഇരിക്കുന്നവർ: മാർ ഈവാനിയോസ്, മാർ സേവേറിയോസ്. താഴെ ഇരിക്കുന്നവർ: മത്തായി പണിക്കരുടെ മകൻ
ബേബി, മാങ്കാവിലെ ബ്ര. അലോഷ്യസ്, നാലാമത് ഇരിക്കുന്നത് അപ്രേം തിരുമേനിയുടെ പിതാവ് ജസ്റ്റസ്
ഉപദേശി.

www.malankaralibrary.com



ആർച്ച് ബിഷപ്പ്
ജീവിതാന്ത്യഘട്ടത്തിൽ



ബനഡിക്ട്
മാർ ഗ്രിഗോറിയോസ്

ആർച്ച് ബിഷപ്പ്
ജീവനോടുകൂടെയിരിക്കുമ്പോൾ
അവസാനമായി എടുത്ത ഫോട്ടോ.
മാർ ഗ്രിഗോറിയോസ് തിരുമേനി
വൈദികാഭിഷേകം നൽകിയ രണ്ടു
വൈദികരാണ് (ഫാദർ സക്കറിയാസ്
കിളീലേത്ത്) (ഫാദർ ലോറൻസ് തോട്ടം)
ഇടത്തും വലത്തും നിൽക്കുന്നത്




ആർച്ച് ബിഷപ്പിന്റെ മരണശേഷം
ആദ്യമായി എടുത്ത ഫോട്ടോ







കബറിടം

പട്ടത്തെ മെത്രാപ്പോലീത്തൻ ദേവാലയം



www.malankaralibrary.com

മാർ ഈവാനിയോസ് കോളജ്





## ഗ്രന്ഥസൂചിക


| | |
|---|---|
| ഈവാനിയോസ്, മാർ | ഗിരിദീപം<br>ബഥനി പ്രിൻറിംഗ് ഹൗസ്, തിരുവല്ല, 1929. |
| കിളിച്ചിമല, വി. | ഓർമ്മയുടെ ചിത്രശാല<br>ശാന്തിനിലയം, തിരുവല്ല, 1996. |
| കിളിച്ചിമല, വി. | മാർ ഈവാനിയോസ് ഒരു പഠനം<br>എസ്. എച്ച്. ലീഗ്, ആലുവ, 1990. |
| കുറിയാക്കോസ്, ഫാദർ | മലമടക്കിലെ കെടാവിളക്ക്<br>ബഥനി ആശ്രമം, പെരുനാട്, 1994. |
| ജയിൻ, മദർ | മദർ ഹൂബ, ഒരനുസ്മരണം<br>ബഥനി സിസ്റേറഴ്സ്, തിരുവല്ല, 1993. |
| ജേക്കബ്, ബി. ജി. | മാർ ഈവാനിയോസിൻെറ അനാഥബാലൻ<br>ബഥനി ആശ്രമം, നാലാഞ്ചിറ, തിരുവനന്തപുരം, 1976. |
| ജോർജ് ഓണക്കൂർ | തപോവനത്തിലെ സൂര്യൻ<br>ബഥനി സിസ്റേറഴ്സ്, ജനറലേററ്, കോട്ടയം, 1989. |
| തോമസ്, ഇഞ്ചയ്ക്കലോടി, ഫാദർ | ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്<br>(രണ്ടുഭാഗങ്ങളാ) സെൻറ് മേരീസ് പ്രസ്, പട്ടം, തിരു<br>വനന്തപുരം, 1957 , 1971. |
| തോമസ്, എം. വി. | മഹാത്മാവായ മാർ ഈവാനിയോസ്<br>മാർ ഈവാനിയോസ് കോളജ്, തിരുവനന്തപുരം,<br>1991. |
| തോമസ്, കുഴിനാപ്പുറം, ഫാദർ | ദൈവജനം<br>മലങ്കര സെമിനാരി പബ്ലിക്കേഷൻസ്,<br>തിരുവനന്തപുരം, 1998. |
| പക്കോമിയോസ്, ഫാദർ | ബിഷപ്പ് മാർ തെയോഫിലോസ്<br>ബഥനി പബ്ലിക്കേഷൻസ്, കോട്ടയം, 1991. |
| പാസ്ക്കൽ, സിസ്ററർ | ആർച്ചുബിഷപ്പ് മാർ ഈവാനിയോസിൻെറ അതുല്യ<br>സിദ്ധികാ<br>ബഥനി ബുക് സെൻറർ, തിരുവല്ല, 1994. |
| പീററർ സി. ഏബ്രഹാം | മലങ്കര സൂര്യൻ<br>ബഥനി പബ്ലിക്കേഷൻസ്, കോട്ടയം, 1996. |
| ഫിലിപ്പ് സി. പന്തോളിൽ, ഫാദർ | മാർ ഈവാനിയോസ് എൻെറ സ്മരണയിൽ<br>സെയ്ൻറ് പാട്രിക് മലങ്കര ചർച്ച്, ഇലന്തൂർ, 1997. |

www.malankaralibrary.com




ബർസ്ലീബ, ഫാദർ — ബഥനിചരിത്രം (കൈയെഴുത്തു പ്രതി)
ബഥനി ആർക്കൈവ്സ്

ലൂയിസ്, മൂലവീട്ടിൽ — ബഥനിയുടെ മാർ ഈവാനിയോസ്
ബഥനി പബ്ലിക്കേഷൻസ്, തിരുവല്ല, 1982.

വർക്കി എം. എം. — മലങ്കരസഭയുടെ എക്സറേ
എസ്. എച്ച്. ബുക്ക് ഡിപ്പോ, ചങ്ങനാശ്ശേരി, 1931.

സാംഗ, ആന്നിയിൽ, മദർ — പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ
യുണിയൻ പ്രസ്, തിരുവനന്തപുരം, 1990.

സിൽവസ്ററർ, കാഞ്ഞിരമുകളിൽ — മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വം
ബഥനി പബ്ലിക്കേഷൻസ്, കോട്ടയം, 1995.

സിറിൾ മാർ ബസേലിയോസ് — സീറോ മലങ്കരസഭ
ബഥനി പബ്ലിക്കേഷൻസ്, കോട്ടയം, 1982.

സിറിൾ, മോത്ത, ഫാദർ — ആർച്ചുബിഷപ്പ് ബൻസിഗർ
കത്തോലിക്കാ പ്രസ് ആൻഡ് ബുക് ഡിപ്പോ, കൊല്ലം, 1983.

Louis Moolaveettil — The Spiritual Life of Mar Ivanios
St. Thomas Apostolic Seminary, Kottayam, 1977.

Margaret Gibbons — Mar Ivanios, Dublin,1962.


# അനുബന്ധം

-ഒന്ന്-

From

(1) Fr. Jerome Peedikaparampil OIC
Superior General
Bethany Ashram Generalate
Vadavathoor - 686 010

(2) Mother Philomina SIC
Mother General of SIC
Bethany Convent Generalate
Vadavathoor - 686 010
Kottayam.

(3) Mother Felix DM
Mother General of DM
DM Generalate
Kudappanakunnu
Trivandrum.

To

His Grace Most Rev. Cyril Mar Baselios OIC
Archbishop Metropolitan of Trivandrum
Archbishop's House, Pattom,
Trivandrum - 695 015.

Subj : Introducing the preliminary steps of the cause of Beatification of Mar Ivanios the Founder of the Bethany Congregations (OIC & SIC) and Co Founder of the Daughters of Mary (DM) Congregation, the Founder of the Reunion Movement and First Metropolitan of Malankara Catholic Hierarchy and First Archbishop of Trivandrum Archdiocese.

We are immensely happy to request Your Grace to take up the preliminary steps of the Beatification process of Mar Ivanios, the Founder of the Bethany Congregations (OIC & SIC), the Co-Founder of the Daughters of Mary (DM)

www.malankaralibrary.com



Congregation, the Founder of the Reunion Movement and the Malankara Catholic Church, the First Metropolitan of the Malankara Catholic Hierarchy and the First Archbishop of Trivandrum Archdiocese.

The deep and solid spirituality of Mar Ivanios is spreading day by day and far and wide, and influencing the lives of many belonging to different walks of life. This is clearly evident from the growing number of pilgrims who throng at this tomb and especially on July 15, on his ORMAPERUNNAL (death anniversary day). They have confidence in his intercession and Mar Ianios is still living in the hearts of many.

It was his deep conviction that only through a constant renewal and revival of spiritual life and faith one can bring about real spiritual growth and upliftment of the community. This conviction strongly motivated him in the founding of the Religious Congregations for men and women. To this effect he has spent long years in prayer and penance and renouncing everything, his own self, his high status and positions, in order to become a true follower of Christ. This is clear proof of his spirituality and religious life. His ascetical and prayer life, in adaptation to the life style and spiritual values of Indian Sanyasa, has attracted many followers to the religious communities founded by him. Many people used to make pilgrimages to the first Bethany Ashram founded by Mar Ivanios at Perunad-Ranni especially during the Holy Week in order to imbibe and relish the Spiritual and Liturgical life prevailed there. The religious Communities he founded continue still as the great Spiritual Sources of renewal and strength to the church.

The Renuion Movement, which gave birth to Malankara Catholic Church is the fruit of his studies and relentless prayers in an atmosphere of silence, solitude, severe ascetical practices and genuine fraternal charity, which has been provided by the Bethany Ashram Community founded by him. It was the end result of his earnest desire to revive and renew the religious life of his people. The Reunion Movement is the greatest Church unity movement of the 20th century which brought about the communion of thousands of seperated brethren with the catholic church. Hence he is really called the prophet of ecumenism and G. K. Chesterton has rightly given him the title, "The Newman of the East". Even many years before Vatican II Mar Ivanios has a strong ecumenical vision and ardent desire for church unity. This can be effected only from a man of deep prayer and spirituality. The idea of Church unity struck him deep in his conscience that he was ready to take up any sacrifice, even to give up his life for its realisation. The mental agonies and persecutions suffered by Mar Ivanios during and after the Reunion Movement gives splendid witness to this fact.

The heroic practice of his deep and strong spirituality and faith is again manifested in the abandonment of everything he had in Bethany Ashram at Perunnad and in the renunciation of whatever powers and positions he had and he could have in the Orthodox Church as the most intelligent and able man of that time and his coming way from the Orthodox Church empty handed to the catholic Church. In these situations he had confined and surrendered himself absolutely to God.



Mar Ivanios was a pereson siezed by a tremendous missionary zeal. It was a cause of deep concern for him that Christianity in India could not spread itself sufficiently in the different parts of the country. This missionary thrust was a source of inspiration in the formation of the religious communities founded by him. The call of Christ "to get out to the world and to proclaim the Gospel to all the nations" inspired him to preach the Gospel to the afflicted, oppressed, down-trodden and to the low caste people. When caste system was so strong he converted many belonging to the lower strata of the society and educated them and brought them to the social status and equality of the Syrian Christians.

Inculturation, Indigenisation and adaptation etc.., are the watchwords of Vat. II especially in the Indian context. The integration of christian monastic ideals and Indian Sanyasa and its life style in the religious communities he had founded was an essential aspect of his monastic vision. He adapted many elements of Indian Sanyasa into the day today life of Bethany Ashram, eg. taking Kavi (suffron) as the colour of the religious habit which was a revolutionary practice at that time in the Syrian Church, Vegetarian food, many of the external postures used by Hindu monks during prayer and meditation etc.., That vision of inculturation and adaptation to the local culture customs and spiritual traditions makes him a pioneer in this field in India especially in the Syrian Church.

His deep Spirituality, absolute surrender and confidence in God were sources of inspiration to his followers in his life time. His great vision of Christian Sanyasa in the Church, his ardent desire of preaching the Gospel and enthusiasm for the reunion of the Christian Churches to the Mother Church, are all his great contributions to the Catholic Church. After his death this is being better proved by the favours received through his intercession. Considering the zeal and sanctity of his life we request Your grace to take up his cause of Beatification process as early as possible.

Sd/-

Fr. Jerome Peedikaparambil OIC
Superior General

Sd/-
Mother Philomina SIC
Mother General of SIC

Sd/-
Mother Felix DM
Mother General of DM

www.malankaralibrary.com



# രണ്ട്

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ ആനുകൂല്യത്താലും മലങ്കര കത്തോലിക്കാസഭയുടെ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ് നി. വ. ദി. മ. ശ്രീ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തയിൽ നിന്നും നമ്മുടെ അജപാലനത്തിൻ കീഴിലുള്ള ബഹുമാനപ്പെട്ട വൈദികർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot No. P. L. 4/98

വന്ദ്യ വൈദികരേ, സന്ന്യാസിനീസന്ന്യാസികളേ,

കർത്താവിൽ പ്രിയ വിശ്വാസികളേ,

ക്രിസ്തീയ ആദ്ധ്യാത്മികതയിലും സഭാത്മകമായ കൂട്ടായ്മജീവിതത്തിലും ത്യാഗോജ്ജ്വലവും വീരോചിതവുമായ ജീവിതം നയിച്ചിട്ടുള്ള വിശ്വാസികളെ മാതൃകയായി ദൈവജനത്തിന് കാട്ടിക്കൊടുക്കുന്നതിന് തിരുസഭ എന്നും ശ്രദ്ധിച്ചിട്ടുണ്ട്. അതിന്റെ പ്രത്യക്ഷമായ ഉദാഹരണമാണ്, സഭാജീവിതത്തിൽ പുണ്യപൂർണ്ണതയുടെ പരിമളം പരത്തിക്കൊണ്ട് ജീവിതവിജയം നേടിയിട്ടുള്ള സഭാമക്കളെ വിശുദ്ധരായി നാമകരണം ചെയ്യുന്ന സഭാപാരമ്പര്യം. ക്രിസ്തീയ വിശ്വാസികളെ-അവർ സഭാ സമൂഹത്തിൽ ഏതുപദവിയിലും ശുശ്രൂഷാപങ്കിലും ഉൾപ്പെട്ടവരായാലും-വിശുദ്ധരായി തിരുസഭ പ്രഖ്യാപിക്കുമ്പോൾ, അവരുടെ ക്രിസ്തീയജീവിതം മാതൃകാപരമാണെന്ന് തിരുസ്സഭ തന്റെ മക്കൾക്ക് ഔദ്യോഗികമായി ചൂണ്ടിക്കാട്ടുകയാണ്. അതിനാൽത്തന്നെ ക്രിസ്തീയ വിശ്വാസികൾക്ക് അത് സ്വീകാര്യവും സുദൃഢവുമാകുകയാണ്. അങ്ങനെ വിശുദ്ധരുടെ നാമകരണപ്രക്രിയയിലൂടെ മാനവസമൂഹത്തിന് പൊതുവെയും ക്രിസ്തീയ വിശ്വാസികൾക്ക് പ്രത്യേകിച്ചും ജീവിതവിജയത്തിലേക്കുള്ള സുനിശ്ചിതമായ ഒരു ജീവിതവഴിത്താര തുറന്നു കിട്ടുകയാണ്. അപ്രകാരം, കലുഷിതമായ ജീവിതസാഹചര്യങ്ങളിൽ, അന്ധകാരാവൃതമായ അന്തരീക്ഷത്തിൽ, ഒരു മാർഗ്ഗദീപം സംലഭ്യമാകുകയാണ്.

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി തന്റെ ത്യാഗോജ്ജ്വലമായ വിശ്വാസജീവിതത്തിലൂടെ മലങ്കരസഭയ്ക്കുനൽകിയ സേവനം മലങ്കരമക്കളായ നമുക്ക് വിസ്മരിക്കാവതല്ല. വീരോചിതമായ തന്റെ സഭാനേതൃത്വം നമുക്കേവർക്കും എന്നെന്നും വഴികാട്ടിയായി നിലകൊള്ളുന്നു. വന്ദ്യതിരുമേനിയുടെ ദൈവഭക്തിയുടെ ആഴവും ക്രിസ്തീയ ജീവിതത്തിന്റെ ധന്യതയും വിശ്വാസസമർപ്പണത്തിന്റെ പൂർണ്ണതയും സഭാജീവിതത്തിന്റെ തീക്ഷ്ണതയും സുകൃതാഭ്യാസങ്ങളുടെ വീരോചിതഭാവങ്ങളും ദൈവജനസമൂഹത്തിന് ശ്രദ്ധേയമായ പാഠമാണ്. മലങ്കരസഭ ചരിച്ചുകൊണ്ടിരുന്ന ദുർഘടമായ വഴിയിടുക്കുകളിൽനിന്ന് സഭാകൂട്ടയ്മയുടെ വിശാലവീഥിയിലേക്ക് അതിനെ ആനയിക്കുന്നതിനുള്ള മാർഗ്ഗദീപം കൊളുത്തുന്നതിനും, തെളിക്കുന്നതിനും ആയോഗിവര്യന്റെ ജീവിതമാണ് ദൈവതൃക്കരങ്ങളിൽ കരുവായിത്തീർന്നത്. മലങ്കരമക്കളായ നമ്മുടെ സഭാജീവിതത്തിൽ പുണ്യശ്ലോകനായ മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതവും ജീവിതദർശനങ്ങളും ഉദാത്തമായ മാതൃകയാണ്. മാത്രമല്ലാ, സഭൈക്യപ്രവർത്തനങ്ങൾക്ക് ആക്കം കൂടുകയും സഭകളുടെ ഐക്യം അത്യന്താപേക്ഷിതമായ സഭായാഥാർത്ഥ്യമായി പരിണമിക്കണമെന്ന് തീവ്രമായി ആഗ്രഹിക്കപ്പെടുകയും ചെയ്യുന്ന ഈ കാലയളവിൽ, സഭകളുടെ ഐക്യത്തിനായി ജീവത്യാഗം ചെയ്ത മാർ ഈവാനിയോസ് തിരുമേനിയുടെ സജീവമായ സ്മരണ സഭാസമൂഹത്തിൽ ഉജ്ജ്വലിപ്പിക്കുക ഇന്നത്തെ ഏററം വലിയ ആവശ്യമാണ്. തിരുസഭയുടെ പ്രബോധനാധികാരത്തിലൂടെ, അജപാലനധർമ്മത്തിലൂടെ ഈ വസ്തുത അംഗീകരിക്കപ്പെടുകയും പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നത് നമ്മുടെ സഭാത്മക വിശ്വാസജീവിതത്തിന സുനിശ്ചിതമായ പ്രബലതയും, പ്രോത്സാഹനവുമാണ്. നമ്മുടെ ആദ്ധ്യാത്മിക പിതാവും പുണ്യശ്ലോകനുമായ മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണനടപടി ആരംഭിക്കണമെന്ന് നമ്മുടെ വൈദികരും സന്ന്യാസിനി സന്ന്യാസികളും വിശ്വാസികളും സഭാധികാരികളുടെ മുമ്പാകെ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. പ്രത്യേകിച്ച് വന്ദ്യപിതാവ് സ്ഥാപിക്കുകയും രൂപംനൽകുകയും ചെയ്ത സന്ന്യാസസമൂഹങ്ങൾ ഇക്കാര്യത്തിൽ സവിശേഷമായ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

ഈ വസ്തുതകളെല്ലാം കണക്കിലെടുത്ത് മാർ ഈവാനിയോസ് തിരുമേനിയെ വിശുദ്ധരുടെ പട്ടികയിലേക്ക് നാമകരണം ചെയ്യുന്നതിനുള്ള സഭാനടപടികൾ ആരംഭിക്കുകയാണ്. നാമകരണത്തിനുള്ള കാനോനിക നടപടികൾക്ക് നേതൃത്വം നൽകുന്നതിന് ബ. ആന്റണി വലിയവിളയിൽ ഒ. ഐ. സി. അച്ചനെ പോസ്ററുലേററർ ആയി നിയമിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ചുമതലാനിർവ്വഹണത്തിനാവശ്യമായ എല്ലാ സഹായസഹകരണങ്ങളും ഏവരും നൽകണമെന്ന് താത്പര്യപ്പെടുന്നു. ഈ പ്രാരംഭനടപടികളുടെ വിജയത്തിനായി നമ്മുടെ കൂട്ടായ പ്രാർത്ഥനകൾ സമർപ്പിക്കുന്നതിന് 1998 ഫെബ്രുവരി മാസം 25-ാം തീയതി രാവിലെ 8 മണിക്ക് നമ്മുടെ അതിഭദ്രാസന ദേവാലയത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നതും, ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുന്നതുമാണ്. നമ്മുടെ ബ. വൈദികരും, സന്ന്യസ്തരും, വിശ്വാസികളും കഴിവനുസരിച്ച് ഈ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നതും എല്ലാം വിജയപ്രദമാകുന്നതിന് പ്രാർത്ഥിക്കുന്നതും അനുഗ്രഹപ്രദമായിരിക്കും.

സർവ്വശക്തനായ ദൈവം അവിടുത്തെ തിരുനാമമഹത്ത്വത്തിനുതകുന്ന നമ്മുടെ എല്ലാ ഉദ്യമങ്ങളും സമൃദ്ധമായി അനുഗ്രഹിച്ചാശീർവ്വദിക്കട്ടെ!

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയാമിന്റെയും സകല വിശുദ്ധരുടെയും നമ്മുടെ പിതാവ് മാർത്തോമ്മാ ശ്ലീഹായുടെയും പ്രാർത്ഥനകളാൽ ത്തന്നെ ആമ്മീൻ.

എന്ന്

മോസ്ററ് റവ. സിറിൽ മാർ ബസേലിയോസ് (ഒപ്പ്)
തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്
മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്ത

തിരുവനന്തപുരം
2-2-1998